
# ശ്രീമദ് ഭാഗവതം

(അന്വയക്രമപരിഭാഷാസഹിതം)

# SRIMAD BHAGAVATHAM

(Malayalam)

**Skandam - 7**



*M.N. Ramaswamy Iyer Memorial Edition*

SRI RAM PUBLISHERS
North Village
MELARKODE - 678 703

# ശ്രീമദ് ഭാഗവതം

## സപ്തമ സ്കന്ധം

(അന്വയക്രമ പരിഭാഷാസഹിതം)

By

വിദ്വാൻ സി. ജി. നാരായണൻ എമ്പ്രാന്തിരി
Retd: Language Teacher,
CHEMBRAKULAM — KOTTAYI.



Editor :
M. R. NARASIMHAN

**M. RAMASWAMY IYER MEMORIAL EDITION**

**1990**

# SHRIMAD BHAGAVATAM

## (SEVENTH SKANDA)

*PUBLISHED BY* :

SRI RAM PUBLISHERS

9-B, VENKATARATNAM NAGAR,

**ADAYAR — MADRAS - 20.**

**Price Rs. 60/-**

*COMPOSED* :

*Viswanath Press, Mannadiar Lane Trichur-1.*

*PRINTED AT* :

*Neo-Saraswathi (Elec.) Printing Works Trichur-1*

# വിഷയാനുക്രമണിക


| അദ്ധ്യായം | വിഷയവിവരം | പേജ് നമ്പ്ര് | ശ്ലോകം സംഖ്യ |
|---|---|---|---|
| 1. | ജയവിജയന്മാൎക്ക് സനകാദികളിൽനിന്നു നേരിട്ട ശാപം | 1 | 47 |
| 2. | ഹിരണ്യകശിപുവിന്റെ ലോകപീഡനോദ്യമവും ഭ്രാതൃകുടുംബത്തിനു് നൽകുന്ന സാന്ത്വനോക്തിയും | 18 | 61 |
| 3. | ഹിരണ്യകശിപുവിന്റെ തപസ്സ് | 40 | 38 |
| 4. | ഹിരണ്യകശിപു കൃതദേവ ദ്രോഹവും പ്രഹ്ലാദ ഗുണവൎണ്ണനവും | 53 | 46 |
| 5. | പ്രഹ്ലാദവധാൎത്ഥം ഹിരണ്യകശിപുവിന്റെ വിഫലോദ്യമങ്ങൾ | 67 | 57 |
| 6. | സഹപാഠികൾക്ക് പ്രഹ്ലാദന്റെ ഉപദേശം | 86 | 30 |
| 7. | നാരദോപദേശശ്രവണം | 98 | 55 |
| 8. | നൃസിംഹാവതാരം | 118 | 56 |
| 9. | പ്രഹ്ലാദ നൃസിംഹസ്തുതി | 142 | 55 |
| 10. | പ്രഹ്ലാദരാജ്യാഭിഷേകവും ത്രിപുരദഹനോപാഖ്യാനവും | 178 | 71 |
| 11. | സനാതനധൎമ്മനിരൂപണം | 203 | 35 |
| 12. | ബ്രഹ്മചൎയ്യവും വാനപ്രസ്ഥവും | 217 | 31 |
| 13. | യതിധൎമ്മനിരൂപണവും അവധൂത പ്രഹ്ലാദസംവാദവും | 228 | 46 |
| 14. | ഗൃഹസ്ഥധൎമ്മനിരൂപണം | 244 | 42 |
| 15. | മോക്ഷധൎമ്മനിരൂപണം | 250 | 80 |




ശുഭമസ്തു

ഓം നമോ ഭഗവതേ വാസുദേവായ

# ശ്രീമദ് ഭാഗവതേ മഹാപുരാണേ സപ്തമ: സ്കന്ധ:

നാരസിംഹം വപുർഭീമം സ്തംഭസംഭവമദ്ഭുതം
ഭക്തത്രാണായ ബിഭ്രാണം വാസുദേവമുപാസ്മഹേ

നാരായണം നമസ്കൃത്യ നരം ചൈവ നരോത്തമം
ദേവീം സരസ്വതീം വ്യാസം തതോ ജയമുദീരയേത്.

## പ്രഥമോഽധ്യായ: — അധ്യായം ഒന്നു്

### ജയവിജയന്മാക്ക സനകാദികളിൽനിന്നു നേരിട്ട ശാപം

മഹാപുരാണ ലക്ഷണങ്ങളിൽ അഞ്ചാമത്തേതായ 'ഊതി' എന്ന ഈശ്വരലീലയാണു് സപ്തമസ്കന്ധത്തിലെ വർണ്ണ്യവിഷയം. അതതു കമ്മങ്ങൾക്കനുസൃതമായിട്ടുണ്ടാവുന്ന വാസനകളെയാണു് ഊതികളെന്നു പറയുന്നതു്. (ഊതിശ്ച വാസനാ പ്രോക്താ തത്തത് കമ്മാനുസാരിണീ) സത്തെന്നും അസത്തെന്നും ആ വാസനകളെ രണ്ടായിതിരിക്കാം. മഹാന്മാരുടെ അനുഗ്രഹംകൊണ്ടു് സദ്വാസനയും ശാപംകൊണ്ടു് അസദ്വാസനയും ഉണ്ടാവുന്നു. വൈകുണ്ഠവാസികളായ ജയവിജയന്മാക്ക സനകാദികളുടെ ശാപത്താൽ അസദ് വാസനയും ദൈത്യവംശജനായ പ്രഹ്ലാദനു നാരദാനുഗ്രഹത്താൽ സദ്വാസനയും വന്നുചേന്നതു് ഇതിലേക്കു ദൃഷ്ടാന്തമാണു്. ആകയാൽ പ്രസ്തുതസ്കന്ധത്തിലെ ആദ്യത്തെ പത്തു് അദ്ധ്യായംകൊണ്ടു ഹിരണ്യകശിപുവിൻെറയും തൽപുത്രനായ പ്രഹ്ലാദൻെറയും ചരിതം വിസ്തരിക്കുന്നു. പിന്നെയുള്ള അഞ്ചു് അദ്ധ്യായത്താൽ ധമ്മമര്യാദകൾ നിണ്ണയിക്കപ്പെട്ടിരിക്കുന്നു. സ്വധമ്മാചരണം വഴിക്കുണ്ടാവുന്ന ചിത്തശുദ്ധിയാണല്ലോ ശുഭവാസനകളുടെ ഉറവിടം.

''അത്ര തു പ്രഥമോഽധ്യായേ ഹിരണ്യകശിപോ: സുതേ
വിഷ്ണുഭക്തോർവിരോധസ്തു വിപ്രശാപജ ഈര്യതേ.''

ഹിരണ്യകശിപുവിന്നു സ്വപുത്രനെ അധികരിച്ചുണ്ടായ വിഷ്ണുഭക്തിവിരോധം ബ്രാഹ്മണശാപത്താൽ സംഭവിച്ച അസദ്വാസനനിമിത്തമാണെന്നു് ഒന്നാമദ്ധ്യായത്തിൽ പറയുന്നു.

ആറാം സ്കന്ധത്തിൻെറ ഒടുവിൽ 'ഹതപുത്രാ ദിതി: ശക്രപാർഷ്ണിഗ്രാഹേണ വിഷ്ണുനാ' എന്നു ശ്രീശുകൻ പറയുകയുണ്ടായി. ഭഗവാൻ ഇന്ദ്രൻെറ സഹായിയായിനിന്നു ദിതിപുത്രന്മാരെ കൊന്നുവല്ലോ. ഈ ഇന്ദ്രപക്ഷപാതം ഭഗവാന്റെ സമദശനത്തിനു ചേന്നതാണോ എന്ന ആശങ്കയാൽ പരീക്ഷിത്തു് രാജാവു ചോദ്യം ഉന്നയിക്കുന്നു.

രാജോവാച = രാജാവു ചോദിച്ചു.

**1. സമ: പ്രിയ: സുഹൃദ്ബ്രഹ്മൻ ഭൂതാനാം ഭഗവാൻ സ്വയം
ഇന്ദ്രസ്യാർത്ഥേ കഥം ദൈത്യാനവധീദ്വിഷമോ യഥാ**

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ! | വിഷമഃ | ഭേദബുദ്ധിയും പക്ഷപാതവുമുള്ളവൻ |
| സ്വയം | സ്വതവേ | യഥാ | പ്രവർത്തിക്കുന്നവിധം |
| സമ: | ഭേദഭാവരഹിതനും | ഇന്ദ്രസ്യ | ഇന്ദ്രന്റെ |
| ഭൂതാനാം | ശരീരികൾക്കെല്ലാം | അർത്ഥേ | കാര്യത്തിനുവേണ്ടി |
| പ്രിയ: | പ്രിയംകരനും | ദൈത്യാൻ | അസുരന്മാരെ |
| സുഹൃത് | ഹിതകാരിയുമായ | കഥം | എങ്ങനെ |
| ഭഗവാൻ | വിഷ്ണുഭഗവാൻ | അവധീത് | വധിച്ചു ? |

**2. നഹ്യസ്യാർത്ഥ: സുരഗണൈ: സാക്ഷാന്നി:ശ്രേയസാത്മന:
നൈവാസുരേഭ്യോ വിദ്വേഷോ നോദ്വേഗശ്ചാഗുണസ്യ ഹി**

| | | | |
|---|---|---|---|
| സാക്ഷാത് | യഥാർത്ഥത്തിൽ | അഗുണസ്യ | ഗുണാതീതനായ അവിടുത്തേക്കു് |
| നി:ശ്രേയസാത്മന: അസ്യ | പരമാനന്ദമൂർത്തിയായ അവിടുത്തേക്കു് | അസുരേഭ്യഃ | അസുരന്മാരുടെ നേക്കു് |
| സുരഗണൈഃ | ദേവസമൂഹങ്ങളെക്കൊണ്ടു് | വിദ്വേഷഃ | വൈരം |
| | | ന ഏവ | ഉണ്ടാകയേ ഇല്ല |
| അർത്ഥഃ | ഒരു കാര്യവും | (തേഭ്യഃ) | അവരിൽനിന്നു് |
| | | ഉദ്വേഗഃ ച | ഒരു ഭയവും |
| നഹി | ഇല്ലതന്നെ | ന ഹി | സംഭാവ്യമല്ലല്ലോ |

**3. ഇതി ന: സുമഹാഭാഗ നാരായണഗുണാൻ പ്രതി
സംശയഃ സുമഹാൻ ജാതസ്തദ്ഭവാൻ ഛേത്തുമർഹതി**

| | | | |
|---|---|---|---|
| സുമഹാഭാഗ | ഭക്തനാകാൻ മഹാഭാഗ്യം സിദ്ധിച്ച മഹാത്മാവേ | സംശയഃ | സന്ദേഹം |
| | | ജാതഃ | ഉണ്ടായിരിക്കുന്നു. |
| നാരായണഗുണാൻ പ്രതി | വിഷ്ണുഭഗവാന്റെ ഗുണങ്ങളെക്കുറിച്ചു് | തത് | അതു് |
| | | ഛേത്തും | തീർത്തുതരുവാൻ |
| ഇതി നഃ | ഇങ്ങനെ ഞങ്ങൾക്കു് | ഭവാൻ | അങ്ങുന്നു് |
| സുമഹാൻ | ഏററവും വലിയ | അർഹതി | അർഹിക്കുന്നു |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

**4. സാധു പൃഷ്ടം മഹാരാജ ഹരേശ്ചരിതമദ്ഭുതം
യദ് ഭാഗവതമാഹാത്മ്യം ഭഗവദ്ഭക്തി വർദ്ധനം**

| | | | |
|---|---|---|---|
| മഹാരാജ | മഹാനായ രാജാവേ ! | പൃഷ്ടം | ചോദിച്ചത് |
| സാധു | ശരിയാണ് | യത് | യാതൊന്ന് |
| ഹരേഃ | ശ്രീഹരിയുടെ | ഭാഗവത— മാഹാത്മ്യം | ഭക്തോത്തമന്മാരുടെ മാഹാത്മ്യമുൾക്കൊണ്ടതും |
| ചരിതം | ചരിത്രകഥ | ഭഗവദ്— ഭക്തിവർദ്ധനം | ഭഗവൽ ഭക്തിയെ വളർത്തുന്നതുമാകുന്നു. |
| അദ്ഭുതം | വിസ്മയാവഹമത്രേ | | |

**5. ഗീയതേ പരമം പുണ്യമൃഷിഭിർനാരദാദിഭിഃ**
**നത്വാ കൃഷ്ണായ മുനയേ കഥയിഷ്യേ ഹരേഃ കഥാം**

| | | | |
|---|---|---|---|
| പരമം | വളരെയേറെ | കൃഷ്ണായ മുനയെ | കൃഷ്ണദ്വൈപായനനായ വ്യാസമുനിക്ക് |
| പുണ്യം | വിശുദ്ധമായ ആ ചരിതം | നത്വാ | നമസ്കാരം ചെയ്ത് |
| നാരദാദിഭിഃ | നാരദാദികളായ | ഹരേഃ | ശ്രീഹരിയുടെ |
| ഋഷിഭിഃ | മാമുനിമാരാൽ | കഥാം | ചരിതത്തെ |
| ഗീയതേ | പാടിപ്പുകഴ്ത്തപ്പെടുന്നു. | കഥയിഷ്യേ | ഞാൻ വിസ്തരിക്കാം |

**6. നിർഗ്ഗുണോഽപി ഹ്യജോഽവ്യക്തോ ഭഗവാൻ പ്രകൃതേഃ പരഃ**
**സ്വമായാഗുണമാവിശ്യ ബാധ്യബാധകതാം ഗതഃ**

| | | | |
|---|---|---|---|
| ഭഗവാൻ | ഈശ്വരൻ | അപി | എങ്കിലും |
| പ്രകൃതേഃ | പ്രകൃതിയിൽ നിന്നും | സ്വമായാ ഗുണം | സ്വീയമായ മായാപ്രകൃതിയെ സംബന്ധിച്ച സത്ത്വാദി ഗുണത്രയത്തെ |
| പരഃ | അതീതനാണ്, | | |
| ഹി | ആകയാൽ | | |
| നിർഗ്ഗുണഃ | പ്രകൃതിധർമ്മങ്ങളോടു ബന്ധമില്ലാത്തവനാണ്, | ആവിശ്യ | അധിഷ്ഠാനം ചെയ്ത് |
| അജഃ | തന്മൂലം, ജന്മരഹിതനും | ബാധ്യ— ബാധകതാം | ബാധിക്കപ്പെടേണ്ടുന്നവരെ ബാധിക്കുന്നവൻ എന്ന നിലയെ |
| അവ്യക്തഃ | ദേഹേന്ദ്രിയാദികൾ കൊണ്ടുള്ള വ്യക്തീഭാവമില്ലാത്തവനുമാണ്. | ഗതഃ | പ്രാപിച്ചിരിക്കുന്നു. |

**7. സത്ത്വം രജസ്തമ ഇതി പ്രകൃതേർ നാത്മനോ ഗുണാഃ**
**ന തേഷാം യുഗപദ്രാജൻ ഹ്രാസ ഉല്ലാസ ഏവ വാ**

| | | | |
|---|---|---|---|
| സത്ത്വം രാജഃ | സാത്വികം, രാജസം | ആത്മനഃ ന | പരമാത്മാവിന്റെയല്ല. |
| തമഃ ഇതി | താമസം എന്നുള്ള | രാജൻ | രാജാവേ ! |
| ഗുണാഃ | ഗുണങ്ങൾ | തേഷാം | അവയുടെ |
| പ്രകൃതേഃ | പ്രകൃതിയുടേതാണ്, | ഹ്രാസഃ ഏവ | തളർച്ചയാകട്ടെ |

| | | | |
|---|---|---|---|
| ഉല്ലാസഃ വാ | വളൎച്ചയാകട്ടെ | ന | സംഭവിക്കുന്നില്ല. |
| യുഗപത് | ഏകകാലത്തിൽ | | |

8. **ജയകാലേ തു സത്ത്വസ്യ ദേവഷീൻ രജസോഽസുരാൻ**
**തമസോ യക്ഷരക്ഷാംസി തത്കാലാനുഗുണോഽഭജത്.**

| | | | |
|---|---|---|---|
| സത്ത്വസ്യ | സത്ത്വഗുണത്തിന്റെ | യക്ഷ— രക്ഷാംസി | യക്ഷന്മാരെയും രാക്ഷസന്മാരെയും |
| ജയകാലേ | വളൎച്ചയുണ്ടാകുമ്പോൾ | | |
| ദേവഷീൻ | ദേവന്മാരേയും ഋഷികളെയും | തത്കാലാ- നുഗുണഃ | അതാതുകാലത്തെ അനുസരിച്ചുകൊണ്ടു |
| രജസഃ | രജോഗുണത്തിന്റേതാകുമ്പോൾ | അഭജത് | സഹായിച്ചുവന്നു, |

ഈശ്വരൻ പ്രകൃതിയിൽനിന്നതീതനും പ്രകൃതികാര്യങ്ങളായ ജന്മമരണങ്ങളും ദേഹേന്ദ്രിയാദികൾകൊണ്ടുള്ള വ്യക്തീഭാവവും ഇല്ലാത്ത സച്ചിദാനന്ദസ്വരൂപമാകയാൽ സൎവ്വദാ സൎവ്വഥാ സമഭാവസ്ഥിതൻ തന്നെയാണ്. ഈശ്വരനിൽ പക്ഷപാതാദിവൈഷമ്യം ഉള്ളതായി തോന്നുന്നതു പ്രകൃതിഗുണങ്ങളുടെ അധ്യാസം കൊണ്ടാണ്. ഗുണങ്ങൾ സമത്വാധിഷ്ഠിതങ്ങളല്ല. കാലശക്തിയുടെ പ്രചോദനംമൂലം അവയിലോരോന്നിനും മാറി മാറി ഉയൎച്ചയും തളൎച്ചയും നേരിടുന്നു. ഉയൎച്ച സത്ത്വഗുണത്തിന്നാവുമ്പോൾ ദേവഷിമാൎക്കു രജോഗുണത്തിന്നാവുമ്പോൾ അസുരന്മാൎക്കു തമോഗുണത്തിന്നാവുമ്പോൾ യക്ഷരക്ഷസ്സുകൾക്കും വിജയം സിദ്ധിക്കും. തത്സമയങ്ങളിൽ മറ്റുള്ളവക്കു പരാജയവും. വിജയിക്കുന്നവരെ ഈശ്വരൻ സഹായിക്കുന്നുവെന്നു കരുതുന്നതു് ബുദ്ധിമൗഢ്യമാണു. ജയപരാജയങ്ങളിൽ ഈശ്വരന്നു് കൎത്തൃത്വമൊന്നുമില്ല. അതു പ്രകൃതിഗുണങ്ങളുടെ കാര്യമാണെന്നു ചുരുക്കം.

സൎവ്വഥാ സമഭാവസ്ഥനാണെങ്കിലും ഈശ്വരനിൽ ഉപാധി ഭേദംകൊണ്ടു വിഷമഭാവം തോന്നിയേക്കാമെന്നതു് ഇനി സോദാഹരണം ഉപപാദിക്കുന്നു.

9. **ജ്യോതിരാദിരിവാഭാതി സംഘാതാന്ന വിവിച്യതേ**
**വിദന്ത്യാത്മാനമാത്മസ്ഥം മഥിത്വാ കവയോഽന്തതഃ**

| | | | |
|---|---|---|---|
| ജ്യോതിരാദിഃ | അഗ്നി മുതലായതു് | കവയഃ | ക്രാന്തദൎശികളായ ജ്ഞാനികൾ |
| ഇവ | എന്നപോലെ | | |
| ആഭാതി | നാനാത്വേന (ഈശ്വരൻ) ഭാസിക്കുന്നു | മഥിത്വാ | മനോമഥനം ചെയ്തിട്ടു |
| | | അന്തതഃ | ഒടുവിൽ |
| സംഘാതാത് | ദേഹേന്ദ്രിയങ്ങളുടെ കെട്ടുപാടിൽനിന്നു് | ആത്മസ്ഥം | ആത്മാവിൽത്തന്നെ സ്ഥിതിചെയ്യുന്ന |
| | | ആത്മാനം | പരമാത്മാവിനെ |
| നവിവിച്യതേ | വേറിട്ടറിയപ്പെടുന്നില്ല. | വിദന്തി | കണ്ടറിയുന്നു |

വ്യാപകമായി നിലകൊള്ളുന്ന തീയും, വെള്ളവും, ആകാശവും യഥാക്രമം വിറകിൻ കൊള്ളികളിലും, പാത്രങ്ങളിലും, ഒഴിഞ്ഞ കുടം മുതലായവയിലും ഉംപ്പുകൾ തത്തദാശ്രയഭേദേന വിഭിന്നങ്ങളായി തോന്നുന്നപോലെ പരമാത്മാവ് ദേവാസുരമാനുഷാദി വിവിധശരീരങ്ങളിൽ പ്രവിഷ്ടനായി നാനാത്വേന പ്രതീതിവിഷയമായിത്തീരുന്നു. അതുകൊണ്ടു ദേവാദിശരീരങ്ങളിൽ വിഭിന്നമായി പരമാത്മതത്ത്വത്തെ തിരിച്ചറിയുവാൻ സാമാന്യബുദ്ധിയുള്ളവർക്കു കഴിയുന്നില്ല. എന്നാൽ അസാധാരണ ബുദ്ധിവൈഭവമുള്ള പരമവിജ്ഞന്മാർ മനസ്സിരുത്തി ചിന്തിച്ചു സ്വഭാവം, കാലം, കർമ്മം എന്നിവയിൽ നിന്ന് അതീതമായ ആത്മതത്ത്വത്തെ സാക്ഷാല്ക്കരിക്കുന്നു–എന്ന് ആശയം.

മായാഗുണവശാൽ ഈശ്വരനിൽ വിഷമഭാവം തോന്നുകയാണെന്നും അതു സ്വാഭാവികമല്ലെന്നും കരുതാം. പക്ഷേ ഈശ്വരനു ഗുണപാരതന്ത്ര്യം കൊണ്ട് അനീശ്വരത്വം സംഭവിക്കുകയില്ലേ? ഈ ആശങ്കയെ അടുത്ത ശ്ലോകം കൊണ്ടു നിരാകരിക്കുന്നു.

**10.** **യദാ സിസൃക്ഷു: പുര ആത്മന: പരോ**
**രജ: സൃജത്യേഷ പൃഥക് സ്വമായയാ**
**സത്ത്വം വിചിത്രാസു രിരിംസുരീശ്വര:**
**ശയിഷ്യമാണസ്തമ ഈരയത്യസൗ**

| | |
|---|---|
| ഏഷ: പരഃ | ഈ സർവ്വേശ്വരൻ |
| ആത്മന: | ജീവാത്മാവിന്റെ |
| പുരഃ | ശരീരങ്ങളെ |
| യദാ | ഏതുകാലത്തു് |
| സിസൃക്ഷു: | സൃഷ്ടിക്കാൻ ഇച്ഛിക്കുന്നുവോ, |
| (തദാ) | അക്കാലത്തു് |
| സ്വമായയാ | തന്റെ മായാബലത്താൽ |
| രജഃ | രജോഗുണത്തെ |
| പൃഥക് | വ്യാവർത്തിച്ചെടുത്തു് |
| സൃജതി | ഉപോൽബലപ്പെടുത്തുന്നു |
| ഈശ്വരഃ | സർവ്വേശ്വരൻ |
| വിചിത്രാസു | നാനാതരം ശരീരങ്ങളിൽ |
| രിരിംസു: | വിഹരിക്കാൻ ഇച്ഛിക്കുമ്പോഴും |
| സത്ത്വം | സാത്വിക ഗുണത്തെ |
| (സൃജതി) | ഉപോൽബലപ്പെടുത്തുന്നു |
| അസൗ | ഈ സർവ്വേശ്വരൻ തന്നെ |
| ശയിഷ്യമാണഃ | സൃഷ്ടിയെ സംഹരിച്ച് യോഗനിദ്രയിൽ അമരുവാനുദ്യമിക്കുമ്പോഴും |
| തമഃ | തമോഗുണത്തെ |
| ഈരയതി | പ്രോത്സാഹിപ്പിക്കുന്നു |

ഗുണപാരതന്ത്ര്യം മാത്രമല്ല, കാലത്തെയോ പ്രകൃതിപുരുഷന്മാരെയോ സംബന്ധിച്ച പാരതന്ത്ര്യവും ഈശ്വരന്നില്ലെന്ന് അടുത്ത ശ്ലോകംകൊണ്ടു പറയുന്നു.

**11.** **കാലം ചരന്തം സൃജതീശ ആശ്രയം**
**പ്രധാനപുംഭ്യാം നരദേവ സത്യകൃത്**
**യഏഷ രാജന്നപി കാല ഈശിതാ**
**സത്ത്വം സുരാനീകമിവൈധയത്യതഃ**

**തത് പ്രത്യനീകാനസുരാൻ സുരപ്രിയോ**
**രജസ്തമസ്ഥാൻ പ്രമിണോ ത്യുരുശ്രവാ :**

| | |
|---|---|
| നരദേവ | ഹേ നരപതേ! |
| പ്രധാനപുംഭാം | പ്രകൃതിപുരുഷന്മാരെക്കൊണ്ട് |
| സത്യകൃത് | ജഗൽസൃഷ്ടിയെ യഥാർത്ഥമാക്കിത്തീർക്കുന്ന |
| ഈശഃ | ഈശ്വരൻ |
| ആശ്രയം | അവക്ക് അവലംബമായി |
| ചരന്തം | വർത്തിക്കുന്ന |
| കാലം | കാലശക്തിയെ |
| സൃജതി | സൃഷ്ടിക്കുന്നു |
| യഃ | യാതൊരു |
| ഏഷഃ കാലഃ | ഈ കാലശക്തി |
| സത്ത്വം | സത്ത്വഗുണത്തെ |
| (ഏധയതി) | വളർത്തുന്നുവെങ്കിൽ |
| അതഃ | തന്നിമിത്തം |
| ഈശിതാ അപി | ഈശ്വരനും |
| സുരാനീകം | സത്ത്വഗുണ പ്രാമുഖ്യമുള്ള ദേവസമൂഹത്തെ |
| ഏധയതി ഇവ | വളർത്തുന്നതുപോലെ തോന്നിയേക്കും |
| രാജൻ | രാജാവേ ! |
| ഉരുശ്രവാഃ | മികവുററ കീർത്തിയാളുന്ന ഭഗവാൻ |
| സുരപ്രിയഃ | ദേവന്മാരിൽ പ്രീതിയാർന്നു കൊണ്ട് |
| തത്പ്രത്യ– നീകാൻ | അവരുടെ എതിരാളികളും |
| രജസ്തമസ്ഥാൻ | രാജസതാമസപ്രകൃതികളുമായ |
| അസുരാൻ | അസുരന്മാരെ |
| പ്രമിണോതി | സംഹരിക്കുകയും ചെയ്യുന്നു |

ഈശ്വരനു ദേവന്മാരോടു പ്രത്യേകം മമതയോ അസുരന്മാരോടു ശത്രുതയോ ഇല്ല. ശത്രുമിത്രാദിഭേദം നിർവ്വികാര സച്ചിദാനന്ദ സ്വരൂപത്തിൽ സംഗതമല്ല. കാലശക്തിയുടെ ചോദനത്താൽ സാത്വാദിഗുണങ്ങൾക്ക് വൃദ്ധിക്ഷയങ്ങൾ ഉണ്ടാവുമ്പോൾ അതിന്റെ പ്രതിഭാസം ഗുണാധിഷ്ഠാതാവായ ഈശ്വരനിൽ പ്രതിഫലിക്കുന്നതുകൊണ്ടു വിചാരശൂന്യന്മാർ അതു് ഈശ്വരനിലുള്ള അസമത്വമായിട്ടു തെററിദ്ധരിക്കുന്നു. വിവേകികളുടെ കാഴ്ചപ്പാടിൽ ഈശ്വരൻ വിഷമനല്ലാ; സമൻ തന്നെയാണ്

ദേവന്മാരോടുള്ള മമതകൊണ്ടു ഭഗവാൻ ദിതിപുത്രന്മാരെ നിഗ്രഹിക്കുകയല്ല ചെയ്തതെന്നും ബ്രഹ്മശാപത്താൽ ആസുരഭാവം പ്രാപിച്ച അവരെ അനുഗ്രഹിക്കുകയാണുണ്ടായതെന്നും തെളിയിക്കുവാൻ അവരുടെ പൂർവ്വചരിത്രം ഇനി പറഞ്ഞു തുടങ്ങുന്നു.

12. **അത്രൈവോദാഹൃതഃ പൂർവ്വമിതിഹാസഃ സുരർഷിണാ**
**പ്രീത്യാ മഹാക്രതൗ രാജൻ പൃച്ഛതേഽജാതശത്രവേ.**

| | |
|---|---|
| രാജൻ | രാജാവേ ! |
| അത്ര ഏവ | ഈ വിഷയത്തെ അധികരിച്ചുതന്നെ |
| പൂർവ്വം | മുമ്പ് |
| മഹാക്രതൗ | മഹത്തായ രാജസൂയ യാഗത്തിൽ വച്ച് |
| പൃച്ഛതേ | സന്ദേഹനിവൃത്തിക്കായി ചോദ്യം ചോദിച്ച |

| | |
|---|---|
| അജാതശത്രവേ | ധർമ്മപുത്രക്കുവേണ്ടി |
| സുരർഷിണാ | ദേവർഷിയായ ശ്രീനാരദമുനിയാൽ |
| പ്രീത്യാ | സന്തോഷത്തോടെ |
| ഉദാഹൃതഃ | പറഞ്ഞുകൊടുക്കപ്പെട്ട |
| ഇതിഹാസഃ | ഒരു ചരിത്രകഥയുണ്ട് |

13. **ദൃഷ്ട്വാ മഹാദ്ഭുതം രാജാ രാജസൂയേ മഹാക്രതൗ**
**വാസുദേവേ ഭഗവതി സായൂജ്യം ചേദിഭൂഭുജഃ**

14. **തത്രാസീനം സുരർഷിം രാജാ പാണ്ഡുസുതഃ ക്രതൗ**
**പപ്രച്ഛ വിസ്മിതമനാ മുനീനാം ശൃണ്വതാമിദം.**

| | |
|---|---|
| രാജാ | യുധിഷ്ഠിര രാജാവ് |
| രാജസൂയേ | രാജസൂയമെന്ന |
| മഹാക്രതൗ | മഹായാഗത്തിൽ വച്ച് |
| ഭഗവതി | ഭഗവാനായ |
| വാസുദേവേ | ശ്രീവാസുദേവനിൽ |
| ചേദിഭൂഭുജഃ | ശിശുപാലന്ന് |
| സായൂജ്യം | സായൂജ്യം സംഭവിക്കുക എന്ന |
| മഹാദ്ഭുതം | മഹാശ്ചര്യത്തെ |
| ദൃഷ്ട്വാ | കണ്ട്, |
| വിസ്മിതമനാഃ | വിസ്മിതമാനസനായി ഭവിച്ച |
| പാണ്ഡുസുതഃ | പാണ്ഡുപുത്രനായ |
| രാജാ | യുധിഷ്ഠിര രാജാവ് |
| തത്ര | അവിടെ |
| ക്രതൗ | യജ്ഞത്തിൽ |
| ആസീനം | ആസനസ്ഥനായിരുന്ന |
| സുരർഷിം | ദേവർഷിയോട് |
| മുനീനാം | മുനിമാരെല്ലാം |
| ശൃണ്വതാം | കേൾക്കെ |
| ഇദം | ഇങ്ങനെ |
| പപ്രച്ഛ | ചോദിച്ചു. |

യുധിഷ്ഠിര ഉവാച = യുധിഷ്ഠിരൻ പറഞ്ഞു.

15. **അഹോ അത്യദ്ഭുതം ഹ്യേതദ് ദുർല്ലഭൈകാന്തിനാമപി**
**വാസുദേവേ പരേ തത്ത്വേ പ്രാപ്തിശ്ചൈദ്യസ്യ വിദ്വിഷഃ**

| | |
|---|---|
| അഹോ | ആശ്ചര്യം ! |
| പരേ തത്ത്വേ | പരമതത്ത്വമായ |
| വാസുദേവേ | ശ്രീകൃഷ്ണനിൽ |
| ഏകാന്തിനാം അപി | ഏകാന്തഭക്തിയുള്ളവർക്ക് പോലും |
| ദുർല്ലഭാ | ലഭിപ്പാൻ പ്രയാസമായ |
| പ്രാപ്തിഃ | സായൂജ്യസൽഗതി |
| വിദ്വിഷഃ | വിദ്വേഷം വച്ചുകൊണ്ടിരുന്ന |
| ചൈദ്യസ്യ | ശിശുപാലന്നുണ്ടായി |
| ഏതത് | എന്ന ഈ സംഭവം |
| അത്യദ്ഭുതം | അത്യദ്ഭുതകരമാണല്ലോ. |
| ഹി | |

16. **ഏതദ്വേദിതുമിച്ഛാമഃ സർവ്വ ഏവ വയം മുനേ**
**ഭഗവന്നിന്ദയാ വേനോ ദ്വിജൈസ്തമസി പാതിതഃ**

| | |
|---|---|
| മുനേ | അല്ലയോ മുനേ ! |
| വയം | ഞങ്ങൾ |
| സർവ്വേ ഏവ | എല്ലാവരും തന്നെ |
| ഏതത് | ഇത് |
| വേദിതും | അറിവാൻ |
| ഇച്ഛാമഃ | ആഗ്രഹിക്കുന്നു. |

| | |
|---|---|
| ഭഗവന്നിന്ദയാ | ഭഗവാനെ നിന്ദിച്ചതു കാരണം |
| വേനഃ | വേനനെന്ന രാജാവ് |
| ദ്വിജൈഃ | ഋഷിമാരാൽ |
| തമസി | നരകത്തിൽ |
| പാതിതഃ | തള്ളപ്പെട്ടിരുന്നു. |

**17.** **ദമഘോഷസുതഃ പാപ ആരഭ്യ കലഭാഷണാത്**
**സംപ്രത്യമർഷീ ഗോവിന്ദേ ദന്തവക്ത്രശ്ച ദുർമ്മതിഃ**

| | |
|---|---|
| പാപഃ | പാപാത്മാവായ |
| ദമഘോഷസുതഃ | ശിശുപാലൻ |
| കലഭാഷണാത് | കൊഞ്ചൽ വിട്ടിട്ടില്ലാത്ത കുട്ടിക്കാലത്തിൽനിന്ന് |
| ആരഭ്യ | തുടങ്ങിയിട്ട് |

| | |
|---|---|
| സംപ്രതി | ഇപ്പോഴും |
| ഗോവിന്ദേ | ശ്രീകൃഷ്ണനിൽ |
| അമർഷീ | പകയുള്ളവനാണ്, |
| ദുർമ്മതിഃ | ദുർബുദ്ധിയായ |
| ദന്തവക്ത്രഃ ച | ദന്തവക്ത്രനും അങ്ങനെ തന്നെ. |

**18.** **ശപതോരസകൃദ്വിഷ്ണും യദ്ബ്രഹ്മ പരമവ്യയം**
**ശ്വിത്രോ ന ജാതോ ജിഹ്വായാം നാന്ധം വിവിശതുസ്തമഃ**

| | |
|---|---|
| അവ്യയം | നിർവ്വികാരമായ |
| പരം ബ്രഹ്മ | പരബ്രഹ്മം |
| യത് | യാതൊന്നോ, |
| വിഷ്ണും | അതുതന്നെയായ ശ്രീകൃഷ്ണനെ |
| അസകൃത് | നിരന്തരം |
| ശപതോഃ | ശകാരിച്ചുകൊണ്ടിരുന്ന അവരുടെ |

| | |
|---|---|
| ജിഹ്വായാം | നാവിന്മേൽ |
| ശ്വിത്രഃ | വെളുത്ത കുഷ്ഠം |
| ന ജാതഃ | ഉണ്ടായില്ല ; |
| അന്ധം | ഇരുളടഞ്ഞ |
| തമഃ | നരകത്തിലേക്ക് |
| ന വിവിശതുഃ | പ്രവേശിച്ചില്ല. |

**19.** **കഥം തസ്മിൻ ഭഗവതി ദുരവഗ്രാഹധാമനി**
**പശ്യതാം സർവ്വലോകാനാം ലയമീയതുരഞ്ജസാ**

| | |
|---|---|
| ദുരവഗ്രാഹധാമനി | ദുഷ്പ്രാപമായ സ്വരൂപത്തോടു കൂടിയ |
| തസ്മിൻ ഭഗവതി | ആ ശ്രീകൃഷ്ണ പരമാത്മാവിൽ |
| സർവ്വലോകാനാം പശ്യതാം | എല്ലാ ജനങ്ങളും നോക്കി നില്ക്കുവേ |

| | |
|---|---|
| അഞ്ജസാ | അനായാസേന |
| കഥം (തൗ) | എങ്ങനെ അവർ * |
| ലയം ഈയതുഃ | സായൂജ്യം പ്രാപിച്ചു ? |

* ദന്തവക്ത്രന്നും ഈ അവസരത്തിൽ സായൂജ്യമായിട്ടില്ലെങ്കിലും അടുത്തു് അതും ഉണ്ടാകുമെന്ന അറിവിന്മേൽ ഉണ്ടായതുപോലെത്തന്നെ യുധിഷ്ഠിരൻ കരുതുന്നു.

**20.** **ഏതദ്ഭ്രാമ്യതി മേ ബുദ്ധിർ ദീപാർച്ചിരിവ വായുനാ**
**ബ്രൂഹ്യേതദദ്ഭുതതമം ഭഗവാംസ്തത്ര കാരണം**

| | | | |
|---|---|---|---|
| ഏതത് | ഇതിനെക്കുറിച്ചു് | അദ്ഭുതതമം | ഏറെക്കുറെ ആശ്ചര്യമായിരിക്കുന്നു. |
| മേ ബുദ്ധിഃ | എൻെറ ബുദ്ധി | | |
| വായുനാ | കാററിനാൽ | ഭഗവാൻ | സർവ്വജ്ഞനായ |
| ദീപാർച്ചിഃ | ദീപനാളം | (ത്വം) | അങ്ങുന്നു് |
| ഇവ | എന്നപോലെ | തത്ര | അതിനുള്ള |
| ഭ്രാമ്യതി | ചുഴലുന്നു. | കാരണം | കാരണത്തെ |
| ഏതത് | ഇതു് | ബ്രൂഹി | പറഞ്ഞുതന്നാലും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

**21.** **രാജ്ഞസ്തദ്വച ആകർണ്യ നാരദോ ഭഗവാനൃഷിഃ**
**തുഷ്ടഃ പ്രാഹ തമാഭാഷ്യ ശൃണ്വത്യാസ്തത്സദഃ കഥാഃ**

| | | | |
|---|---|---|---|
| രാജ്ഞഃ | രാജാവിൻെറ | തുഷ്ടഃ | സന്തുഷ്ടനായിട്ടു് |
| തത് വചഃ | ആ വാക്കു് | തം | അദ്ദേഹത്തെ |
| ആകർണ്യ | കേട്ടു് | ആഭാഷ്യ | സംബോധനചെയ്തു് |
| ഭഗവാൻ | സർവ്വജ്ഞനായ | തത്സദഃ ശൃണ്വത്യാഃ | ആ സദസ്സാകെയും കേൾക്കമാറു് |
| ഋഷിഃ | മഹാമുനി | | |
| നാരദഃ | ശ്രീനാരദൻ | കഥാഃ പ്രാഹ | കഥകൾ വിവരിച്ചു. |

നിന്ദയോ സ്തുതിയോ ദേഹാഭിമാനികളിലെന്നപോലെ നിത്യാനന്ദസ്വരൂപനായ ഭഗവാനിൽ പ്രതികരണമുണ്ടാക്കയില്ലെന്നതിനാൽ ഭഗവാനെ അവഹേളിക്കുന്നവന്നു നരകപാതമുണ്ടാകുമെന്ന അഭിപ്രായത്തിൽ അന്തഃസാരമില്ലെന്നു തുടക്കത്തിൽ മൂന്നരശ്ലോകത്താൽ ശ്രീനാരദൻ ചൂണ്ടിക്കാണിക്കുന്നു.

നാരദ ഉവാച = ശ്രീനാരദമുനി പറഞ്ഞു

**22.** **നിന്ദനസ്തവസത്കാരന്യക്കാരാർത്ഥം കലേബരം**
**പ്രധാനപരയോ രാജന്നവിവേകേന കല്പിതം**

| | | | |
|---|---|---|---|
| രാജൻ | രാജവേ ! | പ്രധാന— പരയോഃ | പ്രകൃതിയുടെയും ആത്മാവിൻെറയും |
| നിന്ദനസ്തവ— സത്കാര— ന്യക്കാരാർത്ഥം | നിന്ദ, സ്തുതി, സൽക്കാരം, തിരസ്കാരം എന്നിവയുടെ അറിവിന്നുവേണ്ടി | അവിവേകേന | വിവേകമില്ലായ്മയാൽ |
| | | കലേബരം | ശരീരം |
| | | കല്പിതം | രചിക്കപ്പെട്ടിരിക്കുന്നു. |

23. **ഹിംസാ തദഭിമാനേന ദണ്ഡപാരുഷ്യയോര്യഥാ**
**വൈഷമ്യമിഹ ഭൂതാനാം മമാഹമിതി പാത്ഥിവ**

24. **യന്നിബദ്ധോഽഭിമാനോയം തദ്വധാത് പ്രാണിനാം വധഃ**
**തഥാ ന യസ്യ കൈവല്യാദഭിമാനോഽഖിലാത്മനഃ**
**പരസ്യദമകത്തുഹി ഹിംസാ കേനാസ്യ കല്പ്യതേ**

| | |
|---|---|
| പാത്ഥിവ | ഹേ യുധിഷ്ഠര ! |
| തദഭിമാനേന | അതിൽ (ശരീരത്തിൽ) ഉള്ള അഭിമാനം കൊണ്ടു് |
| യഥാ | എപ്രകാരം |
| അഹം, മമ ഇതി | ഞാനെന്നും എൻെറയെന്നും ഉള്ളതായ |
| വൈഷമ്യം | വിഷമഭാവവും |
| ഹിംസാ | പീഡയും |
| ദണ്ഡ— | തല്ലുകിട്ടുമ്പോഴോ ചീത്ത |
| പാരുഷ്യയോഃ | വാക്കുകേൾക്കുമ്പോഴോ |
| ഇഹ | ലോകത്തിൽ |
| ഭൂതാനാം | ജീവികൾക്കു് |
| (ഭവതി) | ഉണ്ടാകുന്നുവോ, |
| യന്നിബദ്ധഃ | യാതൊരു ശരീരത്തിൽ നിബദ്ധമായ |
| അയം | ഇത്തരത്തിലുള്ള |
| അഭിമാനഃ | മമതാബോധം |

| | |
|---|---|
| തദ്വധാത് | ആ ശരീരത്തിൻെറ വധത്താൽ |
| പ്രാണിനാം | ജീവികൾക്കു് |
| വധഃ | വധമായിത്തീരുന്നുവോ, |
| തഥാ | അപ്രകാരം |
| അഭിമാനഃ | ദേഹാദിയിൽ മമതാബോധം |
| കൈവല്യാത് | കേവലാത്മാവാകയാൽ |
| യസ്യ | യാതൊരു ഭഗവന്നു് |
| ന | ഉണ്ടാകയില്ല. |
| അഖിലാത്മനഃ | സവ്വാത്മാവും |
| പരസ്യ | പ്രകൃത്യതീതനും |
| ദമകത്തുഃ | നിയന്താവുമായ |
| അസ്യ | ഈ ഈശ്വരന്നു് |
| ഹിംസാ | പീഡനം |
| കേന | ആരാൽ |
| കല്പ്യതേ | ഏല്പിക്കപ്പെടുന്നു ? |

നിന്ദാസ്തുതികളും സല്ക്കാരതിരസ്കാരങ്ങളും ആത്മാനാത്മവിവേകമില്ലായ്മയാൽ കല്പിതമായ ശരീരത്തെ മാത്രം ബാധിക്കുന്നവയാണു്. അതെങ്ങനെയെന്നാൽ ശരീരമാണു് താനെന്ന മിഥ്യാബോധത്തിൽനിന്നു് ഞാനെന്നും എന്റെയെന്നുമുള്ള ധാരണയുണ്ടാവുന്നു. ഇതു ഭേദഭാവനയ്ക്കു ഹേതുവായിത്തീരുന്നു. അപ്പോൾ അന്യകൃതമായ ദണ്ഡപാരുഷ്യാദികൾ തനിക്കു് അനുഭവപ്പെട്ട പ്രതീതിയുണ്ടാകും. ഭഗവാൻ പ്രകൃത്യതീതനായ കേവലാത്മാവാകയാൽ ശിശുപാലാദികളുടെ നിന്ദാവചനങ്ങൾ അവിടെ ഏശുന്നതല്ല. നന്നാക്കിയെടുക്കുവാനാണു് അവരെ വധിച്ചതെന്നും ധരിക്കണം. എന്നു് സാരാത്ഥം.

മാത്രമല്ല, നിന്ദാകൃതമായ വൈഷമ്യം ഭഗവാന്നില്ലാത്തതുകൊണ്ടു് ഏതുതരത്തിലെങ്കിലുമുള്ള ഭഗവദ്ധ്യാനം മനസ്സിൽ ദൃഢമൂലമായാൽ ആ ധ്യാനംകൊണ്ടു തന്നെ നിന്ദാകൃതമായ പാപത്തിന്നു് അറുതിവന്നു് ഭഗവൽസായുജ്യം ലഭിക്കുന്നതാണെന്നു് ഇനി ഏഴു ശ്ലോകംകൊണ്ടു പറയുന്നു.

25. **തസ്മാദ്വൈരാനുബന്ധേന നിർവൈരേണ ഭയേന വാ**
**സ്നേഹാത് കാമേന വാ യുഞ്ജ്യാത് കഥഞ്ചിന്നേക്ഷതേ പൃഥക്**

| | | | |
|---|---|---|---|
| തസ്മാത് | അതിനാൽ | കാമേന വാ | അനുരാഗം വഴിക്കായാലും |
| വൈരാ—നുബന്ധേന | നിരന്തരമായ വിദ്വേഷംകൊണ്ടായാലും | കഥഞ്ചിത് | എങ്ങനെയായാലും വേണ്ടതില്ല |
| നിർവൈരേണ | ഭക്തിയോഗം കൊണ്ടായാലും | യുഞ്ജ്യാത് | ഭഗവാങ്കൽ മനസ്സുചേർത്തുകൊള്ളുക. |
| ഭയേന വാ | ഭീതികൊണ്ടായാലും, | പൃഥക് | മാർഗ്ഗഭേദം |
| സ്നേഹാത് | സ്നേഹം വഴിക്കായാലും, | ന ഈക്ഷതേ | നോക്കുന്നില്ല. |

ഒരു തരത്തിൽ, വൈരാനുബന്ധമാണ് ഇവയിൽ ഉൽകൃഷ്ടമെന്ന് ഇനി പറയുന്നു—

26. **യഥാ വൈരാനുബന്ധേന മർത്ത്യസ്തന്മയതാമിയാത്**
**ന തഥാ ഭക്തിയോഗേന ഇതി മേ നിശ്ചിതാ മതിഃ**

| | | | |
|---|---|---|---|
| മർത്ത്യഃ | മനുഷ്യൻ | തഥാ | അതുപ്രകാരം |
| വൈരാനു—ബന്ധേന | നിരന്തരമായ വിദ്വേഷ ഭാവനയാൽ | ഭക്തിയോഗേന | ഭക്തിയോഗത്താൽ |
| | | ന ഇതി | ആകയില്ലെന്നാണ് |
| യഥാ | യാതൊരു പ്രകാരം | മേ | എന്റെ |
| തന്മയതാം | തന്മയത്വം | നിശ്ചിതാ | സുദൃഢമായ |
| ഇയാത് | പ്രാപിച്ചേക്കുമോ, | മതിഃ | അഭിപ്രായം. |

ഒരു ദൃഷ്ടാന്തത്താൽ ഇതിനെ സാധൂകരിക്കുന്നു —

27. **കീടഃ പേശകൃതാ രുദ്ധഃ കുഡ്യായാം തമനുസ്മരൻ**
**സംരംഭ ഭയയോഗേന വിന്ദതേ തത്സ്വരൂപതാം**

| | | | |
|---|---|---|---|
| പേശകൃതാ | 'വേട്ടാളൻ' എന്ന ഒരു തരം വണ്ടിനാൽ | തം | അതിനെത്തന്നെ |
| കുഡ്യായാം | ചുമരിലെ കൂട്ടിൽ | അനുസ്മരൻ | നിരന്തരം ധ്യാനിച്ച് |
| രുദ്ധഃ | പിടിച്ചുവയ്ക്കപ്പെട്ട | തത്സ്വ—രൂപതാം | അതിനോട് തുല്യമായ ആകാരത്തെ |
| കീടഃ | പുഴു | | |
| സംരംഭ ഭയ-യോഗേന | കോപാവേശം കൊണ്ടും പേടികൊണ്ടും | വിന്ദതേ | പ്രാപിക്കുന്നു. |

28. **ഏവം കൃഷ്ണേ ഭഗവതി മായാമനുജ ഈശ്വരേ**
**വൈരേണ പൂതപാപ്മാനസ്തമാപുരനുചിന്തയാ.**

| | |
|---|---|
| ഏവം | ഈവിധം |
| മായാമനുജേ | മായയാൽ മനുഷ്യനായി അവതരിച്ച |
| ഈശ്വരേ | സർവ്വശക്തനും |
| ഭഗവതി | സർവ്വൈശ്വര്യാദിഷഡ്ഗുണോപേതനുമായ |
| കൃഷ്ണേ | ശ്രീകൃഷ്ണനിൽ |
| വൈരേണ | വിദ്വേഷത്താലുള്ള |
| അനുചിന്തയാ | അഖണ്ഡസ്മരണയാൽ |
| പൂതപാപ്മാനഃ | പാപമകന്നു പരിശുദ്ധരായവർ |
| തം | തന്തിരുവടിയെ |
| ആപുഃ | പ്രാപിച്ചു. |

**29. കാമാദ് ദ്വേഷാദ് ഭയാത് സ്നേഹാദ്യഥാ ഭക്ത്യേശ്വരേ മനഃ**
**ആവേശ്യ തദഘം ഹിത്വാ ബഹവസ്തദ്ഗതിം ഗതാഃ**

| | |
|---|---|
| ഭക്ത്യാ | ഭക്തികൊണ്ടു് |
| യഥാ | ഏതുപോലെയോ, അതുപോലെ |
| കാമാത് | കാമംകൊണ്ടും |
| ദ്വേഷാത് | ദ്വേഷംകൊണ്ടും |
| ഭയാത് | ഭയംകൊണ്ടും |
| സ്നേഹാത് | സ്നേഹംകൊണ്ടും |
| ഈശ്വരേ | ഭഗവാങ്കൽ |
| മനഃ | മനസ്സിനെ |
| ആവേശ്യ | ആവേശിപ്പിച്ചു് |
| തദഘം | തന്മൂലമുള്ള പാപത്തെ |
| ഹിത്വാ | നശിപ്പിച്ചു് |
| ബഹവഃ | വളരെപ്പേർ |
| തദ്ഗതിം | ഭഗവൽ സായൂജ്യത്തെ |
| ഗതാഃ | ഗമിച്ചവരാണു്. |

അവർ ആരെല്ലാമെന്നു തുടർന്നു പറയുന്നു—

**30. ഗോപ്യഃ കാമാദ് ഭയാത് കംസോ ദ്വേഷാച്ചൈദ്യാദയോ നൃപാഃ**
**സംബന്ധാദ് വൃഷ്ണയഃ സ്നേഹാദ്യൂയം ഭക്ത്യാ വയം വിഭോ.**

| | |
|---|---|
| വിഭോ | മഹാരാജാവേ ! |
| ഗോപ്യഃ | ഗോപസ്ത്രീകൾ |
| കാമാത് | കാമംകൊണ്ടും |
| കംസഃ | കംസൻ |
| ഭയാത് | ഭയംകൊണ്ടും |
| ചൈദ്യാദയഃ | ശിശുപാലാദി |
| നൃപാഃ | രാജാക്കന്മാർ |
| ദ്വേഷാത് | ദ്വേഷംകൊണ്ടും |
| വൃഷ്ണയഃ | യാദവന്മാർ |
| സംബന്ധാത് | വേഴ്ചകൊണ്ടും |
| യൂയം | നിങ്ങൾ |
| സ്നേഹാത് | സ്നേഹംകൊണ്ടും |
| വയം | ഞങ്ങൾ |
| ഭക്ത്യാ | ഭക്തികൊണ്ടും (ഭഗവൽ) സായൂജ്യം നേടിയവരാണു് |

എന്നാൽ വേനൻ നരകത്തിൽ പതിച്ചതെന്തുകൊണ്ടു് ? — പറയുന്നു.

**31. കതമോഽപി ന വേനഃ സ്യാത് പഞ്ചാനാം പുരുഷം പ്രതി**
**തസ്മാത് കേനാപ്യുപായേന മനഃ കൃഷ്ണേ നിവേശയേത്.**

| | | | |
|---|---|---|---|
| വേനഃ | വേനൻ | ന സ്യാത് | ആയിരിക്കയില്ല. |
| പുരുഷം പ്രതി | ഭഗവാനെക്കുറിച്ച് ഉള്ളിൽ നിനവുള്ള | തസ്മാത് | അതിനാൽ |
| | | കേനാപി | ഏതെങ്കിലു ഒരു |
| പഞ്ചാനാം | ഈ അഞ്ചുതരക്കാരുടെ ഇടയിൽ* | ഉപായേന | തരത്തിലൂടെ |
| | | മനഃ | മനസ്സിനെ |
| | | കൃഷ്ണേ | ശ്രീകൃഷ്ണനിൽ |
| കതമഃ അപി | ഒരുവനെങ്കിലും | നിവേശയേത് | ഉറപ്പിക്കണം |

* 'ഗോപ്യഃ കാമാത്'' എന്നിങ്ങനെ തുടങ്ങിയ പൂർവ്വശ്ലോകത്തിൽ ആറുതരക്കാരെ ഉദാഹരിച്ച് ഇവിടെ 'പഞ്ചാനാം' എന്നുപറഞ്ഞതു ഗോപിമാരെ ഒഴിവാക്കിയതുകൊണ്ടാണ്. കാമംകൊണ്ടു് ഭഗവാനെ ധ്യാനിച്ച് സായൂജ്യം നേടിയ ഗോപസ്ത്രീകളെ വേനൻെറ സംഗതിയിൽ ഉദാഹരിക്കാവുന്നതല്ല. പുരുഷന് 'പുരുഷം പ്രതി' ഈ ചേതോവികാരം അസംഗതമാണല്ലോ.

**32.** **മാതൃഷ്വസേയോ വശ്ചൈദ്യോ ദന്തവക്ത്രശ്ച പാണ്ഡവ**
**പാർഷദപ്രവരൗ വിഷ്ണോർ വിപ്രശാപാത് പദാച്യുതൗ**

| | | | |
|---|---|---|---|
| പാണ്ഡവ | ഹേ പാണ്ഡുപുത്ര ! | വിഷ്ണോഃ | വിഷ്ണുവിൻെറ |
| വഃ | നിങ്ങളുടെയെല്ലാം | പാർഷദ— പ്രവരൗ | പാർഷദമുഖ്യന്മാരായിരുന്ന |
| മാതൃ ഷ്വസേയഃ | ചിററമ്മയുടെ മകനായ | വിപ്രശാപാത് | ബ്രാഹ്മണശാപത്താൽ |
| ചൈദ്യഃ | ശിശുപാലനും | പദാത് | സ്വസ്ഥാനത്തുനിന്ന് |
| ദന്തവക്ത്രഃ ച | ദന്തവക്ത്രനും | ച്യുതൗ | ഭ്രംശിച്ചവരായിരുന്നു. |

യുധിഷ്ഠിര ഉവാച = യുധിഷ്ഠിരൻ ചോദിച്ചു—

**33.** **കീദൃശ: കസ്യ വാ ശാപോ ഹരിദാസാഭിമർശന:**
**അശ്രദ്ധേയ ഇവാഭാതി ഹരേരേകാന്തിനാം ഭവ:**

| | | | |
|---|---|---|---|
| ഹരിദാസാ— ഭിമർശനഃ | വിഷ്ണുപാർഷദന്മാരെ ബാധിക്കുന്നതായ | ഹരേഃ | ശ്രീഹരിയുടെ |
| | | ഏകാന്തിനാം | ഏകാന്ത ഭക്തന്മാർക്കുണ്ടായ |
| ശാപഃ | ശാപം | ഭവഃ | ജന്മമൃത്യുസ്വരൂപമായ സംസാരം |
| കസ്യ വാ | ആരുടേതാകാം ? | അശ്രദ്ധേയഃ ഇവ ആഭാതി | അവിശ്വസനീയമെന്നപോലെ തോന്നുന്നു |
| കീദൃശഃ | എങ്ങനെയുള്ളതു് ? | | |

**34.** **ദേഹേന്ദ്രിയാസുഹീനാനാം വൈകുണ്ഠപുരവാസിനാം**
**ദേഹസംബന്ധസംബദ്ധമേതദാഖ്യാതുമർഹസി.**

| | | | |
|---|---|---|---|
| ദേഹേന്ദ്രിയാസുഹീനാനാം | പ്രാകൃതങ്ങളായ ദേഹേന്ദ്രിയപ്രാണാദികളില്ലാത്ത | ദേഹസംബന്ധസംബദ്ധം | ദേഹസംബന്ധമുണ്ടായതിനെ സംബന്ധിച്ചതായ |
| വൈകുണ്ഠപുരവാസിനാം | വൈകുണ്ഠപുര വാസികൾക്ക് | ഏതത് | ഈ ചരിത്രത്തെ |
| | | ആഖ്യാതും | വിസ്തരിച്ചുപറവാൻ |
| | | അർഹസി | കരുണചെയ്യണം |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു —

**35. ഏകദാ ബ്രഹ്മണഃ പുത്രാ വിഷ്ണോർല്ലോകം യദൃച്ഛയാ**
**സനന്ദനാദയോ ജഗ്മുശ്ചരന്തോ ഭുവനത്രയം.**

| | | | |
|---|---|---|---|
| ഏകദാ | ഒരിക്കൽ | ഭുവനത്രയം | മൂന്നുലോകത്തേയും |
| ബ്രഹ്മണഃ | ബ്രഹ്മാവിന്റെ | ചരന്തഃ | ചുററിനടന്നുകൊണ്ട് |
| പുത്രാഃ | പുത്രന്മാരായ | യദൃച്ഛയാ | യാദൃച്ഛികമായി |
| സനന്ദനാദയഃ | സനന്ദനാദി ഋഷീശ്വരന്മാർ | വിഷ്ണോഃ | ശ്രീവിഷ്ണുവിന്റെ |
| | | ലോകം | ലോകത്തേക്ക് |
| | | ജഗ്മുഃ | ചെന്നു. |

**36. പഞ്ചഷഡ്ഢായനാർഭാഭാഃ പൂർവ്വേഷാമപി പൂർവ്വജാഃ**
**ദിഗ്വാസസഃ ശിശൂൻ മത്വാ ദ്വാസ്ഥൗ താൻ പ്രത്യഷേധതാം**

| | | | |
|---|---|---|---|
| പഞ്ചഷഡ്ഢായനാർഭാഭാഃ | അഞ്ചോ ആറോ വയസ്സായ കുട്ടികളെപ്പോലെയുള്ളവരും. | പൂർവ്വജാഃ | മുമ്പേ ജനിച്ചവരാണ്. |
| ദിഗ്വാസസഃ | ദിഗംബരന്മാരുമായ അവർ | താൻ | അവരെ |
| പൂർവ്വേഷാം അപി | മുമ്പുണ്ടായ മരീച്യാദികൾക്കു കൂടെ | ശിശൂൻ | കുട്ടികളായി |
| | | മത്വാ | കരുതി |
| | | ദ്വാസ്ഥൗ | രണ്ടു ദ്വാരപാലകർ (ജയനും വിജയനും) |
| | | പ്രത്യഷേധതാം | തടഞ്ഞുനിർത്തി. |

**37. അശപൻ കുപിതാ ഏവം യുവാം വാസം ന ചാർഹഥഃ**
**രജസ്തമോഭ്യാം രഹിതേ പാദമൂലേ മധുദ്വിഷഃ**
**പാപിഷ്ഠാമാസുരീം യോനിം ബാലിശൗ യാതമാശ്വതഃ**

| | | | |
|---|---|---|---|
| കുപിതാഃ | അവർ കുപിതരായിട്ട് | രജസ്തമോഭ്യാം | രജസ്തമോഗുണങ്ങളാൽ |
| ഏവം | ഇപ്രകാരം | രഹിതേ | വിയുക്തമായ |
| അശപൻ | ശപിച്ചു— | മധുദ്വിഷഃ | മധുവൈരിയുടെ |
| യുവാം | ‘‘നിങ്ങളിരുവരും | പാദമൂലേ | പാദാന്തികത്തിലുള്ള |

| | | | |
|---|---|---|---|
| വാസം | നിവാസത്തെപ്പോലും | പാപിഷ്ഠാം | പാപബഹുലമായുള്ള |
| ന അർഹഥഃ | അർഹിക്കുന്നില്ല. | ആസുരീം | ആസുരമായ |
| അതഃ | ആകയാൽ | യോനിം | ജന്മത്തിലേക്ക് |
| ബാലിശൗ | മൂഢാത്മാക്കളേ ! | യാതം | ചെന്നണയുവിൻ''. |
| ആശു | വൈകാതെ | | |

**38. ഏവം ശപ്തൗ സ്വഭവനാത് പതന്തൗ തൈഃ കൃപാലുഭിഃ**
**പ്രോക്തൗ പുനർജന്മഭിർവാം ത്രിഭിർല്ലോകായ കല്പതാം.**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | പ്രോക്തൗ | അനുഗ്രഹിച്ചുപറയപ്പെട്ടു. |
| ശപ്തൗ | ശപിക്കപ്പെട്ടവരായിട്ട് | വാം | ''നിങ്ങളുടെ |
| സ്വഭവനാത് | സ്വസ്ഥാനത്തുനിന്നും | ത്രിഭിഃ | മൂന്നു |
| പതന്തൗ | ഭ്രംശിച്ചുകൊണ്ടിരുന്ന അവർ | ജന്മഭിഃ | ജന്മങ്ങൾകൊണ്ടു |
| | | പുനഃ | വീണ്ടും |
| കൃപാലുഭിഃ | കാരുണികന്മാരായ | ലോകായ | സ്വലോക പ്രാപ്തിക്ക് |
| തൈഃ | ആ മുനിമാരാൽ | കല്പതാം | ഉതകുമാറാകട്ടെ''. |

**39. ജജ്ഞാതേ തൗ ദിതേഃ പുത്രൗ ദൈത്യദാനവവന്ദിതൗ**
**ഹിരണ്യകശിപുർജ്യേഷ്ഠോ ഹിരണ്യാക്ഷോഽനുജസ്തതഃ**

| | | | |
|---|---|---|---|
| തതഃ | അനന്തരം | (ആസ്താം) | ഭവിച്ചു |
| തൗ | അവർ രണ്ടുപേരും | ജ്യേഷ്ഠഃ | ജ്യേഷ്ഠൻ |
| ദിതേഃ | ദിതിയുടെ | | |
| പുത്രൗ | പുത്രന്മാരായി | ഹിരണ്യകശിപുഃ | ഹിരണ്യകശിപുവും |
| ജജ്ഞാതേ | പിറന്നു. | | |
| ദൈത്യദാനവവന്ദിതൗ | ദിതിവംശജരും ദനുവംശജരുമായ എല്ലാ അസുരന്മാരാലും ആദൃതന്മാരായി | അനുജഃ | അനുജൻ |
| | | ഹിരണ്യാക്ഷഃ | ഹിരണ്യാക്ഷനും |

**40. ഹതോ ഹിരണ്യകശിപുർഹരിണാ സിംഹരൂപിണാ**
**ഹിരണ്യാക്ഷോ ധരോദ്ധാരേ ബിഭ്രതാ സൗകരം വപുഃ**

| | | | |
|---|---|---|---|
| ഹരിണാ | വിഷ്ണുഭഗവാനാൽ | സൗകരം | പന്നിയുടേതായ |
| സിംഹരൂപിണാ | സിംഹത്തിന്റെ രൂപം പൂണ്ടുകൊണ്ട് | വപുഃ | ശരീരത്തെ |
| ഹിരണ്യകശിപുഃ | ഹിരണ്യകശിപുവും | ബിഭ്രതാ | പൂണ്ടുകൊണ്ട് |
| | | ഹിരണ്യാക്ഷഃ | ഹിരണ്യാക്ഷനും |
| ധരോദ്ധാരേ | ഭൂമിയുടെ ഉദ്ധരണത്തിനു വേണ്ടി | ഹതഃ | വധിക്കപ്പെട്ടു |

ഭൂമിയെ ജലാന്തർഭാഗത്തുനിന്നു് ആദിവരാഹമൂർത്തി പൊക്കിയെടുക്കുമ്പോൾ തടഞ്ഞതു കൊണ്ടാണു് ഹിരണ്യാക്ഷൻ വധിക്കപ്പെട്ടതു്. ഹിരണ്യകശിപുവിനെ വധിക്കാനുണ്ടായ കാരണം ഇനി പറയുന്നു.

41. **ഹിരണ്യകശിപുഃ പുത്രം പ്രഹ്ലാദം കേശവപ്രിയം**
**ജിഘാംസുരകരോന്നാനാ യാതനാ മൃത്യുഹേതവേ**

| | | | |
|---|---|---|---|
| ഹിരണ്യകശിപുഃ | ഹിരണ്യകശിപു | നാനാ | പലതരത്തിലുള്ള |
| പുത്രം | സ്വപുത്രനും | യാതനാഃ | കൊടുംവിനകളെ |
| കേശവപ്രിയം | വിഷ്ണുഭക്തനുമായ | മൃത്യുഹേതവേ | തന്റെ മരണത്തിനു് കാരണം ഉണ്ടാക്കാനായി |
| പ്രഹ്ലാദം | പ്രഹ്ലാദനെ | | |
| ജിഘാംസുഃ | കൊല്ലുവാനുദ്ദേശിച്ചു കൊണ്ടു് | അകരോത് | ചെയ്തിരുന്നു. |

42. **സർവ്വഭൂതാത്മഭൂതം തം പ്രശാന്തം സമദർശനം**
**ഭഗവത്തേജസാ സ്പൃഷ്ടം നാശക്നോദ്ധന്തുമുദ്യമൈഃ**

| | | | |
|---|---|---|---|
| ഭഗവത്തേജസാ | വിഷ്ണുഭഗവാന്റെ തേജസ്സിനാൽ | സർവ്വഭൂതാത്മഭൂതം | സമസ്തചരാചരങ്ങളുടേയും ആത്മാവായി ഭവിച്ചവനുമായ |
| സ്പൃഷ്ടം | സ്പർശിക്കപ്പെട്ടവനും | തം | അവനെ |
| പ്രശാന്തം | രാഗദ്വേഷാദിരഹിതനും | ഉദ്യമൈഃ | നാനാപ്രയത്നങ്ങളാലും |
| സമദർശനം | സച്ചിത്സ്വരൂപത്തെ മാത്രം ദർശിക്കുന്നവനും | ഹന്തും | കൊല്ലുവാൻ |
| | | ന അശക്നോത് | സാധിച്ചില്ല. |

43. **തതസ്തൗ രാക്ഷസൗ ജാതൗ കേശിന്യാം വിശ്രവഃസുതൗ**
**രാവണഃ കുംഭകർണ്ണശ്ച സർവ്വലോകോപതാപനൗ**

| | | | |
|---|---|---|---|
| തതഃ | അതിൽപ്പിന്നെ | രാക്ഷസൗ | രാക്ഷസന്മാരായിട്ടു് |
| തൗ | അവരിരുവരും | ജാതൗ | ജാതരായി. |
| വിശ്രവഃ—സുതൗ | വിശ്രവസ്സെന്ന മഹർഷിയുടെ പുത്രന്മാരായി | സർവ്വ—ലോകോ—പതാപനൗ | സമസ്തലോകവാസികളേയും ശല്യപ്പെടുത്തിയിരുന്ന അവർ |
| കേശിന്യാം | കേശിനിയെന്ന രാക്ഷസസ്ത്രീയിൽ | രാവണഃ | രാവണനും |
| | | കുംഭകർണ്ണഃ ച | കുംഭകർണ്ണനുമാണു് |

44. **തത്രാപി രാഘവോ ഭൂത്വാ ന്യഹനച്ഛാപമുക്തയേ**
**രാമവീര്യം ശ്രോഷ്യസി ത്വം മാർക്കണ്ഡേയമുഖാത് പ്രഭോ**

| | | | |
|---|---|---|---|
| തത്ര അപി | ആ അവസരത്തിലും | ത്വം | അങ്ങുന്ന് |
| രാഘവഃ | രഘുരാമനായി | മാർക്കണ്ഡേയ. | മാർക്കണ്ഡേയ മുനിയുടെ |
| ഭൂത്വാ | അവതരിച്ച് | മുഖാത് | മുഖത്തിൽ നിന്നു് |
| ശാപമുക്തയേ | ശാപമോചനത്തിനുവേണ്ടി | രാമവീര്യം | ശ്രീരാമന്റെ വിക്രമത്തെ പ്പററി |
| ന്യഹനത് | അവരെ വധിച്ചു | | |
| പ്രഭോ | മഹാരാജാവേ ! | ശ്രോഷ്യസി | കേട്ടുകൊള്ളും |

**45.** **താവേവ ക്ഷത്രിയൗ ജാതൗ മാതൃഷ്വസ്രാത്മജൗ തവ**
**അധുനാ ശാപനിർമ്മുക്തൗ കൃഷ്ണചക്രഹതാംഹസൗ**

| | | | |
|---|---|---|---|
| തൗ ഏവ | അവർതന്നെ | അധുനാ | ഇപ്പോഴം |
| തവ | അങ്ങയുടെ | കൃഷ്ണചക്ര— ഹതാം ഹസൗ | ശ്രീകൃഷ്ണന്റെ ചക്രായുധ ത്താൽ നിഹനിക്കപ്പെട്ട പാപത്തോടുകൂടിയവരാ യി ഭവിച്ച് |
| മാതൃഷ്വസ്രാ- ത്മജൗ | ചിററമ്മയുടെ പുത്രന്മാരാ യിട്ട് | | |
| ക്ഷത്രിയൗ | ക്ഷത്രിയരായിട്ട് | ശാപ നിർമ്മുക്തൗ | ശാപത്തിൽ നിന്നു് തികച്ചും വിമുക്തരായി. |
| ജാതൗ | ജനിച്ചു. | | |

**46.** **വൈരാനുബന്ധതീവ്രേണ ധ്യാനേനാച്യുതസാത്മതാം**
**നീതൗ പുനർഹരേഃ പാർശ്വം ജഗ്മതുർ വിഷ്ണുപാർഷദൗ**

| | | | |
|---|---|---|---|
| വൈരാനു— ബന്ധതീവ്രേണ | വിദ്വേഷത്തിന്റെ അനു വൃത്തിമൂലം സുദൃഢമായ | നീതൗ | ചേർക്കപ്പെട്ടവരായ |
| | | വിഷ്ണുപാർഷദൗ | രണ്ടുവിഷ്ണുഭൃത്യന്മാരും |
| ധ്യാനേന | ഏകാഗ്രചിന്തയാൽ | ഹരേഃ പാർശ്വം | വിഷ്ണുസന്നിധിയിലേക്ക് |
| അച്യുതസാ- ത്മതാം | വിഷ്ണു സാരൂപ്യ ത്തിലേക്ക് | പുനഃ | പിന്നേയും |
| | | ജഗ്മതുഃ | ചെന്നുചേർന്നു |

യുധിഷ്ഠിര ഉവാച = യുധിഷ്ഠിരൻ ചോദിച്ചു.

**47.** **വിദ്വേഷോ ദയിതേ പുത്രേ കഥമാസീന്മഹാത്മനി**
**ബ്രൂഹി മേ ഭഗവൻ യേന പ്രഹ്ലാദസ്യാച്യുതാത്മതാ**

| | | | |
|---|---|---|---|
| ഭഗവൻ | സർവ്വജ്ഞനായ ദേവർഷേ! | യേന | യാതൊരുകാരണത്താൽ |
| ദയിതേ | വാത്സല്യമുള്ളവനും | പ്രഹ്ലാദസ്യ | പ്രഹ്ലാദന്നു് |
| മഹാത്മനി | മഹാ മനസ്സനുമായ | അച്യുതാ- ത്മതാ | ശ്രീഹരിയിൽ ഏക ചിത്തത്വം സംഭവിച്ചുവോ |
| പുത്രേ | പുത്രനിൽ | | |
| കഥം | എങ്ങനെ | (തത് ച) | അതും |
| വിദ്വേഷഃ | വിരോധബുദ്ധി | മേ | എനിക്ക് |
| ആസീത് | ഉണ്ടായി? | ബ്രൂഹി | പറഞ്ഞുതരിക |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ

പ്രഥമോഽധ്യായഃ

ആദിതഃ ശ്ലോകാഃ 47

സപ്തമസ്കന്ധത്തിൽ ഒന്നാമത്തെ അധ്യായം കഴിഞ്ഞു

# ദ്വിതീയോഽധ്യായഃ — അധ്യായം രണ്ടു്

## ഹിരണ്യകശിപുവിൻെറ ലോകപീഡനോദ്യമവും ഭ്രാതൃകുടുംബത്തിനു് നല്കുന്ന സാന്ത്വനോക്തിയും

''ദ്വിതീയേ വിഷ്ണുരോഷേണ ലോകം വിപ്ലാവ്യ ദാനവൈഃ
തഥാ ഭ്രാതൃപുത്രാദീനിതിഹാസൈരസാന്ത്വയത്''

വിഷ്ണുവോടുള്ള വിദ്വേഷത്താൽ ഹിരണ്യകശിപു തൻെറ അസുരസൈനികരെക്കൊണ്ടു് ലോകമാകെയും തകർത്തു്, ഭ്രാതൃകുടുംബാംഗങ്ങളെ സാരോക്തികളാൽ സമാധാനിപ്പിക്കുന്നതു് ഈ രണ്ടാമദ്ധ്യായത്തിൽ പറയുന്നു.

ഹിരണ്യകശിപുവിന്നു് പുത്രനിൽ വിദ്വേഷം ജനിക്കാനുള്ള കാരണം വിഷ്ണുവിദ്വേഷം തന്നെയായിരുന്നുവെന്ന അഭിപ്രായം പ്രകാശിപ്പിച്ചുകൊണ്ടു ശ്രീനാരദൻ തുടരുന്നു.

നാരദ ഉവാച = ശ്രീനാരദമുനി പറഞ്ഞു.

1. **ഭ്രാതര്യേവം വിനിഹതേ ഹരിണാ ക്രോഡമൂർത്തിനാ**
**ഹിരണ്യകശിപൂ രാജൻ പര്യതപ്യദ്രുഷാ ശുചാ**

| | | | |
|---|---|---|---|
| രാജൻ | ധർമ്മപുത്രരാജാവേ! | വിനിഹതേ | കൊല്ലപ്പെട്ടിരിക്കവേ, |
| ക്രോഡമൂർത്തിനാ | വരാഹരൂപം ധരിച്ച | ഹിരണ്യകശിപുഃ | ഹിരണ്യകശിപു |
| ഹരിണാ | ശ്രീഹരിയാൽ | രുഷാ | ക്രോധത്താലും |
| ഏവം | ഇങ്ങനെ | ശുചാ | ഖേദത്താലും |
| ഭ്രാതരി | സഹോദരനായ ഹിരണ്യാക്ഷൻ | പര്യതപ്യത് | വളരെ ക്ലേശിച്ചു |

2. **ആഹ ചേദം രുഷാ പൂർണ്ണഃ സന്ദഷ്ടദശനച്ഛദഃ**
**കോപോജ്ജ്വലദ്ഭ്യാം ചക്ഷുർഭ്യാം നിരീക്ഷൻ ധൂമ്രമംബരം**

| | | | |
|---|---|---|---|
| രുഷാ | രോഷത്താൽ | ചക്ഷുർഭ്യാം | നേത്രങ്ങളാൽ |
| പൂർണ്ണഃ | പൂഴന്നുകൊണ്ടും | ധൂമ്രം | പുകപരന്നപോലുള്ള |
| സന്ദഷ്ട—ദശനച്ഛദഃ | ചുണ്ടു് അമർത്തിക്കടിച്ചുകൊണ്ടും | അംബരം | ആകാശത്തേക്കു |
| | | നിരീക്ഷൻ | നോക്കിക്കൊണ്ടു് |
| കോപോ—ജ്ജ്വലദ്ഭ്യാം | ക്രോധത്താൽ അത്യധികം ജ്വലിക്കുന്ന | ആഹ ച | പറഞ്ഞു തുടങ്ങി |

**3. കരാളദംഷ്ട്രോഗ്രദൃഷ്ട്യാ ദുഷ്പ്രേക്ഷ്യഭ്രുകുടീമുഖഃ**
**ശൂലമുദ്യമ്യ സദസി ദാനവാനിദമബ്രവീത്**

| | | | |
|---|---|---|---|
| കരാളദംഷ്ട്രോഗ്രദൃഷ്ട്യാ | ഭീഷണമായ ദംഷ്ട്രകളാലും ഉജ്ജ്വലത്തായ ദൃഷ്ടിയാലും | സദസി | സഭാമധ്യത്തിൽ |
| | | ശൂലം | ശൂലായുധം |
| ദുഷ്പ്രേക്ഷ്യ— ഭ്രുകുടീമുഖഃ | നോക്കുവാൻപോലും സാധിക്കാത്തവിധം വളച്ച പുരികക്കൊടികളോടുകൂടിയ മുഖത്തോടെ | ഉദ്യമ്യ | പൊക്കിപ്പിടിച്ച് |
| | | ദാനവാൻ | അസുരന്മാരോട് |
| | | ഇദം | ഈവിധം |
| | | അബ്രവീത് | പറഞ്ഞു |

**4. ഭോ ഭോ ദാനവദൈതേയാ ദ്വിമൂർദ്ധൻ ത്ര്യക്ഷ ശംബര**
**ശതബാഹോ ഹയഗ്രീവ നമുചേ പാക ഇല്വല**

**5. വിപ്രചിത്തേ മമ വചഃ പുലോമൻ ശകുനാദയഃ**
**ശൃണുതാനന്തരം സർവേ ക്രിയതാമാശു മാ ചിരം**

| | | | |
|---|---|---|---|
| ഭോ: ഭോ: | അല്ലയോ, ഹേ, | ശൃണുത | കേൾപ്പിൻ |
| ശകുനാദയ: | ശകുനാദികളായ | അനന്തരം | പിന്നെ |
| ദാനവ— ദൈതേയാഃ | ദാനവന്മാരേ! ദൈതേയന്മാരേ! | ആശു | ത്വരിതമായി |
| സർവേ | നിങ്ങളെല്ലാവരും | ക്രിയതാം | പ്രവർത്തിക്കണം. |
| മമ വചഃ | എന്റെ വാക്ക് | ചിരം മാ | വൈകരുത് |

ദ്വിമൂർദ്ധാവ്, ത്ര്യക്ഷൻ, ശംബരൻ, ശതബാഹു, ഹയഗ്രീവൻ, നമുചി, പാകൻ, ഇല്വലൻ, വിപ്രചിത്തി, പുലോമാവ് എന്നീ പ്രധാനികളെ വിശിഷ്യ സംബോധന ചെയ്ത് എല്ലാ അസുരന്മാരോടും ഹിരണ്യകശിപു കല്പിക്കുന്നു.

**6. സപത്നൈർഘാതിതഃ ക്ഷുദ്രൈർഭ്രാതാ മേ ദയിതഃ സുഹൃത്**
**പാർഷ്ണിഗ്രാഹേണ ഹരിണാ സമേനാപ്യുപധാവനൈഃ**

| | | | |
|---|---|---|---|
| ക്ഷുദ്രൈഃ | അല്പന്മാരായ | സമേന അപി | ഭേദഭാവമില്ലാത്തവനായിരുന്നെങ്കിലും |
| സപത്നൈഃ | ശത്രുക്കളാൽ | ഉപധാവനൈഃ | ഒപ്പം ഓടിനടന്നുകൊണ്ടുള്ള സേവാവൃത്തികളാൽ |
| മേ | എന്റെ | | |
| ദയിതഃ | പ്രിയങ്കരനും | പാർഷ്ണിഗ്രാ- ഹേണ | പിൻതുണക്കാരനായിത്തീർന്ന |
| സുഹൃത് | ഹിതൈഷിയുമായ | ഹരിണാ | വിഷ്ണുവിനെക്കൊണ്ട് |
| ഭ്രാതാ | സഹോദരൻ | ഘാതിതഃ | കൊല്ലിക്കപ്പെട്ടു |

7. **തസ്യ ത്യക്തസ്വഭാവസ്യ ഘൃണേർമായാവനൗകസഃ**
**ഭജന്തം ഭജമാനസ്യ ബാലസ്യേവാസ്ഥിരാത്മനഃ**

8. **മച്ഛൂലഭിന്നഗ്രീവസ്യ ഭൂരിണാ രുധിരേണ വൈ**
**രുധിരപ്രിയം തർപ്പയിഷ്യേ ഭ്രാതരം മേ ഗതവ്യഥഃ**

| | |
|---|---|
| ഘൃണേ: | ശുദ്ധതേജോമയനെന്നിരിക്കിലുംകൂടി |
| ത്യക്തസ്വഭാവസ്യ | സ്വതവേ തനിക്കുള്ള നിഷ്പക്ഷഭാവം കൈവിട്ടുകളഞ്ഞവനും |
| മായാവനൗകസ: | കാപട്യത്താൽ കാട്ടുജന്തുവിന്റെ വടിവാർന്നവനും |
| ബാലസ്യ ഇവ | ശിശുവിന്റെ മട്ടിൽ |
| ഭജന്തം | സേവിക്കുന്നവനെ |
| ഭജമാനസ്യ | സേവിക്കുന്നവനും |
| അസ്ഥിരാത്മന: | ഉറച്ച മന:സ്ഥിതിയില്ലാത്തവനും |
| മച്ഛൂലഭിന്നഗ്രീവസ്യ | എന്റെ ശൂലംകൊണ്ടു കുത്തിപ്പിളർന്ന കണ്ഠത്തോടുകൂടിയവനുമായ |
| തസ്യവൈ | അവന്റെതന്നെ |
| ഭൂരിണാ | ധാരാളമായ |
| രുധിരേണ | രക്തംകൊണ്ട് |
| രുധിരപ്രിയം | രക്തപ്രിയനായ |
| മേ | എന്റെ |
| ഭ്രാതരം | സഹോദരനെ |
| തർപ്പയിഷ്യേ | തൃപ്തനാക്കുന്നുണ്ട്. |
| ഗതവ്യഥ: | ഞാൻ ദു:ഖം നീങ്ങിയവനായി |
| (ഭവിഷ്യാമി) | ഭവിക്കുന്നുമുണ്ട് |

"ദേവന്മാരാണല്ലോ ഭ്രാതൃവധം ചെയ്യിച്ചവർ, അവരെയല്ലേ വധിക്കേണ്ടതു്" എന്നാണെങ്കിൽ തുടർന്നുപറയുന്നു —

9. **തസ്മിൻ കൂടേഽഹിതേ നഷ്ടേ കൃത്തമൂലേ വനസ്പതൗ**
**വിടപാ ഇവ ശുഷ്യന്തി വിഷ്ണുപ്രാണാ ദിവൗകസ:**

| | |
|---|---|
| കൂടേ | വഞ്ചകനായ |
| തസ്മിൻ | ആ ഒരേ |
| അഹിതേ | ശത്രു (വിഷ്ണു) |
| നഷ്ടേ | ഇല്ലാതായാൽ |
| വിഷ്ണുപ്രാണാ: | വിഷ്ണുവാകുന്ന പ്രാണശക്തിയോടുകൂടിയ |
| ദിവൗകസ: | ദേവന്മാർ |
| കൃത്തമൂലേ | കടമുറിക്കപ്പെട്ട |
| വനസ്പതൗ | മരത്തിലെ |
| വിടപാ: ഇവ | കൊമ്പുകൾപോലെ |
| ശുഷ്യന്തി | സ്വയം ഉണങ്ങുന്നു |

10. **താവദ്യാത ഭുവം യൂയം ബ്രഹ്മക്ഷത്രസമേധിതാം**
**സൂദയധ്വം തപോയജ്ഞസ്വാധ്യായവ്രതദാനിനഃ**

| | | | |
|---|---|---|---|
| താവത് | അതുവരെ (വിഷ്ണുവിനെ വകവരുത്തുന്നതുവരെ) | യാത | പോകുവിൻ |
| യൂയം | നിങ്ങൾ | തപോയജ്ഞ—സ്വാധ്യായവ്രതദാനിനഃ | തപസ്സ്, യാഗം, അധ്യയനം, വ്രതം, ദാനം എന്നിവയിൽ ഏർപ്പെട്ടവരെ |
| വിപ്രക്ഷത്ര—സമേധിതാം | ബ്രാഹ്മണരാലും ക്ഷത്രിയരാലും അഭിവൃദ്ധിവരുത്തപ്പെട്ടതായ | | |
| ഭുവം | ഭൂമിയിലേക്ക് | സൂദയധ്വം | കൊന്നൊടുക്കുവിൻ |

അവരെല്ലാം എന്തുപിഴച്ചു? ഈ ചോദ്യത്തെ ആശങ്കിച്ച് ഇനിപറയുന്നു—

11. **വിഷ്ണുർദ്വിജക്രിയാമൂലോ യജ്ഞോ ധർമ്മമയഃ പുമാൻ**
**ദേവർഷിപിതൃഭൂതാനാം ധർമ്മസ്യ ച പരായണം**

| | | | |
|---|---|---|---|
| വിഷ്ണുഃ | വിഷ്ണുവെന്നവൻ | പുമാൻ | ആളാകുന്നു |
| ദ്വിജക്രിയാ—മൂലഃ | ബ്രാഹ്മണരുടെ അനുഷ്ഠാനങ്ങളിൽ വേരൂന്നിയവനും | ദേവർഷിപിതൃ—ഭൂതാനാം | ദേവകൾക്കും ഋഷികൾക്കും പിതൃക്കൾക്കും ഭൂതങ്ങൾക്കും |
| യജ്ഞഃ | യജ്ഞമായും | | |
| ധർമ്മമയഃ | ധർമ്മമായും നില്ക്കുന്നവനുമായ | ധർമ്മസ്യ ച | ധർമ്മത്തിനും |
| | | പരാശ്രയം | പരമാശ്രയഭൂതനും ആകുന്നു |

യജ്ഞസ്വരൂപനായ വിഷ്ണുവിന്റെ നിലനില്പ് ബ്രാഹ്മണരുടെ അനുഷ്ഠാനങ്ങളിലാകയാലും ബ്രാഹ്മണാദികൾ ഹിരണ്യനെ സേവിക്കാതെ വിഷ്ണുവിനെ സേവിക്കുന്നതുകൊണ്ടും അവരെ പൊറുപ്പിച്ചുകൂടാ. അതിനാൽ അസുരന്മാർ ചെയ്യേണ്ടതിനെ ഒററവാക്യത്തിൽ പറഞ്ഞ് അവസാനിപ്പിക്കുന്നു—

12. **യത്ര യത്ര ദ്വിജാ ഗാവോ വേദാ വർണ്ണാശ്രമാഃ ക്രിയാഃ**
**തം തം ജനപദം യാത സന്ദീപയത വൃശ്ചത**

| | | | |
|---|---|---|---|
| യത്ര യത്ര | ഏതേതിടത്ത് | തം തം | അതാത് |
| ദ്വിജാഃ | ബ്രാഹ്മണരും | ജനപദം | പ്രദേശത്തേക്കു |
| ഗാവഃ | പശുക്കളും | | |
| വേദാഃ | വേദങ്ങളും | യാത | ചെല്ലുവിൻ; |
| വർണ്ണാശ്രമാഃ | വർണ്ണാശ്രമമുറകളും | സന്ദീപയത | ചുട്ടുചാമ്പലാക്കുവിൻ; |
| ക്രിയാഃ | വൈദികകർമ്മങ്ങളും കാണപ്പെടുന്നുവോ. | വൃശ്ചത | തമർത്തിക്കളയുവിൻ |

13. **ഇതി തേ ഭർതൃനിർദ്ദേശമാദായ ശിരസാദൃതാഃ**
**തഥാ പ്രജാനാം കദനം വിദധുഃ കദനപ്രിയാഃ**

| | | | |
|---|---|---|---|
| കദനപ്രിയാഃ | വിദ്രോഹത്തിൽപരന്മാരായ | ആദായ | സ്വീകരിച്ച് |
| തേ | ആ അസുരന്മാർ | തഥാ | അതിൻവണ്ണം |
| ഇതി | ഈവിധം | പ്രജാനാം | ജനങ്ങൾക്ക് |
| ഭർത്തൃനിർദ്ദേശം | യജമാനൻെറ ഉത്തരവിനെ | | |
| ആദൃതാഃ | ആദരാന്വിതരായി | കദനം | വിദ്രോഹത്തെ |
| ശിരസാ | ശിരസ്സാലെ | വിദധുഃ | ഏല്പിച്ചുതുടങ്ങി |

**14.** **പുരഗ്രാമവ്രജോദ്യാനക്ഷേത്രാരാമാശ്രമാകരാൻ**
**ഖേടഖർവ്വടഘോഷാംശ്ച ദേഹുഃ പത്തനാനി ച**

| | | | |
|---|---|---|---|
| പുരഗ്രാമ— | നഗരം, ഗ്രാമം, | ഖേടഖർവ്വട— ഘോഷാംശ്ച | കർഷകരുടെ വാസകേന്ദ്രങ്ങൾ, മലഞ്ചെരിവുകൾ, ഇടയത്തെരുവുകൾ എന്നിവയേയും |
| വ്രജോദ്യാന— | ഗോശാല, പൂങ്കാവ്, | | |
| ക്ഷേത്രാരാമാ— | വയൽ, കാട്, | | |
| ശ്രമാകരാൻ | ഋഷിവാടം, ഖനി എന്നിവയേയും | പത്തനാനി ച | രാജകൊട്ടാരങ്ങളേയും |
| | | ദേഹുഃ | ചുട്ടെരിച്ചു |

**15.** **കേചിത് ഖനിത്രൈർബിഭിദുഃ സേതുപ്രാകാരഗോപുരാൻ**
**ആജീവ്യാംശ്ചിച്ഛിദുർവൃക്ഷാൻ കേചിത് പരശുപാണയഃ**
**പ്രാദഹൻശരണാന്യന്യേ പ്രജാനാം ജ്വലിതോല്മുകൈഃ**

| | | | |
|---|---|---|---|
| കേചിത് | ചിലർ | വൃക്ഷാൻ | വൃക്ഷങ്ങളെ |
| ഖനിത്രൈഃ | മൺവെട്ടിയും മറ്റുമായ ഖനനസാമഗ്രികൾകൊണ്ട് | പരശു— പാണയഃ | കൈയിൽ മഴുവെടുത്തു കൊണ്ടുചെന്ന് |
| സേതു പ്രാകാര— ഗോപുരാൻ | അണക്കെട്ടുകൾ, മതിൽക്കെട്ടുകൾ ഗോപുരങ്ങൾ എന്നിവയെ | ചിച്ഛിദുഃ | വെട്ടിമുറിച്ചു. |
| | | അന്യേ | മറ്റുചിലർ |
| | | ജ്വലിതോ— ല്മുകൈഃ | കത്തുന്ന കൊള്ളികൾ കൊണ്ട് |
| ബിഭിദുഃ | കുത്തിയടർത്തി. | പ്രജാനാം | ജനങ്ങളുടെ |
| കേചിത് | ചിലർ | ശരണാനി | പാർപ്പിടങ്ങളെ |
| ആജീവ്യാൻ | ഫലവൃക്ഷങ്ങളായ | പ്രാദഹൻ | അഗ്നിക്കിരയാക്കി |

**16.** **ഏവം വിപ്രകൃതേ ലോകേ ദൈത്യേന്ദ്രാനുചരൈർമുഹുഃ**
**ദിവം ദേവാഃ പരിത്യജ്യ ഭുവി ചേരുരലക്ഷിതാഃ**

| | | | |
|---|---|---|---|
| ഏവം മുഹുഃ | ഇങ്ങനെ അടിക്കടി | ലോകേ | ലോകമാകെയും ഉപദ്ര |
| ദൈത്യേന്ദ്രാ— | അസുരചക്രവർത്തിയുടെ | വിപ്രകൃതേ | വിക്കപ്പെട്ടുവരവേ, |
| നുചരൈഃ | കിങ്കരന്മാരാൽ | ദേവാഃ | ദേവന്മാർ |

| | | | |
|---|---|---|---|
| ദിവം | സ്വർഗ്ഗലോകത്തെ | അലക്ഷിതാഃ | ആരുടെയും കണ്ണിൽപ്പെടാതെ |
| പരിത്യജ്യ | ഉപേക്ഷിച്ച് | | |
| ഭുവി | ഭൂമിയിൽ | ചേരുഃ | അലഞ്ഞുനടന്നു |

**17.** **ഹിരണ്യകശിപുർഭ്രാതുഃ സംപരേതസ്യ ദുഃഖിതഃ**
**കൃത്വാ കടോദകാദീനി ഭ്രാതൃപുത്രാനസാന്ത്വയത്**

| | | | |
|---|---|---|---|
| ദുഃഖിതഃ | ദുഃഖിതനായ | കടോദകാദീനി | ഉദകക്രിയാദികളെ |
| ഹിരണ്യകശിപുഃ | ഹിരണ്യകശിപു | കൃത്വാ | ചെയ്തതിനുശേഷം |
| സംപരേതസ്യ | അന്തരിച്ചുപോയ | ഭ്രാതൃപുത്രാൻ | സഹോദരപുത്രന്മാരെ |
| ഭ്രാതുഃ | സഹോദരൻെറ | അസാന്ത്വയത് | ആശ്വസിപ്പിച്ചു |

**18.** **ശകുനിം ശംബരം ധൃഷ്ടം ഭൂതസന്താപനം വൃകം**
**കാലനാഭം മഹാനാഭം ഹരിശ്മശ്രുമഥോത്കചം**

ശകുനി, ശംബരൻ, ധൃഷ്ടൻ, ഭൂതസന്താപനൻ, വൃകൻ, കാലനാഭൻ, മഹാനാഭൻ ഹരിശ്മശ്രു, ഉത്കചൻ—ഇങ്ങനെ 9 പേരാണ് ഹിരണ്യാക്ഷൻെറ പുത്രന്മാർ. അവരെ ആശ്വസിപ്പിച്ചശേഷം, അവരോടും—

**19.** **തന്മാതരം രുഷാഭാനും ദിതിം ച ജനനീം ഗിരാ**
**ശ്ലക്ഷ്ണയാ ദേശകാലജ്ഞ ഇദമാഹ ജനേശ്വര**

| | | | |
|---|---|---|---|
| തന്മാതരം | അവരുടെ മാതാവായ | ശ്ലക്ഷ്ണയാ | മധുരമസൃണമായ |
| രുഷാഭാനും | രുഷാഭാനുവിനോടും | | |
| ജനനീം | സ്വമാതാവായ | ഗിരാ | വാക്കുകളോടെ |
| ദിതിം ച | ദിതിയോടും | | |
| ദേശകാലജ്ഞഃ | ദേശകാലസ്ഥിതികളുടെ പരിജ്ഞാനമുള്ള ഹിരണ്യകശിപു | ജനേശ്വര | ഹേ യുധിഷ്ഠിര! |
| | | ഇദം ആഹ | ഇങ്ങനെ പറഞ്ഞു— |

ഹിരണ്യകശിപുരുവാച = ഹിരണ്യകശിപു പറഞ്ഞു—

**20.** **അംബാംബ ഹേ വധ്വഃ പുത്രാഃ വീരം മാർഹഥ ശോചിതും**
**രിപോരഭിമുഖേ ശ്ലാഘ്യഃ ശൂരാണാം വധ ഈപ്സിതഃ**

| | | | |
|---|---|---|---|
| അംബ അംബ | അമ്മേ! അമ്മേ! | പുത്രാഃ | കുട്ടികളേ! |
| ഹേ വധ്വഃ | വധു! (ഭ്രാതൃപത്നി) | വീരം | വീരപുരുഷനെക്കുറിച്ച് |

| | |
|---|---|
| ശോചിതും | ദുഃഖിക്കുവാൻ |
| മാ അർഹഥ | അരുതാത്തതാണ്. |
| രിപോഃ | ശത്രുവിന്റെ |
| അഭിമുഖേ | നേർക്കുനേരിൽ |
| ശൂരാണാം | പരാക്രമികൾക്ക് |
| വധഃ | മൃത്യു സംഭവിക്കുന്നത് |
| ശ്ലാഘ്യഃ | ശ്ലാഘനീയവും |
| ഈപ്സിതഃ | അഭികാമ്യവുമാകുന്നു. |

**21.** **ഭൂതാനാമിഹ സംവാസഃ പ്രപായാമിവ സുവ്രതേ**
**ദൈവേനൈകത്ര നീതാനാമുന്നീതാനാം സ്വകർമ്മഭിഃ**

| | |
|---|---|
| സുവ്രതേ | വ്രതശുദ്ധിയെഴുന്ന മഹതി! |
| ഇഹ | ഈ ലോകത്തിൽ |
| ദൈവേന | പൂർവ്വകർമ്മത്താൽ |
| ഏകത്ര | ഒരിടത്ത് |
| നീതാനാം | എത്തിക്കപ്പെട്ടവരും |
| സ്വകർമ്മഭി: | സ്വകർമ്മങ്ങളാൽ |
| ഉന്നീതാനാം | വേർപെടുത്തപ്പെട്ടവരുമായ |
| ഭൂതാനാം | ജീവജാലങ്ങളുടെ |
| സംവാസഃ | ഒത്തൊരുമിക്കൽ |
| പ്രപായാം | തണ്ണീർപ്പന്തലിൽ |
| ഇവ | എന്നതുപോലെ (അല്പനേരത്തേക്കേ ഉള്ളൂ) |

ഒരു തണ്ണീർപ്പന്തലിൽ വഴിയാത്രക്കാർ പലവഴിയായി വന്നുചേർന്നു വെള്ളം കുടിച്ച് പിരിഞ്ഞുപോകുംപോലെയാണ് ജീവികൾ പ്രാരബ്ധകർമ്മവശാൽ ഒരുസ്ഥലത്ത് ഒരുമിക്കുന്നതും പിരിയുന്നതും. അതിൽ ഖേദിച്ചിട്ടു കാര്യമില്ലെന്നു സാരം.

ഇങ്ങനെ ലൗകികദൃഷ്ട്യാ പറഞ്ഞാശ്വസിപ്പിച്ചശേഷം തത്ത്വോപദേശംകൊണ്ടും അതു നിർവ്വഹിക്കുന്നു—

**22.** **നിത്യ ആത്മാവ്യയഃ ശുദ്ധഃ സർവ്വഗഃ സർവ്വവിത് പരഃ**
**ധത്തേഽസാവാത്മനോ ലിംഗം മായയാ വിസൃജൻ ഗുണാൻ**

| | |
|---|---|
| ആത്മാ | ആത്മാവ് |
| നിത്യഃ | അവിനാശിയാണ്; |
| അവ്യയഃ | അപക്ഷയരഹിതനും |
| ശുദ്ധഃ | നിർമ്മലനും |
| സർവഗഃ | അഖിലവ്യാപിയും |
| സർവവിത് | അഖിലജ്ഞനും |
| പരഃ | ദേഹാദിയിൽനിന്ന് അകന്നവനുമാണ്— |
| അസൗ | ഈ ആത്മാവുതന്നെ |
| ആത്മനഃ | തന്റെ |
| മായയാ | മായാവൈഭവത്താൽ |
| ഗുണാൻ | ഗുണകാര്യങ്ങളായ ദേഹാദികളെ |
| വിസൃജൻ | നാനാതരത്തിൽ ഉണ്ടാക്കിക്കൊണ്ട് |
| ലിംഗം | സൂക്ഷ്മദേഹത്തെ |
| ധത്തേ | ധരിക്കുന്നു. |

ഈ തത്ത്വത്തെ ഇനി നാലുശ്ലോകം കൊണ്ടു സോദാഹരണം വ്യക്തമാക്കുന്നു.

23. യഥാംഭസാ പ്രചലതാ തരവോƒപി ചലാ ഇവ
ചക്ഷുഷാ ഭ്രാമ്യമാണേന ദൃശ്യതേ ചലതീവ ഭൂഃ

24. ഏവം ഗുണൈർഭ്രാമ്യമാണേ മനസ്യവികലഃ പുമാൻ
യാതി തത്സാമ്യതാം ഭദ്രേ ഹ്യലിംഗോ ലിംഗവാനിവ

| | | | |
|---|---|---|---|
| യഥാ | എപ്രകാരം | ഗുണൈഃ | പ്രാപഞ്ചിക വിഷയങ്ങളാൽ |
| പ്രചലതാ | ഇളകുന്ന | മനസി | മനസ്സ് |
| അംഭസാ | ജലം നിമിത്തം | ഭ്രാമ്യമാണേ | ചുഴന്നുകൊണ്ടിരിക്കുമ്പോൾ |
| തരവഃ അപി | അതിൽ നിഴലിച്ച വൃക്ഷങ്ങളും | അവികലഃ | നിർവ്വികാരനെന്നിരിക്കിലും |
| ചലാഃ ഇവ | ഇളകുന്നപോലെ | പുമാൻ | ജീവാത്മാവ് |
| ദൃശ്യതേ | കാണപ്പെടുന്നുവോ, | തത്സാമ്യതാം | തത്സാദൃശ്യത്തെ |
| ഭ്രാമ്യമാണേന | ചുഴലുന്ന | യാതി | പ്രാപിക്കുന്നു. |
| ചക്ഷുഷാ | കണ്ണുമൂലം | ഹി | തന്നിമിത്തം, |
| ഭൂഃ | ഭൂമി | ഭദ്രേ | ഹേ ശുഭചരിതേ! |
| ചലതി ഇവ | ചുഴലുന്നപോലെ | അലിംഗഃ | ദേഹസംബന്ധമില്ലാത്ത ആത്മാവ് |
| ദൃശ്യതേ | കാണപ്പെടുന്നുവോ, | ലിംഗവാൻ ഇവ | ദേഹബന്ധമുള്ളവനെന്നപോലെ തോന്നപ്പെടുന്നു. |
| ഏവം | അപ്രകാരം | | |

ഉപാധിധർമ്മം ഉപഹിതവസ്തുവിന്റേതായി തോന്നുമെന്നതിന്ന് രണ്ടു ദൃഷ്ടാന്തം പറഞ്ഞു. ഇളകുന്ന വെള്ളത്തിൽ നിഴലിച്ച മരം ഇളകുന്നതായും ചുഴലുന്ന കണ്ണുകൊണ്ടു നോക്കുമ്പോൾ ഭൂതലം ചുഴലുന്നതായും തോന്നുന്നപോലെ മനസ്സാവുന്ന ഗ്രാഹകത്തിലൂടെ ആത്മാവ് ഗ്രാഹ്യമാകുമ്പോൾ ഗ്രാഹകധർമ്മമായ വൈകാരികത നിർവ്വികാരമായ ഗ്രാഹ്യത്തിന്റേതായിട്ടു തെററിദ്ധരിക്കുന്നു.

25. ഏഷ ആത്മവിപര്യാസോ ഹ്യലിംഗേ ലിംഗഭാവനാ
ഏഷ പ്രിയാപ്രിയൈര്യോഗോ വിയോഗഃ കർമ്മ സംസൃതിഃ

| | | | |
|---|---|---|---|
| അലിംഗേ | ദേഹത്തോടുസംബന്ധമില്ലാത്ത ആത്മാവിങ്കൽ | പ്രിയാ—പ്രിയൈഃ വിയോഗഃ യോഗഃ | പ്രിയവസ്തുക്കളോടു വിയോഗവും അപ്രിയവസ്തുക്കളോടു സംയോഗവും |
| ലിംഗഭാവനാ | ദേഹത്വപ്രതീതി യുണ്ടാവുന്നു. | | |
| ഏഷഃ ഹി | ഇതുതന്നെയാണ് | കർമ്മ | കർമ്മബന്ധവും |
| ആത്മ—വിപര്യാസഃ | ആത്മാവിനെ സംബന്ധിച്ചുള്ള തെറ്റായ ധാരണ | സംസൃതിഃ | നാനായോനികളിൽ ചെന്നകപ്പെടലും ആയിത്തീരുന്നു. |
| ഏഷഃ | ഇതു് | | |

26. സംഭവശ്ച വിനാശശ്ച ശോകശ്ച വിവിധഃ സ്മൃതഃ
അവിവേകശ്ച ചിന്താ ച വിവേകാസ്മൃതി രേവ ച

| | | | |
|---|---|---|---|
| സംഭവഃ ച | (തന്മൂലം) ജനനവും | ചിന്താ ച | മനഃക്ലേശവും |
| വിനാശഃ ച | മരണവും | വിവേകാ—സ്മൃതി ഃ | വീണ്ടുവിചാരത്തെക്കുറിച്ചുള്ള |
| വിവിധഃ | പലമട്ടിലുള്ള | ഏവ ച | ബോധമില്ലായ്മയും |
| ശോകഃ ച | ദുഃഖവും | സ്മൃതഃ | സംഭവിക്കുന്നുവെന്നാണ് |
| അവിവേക: ച | വിവേകരാഹിത്യവും | | പ്രാമാണികമതം |

27. അത്രാപ്യുദാഹരന്തീമമിതിഹാസം പുരാതനം
യമസ്യ പ്രേതബന്ധൂനാം സംവാദം തം നിബോധത

| | | | |
|---|---|---|---|
| അത്രാപി | ഈ വിഷയത്തിൽ | പ്രേത—ബന്ധൂനാം | അന്തരിച്ചതായ ആളുടെ ബന്ധുളുടെയും |
| പുരാതനം | പഴക്കമുള്ള | യമസ്യ | അന്തകൻെറയും |
| ഇമം | ഇങ്ങനെയൊരു | തം സംവാദം | ആ പരസ്പരസംഭാഷണത്തെ |
| ഇതിഹാസം | ചരിത്രകഥയെ | നിബോധത | കേട്ടുധരിച്ചാലും |
| ഉദാഹരന്തി | ഉദാഹരിക്കാറുണ്ട് | | |

28. ഉശീനരേഷ്വഭൂദ്രാജാ സൃയജ്ഞ ഇതി വിശ്രുതഃ
സപത്നൈർനിഹതോ യുദ്ധേ ജ്ഞാതയസ്തമുപാസത

| | | | |
|---|---|---|---|
| ഉശീനരേഷു | ഉശീനരമെന്ന രാജ്യത്തിൽ | യുദ്ധേ | യുദ്ധത്തിൽവെച്ച് |
| സൃയജ്ഞഃ | സൃയജ്ഞൻ | (സഃ) | അദ്ദേഹം |
| ഇതി | എന്നിങ്ങനെ | സപത്നൈഃ | ശത്രുക്കളാൽ |
| വിശ്രുതഃ | വിഖ്യാതനായ | നിഹതഃ | കൊല്ലപ്പെട്ടു |
| രാജാ | ഒരുരാജാവ് | ജ്ഞാതയഃ | ഉററവരെല്ലാം |
| ആസീത് | ഉണ്ടായിരുന്നു. | തം | അദ്ദേഹത്തെ |
| | | ഉപാസത | സമീപിച്ചുവളഞ്ഞുകൂടി |

29. വിശീർണ്ണരത്നകവചം വിഭ്രഷ്ടാഭരണസ്രജം
ശരനിർഭിന്നഹൃദയം ശയാനമസൃഗാവിലം

30. പ്രകീർണ്ണകേശം ധ്വസ്താക്ഷം രജസാ ഭഷ്ടഭ്ച്ഛദം
രജഃകുണ്ണമുഖാംഭോജം ഛിന്നായുധഭുജം മൃധേ

| | | | |
|---|---|---|---|
| വിശീർണ്ണ—രത്നകവചം | പൊട്ടിച്ചിതറിയ രത്നകവചത്തോടും | വിഭ്രഷ്ടാ—ഭരണാസ്രജം | അഴിഞ്ഞുകൊഴിഞ്ഞ ആഭരണങ്ങളോടും പൂമാലകളോടും |

| | |
|---|---|
| ശരനിർഭിന്ന– ഹൃദയം | ശരത്താൽ പിളർന്ന മാറിടത്തോടും |
| പ്രകീർണ്ണകേശം | ചിന്നിച്ചിതറിയ തലമുടിയോടും |
| ധ്വസ്താക്ഷം | ഉൾവലിഞ്ഞ കണ്ണുകളോടും |
| രഭസാ | ഊക്കോടെ |
| ദഷ്ടദച്ഛദം | കടിച്ചമർത്തിയ ചുണ്ടുകളോടും |
| രജ:കുണ്ഠ– മുഖാംഭോജം | പൊടിപാറി നിറംകെട്ട മുഖകമലത്തോടും |
| ഛിന്നായുധ– ഭുജം | ഛേദിക്കപ്പെട്ട ആയുധങ്ങളോടും ഭുജങ്ങളോടും കൂടിയവനായി |
| മൃധേ | പോർക്കളത്തിൽ |
| അസൃഗാവിലം | ചോരപുരണ്ട് |
| ശയാനം | കിടക്കുന്ന |
| [തം തേ ഉപാസത] | അദ്ദേഹത്തെ അവർ സമീപിച്ചുവളഞ്ഞുകൂടി |

**31.** **ഉശീനരേന്ദ്രം വിധിനാ തഥാകൃതം**
**പതിം മഹിഷ്യഃ പ്രസമീക്ഷ്യ ദുഃഖിതാഃ**
**ഹതാഃ സ്മ നാഥേതി കരൈരുരോ ഭൃശം**
**ഘ്നന്ത്യോ മുഹുസ്തത്പദയോരുപാപതൻ–**

| | |
|---|---|
| വിധിനാ | ദൈവഗതിയാൽ |
| തഥാകൃതം | അങ്ങനെയാക്കപ്പെട്ട |
| പതിം | ഭർത്താവായ |
| ഉശീനരേന്ദ്രം | ഉശീനരരാജാവിനെ |
| പ്രസമീക്ഷ്യ | കണ്ടിട്ട് |
| ദു:ഖിതാ: | ദു:ഖിതകളായിഭവിച്ച |
| മഹിഷ്യ: | രാജപത്നിമാർ |
| നാഥ | ''അയ്യോ നാഥ! |
| ഹതാ: സ്മ: | ഞങ്ങളെ കൊല്ലാക്കൊല ചെയ്തല്ലോ'' |
| ഇതി | എന്നുപറഞ്ഞ് |
| കരൈഃ | കൈകളാൽ |
| ഉരഃ | മാറത്ത് |
| ഭൃശം | ഉറക്കെ |
| മുഹുഃ | അടിക്കടി |
| ഘ്നന്ത്യഃ | തൊഴിച്ചുകൊണ്ട് |
| തത്പദയോഃ | അദ്ദേഹത്തിന്റെ കാൽക്കൽ |
| ഉപാപതൻ | വീണുരുണ്ടു. |

**32.** **രുദന്ത്യ ഉച്ചൈർദയിതാംഘ്രിപങ്കജം**
**സിഞ്ചന്ത്യ അസ്രൈഃ കുചകുങ്കമാരുണൈഃ**
**വിസ്രസ്തകേശാഭരണാഃ ശുചം നൃണാം**
**സൃജന്ത്യാക്രന്ദനയാ വിലേപിരേ**

| | |
|---|---|
| ഉച്ചൈഃ | ഉച്ചത്തിൽ |
| രുദന്ത്യഃ | കരഞ്ഞുകൊണ്ടും |
| ദയിതാംഘ്രി– പങ്കജം | ഭർത്താവിന്റെ പാദകമലത്തെ |
| കുചകുങ്കമാ– രുണൈഃ | മുലത്തടത്തിലെ കുങ്കുമം കൊണ്ടു ശോണാഭമായിത്തീർന്ന |
| അസ്രൈഃ | ബാഷ്പധാരകളാൽ |
| സിഞ്ചന്ത്യഃ | നനച്ചുകൊണ്ടും |
| ആക്രന്ദനയാ | മുറവിളിയാൽ |
| നൃണാം | കാണികളായ ആളുകൾക്ക് |
| ശുചം | മനഃക്ലേശത്തെ |
| സൃജന്ത്യഃ | ഉണ്ടാക്കിക്കൊണ്ടും |

| | | | |
|---|---|---|---|
| പരിസ്രസ്ത— കേശാഭരണാഃ | അഴിഞ്ഞുവീണ തലമുടിയോടും ആഭൂഷണങ്ങളോടും കൂടിയ | (താഃ) | അവർ |
| | | വിലേപിരേ | വിലാപം തുടങ്ങി |

33. **അഹോ വിധാത്രാകരുണേന നഃ പ്രഭോ**
**ഭവാൻ പ്രണീതോ ദൃഗഗോചരാം ദശാം**
**ഉശീനരാണാമസി വൃത്തിദഃ പുരാ**
**കൃതോऽധുനാ യേന ശുചാം വിവർദ്ധനഃ**

| | | | |
|---|---|---|---|
| അഹോ | ഹാകഷ്ടം! | പുരാ | മുമ്പ് |
| പ്രഭോ | സ്വാമിൻ! | ഉശീനരാണാം | ഉശീനരദേശവാസികൾക്ക് |
| അകരുണേന | നിർദയനായ | | |
| വിധാത്രാ | ബ്രഹ്മദേവനാൽ | വൃത്തിദഃ | ജീവിതവൃത്തി നൽകി |
| ഭവാൻ | അങ്ങുന്ന് | | കൊണ്ടിരുന്ന അങ്ങുന്ന് |
| നഃ | ഞങ്ങളുടെ | യേന | യാതൊരു ബ്രഹ്മദേവനാൽ |
| ദൃഗഗോചരാം | ദൃഷ്ടികൾക്ക് അവിഷയമായ | അധുനാ | ഇപ്പോൾ (അവരുടെ) |
| | | ശുചാം | ദുഃഖങ്ങളുടെ |
| ദശാം | അവസ്ഥയെ | വിവർദ്ധനഃ | സംവർദ്ധകനായിട്ട് |
| പ്രണീതഃ | പ്രാപിപ്പിക്കപ്പെട്ടു! | കൃതഃ അസി | തീർക്കപ്പെട്ടിരിക്കുന്നു |

34 **ത്വയാ കൃതജ്ഞേന വയം മഹീപതേ**
**കഥം വിനാ സ്യാമ സുഹൃത്തമേന തേ**
**തത്രാനുയാനം തവ വീര പാദയോഃ**
**ശുശ്രൂഷതീനാം ദിശ യത്ര യാസ്യസി**

| | | | |
|---|---|---|---|
| മഹീപതേ | ഭൂപാലക! | യാസ്യസി | അങ്ങുപോകുന്നുവോ, |
| സുഹൃത്തമേന | സൗഹൃദസമ്പന്നനും | തത്ര | അവിടേക്ക് |
| കൃതജ്ഞേന | ചെയ്തതറിയുന്നവനുമായ | തേ | അങ്ങയുടെ |
| ത്വയാ വിനാ | അങ്ങയോടു കൂടാതെ | അനുയാനം | കൂടെ വരുവാൻ |
| വയം | ഞങ്ങൾ | തവ | അങ്ങയുടെ |
| കഥം | എങ്ങനെ | പാദയോഃ | പാദങ്ങൾക്ക് |
| സ്യാമ | കഴിഞ്ഞുകൂടും? | ശുശ്രൂഷതീനാം | പരിചര്യ ചെയ്യുന്നവർക്കു |
| വീര | വീര്യശാലിൻ! | | കൂടി |
| യത്ര | എവിടേക്ക് | ദിശ | അനുവാദം തരു |

35. **ഏവം വിലപതീനാം വൈ പരിഗൃഹ്യ മൃതം പതിം**
**അനിച്ഛതീനാം നിർഹാരമർക്കോऽസ്തം സന്ന്യവർത്തത**

| | | | |
|---|---|---|---|
| മൃതം | മരിച്ചുപോയ | നിർഹാരം | ശവസംസ്കാരത്തെ |
| പതിം | ഭർത്താവിനെ | അനിച്ഛതീനാം | സമ്മതിക്കാതിരിക്കെ |
| പരിഗൃഹ്യ | കെട്ടിപ്പിടിച്ച് | അർക്കഃ | സൂര്യൻ |
| ഏവം വൈ | ഇപ്രകാരം | അസ്തം | അസ്തമയഗിരിയിലേക്ക് |
| വിലപതീനാം | വിലപിക്കുന്ന രാജപത്നിമാർ | സന്നിവർത്തത | തിരിച്ചെത്തി |

**36.** **തത്ര ഹ പ്രേതബന്ധൂനാമാശ്രുത്യ പരിദേവിതം**
**ആഹ താൻ ബാലകോ ഭൂത്വാ യമഃ സ്വയമുപാഗതഃ**

| | | | |
|---|---|---|---|
| പ്രേത— ബന്ധൂനാം | മരിച്ച ആളുടെ ബന്ധുജനത്തിന്റെ | ബാലകഃ | ഒരു ബാലനായി |
| | | ഭൂത്വാ | ഭവിച്ച്, |
| പരിദേവിതം | കൂട്ടനിലവിളി | തത്ര | അവിടെ |
| ആശ്രുത്യ | കേട്ടിട്ട് | ഉപാഗതഃ | വന്നുചേർന്ന് |
| യമഃ | യമധർമ്മരാജാവ് | താൻ | അവരോടായി |
| സ്വയം | തന്നെത്താൻ | ആഹ ഹ | പറഞ്ഞുപോൽ |

യമ ഉവാച — യമൻ പറഞ്ഞു—

**37.** **അഹോ അമീഷാം വയസാധികാനാം**
**വിപശ്യതാം ലോകവിധിം വിമോഹഃ**
**യത്രാഗതസ്തത്ര ഗതം മനുഷ്യം**
**സ്വയം സധർമ്മാ അപി ശോചന്ത്യപാർത്ഥം**

| | | | |
|---|---|---|---|
| വയസാ | വയസ്സുകൊണ്ട് | ആഗതം | ആഗതനായോ |
| അധികാനാം | മുന്തിയവരും | തത്ര | അങ്ങോട്ടുതന്നെ |
| ലോകവിധിം | ലോകമുറയെ | ഗതം | ഗതനാവുന്ന |
| വിപശ്യതാം | വിശേഷിച്ചും കണ്ടറിയുന്നവരുമായ | മനുഷ്യം | മനുഷ്യനെക്കുറിച്ച് |
| | | സ്വയം | തങ്ങളും |
| അമീഷാം | ഇവരുടെ | സധർമ്മാ അപി | അതേ നിലയുള്ളവരായിട്ടു കൂടി |
| വിമോഹഃ | അറിവില്ലായ്മ | | |
| അഹോ | അതിശയം തന്നെ. | അപാർത്ഥം | അർത്ഥമില്ലാതെ |
| യത്ര | എങ്ങുനിന്ന് | ശോചന്തി | ദുഃഖിക്കുന്നു |

**38.** **അഹോ വയം ധന്യതമാ യദത്ര**
**ത്യക്താഃ പിതൃഭ്യാം ന വിചിന്തയാമഃ**
**അഭക്ഷ്യമാണാ അബലാ വൃകാദിഭിഃ**
**സ രക്ഷിതാ രക്ഷതി യോ ഹി ഗർഭേ**

| | |
|---|---|
| അഹോ | ആഹാ! |
| വയം | ഞങ്ങൾ (കുട്ടികൾ) |
| ധന്യതമാഃ | നിങ്ങളെക്കാളേറെ കൃതാർത്ഥരാണ്. |
| യദ് | എന്തെന്നാൽ |
| അത്ര | ഇവിടെ (ഈ സംസാര വനത്തിൽ) |
| പിതൃഭ്യാം | മാതാപിതാക്കളാൽ |
| ത്യക്താഃ | ഉപേക്ഷിക്കപ്പെട്ടവരായ ഞങ്ങൾ |
| ന വിചിന്തയാമഃ | ചിന്തയില്ലാതെ ഇരിക്കുന്നു. |
| അബലാഃ | ദുർബ്ബലരായ ഞങ്ങൾ |
| വൃകാദിഭിഃ | ചെന്നായ്ക്കൾ മുതലായ കാട്ടുജന്തുക്കളാൽ |
| അഭക്ഷ്യമാണാഃ | ഭക്ഷിക്കപ്പെടാതെ ഇരിക്കുന്നു. |
| ഹി | എങ്ങനെയെന്നാൽ |
| ഗർഭേ | ഗർഭത്തിലിരിക്കുമ്പോൾ |
| യഃ | യാതൊരുവൻ |
| രക്ഷതി | രക്ഷിക്കുന്നുവോ |
| സഃ | അവൻ തന്നെ |
| രക്ഷിതാ | എന്നും രക്ഷിക്കും. |

അവൻ ഞങ്ങളെ രക്ഷിക്കുന്നതെന്തിന്? ഒരു കളിയെന്നല്ലാതെ മററു പ്രയോജനമൊന്നും അതുകൊണ്ട് അവനില്ലെന്ന് അടുത്ത ശ്ലോകത്തിൽ വ്യക്തമാക്കുന്നു.

39 യ ഇച്ഛയേശഃ സൃജതീദമവ്യയോ
യ ഏവ രക്ഷത്യവലുമ്പതേ ച യഃ
തസ്യാബലാഃ ക്രീഡനമാഹുരീശിതു-
ശ്ചരാചരം നിഗ്രഹസംഗ്രഹേ പ്രഭുഃ

| | |
|---|---|
| അബലാഃ | സ്ത്രീജനങ്ങളെ! |
| അവ്യയഃ | വികാരരഹിതനും |
| ഈശഃ | നിയന്താവുമായ |
| യഃ | യാതൊരുവൻ |
| ഇച്ഛയാ | സ്വസങ്കല്പത്താൽ |
| ഇദം | ഈ വിശ്വത്തെ |
| സൃജതി | സൃഷ്ടിക്കുന്നു, |
| യഃ ഏവ | യാതൊരുവൻ തന്നെ |
| രക്ഷതി | രക്ഷിക്കുന്നു, |
| യഃ അവലുമ്പതേ ച | യാതൊരുവൻ സംഹരിക്കയും ചെയ്യുന്നു. |
| ചരാചരം | ചരങ്ങളും അചരങ്ങളുമായ ജീവജാലങ്ങളെ ഉൾക്കൊണ്ടതായ ലോകം |
| തസ്യ | ആ |
| ഈശിതുഃ | നിയന്താവിന്റെ |
| ക്രീഡനകം | കളിപ്പാട്ടമെന്ന് |
| ആഹുഃ | പറഞ്ഞുവരുന്നു. |
| (സഃ) | അവൻ |
| നിഗ്രഹസംഗ്രഹേ | അതിനെ തകർക്കുന്നതിലും സംരക്ഷിക്കുന്നതിലും |
| പ്രഭുഃ | സ്വാതന്ത്ര്യാധികാരമുള്ളവനാണ് |

40. പഥി ച്യുതം തിഷ്ഠതി ദിഷ്ടരക്ഷിതം
ഗൃഹേ സ്ഥിതം തദ്വിഹതം വിനശ്യതി
ജീവത്യനാഥോഽപി തദീക്ഷിതോ വനേ
ഗൃഹേഽപി ഗുപ്തോഽസ്യ ഹതോ ന ജീവതി

| | | | |
|---|---|---|---|
| പഥി | പെരുവഴിയിൽ | വനേ | കാട്ടിൽ |
| ച്യുതം | വീണതു് | അനാഥഃ അപി | നാഥനില്ലാതെ അലയുന്നവൻപോലും |
| ദിഷ്ടരക്ഷിതം | ദൈവത്താൽ രക്ഷിക്കപ്പെട്ടു് | തദീക്ഷിതഃ | ദൈവത്താൽ നോക്കപ്പെട്ടിട്ടു് |
| തിഷ്ഠതി | അങ്ങനെ തന്നെ കിടക്കുന്നു. | ജീവതി | ജീവിക്കുന്നു. |
| ഗൃഹേ | വീട്ടിനുള്ളിൽ | ഗൃഹേ | വീട്ടിൽ |
| സ്ഥിതം | ഇരുന്നതു് | ഗുപ്തഃ അപി | സുരക്ഷിതനായിരുന്നാലും |
| തദ്വിഹതം | ദൈവത്താൽ ഉപേക്ഷിതമായാൽ | അസ്യഹതഃ | ദൈവത്താൽ ഉപേക്ഷിതനായാൽ |
| വിനശ്യതി | നശിച്ചുപോകുന്നു. | ന ജീവതി | ജീവിക്കുകയില്ല. |

ജനനമരണങ്ങൾ ഈശ്വരേച്ഛയ്ക്കു വിധേയങ്ങളാകയാൽ മരണത്തെക്കുറിച്ചു് സന്താപപ്പെട്ടിട്ടു് ഒരു പ്രയോജനവുമില്ലെന്നു് സൂചിപ്പിച്ചതിൽപ്പിന്നെ ഈ ജനനമരണാദികൾ ആത്മധർമ്മങ്ങളല്ലെന്നും കേവലം ശരീരങ്ങൾക്കുള്ളവയാണെന്നും ഇനി മൂന്നു ശ്ലോകങ്ങൾ കൊണ്ടു് പറയുന്നു.

41. **ഭൂതാനി തൈസ്തൈർനിജയോനികർമ്മഭിർ —**
**ഭവന്തി കാലേ ന ഭവന്തി സർവശഃ**
**ന തത്ര ഹാത്മാ പ്രകൃതാവപി സ്ഥിത—**
**സ്തസ്യാ ഗുണൈരന്യതമോ നിബധ്യതേ.**

| | | | |
|---|---|---|---|
| ഭൂതാനി | ഭൗതികശരീരങ്ങൾ | പ്രകൃതൗ | പ്രകൃതികാര്യമായ ശരീരത്തിൽ |
| തൈഃ തൈഃ | അതാതുതരത്തിൽ | സ്ഥിതഃ അപി | സ്ഥിതനെന്നിരിക്കിലും |
| നിജയോനികർമ്മഭിഃ | സ്വഹേതു ഭൂതമായ ലിംഗശരീരത്തെ നിമിത്തീകരിച്ചുള്ള കർമ്മങ്ങളാൽ | തസ്യാഃ | അതിന്റെ |
| | | ഗുണൈഃ | ധർമ്മങ്ങളാൽ (ജനനമരണാദികളാൽ) |
| സർവശഃ | എല്ലാ ജീവരാശിയിലും | | |
| കാലേ | ഓരോ കാലത്തു് | ന നിബധ്യതേ | നിബന്ധിക്കപ്പെടുന്നില്ല |
| ഭവന്തി | ഉണ്ടാവുന്നു, | അന്യതമഃ | മറ്റൊന്നായിട്ടു് (ദേഹാദിയിൽ നിന്നു വിലക്ഷണനായിട്ടു്) |
| ന ഭവന്തി | ഇല്ലാതാകയും ചെയ്യുന്നു. | | |
| തത്ര ഹ | എന്നാൽ, അപ്പോൾ | | |
| ആത്മാ | ആത്മാവു് | (സ്ഥിതഃ) | നിലകൊള്ളുന്നു. |

42. **ഇദം ശരീരം പുരുഷസ്യ മോഹജം**
**യഥാ പൃഥഗ്ഭൗതികമീയതേ ഗൃഹം**
**യഥൗദകൈഃ പാർത്ഥിവതൈജസൈർജനഃ**
**കാലേന ജാതോ വികൃതോ വിനശ്യതി.**

| | |
|---|---|
| ഇദം | ഈ |
| ശരീരം | ദേഹം |
| പുരുഷസ്യ | ആത്മാവിനെ സംബന്ധിച്ചുള്ള |
| മോഹജം | വസ്തുനിഷ്ഠജ്ഞാനത്തിന്റെ അഭാവം കൊണ്ട് ആത്മ ഭേദേന സംഭവിച്ചതാകുന്നു. |
| പൃഥക് | വാസ്തവത്തിൽ ആത്മവ്യതിരിക്തമാണ്. |
| (യതഃ) | എന്തെന്നാൽ |
| ഗൃഹം യഥാ | (ദേഹം) ഒരു ഗൃഹംപോലെ |
| ഭൗതികം | പഞ്ചഭൂത നിർമ്മിതമാണ്, |
| ഈയതേ | കാണപ്പെടുന്നുമുണ്ട്. |
| യഥാ | ഏതുവിധം |
| ഔദകൈഃ | ജലത്തിന്റെ അണുസഞ്ചയത്താൽ |
| ജാതഃ | ഉണ്ടായതും (കുമിളയും മററും) |
| പാർത്ഥിവ—തൈജസൈഃ | പൃഥിവീസംബന്ധമായും തേജഃ സംബന്ധമായുമുള്ള അണുസഞ്ചയങ്ങളാൽ |
| (ജാതഃ) | ഉണ്ടായതും (പാത്രങ്ങളും ആഭരണങ്ങളും മററും) |
| കാലേന | കാലംകൊണ്ട് |
| വികൃതഃ | രൂപഭേദം വന്ന് |
| വിനശ്യതി | തീരെ ഇല്ലാതെയാവുന്നതു് |
| (തഥാ) | അതുവിധം |
| ജനഃ | ദേഹവും ഇല്ലാതാവുന്നു. |

ആത്മാവ് ശരീരമാണെന്ന തോന്നൽ വാസ്തവികമായ ആത്മജ്ഞാനമില്ലാത്തതുമൂലം ഉണ്ടായതാണ്. പഞ്ചഭൂതാത്മകവും ദൃശ്യവുമായ ശരീരം ചേതനാമയവും ദ്രഷ്ടാവുമായ ആത്മാവിൽനിന്നും വ്യതിരിക്തമാകുന്നു. ദൃശ്യവും ദ്രഷ്ടാവും വിഭിന്നങ്ങളാണ്. ഗൃഹവും ഗൃഹത്തിലുള്ളവനും ഒന്നല്ലാത്തതുപോലെ ദേഹവും ദേഹിയും ഒന്നല്ല. ദേഹം ഭൗതിക വസ്തുവാകയാൽ അതിന് നിത്യത്വം സംഭാവ്യമല്ല. ജലവികാരമായ നീർക്കുമിളയും മൃദ്‌വികാരമായ കുടവും തേജോ (സ്വർണ്ണം) വികാരമായ കങ്കണവും കാലത്താൽ രൂപാന്തരപ്പെടുകയും നശിക്കുകയും ചെയ്യുന്നപോലെ ആ മൂന്നിന്റെ സമ്മിളിതരൂപമായ ദേഹവും കാലബാധയാൽ രൂപാന്തരപ്പെടുന്നു ; നശിക്കുന്നു. ആത്മാവാകട്ടെ നിത്യശുദ്ധമായി നിലകൊള്ളുന്നു.

ഇനി അടുത്ത ശ്ലോകത്തിൽ ആദ്യത്തെ രണ്ട് ഉദാഹരണത്താൽ ദേഹാദിയിൽ നിന്ന് ആത്മാവിനുള്ള പൃഥക്സത്തയേയും മൂന്നാമത്തേതിനാൽ നിർല്ലേപതയേയും വ്യക്തമാക്കുന്നു.

43.

**യഥാനലോ ദാരുഷു ഭിന്ന ഈയതേ**
**യഥാനിലോ ദേഹഗതഃ പൃഥക് സ്ഥിതഃ**
**യഥാ നഭഃ സർവ്വഗതം ന സജ്ജതേ**
**തഥാ പുമാൻ സർവ്വഗുണാശ്രയഃ പരഃ**

| | |
|---|---|
| യഥാ | ഏപ്രകാരം |
| ദാരുഷു | മരക്കട്ടകളിൽ പിടിച്ച |
| അനലഃ | അഗ്നി |
| ഭിന്നഃ | അവയിൽ നിന്നു ഭിന്നമായിട്ട് |
| ഈയതേ | കാണപ്പെടുന്നുവോ, |

| | | | |
|---|---|---|---|
| യഥാ | എപ്രകാരം | ന സജ്ജതേ | ഒന്നിനോടും ഒട്ടാതെ നില്ക്കുന്നുവോ, |
| ദേഹഗതഃ | ശരീരത്തിൽ കടന്ന | തഥാ | അപ്രകാരം |
| അനിലഃ | വായു | സർവ്വഗുണാ— ശ്രയഃ | എല്ലാ ദേഹേന്ദ്രിയാദി ഗുണകാര്യങ്ങൾക്കും ആശ്രയമായ |
| പൃഥക് | അതിൽ നിന്നു് വേറേയായി | പുമാൻ | ജീവാത്മാവു് |
| സ്ഥിതഃ | നില്ക്കുന്നുവോ, | പരഃ | അവയിൽനിന്നും വേറെ നില്ക്കുന്നു. |
| യഥാ | എപ്രകാരം | | |
| സർവ്വഗതം | സർവ്വ വ്യാപ്തമായ | | |
| നഭഃ | ആകാശം | | |

**44.** **സുയജ്ഞോ നന്വയം ശേതേ മൂഢാ യമനുശോചഥ**
**യഃ ശ്രോതാ യോഽനുവക്തേഹ സ ന ദൃശ്യേത കർഹിചിത്**

| | | | |
|---|---|---|---|
| മൂഢാഃ | അറിവില്ലാത്ത സ്ത്രീകളെ! | ശ്രോതാ | കേൾക്കുന്നവനായിട്ടിരുന്നുവോ, |
| യം | ആരെക്കുറിച്ചു് | യഃ | ഏതൊരുവൻ |
| അനുശോചഥ | നിങ്ങൾ വ്യസനിച്ചുകൊണ്ടിരിക്കുന്നുവോ | അനുവക്താ | മറുപടി പറയുന്നവനായിട്ടിരുന്നുവോ |
| അയം സുയജ്ഞഃ | ആ സുയജ്ഞൻ | സഃ | അവൻ |
| ശേതേ നനു | ഇതാ കിടക്കുന്നുവല്ലോ. | കർഹിചിത് | ഒരുകാലത്തും |
| ഇഹ | ഇവനിൽ | ന ദൃശ്യേത | കാണപ്പെടുന്നതല്ല |
| യഃ | ഏതൊരുവൻ | | |

''ഞങ്ങളുടെ ഭർത്താവായ ഈ സുയജ്ഞൻ ഇത്രയും കാലംവരെ ഞങ്ങൾ പറഞ്ഞതു കേൾക്കുകയും മറുപടി തരികയും ചെയ്തിരുന്നു. ഇപ്പോൾ അതു രണ്ടും ചെയ്യാത്തതുകൊണ്ടു് അദ്ദേഹം മരിച്ചെന്നു കരുതി ഞങ്ങൾ ദുഃഖിക്കുന്നു'' എന്നാണു് പറയുന്നതെങ്കിൽ ശരി. എന്നാൽ ഈ കിടക്കുന്ന സുയജ്ഞനെ അധിവസിച്ചുകൊണ്ടു കേൾക്കുകയും മറുപടി പറകയും ചെയ്തിരുന്ന ആൾ ഒന്നു വേറെയായിരുന്നു. ആയാളെ നിങ്ങൾ കണ്ടിട്ടില്ല, കാണുന്നതുമല്ല. എന്നിരിക്കെ, ദുഃഖമെന്തിനു്? — ഇതാണു് പ്രകൃതത്തിലുള്ള ആശയം.

ഈ ശ്രോതാവും വക്താവും ആരെന്നുള്ള ആശങ്കയെ ഇനി അടുത്ത ശ്ലോകം കൊണ്ടു പരിഹരിക്കുന്നു.

**45.** **ന ശ്രോതാ നാനുവക്തായം മുഖ്യോഽപ്യത്ര മഹാനസുഃ**
**യസ്ത്വിഹേന്ദ്രിയവാനാത്മാ സ ചാന്യഃ പ്രാണദേഹയോഃ**

| | | | |
|---|---|---|---|
| അത്ര | ഈ ദേഹത്തിൽ | | ഇന്ദ്രിയാൎത്ഥങ്ങളുടെ |
| മഹാൻ | സമസ്തേന്ദ്രിയങ്ങളുടേയും | | ദ്രഷ്ടാവായി |
| | പ്രവൎത്തനത്തിനു ഹേതു | യഃ തു | യാതൊരു |
| | ഭൂതമാകയാൽമഹത്വമുള്ള | ആത്മാ | ആത്മചൈതന്യം |
| അയം പ്രാണഃ | ഈ പ്രാണൻ | പ്രാണ— | പ്രാണനിൽനിന്നും ദേഹേ |
| മുഖ്യഃ അപി | പ്രധാനിയാണെങ്കിലും | ദേഹയോഃ | ന്ദ്രിയങ്ങളിൽനിന്നും |
| ന ശ്രോതാ | കേൾക്കുന്നവനല്ല; | അന്യഃ | വേറെയായിട്ടു |
| ന അനുവക്താ | മറുപടി തരുന്നവനുമല്ല. | | നിലകൊള്ളുന്നുവോ, |
| ഇഹ തു | ഈ ദേഹത്തിൽത്തന്നെ | സഃ ച | അതത്രേ (ശ്രോതാവും |
| ഇന്ദ്രിയവാൻ | ഇന്ദ്രിയങ്ങളിലൂടെ | | വക്താവും ആകുന്നത്) |

പ്രാണേന്ദ്രിയാദികളും ശരീരംപോലെത്തന്നെ അചേതനങ്ങളും ആത്മാവുമാത്രം സചേതനവുമാണെന്നു വരികിൽ ആത്മാവിനു് ശരീരധൎമ്മോപലബ്ധിയുണ്ടായതെങ്ങനെ? ഈ ആശങ്കയെ ഇനി അടുത്ത ശ്ലോകം കൊണ്ടു പരിഹരിക്കുന്നു.

**46. ഭൂതേന്ദ്രിയമനോലിംഗാൻ ദേഹാനുച്ചാവചാൻ വിഭുഃ**
**ഭജത്യുത്സൃജതി ഹ്യന്യസ്തച്ചാപി സ്വേന തേജസാ**

| | | | |
|---|---|---|---|
| വിഭുഃ | അപരിച്ഛിന്നനെന്നിരി | ഭജതി | അംഗീകരിക്കുന്നു. |
| | ക്കിലും ആത്മാവു് | തത് ച | അതിനേയും (ആ |
| ഭൂതേന്ദ്രിയ— | പഞ്ചഭൂതങ്ങളും, ഇന്ദ്രിയ | അപി | അംഗീകാരത്തേയും) |
| മനോലിംഗാൻ | ങ്ങളും, മനസ്സ് എന്നീ | | |
| | ലക്ഷണങ്ങളോടു ചേൎന്ന | സ്വേന | സ്വകീയമായ |
| ഉച്ചാവചാൻ | ഉൽകൃഷ്ടനികൃഷ്ടഭേദേന | തേജസാ | വിവേകശക്തിയാൽ |
| | പല മട്ടിലുള്ള | ഉത്സൃജതി | വിട്ടുകളഞ്ഞു് വിമുക്തനാ |
| ദേഹാൻ | ശരീരങ്ങളെ | | യിത്തീരുന്നു. |
| അന്യഃ | അവയിൽനിന്നും ബന്ധം | | |
| | വിട്ടുകൊണ്ടു് | ഹി | ഇതാണു് വാസ്തവം |

എന്നാൽ ഈ വിവേകോദയം ഉണ്ടായശേഷവും ആഹാരാദി കൎമ്മങ്ങളിൽ പ്രവൃത്തി കാണുന്നതുകൊണ്ടു് ബന്ധമുള്ളതായി തോന്നുന്നുവല്ലോ എന്നാണെങ്കിൽ ഇനി പറയുന്നു.

**47. യാവല്ലിംഗാന്വിതോ ഹ്യാത്മാ താവത് കൎമ്മ നിബന്ധനം**
**തതോ വിപൎയ്യയഃ ക്ലേശോ മായായോഗോഽനുവൎത്തതേ**

| | | | |
|---|---|---|---|
| യാവത് | എത്രകാലം | താവത് ഹി | അക്കാലം വരെ |
| ആത്മാ | ആത്മാവു് | കൎമ്മ | കൎമ്മം (ആത്മാവിനു്) |
| ലിംഗാന്വിതഃ | സൂക്ഷ്മദേഹത്തോടു | നിബന്ധനം | ബന്ധഹേതുവായിരിക്കും. |
| | ചേൎന്നിരിക്കുന്നുവോ, | തതഃ | തന്മൂലം |

| | | | |
|---|---|---|---|
| വിപര്യയഃ | വിപരീതഭാവനയും | മായായോഗഃ | മായയോടു ബന്ധപ്പെട്ട് |
| ക്ലേശഃ | ദുഃഖവും | അനുവർത്തതേ | പിൻതുടരുന്നതുമാണ്. |

ആത്മാവിന്റെ കർമ്മബന്ധം മായാനിമിത്തമാകയാൽ വാസ്തവികമല്ലെന്ന സാരം. എന്നാൽ സുഖദുഃഖാദികളും അവയുടെ സാധനങ്ങളും വാസ്തവികമായിത്തോന്നുന്നതുകൊണ്ട് അവയ്ക്കു മായാമയത്വം കല്പിക്കുന്നതെന്തിന്? സത്യത്വേന സങ്കല്പിക്കുന്ന പ്രാമാണികന്മാരുമുണ്ടല്ലോ എന്നാണെങ്കിൽ—

**48. വിതഥാഭിനിവേശോഽയം യദ് ഗുണേഷ്വർത്ഥദൃഗ്വചഃ**
**യഥാ മനോരഥഃ സ്വപ്നഃ സർവമൈന്ദ്രിയകം മൃഷാ**

| | | | |
|---|---|---|---|
| ഗുണേഷു | ഗുണസംബന്ധികളായ സുഖദുഃഖാദി വിഷയങ്ങളിൽ | വിതഥാഭിനിവേശഃ | അയഥാർത്ഥമായ സങ്കല്പം മാത്രമാകുന്നു. |
| | | ഐന്ദ്രിയകം | ഇന്ദ്രിയഗ്രാഹ്യമായ |
| | | സർവം | എല്ലാതും |
| അർത്ഥദൃഗ്വചഃ | പരമാർത്ഥത്വേനയുള്ള നോക്കും വാക്കും | മനോരഥഃ | മനോരാജ്യവും |
| | | സ്വപ്നഃ | സ്വപ്നവും |
| യത് | യാതൊന്നോ | യഥാ | പോലെ |
| അയം | ഇതു് | മൃഷാ | മിത്ഥ്യയാണ് |

**49. അഥ നിത്യമനിത്യം വാ നേഹ ശോചന്തി തദ്വിദഃ**
**നാന്യഥാ ശക്യതേ കർത്തും സ്വഭാവഃ ശോചതാമിതി**

| | | | |
|---|---|---|---|
| അഥ | ആകയാൽ | ന ശോചന്തി | ദുഃഖിക്കാറില്ല. |
| നിത്യം വാ | നിത്യമായ ആത്മാവിനെ കുറിച്ചോ, | ഇതി | ഇങ്ങനെയിരിക്കേ, |
| അനിത്യം | നിത്യമല്ലാത്ത ദേഹത്തെ കുറിച്ചോ | ശോചതാം | പിന്നെയും ദുഃഖിക്കുന്നവരുടെ |
| ഇഹ | ലോകത്തിൽ | സ്വഭാവഃ | സ്വഭാവം |
| തദ്വിദഃ | അവയെപ്പററി അറിവുള്ളവർ | അന്യഥാകർത്തും | മാററുവാൻ |
| | | ന ശക്യതേ | അസാധ്യമാണ്. |

''ചത്തുപോയവനെ ഉദ്ദേശിച്ചു് അതുപോലെ ചത്തുപോകേണ്ടുന്നവർ വെറുതെ ദുഃഖിക്കുന്നു'' എന്നു പറയുകയുണ്ടായി, ''(ശ്ലോ. 37) അതിനെ ഒരു ചെറിയ കഥകൊണ്ട് ഇനി ഉദാഹരിക്കുന്നു—

**50. ലുബ്ധകോ വിപിനേ കശ്ചിത് പക്ഷിണാം നിർമ്മിതോഽന്തകഃ**
**വിതത്യ ജാലം വിദധേ തത്ര തത്ര പ്രലോഭയൻ**

| | | | |
|---|---|---|---|
| പക്ഷിണാം | പക്ഷികളുടെ | തത്ര തത്ര | അവിടെയവിടെ |
| അന്തകഃ | കാലനായിട്ട് | ജാലം | വലയെ |
| നിർമ്മിതഃ | സൃഷ്ടിക്കപ്പെട്ടവനെന്ന പോലെ ആയിരുന്ന | വിതന്യ | വിടർത്തികെട്ടി |
| കശ്ചിത് | ഒരു | പ്രലോഭയൻ | തീററയിട്ട പക്ഷികളെ വ്യാമോഹിപ്പിച്ച് |
| ലുബ്ധകഃ | വേടൻ | | |
| വിപിനേ | കാട്ടിൽ | വിദധേ | പിടികൂടിയിരുന്നു. |

51. **കലിംഗമിഥുനം തത്ര വിചരത് സമദൃശ്യത**
**തയോഃ കലിംഗീ സഹസാ ലുബ്ധകേന പ്രലോഭിതാ**

| | | | |
|---|---|---|---|
| തത്ര | അവിടെ | കലിംഗീ | പെൺകുരുവി |
| കലിംഗമിഥുനം | രണ്ടിണക്കുരുവികൾ | സഹസാ | എളുപ്പത്തിൽ |
| വിചരത് | മേയുന്നതായി | ലുബ്ധകേന | വേടനാൽ |
| സമദൃശ്യത | കാണപ്പെട്ടു. | | |
| തയോഃ | അവയിൽ | പ്രലോഭിതാ | കുടുക്കിലാക്കപ്പെട്ടു |

52. **സാസജ്ജത ശിചസ്തന്ത്യാം മഹിഷീ കാലയന്ത്രിതാ**
**കലിംഗസ്താം തഥാƒപന്നാം നിരീക്ഷ്യ ഭൃശദുഃഖിതഃ**
**സ്നേഹാദകല്പഃ കൃപണഃ കൃപണാം പര്യദേവയത്**

| | | | |
|---|---|---|---|
| കാലയന്ത്രിതാ | കാലത്തിന്നടിപ്പെട്ടു പോയ | കലിംഗഃ | ആൺകുരുവി |
| | | ഭൃശദുഃഖിതഃ | വളരെ സങ്കടപ്പെട്ടു. |
| സാ മഹിഷീ | ആ പെൺപറവ | കൃപണഃ | ദീനനായ അവൻ |
| ശിചഃ | വലയുടെ | അകല്പഃ | അവളെ കുടുക്കിൽനിന്നു വിടുവിക്കുവാൻ കെല്പില്ലാതെ |
| തന്ത്യാം | ചരടിൽ | | |
| അസജ്ജത | കുടുങ്ങി. | | |
| തഥാ | അങ്ങനെ | കൃപണാം | ദീനതയാർന്ന അവളെ കുറിച്ച് |
| ആപന്നാം | ആപത്തിലകപ്പെട്ട | | |
| താം | അവളെ | സ്നേഹാത് | സ്നേഹം നിമിത്തം |
| നിരീക്ഷ്യ | കണ്ട് | പര്യദേവയത് | വിലാപം തുടങ്ങി |

കലിംഗപ്പക്ഷിയുടെ വിലാപവചനങ്ങൾ ഇനി മൂന്നു ശ്ലോകം കൊണ്ടു കാണിക്കുന്നു___

53. **അഹോ അകരുണോ ദേവഃ സ്ത്രീയാƒകരുണയാവിഭുഃ**
**കൃപണം മാനുശോചന്ത്യാ ദീനയാ കിം കരിഷ്യതി**

| | | | |
|---|---|---|---|
| വിഭുഃ | മഹത്ത്വമെല്ലാം ഉള്ളവനെങ്കിലും | കൃപണം | ദീനനായ |
| ദേവഃ | ഈശ്വരൻ | മാം | എന്നെ |
| അകരുണഃ | കനിവില്ലാത്തവനാണ്. | അനു— ശോചന്ത്യാ | ഓർത്തുവ്യസനിക്കുന്ന വളുമായ |
| അഹോ | അയ്യോ ! കഷ്ടം ! | സ്ത്രീയാ | പെൺപക്ഷിയെക്കൊണ്ട് |
| ആകരുണയാ | തികഞ്ഞ അനുകമ്പയെ അർഹിക്കുന്നവളും | കിം | (ഈശ്വരൻ) എന്ത് |
| | | കരിഷ്യതി | ചെയ്യാൻ പോകുന്നു ? |

**54.** **കാമം നയതു മാം ദേവഃ കിമർദ്ധേനാത്മനോ ഹി മേ**
**ദീനേന ജീവതാ ദുഃഖമനേന വിധുരായുഷാ**

| | | | |
|---|---|---|---|
| വിധുരായുഷാ | ഭാര്യയില്ലാത്ത ആയുഃശേഷത്തോടു കൂടിയതും | അർദ്ധേന | പാതികൊണ്ട് |
| ദീനേന | ദീനത ചേർന്നതും | മേ കിം | എനിക്കെന്തുകാര്യം ! |
| ദുഃഖം | ദുഃഖിച്ചുകൊണ്ട് | ഹി | അതിനാൽ |
| ജീവിതാ | ജീവിക്കുന്നതുമായ | ദേവഃ | ദൈവം |
| അനേന | ഈ | മാം | എന്നേയും |
| ആത്മനഃ | ശരീരത്തിന്റെ | കാമം | തന്നിഷ്ടംപോലെ |
| | | നയതു | കൊണ്ടുപോകട്ടെ |

**55.** **കഥം ത്വജാതപക്ഷാംസ്താൻ മാതൃഹീനാൻ ബിഭർമ്യഹം**
**മന്ദഭാഗ്യാഃ പ്രതീക്ഷന്തേ നീഡേ മേ മാതരം പ്രജാഃ**

| | | | |
|---|---|---|---|
| അജാത— പക്ഷാൻ | ചിറകു മുളച്ചുവന്നിട്ടി ല്ലാത്ത | ബിഭർമി | പോറേറണ്ടതു് ? |
| മാതൃഹീനാൻ | തള്ളയില്ലാത്ത | മേ മന്ദഭാഗ്യാഃ | എന്റെ ഭാഗ്യംകെട്ട |
| താൻ | അതുകളെ | പ്രജാഃ | കുഞ്ഞുങ്ങൾ |
| കഥം തു | എങ്ങനെയാണ് | നീഡേ | കൂട്ടിൽ |
| അഹം | ഞാൻ | മാതരം | അമ്മയെ |
| | | പ്രതീക്ഷന്തേ | കാത്തിരിക്കുകയാണ്. |

**56.** **ഏവം കുലിംഗം വിലപന്തമാരാത്**
**പ്രിയാവിയോഗാതുരമശ്രുകണ്ഠം**
**സ ഏവ തം ശാകുനികഃ ശരേണ**
**വിവ്യാധ കാലപ്രഹിതോ വിലീനഃ**

| | | | |
|---|---|---|---|
| ഏവം | ഇങ്ങനെ | ആരാത് | അടുത്തിരുന്ന് |
| പ്രിയാ— വിയോഗാതുരം | ഇഷ്ടസഹചരിയുടെ വിര ഹത്താൽ വിവശനായും | വിലപന്തം | വിലപിക്കുന്ന |
| അശ്രുകണ്ഠം | കണ്ണീരൊഴുകി കെട്ടിയ കണ്ഠത്തോടു കൂടിയവനായും | തം കുലിംഗം | ആ ആൺകുരുവിയെ |
| | | കാലപ്രഹിതഃ | കാലനാൽ അയക്കപ്പെട്ട് |
| | | വിലീനഃ | ഒളിഞ്ഞു നിന്നിരുന്ന |

| | | | |
|---|---|---|---|
| സഃ ഏവ ശാകുനികഃ | ആ പക്ഷിവേട്ടക്കാരൻ തന്നെ | ശരേണ | ശരത്താൽ |
| | | വിവ്യാധ | എയ്തുകൊന്നു. |

**57.** **ഏവം യൂയമപശ്യന്ത്യ ആത്മാപായമബുദ്ധയഃ**
**നൈനം പ്രാപ്സ്യഥ ശോചന്ത്യഃ പതിം വർഷശതൈരപി**

| | | | |
|---|---|---|---|
| ഏവം | ഇതുപോലെ | ശോചന്ത്യഃ | ദുഃഖിച്ചുകൊണ്ടിരുന്ന് |
| അബുദ്ധയഃ | ബുദ്ധിയില്ലാത്ത | അഥ | ഇനിമേൽ |
| യൂയം | നിങ്ങൾ | വർഷശതൈഃ അപി | എത്ര നൂററാണ്ടുകളെ തരണം ചെയ്താലും |
| ആത്മാപായം | സ്വന്തം മരണത്തെ | ഏനം പതിം | ഈ ഭർത്താവിനെ |
| അപശ്യന്ത്യഃ | മുൻകൂട്ടി കാണ്മാൻ കഴിയാതെ | ന പ്രാപ്സ്യഥ | കിട്ടുകയില്ല. |

ഹിരണ്യകശിപുരുവാച = ഹിരണ്യകശിപു പറഞ്ഞു —

**58.** **ബാല ഏവം പ്രവദതി സർവേ വിസ്മിതചേതസഃ**
**ജ്ഞാതയോ മേനിരേ സർവമനിത്യമയഥോത്ഥിതം**

| | | | |
|---|---|---|---|
| ബാലേ ഏവം പ്രവദതി | ബാലൻ ഈ വിധം തത്ത്വകഥനം ചെയ്യവേ | സർവം | കാണുന്നതെല്ലാം |
| | | അനിത്യം | ശാശ്വതമല്ലെന്നും |
| വിസ്മിത- ചേതസഃ | മനസ്സിൽ ആശ്ചര്യമുളവായ | അയഥോദിതം | മായാസമുദ്ഭൂതമാണെന്നും |
| ജ്ഞാതയഃ | കുടുംബാംഗങ്ങൾ | | |
| സർവേ | ഏവരും | മേനിരേ | മനസ്സിലാക്കി |

**59.** **യമ ഏതദുപാഖ്യായ തത്രൈവാന്തരധീയത**
**ജ്ഞാതയോഽപി സുയജ്ഞസ്യ ചക്രുര്യത് സാംപരായികം**

| | | | |
|---|---|---|---|
| യമഃ | ബാലരൂപനായി വന്ന യമൻ | സുയജ്ഞസ്യ | സുയജ്ഞന്റെ |
| | | ജ്ഞാതയഃ അപി | സ്വന്തക്കാരും |
| ഏതത് | ഇതിനെ | സാം- പരായികം | പാരത്രിക കർമ്മം |
| ഉപാഖ്യായ | പറഞ്ഞു ധരിപ്പിച്ച് | | |
| തത്ര ഏവ | അവിടെത്തന്നെ | യത് | യാതൊന്നോ, അത് |
| അന്തരധീയത | മറഞ്ഞു. | ചക്രുഃ | നിർവ്വഹിച്ചു |

**60.** **തതഃ ശോചത മാ യൂയം പരം ചാത്മാനമേവ ച**
**ക ആത്മാ കഃ പരോ വാത്ര സ്വീയഃ പാരക്യ ഏവ വാ**
**സ്വപരാഭിനിവേശേന വിനാജ്ഞാനേന ദേഹിനാം**

| | | | |
|---|---|---|---|
| തതഃ | അതുകൊണ്ടു് | അത്ര | ഈ ലോകത്തിൽ |
| യൂയം | നിങ്ങൾ | ദേഹിനാം | ശരീരികൾക്കു് |
| പരം ച | മറെറാരുത്തനെക്കുറിച്ചും | ആത്മാ | താൻ എന്നവൻ |
| ആത്മാനം | തന്നെക്കുറിച്ചു | കഃ | ആരാണു്? |
| ഏവ ച | തന്നെയും | പരഃ വാ | അന്യനെന്നവനും |
| മാ ശോചത | ദുഃഖിക്കരുതു്. | കഃ | ആരാണു്? |
| സ്വപരാഭി–<br>നിവേശേന | താനെന്നും അന്യനെന്നു<br>മുള്ള അഭിനിവേശമാവുന്ന | സ്വീയഃ | തൻെറ ആളെന്നോ, |
| അജ്ഞാനേന | അറിവില്ലായ്മകൊണ്ടു് | പാരക്യഃ<br>ഏവ വാ | അന്യൻെറ ആളെന്നോ<br>(പറയാവുന്നവനും ആരു്?) |
| വിനാ | അല്ലാതെ | | |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു —

61. **ഇതി ദൈത്യപതേർവാക്യം ദിതിരാകർണ്യ സസ്നുഷാ**
**പുത്രശോകം ക്ഷണാത് ത്യക്ത്വാ തത്ത്വേ ചിത്തമധാരയത്**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ക്ഷണാത് | തൽക്ഷണം |
| ദൈത്യപതേഃ | അസുരാധിപതിയുടെ | പുത്രശോകം | പുത്രദുഃഖത്തെ |
| വാക്യം | വചനത്തെ | ത്യക്ത്വാ | ഉപേക്ഷിച്ചു് |
| ആകർണ്യ | കേട്ടിട്ടു് | തത്ത്വേ | പരമാത്ഥതത്ത്വത്തിൽ |
| സസ്നുഷാ | പുത്രഭാര്യയോടു<br>കൂടിയിരിക്കുന്ന | ചിത്തം | ചിത്തത്തെ |
| ദിതിഃ | ദിതീദേവി | അധാരയത് | ഉറപ്പിച്ചു. |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
ദ്വിതീയോദ്ധ്യായഃ
ആദിതഃ ശ്ലോകാഃ 108
ഏഴാമത്തെ സ്കന്ധത്തിൽ രണ്ടാമദ്ധ്യായം കഴിഞ്ഞു.

# തൃതീയോഽധ്യായഃ—അധ്യായം മൂന്നു്

## ഹിരണ്യകശിപുവിൻെറ തപസ്സ്

''തൃതീയേ തസ്യ തപസാ തപ്തം വീക്ഷ്യ ജഗദധിപഃ
ആഗത്യ വിസ്മിതസ്തേന സംസ്തുതശ്ച വരാനദാത്''

ഈ മൂന്നാമത്തെ അദ്ധ്യായത്തിൽ ഹിരണ്യകശിപുവിൻെറ തപസ്സിനാൽ ലോകം തപിക്കുന്നതുകണ്ടു ബ്രഹ്മാവു് പ്രത്യക്ഷപ്പെടുന്നതും അവനാൽ സംസ്തുതനായി പ്രസാദിച്ചു വരം കൊടുക്കുന്നതും വൎണ്ണിക്കപ്പെടുന്നു.

ഭ്രാതൃഹന്താവായ വിഷ്ണുവിനോടുള്ള വിദ്വേഷത്താൽ വിജൃംഭിതനായിത്തീൎന്ന ഹിരണ്യകശിപു വിഷ്ണുവിനു താങ്ങായി നില്ക്കുന്ന വൎണ്ണാശ്രമധൎമ്മങ്ങളേയും ബ്രാഹ്മണാദി സാധുജനങ്ങളെയും അടിച്ചമൎത്തുവാൻ തൻെറ അസുരസൈന്യത്തിനു കല്പന കൊടുത്തു. പിന്നെ അമ്മയേയും സഹോദരൻെറ ഭാൎയ്യാമക്കളേയും തത്ത്വോപദേശം ചെയ്തു സമാധാനിപ്പിച്ചു. അതിൽപ്പിന്നെ ചെയ്തതെന്തെന്നു ശ്രീനാരദമഹൎഷി ധൎമ്മപുത്രരെ പറഞ്ഞു ധരിപ്പിക്കുന്നു.

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

1. **ഹിരണ്യകശിപു രാജൻ അജേയമജരാമരം
ആത്മാനമപ്രതിദ്വന്ദ്വമേകരാജം വ്യധിത്സത**

| | | | |
|---|---|---|---|
| രാജൻ | യുധിഷ്ഠിര രാജാവേ ! | അജരാമരം | ജരാമരണങ്ങളില്ലാത്തവനും |
| ഹിരണ്യകശിപുഃ | ഹിരണ്യകശിപു | അപ്രതിദ്വന്ദ്വം | പ്രതിപക്ഷരഹിതനും |
| ആത്മാനം | തന്നെ | ഏകരാജം | ഏകച്ഛത്രാധിപതിയും |
| അജേയം | അജയ്യനും | വ്യധിത്സത | ആക്കിവയ്ക്കുവാൻ ഉദ്യമിച്ചു |

2. **സ തേപേ മന്ദരദ്രോണ്യാം തപഃ പരമദാരുണം
ഊൎദ്ധ്വബാഹുൎനഭോദൃഷ്ടിഃ പാദാംഗുഷ്ഠാശ്രിതാവനിഃ**

| | | | |
|---|---|---|---|
| സഃ | അവൻ | പാദാംഗുഷ്ഠാശ്രിതാവനിഃ | കാൽപ്പെരുവിരൽ മാത്രം നിലത്തു് ഊന്നിയും |
| ഊൎദ്ധ്വബാഹുഃ | കൈകരം മേലോട്ടുയൎത്തിപ്പിടിച്ചും | മന്ദരദ്രോണ്യാം | മന്ദരഗിരിയുടെ താഴ്വരയിൽ |
| നഭോദൃഷ്ടിഃ | ആകാശത്തിൽ ദൃഷ്ടിയുറപ്പിച്ചും | പരമദാരുണം | അതിഘോരമായ |
| | | തപഃ തേപേ | തപസ്സു ചെയ്തു. |

3. **ജടാദീധിതിഭീ രേജേ സംവർത്താർക്ക ഇവാംശുഭിഃ**
**തസ്മിംസ്തപസ്തപ്യമാനേ ദേവാഃ സ്ഥാനാനി ഭേജിരേ**

| | | | |
|---|---|---|---|
| ജടാ— ദീധിതിഭിഃ | ജടയിൽനിന്നുയന്ന പ്രഭാ പ്രസരങ്ങളാൽ | തപഃ | തപസ്സ് |
| സംവർത്താർക്കഃ | കല്പാന്ത സൂര്യൻ | തപ്യമാനേ | അനുഷ്ഠിച്ചു കൊണ്ടിരുന്ന തക്കത്തിൽ |
| അംശുഭിഃ | കിരണങ്ങളാൽ | | |
| ഇവ | എന്നപോലെ | ദേവാഃ | ദേവന്മാർ |
| രേജേ | ജ്വലിച്ചു. | സ്ഥാനാനി | സ്വസ്ഥാനങ്ങളിലേക്ക |
| തസ്മിൻ | അവൻ | ഭേജിരേ | ചെന്നുചേർന്നു |

4. **തസ്യ മൂർധ്നഃ സമുദ്ഭൂതഃ സധൂമോഽഗ്നിസ്തപോമയഃ**
**തിര്യഗൂർധ്വമധോ ലോകാനതപദ്വിഷ്വഗീരിതഃ**

| | | | |
|---|---|---|---|
| തസ്യ | അവന്റെ | വിഷ്വഗീരിതഃ | എമ്പാടും പരന്ന് |
| മൂർധ്നഃ | നിറുകയിൽനിന്ന് | തിര്യക് | തലങ്ങും വിലങ്ങും |
| സമുദ്ഭൂതഃ | ഉണ്ടായ | ഊർധ്വം | മുകളിലും |
| തപോമയഃ | തപോമയമായ | അധഃ | താഴെയുമുള്ള |
| സധൂമഃ | പുകയുള്ള | ലോകാൻ | ലോകങ്ങളെ |
| അഗ്നിഃ | തീയ് | അതപത് | എരിയിച്ചു |

5. **ചുക്ഷുഭുർനദ്യുദന്വന്തഃ സദ്വീപാദ്രിശ്ചചാല ഭൂഃ**
**നിപേതുഃ സഗ്രഹാസ്താരാ ജജ്വലുശ്ച ദിശോ ദശ**

| | | | |
|---|---|---|---|
| നദ്യുദന്വന്തഃ | നദികളും കടലുകളും | താരാഃ | നക്ഷത്രങ്ങളും |
| ചുക്ഷുഭുഃ | ക്ഷോഭിച്ചു | നിപേതുഃ | അടന്നുവീണു |
| സദ്വീപാദ്രിഃ | ദ്വീപുകളോടും മലകളോടും കൂടെ | ദശ | പത്തു |
| ഭൂഃ ചചാല | ഭൂമി ചലിച്ചു. | ദിശഃ ച | ദിക്കുകളും |
| സഗ്രഹാഃ | ഗ്രഹങ്ങളോടുകൂടിയ | ജജ്വലുഃ | ജ്വലിച്ചു. |

6. **തേന തപ്താ ദിവം ത്യക്ത്വാ ബ്രഹ്മലോകം യയുഃ സുരാഃ**
**ധാത്രേ വിജ്ഞാപയാമാസുർ ദേവ ദേവ ജഗത്പതേ**

7. **ദൈത്യേന്ദ്രതപസാ തപ്താ ദിവി സ്ഥാതും ന ശക്നുമഃ**
**തസ്യ ചോപശമം ഭൂമൻ വിധേഹി യദി മന്യസേ**
**ലോകാ ന യാവന്നങ്ക്ഷ്യന്തി ബലിഹാരാസ്തവാഭിഭൂഃ**

| | | | |
|---|---|---|---|
| തേന | അതിനാൽ | ദിവി | സ്വർഗ്ഗത്തിൽ |
| തപ്താഃ | ചുട്ടെരിഞ്ഞ | സ്ഥാതും | നില്ക്കുവാൻ |
| സുരാഃ | ദേവകൾ | ന ശക്നുമഃ | ആകുന്നില്ല. |
| ദിവം | സ്വർഗ്ഗത്തെ | ഭൂമൻ | ഹേ മഹിമാശാലിൻ! |
| ത്യക്ത്വാ | ഉപേക്ഷിച്ച് | അഭിഭൂഃ | സർവ്വാധിപതേ! |
| ബ്രഹ്മലോകം | സത്യലോകത്തേക്ക് | തവ | അവിടുത്തെ |
| യയുഃ | പോയി. | ബലിഹാരാഃ | സപര്യയെ നിർവ്വഹിക്കുന്ന |
| ധാത്രേ | ബ്രഹ്മാവിനായിക്കൊണ്ട് | ലോകാഃ | ജനങ്ങൾ |
| വിജ്ഞാപയാമാസുഃ | സങ്കടമുണർത്തിച്ചു | യാവത് ന നക്ഷ്യന്തി | നശിച്ചുപോകുന്നതിനു മുൻപായി |
| ദേവ ദേവ | ''ദേവന്മാർക്കും ദേവനായ വിഭോ | യദി മന്യസേ | തിരുവുള്ളത്തിൽ തോന്നുന്നുവെങ്കിൽ |
| ജഗത്പതേ | ലോകനായക! | തസ്യ ച | അതിനുള്ള |
| ദൈത്യേന്ദ്ര— തപസാ | അസുരാധിപതിയായ ഹിരണ്യകശിപുവിൻെറ തപസ്സിനാൽ | ഉപശമം | ഉപശാന്തിയെ |
| | | വിധേഹി | ചെയ്യുതന്നാലും'' |

ബ്രഹ്മാവിനു് ഹിരണ്യകശിപുവിൽ വിദ്വേഷം ജനിപ്പിക്കാനായി അവൻ അനുഷ്ഠിക്കുന്ന തപസ്സിൻെറ ഉദ്ദേശ്യത്തെപ്പററി താഴെ നാലു ശ്ലോകം കൊണ്ടു് ദേവന്മാർ ബ്രഹ്മാവിനെ പറഞ്ഞു ധരിപ്പിക്കുന്നു.

8. **തസ്യായം കില സങ്കല്പശ്ചരതോ ദുശ്ചരം തപഃ**
**ശ്രൂയതാം കിം ന വിദിതസ്തവാഥാപി നിവേദിതഃ**

| | | | |
|---|---|---|---|
| ദുശ്ചരം | ദുഷ്കരമായുള്ള | തവ | അവിടുത്തേക്കു് |
| തപഃ | തപസ്സിനെ | വിദിതഃ | അറിഞ്ഞതുതന്നെ |
| ചരതഃ | അനുഷ്ഠിച്ചുവരുന്ന | കിം ന | അല്ലേ? |
| തസ്യ | അവൻെറ | അഥാപി | എങ്കിലും കൂടി |
| സങ്കല്പഃ | മനോവിചാരം | നിവേദിതഃ | അറിയിക്കപ്പെട്ടതാണു് |
| അയം കില | ഇതത്രേ. | ശ്രൂയതാം | കേട്ടുകൊണ്ടാലും |

9. **സൃഷ്ട്വാ ചരാചരമിദം തപോ യോഗസമാധിനാ**
**അധ്യാസ്തേ സർവധിഷ്ണ്യേഭ്യഃ പരമേഷ്ഠീ നിജാസനം**

10. **തദഹം വർദ്ധമാനേന തപോയോഗസമാധിനാ**
**കാലാത്മനോശ്ച നിത്യത്വാത് സാധയിഷ്യേ തഥാത്മനഃ**

| | | | |
|---|---|---|---|
| പരമേഷ്ഠീ | ''ബ്രഹ്മാവ്' | തത് | അതിനെ |
| തപോയോഗ- | തപോനിഷ്ഠകൊണ്ടും | അഹം | ഞാൻ |
| സമാധിനാ | യോഗനിഷ്ഠകൊണ്ടും | വർദ്ധമാനേന | വളർന്നു വരുന്ന |
| ചരാചരം | സ്ഥാവരജംഗമാത്മകമായ | തപോയോഗ- | തപോനിഷ്ഠകൊണ്ടും |
| ഇദം | ഈ ലോകത്തെ | സമാധിനാ | യോഗനിഷ്ഠകൊണ്ടും |
| സൃഷ്ട്വാ | സൃഷ്ടിച്ച് | കാലാത്മ— | കാലത്തിനും |
| സർവ്വ— | എല്ലാ ലോകങ്ങളിലും | നോഃ ച | ആത്മാവിനും |
| ധിഷ്ണ്യേഭ്യഃ | വച്ചു മേലെയായ | നിത്യത്വാത് | ശാശ്വതത്വമുള്ളതിനാൽ |
| നിജാസനം | തന്റെ ആസ്ഥാനത്തെ | തഥാ | അതേവിധം |
| | (സത്യലോകത്തെ) | ആത്മനഃ | എനിക്ക് |
| അധ്യാസ്തേ | അധിവസിക്കുന്നുണ്ടല്ലോ; | സാധയിഷ്യേ | സാധിക്കുമാറാക്കും |

ബ്രഹ്മാവിനു വിപുലമായ ദീർഘായുസ്സുള്ളതുകൊണ്ടാണ് തപോയോഗനിഷ്ഠകളാൽ ആ പരമോന്നത പദം ലഭിച്ചത്. അല്പായുസ്സുള്ള മററുള്ളവർക്കു അതെങ്ങനെ സാധിക്കുമെന്ന് ആശങ്കിക്കാതിരിക്കുവാൻ വേണ്ടിയാണ് ''കാലാത്മനോശ്ച നിത്യത്വാത്'' എന്നു പറഞ്ഞത്.. ഈ ജന്മത്തിൽ സാധിച്ചില്ലെങ്കിൽ അടുത്ത ഏതെങ്കിലും ഒരു ജന്മത്തിൽ ബ്രഹ്മപദം സാധിച്ചേ അടങ്ങൂ എന്നതാണ് ഹിരണ്യകശിപുവിന്റെ ദൃഢസങ്കല്പം. ദേഹങ്ങൾ ഉണ്ടായി നശിച്ചെന്നു വരാം. ആത്മാവിനും കാലത്തിനും നാശമില്ലല്ലോ.

തപോബലത്താൽ ബ്രഹ്മപദം ലഭിച്ചതിൽപ്പിന്നെ ചെയ്യാൻ പോകുന്നതെന്തെന്ന് ഇനി പറയുന്നു—

**11.** **അന്യഥേദം വിധാസ്യേഽഹമയഥാ പൂർവ്വമോജസാ**
**കിമന്യൈഃ കാലനിർദ്ധൂതൈഃ കല്പാന്തേ വൈഷ്ണവാദിഭിഃ**

| | | | |
|---|---|---|---|
| ഓജസാ | വർദ്ധിതമായ | കല്പാന്തേ | പ്രളയകാലത്തിൽ |
| | തപോബലത്താൽ | കാല— | കാലശക്തിയാൽ |
| അഹം | ഞാൻ | നിർദ്ധൂതൈഃ | തള്ളിത്തകർക്കപ്പെടുന്ന |
| ഇദം | ഈ വിശ്വത്തെ | അന്യൈഃ | മററുള്ള |
| അന്യഥാ | മറെറാരു വിധത്തിൽ | വൈഷ്ണവാ— | വിഷ്ണുസംബന്ധമായ |
| അയഥാപൂർവ്വം | മുൻനിലയിലല്ലാത്ത വിധം | ദിഭിഃ | ധ്രുവാദിലോകങ്ങളാൽ |
| വിധാസ്യേ | ആക്കിത്തീർക്കും. | കിം | എന്തുകാര്യം?'' |

നിലവിലുള്ള വ്യവസ്ഥകൾക്കെല്ലാം മാററം വരുത്തണമെന്ന അഭിപ്രായമാണ് ''അന്യഥാ, അയഥാപൂർവ്വം'' എന്നീ വാക്കുകളാൽ കാണിച്ചത്. അതായത്—ഇപ്പോൾ സുരന്മാരായിരിക്കുന്ന വരെ അസുരന്മാരാക്കുക, അസുരന്മാരെ സുരന്മാരാക്കുക, പുണ്യമായതിനെ പാപമാക്കുക, പാപമായതിനെ പുണ്യമാക്കുക ഇത്യാദി പരിവർത്തനങ്ങളെ സൃഷ്ടിക്കലാണ് ബ്രഹ്മപദാരോഹണത്തിന്റെ ലക്ഷ്യമെന്നർത്ഥം.

**12.** **ഇതി ശുശ്രുമ നിർബന്ധം തപഃ പരമമാശ്രിതഃ**
**വിധത്സ്വാനന്തരം യുക്തം സ്വയം ത്രിഭുവനേശ്വര**

| | | | |
|---|---|---|---|
| ഇതി | ഇങ്ങനെ | ആസ്ഥിതഃ | അനുഷ്ഠിച്ചു വരുന്നു. |
| നിർബന്ധം | അവൻെറ പിടിവാശിയെപ്പററി | ത്രിഭുവനേശ്വര | ഹേ ത്രിലോകനാഥ! |
| ശുശ്രുമ | കേൾക്കുന്നുണ്ടു്. | അനന്തരം | ഇനി |
| (തദർത്ഥം) | അതിനുവേണ്ടി | യുക്തം | യുക്തമായതു് |
| പരമം | അതിമഹത്തായ | സ്വയം | തന്നെത്താൻ |
| തപഃ | തപസ്സിനെ | വിധത്സ്വ | ചെയ്തുകൊണ്ടാലും. |

**13.** **തവാസനം ദ്വിജഗവാം പാരമേഷ്ഠ്യം ജഗത്പതേ**
**ഭവായ ശ്രേയസേ ഭൂത്യൈ ക്ഷേമായ വിജയായ ച**

| | | | |
|---|---|---|---|
| ജഗത്പതേ | ഹേ ലോകേശ ! | ഭവായ | ഉദ്ഭവത്തിനും |
| തവ | അങ്ങയുടെ | ശ്രേയസേ | സൗഖ്യത്തിനും |
| പാരമേഷ്ഠ്യം | പരമോന്നതമായ | ഭൂത്യൈ | ഐശ്വര്യത്തിനും |
| ആസനം | സ്ഥാനം | വിജയായ ച | വിജയത്തിനും ഉതകുന്നു. |
| ദ്വിജഗവാം | ബ്രാഹ്മണരുടേയും പശുക്കളുടേയും | | |

അതിനാൽ ആ സ്ഥാനം സുരക്ഷിതമാക്കി വയ്ക്കണമെന്നു് ഇവിടെ സൂചന

**14.** **ഇതി വിജ്ഞാപിതോ ദേവൈർ ഭഗവാനാത്മഭൂർനൃപ**
**പരീതോ ഭൃഗുദക്ഷാദ്യൈര്യയൗ ദൈത്യേശ്വരാശ്രമം**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ആത്മഭൂഃ | ബ്രഹ്മദേവൻ |
| ഇതി | ഇപ്രകാരം | ഭൃഗു— ദക്ഷാദ്യൈഃ | ഭൃഗു, ദക്ഷൻ മുതലായ പ്രജാപതിമാരാൽ |
| ദേവൈഃ | ദേവന്മാരാൽ | പരീതഃ | പരിവൃതനായിട്ടു് |
| വിജ്ഞാപിതഃ | അറിയിക്കപ്പെട്ട | ദൈത്യേ— ശ്വരാശ്രമം | അസുരാധിപതിയുടെ ആശ്രമത്തിലേക്കു് |
| ഭഗവാൻ | സമഗ്രൈശ്വര്യാദി ഗുണോപേതനായ | യയൗ | പോയി. |

**15.** **ന ദദർശ പ്രതിച്ഛന്നം വല്മീകതൃണകീചകൈഃ**
**പിപീലികാഭിരാചീർണ്ണമേദസ്ത്വങ്മാംസശോണിതം**

**16.** **തപന്തം തപസാ ലോകാൻ യഥാഭ്രാപിഹിതം രവിം**
**വിലക്ഷ്യ വിസ്മിതഃ പ്രാഹ പ്രഹസൻ ഹംസവാഹനഃ**

| | | | |
|---|---|---|---|
| വല്മീകതൃണ കീചകൈഃ | } പുററു്, പുല്ലു്, പരുവ എന്നിവകളാൽ | | (ചൂടുകൊണ്ടു്) |
| പ്രതിച്ഛന്നം | മൂടിമറയ്ക്കപ്പെട്ടവനും | ലോകാൻ | ലോകങ്ങളെ |
| പിപീലികാഭിഃ | ഉറുമ്പുകളാൽ | തപന്തം | തപിപ്പിക്കുന്നവനുമായ അവനെ |
| ആചീർണ്ണ— മേദസ്ത്വങ്— മാംസ— ശോണിതം | } തിന്നുതീർക്കപ്പെട്ട മേദസ്സു്, തൊലി, മാംസം, രക്തം എന്നിവയോടു കൂടിയവനും | ഹംസവാഹനഃ | ബ്രഹ്മാവു് |
| | | ന ദദൃശ | (ആദ്യം) കണ്ടില്ല; |
| | | വിലക്ഷ്യ | (പിന്നെ) സൂക്ഷിച്ചു നോക്കിയറിഞ്ഞു് |
| അഭ്രപരി— ഹിതം | } കരിംകാറിനാൽ മൂടപ്പെട്ട | വിസ്മിതഃ | അത്ഭുതാധീനനായി |
| രവിം യഥാ | സൂര്യനെപ്പോലെ | പ്രഹസൻ | ചിരിച്ചുകൊണ്ടു് |
| തപസാ | തപസ്സുകൊണ്ടു് | പ്രാഹ | പറഞ്ഞു. |

ബ്രഹ്മോവാച = ബ്രഹ്മാവു് അരുളിച്ചെയ്തു.

**17.** **ഉത്തിഷ്ഠോത്തിഷ്ഠ ഭദ്രം തേ തപഃസിദ്ധോഽസി കാശ്യപ**
**വരദോഽഹമനുപ്രാപ്തോ വ്രിയതാമീപ്സിതോ വരഃ**

| | | | |
|---|---|---|---|
| കാശ്യപ | ഹേ കശ്യപപുത്ര ! | അഹം | ഞാൻ |
| ഉത്തിഷ്ഠ | എഴുന്നേല്ക്കു, | വരദഃ | വരദാതാവായിട്ടു് |
| ഉത്തിഷ്ഠ | എഴുന്നേല്ക്കു. | അനുപ്രാപ്തഃ | വന്നിരിക്കുന്നു. |
| തേ ഭദ്രം | നിനക്കു സ്വസ്തി. | ഈപ്സിതഃ | ഇച്ഛിക്കപ്പെട്ട |
| തപഃസിദ്ധഃ | തപഃസിദ്ധിയാർജ്ജിച്ചവനായി | വരഃ | വരം |
| | | വ്രിയതാം | വരിക്കപ്പെട്ടുകൊള്ളുക. |
| അസി | ഭവിച്ചിരിക്കുന്നു. | | |

**18.** **അദ്രാക്ഷമഹമേതത്തേ ഹൃത്സാരം മഹദദ്ഭുതം**
**ദംശഭക്ഷിതദേഹസ്യ പ്രാണാ ഹ്യസ്ഥിഷു ശേരതേ**

| | | | |
|---|---|---|---|
| മഹദ— ദ്ഭുതം | } വളരെ ആശ്ചര്യജനകമായ | ദംശഭക്ഷിത— ദേഹസ്യ | } കാട്ടീച്ചകളാൽ തിന്നു തീർക്കപ്പെട്ട ഉടലോടു കൂടിയ നിന്റെ |
| തേ ഏതത് | നിന്റെ ഈ | | |
| ഹൃത്സാരം | മനക്കരുത്തു് | പ്രാണാഃ | ജീവൻ |
| അഹം | ഞാൻ | അസ്ഥിഷു ഹി | അസ്ഥികളിൽ മാത്രമായി |
| അദ്രാക്ഷം | കണ്ടു. | ശേരതേ | തങ്ങിക്കിടക്കുന്നു. |

**19.** **നൈതത് പൂർവർഷയശ്ചക്രുർ ന കരിഷ്യന്തി ചാപരേ**
**നിരംബുർധാരയേത് പ്രാണാൻ കോ വൈ ദിവ്യസമാഃ ശതം**

| | | | |
|---|---|---|---|
| ഏതത് | ഇത് | കഃ വൈ | ആരാണ് |
| പൂർവ്വർഷയഃ | മുമ്പുള്ള ഋഷിമാർ | നിരംബുഃ | ജലപാനം ചെയ്യാതെ |
| ന ചക്രുഃ | ചെയ്തിട്ടില്ല. | ശതം | നൂറ് |
| അപരേ | ഇനിയുള്ളവർ | ദിവ്യസമാഃ | ദിവ്യവത്സരം മുഴുവൻ |
| ന ച കരിഷ്യന്തി | ചെയ്യുകയുമില്ല. | പ്രാണാൻ | ജീവനെ |
| | | ധാരയേത് | നിലനിർത്തുക ? |

**20.** **വ്യവസായേന തേഽനേന ദുഷ്കരേണ മനസ്വിനാം**
**തപോനിഷ്ഠേന ഭവതാ ജിതോഽഹം ദിതിനന്ദന**

| | | | |
|---|---|---|---|
| ദിതിനന്ദന | ഹേ ദിതിപുത്ര! | അഹം | ഞാൻ |
| മനസ്വിനാം | ധീരചിത്തന്മാർക്കുപോലും | തപോ—നിഷ്ഠേന | തപസ്സിൽ പതറാതെ ഉറച്ചുനിന്ന |
| ദുഷ്കരേണ | ചെയ്യാനാവാത്ത | | |
| തേ അനേന | നിന്റെ ഈ | ഭവതാ | അങ്ങയാൽ |
| വ്യവസായേന | നിശ്ചയദാർഢ്യത്താൽ | (സുതരാം ജിതഃ) | കൂടുതൽ ജയിക്കപ്പെട്ടിരിക്കുന്നു. |
| ജിതഃ | ജയിക്കപ്പെട്ടിരുന്ന | | |

**21.** **തതസ്ത ആശിഷഃ സർവാ ദദാമ്യസുരപുംഗവ**
**മർത്ത്യസ്യ തേ അമർത്ത്യസ്യ ദർശനം നാഫലം മമ**

| | | | |
|---|---|---|---|
| അസുരപുംഗവ | അസുരശ്രേഷ്ഠ! | മർത്ത്യസ്യ | മരണമുള്ള |
| തതഃ | അതുകൊണ്ട് | തേ | നിനക്ക് |
| തേ | നിനക്ക് | അമർത്ത്യസ്യ | മരണമില്ലാത്ത |
| സർവാഃ | എല്ലാ | മേ ദർശനം | എന്റെ ദർശനം |
| ആശിഷഃ | ആഗ്രഹങ്ങളേയും | അഫലം ന | വിഫലമാകയില്ല. |
| ദദാമി | നിറവേറ്റിത്തരുന്നുണ്ട്. | | |

നാരദ ഉവാച = ശ്രീനാരദമുനി പറഞ്ഞു—

**22.** **ഇത്യുക്ത്വാഽഽദിഭവോ ദേവോ ഭക്ഷിതാംഗം പിപീലികൈഃ**
**കമണ്ഡലുജലേനൗക്ഷദ് ദിവ്യേനാമോഘരാധസാ**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ദിവ്യേന | ദിവ്യവും |
| ഉക്ത്വാ | പറഞ്ഞ് | അമോഘ—രാധസാ | വിഫലീഭവിക്കാത്ത വൈഭവത്തോടു കൂടിയതുമായ |
| ആദിഭവഃ | ആദിയിൽ ജാതനായ | | |
| ദേവഃ | ബ്രഹ്മദേവൻ | | |
| പിപീലി—കൈഃ | ഉറുമ്പുകളാൽ | കമണ്ഡലു—ജലേന | കമണ്ഡലുവിലെ തീർത്ഥജലത്താൽ |
| ഭക്ഷിതാംഗം | ഭക്ഷിക്കപ്പെട്ട ദേഹാവയവങ്ങളോടുകൂടിയ അവനെ | ഔക്ഷത് | പ്രോക്ഷണം ചെയ്തു |

**23.** **സ തത്കീചകവല്മീകാത് സഹഓജോബലാന്വിതഃ**
**സർവാവയവസംപന്നോ വജ്രസംഹനനോ യുവാ**
**ഉത്ഥിതസ്തപ്തഹേമാഭോ വിഭാവസുരിവൈധസഃ**

| | | | |
|---|---|---|---|
| സഃ | അവൻ | വജ്ര– സംഹനനഃ | വജ്രത്തിനൊത്ത ദേഹദാർഢ്യത്തോടു കൂടിയവനായി |
| തത്കീചക– വല്മീകാത് | ആ മുളക്കൂട്ടത്തിന്റെ അടിയിലുള്ള പുററുമണ്ണിൽ നിന്നു് | യുവാ | യൗവനയുക്തനായി– |
| സഹ– ഓജോബലാ ന്വിതഃ | മനഃശക്തിയോടും ഇന്ദ്രിയ ശക്തിയോടും ദേഹശക്തി യോടും കൂടിയവനായി– | തപ്തഹേമാഭഃ | ഉരുക്കിയ സ്വർണ്ണത്തിനൊത്ത വർണ്ണത്തോടുകൂടിയവനുമായി ഭവിച്ചു് |
| സർവാവയവ– സംപന്നഃ | സകല ശരീരാവയവങ്ങളാലും സംപൂർണ്ണനായി– | വിഭാവസുഃ | അഗ്നി |
| | | ഏധസഃ | അരണിയിൽനിന്നു് |
| | | ഇവ | എന്നപോലെ |
| | | ഉത്ഥിതഃ | ഉത്ഥാനം ചെയ്തു. |

**24.** **സ നിരീക്ഷ്യാംബരേ ദേവം ഹംസവാഹമവസ്ഥിതം**
**നനാമ ശിരസാ ഭൂമൗ തദ്ദർശനമഹോത്സവഃ**

| | | | |
|---|---|---|---|
| സഃ | അവൻ | തദ്ദർശന– മഹോത്സവഃ | ആ നിരീക്ഷണത്താലുണ്ടായ പരമാനന്ദത്തോടു കൂടിയവനായി |
| അംബരേ | ആകാശത്തിൽ | ശിരസാ | ശിരസ്സാലെ |
| ഹംസവാഹം | അരയന്നത്തെ വാഹനമാക്കി | ഭൂമൗ | നിലത്തുവീണു് |
| അവസ്ഥിതം | ഇരുന്നരുളുന്ന | നനാമ | നമസ്കരിച്ചു. |
| ദേവം | ബ്രഹ്മദേവനെ | | |
| നിരീക്ഷ്യ | നിരീക്ഷിച്ചു് | | |

**25.** **ഉത്ഥായ പ്രാഞ്ജലിഃ പ്രഹ്വ ഈക്ഷമാണോ ദൃശാ വിഭും**
**ഹർഷാശ്രുപുളകോദ്ഭേദോ ഗിരാ ഗദ്ഗദയാഗൃണാത്**

| | | | |
|---|---|---|---|
| ഉത്ഥായ | എഴുന്നേററു് | ഹർഷാശ്രു– പുളകോദ്– ഭേദഃ | ആനന്ദത്താലുളവായ കണ്ണീരും രോമാഞ്ചവും അണിഞ്ഞു് |
| പ്രാഞ്ജലിഃ | കൈക്കൂപ്പിക്കൊണ്ടു നിന്നു് | ഗദ്ഗദയാ | ഇടറുന്ന |
| പ്രഹ്വഃ | വിനയാന്വിതനായി | ഗിരാ | വാക്കിനാൽ |
| ദൃശാ | തുറന്ന കണ്ണാൽ | അഗൃണാത് | സ്തുതിച്ചു. |
| വിഭും | ഭഗവാനെ | | |
| ഈക്ഷമാണഃ | ദർശിച്ചുകൊണ്ടു് | | |

ഹിരണ്യകശിപുരുവാച = ഹിരണ്യകശിപു പറഞ്ഞു—

26. **കല്പാന്തേ കാലസൃഷ്ടേന യോഽന്ധേന തമസാഽഽവൃതം**
**അഭിവ്യനക് ജഗദിദം സ്വയംജ്യോതിഃ സ്വരോചിഷാ**

27. **ആത്മനാ ത്രിവൃതാ ചേദം സൃജത്യവതി ലുംപതി**
**രജഃസത്ത്വതമോധാമ്നേ പരായ മഹതേ നമഃ**

| | |
|---|---|
| കല്പാന്തേ | പ്രളയകാലത്തിൽ |
| കാലസൃഷ്ടേന | കാലപ്രേരണയാൽ വളർന്നതായ |
| അന്ധേന | നിബിഡമായ |
| തമസാ | തമോഗുണാത്മകമായ അന്ധകാരത്താൽ |
| ആവൃതം | വ്യാപ്തമായിരുന്ന |
| ഇദം ജഗത് | ഈ പ്രപഞ്ചത്തെ |
| സ്വയം—ജ്യോതിഃ | സ്വയം ജ്യോതിർമ്മയനായ |
| യഃ | യാതൊരുവൻ |
| സ്വരോചിഷാ | സ്വതേജസ്സിനാൽ |
| അഭിവ്യനക് | വ്യക്തീഭവിപ്പിക്കുകയും |
| ഇദം ച | ഇതിനെത്തന്നെ |
| ത്രിവൃതാ | ത്രിഗുണാന്വിതമായ |
| ആത്മനാ | ആത്മശക്തിയാൽ |
| സൃജതി | സൃഷ്ടിക്കുകയും |
| അവതി | രക്ഷിക്കുകയും |
| ലുംപതി | സംഹരിക്കുകയും ചെയ്യുന്നുവോ, |
| രജഃസത്ത്വ-തമോധാമ്നേ | രാജസ—സാത്വിക—താമസഗുണങ്ങൾക്കു് ആശ്രയഭൂതനും |
| മഹതേ | നിത്യപരിപൂർണ്ണനും |
| പരായ | പരമേശ്വരനുമായ |
| (തുഭ്യം) | ആ നിന്തിരുവടിക്കായി |
| നമഃ | നമസ്കാരം |

ഇവിടെ സൂചിതങ്ങളായ സ്വപ്രകാശകത്വം, ജഗൽപ്രകാശകത്വം, തൽകാരണത്വം, തൽസൃഷ്ട്യാദികർത്തൃത്വം, മഹത്ത്വം, പരമേശ്വരത്വം എന്നീ ആറുഗുണങ്ങളെ ഇനി നാലുശ്ലോകങ്ങൾകൊണ്ടു വിസ്തരേണ പ്രകീർത്തിച്ചു നമസ്കരിക്കുന്നു.

28. **നമ ആദ്യായ ബീജായ ജ്ഞാനവിജ്ഞാനമൂർത്തയേ**
**പ്രാണേന്ദ്രിയമനോബുദ്ധിവികാരൈർ വ്യക്തിമീയുഷേ**

| | |
|---|---|
| ആദ്യായ | ആദിയിലുള്ള |
| ബീജായ | കാരണമായും |
| ജ്ഞാന—വിജ്ഞാന—മൂർത്തയേ | ജ്ഞാനവും വിജ്ഞാനവുമാകുന്ന സ്വരൂപത്തോടു കൂടിയവനായും |
| പ്രാണേന്ദ്രിയ-മനോബുദ്ധി—വികാരൈഃ | പ്രാണങ്ങൾ, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവയുടെ വികാരങ്ങളാൽ |
| വ്യക്തിം | വ്യക്തീഭാവത്തെ |
| ഈയുഷേ | പ്രാപിച്ചിരിക്കുന്നവനുമായ നിന്തിരുവടിക്കായിക്കൊണ്ടു് |
| നമഃ | നമസ്കാരം |

29. **ത്വമീശിഷേ ജഗതസ്തസ്ഥുഷശ്ച**
**പ്രാണേന മുഖ്യേന പതിഃ പ്രജാനാം**
**ചിത്തസ്യ ചിത്തേർ മന ഇന്ദ്രിയാണാം**
**പതിർമഹാൻ ഭൂതഗുണാശയേശഃ**

| | | | |
|---|---|---|---|
| ത്വം | നിന്തിരുവടി | ചിത്തേഃ | അതിന്റെ പരിണാമമായ ചേതനയുടെയും |
| മുഖ്യേന | അന്തര്യാമിത്വേന സൂത്രരൂപമായി വർത്തിക്കുന്ന | മന— ഇന്ദ്രിയാണാം | മനസ്സിന്റെയും തന്നിയന്ത്രണത്തിലുള്ള ഇന്ദ്രിയങ്ങളുടെയും |
| പ്രാണേന | പ്രാണശക്തിയിലൂടെ | പതിഃ | നാഥനാകുന്നു. |
| ജഗതഃ | ജംഗമങ്ങളെയും | മഹാൻ | പരിപൂർണ്ണനും |
| തസ്ഥുഷഃ ച | സ്ഥാവരങ്ങളെയും | ഭൂതഗുണാ— ശയേശഃ | പഞ്ചഭൂതങ്ങൾ, ശബ്ദാദി വിഷയങ്ങൾ, അവയുടെ സംസ്കാരങ്ങൾ എന്നിവയുടെ നിയാമകനുമാകുന്നു. |
| ഈശിഷേ | നിയന്ത്രിക്കുന്നു. | | |
| പ്രജാനാം | ജീവരാശികളുടെ | | |
| പതിഃ | രക്ഷിതാവുമാകുന്നു. | | |
| ചിത്തസ്യ | ചിത്തത്തിന്റെയും | | |

30. **ത്വം സപ്തതന്തൂൻ വിതനോഷി തന്വാ**
**ത്രയ്യാ ചാതുർഹോത്രകവിദ്യയാ ച**
**ത്വമേക ആത്മാത്മവതാമനാദി-**
**രനന്തപാരഃ കവിരന്തരാത്മാ**

| | | | |
|---|---|---|---|
| ചാതുർ— ഹോത്രക— വിദ്യയാ | 'ചാതുർഹോത്ര' രൂപത്തിലുള്ള കർമ്മപദ്ധതിയുടെ അറിവിന്നാസ്പദമായ * | ആത്മവതാം | സകല പ്രാണികളുടെയും |
| ത്രയ്യാ | വേദമാവുന്ന | ആത്മാ | ജീവാത്മാവായിരിക്കുന്ന |
| തന്വാ | സ്വരൂപംകൊണ്ട് | ത്വം | നിന്തിരുവടി |
| ത്വം ച | നിന്തിരുവടിതന്നെ | അന്തരാത്മാ | സകലാന്തര്യാമിയാണ്; |
| സപ്തതന്തൂൻ | ഏഴുപ്രകാരത്തിലുള്ള യജ്ഞങ്ങളെ * | കവിഃ | എല്ലാമറിയുന്നവനാണ്; |
| വിതനോഷി | പ്രചരിപ്പിക്കുന്നു. | ഏകഃ | അപരിച്ഛിന്നനാണ്; |
| | | അനാദിഃ | ആദിയില്ലാത്തവനാണ്; |
| | | അനന്തപാരഃ | അറ്റവും അതിരുമില്ലാത്തവനുമാണ്. |

* ഹോതാ, അധ്വര്യു, ബ്രഹ്മൻ, ഉദ്ഗാതാ എന്നിങ്ങനെ നാലുപ്രകാരത്തിലുള്ള ഋത്വിക്കുകളാൽ നിർവ്വഹിക്കപ്പെടുന്ന യജ്ഞകർമ്മം 'ചാതുർഹോത്രം'.

* അഗ്നിഷ്ടോമം, ഇഷ്ടി, ഉക്ഥം അതിരാത്രം, ആപ്തോര്യാമം, വാജപേയം, സത്രം എന്നിങ്ങനെ യജ്ഞഭേദങ്ങൾ ഏഴ് —

31 ത്വമേവ കാലോഽനിമിഷോ ജനാനാ-
മായുർലവാദ്യാവയവൈഃ ക്ഷിണോഷി
കൂടസ്ഥ ആത്മാ പരമേഷ്ഠ്യജോ മഹാൻ
ത്വം ജീവലോകസ്യ ച ജീവ ആത്മാ

| | | | |
|---|---|---|---|
| അനിമിഷഃ | കണ്ണടക്കാതെ സദാ ജാഗ്രൂകമായി പ്രവർത്തിക്കുന്ന | ത്വം | നിന്തിരുവടി |
| | | കൂടസ്ഥഃ | വികാരരഹിതമായ |
| കാലഃ | കാലസ്വരൂപമായ | ആത്മാ | ജ്ഞാനസ്വരൂപവും |
| ത്വം ഏവ | നിന്തിരുവടിതന്നെ | പരമേഷ്ഠി | പരമേശ്വരനും |
| ജനാനാം | ജനങ്ങളുടെ | അജഃ | അജന്മാവും |
| ആയുഃ | ആയുസ്സിനെ | മഹാൻ | അപരിച്ഛിന്നനുമാണ്. |
| ലവാദ്യാ- വയവൈഃ | ലവാദികളായ കാലാവയവങ്ങൾ വഴിയായി | ച | മാത്രമല്ല, |
| | | ജീവലോകസ്യ | ജീവലോകത്തിന്റെ |
| ക്ഷിണോഷി | ക്ഷയിപ്പിക്കുന്നു. | ജീവഃ | ജീവനഹേതുവും |
| (തഥാപി) | എന്നിരിക്കിലും | ആത്മാ | നിയന്താവുമാണ് |

32. ത്വത്തഃ പരം നാപരമപ്യനേജ-
ദേജച്ച കിഞ്ചിദ് വ്യതിരിക്തമസ്തി
വിദ്യാഃ കലാസ്തേ തനവശ്ച സർവാ
ഹിരണ്യഗർഭോഽസി ബൃഹത് ത്രിപൃഷ്ഠഃ

| | | | |
|---|---|---|---|
| പരം അപി | കാരണമാകട്ടെ | തേ | നിന്തിരുവടിയുടെ |
| അപരം | കാര്യമാകട്ടെ, | തനവഃ | ശരീരങ്ങളാണ്; |
| അനേജത് | സ്ഥാവരമാകട്ടെ | (യതഃ ത്വം) | എന്തെന്നാൽ നിന്തിരുവടി |
| ഏജത് ച | ജംഗമമാകട്ടെ | ബൃഹത് | ബ്രഹ്മസ്വരൂപനും |
| കിഞ്ചിത് | യാതൊന്നും | ത്രിപൃഷ്ഠഃ | ത്രിഗുണാത്മകമായ |
| ത്വത്തഃ | അങ്ങയിൽനിന്ന് | | പ്രകൃതിയിൽനിന്ന് |
| വ്യതിരിക്തഃ | അന്യമായിട്ട് | | വിട്ടുനില്ക്കുന്നവനും |
| ന അസ്തി | ഇല്ല. | ഹിരണ്യഗർഭഃ | ഹിരണ്മയമായ ബ്രഹ്മാ |
| സർവാഃ | എല്ലാ | | ണ്ഡത്തെ ഉള്ളിൽ ഒതുക്കി |
| വിദ്യാഃ | വേദങ്ങളും | | യിരിക്കുന്നവനും |
| കലാഃ ച | വേദാംഗങ്ങളും | അസി | ആകുന്നു. |

33. വ്യക്തം വിഭോ സ്ഥൂലമിദം ശരീരം
യേനേന്ദ്രിയ പ്രാണമനോഗുണാംസ്ത്വം
ഭുങ്ക്ഷേ സ്ഥിതോ ധാമനി പാരമേഷ്ഠ്യേ
അവ്യക്ത ആത്മാ പുരുഷഃ പുരാണഃ

| | |
|---|---|
| വിഭോ | വിവിധാകാരേണ ഭവിച്ചിരിക്കുന്ന ഭഗവാനേ! |
| ഇദം വ്യക്തം | ഈ വ്യക്തീഭവിച്ച ബ്രഹ്മാണ്ഡം |
| (തവ) | അങ്ങയുടെ |
| സ്ഥൂലം | സ്ഥൂലമായ |
| ശരീരം | ശരീരമാകുന്നു. |
| യേന | യാതൊന്നുകൊണ്ട് |
| ത്വം | നിന്തിരുവടി |
| ഇന്ദ്രിയ— പ്രാണ മനോ ഗുണാൻ | ഇന്ദ്രിയങ്ങൾ, പ്രാണൻ, മനസ്സ് എന്നിവയുടെ വിഷയങ്ങളെ |
| ഭുങ്ക്ഷേ | അനുഭവിക്കുന്നു. |
| പാരമേഷ്ഠ്യേ | പരമൈശ്വര്യമയമായ |
| ധാമനി | സ്വരൂപത്തിൽ |
| സ്ഥിതഃ | നിലകൊള്ളുന്നു. |
| (അതഃ) | ആകയാൽ |
| പുരാണഃ | ആദ്യനായ |
| പുരുഷഃ | പുരുഷനും |
| അവ്യക്തഃ | സ്ഥൂലസൂക്ഷ്മോപാധികളിൽനിന്ന് അകന്നു നില്ക്കുന്ന |
| ആത്മാ | പരമാത്മതത്ത്വവും ആകുന്നു. |

**34. അനന്താവ്യക്തരൂപേണ യേനേദമഖിലം തതം**
**ചിദചിച്ഛക്തിയുക്തായ തസ്മൈ ഭഗവതേ നമഃ**

| | |
|---|---|
| അനന്ത | ഹേ നാശരഹിത ! |
| യേന | യാതൊരുവനാൽ |
| ഇദം അഖിലം | ഈ പ്രപഞ്ചമാകെ |
| അവ്യക്ത— രൂപേണ | ഇന്ദ്രിയഗമ്യമല്ലാത്ത അവ്യക്ത രൂപത്താൽ |
| തതം | വ്യാപ്തമായിരിക്കുന്നുവോ |
| തസ്മൈ | അങ്ങനെയുള്ളവനും |
| ചിദ— ചിച്ഛക്തി— യുക്തായ | വിദ്യയോടും അവിദ്യയോടും സമ്മേളിച്ചിരിക്കുന്നവനും |
| ഭഗവതേ | സമഗ്രൈശ്വര്യാദി ഷഡ്ഗുണയുക്തനുമായ അങ്ങയ്ക്ക് |
| നമഃ | നമസ്കാരം |

**35. യദി ദാസ്യസ്യഭിമതാൻ വരാൻ മേ വരദോത്തമ**
**ഭൂതേഭ്യസ്ത്വദ്വിസൃഷ്ടേഭ്യോ മൃത്യുർമാഭൂന്മമ പ്രഭോ**

| | |
|---|---|
| വരദോത്തമ | വരദാതാക്കളിൽ പ്രമുഖനായ |
| പ്രഭോ | ഹേ പ്രഭോ! |
| മേ | എനിക്ക് |
| അഭിമതാൻ | ഇഷ്ടമുള്ള |
| വരാൻ | വരങ്ങളെ |
| യദി ദാസ്യസി | തരാൻ പോകുന്നുവെങ്കിൽ |
| ത്വദ്വി_ സൃഷ്ടേഭ്യഃ | നിന്തിരുവടിയാൽ സൃഷ്ടിക്കപ്പെട്ട |
| ഭൂതേഭ്യഃ | പ്രാണികളിൽനിന്ന് |
| മമ | എനിക്ക് |
| മൃത്യുഃ | മരണം |
| മാ ഭൂത് | സംഭവിക്കരുത്. |

**36. നാന്തർബഹിർദിവാ നക്തമന്യസ്മാദപി ചായുധൈഃ**
**ന ഭൂമൗ നാംബരേ മൃത്യുർന നരൈർ ന മൃഗൈരപി**

| | |
|---|---|
| അന്തഃ | അകത്തുവച്ചും, |
| ബഹിഃ | പുറത്തുവച്ചും, |
| ദിവാ | പകലിലും. |
| നക്തം | രാത്രിയിലും |
| അന്യസ്മാത് അപി ച | ബ്രഹ്മസൃഷ്ടിക്കു പുറമെ അന്യസൃഷ്ടിയിൽനിന്നും |
| ആയുധൈഃ | ആയുധങ്ങളാലും |
| മൃത്യുഃ ന | മരണമുണ്ടാവരുത്. |
| ഭൂമൗ | ഭൂമിയിൽവച്ച് |
| ന | ആകരുത്. |
| അംബരേ | ആകാശത്തിൽവച്ചും |
| ന | അരുത്. |
| നരൈഃ | മനുഷ്യരാൽ |
| ന | സംഭവിച്ചുകൂടാ |
| മൃഗൈഃ അപി | മൃഗങ്ങളെക്കൊണ്ടും |
| ന | ആകരുത്. |

**37. വ്യസുഭിർവാസുമദ്ഭിർവാ സുരാസുരമഹോരഗൈഃ**
**അപ്രതിദ്വന്ദ്വതാം യുദ്ധേ ഐകപത്യം ച ദേഹിനാം**
**38. സർവേഷാം ലോകപാലാനാം മഹിമാനം യഥാത്മനഃ**
**തപോയോഗപ്രഭാവാണാം യന്ന രിഷ്യതി കർഹിചിത്**

| | |
|---|---|
| വ്യസുഭിഃ വാ | അചേതനങ്ങളാലോ, |
| അസുമദ്ഭിഃ വാ | സചേതനങ്ങളാലോ, |
| സുരാസുരമഹോരഗൈഃ | ദേവന്മാരാലോ, അസുരന്മാരാലോ, മഹാനാഗങ്ങളാലോ |
| (മൃത്യുഃ ന) | മൃത്യുവുണ്ടാകരുത്. |
| യുദ്ധേ | യുദ്ധത്തിൽ |
| അപ്രതിദ്വന്ദ്വതാം | എതിരാളിയില്ലാത്തവൻ എന്ന നിലയെയും |
| ദേഹിനാം | ശരീരികളുടെ |
| ഐകപത്യം ച | ഏകാധിപത്യത്തേയും. |
| ആത്മനഃ | അവിടത്തേക്ക് |
| യഥാ | ഉള്ളപോലെ |
| സർവേഷാം | എല്ലാ |
| ലോകപാലാനാം | ലോകപാലന്മാരുടെ |
| മഹിമാനം | മഹിമയേയും |
| തപോയോഗപ്രഭാവാണാം | തപോവൈഭവവും യോഗവൈഭവവും ഉള്ള സിദ്ധന്മാർക്ക് |
| യത് കർഹിചിത് | യാതൊന്ന് ഒരിക്കലും |
| ന രിഷ്യതി | നശിക്കയില്ലയോ, (ആ അണിമാദ്യഷ്ടസിദ്ധിയേയും തരിക) |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
തൃതീയോഽധ്യായഃ
ആദിതഃ ശ്ലോകാഃ 146
ഏഴാംസ്കന്ധത്തിൽ മൂന്നാമദ്ധ്യായം കഴിഞ്ഞു.

# ചതുർത്ഥോഽധ്യായ: — അധ്യായം നാലു്

## ഹിരണ്യകശിപുകൃതദേവദ്രോഹവും പ്രഹ്ലാദഗുണവണ്ണനവും

''ചതുത്ഥേ തു വരാൻ ലബ്ധ്വാ വിജിത്യാഖിലലോകപാൻ
വിഷ്ണുദ്വേഷേണ താൻ സർവാൻ ദൈത്യേന്ദ്ര: സമപീഡയത്''

വരലാഭാനന്തരം ഹിരണ്യകശിപു സകല ദിക്പാലന്മാരേയും ജയിച്ചു് വിഷ്ണുദ്വേഷത്തെ മുൻനിർത്തി അവരെ ദ്രോഹിച്ചു തുടങ്ങിയ കഥകാം ഈ നാലാമധ്യായത്തിൽ പറയുന്നു—

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

1. **ഏവം വൃതഃ ശതധൃതിർഹിരണ്യകശിപോരഥ
പ്രാദാത് തത്തപസാ പ്രീതോ വരാംസ്തസ്യ സുദുർല്ലഭാൻ**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | പ്രീതഃ | സന്തുഷ്ടനായിട്ടു് |
| ഹിരണ്യ—കശിപോഃ | ഹിരണ്യകശിപുവിനാൽ | സുദുർല്ലഭാൻ | ഏററവും ദുർല്ലഭങ്ങളായ |
| | | വരാൻ | വരങ്ങളെ |
| വൃതഃ | വരം യാചിക്കപ്പെട്ട | തസ്യ | അവന്നു് |
| ശതധൃതിഃ | ബ്രഹ്മദേവൻ | അഥ | തൽക്ഷണം |
| തത്തപസാ | അവന്റെ തപസ്സുകൊണ്ടു് | പ്രാദാത് | പ്രദാനം ചെയ്തു. |

ബ്രഹ്മോവാച = ബ്രഹ്മാവു് അരുളിച്ചെയ്തു.

2. **താതേമേ ദുർല്ലഭാഃ പുംസാം യാൻ വൃണീഷേ വരാൻ മമ
തഥാപി വിതരാമ്യങ്ഗ വരാൻ യദപി ദുർല്ലഭാൻ**

| | | | |
|---|---|---|---|
| താത | മകനേ! | | പ്രയാസമുള്ളവയാണു്. |
| മമ | എന്റെ അടുക്കൽനിന്നു് | തഥാപി | എങ്കിലുംകൂടി |
| യാൻ | യാവചില | അങ്ഗ | പ്രിയംകരനേ! |
| വരാൻ | വരങ്ങളെ | ദുർല്ലഭാൻ യദപി | ലഭിക്കാൻ പ്രയാസമുള്ളവയാണെന്നിരിക്കിലും |
| വൃണീഷേ | നീ വരിക്കുന്നുവോ, | | |
| ഇമേ | ഇവയെല്ലാം | വരാൻ | ആ വരങ്ങളെ |
| പുംസാം | ശരീരികാംക്കു് | വിതരാമി | ഞാനിതാ തരുന്നു. |
| ദുർല്ലഭാഃ | ലഭിക്കാൻ | | |

3. തതോ ജഗാമ ഭഗവാനമോഘാനുഗ്രഹോ വിഭുഃ
പൂജിതോഽസുരവര്യേണ സംസ്തൂയമാനഃ പ്രജേശ്വരൈഃ

| | | | |
|---|---|---|---|
| തതഃ | അതിനുശേഷം | അസുരവര്യേണ | അസുരശ്രേഷ്ഠനായ ഹിരണ്യകശിപുനാൽ |
| അമോഘാനുഗ്രഹഃ | വ്യർത്ഥീഭവിക്കാത്ത അനുഗ്രഹത്തോടുകൂടിയവനും | പൂജിതഃ | ആരാധിതനായും |
| ഭഗവാൻ | സമഗ്രൈശ്വര്യാദി ഗുണോപേതനുമായ | പ്രജേശ്വരൈഃ | മരീച്യാദി പ്രജാപതിമാരാൽ |
| വിഭുഃ | ബ്രഹ്മദേവൻ | സംസ്തൂയമാനഃ | സ്തുതിക്കപ്പെട്ടുകൊണ്ടും |
| | | ജഗാമ | ഗമിച്ചു. |

4. ഏവം ലബ്ധവരോ ദൈത്യോ ബിഭ്രദ്ധേമമയം വപുഃ
ഭഗവത്യകരോദ്ദ്വേഷം ഭ്രാതുർവധമനുസ്മരൻ

| | | | |
|---|---|---|---|
| ഏവം | ഈ വിധം | ഭ്രാതുഃ | സഹോദരന്റെ |
| ലബ്ധവരഃ | വരം ലഭിച്ചവനും | വധം | വധത്തെ |
| ഹേമമയം | തങ്കക്കട്ടിപോലുള്ള | അനുസ്മരൻ | അനുസ്മരിച്ചുകൊണ്ടു |
| വപുഃ | ശരീരത്തെ | ഭഗവതി | വിഷ്ണുഭഗവാനിൽ |
| ബിഭ്രത് | ഭരിക്കുന്നവനുമായ | ദ്വേഷം | വിരോധം |
| ദൈത്യഃ | അസുരൻ | അകരോത് | പ്രകടമാക്കി. |

5. സ വിജിത്യ ദിശഃ സർവ്വാ ലോകാംശ്ച ത്രീൻ മഹാസുരഃ
ദേവാസുരമനുഷ്യേന്ദ്രാൻ ഗന്ധർവഗരുഡോരഗാൻ

6. സിദ്ധചാരണവിദ്യാധ്രാനൃഷീൻ പിതൃപതീൻ മനൂൻ
യക്ഷരക്ഷഃപിശാചേശാൻ പ്രേതഭൂതപതീനഥ

7. സർവ്വസത്വപതീൻ ജിത്വാ വശമാനീയ വിശ്വജിത്
ജഹാര ലോകപാലാനാം സ്ഥാനാനി സഹ തേജസാ

| | | | |
|---|---|---|---|
| മഹാസുരഃ | അസുരശ്രേഷ്ഠനായ | ഗന്ധർവ്വഗരുഡോരഗാൻ | ഗന്ധർവന്മാർ-ഗരുഡന്മാർ നാഗദേവതകൾ എന്നിവരേയും. |
| സഃ | അവൻ | സിദ്ധചാരണവിദ്യാധ്രാൻ | സിദ്ധന്മാർ-ചാരണന്മാർ വിദ്യാധരന്മാർ എന്നിവരേയും, |
| സർവ്വാഃ | എല്ലാ | ഋഷീൻ | ഋഷിമാരേയും, |
| ദിശഃ | ദിക്കുകളേയും | പിതൃപതീൻ | പിതൃപതിമാരെയും |
| ത്രീൻ | മൂന്നു് | മനൂൻ | മനുക്കളേയും, |
| ലോകാൻ ച | ലോകങ്ങളേയും | | |
| വിജിത്യ | വിജയിച്ചു, | | |
| ദേവാസുരമനുഷ്യേന്ദ്രാൻ | ദേവന്മാർ—അസുരന്മാർ മനുഷ്യർ എന്നിവരുടെ അധിപന്മാരേയും | | |

| | |
|---|---|
| യക്ഷരക്ഷഃ— പിശാചേ— ശാൻ | യക്ഷന്മാർ, രക്ഷസ്സുകൾ— പിശാചന്മാർ എന്നിവരു ടെ നായകന്മാരേയും, |
| ഭൂതപ്രേത— പതീൻ | ഭൂതനാഥന്മാരെയും, പ്രേതനാഥന്മാരേയും, |
| അഥ | എന്നുതന്നെയല്ല, |
| സർവ്വഭൂത— പതീൻ | സകല പ്രാണികളുടെ തലവന്മാരേയും |
| ജിത്വാ | കീഴടക്കി, |
| വശം | സ്വാധീനതയിലേക്ക് |
| ആനീയ | കൊണ്ടുവന്നു് |
| വിശ്വജിത് | വിശ്വവിജയിയായിട്ടു് |
| ലോക— പാലാനാം | ലോകപാലന്മാരുടെ |
| സ്ഥാനാനി | സ്ഥാനങ്ങളെ |
| തേജസാ | അവരുടെ വൈഭവത്തോടു |
| സഹ | കൂടവേ |
| ജഹാര | അപഹരിച്ചു. |

8. ദേവോദ്യാനശ്രിയാ ജുഷ്ടമധ്യാസ്തേ സ്മ ത്രിവിഷ്ടപം
മഹേന്ദ്രഭവനം സാക്ഷാന്നിർമ്മിതം വിശ്വകർമ്മണാ
ത്രൈലോക്യലക്ഷ്മ്യായതനമധ്യുവാസാഖിലർദ്ധിമത്.

| | |
|---|---|
| ദേവോദ്യാന— ശ്രിയാ ജുഷ്ടം | നന്ദനവനത്തിന്റെ പരി ശോഭയോടു് ഒത്തുചേർന്ന |
| ത്രിവിഷ്ടപം | സ്വർഗ്ഗലോകത്തെ |
| അധ്യാസ്തേ സ്മ | അധിവാസസ്ഥാനമാക്കി. |
| സാക്ഷാത് | ശരിക്കും |
| വിശ്വകർമ്മണാ | വിശ്വകർമ്മാവിനാൽ |
| നിർമ്മിതം | പണിചെയ്യപ്പെട്ടതും |
| ത്രൈലോക്യ— ലക്ഷ്മ്യായതനം | മൂന്നുലോകത്തിന്റെയും ഐശ്വര്യത്തിന്നു് ആവാസകേന്ദ്രമായതും |
| അഖില— ർദ്ധിമത് | സകല സമൃദ്ധികളും ഉള്ളതുമായ |
| മഹേന്ദ്രഭവനം | ദേവേന്ദ്രന്റെ വാസ ഭവനത്തെ |
| അധ്യുവാസ | അധിവസിച്ചു. |

ഇനി ശ്ലോകത്രയത്താൽ മഹേന്ദ്രഭവനത്തിന്റെ സമൃദ്ധികളെവർണ്ണിക്കുന്നു.

9. യത്ര വിദ്രുമസോപാനാ മഹാമാരകതാ ഭുവഃ
യത്ര സ്ഫാടികകുഡ്യാനി വൈഡൂര്യസ്തംഭപംക്തയഃ

10. യത്ര ചിത്രവിതാനാനി പദ്മരാഗാസനാനി ച
പയഃഫേനനിഭാഃ ശയ്യാ മുക്താദാമപരിച്ഛദാഃ

11. കൂജദ്ഭിർന്നൂപുരൈർദേവ്യഃ ശബ്ദയന്ത്യ ഇതസ്തതഃ
രത്നസ്ഥലീഷു പശ്യന്തി സുദതീഃ സുന്ദരം മുഖം

| | |
|---|---|
| യത്ര | യാതൊരിടത്തു് |
| വിദ്രുമ— സോപാനാഃ | ഒതുക്കുപടികൾ പവിഴക്ക ല്ലുകൊണ്ടുള്ളവയാണു്, |
| ഭുവഃ | അകത്തളങ്ങൾ |
| മഹാ— മാരകതാഃ | വിശേഷപ്പെട്ട മരകതക്കല്ലു കൾ പതിച്ചവയാണു്, |
| യത്ര | യാതൊരിടത്തു് |

| | |
|---|---|
| സ്ഫാടിക–കുഡ്യാനി | ഭിത്തികളെല്ലാം സ്ഫടിക നിർമ്മിതങ്ങളാണു്, |
| വൈഡൂര്യ–സ്തംഭ–പംക്തയഃ | നിരനിരയായി നില്ക്കുന്ന തൂണുകൾ വൈഡൂര്യ നിർമ്മിതങ്ങളാണു്, |
| യത്ര | യാതൊരിടത്തു് |
| ചിത്ര–വിതാനാനി | ചിത്രാങ്കിതങ്ങളായ മേൽക്കെട്ടികളും |
| പദ്മരാഗാ–സനാനി ച | പദ്മരാഗമണിമയങ്ങളായ ഇരിപ്പിടങ്ങളും |
| പയഃഫേന–നിഭാഃ ശയ്യാഃ | പാൽനുരയ്ക്കൊത്ത പൂമെത്തകളും |
| മുക്താദാമ–പരിച്ഛദാഃ | മുത്തുമാലകൾ കൊണ്ടുള്ള തൊങ്ങൽ വിതാനങ്ങളും വിലസുന്നു. |
| സുദതീഃ | സുന്ദരികളായ |
| ദേവ്യഃ | ദേവസ്ത്രീകൾ |
| കൂജദ്ഭിഃ | കിലുങ്ങുന്ന |
| നൂപുരൈഃ | കാൽച്ചിലങ്കകളാൽ |
| ഇതസ്തതഃ | അങ്ങുമിങ്ങും |
| ശബ്ദയന്ത്യഃ | പ്രതിധ്വനിപ്പിച്ചു കൊണ്ടു് നടക്കവേ, |
| സുന്ദരം | അഴകാന്ന |
| മുഖം | മുഖത്തെ |
| രത്നസ്ഥലീഷു | മണിമയങ്ങളായ സ്ഥലങ്ങളിൽ |
| പശ്യന്തി | കണ്ണാടി നോക്കുമായിരുന്നു. |

12.

**തസ്മിൻ മഹേന്ദ്രഭവനേ മഹാബലോ**
**മഹാമനാ നിർജിതലോക ഏകരാട്**
**രേമേഽഭിവന്ദ്യാങ്ഘ്രിയുഗഃ സുരാദിഭിഃ**
**പ്രതാപിതൈരൂർജിതചണ്ഡശാസനഃ**

| | |
|---|---|
| തസ്മിൻ | അങ്ങനെയുള്ള |
| മഹേന്ദ്ര–ഭവനേ | ദേവേന്ദ്രന്റെ രാജധാനിയിൽ |
| മഹാബലഃ | മഹാശക്തിശാലിയും |
| മഹാമനാഃ | മഹാമനസ്വിയും |
| നിർജിത–ലോകഃ | ലോകവിജേതാവും |
| ഏകരാട് | ഏകാധിപതിയുമായ ഹിരണ്യകശിപു |
| പ്രതാപിതൈഃ | സ്വപ്രതാപം അടിച്ചേല്പിക്കപ്പെട്ട |
| സുരാദിഭിഃ | ദേവാദികളാൽ |
| അഭിവന്ദ്യാങ്ഘ്രിയുഗഃ | അഭിവന്ദനീയമായ പാദയുഗ്മത്തോടു കൂടിയവനായും |
| ഊർജിത-ചണ്ഡ-ശാസനഃ | അത്യുഗ്രമായ ആജ്ഞാശക്തിയോടുകൂടിയവനായും ഇരുന്നു് |
| രേമേ | സുഖിച്ചു. |

13.

**തമങ്ഗ മത്തം മധുനോരുഗന്ധിനാ**
**വിവൃത്തതാമ്രാക്ഷമശേഷധിഷ്ണ്യപാഃ**
**ഉപാസതോപായനപാണിഭിർ വിനാ**
**ത്രിഭിസ്തപോയോഗബലൗജസാം പദം**

| | |
|---|---|
| അങ്ഗ | പ്രിയരാജാവേ! |
| ഉരുഗന്ധിനാ | മുന്തിയമണമുള്ള |
| മധുനാ | മദ്യത്താൽ |
| മത്തം | ലഹരികൊണ്ടവനും |

| | | | |
|---|---|---|---|
| വിവൃത്ത– താമ്രാക്ഷഃ | ചുഴലുന്ന ചുവന്ന കണ്ണുകളോടു കൂടിയവനും | തം | അവനെ |
| തപോയോഗ– ബലൗജസാം | തപോനിഷ്ഠ, യോഗസിദ്ധി, ദേഹബലം, ഇന്ദ്രിയബലം എന്നിവയ്ക്കു് | ത്രിഭിഃ വിനാ | ത്രിമൂർത്തികളൊഴികെ |
| | | അശേഷ– ധിഷ്ണ്യപാഃ | മറ്റെല്ലാ ലോകപാലന്മാരും |
| പദം | ആശ്രയമായിരിക്കുന്ന | ഉപായന– പാണിഭിഃ | കാണിക്കകളേന്തിയ കരങ്ങളോടുകൂടിവന്നു് |
| | വനമായ | ഉപാസത | സേവിച്ചിരുന്നു. |

14. **ജഗുർമ്മഹേന്ദ്രാസനമോജസാ സ്ഥിതം**
**വിശ്വാവസുസ്തുംബുരുരസ്മദാദയഃ**
**ഗന്ധർവ്വസിദ്ധാ ഋഷയോƒസ്തുവൻ മുഹുർ–**
**വിദ്യാധരാ അപ്സരസശ്ച പാണ്ഡവ**

| | | | |
|---|---|---|---|
| പാണ്ഡവ | ഹേ പാണ്ഡുപുത്ര! | ജഗുഃ | പാടിപ്പുകഴ്ത്തിയിരുന്നു. |
| ഓജസാ | പൗരുഷംകൊണ്ടു് | ഗന്ധർവ്വ– സിദ്ധാഃ | ഗന്ധർവ്വന്മാരും സിദ്ധദേവന്മാരും, |
| മഹേന്ദ്രാസനം | ഇന്ദ്രാസനത്തെ | | |
| ആസ്ഥിതം | അടക്കിവാണിരുന്ന | ഋഷയഃ | മാമുനിമാരും, |
| (തം) | അവനെ | വിദ്യാധരാഃ | വിദ്യാധരന്മാരും |
| വിശ്വാവസുഃ | വിശ്വാവസുവും | അപ്സരസഃ ച | അപ്സരഃസ്ത്രീകളും |
| തുംബുരുഃ | തുംബുരുവും | മുഹുഃ | തുടരെത്തുടരെ |
| അസ്മദാദയഃ | ഞാനും മററും | അസ്തുവൻ | സ്തുതിപാടിയിരുന്നു. |

15. **സ ഏവ വർണ്ണാശ്രമിഭിഃ ക്രതുഭിർ ഭൂരിദക്ഷിണൈഃ**
**ഇജ്യമാനോ ഹവിർഭാഗാനഗ്രഹീത് സ്വേന തേജസാ–**

| | | | |
|---|---|---|---|
| വർണ്ണാശ്രമിഭിഃ | വർണ്ണാശ്രമധർമ്മങ്ങളെ ആചരിക്കുന്നവരാൽ | ഇജ്യമാനഃ | ആരാധിതനായി ഭവിച്ച് |
| | | സ്വേന | സ്വകീയമായ |
| ഭൂരി– ദക്ഷിണൈഃ | ധാരാളം ദക്ഷിണകളോടെ നടത്തപ്പെടുന്ന | തേജസാ | പ്രാഭവത്താൽ |
| | | ഹവിർഭാഗാൻ | ഹവിർഭാഗങ്ങളെ |
| ക്രതുഭിഃ | യജ്ഞങ്ങൾ കൊണ്ടു് | അഗ്രഹീത് | കൈക്കൊണ്ടിരുന്നു. |
| സഃ ഏവ | അവൻതന്നെ | | |

16. **അകൃഷ്ടപച്യാ തസ്യാസീത് സപ്തദ്വീപവതീ മഹീ**
**തഥാ കാമദുഘാ ദ്യൗസ്തു നാനാശ്ചര്യപദം നഭഃ**

| | | | |
|---|---|---|---|
| സപ്ത– ദ്വീപവതീ | ഏഴു ഭൂഖണ്ഡങ്ങൾ അടങ്ങിയതായ | അകൃഷ്ടപച്യാ | കൃഷിചെയ്യാതെ തന്നെ കാർഷിക വിഭവങ്ങൾ നല്കുന്നതായും, |
| മഹീ | ഭൂമി | | |
| തസ്യ | അവന്നു് | തഥാ | അപ്രകാരം |

| | | | |
|---|---|---|---|
| ദ്യൗഃ തു | അന്തരിക്ഷമാകട്ടെ | നാനാശ്ചര്യ-പദം | വൈവിധ്യം കലൎന്ന അത്ഭുത വസ്തുക്കൾക്കു് ആസ്പദമായും |
| കാമദുഘാ | ആഗ്രഹങ്ങളെ ചുരത്തി കൊടുക്കുന്നതായും, | | |
| നഭഃ | ശൂന്യാകാശം | ആസീത് | ഭവിച്ചു. |

17. രത്നാകരാശ്ച രത്നൗഘാൻ തത്പത്ന്യശ്ചോഹുരൂർമ്മിഭിഃ
ക്ഷാരസീധുഘൃതക്ഷൗദ്രദധിക്ഷീരാമൃതോദകാഃ

| | | | |
|---|---|---|---|
| ക്ഷാരസീധു— | ഉപ്പു്; മദ്യം, | തത്പത്ന്യഃ ച | അവയുടെ പത്നികളായ നദികളും |
| ഘൃതക്ഷൗദ്ര— | നെയ്യു്, തേൻ, | ഊൎമ്മിഭിഃ | തിരമാലകളാൽ |
| ദധിക്ഷീരാ— | തൈർ, പാൽ, | രത്നൗഘാൻ | രത്നജാലങ്ങളെ |
| മൃതോദകാ | അമൃതജലം എന്നിവയുള്ള | ഊഹുഃ | ഏന്തിനിന്നിരുന്നു. |
| രത്നാകരാഃ ച | സപ്തസാഗരങ്ങളും | | |

18. ശൈലാ ദ്രോണീഭിരാക്രീഡം സർവ്വർത്തുഷു ഗുണാൻ ദ്രുമാഃ
ദധാര ലോകപാലാനാമേക ഏവ പൃഥഗ്ഗുണാൻ

| | | | |
|---|---|---|---|
| ശൈലാഃ | മലകൾ | (ഊഹുഃ) | വഹിച്ചുനിന്നു. |
| ദ്രോണീഭിഃ | താഴ്‌വരകൾകൊണ്ടു് | ഏകഃ ഏവ | അവൻ ഒററയ്ക്കുതന്നെ |
| ആക്രീഡം | ക്രീഡാസങ്കേതത്തെയും | ലോക—പാലാനാം | സകലലോകപാലന്മാരുടെയു. |
| ദ്രുമാഃ | വൃക്ഷങ്ങൾ | പൃഥക് | വെവ്വേറെയുള്ള |
| സർവ്വർത്തുഷു | എല്ലാകാലാവസ്ഥകളിലും | ഗുണാൻ | ധർമ്മങ്ങളെ |
| ഗുണാൻ | പുഷ്പഫലാദികളേയും | ദധാര | നിർവ്വഹിച്ചു. |

19. സ ഇത്ഥം നിർജിതകകുബേകരാഡ്വിഷയാൻ പ്രിയാൻ
യഥോപജോഷം ഭുഞ്ജാനോ നാതൃപ്യദജിതേന്ദ്രിയഃ

| | | | |
|---|---|---|---|
| സഃ | അവൻ | യഥോപ ജോഷം | സ്വേച്ഛാനുസാരം |
| ഇത്ഥം | ഈ വിധം | ഭുഞ്ജാനഃ | അനുഭവിക്കുന്നവനായിരുന്നെങ്കിലും |
| നിർജിത—കകുപ് | ദിക്കെല്ലാം ജയിച്ചു് | | |
| ഏകരാട് | ഏകാധിപതിയായി | അജിതേ—ന്ദ്രിയഃ | ഇന്ദ്രിയങ്ങളെ ജയിക്കാത്തവനാകയാൽ |
| പ്രിയാൻ | ഇഷ്ടമുള്ള | | |
| വിഷയാൻ | വിഷയങ്ങളെ | ന അതൃപ്യത് | സംതൃപ്തനായിരുന്നില്ല. |

20. ഏവമൈശ്വര്യമത്തസ്യ ദൃപ്തസ്യോച്ഛാസ്ത്രവർത്തിനഃ
കാലോ മഹാൻ വ്യതീയായ ബ്രഹ്മശാപമുപേയുഷഃ

| | | | |
|---|---|---|---|
| ഏവം | ഇങ്ങനെ | ഉപേയുഷഃ | പ്രാപിച്ചിരിക്കുന്ന |
| ഐശ്വര്യ— മത്തസ്യ | ഐശ്വര്യത്താൽ മതിമറന്നവനും | | വനമായ |
| ദൃപ്തസ്യ | അഹംകാരിയും | (തസ്യ) | അവന്റെ |
| ഉച്ഛാസ്ത്ര— വർത്തിനഃ | ശാസ്ത്രമര്യാദകളെ അതി ലംഘിച്ചിരിക്കുന്നവനും | മഹാൻ | ദീർഘിച്ച |
| | | കാലഃ | കാലം |
| ബ്രഹ്മശാപം | സനകാദികളുടെ ശാപത്തെ | വ്യതീയായ | കടന്നുപോയി. |

**21.** **തസ്യോഗ്രദണ്ഡസംവിഗ്നാഃ സർവേ ലോകാഃ സപാലകാഃ**
**അന്യത്രാലബ്ധശരണാഃ ശരണം യയുരച്യുതം**

| | | | |
|---|---|---|---|
| തസ്യ | അവന്റെ | അന്യത്ര | മററെങ്ങും |
| ഉഗ്രദണ്ഡ— സംവിഗ്നാഃ | കഠിനമായ ശാസനമുറക ളാൽ സംഭ്രാന്തരായ | അലബ്ധ— ശരണാഃ | രക്ഷ കിട്ടാതെ |
| സർവേ | എല്ലാ | അച്യുതം | മഹാവിഷ്ണുവിനെ |
| ലോകാഃ | ലോകവാസികളും | ശരണം യയുഃ | ശരണം പ്രാപിച്ചു. |
| സപാലകഃ | ലോകപാലന്മാരോടുകൂടെ | | |

അവരുടെ മനഃസങ്കല്പത്തെ ഒരു ശ്ലോകം കൊണ്ടു കാണിക്കുന്നു—

**22.** **തസ്യൈ നമോഽസ്തു കാഷ്ഠായൈ യത്രാത്മാ ഹരിരീശ്വരഃ**
**യദ്ഗത്വാ ന നിവർത്തന്തേ ശാന്താഃ സന്ന്യാസിനോഽമലാഃ**

| | | | |
|---|---|---|---|
| യത്ര | "യാതൊരിടത്തു് | സന്ന്യാസിനഃ | സന്ന്യാസിമാർ |
| ആത്മാ | അഖിലാത്മാവും | യത് | യാതൊരിടത്തേക്കു് |
| ഈശ്വരഃ | അഖിലേശ്വരനുമായ | ഗത്വാ | എത്തിച്ചേർന്നാൽ |
| ഹരിഃ | ശ്രീഹരി സന്നിധാനം ചെയ്യുന്നുവോ, | ന നിവർത്തന്തേ | തിരിച്ചു വരികയില്ലയോ |
| | | തസ്യൈ | ആ |
| ശാന്താഃ | സംയമികളും | കാഷ്ഠായൈ | ദിക്കിനായിക്കൊണ്ടു് |
| അമലാഃ | നിർമ്മലന്മാരുമായ | നമഃ അസ്തു | നമസ്കാരം" |

**23.** **ഇതി തേ സംയതാത്മാനഃ സമാഹിതധിയോഽമലാഃ**
**ഉപതസ്ഥുർഹൃഷീകേശം വിനിദ്രാ വായുഭോജനാഃ**

| | | | |
|---|---|---|---|
| ഇതി | ഇങ്ങനെ സങ്കല്പിച്ചു് | സമാഹിത— ധിയഃ | ഏകാഗ്രമായ ബുദ്ധിയോടു കൂടിയവരായും |
| സംയതാ— ത്മാനഃ | നിയന്ത്രിതമായ ഇന്ദ്രിയ വ്യാപാരത്തോടു കൂടിയവരായും | അമലാഃ | നിർമ്മലമായ ഹൃദയത്തോടു കൂടിയവരായും ഭവിച്ചിരുന്ന |

| | | | |
|---|---|---|---|
| തേ | അവർ | | |
| വിനിദ്രാഃ | ഉറക്കമില്ലാതെ | ഹൃഷീകേശം | ശ്രീനാരായണനെ |
| വായുഭോജനാഃ | വായുമാത്രം ആഹാരമാക്കി കൊണ്ട് | ഉപതസ്ഥുഃ | സ്തോത്രം ചെയ്തു. |

24. **തേഷാമാവിരഭൂദ്വാണീ അരൂപാ മേഘനിഃസ്വനാ**
**സന്നാദയന്തീ കകുഭഃ സാധൂനാമഭയം കരീ**

| | | | |
|---|---|---|---|
| മേഘ-നിസ്വനാഃ | മേഘഗർജ്ജനത്തിനൊത്തതും | അഭയംകരീ | ഭയപ്പാടിനെ അകററുന്നതുമായ |
| കകുഭഃ | ദിക്കുകളെ | അരൂപാ | അശരീരിയായ |
| സന്നാദയന്തീ | മാറൊലിക്കൊള്ളിക്കുന്നതും | വാണീ | വാക്ക് |
| | | തേഷാം | അവർക്ക് |
| സാധൂനാം | സാധുക്കളുടെ | ആവിരഭൂത് | അനുഭവപ്പെട്ടു. |

25. **മാ ഭൈഷ്ട വിബുധശ്രേഷ്ഠാഃ സർവേഷാം ഭദ്രമസ്തു വഃ**
**മദ്ദർശനം ഹി ഭൂതാനാം സർവ്വശ്രേയോപപത്തയേ**

| | | | |
|---|---|---|---|
| വിബുധശ്രേഷ്ഠാഃ | ദേവോത്തമന്മാരേ ! | ഹി | എന്തെന്നാൽ |
| മാ ഭൈഷ്ട | ഭയപ്പെടരുത്. | മദ്ദർശനം | എന്റെ സാക്ഷാല്ക്കാരം |
| വഃ | നിങ്ങൾക്ക് | ഭൂതാനാം | പ്രാണികൾക്ക് |
| സർവ്വേഷാം | എല്ലാവർക്കും | സർവ്വശ്രേയോ-പപത്തയേ | സകലശ്രേയസ്സുകളുടേയും സംപ്രാപ്തിക്കുതകുന്നു. |
| ഭദ്രം അസ്തു | നന്മവരട്ടെ! | | |

26. **ജ്ഞാതമേതസ്യ ദൗരാത്മ്യം ദൈതേയാപസദസ്യ ച**
**തസ്യ ശാന്തിം കരിഷ്യാമി കാലം താവത് പ്രതീക്ഷത**

| | | | |
|---|---|---|---|
| ദൈതേയാ-പസദസ്യ | അസുരന്മാരിൽ അധമനായുള്ള | തസ്യ | അതിന് |
| | | ശാന്തിം | പ്രശമനം |
| ഏതസ്യ | ഇവന്റെ | കരിഷ്യാമി | ചെയ്തുകൊള്ളാം. |
| ദൗരാത്മ്യം | ദുഷ്ടത | കാലംതാവത് | അല്പകാലം കൂടി |
| ജ്ഞാതം ച | എനിക്ക് അറിവുള്ളതുമാണ് | പ്രതീക്ഷത | കാത്തിരിക്കുവിൻ ! |

27. **യദാ ദേവേഷു വേദേഷു ഗോഷു വിപ്രേഷു സാധുഷു,**
**ധർമ്മേ മയി ച വിദ്വേഷഃ സ വാ ആശു വിനശ്യതി**

| | | | |
|---|---|---|---|
| യദാ | എപ്പോൾ | മയി ച | എന്നിലും |
| ദേവേഷു | ദേവന്മാരിലും, | വിദ്വേഷഃ | വിദ്വേഷം ഉണ്ടാവുന്നുവോ |
| വേദേഷു | വേദങ്ങളിലും, | (തദാ) | അപ്പോൾ |
| ഗോഷു | പശുക്കളിലും് | സഃ വാ | അവൻ ആരായിരുന്നാലും |
| വിപ്രേഷു | ബ്രാഹ്മണരിലും, | ആശു | ഉടനടി |
| സാധുഷു | സാധുക്കളിലും, | വിനശ്യതി | നശിച്ചുപോകും. |
| ധർമ്മേ | വേദോക്തകർമ്മത്തിലും, | | |

28. **നിർവൈരായ പ്രശാന്തായ സ്വസുതായ മഹാത്മനേ**
**പ്രഹ്ലാദായ യദാ ദ്രുഹ്യേദ്ധനിഷ്യേഽപി വരോർജിതം**

| | | | |
|---|---|---|---|
| നിർവൈരായ | വിദ്വേഷരഹിതനും | ദ്രുഹ്യേത് | ദ്രോഹം തുടങ്ങുന്നുവോ |
| പ്രശാന്തായ | അതീവ ശാന്തനും | (തദാ തം) | അപ്പോൾ അവനെ |
| മഹാത്മനേ | മഹാമനസ്കനും | വരോർജിതം അപി | ബ്രഹ്മദത്തവരത്താൽ ശക്തിയാർജ്ജിച്ചവനെ ന്നിരിക്കലും |
| സ്വസുതായ | തന്റെ പുത്രനുമായ | | |
| പ്രഹ്ലാദായ | പ്രഹ്ലാദന്റെ നേർക്ക് | | |
| യദാ | എപ്പോൾ | ഹനിഷ്യേ | ഞാൻ കൊല്ലുന്നതാണ്. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

29. **ഇത്യുക്താ ലോകഗുരുണാ തം പ്രണമ്യ ദിവൗകസഃ**
**ന്യവർത്തന്ത ഗതോദ്വേഗാ മേനിരേ ചാസുരം ഹതം**

| | | | |
|---|---|---|---|
| ലോകഗുരുണാ | ജഗദ്ഗുരുവായ ശ്രീഹരിയാൽ | ഗതോദ്വേഗാഃ | മനോവ്യഥവിട്ടുപോയ വരായിട്ട് |
| ഇതി | ഈവിധം | ന്യവർത്തന്ത | മടങ്ങി. |
| ഉക്താഃ | അറിയിക്കപ്പെട്ട | അസുരം | അസുരനെ |
| ദിവൗകസഃ | ദേവന്മാർ | ഹതം | ഹതനെന്ന് |
| തം | തന്തിരുവടിയെ | മേനിരേ ച | കരുതുകയും ചെയ്തു. |
| പ്രണമ്യ | നമസ്കരിച്ച് | | |

ഹിരണ്യകശിപുവിന്റെ പ്രഹ്ലാദദ്വേഷം വിവരിക്കുവാൻവേണ്ടി ആദ്യം അവന്റെ മഹത്വം പറഞ്ഞു തുടങ്ങുന്നു—

30. **തസ്യ ദൈത്യപതേഃ പുത്രാശ്ചത്വാരഃ പരമാദ്ഭുതാഃ**
**പ്രഹ്ലാദോഽഭൂന്മഹാംസ്തേഷാം ഗുണൈർമഹദുപാസകഃ**

| | | | |
|---|---|---|---|
| ദൈത്യപതേഃ | അസുരാധിപനായ | പരമാദ്ഭുത | അതിവിലക്ഷണ സ്വഭാവമുള്ള |
| തസ്യ | അവന്ന് | | |

| | |
|---|---|
| ചത്വാരഃ | നാല് |
| പുത്രാഃ | പുത്രന്മാരുണ്ടായിരുന്നു. |
| തേഷാം | അവരിൽവച്ച് |
| പ്രഹ്ലാദഃ | പ്രഹ്ലാദനെന്നവൻ |
| ഗുണൈഃ | ഗുണങ്ങളാൽ |
| മഹാൻ | വലിയവനും |
| മഹദ്— ഉപാസകഃ | വലിയവരെ ആദരിക്കുന്നവനും |
| അഭൂത് | ആയിരുന്നു. |

**31.** ബ്രഹ്മണ്യഃ ശീലസമ്പന്നഃ സത്യസന്ധോ ജിതേന്ദ്രിയഃ
ആത്മവത് സർവ്വഭൂതാനാമേകഃ പ്രിയസുഹൃത്തമഃ

| | |
|---|---|
| ബ്രഹ്മണ്യഃ | ബ്രാഹ്മണഭക്തനും |
| ശീലസമ്പന്നഃ | സൽസ്വഭാവിയും |
| സത്യസന്ധഃ | സത്യപ്രതിജ്ഞനും |
| ജിതേന്ദ്രിയഃ | ഇന്ദ്രിയനിഗ്രഹം ചെയ്യുവനും ആയിരുന്നു. |
| സർവ്വഭൂതാനാം | എല്ലാ പ്രാണികൾക്കും |
| ആത്മവത് | ആത്മാവിനെപ്പോലെ |
| ഏകഃ | ഏകനായ |
| പ്രിയ— സുഹൃത്തമഃ | പ്രിയങ്കരനും ഏററവും വലിയ ഹിതൈഷിയും ആയിരുന്നു. |

**32.** ദാസവത് സന്നതാര്യാങ്ഘ്രിഃ പിതൃവദ്ദീനവത്സലഃ
ഭ്രാതൃവത് സദൃശേ സ്നിഗ്ദ്ധോ ഗുരുഷ്വീശ്വരഭാവനഃ
വിദ്യാർത്ഥരൂപജന്മാഢ്യോ മാനസ്തംഭവിവർജ്ജിതഃ

| | |
|---|---|
| ദാസവത് | ഭൃത്യനെപ്പോലെ |
| സന്നതാ— ര്യാങ്ഘ്രിഃ | സജ്ജനപാദങ്ങളിൽ കുമ്പിടുന്നവനും |
| പിതൃവത് | മാതാപിതാക്കളെപ്പോലെ |
| ദീനവത്സലഃ | പാവങ്ങളിൽ വാത്സല്യം മുള്ളവനും ആയിരുന്നു. |
| സദൃശേ | തനിക്കൊത്തവനിൽ |
| ഭ്രാതൃവത് | സഹോദരതുല്യം |
| സ്നിഗ്ദ്ധഃ | സ്നേഹമുള്ളവനും |
| ഗുരുഷു | ഗുരുജനങ്ങളിൽ |
| ഈശ്വര— ഭാവനഃ | ഈശ്വരതുല്യമായ സങ്കല്പമുള്ളവനും ആയിരുന്നു. |
| വിദ്യാർത്ഥരൂപ ജന്മാഢ്യഃ | അറിവും അർത്ഥവും അഴകും ആഭിജാത്യവും കൊണ്ടു സുസമ്പന്നനാണെങ്കിലും |
| മാനസ്തംഭ— വിവർജ്ജിതഃ | അഭിമാനവും അഹങ്കാരവും കൈവിട്ടവനുമായിരുന്നു. |

**33.** നോദ്വിഗ്നചിത്തോ വ്യസനേഷു നിഃസ്പൃഹഃ
ശ്രുതേഷു ദൃഷ്ടേഷു ഗുണേഷ്വവസ്തുദൃക്
ദാന്തേന്ദ്രിയ പ്രാണശരീരധീഃ സദാ
പ്രശാന്തകാമോ രഹിതാസുരോഽസുരഃ

| | |
|---|---|
| വ്യസനേഷു | ആപത്തുകൾ നേരിടുമ്പോൾ |
| നോദ്വിഗ്ന— ചിത്തഃ | അമ്പരക്കാത്ത ചിത്തത്തോടുകൂടിയവനും |

| | | | |
|---|---|---|---|
| ശ്രുതേഷു | കേൾക്കപ്പെട്ടവയും | സദാ | എല്ലാകാലത്തും |
| ദൃഷ്ടേഷു | കാണപ്പെട്ടവയുമായ | പ്രശാന്തകാമഃ | ഒതുക്കംവന്ന അഭിലാഷകളോട് കൂടിയവനുമായിരുന്നു. |
| ഗുണേഷു | പ്രാപഞ്ചിക വിഷയങ്ങളിൽ | | |
| അവസ്തുദൃക് | വാസ്തവികത്വം കാണാത്തവനും | അസുരഃ | ജന്മനാ അസുരനാണെങ്കിലും |
| നിഃസ്പൃഹഃ | (തന്മൂലം) അവയിൽ ആഗ്രഹമില്ലാത്തവനും | രഹിതാസുരഃ | ആസുരഭാവമില്ലാവനുമായിരുന്നു. |
| ദാന്തേന്ദ്രിയ—പ്രാണ ശരീരധീഃ | ഇന്ദ്രിയങ്ങൾ, പ്രാണങ്ങൾ, ശരീരം ബുദ്ധി വൃത്തികൾ എന്നിവയെ നിയന്ത്രിച്ചവനും | | |

34. **യസ്മിൻ മഹദ്ഗുണാ രാജൻ ഗൃഹ്യന്തേ കവിഭിർമുഹുഃ**
**ന തേഽധുനാപിധീയന്തേ യഥാ ഭഗവതീശ്വരേ**

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | കവിഭിഃ | കവികളാൽ |
| ഭഗവതി | സമഗ്രൈശ്വര്യാദിനിലയമായ | മുഹുഃ | അടിക്കടി |
| | | ഗൃഹ്യന്തേ | ഏററുചൊല്ലിയിരുന്നുവോ, |
| ഈശ്വരേ | ഈശ്വരനിൽ | തേ | അവ |
| യഥാ | ഏതുവിധം | അധുനാ | ഇപ്പോഴും |
| യസ്മിൻ | യാതൊരുവനിലുള്ള | ന അപി—ധീയന്തേ | തിരോധാനം ചെയ്യാതെ നിലനില്ക്കുന്നു. |
| മഹദ്ഗുണാഃ | ശ്രേഷ്ഠഗുണങ്ങൾ | | |

35. **യം സാധുഗാഥാസദസി രിപവോഽപി സുരാ നൃപ**
**പ്രതിമാനം പ്രകുർവന്തി കിമുതാന്യേ ഭവാദൃശാഃ**

| | | | |
|---|---|---|---|
| നൃപ | രാജാവേ ! | യം | യാതൊരുവനെ |
| സാധുഗാഥാ-സദസി | ഉത്തമഭക്തന്മാരെ വാഴ്ത്തിപ്പറയുന്ന സഭയിൽ | പ്രതിമാനം | ദൃഷ്ടാന്തമായി |
| | | പ്രകുർവന്തി | സ്വീകരിക്കമാറുണ്ട്. |
| രിപവഃ അപി | ശത്രുക്കളെന്നിരിക്കിലും കൂടി | ഭവാദൃശാഃ | അങ്ങയെപ്പോലെയുള്ള |
| | | അന്യേ | മററുള്ളവർ |
| സുരാഃ | ദേവന്മാർ | കിമുത | പറയേണ്ടതുണ്ടോ? |

36. **ഗുണൈരലമസംഖ്യേയൈർമ്മാഹാത്മ്യം തസ്യ സൂച്യതേ**
**വാസുദേവേ ഭഗവതി യസ്യ നൈസർഗികീ രതിഃ**

| | | | |
|---|---|---|---|
| അസംഖ്യേയൈഃ | എണ്ണിപ്പറയുവാനാവാത്ത | നൈസർഗികീ | ജന്മസിദ്ധമായ |
| ഗുണൈഃ | ഗുണങ്ങളെക്കൊണ്ടുള്ള വിസ്താരം | രതിഃ | പരമപ്രേമം ഉണ്ടായിരുന്നു. |
| അലം | മതിയാക്കാം | തസ്യ | ആയതിൻെറ |
| ഭഗവതി | ഭഗവാനായ | മാഹാത്മ്യം | പാരമ്യം |
| വാസുദേവേ | ശ്രീവാസുദേവനിൽ | സൂച്യതേ | എന്നാൽ സവിസ്തരം പറയപ്പെടുന്നുണ്ട്. |
| യസ്യ | യാതൊരുവന്നു് (പ്രഹ്ലാദനു്) | | |

ഇനി ആറുശ്ലോകങ്ങളാൽ ആ പരമപ്രേമത്തിൻെറ പാരമ്യം വിസ്തരിക്കുന്നു.

**37.** **ന്യസ്തക്രീഡനകോ ബാലോ ജഡവത് തന്മനസ്തയാ**
**കൃഷ്ണഗ്രഹഗൃഹീതാത്മാ ന വേദ ജഗദീദൃശം**

| | | | |
|---|---|---|---|
| ബാലഃ | കൊച്ചുകുട്ടിയായിരുന്നവൻ | ന്യസ്തക്രീഡനകഃ | കളിപ്പാട്ടങ്ങളെല്ലാം ഉപേക്ഷിച്ച് |
| കൃഷ്ണഗ്രഹഗൃഹീതാത്മാ | ശ്രീകൃഷ്ണനാവുന്ന ഗ്രഹത്താൽ ആകൃഷ്ടമായ ചിത്തത്തോടുകൂടിയവനായിട്ട് | ജഡവത് | അചേതനവസ്തുപോലെയായി, |
| തന്മനസ്തയാ | തന്തിരുവടിയിൽത്തന്നെ മനസ്സ് ഏകാഗ്രമായിത്തീന്നതിനാൽ | ജഗത് | ലോകത്തെ |
| | | ഈദൃശം | ഈ വിധത്തിലുള്ളതായിട്ടു തന്നെ |
| | | ന വേദ | അറിഞ്ഞിരുന്നില്ല. |

**38.** **ആസീനഃ പര്യടന്നശ്നംശ്ശയാനഃ പ്രപിബൻ ബ്രുവൻ**
**നാനുസന്ധത്ത ഏതാനി ഗോവിന്ദപരിരംഭിതഃ**

| | | | |
|---|---|---|---|
| ഗോവിന്ദപരിരംഭിതഃ | ഭഗവാനാൽ ആശ്ലേഷിക്കപ്പെട്ട് ഏകീഭാവം പ്രാപിച്ചിരുന്ന | അശ്നൻ | ഉണ്ണുമ്പോഴും |
| (സഃ) | അവൻ | പ്രപിബൻ | കുടിക്കുമ്പോഴും, |
| ആസീനഃ | ഇരിക്കുമ്പോഴും, | ബ്രുവൻ | സംസാരിക്കുമ്പോഴും |
| പര്യടൻ | നടക്കുമ്പോഴും, | ഏതാനി | ഇവയെ (ഈ പ്രവൃത്തികളെ) |
| ശയാനഃ | കിടക്കുമ്പോഴും, | ന അനുസന്ധത്ത | അനുസന്ധാനം ചെയ്തിരുന്നില്ല (ശ്രദ്ധിച്ചിരുന്നില്ല) |

**39.** **ക്വചിദ്രുദതി വൈകുണ്ഠചിന്താശബലചേതനഃ**
**ക്വചിദ്ധസതി തച്ചിന്താഹ്ലാദ ഉദ്ഗായതി ക്വചിത്**

| | |
|---|---|
| ക്വചിത് | ചിലനേരത്തു് |
| വൈകുണ്ഠ—ചിന്താ—ശബള—ചേതനഃ | ഭഗവാനെക്കുറിച്ചുള്ള വിചാരത്താൽ കലക്കം കൊണ്ട മനസ്സോടു കൂടിയവനായിട്ടു് |
| രുദതി | കരഞ്ഞിരുന്നു. |
| ക്വചിത് | ചിലനേരത്തു് |
| തച്ചിന്താഹ്ലാദഃ | തന്തിരുവടിയെക്കുറിച്ചുള്ള വിചാരത്താൽ ആനന്ദിതനായി |
| ഹസതി | ചിരിച്ചിരുന്നു. |
| ക്വചിത് | ചിലനേരത്തു് |
| ഉദ്ഗായതി | ഉറക്കെ പാടിയിരുന്നു. |

40. **നദതി ക്വചിദുത്കണ്ഠോ വിലജ്ജോ നൃത്യതി ക്വചിത്**
**ക്വചിത്തദ് ഭാവനായുക്തസ്തന്മയോऽനുചകാര ഹ**

| | |
|---|---|
| ക്വചിത് | ചിലപ്പോൾ |
| ഉത്കണ്ഠഃ | ഉച്ചസ്വരത്തോടെ |
| നദതി | ശബ്ദിച്ചിരുന്നു. |
| ക്വചിത് | ചിലപ്പോൾ |
| വിലജ്ജഃ | ലജ്ജവെടിഞ്ഞു് |
| നൃത്യതി | തുള്ളിക്കളിച്ചിരുന്നു. |
| ക്വചിത് | ചിലപ്പോൾ |
| തദ്ഭാവനായുക്തഃ | ഭഗവദ്ഭാവനയോടു കൂടിയവനായി |
| തന്മയഃ | തന്മയീഭാവത്തോടെ |
| അനുചകാര | ഭഗവല്ലീലകളെ അനുകരിരുന്നു. |
| ഹ | എന്തൊരാശ്ചര്യം! |

41. **ക്വചിദുത്പുളകസ്തൂഷ്ണീമാസ്തേ സംസ്പർശനിർവൃതഃ**
**അസ്പന്ദപ്രണയാനന്ദസലിലാമീലിതേക്ഷണഃ**

| | |
|---|---|
| ക്വചിത് | ചിലനേരത്തു് |
| സംസ്പർശ-നിർവൃതഃ | ഭാവനയാൽ ഭഗവാന്റെ അംഗസ്പർശം സിദ്ധിച്ചെന്ന ആനന്ദവായ്പോടു കൂടിയവനും |
| ഉത്പുളകഃ | രോമാഞ്ചം കൊണ്ടവനും |
| അസ്പന്ദ- | അചഞ്ചലമായ |
| പ്രണയാനന്ദ- | പ്രേമാനന്ദത്തിന്റെ |
| സലില- | കണ്ണുനീരാൽ |
| ആമീലിതേക്ഷണഃ | പാതിയടഞ്ഞ കണ്ണിണകളോടു കൂടിയനുമായിട്ടു് |
| തൂഷ്ണീം | മിണ്ടാതെ |
| ആസ്തേ | ഇരിക്കുമായിരുന്നു. |

42. **സ ഉത്തമശ്ലോകപദാരവിന്ദയോർ—**
**നിഷേവയാകിഞ്ചനസംഗലബ്ധയാ**
**തന്വൻ പരാം നിർവൃതിമാത്മനോ മുഹുർ—**
**ദുഃസംഗദീനാന്യമനഃശമം വ്യധാത്.**

| | |
|---|---|
| സഃ | അവൻ |
| അകിഞ്ചന-സംഗലബ്ധയാ | നിഷ്കാമന്മാരായ ഭക്തന്മാരുടെ സമ്പർക്കത്താൽ ലഭിച്ച |
| ഉത്തമശ്ലോക-പദാര-വിന്ദയോഃ | പുണ്യകീർത്തിയെഴുന്ന ശ്രീഹരിയുടെ പാദകമലങ്ങളിലുള്ള |
| നിഷേവയാ | നിരന്തരാനുധ്യാനത്താൽ |

| | | | |
|---|---|---|---|
| പരാം | പരമമായ | ദുഃസംഗദീനാ- ന്യമനഃശമം | ദുഷ്ടസംസർഗ്ഗത്താൽ മോശ പ്പെട്ടുപോയ അന്യന്മാക്കും മനഃശാന്തിയെ |
| നിർവൃതിം | ആനന്ദത്തെ | വ്യധാത് | ജനിപ്പിച്ചു. |
| മുഹുഃ | മേൽക്കുമേൽ | | |
| ആത്മനഃ | തനിക്കു് | | |
| തന്വൻ | ഉണ്ടാക്കിക്കൊണ്ടു് | | |

**43.** **തസ്മിൻ മഹാഭാഗവതേ മഹാഭാഗേ മഹാത്മനി**
**ഹിരണ്യകശിപൂ രാജന്നകരോദഘമാത്മജേ**

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ആത്മജേ | സ്വപുത്രനമായ |
| മഹാ-, ഭാഗവതേ | വലിയ ഭഗവദ് ഭക്തനും | തസ്മിൻ | അവനിൽ |
| | | ഹിരണ്യകശിപുഃ | ഹിരണ്യകശിപു |
| മഹാഭാഗേ | അതിഭാഗ്യവാനും | അഘം | വിദ്രോഹം |
| മഹാത്മനി | മഹാമനസ്സനും | അകരോത് | പ്രവൎത്തിച്ചു. |

യുധിഷ്ഠിര ഉവാച = ധൎമ്മപുത്രർ പറഞ്ഞു—

**44.** **ദേവർഷ ഏതദിച്ഛാമോ വേദിതും തവ സുവ്രത**
**യദാത്മജായ ശുദ്ധായ പിതാദാത് സാധവേ ഹ്യഘം.**

| | | | |
|---|---|---|---|
| സുവ്രത | സ്ഥിരവ്രതനായ | അദാത് | പ്രദാനം ചെയ്തു |
| ദേവർഷേ | ദേവർഷേ ! | യത് | എന്തു യാതൊന്നോ, |
| ശുദ്ധായ | വിശുദ്ധനും | ഏതത് | ഇതിനെക്കുറിച്ചു് |
| സാധവേ | സദാചാരനിരതനമായ | തവ | അങ്ങയുടെഅടുക്കൽ നിന്നു് |
| ആത്മജായ | പുത്രൻെറനേക്കു് | | |
| പിതാ ഹി | പിതാവുതന്നെ | വേദിതും | കേട്ടുധരിപ്പാൻ |
| അഘം | വിദ്രോഹത്തെ | ഇച്ഛാമഃ | ആഗ്രഹിക്കുന്നു. |

**45.** **പുത്രാൻ വിപ്രതികൂലാൻ സ്വാൻ പിതരഃ പുത്രവത്സലാഃ**
**ഉപാലഭന്തേ ശിക്ഷാൎത്ഥം നൈവാഘമപരോ യഥാ-**
**കിമുതാനുവശാൻ സാധൂംസ്താദൃശാൻ ഗുരുദൈവതാൻ**

| | | | |
|---|---|---|---|
| പുത്രവത്സലാഃ | പുത്രവാത്സല്യമുള്ള | ശിക്ഷാൎത്ഥം | നേർവഴിക്കു നടത്താനായി |
| പിതരഃ | പിതാക്കന്മാർ | | |
| വിപ്രതികൂലാൻ | മര്യാദതെററി നടക്കുന്ന | ഉപാലഭന്തേ | അധിക്ഷേപിക്കാറുണ്ടു്; |
| സ്വാൻ | സ്വന്തം | അപരഃ യഥാ | ശത്രുവെപ്പോലെ |
| പുത്രാൻ | മക്കളെ | അഘം | വിദ്രോഹത്തെ |

| | | | |
|---|---|---|---|
| ന ഏവ | ഒരിക്കലും ഏല്പിക്കമാറില്ല. | ഗുരു-ദൈവതാൻ | പിതാവിനെ ദൈവമായി കരുതുന്നവരുമായ |
| അനുവശാൻ | അനുകൂലഭാവത്തിൽ വത്തിക്കുന്നവനും | താദൃശാൻ | ആ പ്രഹ്ലാദനെപോലെയുള്ള മക്കളെപ്പററി |
| സാധൂൻ | സദാചാരനിരതന്മാരും | കിമുത | പിന്നെ പറയുവാനുണ്ടോ? |

46. ഏതത് കൗതൂഹലം ബ്രഹ്മന്നസ്മാകം വിധമ പ്രഭോ
പിതുഃ പുത്രായ യദ്ദ്വേഷോ മരണായ പ്രയോജിതഃ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മജ്ഞ! | പ്രയോജിതഃ | പ്രയോജകീഭവിച്ചു— |
| പ്രഭോ | ഹേ മഹാത്മൻ! | യത് | എന്നതുയാതൊന്നോ, |
| പിതുഃ | അച്ഛന് | ഏതത് | ഈ ദൃശമായ |
| പുത്രായ | മകൻെറ നേക്കുണ്ടായ | കൗതൂഹലം | കൗതുകത്തെ |
| ദ്വേഷഃ | വിരോധം | അസ്മാകം | ഞങ്ങൾക്ക് |
| പിതുഃ | പിതാവിൻെറ | വിധമ | നീക്കിത്തന്നാലും |
| മരണായ | മരണത്തിന്നു | | |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരണേ സപ്തമസ്കന്ധേ ചതുർത്ഥോऽധ്യായഃ
ആദിതഃ ശ്ലോകാഃ 192
സപ്തമസ്കന്ധത്തിൽ ഏഴാമധ്യായം കഴിഞ്ഞു.

# പഞ്ചമോऽധ്യായഃ = അധ്യായം അഞ്ച്

## പ്രഹ്ലാദവധാത്ഥം ഹിരണ്യകശിപുവിൻെറ വിഫലോദ്യമങ്ങൾ

"പഞ്ചമേ ഗുരുതോऽധീതം ത്യക്ത്വാ വിഷ്ണുസ്തുതൗ രതം
ഘാതയൻ ദ്വിപസർപ്പാദ്യൈഃ സുതം ദൈത്യോ ന ചാശകത്."

ഗുരുനാഥന്മാർ ചൊല്ലിക്കൊടുത്തതിനെ തള്ളിക്കളഞ്ഞു് വിഷ്ണുസ്തുതിയിൽമാത്രം ആസക്തനായിത്തീന്ന പുത്രനെ ആനകളെക്കൊണ്ടും പാമ്പുകളെക്കൊണ്ടും മററും വകവരുത്തുവാൻ വേണ്ടി ഹിരണ്യകശിപു ചെയ്ത വിഫലപ്രയത്നങ്ങളുടെ കഥ ഈ അഞ്ചാം അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്നു.

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു.

1. പൗരോഹിത്യായ ഭഗവാൻ വൃതഃ കാവ്യഃ കിലാസുരൈഃ
ശണ്ഡാമർക്കൗ സുതൗ തസ്യ ദൈത്യരാജഗൃഹാന്തികേ

| | | | |
|---|---|---|---|
| ഭഗവാൻ | ജ്ഞാന വിജ്ഞാനാദി സമ്പന്നനായ | തസ്യ | അദ്ദേഹത്തിന്റെ |
| കാവ്യഃ | ശുക്രമഹർഷി | സുതൗ | പുത്രന്മാരായ |
| അസുരൈഃ | അസുരന്മാരാൽ | ശണ്ഡാമർക്കൗ | ശണ്ഡനും അമർക്കനും |
| പൗരോഹിത്യായ | പൗരോഹിത്യത്തിനു വേണ്ടി | ദൈത്യരാജ— ഗൃഹാന്തികേ | ഹിരണ്യകശിപുവിന്റെ രാജഭവനത്തിന്റെ തൊട്ടടുത്ത് |
| വൃതഃ കില | വരിക്കപ്പെട്ടിരുന്നുവല്ലോ | (അവസതാം) | പാർത്തുവന്നിരുന്നു. |

**2. തൗ രാജ്ഞാ പ്രാപിതം ബാലം പ്രഹ്ലാദം നയകോവിദം**
**പാഠയാമാസതുഃ പാഠ്യാനന്യാംശ്ചാസുരബാലകാൻ.**

| | | | |
|---|---|---|---|
| തൗ | അവരിരുവരും | പ്രഹ്ലാദം | പ്രഹ്ലാദനേയും |
| രാജ്ഞാ | രാജാവിനാൽ | അന്യാൻ ച | വേറെയും ചില |
| പ്രാപിതം | കൊണ്ടുചെന്നേല്പിച്ചു കൊടുക്കപ്പെട്ട | അസുര— ബാലകാൻ | അസുര ബാലകന്മാരേയും |
| ബാലം | ബാലനും | പാഠ്യാൻ | പഠിക്കേണ്ടുന്ന രാജ്യതന്ത്രാദി വിഷയങ്ങളെ |
| നയകോവിദം | നീതിവിശാരദനുമായ | പാഠയാമാസതുഃ | പഠിപ്പിച്ചുതുടങ്ങി |

**3. യത് തത്ര ഗുരുണാ പ്രോക്തം ശുശ്രുവേഽനുപപാഠ ച**
**ന സാധു മനസാ മേനേ സ്വപരാസദ്ഗ്രഹാശ്രയം**

| | | | |
|---|---|---|---|
| തത്ര | അവിടെ, ഗുരുകുലത്തിൽ വച്ച് | അനു | അനുസരിച്ച് |
| | | പപാഠ ച | പഠിക്കുകയും ചെയ്തിരുന്നു. |
| യത് | യാതൊന്ന് | സ്വപരാസദ്- ഗ്രഹാശ്രയം | പക്ഷേ, താനെന്നും അന്യനെന്നുമുള്ള മിഥ്യാബോധത്തിന് ആസ്പദമായ പാഠ്യവിഷയത്തെ |
| ഗുരുണാ | ഗുരുവിനാൽ | | |
| പ്രോക്തം | ചൊല്ലിക്കൊടുക്കപ്പെട്ടിരുന്നുവോ, | സാധു | ശരിയായിട്ടുള്ളതെന്ന് |
| (തത്) | അതിനെ | മനസാ | മനസ്സുകൊണ്ട് |
| ശുശ്രുവേ | കേൾക്കുകയും | ന മേനേ | കരുതിയിരുന്നില്ല. |

**4. ഏകദാസുരരാട് പുത്രമങ്കമാരോപ്യ പാണ്ഡവ**
**പപ്രച്ഛ കഥ്യതാം വത്സ മന്യതേ സാധു യദ്ഭവാൻ.**

| | | | |
|---|---|---|---|
| പാണ്ഡവ | ഹേ യുധിഷ്ഠിര ! | അങ്കം | മടിയിൽ |
| ഏകദാ | ഒരിക്കൽ | ആരോപ്യ | പിടിച്ചിരുത്തി |
| അസുരരാട് | അസുരരാജാവ് | പപ്രച്ഛ | ചോദിച്ചു — |
| പുത്രം | പുത്രനെ | വത്സ | "ഉണ്ണീ ! |

| | | | |
|---|---|---|---|
| കഥ്യതാം | പറയു, | സാധു | നല്ലതായിട്ട് |
| ഭവാൻ | നീ | മന്യതേ | കരുതുന്നു ? |
| യത് | ഏതൊന്നിനെ | | |

പ്രഹ്ളാദ ഉവാച = പ്രഹ്ളാദൻ പറഞ്ഞു—

5. **തത് സാധു മന്യേऽസുരവര്യ ദേഹിനാം**
**സദാ സമുദ്വിഗ്നധിയാമസദ്ഗ്രഹാത്**
**ഹിത്വാത്മപാതം ഗൃഹമന്ധകൂപം**
**വനം ഗതോ യദ്ധരിമാശ്രയേത**

| | | | |
|---|---|---|---|
| അസുരവര്യ | അസുരോത്തമ! | ഹിത്വാ | വീട്ടുകളഞ്ഞു്, |
| അസദ്ഗ്രഹാത് | മിഥ്യാഭിനിവേശം ഹേതുവായിട്ട് | വനം | കാട്ടിലേക്ക് |
| സദാ | എല്ലാനേരത്തും | ഗതഃ | പോയിട്ട |
| സമുദ്വിഗ്നധിയാം | സംഭ്രാന്തചിത്തരായി കഴിയുന്ന | ഹരിം | ശ്രീഹരിയെ |
| ദേഹിനാം | ശരീരികളുടെ | ആശ്രയേത | ഭജിക്കുക |
| ആത്മപാതം | ആത്മപതനത്തിനുതകുന്ന | യത് | എന്നതു യാതൊന്നോ |
| അന്ധകൂപം | പാഴ്ക്കിണറുപോലുള്ള | തത് | അതിനെ |
| ഗൃഹം | ഗാർഹിക ജീവിതത്തെ | സാധു | നല്ല കാര്യമായിട്ട് |
| | | മന്യേ | ഞാൻ കരുതുന്നു. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

6. **ശ്രുത്വാ പുത്രഗിരോ ദൈത്യഃ പരപക്ഷസമാഹിതാഃ**
**ജഹാസ ബുദ്ധിർബാലാനാം ഭിദ്യതേ പരബുദ്ധിഭിഃ**

| | | | |
|---|---|---|---|
| പരപക്ഷസമാഹിതാഃ | ശത്രുപക്ഷത്തിൽ നിലയുറച്ചിരിക്കുന്ന | ബാലാനാം | ''കുട്ടികളുടെ |
| പുത്രഗിരഃ | പുത്രവചനങ്ങളെ | ബുദ്ധിഃ | ഇളംബുദ്ധി |
| ശ്രുത്വാ | കേട്ടിട്ട് | പരബുദ്ധിഭിഃ | അന്യരുടെ ബുദ്ധികൗശലങ്ങളാൽ |
| ദൈത്യഃ | അസുരൻ | | |
| ജഹാസ | പൊട്ടിച്ചിരിച്ചു— | ഭിദ്യതേ | മാററിമറിക്കപ്പെടുന്നു'' |

പിന്നെ ഹിരണ്യകശിപു ബാലനെ രക്ഷിക്കാൻ ഏല്പ്പെടുത്തിയിരുന്ന അസുരഭടന്മാരോടു ആജ്ഞാപിക്കുന്നു.

7. **സമ്യഗ്വിധാര്യതാം ബാലോ ഗുരുഗേഹേ ദ്വിജാതിഭിഃ**
**വിഷ്ണുപക്ഷൈഃ പ്രതിച്ഛന്നൈർന ഭിദ്യേതാസ്യധീര്യഥാ**

| | | | |
|---|---|---|---|
| ഗുരുഗേഹേ | "ഗുരുഗൃഹത്തിൽ | അസ്യ ധീഃ | ഇവന്റെ ബുദ്ധി |
| വിഷ്ണുപക്ഷൈഃ | വിഷ്ണുപക്ഷക്കാരും | യഥാ ന ഭിദ്യേത | വ്യതിചലിക്കുവാൻ ഇടവരാത്ത വിധം |
| പ്രതിച്ഛന്നൈഃ | പ്രച്ഛന്ന വേഷധാരികളുമായ | ബാലഃ | കുമാരൻ |
| | | സമ്യക് | വേണ്ടും വിധം |
| ദ്വിജാതിഭിഃ | ബ്രാഹ്മണന്മാർമൂലം | വിധാര്യതാം | സൂക്ഷിക്കപ്പെടണം" |

**8.** **ഗൃഹമാനീതമാഹൂയ പ്രഹ്ളാദം ദൈത്യയാജകാഃ**
**പ്രശസ്യ ശ്ലക്ഷ്ണയാ വാചാ സമപൃച്ഛന്ത സാമഭിഃ**

| | | | |
|---|---|---|---|
| ദൈത്യ–യാജകാഃ | അസുരന്മാരുടെ ബ്രാഹ്മണ പുരോഹിതന്മാർ | ശ്ലക്ഷ്ണയാ | മൃദുവായ |
| ഗൃഹം | ഗൃഹത്തിലേക്കു് | വാചാ | വാക്കാൽ |
| ആനീതം | കൊണ്ടുചെന്നാക്കപ്പെട്ട | പ്രശസ്യ | പ്രശംസിച്ച് |
| പ്രഹ്ളാദം | പ്രഹ്ളാദനെ | സാമഭിഃ | സാമനയങ്ങളോടെ |
| ആഹൂയ | അരികെ വിളിച്ച് | സമപൃച്ഛന്ത | ചോദിച്ചു. |

**9.** **വത്സ പ്രഹ്ളാദ ഭദ്രം തേ സത്യം കഥയ മാ മൃഷാ**
**ബാലാനതി കുതസ്തുഭ്യം ഏഷ ബുദ്ധിവിപര്യയഃ**

| | | | |
|---|---|---|---|
| വത്സ | ഉണ്ണീ! | ബാലാൻ | കുട്ടികളെയെല്ലാം |
| പ്രഹ്ളാദ | പ്രഹ്ളാദ! | അതി | മറികടന്നതായ |
| തേ ഭദ്രം | നിനക്കു സ്വസ്തി. | ഏഷഃ | ഈ |
| സത്യം | നേരു് | ബുദ്ധി വിപര്യയഃ | ബുദ്ധിവൈപരീത്യം |
| കഥയ | പറയൂ; | തുഭ്യം | നിനക്കു് |
| മൃഷാ മാ | കളവരുതു്. | കുതഃ | എങ്ങുനിന്നുണ്ടായി? |

**10.** **ബുദ്ധിഭേദഃ പരകൃത ഉതാഹോ തേ സ്വതോഽഭവത്**
**ഭണ്യതാം ശ്രോതുകാമാനാം ഗുരൂണാം കുലനന്ദന**

| | | | |
|---|---|---|---|
| ബുദ്ധിഭേദഃ | ബുദ്ധിവൈപരീത്യം | അഭവത് | ഉണ്ടായതോ? |
| പരകൃതഃ | അന്യരാൽ ഉണ്ടാക്കപ്പെട്ടതാണോ? | കുലനന്ദന | സൽകുലജാതനായ ബാല |
| ഉതാഹോ | അതല്ല, | ശ്രോതു–കാമാനാം | കേട്ടറിവാൻ ആഗ്രഹിക്കുന്ന |
| തേ | നിനക്കു് | ഗുരൂണാം | ഗുരുജനങ്ങളോടു് |
| സ്വതഃ | സ്വതവേ | ഭണ്യതാം | പറയുക. |

പ്രഹ്ലാദ ഉവാച = പ്രഹ്ലാദൻ പറഞ്ഞു—

**11.** **സ്വഃ പരശ്ചേത്യസദ്ഗ്രാഹഃ പുംസാം യന്മായയാ കൃതഃ**
**വിമോഹിതധിയാം ദൃഷ്ടസ്തസ്മൈ ഭഗവതേ നമഃ**

| | | | |
|---|---|---|---|
| പുംസാം | ജനങ്ങൾക്ക് | വിമോഹിത— ധിയാം (വഃ) | വിമോഹിത ബുദ്ധികളായിരിക്കുന്ന ഭവാന്മാർക്ക് മാത്രം |
| സ്വഃ പരഃ ച ഇതി | താനെന്നും അന്യനെന്നുമുള്ള | ദൃഷ്ടഃ | അനുഭവപ്പെട്ടതാണ് (എനിക്കില്ല.) |
| അസദ്ഗ്രാഹഃ | തെറ്റായ ധാരണ | തസ്മൈ | ആ അചിന്ത്യമായാപതിയായ |
| യന്മായയാ | ഏതൊരുവന്റെ മായയാൽ | ഭഗവതേ | ഭഗവാനായിക്കൊണ്ട് |
| കൃതഃ | ഉണ്ടാക്കപ്പെട്ടതാണോ, | നമഃ | നമസ്കാരം. |
| (തന്മായയാ) | അവന്റെ മായയാൽത്തന്നെ | | |

ബുദ്ധിഭേദം പരകൃതമോ, സ്വയം ജാതമോ എന്ന ചോദ്യത്തിന്ന് സ്വപരഭേദം തനിക്കില്ലെന്ന പ്രഹ്ലാദൻ നല്കിയ സമാധാനം ഗുരുനാഥന്മാരെ ചൊടിപ്പിച്ചു. ''എടൊ അതുമിതും പുലമ്പാതെ, നിനക്കു ബുദ്ധിഭേദം ഉണ്ടാക്കിയവൻ ആരെന്നു പറയുക'' എന്നവർ ശാസിച്ചപ്പോൾ പ്രഹ്ലാദൻ നല്കിയ ഉത്തരം ഇനി മൂന്നു ശ്ലോകങ്ങൾ കൊണ്ടു പറയുന്നു—

**12.** **സ യദാനുവ്രതഃ പുംസാം പശുബുദ്ധിർ വിഭിദ്യതേ**
**അന്യ ഏഷ തഥാന്യോഽഹമിതി ഭേദഗതാസതീ**

| | | | |
|---|---|---|---|
| സഃ | ആ ഭഗവാൻ | അഹം അന്യഃ | ഞാൻ അന്യനെന്നും'' |
| യദാ | എപ്പോൾ | ഇതി | എന്നിങ്ങനെയുള്ള |
| അനുവ്രതഃ | അനുകൂലഭാവത്തിലിരിക്കുന്നവോ, | അസതീ | അയഥാർത്ഥവും |
| | | ഭേദഗതാ | ഭേദഭാവനാപരവുമായ |
| (തദാ) | അപ്പോൾ | പശുബുദ്ധിഃ | മൃഗീയബോധം |
| ഏഷഃ അന്യഃ | ''ഇവൻ അന്യനെന്നും | പുംസാം | മനുഷ്യർക്ക് |
| തഥാ | അതുപോലെ | ഭിദ്യതേ | വേരറ്റുപോകുന്നു. |

**13.** **സ ഏഷ ആത്മാ സ്വപരേത്യബുദ്ധിഭിർ—**
**ദുരത്യയാനുക്രമണോ നിരൂപ്യതേ**
**മുഹ്യന്തി യദ്വർത്മനി വേദവാദിനോ**
**ബ്രഹ്മാദയോ ഹ്യേഷ ഭിനത്തി മേ മതിം.**

| | | | |
|---|---|---|---|
| ദുരത്യയാ— നുക്രമണഃ | വിഷമംപിടിച്ച അനുസന്ധാനത്തോടെ ഇരിക്കുന്ന | ഏഷഃ ആത്മാ | ഈ ഏകമായ പരമാത്മതത്ത്വം |
| സഃ | ആ ഭഗവാനാവുന്ന | അബുദ്ധിഭിഃ | ബുദ്ധിഹീനന്മാരാൽ |

| | | | |
|---|---|---|---|
| സ്വപരേതി | താനെന്നും അന്യനെന്നും | മുഹ്യന്തി | ഉഴലുന്നുവോ, |
| നിരൂപ്യതേ | കരുതപ്പെട്ടിരിക്കുന്നു. | ഏഷഃ | ഈ ഭഗവാൻ |
| യദ്വർത്മനി | യാതൊരുവന്റെ മാർഗ്ഗാനുസന്ധാനത്തിൽ | മേ മതിം | എന്റെ ബുദ്ധിയെ |
| വേദവാദിനഃ | വേദജ്ഞന്മാരായ | ഭിനത്തി | അന്യരിൽനിന്ന് വേർതിരിച്ചു നിർത്തുന്നു. |
| ബ്രഹ്മാദയഃ ഹി | ബ്രഹ്മാദിദേവന്മാർ പോലും | | |

പരമാത്മതത്ത്വം നിർവികാരമാകയാൽ അതെങ്ങനെ ബുദ്ധിഭേദം വരുത്തുന്നു?— ഈ ആശങ്കയെ ഉത്തരശ്ലോകം കൊണ്ടു പരിഹരിക്കുന്നു.

**14. യഥാ ഭ്രാമ്യത്യയോ ബ്രഹ്മൻ സ്വയമാകർഷസന്നിധൗ**
**തഥാ മേ ഭിദ്യതേ ചേതശ്ചക്രപാണേര്യദൃച്ഛയാ.**

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രാഹ്മണോത്തമ! | തഥാ | അപ്രകാരം |
| യഥാ | എപ്രകാരം | മേ ചേതഃ | എന്റെ ചിത്തം |
| അയഃ | ഇരുമ്പ് | ചക്രപാണേഃ | ശ്രീഹരിയുടെ |
| ആകർഷ—സന്നിധൗ | അയസ്കാന്തത്തിന്റെ അടുക്കൽ | (സന്നിധൗ) | സന്നിധിയിൽ |
| സ്വയം | തന്നെത്താൻ | യദൃച്ഛയാ | അകാരണമായി |
| ഭ്രാമ്യതി | കറങ്ങുന്നുവോ, | ഭിദ്യതേ | ആകർഷിക്കപ്പെടുന്നു. |

നാരദ ഉവാച = ശ്രീ നാരദൻ പറഞ്ഞു —

**15. ഏതാവദ് ബ്രാഹ്മണായോക്ത്വാ വിരരാമ മഹാമതിഃ**
**തം നിർഭത്സ്യാഥ കുപിതഃ സ ദീനോ രാജസേവകഃ**

| | | | |
|---|---|---|---|
| മഹാമതിഃ | അതിബുദ്ധിമാനായ പ്രഹ്ലാദൻ | അഥ | അതിനെത്തുടർന്ന് |
| | | സഃ ദീനഃ | ആ പാവപ്പെട്ട |
| ഏതാവത് | ഇത്രമാത്രം | രാജസേവകഃ | രാജസേവകൻ |
| ബ്രാഹ്മണായ | പുരോഹിത ബ്രാഹ്മണനോട് | കുപിതഃ | കുപിതനായിട്ട് |
| | | തം | അവനെ |
| ഉക്ത്വാ | പറഞ്ഞ് | നിർഭത്സ്യ | കുറെ ശകാരിച്ച് |
| വിരരാമ | വിരമിച്ചു. | (ഉവാച) | ഇങ്ങനെ പറഞ്ഞു. |

**16. ആനീയതാമരേ വേത്രമസ്മാകമയശസ്കരഃ**
**കുലാംഗാരസ്യ ദുർബുദ്ധേശ്ചതുർത്ഥോഽസ്യോദിതോ ദമഃ**

| | | | |
|---|---|---|---|
| അരേ | എടോ! | കുലാംഗാരസ്യ | വംശത്തിനു തീക്കനലും |
| വേത്രം | ചൂരൽവടി | ദുർബുദ്ധേഃ | കെട്ടബുദ്ധിയുള്ളവനുമായ |
| ആനീയതാം | കൊണ്ടുവരു, | അസ്യ | ഇവന്നു് |
| (അയം) | ഇവൻ | ചതുർത്ഥഃ | നാലാമത്തെമുറയായ |
| അസ്മാകം | നമുക്കു് | ദമഃ | ദണ്ഡോപായമാണു് |
| അയശസ്കരഃ | ചീത്തപ്പേരുണ്ടാക്കുന്ന വനാണു്. | ഉദിതഃ | വിധിക്കപ്പെട്ടിരിക്കുന്നതു്. |

**17.** **ദൈതേയചന്ദനവനേ ജാതോയം കണ്ടകദ്രുമഃ**
**യന്മൂലോന്മൂലപരശോർവിഷ്ണോർനാളായിതോഽർഭകഃ**

| | | | |
|---|---|---|---|
| ദൈതേയ— ചന്ദനവനേ | അസുരന്മാരാവുന്ന ചന്ദന വൃക്ഷങ്ങളുടെ വനത്തിൽ | യന്മൂലോന്മൂല- പരശോഃ | അവയുടെ ഉന്മൂലനാശം വരുത്തുന്ന കോടാലി പോലെയുള്ള |
| ജാതഃ | ഉണ്ടായിത്തീൎന്ന | | |
| കണ്ടകദ്രുമഃ | മുൾമരമായിരിക്കുന്ന | വിഷ്ണോഃ | വിഷ്ണുവിന്നു് |
| അയം അർഭകഃ | ഈ ബാലൻ | നാളായിതഃ | തായപോലെയാണു് |

**18.** **ഇതി തം വിവിധോപായൈർഭീഷയംസ്തർജ്ജനാദിഭിഃ**
**പ്രഹ്ലാദം ഗ്രാഹയാമാസ ത്രിവർഗ്ഗസ്യോപപാദനം**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | തം പ്രഹ്ലാദം | ആ പ്രഹ്ലാദനെ |
| തർജ്ജനാദിഭിഃ | ശകാരവും താഡനവും മററുമായ | ത്രിവർഗ്ഗസ്യ | ധർമ്മാർത്ഥകാമസ്വരൂപമായ ത്രിവർഗ്ഗത്തിന്റെ |
| വിവധോ— പായൈഃ | പല മട്ടിലുള്ള ഉപായങ്ങളാൽ | ഉപപാദനം | തത്വ നിർദ്ധാരണം ചെയ്യുന്ന ശാസ്ത്രം |
| ഭീഷയൻ | പേടിപ്പെടുത്തിക്കൊണ്ടു് | ഗ്രാഹയാമാസ | അഭ്യസിപ്പിച്ചു. |

**19.** **തത ഏനം ഗുരുർജ്ഞാത്വാ ജ്ഞാതജ്ഞേയചതുഷ്ടയം**
**ദൈത്യേന്ദ്രം ദർശയാമാസ മാതൃമൃഷ്ടമലംകൃതം.**

| | | | |
|---|---|---|---|
| തതഃ | അനന്തരം | മാതൃമൃഷ്ടം | മാതാവിനാൽ തേച്ചു കുളിപ്പിക്കപ്പെട്ട |
| ഗുരുഃ | ആചാര്യൻ | | |
| ഏനം | ഇവനെ | അലംകൃതം | ആടയാഭരണങ്ങൾ ധരിപ്പിച്ചു മോടി വരുത്തപ്പെട്ട |
| ജ്ഞാത— ജ്ഞേയ— ചതുഷ്ടയം | അറിയേണ്ടുന്ന സാമാദി നാലുപായങ്ങളും അറിഞ്ഞു കഴിഞ്ഞവനെന്നു് | ദൈത്യേന്ദ്രം | അസുരാധിപന്റെ അടുക്കൽ |
| ജ്ഞാത്വാ | ധരിച്ചിട്ടു്, | ദർശയാമാസ | പ്രദർശിപ്പിച്ചു. |

**20.** **പാദയോഃ പതിതം ബാലം പ്രതിനന്ദ്യാശിഷാസുരഃ**
**പരിഷ്വജ്യ ചിരം ദോർഭ്യാം പരമാമാപ നിർവൃതിം.**

| | | | |
|---|---|---|---|
| അസുരഃ | ഹിരണ്യകശിപു | ദോർഭ്യാം | ഇരുകരങ്ങളാലും |
| പാദയോഃ | കാല്ക്കൽ | ചിരം | ഒട്ടുനേരം |
| പതിതം | വീണുനമസ്കരിച്ച | പരിഷ്വജ്യ | കെട്ടിപ്പിടിച്ച് |
| ബാലം | കുമാരനെ | പരമാം | ആത്യന്തികമായ |
| ആശിഷാ | ആശീർവാദത്തോടെ | നിർവൃതിം | ആനന്ദത്തെ |
| പ്രതിനന്ദ്യ | അഭിനന്ദിച്ച്, | ആപ | പ്രാപിച്ചു. |

**21.** **ആരോപ്യാങ്കമവഘ്രായ മൂർദ്ധന്യശ്രുകലാംബുഭിഃ**
**ആസിഞ്ചൻ വികസദ്വക്ത്രമിദമാഹ യുധിഷ്ഠിര**

| | | | |
|---|---|---|---|
| യുധിഷ്ഠിര | ഹേ യുധിഷ്ഠിര! | അശ്രു—കലാംബുഭിഃ | സന്തോഷംകൊണ്ടുള്ള കണ്ണീർക്കണങ്ങളാൽ |
| അങ്കം | മടിയിലേക്ക | ആസിഞ്ചൻ | അഭിഷേചിച്ചുകൊണ്ട് |
| ആരോപ്യ | പിടിച്ചിരുത്തി, | വികസദ്—വക്ത്രം | തെളിവാന്ന മുഖത്തോടു കൂടെ |
| മൂർദ്ധനി | നെറുകയിൽ | | |
| അവഘ്രായ | മുകന്ന്, | ഇദം ആഹ | ഇങ്ങനെ പറഞ്ഞു. |

ഹിരണ്യകശിപുരുവാച = ഹിരണ്യകശിപു പറഞ്ഞു —

**22.** **പ്രഹ്ലാദാനൂച്യതാം താത സ്വധീതം കിഞ്ചിദുത്തമം**
**കാലേനേതാവതായുഷ്മൻ യദശിക്ഷദ്ഗുരോർഭവാൻ**

| | | | |
|---|---|---|---|
| താത | വത്സ! | യത് | എന്തെല്ലാം |
| പ്രഹ്ലാദ | പ്രഹ്ലാദ! | അശിക്ഷത് | അഭ്യസിച്ചുവോ, |
| ആയുഷ്മൻ | ആയുഷ്മാനേ! | സ്വധീതം | അതിൽ നന്നായി |
| ഭവാൻ | നീ | | പഠിച്ചുറപ്പിച്ച |
| ഏതാവതാ | ഇത്രയും | ഉത്തമം | ഏററവും നല്ല |
| കാലേന | കാലം കൊണ്ട് | കിഞ്ചിത് | ഏതെങ്കിലുമൊന്ന് |
| ഗുരോഃ | ഗുരുവിൽനിന്ന് | അനൂച്യതാം | ചൊല്ലിക്കേൾപ്പിക്ക. |

പ്രഹ്ലാദ ഉവാച = പ്രഹ്ലാദൻ പറഞ്ഞു—

**23.** **ശ്രവണം കീർത്തനം വിഷ്ണോഃ സ്മരണം പാദസേവനം**
**അർച്ചനം വന്ദനം ദാസ്യം സഖ്യമാത്മനിവേദനം**

**24.** **ഇതിപുംസാർപ്പിതാ വിഷ്ണൗ ഭക്തിശ്ചേന്നവലക്ഷണാ**
**ക്രിയതേ ഭഗവത്യദ്ധാ തന്മന്യേഽധീതമുത്തമം**

| | | | |
|---|---|---|---|
| വിഷ്ണോഃ | വിഷ്ണുഭഗവാൻെറ | നവലക്ഷണാ | ഒമ്പതു ലക്ഷണങ്ങളോടു കൂടിയ |
| ശ്രവണം | മാഹാത്മ്യം ശ്രവിക്കുക, | ഭക്തിഃ | ഭക്തി |
| കീർത്തനം | കീർത്തിക്കുക, | പുംസാ | ഒരുവനാൽ |
| സ്മരണം | സ്മരിക്കുക, | ഭഗവതി | സമഗ്രൈശ്വര്യാദിഷഡ് ഗുണസമ്പന്നനായ |
| പാദസേവനം | പാദശുശ്രൂഷ ചെയ്യുക, | വിഷ്ണൗ | ശ്രീവിഷ്ണുവിൽ |
| അർച്ചനം | പൂജിക്കുക, | അദ്ധാ | ശരിയാംവിധം |
| വന്ദനം | വണങ്ങുക, | അർപ്പിതാ | സമർപ്പിതമായിട്ട് |
| ദാസ്യം | സമസ്തകർമ്മങ്ങളും അടിയറവയ്ക്കുക, | ക്രിയതേ ചേത് | പ്രവർത്തിപ്പിക്കപ്പെടുകയാണെങ്കിൽ |
| സഖ്യം | മിത്രഭാവത്തിൽ വിശ്വസിക്കുക, | തത് | അതിനെതന്നെ |
| ആത്മ—നിവേദനം | മമതാഭിമാനം വിട്ട് സ്വദേഹത്തെ ഭഗവാനിലർപ്പിക്കുക | അധീതം | അഭ്യസനത്തെ |
| | | ഉത്തമം | അതിവിശിഷ്ടമെന്ന് |
| ഇതി | ഇങ്ങനെ | മന്യേ | ഞാൻ കരുതുന്നു. |

പക്ഷേ ഇത്തരത്തിലുള്ള ഒരു വിശിഷ്ടാധ്യയനം, അഥവാ അഭ്യസനം ഈ ഗുരുവിൽനിന്നു തനിക്കു ലഭിച്ചിട്ടില്ലെന്ന സൂചനയും ഇപ്പറഞ്ഞതിൽ അടങ്ങിയിരിക്കുന്നു.

**25.** **നിശമ്യൈതത്സുതവചോ ഹിരണ്യകശിപുസ്തദാ**
**ഗുരുപുത്രമുവാചേദം രുഷാ പ്രസ്ഫുരിതാധരഃ**

| | | | |
|---|---|---|---|
| ഏതത് | ഈ | ഹിരണ്യ—കശിപുഃ | ഹിരണ്യകശിപു |
| സുതവചഃ | പുത്രവാക്യത്തെ | തദാ | തൽസമയം |
| നിശമ്യ | കേട്ട് | ഗുരുപുത്രം | ഗുരുപുത്രനോട് |
| രുഷാ | കോപത്താൽ | ഇദം | ഇങ്ങനെ |
| പ്രസ്ഫുരിതാ-ധരഃ | ചുണ്ടുവിറച്ചവനായിത്തീർന്ന് | ഉവാച | പറഞ്ഞു. |

**26.** **ബ്രഹ്മബന്ധോ കിമേതത്തേ വിപക്ഷം ശ്രയതാഽസതാ**
**അസാരം ഗ്രാഹിതോ ബാലോമാമനാദൃത്യ ദുർമ്മതേ**

| | | | |
|---|---|---|---|
| ബ്രഹ്മബന്ധോ | ബ്രാഹ്മണാധമ! | തേ | നിന്നാൽ |
| ഏതാത് കിം | ഇതെന്ത്? | മാം | എന്നെ |
| ദുർമ്മതേ | എടോ ദുഷ്ടബുദ്ധേ! | അനാദൃത്യ | ധിക്കരിച്ച് |
| വിപക്ഷം | എൻെറ എതിരാളിയെ | ബാലഃ | ഈ ബാലൻ |
| ശ്രയതാ | ആശ്രയിക്കുന്ന | അസാരം | സാരമില്ലാത്തതിനെ |
| അസതാ | അറുചീത്തയായ | ഗ്രാഹിതഃ | ഗ്രഹിപ്പിക്കപ്പെട്ടു. |

ഗുരുനാഥൻ ബാലനെ ഗ്രഹിപ്പിച്ചതു് അസാരം (സാരമില്ലാത്തതു്) ആയിരുന്നു. വാസ്തവത്തിൽ ബാലൻ സ്വയം ഗ്രഹിച്ചതും അസാരം തന്നെ. ഇതേക്കാൾ സാരമായിട്ടു മറെറാന്നില്ല (ന വിദ്യതേ സാരം യസ്മാത്) എന്ന അർത്ഥഭേദത്തോടെയാണെന്നു മാത്രം.

27. സന്തി ഹ്യസാധവോ ലോകേ ദുർമ്മൈത്രാശ്ഛദ്മവേഷിണഃ
തേഷാമുദേത്യഘം കാലേ രോഗഃ പാതകിനാമിവ

| | | | |
|---|---|---|---|
| ദുർമ്മൈത്രാഃ | കപടസ്നേഹം നടിച്ചുകൊണ്ടു് | തേഷാം | അവരുടെ |
| ഛദ്മവേഷിണഃ | കള്ളവേഷം പൂണ്ടുനടക്കുന്ന | അഘം | വിദ്വേഷബുദ്ധി |
| അസാധവഃ | പരവഞ്ചകന്മാർ | പാതകിനാം | മഹാപാപികളുടെ |
| ലോകേ | ലോകത്തിൽ | രോഗഃ ഇവ | രോഗമെന്നപോലെ |
| സന്തി ഹി | ഉണ്ടാകുമല്ലോ. | കാലേ | കാലാന്തരത്തിൽ |
| | | ഉദേതി | വെളിപ്പെടുന്നു. |

പൂർവ്വജന്മത്തിൽ ചെയ്ത ബ്രഹ്മഹത്യാദി മഹാപാതകങ്ങളുടെ അസത്ഫലം അനന്തരജന്മത്തിൽ വ്യാധിരൂപേണ പ്രത്യക്ഷപ്പെടുന്നപ്പോലെ, പുറമെ സൽഭാവംനടിച്ചു പെരുമാറുന്ന അസത്തുക്കളുടെ അകത്തുള്ള വിദ്വേഷബുദ്ധി സന്ദർഭവശാൽ ചില കാലത്തു് വെളിപ്പെടുമെന്നു സാരം.

ഗുരുപുത്ര ഉവാച = ഗുരുപുത്രൻ പറഞ്ഞു —

28. ന മത്പ്രണീതം ന പരപ്രണീതം
സുതോ വദത്യേഷ തവേന്ദ്രശത്രോ
നൈസർഗികീയം മതിരസ്യ രാജൻ
നിയച്ഛ മന്യും കദദാഃ സ്മ മാ നഃ

| | | | |
|---|---|---|---|
| ഇന്ദ്രശത്രോ | ഇന്ദ്രശത്രുവായ | അസ്യ | ഇവന്റെ |
| രാജൻ | രാജാവേ! | ഇയം മതിഃ | ഈ ബുദ്ധി |
| മത്പ്രണീതം | ഞാൻ പഠിപ്പിച്ചതു് | നൈസർഗികീ | ജന്മസിദ്ധമായതാണു്. |
| ന | അല്ല; | മന്യും | കോപത്തെ |
| പരപ്രണീതം | മറെറാരുവൻ പഠിപ്പിച്ചതു് | നിയച്ഛ | അടക്കിയാലും. |
| ന | അല്ല. | നഃ | ഞങ്ങൾക്കു് |
| തവ | അങ്ങയുടെ | കത് | കുററം |
| ഏഷഃ സുതഃ | ഈ പുത്രൻ തന്നെ | മാ സ്മ അദാഃ | തന്നുവയ്ക്കരുതു്. |
| വദതി | അതു പറയുന്നുണ്ടു്. | | |

ശ്രീനാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

29. **ഗുരുണൈവം പ്രതിപ്രോക്തോ ഭൂയ ആഹാസുരഃ സുതം**
**ന ചേദ്ഗുരുമുഖീയം തേ കുതോഽഭദ്രാസതീ മതിഃ**

| | | | |
|---|---|---|---|
| ഗുരുണാ | ഗുരുവിനാൽ | അഭദ്ര | നന്മകെട്ടവനേ ! |
| ഏവം | ഇപ്രകാരം | തേ | നിനക്കുണ്ടായ |
| പ്രതിപ്രോക്തഃ | പ്രതിവചിക്കപ്പെട്ട | ഇയം മതിഃ | ഈ ബുദ്ധി |
| അസുരഃ | ഹിരണ്യകശിപു | ഗുരുമുഖീന ചേത് | ഗുരുമുഖത്തിൽ നിന്നുള്ള തല്ലെങ്കിൽ |
| ഭൂയഃ | വീണ്ടും | | |
| സുതം | പുത്രനോട് | കുതഃ | എങ്ങുനിന്നുണ്ടായി ? |
| ആഹ | ചോദിച്ചു. | പ്രഹ്ലാദ ഉവാച | പ്രഹ്ലാദൻ പറഞ്ഞു — |

30. **മതിർന കൃഷ്ണേ പരതഃ സ്വതോ വാ**
**മിഥോഽഭിപദ്യേത ഗൃഹവ്രതാനാം**
**അദാന്തഗോഭിർവിശതാം തമിസ്രം**
**പുനഃ പുനശ്ചർവിതചർവ്വണാനാം.**

| | | | |
|---|---|---|---|
| അദാന്ത ഗോഭിഃ | അടക്കമില്ലാത്ത ഇന്ദ്രിയങ്ങൾ ഹേതുവായിട്ട് | ഗൃഹവ്രതാനാം | ഗൃഹസങ്കല്പം മാത്രം ഉള്ളവരുമായ ജനങ്ങൾക്ക് |
| തമിസ്രം | സംസൃതിചക്രമാവുന്ന ഘോരാന്ധകാരത്തിലേക്ക് | പരതഃ | അന്യനിൽ നിന്നോ, |
| | | സ്വതഃ | സ്വന്തമായോ, |
| | | മിഥഃ വാ | കൂട്ടുകെട്ടിൽനിന്നോ |
| വിശതാം | പ്രവേശിക്കുന്നവരും | കൃഷ്ണേ | ശ്രീകൃഷ്ണഭഗവാനിൽ |
| പുനഃ പുനഃ | വീണ്ടും വീണ്ടും | മതിഃ | ബുദ്ധി |
| ചർവ്വിത—ചർവ്വണാനാം | ചവച്ചതുതന്നെ ചവച്ചുകൊണ്ടിരിക്കുന്നവരും | ന അഭി—പദ്യേത | ചെന്നെത്തുക സംഭാവ്യമല്ല |

അതിനാൽ സംസൃതിചക്രത്തിൽ കറങ്ങിക്കൊണ്ടേ ഇരിക്കുന്ന അങ്ങയെപ്പോലുള്ളവർക്ക് കൃഷ്ണഭക്തിയുടെ ഉറവിടമേതെന്നു പറഞ്ഞാലും അറികയില്ലെന്നു വ്യംഗ്യം.

31. **ന തേ വിദുഃ സ്വാർത്ഥഗതിം ഹി വിഷ്ണും**
**ദുരാശയാ യേ ബഹിരർത്ഥമാനിനഃ**
**അന്ധാ യഥാന്ധൈരുപനീയമാനാ**
**വാചീശതന്ത്യാമുരുദാമ്നി ബദ്ധാഃ**

| | | | |
|---|---|---|---|
| ദുരാശയാഃ | വിഷയവാസനയാൽ ദൂഷിതമായ ചിത്തവൃത്തിയോടു ചേർന്നവരും | ബഹിരർത്ഥ-മാനിനഃ | ബാഹ്യലോകത്തെ യഥാർത്ഥമെന്നു കരുതുന്ന ബഹിർമ്മുഖന്മാരെ ഉപദേഷ്ടാക്കളായി സ്വീകരിക്കുന്നവരുമായ |

| | |
|---|---|
| യേ | യാവചിലരുണ്ടോ, |
| തേ | അവർ |
| സ്വാത്മ ഗതിം | തന്നിൽത്തന്നെ പുരുഷാത്ഥം കാണുന്നവരുടെ പ്രാപ്യസ്ഥാനമായ |
| വിഷ്ണും ഹി | ശ്രീഹരിയെ മാത്രം |
| ന വിദുഃ | അറിയുന്നില്ല |
| വാചി | വേദവാക്യസ്വരൂപമായ |
| ഈശതന്ത്യാം | ഈശ്വരനിമ്മിതമായ ദീഘരജ്ജുവിൽ |
| ഉരുദാമ്നി | വണ്ണാശ്രമനാമങ്ങളാവുന്ന അസംഖ്യം ചെറുകയറ്റിൽ |
| ബദ്ധാഃ | ബദ്ധരായ |
| (തേ) | അവർ |
| അന്ധൈഃ | അന്ധന്മാരാൽ |
| ഉപനീയമാനാഃ | വഴികാണിച്ചുകൊണ്ടുപോകപ്പെടുന്ന |
| അന്ധാഃ | അന്ധന്മാർ |
| യഥാ | എന്നപോലെ അബദ്ധത്തിൽ ചെന്നുചാടുന്നു |

32\. നൈഷാം മതിസ്താവദുരുക്രമാങ്ഘ്രിം
സ്പൃശത്യനത്ഥാപഗമോ യദത്ഥഃ
മഹീയസാം പാദരജോഭിഷേകം
നിഷ്കിഞ്ചനാനാം ന വൃണീത യാവത്.

| | |
|---|---|
| നിഷ്കിഞ്ചനാനാം | വിഷയാഭിമാനം വിട്ടുകളഞ്ഞ |
| മഹീയസാം | മഹാത്മക്കളുടെ |
| പാദരജോ—ഭിഷേകം | പാദധൂളികാംകൊണ്ടുള്ള വിശുദ്ധ സ്നാനത്തെ |
| യാവത് | എത്രകാലത്തോളം |
| ന വൃണീത | വരിക്കുന്നില്ലയോ, |
| താവത് | അത്രയും കാലം |
| ഏഷാം | ഇവരുടെ |
| മതിഃ | ബുദ്ധി |
| ഉരുക്രമാങ്ഘ്രിം | ശ്രീഹരിയുടെ പാദത്തെ |
| ന സ്പൃശതി | സ്പശിക്കയില്ല |
| അനത്ഥാ—പഗമഃ | അനത്ഥത്തിൻെറ അപഗമം (സംസാര നിമ്മുക്തി) |
| യദത്ഥഃ | ഹരിപാദസ്പശത്താൽ യാതൊരു ബുദ്ധിക്കുണ്ടാവുന്ന നേട്ടമത്രേ. |

33\. ഇത്യുക്ത്വോപരതം പുത്രം ഹിരണ്യകശിപു രുഷാ
അന്ധീകൃതാത്മാ സ്വോത്സംഗാന്നിരസ്യത മഹീതലേ

| | |
|---|---|
| ഇതി | ഇങ്ങനെ |
| ഉക്ത്വാ | പറഞ്ഞു് |
| ഉപരതം | ഒതുങ്ങിയിരുന്ന |
| പുത്രം | പുത്രനെ |
| രുഷാ | രോഷത്താൽ |
| അന്ധീ—കൃതാത്മാ | അന്ധമാക്കിത്തീത്ത ഉരംത്തടത്തോടുകൂടിയ |
| ഹിരണ്യ—കശിപുഃ | ഹിരണ്യകശിപു |
| സ്വോത്സം—ഗാത് | തൻെറ മടിയിൽനിന്നു് |
| മഹീതലേ | നിലത്തു് |
| നിരസ്യത | തള്ളിയിട്ടു. |

34\. ആഹാമഷരുഷാവിഷ്ടഃ കഷായീഭൂതലോചനഃ
വധ്യതാമാശ്വയം വധ്യോ നിഃസാരയത നൈർഋതാഃ

| | | | |
|---|---|---|---|
| അമർഷരുഷാ | അമർഷം കലൎന്ന രോഷത്താൽ | നൈർഋതാഃ | ''രാക്ഷസരേ! |
| ആവിഷ്ടഃ | അഭിവ്യാപ്തനായി, | അയം | ഇവൻ |
| കഷായീഭൂത-ലോചനഃ | ചുവന്നുകലങ്ങിയ കണ്ണുകളോടു കൂടിയവനായിട്ട് | വധ്യഃ | വധാർഹനാണ്; |
| | | ആശു | ഉടനെ |
| | | വധ്യതാം | വധിക്കപ്പെടണം, |
| ആഹ | പറഞ്ഞു— | നിഃസാരയത | ദൂരെ കൊണ്ടുപോകിൻ |

35. **അയം മേ ഭ്രാതൃഹാ സോയം ഹിത്വാ സ്വാൻ സുഹൃദോഽധമഃ**
**പിതൃവ്യഹന്തുർയഃ പാദൗ വിഷ്ണോർദാസവദർച്ചതി**

| | | | |
|---|---|---|---|
| അയം | ഇവൻ | വിഷ്ണോഃ | വിഷ്ണുവിന്റെ |
| മേ | എന്റെ | പാദൗ | പാദങ്ങളെ |
| ഭ്രാതൃഹാ | സഹോദരഹന്താവാണ്. | ദാസവത് | അടിമയെപ്പോലെ |
| യഃ | യാതൊരുത്തൻ | അർച്ചതി | ആരാധിക്കുന്നു, |
| സുഹൃദഃ | സൗഹാർദ്ദമുള്ള | (അതഃ) | ആകയാൽ |
| സ്വാൻ | സ്വജനങ്ങളെ | അധമഃ | അതിനീചനായ |
| ഹിത്വാ | കൈവിട്ട് | അയം | ഇവൻ |
| പിതൃവ്യഹന്തുഃ | ഇളയച്ഛനെ കൊന്ന | സഃ | അവൻ (വിഷ്ണു) തന്നെ. |

36. **വിഷ്ണോർവാ സാധ്വസൗ കിം നു കരിഷ്യത്യസമഞ്ജസഃ**
**സൗഹൃദം ദുസ്ത്യജം പിത്രോരഹാദ്യഃ പഞ്ചഹായനഃ**

| | | | |
|---|---|---|---|
| അസമഞ്ജസഃ | വിശ്വസിക്കാൻ പറ്റാത്ത വിധം ബുദ്ധി കെട്ടിരിക്കുന്ന | പഞ്ചഹായനഃ | അഞ്ചുവയസ്സുമാത്രം പ്രായമുള്ള |
| | | യഃ | യാതൊരു ബാലൻ |
| അസൗ | ഇവൻ | പിത്രോഃ | മാതാപിതാക്കന്മാരെ സംബന്ധിച്ച |
| വിഷ്ണോഃ വാ | വിഷ്ണുവിന്നായാലും | ദുസ്ത്യജം | ത്യജിപ്പാനരുതാത്ത |
| കിം നു സാധു | എന്തുനല്ല കാര്യം | സൗഹൃദം | സ്നേഹത്തെ |
| കരിഷ്യതി | ചെയ്യാൻ പോകുന്നു? | അഹാത് | വിട്ടുകളഞ്ഞു. |

അഞ്ചു വയസ്സിൽത്തന്നെ മാതാപിതാക്കന്മാരുടെ സ്നേഹത്തെ ഇല്ലാതാക്കിയ ഇവൻ വിഷ്ണുവിന്നും വിശ്വാസയോഗ്യനായിരിക്കയില്ലെന്നു സാരം.

കുപുത്രഹത്യയ്ക്കു ദോഷമില്ലെന്നു താഴെ ഒരു ശ്ലോകംകൊണ്ട് ഉപപാദിക്കുന്നു.

37. **പരോഽപ്യപത്യം ഹിതകൃദ്യഥൗഷധം**
**സ്വദേഹജോപ്യാമയവത് സുതോഽഹിതഃ**
**ഛിന്ദ്യാത്തദംഗഃ യദുതാത്മനോഽഹിതം**
**ശേഷം സുഖം ജീവതി യദ്വിവർജ്ജനാത്.**

| | | | |
|---|---|---|---|
| പരഃ അപി | അന്യനായാലും | അഹിതം, | ദോഷകരമായി |
| ഔഷധം യഥാ | മരുന്നുപോലെ | | ത്തീരുന്നുവോ |
| ഹിതകൃത് | ഹിതകാരിയാണെങ്കിൽ | തത് അംഗം | ആ അവയവത്തെ |
| അപത്യം | പുത്രനാണ്; | ഛിന്ദ്യാത് | ഛേദിക്കണം., |
| അഹിതഃ | ഹിതകാരിയല്ലെങ്കിൽ | യദപി— വര്ജ്ജനാത് | അതിനെ മുറിച്ചു നീക്കിയതുകൊണ്ട് |
| സ്വദേഹജഃ | സ്വന്തം ഉടൽപ്പിറപ്പായ | | |
| സുതഃ അപി | പുത്രനായാലും | ശേഷം | അവശേഷിക്കുന്ന ദേഹം |
| ആമയവത് | വ്യാധിപോലെയാകുന്നു. | സുഖം | കേടുപാടില്ലാതെ |
| യത് | ഏതൊന്ന് | ജീവതി | നിലകൊള്ളുന്നു. |
| ഉത ആത്മനഃ | ആകെ ശരീരത്തിന്ന് | | |

38. **സര്വൈരുപായൈര്ഹന്തവ്യഃ സംഭോജശയനാസനൈഃ**
**സുഹൃല്ലിംഗധരഃ ശത്രുര്മുനേര്ദുഷ്ടമിവേന്ദ്രിയം**

| | | | |
|---|---|---|---|
| സുഹൃല്ലിംഗ— ധരഃ | ഇഷ്ടപ്പെട്ടവന്റെ വേഷം ചമഞ്ഞിട്ടുള്ള ഇവൻ | സംഭോജ- ശയനാസ- നൈഃ | ഉണ്ണുക, ഉറങ്ങുക, ഇരിക്കുക എന്നീ സന്ദർഭങ്ങളിലൂടേയും |
| ദുഷ്ടം | വിഷയലിപ്സയാൽ മലിനമായ | സര്വൈഃ | മറ്റെല്ലാം |
| ഇന്ദ്രിയം | ഇന്ദ്രിയം (ശ്രോത്രാദി) | ഉപായൈഃ | ഉപായങ്ങളിലൂടെയും |
| മുനേഃ ഇവ | മുനിക്കെന്നപോലെ | ഹന്തവ്യഃ | വധിക്കപ്പെടാവുന്നതാണ് |
| (മേ) ശത്രുഃ | എനിക്കു ശത്രുവായിരിക്കുന്നു. | | |

39. **നൈര്ഋതാസ്തേ സമാദിഷ്ടാ ഭര്ത്രാ വൈ ശൂലപാണയഃ**
**തിഗ്മദംഷ്ട്രകരാളാസ്യാസ്താമ്രശ്മശ്രുശിരോരുഹാഃ**

40. **നദന്തോ ഭൈരവാന്നാദാംശ്ഛിന്ധി ഭിന്ധീതി വാദിനഃ**
**ആസീനം ചാഹനഞ്ശൂലൈഃ പ്രഹ്ലാദം സര്വമര്മസു—**

| | | | |
|---|---|---|---|
| തിഗ്മദംഷ്ട്ര- കരാളാസ്യാഃ | കൊടിയ തേററകളാൽ ഭീകരമായ മുഖമുള്ളവരും | സമാദിഷ്ടാഃ | ആജ്ഞാപിക്കപ്പെട്ട് |
| | | ഭൈരവാൻ | ഭീഷണങ്ങളായ |
| താമ്രശ്മശ്രു- ശിരോരുഹാഃ | ചെമ്പിച്ച താടിമീശയും കേശവും ചേർന്നവരും | നാദാൻ | ശബ്ദങ്ങളെ |
| | | നദന്തഃ | ശബ്ദിച്ചുകൊണ്ടും |
| ശൂലപാണയഃ | കൈയിൽ ശൂലമേന്തിയവരുമായ | ഛിന്ധി | 'അറുക്കുക, |
| | | ഭിന്ധി | മുറിക്കുക' |
| തേ | ആ | ഇതി | എന്നൊക്കെ |
| നൈര്ഋതാഃ | രാക്ഷസന്മാർ | വാദിനഃ | പറഞ്ഞുകൊണ്ടും |
| ഭർത്രാ വൈ | രാജാവിനാൽ ശരിക്കും | ആസീനം | സ്വസ്ഥനായിരിക്കുന്ന |

| | | | |
|---|---|---|---|
| പ്രഹ്ളാദം | പ്രഹ്ളാദനെ | ശൂലൈഃ ച | ശൂലങ്ങളാലും മററും |
| സർവ്വമർമ്മസു | എല്ലാമർമ്മസ്ഥാനങ്ങളിലും | അഹനൻ | പ്രഹരിച്ചു. |

41. പരേ ബ്രഹ്മണ്യനിർദ്ദേശ്യേ ഭഗവത്യഖിലാത്മനി
യുക്താത്മന്യഫലാ ആസന്നപുണ്യസ്യേവ സത്ക്രിയാഃ

| | | | |
|---|---|---|---|
| ബ്രഹ്മണി | നിർവ്വികാരാത്മാവായി | യുക്താത്മനി | സമാഹിത ചിത്തനായി വർത്തിക്കുന്നവനിൽ (പ്രഹ്ളാദനിൽ) |
| അനിർദ്ദേശ്യേ | മനസ്സിനും വാക്കിനും വിഷയീഭവിക്കാത്തവനായി | അപുണ്യസ്യ | ഭാഗ്യമില്ലാത്തവൻെറ |
| ഭഗവതി | സവൈശ്വര്യമയനായി | സത് ക്രിയാഃ | മഹോദ്യങ്ങാം |
| അഖിലാത്മനി | സർവ്വാത്മാവും സർവ്വനിയന്താവുമായിരിക്കുന്ന | ഇവ | എന്നപോലെ |
| | | വിഫലാഃ | എല്ലാം വിഫലങ്ങളായി |
| പരേ | ഈശ്വരനിൽത്തന്നെ | ആസൻ | ഭവിച്ചു |

42. പ്രയാസേƒപഹതേ തസ്മിൻ ദൈത്യേന്ദ്രഃ പരിശങ്കിതഃ
ചകാര തദ്വധോപായാൻ നിർബന്ധേന യുധിഷ്ഠിര

| | | | |
|---|---|---|---|
| യുധിഷ്ഠിര | ധർമ്മപുത്രരാജാവേ! | ദൈത്യേന്ദ്രഃ | അസുരരാജാവ് |
| തസ്മിൻ | ആ | തദ്വധോപായാൻ | അവനെ കൊല്ലുവാനുള്ള മററുപായങ്ങളെ |
| പ്രയാസേ | പ്രയത്നം | | |
| അപഹതേ | വിഫലമായപ്പോാം | നിർബ്ബന്ധേന | വാശിയോടുകൂടി |
| പരിശങ്കിതഃ | ആശങ്കാഗ്രസ്തനായിത്തീൎന്ന | ചകാര | ചെയ്തുതുടങ്ങി |

43. ദിഗ്ഗജൈർദന്ദശൂകൈശ്ച അഭിചാരാവപാതനൈഃ
മായാഭിഃ സന്നിരോധൈശ്ച ഗരദാനൈരഭോജനൈഃ

44. ഹിമവായ്വഗ്നിസലിലൈഃ പർവ്വതാക്രമണൈരപി
ന ശശാക യദാ ഹന്തുമപാപമസുരഃ സുതം
ചിന്താം ദീർഘതമാം പ്രാപ്തസ്തത് കർത്തും നാഭ്യപദ്യത

| | | | |
|---|---|---|---|
| ദിഗ്ഗജൈഃ | ദിഗ്ഗജങ്ങളെക്കൊണ്ടും, | മായാഭിഃ | മായാവിദ്യകാംകൊണ്ടും, |
| ദന്ദശൂകൈഃ ച | വിഷപ്പാമ്പുകളെക്കൊണ്ടും | സന്നിരോധൈഃ ച | കുഴിയിലിട്ട് അടച്ചിട്ടതുകൊണ്ടും, |
| അഭിചാരാവപാതനൈഃ | കൃത്തികാദി ദുർഭൂതങ്ങളെക്കൊണ്ടും, ഉയരത്തുനിന്നു ഉരുട്ടിവീഴ്ത്തിയതുകൊണ്ടും | ഗരദാനൈഃ | വിഷംകൊടുത്തതുകൊണ്ടും, |
| | | അഭോജനൈഃ | പട്ടിണിക്കിട്ടതുകൊണ്ടും, |

| | | | |
|---|---|---|---|
| ഹിമവായ്വഗ്നി-സലിലൈഃ | മഞ്ഞ്-കാററ്-തീ-വെള്ളം എന്നിവ കൊണ്ടും, | ന ശശാക | അസമർത്ഥനായോ |
| പർവ്വതാക്രമണൈഃ അപി | മലമുകളിലേക്ക് പിടിച്ചെറിഞ്ഞതുകൊണ്ടും | (തദാ) | അപ്പോൾ |
| അപാപം | പാപരഹിതനായ | തത് | അതു് (പുത്രവധം) |
| സുതം | പുത്രനെ | കർത്തും | നിർവ്വഹിക്കാൻ |
| ഹന്തും | കൊല്ലുവാൻ | ന അഭ്യ-പദ്യത | സാധിച്ചില്ലെന്ന മനഃപ്രയാസത്താൽ |
| അസുരഃ | ഹിരണ്യകശിപു | ദീർഘതമാം | അതിദീർഘമായ |
| യദാ | എപ്പോൾ | ചിന്താം | ചിന്തയിലേക്ക് |
| | | പ്രാപ്തഃ | ചെന്നുകപ്പെട്ടു |

ഇനി മൂന്നു ശ്ലോകം കൊണ്ടു ആ ചിന്തയുടെ പോക്കിനെപ്പററി വിവരിക്കുന്നു—

45. **ഏഷ മേ ബഹ്വസാധൂക്തോ വധോപായാശ്ച നിർമ്മിതാഃ**
**തൈസ്തൈർദ്രോഹൈരസദ്ധർമ്മൈർമ്മുക്തഃ സ്വേനൈവ തേജസാ**

| | | | |
|---|---|---|---|
| ഏഷഃ | ഇവൻ | (കിംതു മേ) | എങ്കിലും എന്റെ |
| മേ | എന്നാൽ | തൈഃ തൈഃ | അതാതു് |
| ബഹു | ഒട്ടേറെ | ദ്രോഹൈഃ | ദ്രോഹങ്ങളിൽനിന്നും |
| അസാധു | ചീത്തവാക്കു് | അസദ്ധർമ്മൈഃ | ദുഷ്കൃത്യങ്ങളിൽനിന്നും |
| ഉക്തഃ | പറയപ്പെട്ടു; | സ്വേന | തന്റേതായ |
| വധോ-പായാഃ ച | വധത്തിനുള്ള വിവിധോപായങ്ങളും | തേജസാ ഏവ | പ്രാഭവംകൊണ്ടുതന്നെ |
| നിർമ്മിതാഃ | ഉണ്ടാക്കപ്പെട്ടു. | മുക്തഃ | രക്ഷപ്പെട്ടിരിക്കുന്നു. |

46. **വർത്തമാനോഽവിദൂരേ വൈ ബാലോപ്യജഡധീരയം**
**ന വിസ്മരതി മേഽനാര്യം ശുനഃശേപ ഇവ പ്രഭുഃ**

| | | | |
|---|---|---|---|
| അവിദൂരേ | അകലെയല്ലാതെ | അയം | ഇവൻ |
| വർത്തമാനഃ വൈ | ഇരിക്കുന്നവനെങ്കിലും | ശുനഃശേപഃ | ശുനഃശേപൻ |
| ബാലഃ അപി | ബാലനെങ്കിലും | ഇവ | എന്നപോലെ * |
| അജഡധീഃ | മനക്കരുത്തുള്ളവനും | മേ അനാര്യം | എന്റെ ദുർന്നയത്തെ |
| പ്രഭുഃ | കഴിവുള്ളവനുമായ | ന വിസ്മരതി | മറക്കുകയില്ല. |

* ശുനഃശേപനെ അവന്റെ അച്ഛൻ നരമേധം ചെയ്യുവാൻ ഹരിശ്ചന്ദ്രനു വിററു. വിശ്വാമിത്രൻ അവനെ രക്ഷിച്ചു. തന്മൂലം ആ ബാലൻ പിതൃവിരോധം വച്ചുകൊണ്ടു വിശ്വാമിത്രപക്ഷത്തിൽ ചേർന്നു.

47. **അപ്രമേയാനുഭാവോയമകുതശ്ചിദ്ഭയോഽമരഃ**
**നൂനമേതദ്വിരോധേന മൃത്യുർമ്മേ ഭവിതാ ന വാ**

| | | | |
|---|---|---|---|
| അയം | ഇവൻ | നൂനം | തീർച്ചയായും |
| അപ്രമേയാ-നുഭാവഃ | അളവറ്റ മാഹാത്മ്യത്തോടു കൂടിയവനും | ഏതദ്—വിരോധേന | ഇവനോടുള്ള വിരോധം ഹേതുവായിട്ടു് |
| അകുതശ്ചിത്-ഭയഃ | ഒന്നിൽനിന്നും ഭയമില്ലാത്തവനും | മേ മൃത്യുഃ | എനിക്കു മരണം |
| അമരഃ | മരണമില്ലാത്തവനുമാകുന്നു. | ഭവിതാ | സംഭവിക്കും, |
| | | ന വാ | മരിച്ചാകയില്ല. |

48. **ഇതി തം ചിന്തയാ കിഞ്ചിൻമ്ലാനശ്രിയമധോമുഖം**
**ശണ്ഡാമർക്കാവൗശനസൗ വിവിക്ത ഇതി ഹോചതുഃ**

| | | | |
|---|---|---|---|
| ഇതി | ഇങ്ങനെയുള്ള | തം | അവനെ |
| ചിന്തയാ | ചിന്തകൊണ്ടു് | ഔശനസൗ | ശുക്രാചാര്യരുടെ പുത്രന്മാരായ |
| കിഞ്ചിത് | ഏതാണ്ടൊന്നു് | ശണ്ഡാമർക്കൗ | ശണ്ഡാമർക്കന്മാർ |
| മ്ലാനശ്രിയം | കാന്തി മങ്ങിയും | വിവിക്തേ | ഏകാന്തത്തിൽവച്ചു്, |
| അധോമുഖം | മുഖം കുനിച്ചും സ്ഥിതി ചെയ്യുന്ന | ഇതി | ഈവിധം |
| | | ഊചതുഃ ഹ | പറഞ്ഞു ധരിപ്പിച്ചു, |

49. **ജിതം ത്വയൈകേന ജഗത്ത്രയം ഭ്രുവോർ—**
**വിജൃംഭണത്രസ്തസമസ്തധിഷ്ണ്യപം**
**ന തസ്യ ചിന്ത്യം തവ നാഥ ചക്ഷ്മഹേ**
**ന വൈ ശിശൂനാം ഗുണദോഷയോഃ പദം**

| | | | |
|---|---|---|---|
| ത്വയാ | അങ്ങയാൽ | തസ്യ | അങ്ങനെയുള്ള |
| ഏകേന | ഏകനായിട്ടുതന്നെ | തവ | അങ്ങയ്ക്കു് |
| ഭ്രുവോഃ | പുരികക്കൊടികളുടെ | ചിന്ത്യം | ചിന്തിക്കപ്പെടേണ്ടുന്ന യാതൊന്നും |
| വിജൃംഭണ-ത്രസ്തസമസ്ത-ധിഷ്ണ്യപം | സംചാലനത്താൽ നടുക്കം കൊണ്ടു സകലലോക പാലന്മാരോടും കൂടിയ | ന ചക്ഷ്മഹേ | കാണുന്നില്ല. |
| | | ശിശൂനാം | കുട്ടികളുടെ(കുസൃതിത്തരം) |
| ജഗത്ത്രയം | മൂന്നുലോകവും | ഗുണദോഷ-യോഃ | അവരുടെ ഗുണദോഷങ്ങൾക്കു് |
| ജിതം | ജയിക്കപ്പെട്ടിരിക്കുന്നു. | പദം ന വൈ | അടിസ്ഥാനമാകയില്ല. |
| നാഥ | പ്രഭോ! | | |

50. ഇമം തു പാശൈർവരുണസ്യ ബദ്ധ്വാ
നിധേഹി ഭീതോ ന പലായതേ യഥാ
ബുദ്ധിശ്ച പുംസോ വയസാര്യസേവയാ
യാവദ്ഗുരുർഭാർഗ്ഗവ ആഗമിഷ്യതി

| | |
|---|---|
| തു, ഇമം | എങ്കിലും, ഇവനെ |
| ഗുരുഃ | മുഖ്യഗുരുവായ |
| ഭാർഗ്ഗവഃ | ശുക്രാചാര്യർ |
| ആഗമിഷ്യതി യാവത് | വന്നുചേരുന്നതുവരേക്കും |
| വരുണസ്യ | വരുണന്റെ |
| പാശൈഃ | പാശങ്ങളാൽ |
| ബദ്ധ്വാ | ബന്ധിച്ച് |
| യഥാ ഭീതഃ ന പലായതേ | ഇവൻ പേടിച്ച് ഓടിപ്പോകാതിരിക്കത്തവിധം |
| വിധേഹി | സംവിധാനം ചെയ്യണം. |
| പുംസഃ | ഒരുവന്റെ |
| ബുദ്ധിഃ ച | ബുദ്ധിയും കൂടി |
| വയസാ | പ്രായംകൊണ്ടും |
| ആര്യ- സേവയാ | വിശിഷ്ടഗുരുജനങ്ങളുടെ സേവനം കൊണ്ടും നന്നായെന്നുവരും. |

51. തഥേതി ഗുരുപുത്രോക്തമനുജ്ഞായേദമബ്രവീത്
ധർമ്മാ ഹ്യസ്യോപദേഷ്ടവ്യാ രാജ്ഞാം യേ ഗൃഹമേധിനാം

| | |
|---|---|
| ഗുരു- പുത്രോക്തം | ഗുരുപുത്രന്മാരുടെ വാക്കിനെ |
| തഥാ ഇതി | ''അങ്ങനെയാകാം'' എന്നിങ്ങനെ |
| അനുജ്ഞായ | സമ്മതിച്ചശേഷം |
| ഇദം | ഇപ്രകാരം |
| അബ്രവീത് | പറഞ്ഞു— |
| ഗൃഹമേധിനാം | ''ഗൃഹസ്ഥന്മാരായ |
| രാജ്ഞാം | രാജാക്കന്മാർക്ക് |
| യേ | യാവചില |
| ധർമ്മാഃ | ധർമ്മങ്ങളുണ്ടോ, |
| (തേ) ഹി | അവമാത്രമേ |
| അസ്യ | ഇവന്ന് |
| ഉപദേഷ്ടവ്യാഃ | ഉപദേശിക്കപ്പെടേണ്ടതുള്ളു.'' |

52. ധർമ്മമർത്ഥം ച കാമം ച നിതരാം ചാനുപൂർവ്വശഃ
പ്രഹ്ലാദായോചതു രാജൻ പ്രശ്രിതാവനതായ ച

| | |
|---|---|
| രാജൻ | രാജാവേ, യുധിഷ്ഠിര! |
| ധർമ്മം | ധർമ്മത്തെയും, |
| അർത്ഥം ച | അർത്ഥത്തെയും, |
| കാമം ച | കാമത്തെയും |
| അനുപൂർവ്വശഃ | അനുക്രമമായും |
| നിതരാം ച | നല്ലപോലെയും. |
| പ്രശ്രിതാ- വനതായ | സുശീലനും അതിവിനമ്രനുമായ |
| പ്രഹ്ലാദായ | പ്രഹ്ലാദനായിക്കൊണ്ട് |
| ഊചതുഃ ച | (ഗുരുപുത്രന്മാർ) ചൊല്ലിക്കൊടുക്കയും ചെയ്തു. |

53. **യഥാ ത്രിവർഗ്ഗം ഗുരുഭിരാത്മനേ ഉപശിക്ഷിതം**
**ന സാധു മേനേ തച്ഛിക്ഷാം ദ്വന്ദ്വാരാമോപവർണ്ണിതാം**

| | | | |
|---|---|---|---|
| ഗുരുഭിഃ | ആചാര്യന്മാരാൽ | ദ്വന്ദ്വാരാമോപവർണ്ണിതം | രാഗദ്വേഷാദിദ്വന്ദ്വഭാവനകളിൽ സംതൃപ്തി തേടുന്ന അവരാൽ വിസ്തരിക്കപ്പെട്ട |
| ആത്മനേ | തനിക്ക് | | |
| യഥാ | ശരിയാംവണ്ണം | | |
| ഉപശിക്ഷിതം | ഉപദേശിക്കപ്പെട്ട | തച്ഛിക്ഷാം | ആ ശിക്ഷണത്തെയും |
| ത്രിവർഗ്ഗം | പുരുഷാർത്ഥത്രയത്തെയും | സാധു | നല്ലതെന്ന് |
| | | ന മേനേ | അവൻ കരുതിയില്ല. |

54. **യദാചാര്യഃ പരാവൃത്തോ ഗൃഹമേധീയകർമ്മസു**
**വയസ്യൈർബ്ബാലകൈസ്തത്ര സോപഹൂതഃ കൃതക്ഷണൈഃ**

| | | | |
|---|---|---|---|
| യദാ | എപ്പോഴാം | തത്ര | അവിടെ |
| ആചാര്യഃ | ആചാര്യൻ | കൃതക്ഷണൈഃ | കളിപ്പാൻ തരം കിട്ടിയ |
| ഗൃഹമേധീയകർമ്മസു | ഗൃഹസ്ഥോചിതങ്ങളായ നിത്യനൈമിത്തിക കർമ്മങ്ങൾക്കായി | വയസ്യൈഃ | സമപ്രായക്കാരായ |
| | | ബാലൈഃ | കിടാങ്ങളാൽ |
| | | സഃ | അവൻ |
| പരാവൃത്തഃ | സ്ഥലം വിട്ടിരുന്നുവോ, | ഉപഹൂതഃ | അടുക്കലേക്ക് |
| (തദാ) | അപ്പോഴാം | | വിളിക്കപ്പെട്ടു. |

55. **അഥ താൻ ശ്ലക്ഷ്ണയാ വാചാ പ്രത്യാഹൂയ മഹാബുധഃ**
**ഉവാച വിദ്വാംസ്തന്നിഷ്ഠാം കൃപയാ പ്രഹസന്നിവ**

| | | | |
|---|---|---|---|
| അഥ | അനന്തരം | പ്രത്യാഹൂയ | തിരികെ വിളിച്ച് |
| മഹാബുധഃ | മഹാജ്ഞാനിയായ പ്രഹ്ലാദൻ | തന്നിഷ്ഠാം | അവരുടെ നിലയെ |
| | | വിദ്വാൻ | അറിഞ്ഞുകൊണ്ട് |
| | | കൃപയാ | കരുണയോടെ |
| ശ്ലക്ഷ്ണയാ | മധുരമസൃണമായ | പ്രഹസൻ ഇവ | കുറഞ്ഞൊരു പുഞ്ചിരി തൂകിക്കൊണ്ട് |
| വാചാ | മൊഴിയാൽ | | |
| താൻ | അവരെ | ഉവാച | പറഞ്ഞു. |

56. **തേ തു തദ്ഗൗരവാത് സർവ്വേ ത്യക്തക്രീഡാപരിച്ഛദാഃ**
**ബാലാ നദൂഷിതധിയോ ദ്വന്ദ്വാരാമേരിതേഹിതൈഃ**

| | | | |
|---|---|---|---|
| തേ തു | അവരാകട്ടെ | തദ്ഗൗരവാത് | ആ പ്രഹ്ലാദനോടുള്ള ആദരാതിരേകത്താൽ |
| സർവ്വേ | എല്ലാവരും | | |

| | | | |
|---|---|---|---|
| ത്യക്ത-ക്രീഡാ-പരിച്ഛദാഃ | ത്യജിക്കപ്പെട്ട കളിസ്സാമാനങ്ങളോടു കൂടിയവരായിട്ടു നിലകൊണ്ടു. | ദ്വന്ദ്വാ-രാമേരിതേ-ഹിതൈഃ | രാഗദ്വേഷാദികളിൽ ആസക്തരായവരുടെ വാക്കിനാലും പ്രവൃത്തിയാലും |
| ബാലാഃ | കുട്ടികൾ | ദൂഷിതധിയഃ | വഷളാക്കപ്പെട്ട ചിത്തവൃത്തിയോടുകൂടിയവർ |
| | | ന (ആസൻ) | ആയിരുന്നില്ല. |

57. **പര്യുപാസത രാജേന്ദ്ര തന്ന്യസ്തഹൃദയേക്ഷണാഃ**
**താനാഹ കരുണോ മൈത്രോ മഹാഭാഗവതോഽസുരഃ**

| | | | |
|---|---|---|---|
| രാജേന്ദ്ര | മഹാരാജാവേ! | കരുണഃ | കാരുണികനും |
| തന്ന്യസ്ത-ഹൃദയേക്ഷണാഃ | ആ പ്രഹ്ലാദനിൽത്തന്നെ കണ്ണും കരളും അർപ്പിച്ചുകൊണ്ട് | മൈത്രഃ | മിത്രസ്നേഹമുള്ളവനും |
| | | മഹാ-ഭാഗവതഃ | മഹാനും ഭഗവദ്ഭക്തനുമായ |
| (ബാലാഃ) | കുട്ടികൾ | അസുരഃ | അസുരൻ (പ്രഹ്ലാദൻ) |
| പര്യുപാസത | ചുറ്റും ഇരിപ്പുറപ്പിച്ചു. | താൻ ആഹ | അവരോടു പറഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
പഞ്ചമോഽധ്യായഃ
ആദിതഃ ശ്ലോകാഃ 249
സപ്തമസ്കന്ധത്തിൽ അഞ്ചാമധ്യായം കഴിഞ്ഞു.

# ഷഷ്ഠോഽധ്യായഃ — അധ്യായം ആറ്

## സഹപാഠികൾക്കു പ്രഹ്ലാദന്റെ ഉപദേശം

"ഷഷ്ഠേ ഗുരൗ ഗൃഹവ്യഗ്രേ പ്രഹ്ലാദോ ദൈത്യബാലകാൻ
അനുകമ്പ്യ പരം തത്ത്വം നാരദോക്തമുപാദിശത്
നിരർത്ഥക ക്രിയാലാപൈരായുർ വ്യയമജാനതാം
പ്രഹ്ലാദഃ സദയം പ്രാഹ ധർമ്മം ഭാഗവതം കൃതീ"

ഗുരുനാഥൻ ഗൃഹകൃത്യത്തിലേർപ്പെട്ടിരിക്കേ, പ്രഹ്ലാദൻ അസുരബാലന്മാരെ അരികത്തു വിളിച്ചിരുത്തി, നാരദോക്തമായ അദ്ധ്യാത്മതത്ത്വം അവർക്ക് ഉപദേശിച്ച പ്രകാരത്തെ ഈ ആറാമധ്യായത്തിൽ പറയുന്നു. അർത്ഥശൂന്യമായ പ്രവൃത്തികളിലും വാദ

വിവാദങ്ങളിലും ഏർപ്പെട്ടു് ആയുഷ്കാലം പാഴായിപ്പോകുന്നതറിയാത്ത മൂഢജനങ്ങളെ അസുരബാലന്മാരെ നിമിത്തീകരിച്ച് പ്രഹ്ളാദൻ ഭാഗവതധർമ്മം ഉപദേശിക്കുന്നു.

പ്രഹ്ളാദ ഉവാച = പ്രഹ്ളാദൻ പറഞ്ഞു—

1. **കൗമാര ആചരേത് പ്രാജ്ഞോ ധർമ്മാൻ ഭാഗവതാനിഹ**
**ദുർല്ലഭം മാനുഷം ജന്മ തദപ്യധ്രുവമർത്ഥദം**

| | | | |
|---|---|---|---|
| പ്രാജ്ഞഃ | ബുദ്ധിയുള്ളവൻ | മാനുഷം | മനുഷ്യയോനിയിലുള്ള |
| ഇഹ | ഈ ലോകത്തിൽ | ജന്മ | ജനനം തന്നെ |
| കൗമാരേ | ചെറുപ്രായത്തിൽത്തന്നെ | ദുർല്ലഭം | ലഭിപ്പാൻ പ്രയാസം |
| ഭാഗവതാൻ | ഭഗവദ്ഭക്തിപരങ്ങളായ | തദപി | ലഭിച്ചാൽത്തന്നേയും |
| ധർമ്മാൻ | നിഷ്കാമകർമ്മങ്ങളെ | അധ്രുവം | ശാശ്വതവുമല്ല. |
| ആചരേത് | ചെയ്തുകൊള്ളണം. | അർത്ഥദം | എങ്കിലും പരമപുരു |
| (യതഃ) | എന്തെന്നാൽ, | | ഷാർത്ഥപ്രദമത്രേ. |

ഇപ്പറഞ്ഞതിനെ ഇനി നാലുശ്ലോകം കൊണ്ടു് ഉപപാദിക്കുന്നു.

2. **യഥാ ഹി പുരുഷസ്യേഹ വിഷ്ണോഃ പാദോപസർപ്പണം**
**യദേഷ സർവ്വഭൂതാനാം പ്രിയ ആത്മേശ്വരഃ സുഹൃത്**

| | | | |
|---|---|---|---|
| ഇഹ | ഈ ലോകത്തിൽ | ഏഷഃ | ഈ ഭഗവാൻ |
| പുരുഷസ്യ | മനുഷ്യജന്മം ലഭിച്ചവന്നു് | സർവ്വഭൂതാനാം | സകല ചരാചരങ്ങൾക്കും |
| വിഷ്ണോഃ | വിഷ്ണുഭഗവാന്റെ | പ്രിയഃ | പ്രിയംകരനും |
| പാദോ— പസർപ്പണം | തൃപ്പാദങ്ങളെ സമാശ്രയി ക്കുക എന്നതുമാത്രമേ | ആത്മാ | ആത്മാവും |
| യഥാ ഹി | യാഥാർത്ഥ്യമാകയുള്ളൂ. | ഈശ്വരഃ | നിയന്താവും |
| യത് | എന്തെന്നാൽ | സുഹൃത് | ഹിതൈഷിയും ആകുന്നു. |

പ്രാപഞ്ചിക സുഖാനുഭൂതിക്കുള്ള പരിശ്രമം ആവശ്യമില്ലെന്നു് ഇനി എടുത്തുപറയുന്നു.

3. **സുഖമൈന്ദ്രിയികം ദൈത്യാഃ ദേഹയോഗേന ദേഹിനാം**
**സർവ്വത്ര ലഭ്യതേ ദൈവാദ്യഥാ ദുഃഖമയത്നതഃ**

| | | | |
|---|---|---|---|
| ദൈത്യാഃ | അസുരബാലന്മാരേ! | ഐന്ദ്രിയകം | ഇന്ദ്രിയജന്യമായ |
| ദേഹിനാം | ശരീരികൾക്കു് | സുഖം | പ്രാപഞ്ചികസുഖം |
| ദേഹയോഗേന | ശരീരസംബന്ധം | അയത്നതഃ | പരിശ്രമമില്ലാതെ |
| | ഹേതുവായിട്ടു് | ദൈവാത് | പ്രാരബ്ധകർമ്മവശാൽ |

| | | | |
|---|---|---|---|
| ദുഃഖം യഥാ | പ്രാപഞ്ചികദുഃഖം ഏതുപോലെയോ, അതുപോലെ | സർവ്വത്ര | സാർവ്വത്രികമായിട്ട് |
| | | ലഭ്യതേ | കിട്ടുന്നുണ്ട്. |

4. **തത്പ്രയാസോ ന കർത്തവ്യോ യത ആയുർവ്വ്യയഃ പരം**
**ന തഥാ വിന്ദതേ ക്ഷേമം മുകുന്ദചരണാംബുജം**

| | | | |
|---|---|---|---|
| തത്പ്രയാസഃ | അതിനായി പരിശ്രമം | മുകുന്ദ— ചരണാംബുജം | ഭഗവൽപാദാരവിന്ദത്തെ (സമാശ്രയിച്ച്) |
| ന കർത്തവ്യഃ | ചെയ്യേണ്ടതില്ല. | | |
| യതഃ | യാതൊരു പരിശ്രമം കൊണ്ട് | (യഥാ) | എപ്രകാരം |
| | | ക്ഷേമം | ഭാവുകത്തെ |
| പരം | കേവലം | | |
| ആയുർവ്യയഃ | ആയുസ്സിൻെറ ദുരുപയോഗം മാത്രമാണ് ഉണ്ടാവുന്നത്. | വിന്ദതേ | സാധിക്കുന്നുവോ |
| | | തഥാ | അപ്രകാരം |
| | | ന | ഉണ്ടാകുന്നില്ല. |

5. **തതോ യതേത കുശലഃ ക്ഷേമായ ഭയമാശ്രിതഃ**
**ശരീരം പൗരുഷം യാവന്ന വിപദ്യേത പുഷ്കലം**

| | | | |
|---|---|---|---|
| തതഃ | ആകയാൽ | ന വിപദ്യേത | നാശരഹിതമായിട്ടിരിക്കാമോ, |
| ഭയം | സംസാരഭയത്തെ | | |
| ആശ്രിതഃ | പ്രാപിച്ചവൻ | (താവത്) | അത്രയും |
| പൗരുഷം | മാനുഷരൂപത്തിലിരിക്കുന്ന | | കാലത്തിനുള്ളിൽ |
| | | കുശലഃ | കെല്പുററവനായിട്ട് |
| ശരീരം | ദേഹം | ക്ഷേമായ | ആത്മീയ ഭാവുകത്തിനു വേണ്ടി |
| യാവത് | എത്രകാലംവരെ, | | |
| പുഷ്കലം | അരോഗദൃഢമായി | യതേത | പരിശ്രമിക്കണം. |

മനുഷ്യൻെറ ആയുഷ്കാലം അവനറിയാതെ തന്നെ കഴിഞ്ഞു പോകുന്നതെങ്ങനെയെന്ന് ഇനി മൂന്നു ശ്ലോകം കൊണ്ടു പറയുന്നു.

6. **പുംസോ വർഷശതം ഹ്യായുസ്തദർദ്ധം ചാജിതാത്മനഃ**
**നിഷ്ഫലം യദസൗ രാത്ര്യാം ശേതേऽന്ധം പ്രാപിതസ്തമഃ**

| | | | |
|---|---|---|---|
| പുംസഃ | മനുഷ്യൻെറ | അജിതാത്മനഃ | അനിയന്ത്രിതമനസ്സനായിരിക്കെ |
| ആയുഃ | പരമായുസ്സ് | | |
| വർഷശതം ഹി | നൂറുവർഷമാണല്ലോ. | നിഷ്ഫലം | വിഫലമായിത്തീരുന്നു |
| തദർദ്ധം ച | അതിൻെറ നേർപ്പകുതിയും | യത് | എന്തെന്നാൽ |

| | | | |
|---|---|---|---|
| അസൗ | ഇവൻ | തമഃ | അന്ധകാരത്തിലേക്കു് |
| രാത്ര്യാം | രാത്രിയിൽ | പ്രാപിതഃ | നയിക്കപ്പെട്ടു് |
| അന്ധം | ഗാഢമായ | ശേതേ | കിടന്നുറങ്ങുകയാണു് |

7. **മുഗ്ധസ്യ ബാല്യേ കൗമാരേ ക്രീഡതോ യാതി വംശതിഃ**
**ജരയാ ഗ്രസ്തദേഹസ്യ യാത്യകല്പസ്യ വിംശതിഃ**

| | | | |
|---|---|---|---|
| ബാല്യേ | ശൈശവത്തിൽ | ജരയാ | വാൎദ്ധക്യത്താൽ |
| മുഗ്ധസ്യ | ബുദ്ധിയുറയ്ക്കാത്തവനായും | ഗ്രസ്തദേഹ — സ്യ | ഗ്രസിക്കപ്പെട്ട ശരീര ത്തോടുകൂടി |
| കൗമാരേ | കൗമാരത്തിൽ | | |
| ക്രീഡതഃ | കളിയിലേർപ്പെട്ടവനായു മിരിക്കെ | അകല്പസ്യ | ഒന്നിനും ആകാത്തവനാ യിരിക്കെ |
| വിംശതിഃ | ഇരുപതു വർഷം | വിംശതിഃ | മറെറാരു ഇരുപതും |
| യാതി | നീങ്ങിപ്പോകുന്നു. | യാതി | കഴിഞ്ഞുപോകുന്നു |

8. **ദുരാപൂരേണ കാമേന മോഹേന ച ബലീയസാ**
**ശേഷം ഗൃഹേഷു സക്തസ്യ പ്രമത്തസ്യാപയാതി ഹി**

| | | | |
|---|---|---|---|
| ദുരാപൂരേണ | ദുഃഖങ്ങൾ ചുഴന്നു നിറയുന്ന | പ്രമത്തസ്യ | തന്നെത്താൻ മറന്നു കൊണ്ടു് |
| കാമേന | കാമത്താലും | ഗൃഹേഷു | ഗൃഹവൃത്തികളിൽ |
| | | സക്തസ്യ | ആസക്തനായിരിക്കെ |
| ബലീയസാ | സുശക്തമായ | ശേഷം ഹി | അവശിഷ്ടമായതും |
| മോഹേന ച | മോഹത്താലും | അപയാതി | കഴിഞ്ഞുപോകുന്നു. |

യൗവനത്തിൽ ഗൃഹാസക്തനായാലുംകൂടി പിന്നീടു് അനാസക്തനായിത്തീന്നു് ആത്മശ്രേയസ്സിന്നു യത്നിച്ചുകൂടെയോ എന്നാണെങ്കിൽ, അതു നടക്കാത്ത കാര്യമാകയാൽ കൗമാരത്തിൽത്തന്നെ ഭഗവദ്ഭജനം ആരംഭിക്കണമെന്നു് താഴെയുള്ള ശ്ലോകംകൊണ്ടു പറഞ്ഞുറപ്പിക്കുന്നു.

9. **കോ ഗൃഹേഷു പുമാൻ സക്തമാത്മാനമജിതേന്ദ്രിയഃ**
**സ്നേഹപാശൈർദൃഢൈർബദ്ധമുത്സഹേത വിമോചിതും.**

| | | | |
|---|---|---|---|
| അജിതേന്ദ്രിയഃ | ഇന്ദ്രിയങ്ങളെ കീഴൊതു ക്കാതെയുള്ള | സ്നേഹപാ— ശൈഃ | സ്നേഹപാശങ്ങളാൽ |
| കഃ പുമാൻ | ഏതൊരാരാം | ബദ്ധം | ബന്ധിക്കപ്പെട്ടതുമായ |
| ഗൃഹേഷു | കുടുംബകാര്യങ്ങളിൽ | ആത്മാനം | ആത്മാവിനെ |
| സക്തം | ആസക്തമായതും | വിമോചിതും | മോചിപ്പിക്കുവാൻ |
| ദൃഢൈഃ | ഉറപ്പുള്ള | ഉത്സഹേത | ഉദ്യമിക്കും? |

10. കോ ന്വർത്ഥതൃഷ്ണാം വിസൃജേത് പ്രാണേഭ്യോऽപി യ ഈപ്സിതഃ
യം ക്രീണാത്യസുഭിഃ പ്രേഷ്ഠൈസ്തസ്കരഃ സേവകോ വണിക്

| | | | |
|---|---|---|---|
| യം | യാതൊന്നിനെ | പ്രാണേഭ്യഃ അപി | ജീവനെക്കാളും |
| തസ്കരഃ | കവച്ചക്കാരനും | ഈപ്സിതഃ | അഭിലഷിതമായിരിക്കുന്നുവോ, |
| സേവകഃ | പട്ടാളക്കാരനും | അർത്ഥതൃഷ്ണാം | അങ്ങനെയുള്ള ധനത്തിലുള്ള അത്യാശയെ |
| വണിക് | കച്ചോടക്കാരനും | കഃ നു | ആരാണ് |
| പ്രേഷ്ഠൈഃ | ഏററവും പ്രിയപ്പെട്ട | വിസൃജേത് | കൈവെടിയുന്നത് ? |
| അസുഭിഃ | ജീവനെക്കൊണ്ടും | | |
| ക്രീണാതി | നേടിയെടുക്കുന്നുവോ, | | |
| യഃ | യാതൊന്ന് | | |

11. കഥം പ്രിയായാ അനുകമ്പിതായാഃ
സംഗം രഹസ്യം രുചിരാംശ്ച മന്ത്രാൻ
സുഹൃത്സു ച സ്നേഹസിതഃ ശിശൂനാം
കലാക്ഷരാണാമനുരക്തചിത്തഃ

| | | | |
|---|---|---|---|
| അനുകമ്പിതായാഃ | അനുകമ്പാപാത്രമായ | അനുരക്തചിത്തഃ | വാത്സല്യമെഴുന്ന ഹൃദയത്തോടുകൂടിയവനായിരുന്ന് |
| പ്രിയായാഃ | പ്രിയപത്നിയുടെ | കലാക്ഷരാണാം | അവ്യക്തമധുരങ്ങളായ അക്ഷരങ്ങളുച്ചരിക്കുന്ന |
| സംഗം | വേഴ്ചയെയും, | ശിശൂനാം | പിഞ്ചുകിടാങ്ങളുടെ |
| രഹസ്യം | ഏകാന്തസമ്പർക്കത്തെയും, | (സംഗം | വേഴ്ചയെയും |
| രുചിരാൻ | സരസങ്ങളായ | ത്യജേത) | ഉപേക്ഷിക്കുന്നത് |
| മന്ത്രാൻ ച | ഹിതോപദേശവചനങ്ങളേയും, | കഥം | എങ്ങനെ ? |
| സ്നേഹസിതഃ | സ്നേഹബദ്ധനായിരുന്ന് | | |
| സുഹൃത്സു ച | ബന്ധുമിത്രാദികളിലുള്ള വേഴ്ചയും, | | |

12. പുത്രാൻ സ്മരംസ്താ ദുഹിതൄർഹൃദയ്യാ
ഭ്രാതൄൻ സ്വസൄർവാ പിതരൗ ച ദീനൗ
ഗൃഹാൻ മനോജ്ഞോരുപരിച്ഛദാംശ്ച
വൃത്തീശ്ച കുല്യാഃ പശുഭൃത്യവർഗ്ഗാൻ

13. ത്യജേത കോശസ്കൃദിവേഹമാനഃ
കർമ്മാണി ലോഭാദവിതൃപ്തകാമഃ
ഔപസ്ഥ്യജൈഹ്വ്യം ബഹുമന്യമാനഃ
കഥം വിരജ്യേത ദുരന്തമോഹഃ

| | |
|---|---|
| പുത്രാൻ | പുത്രന്മാരെയും, |
| താഃ | ആ (പതിഗൃഹത്തിലുള്ള) |
| ഹൃദയ്യാഃ | ഹൃദയോന്മേഷകാരിണികളായ |
| ദുഹിതൄഃ | പുത്രിമാരെയും, |
| ഭ്രാതൄൻ | സഹോദരന്മാരെയും |
| സ്വസ്രൂഃ വാ | സഹോദരിമാരെയും, |
| ദീനൗ പിതരൗ ച | അവശരായ മാതാപിതാക്കളെയും, |
| മനോജ്ഞോരു-പരിച്ഛദാൻ | ആകർഷകങ്ങളായ ഒട്ടേറെ ഉപകരണങ്ങളോടു കൂടിയ |
| ഗൃഹാൻ ച | ഭവനങ്ങളെയും, |
| കുല്യാഃ | കുലപരമ്പരാഗതങ്ങളായ |
| വൃത്തീഃ ച | ജീവനോപായങ്ങളെയും, |
| പശുഭൃത്യ-വർഗ്ഗാൻ | നാൽക്കാലികളെയും, ഭൃത്യജനങ്ങളെയും |
| സ്മരൻ | ഓർത്തിരുന്നുകൊണ്ട് |
| കഥം | എങ്ങനെ അതെല്ലാം |
| ത്യജേത | വിട്ടുകളയും ? |
| കോശസ്കൃത് ഇവ | പുഴു സ്വയംകൃതമായ കൂട്ടിൽ കിടന്നു പുളയുന്ന മട്ടിൽ |
| ലോഭാത് | അത്യാശയാൽ |
| കർമ്മാണി | നാനാകർമ്മങ്ങളെ |
| ഈഹമാനഃ | ചെയ്തുകൊണ്ട് |
| അവിതൃപ്ത-കാമഃ | കാമസംതൃപ്തിവരാത്തവനായി |
| ഔപസ്ഥ്യ ജൈഹ്വ്യം | ലൈംഗികവും രസനേന്ദ്രിയപരവുമായ അനുഭൂതിയെ |
| ബഹു | അത്യധികം |
| മന്യമാനഃ | ആദരിച്ചുകൊണ്ട് |
| ദുരന്തമോഹഃ | അററം കാണാത്ത വിഷയവാസനകൾക്കു വിധേയനായിത്തീർന്നവൻ |
| കഥം | എങ്ങനെ |
| വിരജ്യേത | വിരക്തനാകും ? |

ദുരന്തമോഹത്വംകൊണ്ടുള്ള അനർത്ഥം ഇനി വ്യക്തമാക്കുന്നു—

14. കുടുംബപോഷായ വിയന്നിജായുർ—
ന ബുധ്യതേഽർത്ഥം വിഹതം പ്രമത്തഃ
സർവ്വത്ര താപത്രയദുഃഖിതാത്മാ
നിർവ്വിദ്യതേ ന സ്വകുടുംബരാമഃ

| | |
|---|---|
| കുടുംബ-പോഷായ | കുടുംബത്തെ തീറ്റിപ്പോററുന്നതിനുവേണ്ടി |
| വിയത് | ചെലവഴിയുന്ന |
| നിജായുഃ | തന്റെ ആയുസ്സിനെയോ, |
| വിഹതം | തടസ്സപ്പെട്ടതായ |
| അർത്ഥം | പുരുഷാർത്ഥത്തെയോ |
| പ്രമത്തഃ | സ്വബോധമില്ലാത്തവൻ |
| ന ബുധ്യതേ | അറിയുന്നില്ല. |
| സർവ്വത്ര | എല്ലായിടത്തും |
| താപത്രയ-ദുഃഖിതാത്മാ | താപത്രയത്താൽ വ്യാകുലചിത്തനായും |
| സ്വകുടുംബ-രാമഃ | സ്വന്തം കുടുംബത്തിൽ മാത്രം സമാസക്തനായും ഭവിച്ച് |
| ന നിർവ്വിദ്യ-തേ | വിഷയവൈരാഗ്യത്തിലേക്കെത്തുന്നില്ല. |

മാത്രമല്ല, പരസ്വാപഹരണത്തിൽ ഏർപ്പെടുകകൂടി ചെയ്യുമെന്നാണ് ഇനി എടുത്തുപറയുന്നത്—

15. വിത്തേഷു നിത്യാഭിനിവിഷ്ടചേതാ
വിദ്വാംശ്ച ദോഷം പരവിത്തഹർത്തുഃ
പ്രേത്യേഹ ചാഥാപ്യജിതേന്ദ്രിയസ്ത-
ദശാന്തകാമോ ഹരതേ കുടുംബീ

| | | | |
|---|---|---|---|
| വിത്തേഷു | ധനധാന്യാദിവസ്തുക്കളിൽ | ദോഷം | ദുഷ്ഫലത്തെ |
| നിത്യാഭിനിവിഷ്ടചേതാഃ | ഏതുനേരത്തും ആശകൊള്ളുന്ന ചിത്തത്തോടുകൂടിയിരിക്കുന്ന | വിദ്വാൻ ച | അറിഞ്ഞുവച്ചവനായേക്കാം; |
| | | അഥാപി | എന്നിരുന്നാലും |
| കുടുംബീ | കുടുംബസ്ഥൻ | അജിതേന്ദ്രിയഃ | ഇന്ദ്രിയങ്ങളെ ജയിക്കാത്തവനും |
| പരവിത്തഹർത്തുഃ | അന്യരുടെ വസ്തുക്കളെ അപഹരിക്കുന്നവന്ന് | അശാന്തകാമഃ | ആശകളും ഒതുങ്ങാത്തവനും ആകയാൽ |
| ഇഹ | ഇവിടത്തിലും | | |
| പ്രേത്യ ച | മരിച്ചശേഷം അവിടത്തിലും ഉണ്ടാവുന്ന | തത് | അതിനെ (പരസ്വത്തെ) |
| | | ഹരതേ | അപഹരിക്കുന്നു |

16. വിദ്വാനപീത്ഥം ദനുജാഃ കുടുംബം
പുഷ്ണൻ സ്വലോകായ ന കല്പതേ വൈ
യഃ സ്വീയപാരക്യവിഭിന്നഭാവ-
സ്തമഃ പ്രപദ്യേത യഥാ വിമൂഢഃ

| | | | |
|---|---|---|---|
| ദനുജാഃ | അസുരന്മാരേ ! | സ്വീയപാരക്യവിഭിന്നഭാവഃ | താനെന്നും അന്യനെന്നുമുള്ള ഭേദഭാവനയുള്ളവനാകുന്നു. |
| വിദ്വാൻ അപി | അറിവുള്ളവനായിരുന്നാലുംകൂടി | | |
| ഇത്ഥം | ഇങ്ങനെ | (അതഃ) | ആകയാൽ |
| കുടുംബം | കുടുംബത്തെ | വിമൂഢഃ | അറിവില്ലാത്തവൻ |
| പുഷ്ണൻ | പോററുന്നവൻ | യഥാ | ഏതുപോലെയോ, അതുപോലെ |
| സ്വലോകായ | ആത്മദർശനത്തിന്ന് | | |
| ന കല്പതേ | ഉതകുന്നില്ല, | | |
| വൈ | തീർച്ചയാണ്. | തമഃ | തമോലോകത്തെ |
| യഃ | യാതൊരു ഇവൻ | പ്രപദ്യേത | പ്രാപിക്കുന്നതാണ് |

കൗമാരാനന്തരകാലത്തിൽ വിഷയാസക്തനായവൻ പിന്നെ ഒരിക്കലും വിരക്തനായി ആത്മശ്രേയസ്സിന്ന് യത്നിക്കയില്ലെന്ന് ഉപപാദിച്ചശേഷം കൗമാരത്തിൽത്തന്നെ ഭാഗവതധർമ്മത്തിൽ ശ്രദ്ധാലുവാകണമെന്ന് വീണ്ടും പറഞ്ഞുറപ്പിക്കുന്നു.

17. യതോ ന കശ്ചിത് ക്വ ച കുത്രചിദ്വാ
ദീനഃ സ്വമാത്മാനമലം സമർത്ഥഃ

**വിമോചിതും കാമദൃശാം വിഹാര-**
**ക്രീഡാമൃഗോ യന്നിഗഡോ വിസർഗ്ഗഃ**

18. **തതോ വിദൂരാത് പരിഹൃത്യ ദൈത്യാ**
**ദൈത്യേഷു സംഗം വിഷയാത്മകേഷു**
**ഉപേത നാരായണമാദിദേവം**
**സമുക്തസംഗൈരിഷിതോഽപവർഗ്ഗഃ**

| | | | |
|---|---|---|---|
| യതഃ | യാതൊന്നുഹേതുവായിട്ട് | മോചയിതും | സ്വാതന്ത്ര്യമാക്കാൻ |
| അലം | അത്യധികം | ന സമർത്ഥഃ | ശക്തനാകുന്നില്ലയോ |
| ദീനഃ | വിഷയാസക്തിയാൽ അവശനായി | തതഃ | അതുഹേതുവായിട്ട്, |
| | | ദൈത്യാഃ | അസുരസന്താനങ്ങളേ! |
| കാമദൃശാം | കാമേക്ഷണകളായ സ്ത്രീകളുടെ | വിഷയാത്മകേഷു | വിഷയാസക്തചിത്തന്മാരായിരിക്കുന്ന |
| വിഹാര—ക്രീഡാമൃഗഃ | വിനോദത്തിനുതകുന്ന ക്രീഡാമൃഗമായിത്തീർന്ന | ദൈത്യേഷു | അസുരന്മാരിലുള്ള |
| | | സംഗം | വേഴ്ചയെ |
| കശ്ചിത് | ഒരുവനും | വിദൂരാത് | അകലെ |
| യന്നിഗഡഃ | യാതൊരു ആ സ്ത്രീകളിൽ തന്നെ തളച്ചിടുന്ന ചങ്ങലയായിട്ട് | പരിഹൃത്യ | തള്ളിക്കളഞ്ഞ് |
| | | ആദിദേവം | ആദിദേവനായ |
| | | നാരായണം | ശ്രീനാരായണനെ |
| വിസർഗ്ഗഃ | മക്കളും പേരമക്കളും (ഉണ്ടായിരിക്കെ) | ഉപേത | ഉപാസിക്കുവിൻ ! |
| | | സഃ | തന്തിരുവടി |
| കുത്രചിത് വാ | എവിടെയായാലും | വിമുക്ത—സംഗൈഃ | വിഷയാസക്തി വിട്ടുകളഞ്ഞ മഹാത്മാക്കളാൽ |
| കഥ ച | എങ്ങനെയായാലും | ഇഷിതഃ | ആഗ്രഹിക്കപ്പെടുന്ന |
| സ്വം | തന്റെ | അപവർഗ്ഗഃ | സംസാരനിർമ്മുക്തിയാണ് |
| ആത്മാനം | മനസ്സിനെ | | |

ഈ നാരായണോപാസന ആയാസകരമല്ലാത്തതിനാൽ കുട്ടികൾക്കുകൂടി അനുഷ്ഠിക്കാവുന്നതാണെന്ന് ഇനി ഒരു പദ്യം കൊണ്ടു സൂചിപ്പിക്കുന്നു.

19. **ന ഹ്യച്യുതം പ്രീണയതോ ബഹ്വായാസോഽസുരാത്മജാഃ**
**ആത്മത്വാത് സർവ്വഭൂതാനാം സിദ്ധത്വാദിഹ സർവ്വതഃ**

| | | | |
|---|---|---|---|
| അസുരാത്മജാഃ | ഹേ അസുരപുത്രന്മാരേ! | സിദ്ധത്വാത് | സ്വതഃസിദ്ധമാകയാലും |
| | | അച്യുതം | ശ്രീനാരായണനെ |
| സർവ്വഭൂതാനാം | പ്രാണികളുടെയെല്ലാം | പ്രീണയതഃ | ഉപാസിക്കുന്നവന്ന് |
| ആത്മത്വാത് | ആത്മാവാകയാലും | ബഹ്വായാസഃ | അതിപ്രയാസം |
| ഇഹ | ലോകത്തിൽ | | |
| സർവ്വതഃ | എങ്ങും | ന ഹി | ഉണ്ടാകയില്ലല്ലോ |

ഭഗവാന്റെ സർവ്വാത്മകത്വവും സർവ്വതഃസിദ്ധത്വവും ഇനി നാലു ശ്ലോകംകൊണ്ടു് ഉപപാദിക്കുന്നു.

20. പരാവരേഷു ഭൂതേഷു ബ്രഹ്മാന്തസ്ഥാവരാദിഷു
ഭൗതികേഷു വികാരേഷു ഭൂതേഷ്വഥ മഹത്സു ച

21. ഗുണേഷു ഗുണസാമ്യേ ച ഗുണവ്യതികരേ തഥാ
ഏക ഏവ പരോ ഹ്യാത്മാ ഭഗവാനീശ്വരോഽവ്യയഃ

| | |
|---|---|
| ബ്രഹ്മാന്ത—സ്ഥാവരാദിഷു | ബ്രഹ്മാവ് അന്തമായും സ്ഥാവരങ്ങൾ ആദിയായുമിരിക്കുന്ന |
| പരാവരേഷു | ഉച്ചനീചങ്ങളായ |
| ഭൂതേഷു | ജീവരാശികളിലും, |
| ഭൗതികേഷു | ഭൗതികങ്ങളായ |
| വികാരേഷു | രൂപഭേദങ്ങളിലും, |
| അഥ | അതിനപ്പുറമെ |
| മഹത്സു | മഹത്തുക്കളായ |
| ഭൂതേഷു ച | പൃഥിവ്യാദി പഞ്ചഭൂതങ്ങളിലും, |
| ഗുണേഷു | സത്വാദി ഗുണങ്ങളിലും, |
| ഗുണസാമ്യേ ച | ഗുണസമാവസ്ഥയിലുള്ള മൂലപ്രകൃതിയിലും, |
| തഥാ | അപ്രകാരം |
| ഗുണ—വ്യതികരേ | ഗുണങ്ങളുടെ വിഷമാവസ്ഥയിലുള്ള മഹദാദിയിലും |
| ഏകഃ ഏവ | കേവലം ഏകനായ |
| പരഃ ആത്മാ ഹി | പരമാത്മാവുതന്നെയാണു് പ്രതിഭാസിക്കുന്നതു്, |
| ഭഗവാൻ | സമഗ്രൈശ്വര്യഗുണോപേതനായ അവിടുന്നു് |
| ഈശ്വരഃ | സകലനിയന്താവും |
| അവ്യയഃ | ജന്മനാശാദിരഹിതനുമാകുന്നു. |

ഒന്നേയുള്ളുവെങ്കിൽ ദ്രഷ്ടാവെന്നും ദൃശ്യമെന്നും മറ്റുമായ നാനാഭേദങ്ങൾ എങ്ങനെയുണ്ടായി ? ഈ ആശങ്കയെ ഇനി പരിഹരിക്കുന്നു —

22. പ്രത്യഗാത്മസ്വരൂപേണ ദൃശ്യരൂപേണ ച സ്വയം
വ്യാപ്യവ്യാപകനിർദ്ദേശ്യോ ഹ്യനിർദ്ദേശ്യോഽവികല്പിതഃ

23. കേവലാനുഭവാനന്ദസ്വരൂപഃ പരമേശ്വരഃ
മായയാന്തർഹിതൈശ്വര്യ ഈയതേ ഗുണസർഗ്ഗയാ

| | |
|---|---|
| സ്വയം | ഈ പരമാത്മാവു് സ്വതേ |
| അനിർദ്ദേശ്യഃ | അനിർവചനീയനും |
| അവികല്പിതഃ | നിർവികല്പനുമാണു്; |
| ഹി | എന്നിരിക്കലും |
| പ്രത്യഗാത്മ—സ്വരൂപേണ | ദ്രഷ്ടാവായ ജീവാത്മാവിന്റെ സ്വരൂപത്താലും |
| ദൃശ്യരൂപേ—ണ ച | ദൃശ്യമായ ബാഹ്യലോകത്തിന്റെ സ്വരൂപത്താലും |

| | | | |
|---|---|---|---|
| വ്യാപ്യ—വ്യാപക-നിർദേശ്യഃ | വ്യാപകമെന്നും വ്യാപ്യമെന്നുമുള്ള രൂപഭേദത്തോടെ നിർവ്വചിക്കപ്പെടാവുന്നവനായിത്തീരുന്നു. | പരമേശ്വരഃ | മഹൈശ്വര്യരൂപൻ |
| | | ഗുണസൃഗ്ഗ്യാ | ത്രിഗുണാത്മകമായ സൃഷ്ടിയെ കൈയാളുന്ന |
| | | മായയാ | സ്വകീയമായയാൽ |
| കേവലാനുഭവാനന്ദസ്വരൂപഃ | നിർഗ്ഗുണവും അനുഭവാത്മകവുമായ അഖണ്ഡാനന്ദം മാത്രം സ്വരൂപമായുള്ള | അന്തർഹിതൈശ്വര്യഃ | മറയ്ക്കപ്പെട്ട ഐശ്വര്യത്തോടുകൂടിയവനായിട്ട് |
| | | ഈയതേ | നാനാത്വേന കാണപ്പെടുന്നു. |

**24.** **തസ്മാത് സർവ്വേഷു ഭൂതേഷു ദയാം കുരുത സൗഹൃദം**
**ആസുരം ഭാവമുന്മുച്യ യയാ തുഷ്യത്യധോക്ഷജഃ**

| | | | |
|---|---|---|---|
| തസ്മാത് | അതിനാൽ | ദയാം | അനുകമ്പയെയും |
| സർവ്വേഷു | എല്ലാ | സൗഹൃദം | സന്മനോഭാവത്തെയും |
| ഭൂതേഷു | ജീവജാലങ്ങളിലും | കുരുത | കൈക്കൊള്ളുവിൻ |
| ആസുരം | അസുരസഹജമായ | യയാ | യാതൊരു ഭൂതാനുകമ്പയാൽ |
| ഭാവം | മനോഭാവത്തെ | അധോക്ഷജഃ | ശ്രീനാരായണൻ |
| ഉന്മുച്യ | കൈവിട്ട് | തുഷ്യതി | പ്രസന്നനായിഭവിക്കുന്നു |

ഈ ഭഗവത്പ്രസാദം കൊണ്ടുണ്ടാവുന്ന അനുഭൂതിയെ ഇനി പ്രകീർത്തിക്കുന്നു.

**25.** **തുഷ്ടേ ച തത്ര കിമലഭ്യമനന്ത ആദ്യേ**
**കിം തൈർ ഗുണവ്യതികരാദിഹ യേ സ്വസിദ്ധാഃ**
**ധർമ്മാദയഃ കിമഗുണേന ച കാംക്ഷിതേന**
**സാരംജുഷാം ചരണയോരുപഗായതാം നഃ.**

| | | | |
|---|---|---|---|
| ആദ്യേ | ആദ്യനും | തൈഃ | അവയാൽ |
| അനന്തേ | അനന്തനുമായ | കിം | എന്തിരിക്കുന്നു? |
| തത്ര | തന്തിരുവടി | ചരണയോഃ | ഭഗവാന്റെ തൃച്ചേവടികളിലെഴുന്ന |
| തുഷ്ടേ ച | പ്രസന്നനായാൽ | | |
| അലഭ്യം | സാദ്ധ്യമാകാത്തത് | സാരംജുഷാം | അമൃതരസം നുകരുന്നവരും |
| കിം | എന്തുണ്ട് ? | ഉപഗായതാം | ഗുണനാമസങ്കീർത്തനം ചെയ്യുന്നവരുമായ |
| ഗുണ—വ്യതികരാത് | ഗുണങ്ങളുടെ പരിണാമം ഹേതുവായിട്ട് | നഃ | നമുക്ക് |
| ഇഹ | ലോകത്തിൽ | അഗുണേന | ഗുണസംബന്ധമില്ലാത്ത സംസാരനിർമ്മുക്തി |
| സ്വസിദ്ധാഃ | സ്വാഭാവികമായി അയത്നസിദ്ധങ്ങളായുള്ള | കാംക്ഷിതേന ച | കാംക്ഷിക്കപ്പെട്ടതുകൊണ്ടും |
| ധർമ്മാദയഃ | ധർമ്മാദികൾ | | |
| യേ | യാവചിലയുണ്ടോ, | കിം. | എന്തുനേട്ടം? |

ത്തച്ചേവടികളെ സേവിക്കുന്നവർക്കു സംസാരനിർമ്മുക്തി സ്വയമേവ സമാഗതമാകുമെന്നതിനാൽ അതും കാംക്ഷിക്കപ്പെടേണ്ടതില്ലെന്നു സാരം.

ഇവിടെ അയത്നസിദ്ധങ്ങളെന്നു തരംതാഴ്ത്തി പറയപ്പെട്ട ധർമ്മാദികളെ വേദപ്രതിപാദിതങ്ങളായ പുരുഷാർത്ഥങ്ങളായിട്ടാണല്ലോ ആചാര്യന്മാർ ഉപദേശിച്ചിരിക്കുന്നതു്. അതിന്റെ സാംഗത്യമെന്തു്? ഈ ചോദ്യം ഉള്ളിൽ കണ്ടുകൊണ്ടു് ഇനി പറയുന്നു —

26.

**ധർമ്മാർത്ഥകാമ ഇതി യോഽഭിഹിതസ്ത്രിവർഗ്ഗ**
**ഈക്ഷാ ത്രയീ നയദമൗ വിവിധാ ച വാർത്താ**
**മന്യേ തദേതദഖിലം നിഗമസ്യ സത്യം**
**സ്വാത്മാർപ്പണം സ്വസുഹൃദഃ പരമസ്യ പുംസഃ**

| | | | |
|---|---|---|---|
| അഭിഹിതഃ | ഉപദിഷ്ടമായ | തത് ഏതത് | ആ ഇതു് |
| ധർമ്മാർത്ഥകാമഃ | ധർമ്മം, അർത്ഥം, കാമം | അഖിലം | എല്ലാംതന്നെയും |
| ഇതി | എന്നിങ്ങനെയുള്ള | സ്വസുഹൃദഃ | തന്റെ ഹിതകാരിയും അന്തര്യാമിയുമായ |
| യഃ ത്രിവർഗ്ഗഃ | യാതൊരു പുരുഷാർത്ഥത്രയവും | പരമസ്യ പുംസഃ | ശ്രീനാരായണന്റെ |
| ഈക്ഷാ | ആത്മവിദ്യാ | സ്വാത്മാർപ്പണം | സ്വയം ആത്മസമർപ്പണത്തിനു സഹായകമായിത്തീരുമെങ്കിൽമാത്രം |
| ത്രയീ | കർമ്മവിദ്യാ | | |
| നയദമൗ | തർക്കശാസ്ത്രം, ദണ്ഡനീതി, | | |
| വിവിധാ | പലതരത്തിലുള്ള | | |
| വാർത്താ | തൊഴിൽ എന്നിവയും | സത്യം | അർത്ഥവത്താണെന്നു് |
| നിഗമസ്യ | വേദത്തിന്റേതായ (വേദപ്രതിപാദിതമായ) | മന്യേ | ഞാൻ കരുതുന്നു |

അല്ലെങ്കിൽ നിരർത്ഥകമാണെന്നു് താൽപര്യം.

ഇവിടെ മറെറാരു പ്രകാരത്തിലും വ്യാഖ്യാനിക്കപ്പെടുന്നു — ധർമ്മാദി പുരുഷാർത്ഥങ്ങളും ആത്മവിദ്യാദികളും (നിഗമസ്യ) ത്രൈഗുണ്യവിഷയമായ വേദത്തിന്റെ പ്രതിപാദ്യങ്ങളാണെന്നു് (മന്യേ) ഞാൻ കരുതുന്നു. (സത്യം പരമസ്യ പുംസഃ സ്വാത്മാർപ്പണം) സത്യമായതു് പരമപുരുഷനായ ഭഗവാനു് സ്വയം ആത്മസമർപ്പണം ചെയ്യുക മാത്രമാണു്— ''ത്രൈഗുണ്യവിഷയാ വേദാ നിസ്ത്രൈഗുണ്യോ ഭവാർജ്ജുന'' എന്ന ഗീതാവചനം ഇതിലേക്കു് ഉപോദ്ബലകവുമാകുന്നു.

ഇനി ബാലന്മാരുടെ ബോധ്യത്തിനായി ഗുരുസമ്പ്രദായത്തെ പറഞ്ഞറിയിക്കുന്നു —

27.

**ജ്ഞാനം തദേതദമലം ദുരവാപമാഹ**
**നാരായണോ നരസഖഃ കില നാരദായ**

**ഏകാന്തിനാം ഭഗവതസ്തദകിഞ്ചനാനാം**
**പാദാരവിന്ദരജസാപ്ലുതദേഹിനാം സ്യാത്.**

| | | | |
|---|---|---|---|
| തത് ഏതത് | അങ്ങനെയുള്ള ഈ | ഭഗവതഃ | ഭഗവാന്റെ |
| അമലം | വിശുദ്ധവും | ഏകാന്തിനാം | ഏകാന്തഭക്തന്മാരും |
| ദുരാപം | ദുർല്ലഭവുമായ | പാദാരവിന്ദ-രജസാ | അവിടുത്തെ പാദകമലത്തിലെഴുന്ന ധൂളികൊണ്ട് |
| ജ്ഞാനം | ജ്ഞാനത്തെ | | |
| നരസഖഃ | നരന്റെ സഖാവായ | ആപ്ലുത-ദേഹിനാം | സ്നാനം കഴിച്ച ശരീരത്തോടുകൂടിയവരുമായ |
| നാരായണഃ | നാരായണമുനി | | |
| നാരദായ | നാരദമഹർഷിക്ക് | അകിഞ്ചനാനാം | സർവ്വസംഗപരിത്യാഗികൾക്കെല്ലാം |
| ആഹ കില | ഉപദേശിച്ചുവത്രേ. | | |
| തത് | ആയത് (ആ വിശുദ്ധ ജ്ഞാനം) | സ്യാത് | ഉണ്ടാകാവുന്നതാണ്. |

28. **ശ്രുതമേതന്മയാ പൂർവം ജ്ഞാനം വിജ്ഞാനസംയുതം**
**ധർമ്മം ഭാഗവതം ശുദ്ധം നാരദാദ്ദേവദർശനാത്.**

| | | | |
|---|---|---|---|
| ശുദ്ധം | പരിശുദ്ധവും | ധർമ്മം | ആചരണസംഹിതയും |
| ഭാഗവതം | ഭഗവദ്ഭക്തിയോടുകൂടിയതുമായ | ദേവദർശനാത് | ഭഗവദ്ദർശനം സിദ്ധിച്ചിരിക്കുന്ന |
| ഏതത് ജ്ഞാനം | ഈ അറിവും | നാരദാത് | ശ്രീനാരദനിൽനിന്നും |
| | | മയാ | എന്നാൽ |
| വിജ്ഞാന-സംയുതം | അതിന്റെ അനുഭവാവബോധത്തോടുകൂടിയ | പൂർവം | മുൻകാലത്ത് |
| | | ശ്രുതം | കേട്ടുധരിക്കപ്പെട്ടു. |

ദൈത്യപുത്രാ ഊചുഃ = അസുരബാലന്മാർ ചോദിച്ചു—

29. **പ്രഹ്ലാദ ത്വം വയം ചാപി നർത്തേഽന്യം വിദ്മഹേ ഗുരും**
**ഏതാഭ്യാം ഗുരുപുത്രാഭ്യാം ബാലാനാമപി ഹീശ്വരൗ**

| | | | |
|---|---|---|---|
| പ്രഹ്ലാദ | അല്ലേ പ്രഹ്ലാദ ! | അന്യം | മറ്റൊരു |
| ത്വം | നീയും | ഗുരും | ഗുരുവിനെ |
| വയം ച അപി | ഞങ്ങളും | ന വിദ്മഹേ | അറിയുകയില്ല |
| | | ഹി (തൗ) | ഏതെന്നാൽ, അവർ |
| ഏതാഭ്യാം | ഈ രണ്ടു | ബാലാനാം | കുട്ടികളുടെ |
| ഗുരുപുത്രാഭ്യാം | ഗുരുപുത്രന്മാരെ | ഈശ്വരൗ അപി | നല്ല നിയന്ത്രണമുള്ളവരും കൂടിയാണ്. |
| ഋതേ | ഒഴിച്ച് | | |

ഗുരുപുത്രന്മാരെന്ന ശണ്ഡാമർക്കന്മാരെയല്ലാതെ മറ്റൊരു ഗുരുവിനെയും അറിയാൻ ഞങ്ങൾക്കെന്നല്ല ഇവിടെയുള്ള ആർക്കും സംഗതി വന്നിട്ടില്ല. നല്ല നിയന്ത്രണമുള്ള ഇവരുടെ

പിടിയിൽനിന്നു വിട്ട് ശ്രീ നാരദനെ ചെന്നുകാണാനും സാദ്ധ്യമല്ല. പിന്നെ നാരദോപദേശം ലഭിച്ചതെങ്ങനെ ? എന്നാൽ നാരദൻ തന്നെ ഇവിടെ വന്നുപദേശിച്ചതാണെന്നു കരുതരുതോ ? അതിനും സംഭാവ്യതയില്ലെന്നാണ് തുടൎന്നു പറയുന്നതു് —

30. ബാലസ്യാന്തഃപുരസ്ഥസ്യ മഹത്സംഗോ ദുരന്വയഃ
ഛിന്ധി നഃ സംശയം സൗമ്യ സ്യാച്ചേദ്വിശ്രംഭകാരണം

| | | | |
|---|---|---|---|
| അന്തഃപുര-സ്ഥസ്യ | അന്തഃപുരത്തിൽ അമ്മയോടൊപ്പം കഴിഞ്ഞിരുന്ന | സൗമ്യ | ഹേ ശാന്തശീല ! |
| | | വിശ്രംഭ-കാരണം | വിശ്വാസഹേതുവായി |
| ബാലസ്യ | ഒരു കുട്ടിക്കു് | സ്യാത് ചേത് | വല്ലതുമുണ്ടെങ്കിൽ |
| മഹത്സംഗഃ | മഹാത്മാക്കളോടുകൂടെ സമ്പർക്കം സംഭവിക്കുകയെന്നതു് | നഃ | ഞങ്ങളുടെ |
| | | സംശയം | സന്ദേഹത്തെ |
| ദുരന്വയഃ | അസംഗതമാണു്. | ഛിന്ധി | തീൎത്തുതരിക. |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ
സപ്തമസ്കന്ധേ പ്രഹ്ലാദാനുചരിതേ ഷഷ്ഠോഽധ്യായഃ.
ആദിതഃ ശ്ലോകാഃ 279.
സപ്തമസ്കന്ധത്തിൽ ആറാമദ്ധ്യായം കഴിഞ്ഞു.

# സപ്തമോഽധ്യായഃ — അദ്ധ്യായം ഏഴ്

## നാരദോപദേശശ്രവണം.

"സപ്തമേ മാതൃഗൎഭസ്ഥേ സ്വസ്മിൻ നാരദഭാഷിതം
പ്രഹ്ലാദോ വൎണ്ണയാമാസ ശിഷ്യപ്രത്യയസിദ്ധയേ.

മാതൃഗൎഭത്തിലിരിക്കവേ, പരോക്ഷമായി കേട്ടുധരിച്ച നാരദോപദേശത്തെ അസുരബാലന്മാരുടെ വിശ്വാസത്തിനുവേണ്ടി പ്രഹ്ലാദൻ വിവരിക്കുന്നതു് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യമാകുന്നു.

നാരദ ഉവാച = ശ്രീ നാരദൻ പറഞ്ഞു —

1. ഏവം ദൈത്യസുതൈഃ പൃഷ്ടോ മഹാഭാഗവതോഽസുരഃ
ഉവാച സ്മയമാനാംസ്താൻ സ്മരൻ മദനുഭാഷിതം

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | താൻ | അവരോട് |
| ദൈത്യസുതൈഃ | അസുരബാലന്മാരാൽ | മദനുഭാഷിതം | എന്റെ ഉപദേശ വചനത്തെ |
| പൃഷ്ടഃ | ചോദിക്കപ്പെട്ട | സ്മരൻ | ഓർത്തുകൊണ്ട് |
| മഹാഭാഗവതഃ | ഭാഗവതോത്തമനായ | ഉവാച | പറഞ്ഞു |
| അസുരഃ | പ്രഹ്ളാദൻ | | |
| സ്മയമാനാൻ | അത്ഭുതോന്മേഷം പൂണ്ടു നില്ക്കുന്ന | | |

പ്രഹ്ളാദ ഉവാച = പ്രഹ്ളാദൻ പറഞ്ഞു—

2. **പിതരി പ്രസ്ഥിതേഽസ്മാകം തപസേ മന്ദരാചലം**
**യുദ്ധോദ്യമം പരം ചക്രുർവിബുധാ ദാനവാൻ പ്രതി**

| | | | |
|---|---|---|---|
| അസ്മാകം | ഞങ്ങളുടെ | ദാനവാൻ | അസുരന്മാരെ |
| പിതരി | പിതാവ് | പ്രതി | പ്രതികരിച്ച് |
| തപസേ | തപസ്സിന്നായി | പരം | അത്യുഗ്രമായ |
| മന്ദരാചലം | മന്ദരപർവതത്തിലേക്ക് | യുദ്ധോദ്യമം | യുദ്ധത്തിനുള്ള ഒരുക്കം |
| പ്രസ്ഥിതേ | പുറപ്പെട്ടുപോയപ്പോൾ | ചക്രുഃ | ചെയ്തുതുടങ്ങി |
| വിബുധാഃ | ദേവന്മാർ | | |

3. **പിപീലികൈരഹിരിവ ദിഷ്ട്യാ ലോകോപതാപനഃ**
**പാപേന പാപോഽഭക്ഷീതി വാദിനോ വാസവാദയഃ**

| | | | |
|---|---|---|---|
| വാസവാദയഃ | ഇന്ദ്രാദിദേവന്മാർ | പാപഃ | കൊടുംപാപി |
| ഇതി | ഇങ്ങനെയെല്ലാം | പിപീലികൈഃ | ഉറുമ്പുകളാൽ |
| വാദിനഃ | പറഞ്ഞുകൊണ്ടിരുന്നു— | അഹിഃ ഇവ | പാമ്പിനെപോലെ |
| ലോകോപതാപനഃ | "ലോകവാസികളെ എമ്പാടും ദ്രോഹിച്ചുകൊണ്ടിരിക്കുന്ന | പാപേന | താൻ ചെയ്ത പാപത്താലെ |
| | | അഭക്ഷി | ഭക്ഷിക്കപ്പെട്ടു; |
| | | ദിഷ്ട്യാ | ഭാഗ്യമായി" |

4. **തേഷാമതിബലോദ്യോഗം നിശമ്യാസുരയൂഥപാഃ**
**വധ്യമാനാഃ സുരൈർഭീതാ ദുദ്രുവുഃ സർവതോദിശം**

5. **കളത്രപുത്രമിത്രാപ്താൻ ഗൃഹാൻ പശുപരിച്ഛദാൻ**
**നാവേക്ഷമാണാസ്ത്വരിതാഃ സർവേ പ്രാണപരീപ്സവഃ**

| | | | |
|---|---|---|---|
| തേഷാം | അവരുടെ | നിശമ്യ | കേട്ട് |
| അതിബലോദ്യോഗം | വമ്പിച്ച പടപ്പുറപ്പാടിനെപ്പറ്റി | ഭീതാഃ | പേടിപിടിച്ച |

| | | | |
|---|---|---|---|
| അസുര— യൂഥപാഃ | [illegible] [illegible]മാർ | നാവേക്ഷ— മാണാഃ | തിരിഞ്ഞു [illegible] |
| സുരൈഃ | [illegible]ളാൽ | പ്രാണ— പരീപ്സവഃ | ജീവനിൽ മാത്രം കൊതി [illegible] |
| വധ്യമാനാഃ | വധിക്കപ്പെട്ടേക്കുമെന്ന നിലയിലായിട്ട് | ത്വരിതാഃ | ദ്രുതഗതിയോടെ |
| കളത്രപുത്ര— മിത്രാപ്താൻ | ഭാര്യാമക്കളെയും, സുഹൃത്തുക്കളെയും, ഉററബന്ധുക്കളെയും | സർവേ | എല്ലാവരും |
| | | സർവതോ— ദിശം | എല്ലാ ദിക്കിലേക്കുമായി |
| ഗൃഹാൻ | വീടുകളെയും, | ദുദ്രുവുഃ | ഓട്ടം തുടങ്ങി. |
| പശുപരി— ച്ഛദാൻ | ആടുമാടുകളെയും, വീട്ടു സാമാനങ്ങളെയും | | |

6. വ്യലുമ്പൻ [illegible] ജയകാംക്ഷിണഃ
ഇന്ദ്രസ്തു രാജമഹിഷീം മാതരം മമ ചാഗ്രഹീത്.

| | | | |
|---|---|---|---|
| ജയകാംക്ഷിണഃ | ജയേച്ഛുക്കളായ | രാജമഹിഷീം | രാജപത്നിയായ |
| അമരാഃ | ദേവന്മാർ | മമ | എന്റെ |
| രാജശിബിരം | അസുരരാജധാനിയെ | മാതരം ച | അമ്മയെയും |
| വ്യലുംപൻ | കൊള്ളയടിച്ചു. | അഗ്രഹീത് | പിടികൂടി. |
| ഇന്ദ്രഃ തു | ഇന്ദ്രനാകട്ടെ | | |

7. [illegible] കുരരീമിവ
യദൃച്ഛയാഗതസ്തത്ര ദേവർഷിർദദൃശേ പഥി.

| | | | |
|---|---|---|---|
| നീയമാനാം | [illegible] [illegible]ട്ടിരുന്നവളും | യദൃച്ഛയാ | [illegible]ത്യാ |
| [illegible] | [illegible] [illegible]രിക്ക[illegible] | തത്ര | അവിടെ |
| | | ആഗതഃ | എത്തിച്ചേർന്ന |
| കുരരീം ഇവ | [illegible]പ്പിടപോലെ | ദേവർഷിഃ | ശ്രീനാരദമഹർഷി |
| രുദതീം | കരയുന്നവളുമായ | പഥി | [illegible]വെച്ച് |
| (മേ മാതരം) | [illegible] | ദദൃശേ | കണ്ടു. |

8. പ്രാഹ നൈനാം സുരപതേ നേതുമർഹസ്യനാഗസം
[illegible] പരപരിഗ്രഹം

| | | | |
|---|---|---|---|
| പ്രാഹ | അദ്ദേഹം പറഞ്ഞു— | ഏനാം | ഇവളെ |
| സുരപതേ | ''ദേവരാജാവേ! | നേതും | [illegible] |
| അനാഗസം | [illegible]ചെയ്യാത്ത | മാ അർഹസി | [illegible]ന്നില്ല. |

| | | | |
|---|---|---|---|
| മഹാഭാഗ | ഹേ മഹാഭാഗ ! | മുഞ്ച | വിട്ടയക്ക ; |
| പരപത്നിഗ്രഹം | പരപത്നിയായ | മുഞ്ച | വിട്ടയക്ക ' ' എന്നു് |
| സതീം | പതിവ്രതയെ | | |

ഇന്ദ്ര ഉവാച = ദേവേന്ദ്രൻ പറഞ്ഞു—.

**9.** **ആസ്തേ ഽസ്യാ ജഠരേ വീര്യമവിഷഹ്യം സുരദ്വിഷഃ**
**ആസ്യതാം യാവത് പ്രസവം മോക്ഷ്യേ ഽർത്ഥപദവീം ഗതഃ**

| | | | |
|---|---|---|---|
| അസ്യാഃ | ഇവളുടെ | ആസ്യതാം | എന്റെ ആധീനതയിൽ |
| ജഠരേ | വയറ്റിൽ | | ഇരിക്കട്ടെ |
| സുരദ്വിഷഃ | ദേവശത്രുവിന്റെ | അർത്ഥപദവീം | പ്രയോജനത്തിന്റെ |
| അവിഷഹ്യം | പൊറുക്കരുതാത്ത | | വഴിക്കു് |
| വീര്യം | ബീജം | ഗതഃ | എത്തിച്ചേർന്നിട്ടു് |
| ആസ്തേ | ഇരിക്കുന്നുണ്ടു്. | മോക്ഷ്യേ | വിട്ടയക്കാം. |
| പ്രസവം യാവത് | പ്രസവിക്കുന്നതുവരെ | | |

പ്രസവാനന്തരം ശിശുവിന്റെ കഥകഴിച്ചശേഷം വിട്ടയക്കാമെന്നു് ആശയം.

നാരദ ഉവാച = ശ്രീനാരദൻ (ഇന്ദ്രനോടു്) പറഞ്ഞു.

**10.** **അയം നിഷ്കില്ബിഷഃ സാക്ഷാന്മഹാഭാഗവതോ മഹാൻ**
**ത്വയാ ന പ്രാപ്സ്യതേ സംസ്ഥാമനന്താനുചരോ ബലീ.**

| | | | |
|---|---|---|---|
| നിഷ്കില്ബിഷഃ | നിഷ്പാപനും | അനന്താനുചരഃ | ശ്രീനാരായണന്റെ ഭൃത്യനും |
| സാക്ഷാത് | ശരിക്കും | ബലീ | ബലവാനുമായ |
| മഹാഭാഗവതഃ | പരമ ഭഗവദ് ഭക്തനും | അയം | ഇവൻ (ഗർഭസ്ഥശിശു) |
| മഹാൻ | മഹിമയുള്ളവനും | ത്വയാ | അങ്ങയാൽ |
| | | സംസ്ഥാം | മരണത്തെ |
| | | ന പ്രാപ്സ്യതേ | പ്രാപിക്കപ്പെടുകയില്ല. |

**11.** **ഇത്യുക്തസ്താം വിഹായേന്ദ്രോ ദേവർഷേർമാനയൻ വചഃ**
**അനന്തപ്രിയഭക്ത്യൈനാം പരിക്രമ്യ ദിവം യയൌ**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | വചഃ | വാക്കിനെ |
| ഉക്തഃ | പറഞ്ഞറിയിക്കപ്പെട്ട | മാനയൻ | ആദരിച്ചുകൊണ്ടു് |
| ഇന്ദ്രഃ | ദേവേന്ദ്രൻ | താം | അവരെ (അമ്മയെ) |
| ദേവർഷേഃ | നാരദമഹർഷിയുടെ | വിഹായ | വിട്ടയച്ചു് |

| | | | |
|---|---|---|---|
| അനന്ത- പ്രിയഭക്ത്യാ | ശ്രീവിഷ്ണുവിന്റെ പ്രിയനോടുള്ള ഭക്തിനിമിത്തം | | മാതാവിനെ |
| | | പരിക്രമ്യ | പ്രദക്ഷിണം ചെയ്ത് |
| ഏനാം | ഈ ഗർഭിണിയായ | ദിവം യയൗ | സ്വർഗ്ഗത്തേക്കു പോയി. |

12. **തതോ നോ മാതരമൃഷിഃ സമാനീയ നിജാശ്രമം**
**ആശ്വാസ്യേഹോഷ്യതാം വത്സേ യാവത്തേ പത്യുരാഗമഃ**

| | | | |
|---|---|---|---|
| തതഃ | അനന്തരം | (ആഹ) | അരുളിച്ചെയ്തു— |
| ഋഷിഃ | നാരദമഹർഷി | വത്സേ | "മകളേ! |
| നഃ | ഞങ്ങളുടെ | തേ പത്യുഃ | നിന്റെ ഭർത്താവിന്റെ |
| മാതരം | അമ്മയെ | ആഗമഃ | തിരിച്ചുവരവ് |
| നിജാശ്രമം | തന്റെ ആശ്രമത്തിലേക്കു | യാവത് | ഉണ്ടാവുംവരെ |
| സമാനീയ | കൂട്ടിക്കൊണ്ടുവന്ന് | ഇഹ | ഇവിടെ |
| ആശ്വാസ്യ | സമാധാനിപ്പിച്ച് | ഉഷ്യതാം | താമസിച്ചുകൊള്ളൂ" |

13. **തഥേത്യവാത്സീദ്ദേവർഷേരന്തി സാപ്യകുതോഭയാ**
**യാവദ്ദൈത്യപതിർഘോരാത് തപസോ ന ന്യവർത്തത**

| | | | |
|---|---|---|---|
| സാ അപി | അവളും | യാവത് ന ന്യവർത്തത | തിരിച്ചെത്താത്തതു വരേക്കും |
| തഥാ ഇതി | അങ്ങനെയെന്നു സമ്മതിച്ച് | ദേവർഷേഃ | ദേവർഷിയുടെ |
| ദൈത്യപതിഃ | അസുരാധിപൻ | അന്തി | അടുക്കൽ |
| ഘോരാത് | ദാരുണമായ | അകുതോഭയാ | നിർഭയയായിട്ട് |
| തപസഃ | തപസ്സിനുശേഷം | അവാത്സീത് | താമസിച്ചു. |

14. **ഋഷിം പര്യചരത് തത്ര ഭക്ത്യാ പരമയാ സതീ**
**അന്തർവത്നീ സ്വഗർഭസ്യ ക്ഷേമായേച്ഛാപ്രസൂതയേ**

| | | | |
|---|---|---|---|
| അന്തർവത്നീ | ഗർഭവതിയും | പരമയാ | മികച്ച |
| സതീ | സാധ്വിയുമായ അമ്മ | ഭക്ത്യാ | ഭക്തിയോടെ |
| സ്വഗർഭസ്യ | തന്റെ ഗർഭത്തിന്റെ | തത്ര | അവിടെ |
| ക്ഷേമായ | ഭാവുകത്തിന്നും | ഋഷിം | ഋഷിയെ |
| ഇച്ഛാ- പ്രസൂതയേ | താനിച്ഛിക്കുന്ന സമയത്തു പ്രസവിക്കുന്നതിന്നും വേണ്ടി * | പര്യചരത് | പരിചരിച്ചു. |

* ഭർത്താവിന്റെ പ്രത്യാഗമനത്തിനുശേഷം പ്രസവിക്കുന്നതിന്നും അതുവരെ ഗർഭസ്ഥശിശു കേടില്ലാതെ ഇരിക്കുന്നതിന്നും വേണ്ടി

15. ഋഷിഃ കാരുണികസ്തസ്യാഃ പ്രാദാദുഭയമീശ്വരഃ
ധർമ്മസ്യ തത്ത്വം ജ്ഞാനം ച മാമപ്യുദ്ദിശ്യ നിർമ്മലം

| | | | |
|---|---|---|---|
| കാരുണികഃ | ദീനദയാലുവും | ഉദ്ദിശ്യ | ഉദ്ദേശിച്ചു |
| ഈശ്വരഃ | സർവ്വസമർത്ഥനമായ | ധർമ്മസ്യ | ഭാഗവതധർമ്മത്തിന്റെ |
| ഋഷിഃ | നാരദമഹാമുനി | തത്ത്വം | രഹസ്യത്തെയും |
| തസ്യാഃ | ആ അമ്മയുടെ | നിർമ്മലം | വിശുദ്ധമായ |
| (ശോകശാന്ത്യൈ) | ദുഃഖശമനത്തിന്നു വേണ്ടി | ജ്ഞാനം ച | ആത്മജ്ഞാനത്തെയും |
| | | ഉഭയം | രണ്ടിനെയും |
| മാം അപി | എന്നെയും കൂടി | പ്രാദാത് | ഉപദേശിച്ചു കൊടുത്തു |

16. തത്തു കാലസ്യ ദീർഘത്വാത് സ്ത്രീത്വാന്മാതുസ്തിരോദധേ
ഋഷിണാനുഗ്രഹീതം മാം നാധുനാപ്യജഹാത് സ്മൃതിഃ

| | | | |
|---|---|---|---|
| തത് തു | അതാകട്ടെ | ഋഷിണാ | ശ്രീനാരദ മുനിയാൽ |
| കാലസ്യ | കാലത്തിന്റെ | അനുഗ്രഹീതം | ആശീർവദിക്കപ്പെട്ട |
| ദീർഘത്വാത് | ദൈർഘ്യം കൊണ്ടും | മാം | എന്നെ |
| സ്ത്രീത്വാത് | സ്ത്രീസഹജമായ ചഞ്ചലതകൊണ്ടും | അധുനാ അപി | ഇപ്പോഴുംകൂടി |
| | | സ്മൃതിഃ | ഓർമ്മ |
| മാതുഃ | അമ്മയിൽനിന്നു് | ന അജഹാത് | വിട്ടുപോയിട്ടില്ല, |
| തിരോദധേ | തിരോധാനം ചെയ്തു. | | |

17. ഭവതാമപി ഭൂയാന്മേ യദി ശ്രദ്ദധതേ വചഃ
വൈശാരദീ ധീഃ ശ്രദ്ധാതഃ സ്ത്രീബാലാനാം ച മേ യഥാ

| | | | |
|---|---|---|---|
| മേ വചഃ | എന്റെ വാക്കു് | സ്ത്രീ—ബാലാനാം | സ്ത്രീകളുടെയും കുട്ടികളുടെയും |
| ശ്രദ്ദധതേ | ശ്രദ്ധിക്കുന്നു | | |
| യദി | എങ്കിൽ | ധീഃ ച | ബുദ്ധികൂടി |
| ഭവതാം അപി | നിങ്ങൾക്കും | മേ യഥാ | എന്റേതെന്നപോലെ, |
| ഭൂയാത് | അതുണ്ടാകും. | വൈശാരദീ | തെളിമയുള്ളതായി തീരും. |
| ശ്രദ്ധാതഃ | ശ്രദ്ധയാൽ | | |

ദേഹാദികളിൽ അഹംബുദ്ധിയുണ്ടാവാതെയിരിക്കുക എന്നതാണ് ബുദ്ധിയുടെ തെളിമ, അഥവാ വൈശാരദ്യം. ഇതു ദേഹാത്മവിവേകംകൊണ്ടു സാധിക്കേണ്ടതാകയാൽ നാരദോപദേശാനുസാരേണ തുടക്കത്തിൽ പത്തുശ്ലോകംകൊണ്ടു് ആയതിനെ വിസ്തരിക്കുന്നു —

18. **ജന്മാദ്യാഃ ഷഡിമേ ഭാവാ ദൃഷ്ടാ ദേഹസ്യ നാത്മനഃ**
**ഫലാനാമിവ വൃക്ഷസ്യ കാലേനേശ്വരമൂർത്തിനാ**

| | | | |
|---|---|---|---|
| ഈശ്വര— മൂർത്തിനാ | മാററങ്ങളുണ്ടാക്കുവാൻ കഴിവുള്ള സ്വരൂപത്തോട് കൂടിയ | വൃക്ഷസ്യ | വൃക്ഷത്തിൻെറ |
| കാലേന | കാലശക്തിയാൽ | ഫലാനാം | ഫലങ്ങൾക്ക് |
| ജന്മാദ്യാഃ | ജനനം മുതലായ | ഇവ | ഉണ്ടാകുന്നതുപോലെ |
| ഇമേ ഷട് | ഈ ആറുവിധം | ദേഹസ്യ | ശരീരത്തിന്നുമാത്രമേ |
| ഭാവാഃ | ഭാവഭേദങ്ങൾ, | ദൃഷ്ടാഃ | കാണപ്പെടുന്നുള്ളൂ; |
| | | ആത്മനഃ ന | ആത്മാവിന്ന് ഇല്ല |

ജായതേ = ഉണ്ടാവുന്നു, അസ്തി = നിലകൊള്ളുന്നു, വർദ്ധതേ = വളരുന്നു, വിപരിണമതേ = രൂപഭേദം വരുന്നു, അപക്ഷീയതേ = ക്ഷയിക്കുന്നു, നശ്യതി = നശിക്കുന്നു — ഇവയാണ് ശരീരത്തെ സംബന്ധിച്ച ആറുവിധം ഭാവഭേദങ്ങൾ. ആത്മാവിൻെറ അധിഷ്ഠാനമായ ശരീരത്തിന്ന യഥാക്രമം നേരിടുന്ന ഇവയൊന്നും ആത്മാവിന്ന് ബാധകമല്ല. മരത്തിലുള്ള കായ്കൾക്ക് ഇപ്പറഞ്ഞ മാററങ്ങൾ ഉണ്ടാവുമ്പോൾ അവയൊന്നും മരത്തെ ബാധിക്കുന്നില്ലല്ലോ. മരം ഭാവഭേദമില്ലാതെ നില്ക്കുന്നു. അതുപോലെ ആത്മാവും നിർവ്വികാരമായി നിലകൊള്ളുന്നു.

ഇങ്ങനെ ശരീരധർമ്മങ്ങളെ എടുത്തു പറഞ്ഞു് ശരീരത്തിൽനിന്ന് ആത്മാവിനുള്ള വിലക്ഷണതയെ കാണിച്ചു. ഇനി അടുത്ത ശ്ലോകത്തിൽ ആത്മധർമ്മങ്ങളെ എടുത്തു പറഞ്ഞു് ആത്മാവിൽനിന്നും ശരീരത്തിനുള്ള വിലക്ഷണതയെ കാണിക്കുന്നു—

19. **ആത്മാ നിത്യോഽവ്യയഃ ശുദ്ധ ഏകഃ ക്ഷേത്രജ്ഞ ആശ്രയഃ**
**അവിക്രിയഃ സ്വദൃഗ്ഘേതുർവ്യാപകോഽസംഗ്യനാവൃതഃ**

| | | | |
|---|---|---|---|
| ആത്മാ | ആത്മാവ് | അവിക്രിയഃ | നിഷ്ക്രിയനും |
| നിത്യഃ | നാശരഹിതനും | സ്വദൃക് | സ്വയം പ്രകാശനും |
| അവ്യയഃ | അപക്ഷയമില്ലാത്തവനും | ഹേതുഃ | വിശ്വകാരണനും |
| ശുദ്ധഃ | നിർമ്മലനും | വ്യാപകഃ | സർവ്വവ്യാപിയും |
| ഏകഃ | അദ്വിതീയനും | അസംഗീ | നിർല്ലേപനും |
| ക്ഷേത്രജ്ഞഃ | ശരീരേന്ദ്രിയാദികളുടെ ജ്ഞാതാവും | അനാവൃതഃ | ആവരണമില്ലാത്തവനുമാകുന്നു. |
| ആശ്രയഃ | സർവ്വാധാരഭൂതനും | | |

20. **ഏതൈർദ്വാദശഭിർവിദ്വാനാത്മനോ ലക്ഷണൈഃ പരൈഃ**
**അഹം മമേത്യസദ്ഭാവം ദേഹാദൗ മോഹജം ത്യജേത്**

| | | | |
|---|---|---|---|
| ആത്മനഃ | ആത്മാവിന്റെ | ദേഹാദൗ | ദേഹാദിയിൽ |
| ഏതൈഃ | ഈ വിധം | മോഹജം | മോഹം നിമിത്തമുണ്ടായ |
| പരൈഃ | ശ്രേഷ്ഠങ്ങളായ | അഹം മമ ഇതി | ഞാനെന്നും എന്റേതെന്നും ഉള്ള |
| ദ്വാദശഭിഃ | പന്ത്രണ്ട് | അസദ്ഭാവം | മിഥ്യാബോധത്തെ |
| ലക്ഷണൈഃ | ലക്ഷണങ്ങളാൽ | ത്യജേത് | പരിത്യജിക്കണം. |
| വിദ്വാൻ | ദേഹാത്മവിവേകമുണ്ടായവൻ | | |

''ദേഹാദിയിൽ കേന്ദ്രീകരിച്ച അഹംബുദ്ധിയാവുന്ന മിഥ്യാബോധം വിട്ടുപോകാൻ ശാസ്ത്രോക്തരീത്യാ ദേഹാത്മ വിവേകമുണ്ടായാൽ മതിയോ? അതിന് അപരോക്ഷാനുഭവത്തിലൂടെ ബ്രഹ്മസാക്ഷാത്കാരം സാധിക്കണമല്ലോ—'' ഇതാണിവിടെ ആശങ്കയെങ്കിൽ അതിനുള്ള സമാധാനം സോദാഹരണം താഴെ പറയുന്നു—

21. സ്വർണ്ണം യഥാ ഗ്രാവസു ഹേമകാരഃ
ക്ഷേത്രേഷു യോഗൈസ്തദഭിജ്ഞ ആപ്നുയാത്
ക്ഷേത്രേഷു ദേഹേഷു തഥാത്മയോഗൈ-
രധ്യാത്മവിദ് ബ്രഹ്മഗതിം ലഭേത

| | | | |
|---|---|---|---|
| യഥാ | ഏതു പ്രകാരം | ആപ്നുയാത് | സ്വായത്തമാക്കുന്നുവോ, |
| ക്ഷേത്രേഷു | സ്വർണ്ണഖനിപ്രദേശങ്ങളിലെ | തഥാ | അതുപ്രകാരം |
| ഗ്രാവസു | കല്ലുകളിൽ കലന്ന | ക്ഷേത്രേഷു | ആത്മാധിഷ്ഠാനങ്ങളായ |
| സ്വർണ്ണം | സ്വർണ്ണത്തെ | ദേഹേഷു | ശരീരങ്ങളിൽ |
| തദഭിജ്ഞഃ | അതിന്റെ പരിജ്ഞാനമുള്ള | അധ്യാത്മവിത് | ആത്മജ്ഞാനമുള്ളവൻ |
| ഹേമകാരഃ | സ്വർണ്ണപ്പണിക്കാരൻ | ആത്മയോഗൈഃ | ആത്മോപലബ്ധിക്കുതകുന്ന സാധനകളിലൂടെ |
| യോഗൈഃ | ശുദ്ധിചെയ്തെടുക്കാനുള്ള കൗശലങ്ങളാൽ | ബ്രഹ്മഗതിം | ബ്രഹ്മസാക്ഷാത്കാരത്തെ |
| | | ലഭേത | സാധിക്കുന്നതാണ് |

ആത്മജ്ഞാനത്തിനും ആത്മോപലബ്ധിക്കുമുള്ള മാർഗ്ഗങ്ങൾ ഇനിയും തുടർന്നു പറയുന്നു

22. അഷ്ടൗ പ്രകൃതയഃ പ്രോക്താസ്ത്രയ ഏവ ഹി തദ്ഗുണാഃ
വികാരാഃ ഷോഡശാചാര്യൈഃ പുമാനേകഃ സമന്വയാത്

| | | | |
|---|---|---|---|
| പ്രകൃതയഃ | ലോകത്തിന്റെ ഉപാദാന കാരണങ്ങളായ മൂലതത്ത്വങ്ങൾ | തദ്ഗുണാഃ ഹി | അവയെ സംബന്ധിച്ച ഗുണങ്ങളാകട്ടെ |
| അഷ്ടൗ | എട്ടാണെന്നും | ത്രയഃ ഏവ | മൂന്നു തന്നെയാണെന്നും |

| | | | |
|---|---|---|---|
| വികാരാഃ | കാര്യരൂപേണ പരിണമിച്ച വികാരങ്ങൾ | പുമാൻ | പുരുഷശബ്ദവാച്യമായ ആത്മാവ് |
| ഷോഡശ | പതിനാറാണെന്നും | ഏകഃ | ഒന്നാണെന്നും |
| സമന്വയാത് | ഇതിലെല്ലാം സാക്ഷിഭാവേന ഉൾച്ചേർന്നിരിക്കുന്ന | ആചാര്യൈഃ | സാംഖ്യാചാര്യന്മാരാൽ |
| | | പ്രോക്തഃ | പ്രവചിക്കപ്പെട്ടിരിക്കുന്നു |

സത്ത്വം, രജസ്സ്, തമസ്സ് എന്നീ ഗുണത്രയത്തിന്ന് ആധാരങ്ങളായ പ്രാകൃതികമൂലകാരണതത്ത്വങ്ങൾ എട്ട് — മൂലപ്രകൃതി, മഹത്തത്ത്വം, അഹങ്കാരം, പഞ്ചതന്മാത്രകൾ എന്നിവ; പ്രാകൃതിക വികാരങ്ങൾ പതിനാറ് — ദശേന്ദ്രിയങ്ങൾ, മനസ്സ് പഞ്ചമഹാഭൂതങ്ങൾ എന്നിവ. ഈ 24 തത്ത്വങ്ങളിലും ഉൾച്ചേർന്നിരിക്കുന്ന ഏകമായ ആത്മതത്ത്വമത്രേ പുരുഷൻ.

23. ദേഹസ്തു സർവസംഘാതോ ജഗത് തസ്ഥുരിതി ദ്വിധാ
തത്രൈവ മൃഗ്യഃ പുരുഷോ നേതി നേതീത്യതത് ത്യജൻ

24. അന്വയവ്യതിരേകേണ വിവേകേനോശതാऽऽത്മനാ
സർഗ്ഗസ്ഥാനസമാമ്നായൈർവിമൃശദ്ഭിരസത്വരൈഃ

| | | | |
|---|---|---|---|
| ദേഹഃ തു | ശരീരമാകട്ടെ | അന്വയ— വ്യതിരേകേണ | അവയെ അനുവർത്തിച്ചും അവയിൽനിന്നു വ്യാവർത്തിച്ചും (മണിമാലയിൽ പൊൻനൂലുപോലെ സ്ഥിതനാണെന്ന) |
| സർവ്വ— സംഘാതഃ | പ്രാകൃതിക തത്ത്വങ്ങളുടെയെല്ലാം കലപ്പുകൂട്ടാണ്. | | |
| ജഗത് | ചരമെന്നും | | |
| തസ്ഥുഃ ഇതി | അചരമെന്നും | വിവേകേന | യാഥാർത്ഥ്യബോധത്താൽ |
| ദ്വിധാ | അതു രണ്ടുതരമുണ്ട്. | ഉശതാ | തെളിമയാന്ന |
| തത്ര ഏവ | ആ ശരീരത്തിൽത്തന്നെ | ആത്മനാ | മനസ്സുകൊണ്ട് |
| നേതി നേതി ഇതി | അന്തഃകരണാദികൾ ആത്മാവല്ലെന്ന അന്യാപോഹത്താൽ | സർഗ്ഗസ്ഥാന- സമാമ്നായൈഃ | സൃഷ്ടിസ്ഥിതിസംഹാരങ്ങളാവുന്ന കാര്യങ്ങളെ നിമിത്തമാക്കി |
| അതത്ത്യജൻ | താനല്ലാത്തതിനെ തന്നെത്താൻ വിട്ടുകൊണ്ട് പ്രതീയമാനമാവുന്ന | വിമൃശദ്ഭിഃ | പരിചിന്തനം ചെയ്യുന്ന |
| | | അസത്വരൈഃ | ക്ഷമാശീലന്മാരാൽ |
| | | മൃഗ്യഃ | അനുസന്ധാനം ചെയ്യപ്പെടാവുന്നതാണ്. |
| പുരുഷഃ | പുരുഷൻ (ആത്മാവ്) | | |

പരിചിന്തനം ചെയ്യാനുള്ള വഴി താഴെ രണ്ടു ശ്ലോകം കൊണ്ടു നിർദ്ദേശിക്കുന്നു.

25. ബുദ്ധേർജാഗരണം സ്വപ്ന സുഷുപ്തിരിതി വൃത്തയഃ
താ യേനൈവാനുഭൂയന്തേ സോऽധ്യക്ഷഃ പുരുഷഃ പരഃ

| | | | |
|---|---|---|---|
| ജാഗരണം | ജാഗ്രത്ത് (ഉണർവ്വ്) | അനുഭൂയന്തേ | അനുഭവിക്കപ്പെടുന്നുവോ, |
| സ്വപ്നഃ | സ്വപ്നം, | സഃ | അവൻ |
| സുഷുപ്തിഃ | സുഷുപ്തി (ഗാഢനിദ്ര) | പരഃ | ആയവയിൽനിന്നകന്നു |
| ഇതി | എന്നിങ്ങനെ | | നില്ക്കുന്ന |
| ബുദ്ധേഃ | ബുദ്ധിക്ക് | അധ്യക്ഷഃ | സാക്ഷീഭൂതനായ |
| വൃത്തയഃ | മൂന്നവസ്ഥാഭേദങ്ങളുണ്ട്. | പുരുഷഃ | പുരുഷൻ (ആത്മാവ്) |
| താഃ | ആയവ | | ആകുന്നു. |
| യേന | ഏതൊരുവനാൽ | | |

26. **ഏഭിസ്ത്രിവർണ്ണൈഃ പര്യസ്തൈർ ബുദ്ധിഭേദൈഃ ക്രിയോദ്ഭവൈഃ**
**സ്വരൂപമാത്മനോ ബുദ്ധ്യേദ്ഗന്ധൈർവായുമിവാന്വയാത്**

| | | | |
|---|---|---|---|
| ത്രിവർണ്ണൈഃ | ത്രിഗുണാത്മകങ്ങളായും | ഗന്ധൈഃ | പുഷ്പഗന്ധങ്ങളെക്കൊണ്ട് |
| ക്രിയോദ്ഭവൈഃ | കർമ്മജങ്ങളായും | വായും ഇവ | വായുവിനെ എന്നപോലെ |
| | | സമന്വയാത് | നിരന്തരസംബന്ധം |
| പര്യസ്തൈഃ | ആത്മധർമ്മവ്യതിരിക്തങ്ങളായുമിരിക്കുന്ന | | ഹേതുവായിട്ട് |
| | | ആത്മനഃ | ആത്മാവിന്റെ |
| ഏഭിഃ ബുദ്ധിഭേദൈഃ | ഈ ബുദ്ധിപരിണാമങ്ങൾ (ബുദ്ധിയുടെ ജാഗ്രദാദ്യവസ്ഥാഭേദങ്ങൾ) കൊണ്ട് | സ്വരൂപം | വിലക്ഷണസ്വഭാവത്തെ |
| | | ബുദ്ധ്യേത് | അറിയാവുന്നതാണ്. |

ത്രിഗുണാത്മകത്വവും കർമ്മജന്യത്വവുമുള്ള ജാഗ്രദാദ്യവസ്ഥാഭേദങ്ങൾ ബുദ്ധിയുടെ ധർമ്മങ്ങളാണ്; ആത്മാവിന്റേതല്ല. ആത്മാവ് സച്ചിന്മയവും ബുദ്ധി ജഡവുമത്രേ. എങ്കിലും ബുദ്ധിയോടുള്ള അടുപ്പം കാരണം ബുദ്ധിപരിണാമങ്ങളെ ആത്മധർമ്മങ്ങളായിട്ടു തോന്നിപ്പോകുന്നു. ഇതിനുള്ള ദൃഷ്ടാന്തം വായുവാണ്. പുഷ്പഗന്ധത്തെ അതിന്റെ വാഹകമായ വായുവിന്റെ ധർമ്മമായിട്ടു കരുതപ്പെട്ടേക്കാം. വാസ്തവത്തിൽ ഗന്ധം പുഷ്പത്തിന്റേതാണ്. വായുവാകട്ടെ നിത്യശുദ്ധം.

വായുവിലുള്ള പുഷ്പസംസർഗ്ഗജമായ ഗന്ധത്വം വിവേകബോധം കൊണ്ടു നീങ്ങിയേക്കാം, എന്നാൽ സംസാരചക്രം നില്ക്കാതെതന്നെ തുടരുന്നതിനു കാരണമെന്ത്? ഈ ആശങ്കയെ ഇനി പരിഹരിക്കുന്നു—

27. **ഏതദ്വാരോ ഹി സംസാരോ ഗുണകർമ്മനിബന്ധനഃ**
**അജ്ഞാനമൂലോഽപാർത്ഥോഽപി പുംസഃ സ്വപ്ന ഇവേഷ്യതേ**

| | | | |
|---|---|---|---|
| ഏതദ്വാരഃ | ഈ ബുദ്ധിയുടെ പരിണാമങ്ങളിലൂടെ വെളിപ്പെടുന്ന | സംസാരഃ ഹി | ജന്മമൃത്യുരൂപമായ സംസൃതി ചക്രമാകട്ടെ |

| | | | |
|---|---|---|---|
| ഗുണകർമ്മ—നിബന്ധനഃ | അതിന്റെ ഗുണങ്ങളാലും കർമ്മങ്ങളാലും നിബന്ധിക്കപ്പെട്ടതാകുന്നു. | അപാർത്ഥഃ അപി | മിഥ്യാഭൂതമായതാണ്, അതെന്നു വരികിലും |
| അജ്ഞാനമൂലഃ | ആത്മാനാത്മാവിവേകമില്ലായ്മയെക്കൊണ്ട് അനുഭവപ്പെടുന്നതും | സ്വപ്നഃ ഇവ | സ്വപ്നമെന്നവിധം |
| | | പുംസഃ | ജീവന്ന് |
| | | ഇഷ്യതേ | അഭീഷ്ടമായിത്തോന്നുന്നു. |

28. തസ്മാദ്ഭവദ്ഭിഃ കർത്തവ്യം കർമ്മണാം ത്രിഗുണാത്മനാം
ബീജനിർഹരണം യോഗഃ പ്രവാഹോപരമോ ധിയഃ

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട് | ധിയഃ | ബുദ്ധിയുടെ |
| ത്രിഗുണാ—ത്മനാം | ഗുണത്രിതയത്തെ ഉൾക്കൊള്ളുന്ന | പ്രവാഹോ—പരമഃ | ജാഗ്രദാദ്യവസ്ഥാഭേദങ്ങളിലേക്കുള്ള ഒഴുക്കിനെ ഒതുക്കിനിർത്തുന്ന |
| കർമ്മണാം | കർമ്മങ്ങളുടെ | യോഗഃ | യോഗമാർഗ്ഗം ആത്മാനുസന്ധാനം |
| ബീജ—നിർഹരണം | വിത്തിനെ (അജ്ഞാനത്തെ) നിശ്ശേഷം നശിപ്പിക്കുക എന്നകാര്യം | | |
| ഭവദ്ഭിഃ | നിങ്ങളാൽ | (കർത്തവ്യഃ) | നിർവ്വഹിക്കപ്പെടേണ്ടതുമാണ്. |
| കർത്തവ്യം | നിർവ്വഹിക്കപ്പെടേണ്ടതാണ്. | | |

ഈ വിധം ജ്ഞാനപ്രകാരത്തെപ്പറ്റി പറഞ്ഞശേഷം തൽപ്രാപ്തിക്കുതകുന്ന വിശുദ്ധധർമ്മത്തിന്റെ തത്വത്തെ നാരദോപദേശാനുസാരേണ ഇനി അഞ്ചുശ്ലോകം കൊണ്ടു പറയുന്നു—.

29. തത്രോപായസഹസ്രാണാമയം ഭഗവതോദിതഃ
യദീശ്വരേ ഭഗവതി യഥാ യൈരഞ്ജസാ രതിഃ

| | | | |
|---|---|---|---|
| തത്ര | അതിൽ | യഥാ | മുറപോലെ നിറവേറ്റപ്പെട്ട |
| ഉപായ—സഹസ്രാണാം | അനേകം ഉപായങ്ങളുള്ളവയിൽവച്ച് | യൈഃ | യാവചില നിഷ്കാമകർമ്മാനുഷ്ഠാനങ്ങളാൽ |
| ഭഗവതോദിതഃ | ശ്രീഭഗവാനാൽ അരുളിച്ചെയ്യപ്പെട്ട ഉത്തമോപായം | ഈശ്വരേ | ജഗന്നിയന്താവായ |
| | | ഭഗവതി | ശ്രീനാരായണനിൽ |
| | | അഞ്ജസാ | സാക്ഷാത്തായ |
| അയം | ഇതാകുന്നു: | രതിഃ | പ്രേമലക്ഷണഭക്തി |
| യത് | യാതൊന്നാകട്ടെ | | യുണ്ടാകുന്നു എന്നതാണ്. |

ഇതിന്നാവശ്യമായ അന്തരംഗധർമ്മങ്ങളെ നിർദ്ദേശിക്കുന്നു—

30. ഗുരുശുശ്രൂഷയാ ഭക്ത്യാ സർവ്വലബ്ധാർപ്പണേന ച
സംഗേന സാധുഭക്താനാമീശ്വരാരാധനേന ച

31. ശ്രദ്ധയാ തത്കഥായാം ച കീർത്തനൈർഗ്ഗുണകർമ്മണാം
തത്പാദാംബുരുഹധ്യാനാത് തല്ലിംഗേക്ഷാർഹണാദിഭിഃ

| | |
|---|---|
| ഗുരുശുശ്രൂഷയാ | ഗുരുപരിചരണം കൊണ്ടും, |
| ഭക്ത്യാ | ഗുരുഭക്തികൊണ്ടും, |
| സർവ്വലബ്ധാർപ്പണേന ച | ലഭിച്ചതെല്ലാം പരമാത്മാവായി ഭഗവാനിൽ അർപ്പിക്കുക കൊണ്ടും, |
| സാധുഭക്താനാം | സദ്വൃത്തന്മാരായ ഭക്തന്മാരുടെ |
| സംഗേന | സമ്പർക്കംകൊണ്ടും |
| ഈശ്വരാരാധനേന ച | ഭഗവാനെ ആരാധിക്കുന്നതുകൊണ്ടും, |
| തത്കഥായാം | ഭഗവൽകഥയിലുള്ള |
| ശ്രദ്ധയാ ച | ശ്രദ്ധകൊണ്ടും, |
| ഗുണകർമ്മണാം | ഗുണകർമ്മങ്ങളുടെ |
| കീർത്തനൈഃ | കീർത്തനങ്ങൾകൊണ്ടും, |
| തത്പാദാംബുരുഹധ്യാനാത് | ഭഗവൽപാദാരവിന്ദങ്ങളുടെ ധ്യാനംകൊണ്ടും, |
| തല്ലിംഗേക്ഷാർഹണാദിഭിഃ | ഭഗവാന്റെ വിഗ്രഹങ്ങളെ ദർശിക്കുക, പൂജിക്കുക മുതലായവകൊണ്ടും |
| (രതിഃ സ്യാത്) | പ്രേമഭക്തി ഉണ്ടാകുന്നതാണ്. |

32. ഹരിഃ സർവേഷു ഭൂതേഷു ഭഗവാനാസ്തേ ഈശ്വരഃ
ഇതി ഭൂതാനി മനസാ കാമൈസ്തൈഃ സാധു പൂജയേത്

| | |
|---|---|
| ഈശ്വരഃ | ജഗന്നിയന്താവും |
| ഭഗവാൻ | സമഗ്രൈശ്വര്യാദിനിലയവുമായ |
| ഹരിഃ | ശ്രീഹരി |
| സർവേഷു | എല്ലാ |
| ഭൂതേഷു | ചരാചരപ്രാണികളിലും |
| ആസ്തേ ഇതി | സ്ഥിതിചെയ്യുന്നുവെന്ന |
| മനസാ | മനോധാരണയോടെ |
| ഭൂതാനി | എല്ലാ പ്രാണികളെയും |
| തൈഃ | അതാതുതരത്തിലുള്ള |
| കാമൈഃ | ആഗ്രഹനിവൃത്തിവരുത്തികൊണ്ട് |
| സാധു | വേണ്ടുംവിധം |
| പൂജയേത് | ഉപചരിക്കണം |

33. ഏവം വിജിതഷഡ്വർഗ്ഗൈഃ ക്രിയതേ ഭക്തിരീശ്വരേ
വാസുദേവേ ഭഗവതി യയാ സംലഭതേ രതിം.

| | |
|---|---|
| ഏവം | ഇപ്രകാരം |
| വിജിതഷഡ്വർഗ്ഗൈഃ | കാമക്രോധാദി ഷഡ്വർഗ്ഗത്തെ ജയിച്ച ശുദ്ധാന്തഃകരണന്മാരാൽ |
| ഈശ്വരേ | ജഗന്നിയന്താവും |
| ഭഗവതി | സമഗ്രൈശ്വര്യനിലയവും |
| വാസുദേവേ | വിശുദ്ധസത്ത്വമൂർത്തിയു |

| | | | |
|---|---|---|---|
| | [illegible] | [illegible] | [illegible]ന്നിലൂടെ |
| ഭക്തിഃ | [illegible] | [illegible] | [illegible]തിയെ |
| ക്രിയതേ | അർപ്പിക്കപ്പെടുന്നു; | സംലഭതേ | സാധിക്കയും ചെയ്യുന്നു |

[illegible] യഥാർത്ഥഭക്തന്മാരുടെ ലക്ഷണങ്ങളെ സഹപാഠികൾക്ക് മൂന്നുശ്ലോകം കൊണ്ട് ഇനി വിവരിച്ചുകൊടുക്കുന്നു.

34. നിശമ്യ കർമ്മാണി ഗുണാനതുല്യാൻ
വീര്യാണി ലീലാതനുഭിഃ കൃതാനി
യദാതിഹർഷോത്പുളകാശ്രുഗദ്ഗദം
പ്രോത്കണ്ഠ ഉദ്ഗായതി രൗതി നൃത്യതി.

35. യദാ ഗ്രഹഗ്രസ്ത ഇവ ക്വചിദ്ധസ-
ത്യാക്രന്ദതേ ധ്യായതി വന്ദതേ ജനം
മുഹുഃ ശ്വസൻ വക്തി ഹരേ ജഗത്പതേ
നാരായണേത്യാത്മമതിർഗതത്രപഃ

36. തദാ പുമാൻ മുക്തസമസ്തബന്ധന-
സ്തദ്ഭാവഭാവാനുകൃതാശയാകൃതിഃ
നിർദ്ദഗ്ധബീജാനുശയോ മഹീയസാ
ഭക്തിപ്രയോഗേണ സമേത്യധോക്ഷജം.

| | |
|---|---|
| യദാ | എപ്പോഴം |
| പുമാൻ | ഒരു മനുഷ്യൻ |
| അതുല്യാൻ | ഭഗവാന്റെ അനുപമങ്ങളായ |
| ഗുണാൻ | ഭക്തവാത്സല്യാദിഗുണങ്ങളെയും, |
| ലീലാതനുഭിഃ | ലീലയ്ക്കായി സ്വീകരിച്ചിട്ടുള്ള നാനാശരീരങ്ങളാൽ |
| കൃതാനി | ചെയ്യപ്പെട്ട |
| കർമ്മാണി | പ്രവൃത്തികളെയും, |
| വീര്യാണി | വീരകൃത്യങ്ങളെയും |
| നിശമ്യ | കേട്ടിട്ട് |
| അതിഹർഷോത്-പുളകാശ്രു-ഗദ്ഗദം | അത്യാനന്ദത്താൽ രോമാഞ്ചമണിഞ്ഞു കണ്ണീരൊഴുകിനിന്ന് ഇടറുന്ന അവ്യക്താക്ഷരങ്ങളോടെ |
| പ്രോത്കണ്ഠഃ | മുക്തകണ്ഠനായിട്ട് |
| ഉദ്ഗായതി | ഉറക്കെ പാടുകയും |
| രൗതി | കരയുകയും |
| നൃത്യതി | തുള്ളിക്കളിക്കയും ചെയ്യുന്നുവോ; |
| യദാ | എപ്പോഴം |
| ഗ്രഹഗ്രസ്തഃ | ഭൂതബാധയേറ്റവൻ |
| ഇവ | കണക്കെ |
| ക്വചിത് | ചിലനേരത്ത് |
| ഹസതി | ചിരിക്കയും |
| ആക്രന്ദതേ | മററു ചിലപ്പോഴം നിലവിളിക്കയും |
| ധ്യായതി | ധ്യാനത്തിലിരിക്കയും |
| ജനം | ആളുകളെ |
| വന്ദതേ | വണങ്ങുകയും |
| ആത്മമതിഃ | ഭഗവാനിൽ താദാത്മ്യം മനസ്സുറപ്പിച്ചും |

| | |
|---|---|
| ഗതത്രപഃ | ലജ്ജയെ കൈവിട്ട |
| മൂഢഃ | അടക്കടി ദീർഘം |
| ശ്വസൻ | നിശ്വസിച്ചുകൊണ്ടും |
| ഹരേ | "ഹേ ഹരേ! |
| ജഗത്പതേ | ജഗത്പതേ! |
| നാരായണ | നാരായണ!" |
| ഇതി | എന്നിങ്ങനെയുള്ള തിരുനാമങ്ങളെ |
| വക്തി | ഉച്ചരിക്കയും ചെയ്യുന്നുവോ, |
| തദാ | അപ്പോൾ |
| മുക്തസമസ്തബന്ധനഃ | എല്ലാ പ്രാരബ്ധകർമ്മങ്ങളിൽനിന്നും വിട്ടുമാറിയവനായി— |
| തദ്ഭാവഭാവാനുകൃതാശയാകൃതിഃ | ഹരിയുടെ ഭാവചേഷ്ടകളെ ഭാവനകൊണ്ടനുകരിച്ച മനസ്സോടും രൂപത്തോടും കൂടിയവനായി |
| നിർദഗ്ദ്ധബീജാനുശയഃ | ഉന്മൂലനാശം വന്ന അജ്ഞാനബീജത്തോടും കർമ്മവാസനയോടുംകൂടിയവനായി ഭവിച്ച് |
| മഹീയസാ | അതിമഹത്തായ |
| ഭക്തിപ്രയോഗേണ | ഉത്തമഭക്തിയോഗത്തിലൂടെ |
| അധോക്ഷജം | ശ്രീനാരായണനെ |
| സമേതി | പ്രാപിക്കുന്നു. |

തൽപ്രാപ്തിയാൽ സാധിക്കുന്നതെന്തെന്ന് ഇനി പറയുന്നു—

37. അധോക്ഷജാലംഭമിഹാശുഭാത്മനഃ
ശരീരിണഃ സംസൃതിചക്രശാതനം
തദ്ബ്രഹ്മനിർവ്വാണസുഖം വിദുർബുധാ-
സ്തതോ ഭജധ്വം ഹൃദയേ ഹൃദീശ്വരം

| | |
|---|---|
| അധോക്ഷജാലംഭം | ശ്രീനാരായണങ്കലുള്ള മനസ്സിന്റെ സ്പർശം |
| ഇഹ | ഈ ലോകത്തിൽ |
| അശുഭാത്മനഃ | മനോമാലിന്യം ബാധിച്ച |
| ശരീരിണഃ | ദേഹിയുടെ |
| സംസൃതിചക്രശാതനം | സംസാരചക്രഭ്രമണത്തിന് അറുതി വരുത്തുന്നതാകുന്നു. |
| തത് | അതിനെ |
| ബുധാഃ | ജ്ഞാനികൾ |
| ബ്രഹ്മനിർവ്വാണസുഖം | പരബ്രഹ്മത്തിൽ ലയിച്ചുചേർന്ന പരമാനന്ദമായിട്ട് |
| വിദുഃ | കരുതുന്നു. |
| തതഃ | അതുകൊണ്ട്, |
| ഹൃദയേ | ഹൃദയത്തിൽ |
| ഹൃദീശ്വരം | അന്തര്യാമിയായി സ്ഥിതിചെയ്യുന്ന ശ്രീഹരിയെ |
| ഭജധ്വം | ഭജിക്കുവിൻ |

ഹരിഭജനം ആയാസകരമല്ലെന്നു തുടർന്നു ബോധിപ്പിക്കുന്നു—

38. കോഽതിപ്രയാസോഽസുരബാലകാ ഹരേ-
രുപാസനേ സ്വേ ഹൃദി ഛിദ്രവത് സതഃ
സ്വസ്യാത്മനഃ സഖ്യുരശേഷദേഹിനാം
സാമാന്യതഃ കിം വിഷയോപപാദനൈഃ

| | | | |
|---|---|---|---|
| അസുര– ബാലകാഃ | അസുരബാലന്മാരേ ! | ഉപാസനേ | ഭജനവിഷയത്തിൽ |
| സ്വേ ഹൃദി | സ്വഹൃദയത്തിൽ | അതി– പ്രയാസഃ | അധികം കഷ്ടപ്പാട് |
| ഖവദ്വത് | ആകാശംപോലെ | കഃ | എന്തിരിക്കുന്നു? |
| സതഃ | സ്ഥിതിചെയ്യുന്നവനും | സാമാന്യതഃ | പൊതുവിൽ |
| സഖ്യുഃ | ഹിതകാരിയും | സർവ്വ– ദേഹിനാം | സകല ജന്തുക്കൾക്കുമുള്ള |
| സ്വസ്യ | തന്റെ | വിഷയോപ– പാദനൈഃ | ഭോഗസാമഗ്രികളുടെ നേട്ടങ്ങൾകൊണ്ടു് |
| ആത്മനഃ | ആത്മാവുതന്നെയും ആയിരിക്കുന്ന | | |
| ഹരേഃ | ശ്രീഹരിയുടെ | കിം | എന്തുകാര്യം? |

ഭോഗസാമഗ്രികൾ നേടിവയ്ക്കുന്നതു് അനർത്ഥമൂലമാണെന്നു് ഇനി ചൂണ്ടിക്കാണിക്കുന്നു—

39. രായഃ കളത്രം പശവഃ സുതാദയോ
ഗൃഹാ മഹീ കുഞ്ജരകോശഭൂതയഃ
സർവേऽർത്ഥകാമാഃ ക്ഷണഭംഗുരായുഷഃ
കുർവന്തി മർത്ത്യസ്യ കിയത് പ്രിയം ചലാഃ

| | | | |
|---|---|---|---|
| രായഃ | പണവും | ചലാഃ | നിലനില്പില്ലാത്ത |
| കളത്രം | പത്നിയും | അർത്ഥകാമാഃ | ഭോഗസാധനങ്ങളാണ്. |
| പശവഃ | നാല്ക്കാലികളും | ക്ഷണഭംഗുരാ– യുഷഃ | സ്വല്പനേരംകൊണ്ടു ആയുസ്സൊടുങ്ങുന്ന |
| സുതാദയഃ | പുത്രപൗത്രന്മാരും | | |
| ഗൃഹാഃ | വാസഭവനങ്ങളും | മർത്ത്യസ്യ | മർത്ത്യന്നു് |
| മഹീ | ഭൂമിയും | (ഏതേ) | ഇവ |
| കുഞ്ജര– കോശഭൂതയഃ | ആനകളും ധനനിക്ഷേപങ്ങളുമായ ഭൗതിക സമൃദ്ധികളും | കിയത് | എത്രമാത്രം |
| | | പ്രിയം | ഹിതത്തെ |
| സർവ്വേ | മുഴുവനും | കുർവ്വന്തി | ചെയ്യുന്നുവരും |

ഐഹികഭോഗങ്ങളെന്നപോലെ പുണ്യകർമ്മാർജ്ജിതങ്ങളായ സ്വർഗ്ഗാദി ഭോഗങ്ങളും ഒരിക്കൽ ക്ഷയിക്കുമെന്നതിനാൽ അക്ഷയമായ ആത്മസായുജ്യലബ്ധിക്കു ശ്രീഹരിഭജനം മാത്രമാണു കർത്തവ്യമായുള്ളതെന്നു വീണ്ടും വ്യക്തമാക്കുന്നു—

40. ഏവം ഹി ലോകാഃ ക്രതുഭിഃ കൃതാ അമീ
ക്ഷയിഷ്ണവഃ സാതിശയാ ന നിർമ്മലാഃ
തസ്മാദദൃഷ്ടശ്രുതദൂഷണം പരം
ഭക്ത്യൈകയേശം ഭജതാത്മലബ്ധയേ

| | | | |
|---|---|---|---|
| ഏവം ഹി | ഇങ്ങനെ തന്നെ | ആത്മലബ്ധയേ | ആത്മസായൂജ്യ ലബ്ധിക്കു വേണ്ടി |
| ക്രതുഭിഃ | യജ്ഞകർമ്മങ്ങളെക്കൊണ്ടു്. | | |
| കൃതാഃ | നേടിയെടുക്കപ്പെട്ട | അദൃഷ്ടശ്രുത—ദൂഷണം | കണ്ടതോ കേട്ടതോ ആയ അമംഗളങ്ങളൊന്നുമില്ലാത്ത |
| അമീലോകാഃ | ആ സ്വർഗ്ഗലോകാദി ഭോഗങ്ങളും | | |
| ക്ഷയിഷ്ണവഃ | ക്ഷയോന്മുഖങ്ങളാണ്. | പരം ഈശം | പരമേശ്വരനായ ശ്രീഹരിയെ |
| സാതിശയാഃ | ഐഹിക ഭോഗങ്ങളെക്കാൾ അവ താരതമ്യേന മികച്ചവയാണെങ്കിലും | ഏകയാ | ഏകാഗ്രമായ |
| നിർമ്മലാഃ ന | മാലിന്യമില്ലാത്തവയല്ല. | ഭക്ത്യാ | ഭക്തിഭാവനയോടെ |
| തസ്മാത് | ആകയാൽ | ഭജത | ഭജിക്കുവിൻ. |

മാത്രമല്ലാ കർമ്മമാർഗ്ഗത്തിൽ ഇഷ്ടപ്രാപ്തിക്കുള്ള പ്രയത്നം അനിഷ്ടപ്രാപ്തിക്കാണ് ഇടവരുത്തുന്നതെന്നുകൂടി ഇനി ഓർമ്മിപ്പിക്കുന്നു—

**41.** **യദധ്യർത്ഥേഹ കർമ്മാണി വിദ്വന്മാന്യസകൃന്നരഃ**
**കരോത്യതോ വിപര്യാസമമോഘം വിന്ദതേ ഫലം**

| | | | |
|---|---|---|---|
| വിദ്വന്മാനീ | അഭിജ്ഞനെന്നഭിമാനിക്കുന്ന | അസകൃത് | അനവരതം |
| | | കരോതി | ചെയ്തുവരുന്നുവോ, |
| നരഃ | മനുഷ്യൻ | അതഃ | ഈ നിനച്ചതിൽനിന്നും |
| ഇഹ | ഈ ലോകത്തിൽ | വിപര്യാസം | വിപരീതമായ |
| യത് | യാതൊന്നിനെ | ഫലം | ഫലത്തെയാണ് |
| അധ്യർത്ഥ്യ | ഉള്ളിൽ നിനച്ച് | അമോഘം | തീർച്ചയായും |
| കർമ്മാണി | കർമ്മങ്ങളെ | വിന്ദതേ | പ്രാപിക്കുന്നത് |

**42.** **സുഖായ ദുഃഖമോക്ഷായ സങ്കല്പ ഇഹ കർമ്മിണഃ**
**സദാപ്നോതീഹയാ ദുഃഖമനീഹായാഃ സുഖാവൃതഃ**

| | | | |
|---|---|---|---|
| ഇഹ കർമ്മിണഃ | ലോകത്തിൽ കർമ്മങ്ങളിലേർപ്പെട്ടവന്റെ | സുഖാവൃതഃ | സുഖത്തിലാണ്ടിരുന്നവൻ |
| സങ്കല്പഃ | നിനവ് | ഈഹയാ | വീണ്ടും കർമ്മാസക്തിയാൽ |
| സുഖായ | സുഖത്തിന്നും | സദാ | എന്നെന്നേക്കും |
| ദുഃഖമോക്ഷായ | ദുഃഖമോചനത്തിന്നും വേണ്ടിയാണ്. | ദുഃഖം | ദുഃഖത്തെത്തന്നെ |
| അനീഹായാഃ | ഒരിക്കൽ, കർമ്മവിരക്തി കൊണ്ടു | ആപ്നോതി | അനുഭവിക്കുന്നു. |

**43.** **കാമാൻ കാമയതേ കാമ്യൈര്യദർത്ഥമിഹ പൂരുഷഃ**
**സ വൈ ദേഹസ്തു പാരക്യോ ഭംഗുരോ യാത്യുപൈതി ച**

| | | | |
|---|---|---|---|
| ഇഹ | ഇങ്ങ് | ദേഹഃ തു | ദേഹമാകട്ടെ |
| പൂരുഷഃ | മനുഷ്യൻ | പാരക്യഃ | മററു ജന്തുക്കൾക്ക തീററയായിത്തീൎന്ന് |
| യദത്ഥം | ഏതിനുവേണ്ടി | ഭംഗുരഃ | തകൎന്ന് |
| കാമൈഃ | സകാമകൎമ്മങ്ങളാൽ | യാതി | വിട്ടുപോകുന്നു; |
| കാമാൻ | കാമിതങ്ങളെ | ഉപയാതി ച | വീണ്ടും വന്നണയുകയും ചെയ്യുന്നു. |
| കാമയതേ | കാമിച്ചുകൊണ്ടിരിക്കുന്നുവോ, | | |
| സഃ വൈ | അതേ | | |

44. **കിമു വ്യവഹിതാപത്യദാരാഗാരധനാദയഃ**
**രാജ്യം കോശഗജാമാത്യഭൃത്യാപ്താ മമതാസ്പദാഃ**

| | | | |
|---|---|---|---|
| വ്യവഹിതാ-പത്യദാരാ-ഗാരധനാദയഃ | ദേഹത്തിൽനിന്നും വിട്ടു നില്ക്കുന്ന സന്താനങ്ങളും, ഭാര്യ, ഭവനം ധനധാന്യങ്ങളും, | കോശഗജാ-മാത്യ-ഭൃത്യാപ്താഃ | ഈടുവെപ്പുകളും, ആനകളും, മന്ത്രിമാർ, സേവകന്മാർ, ബന്ധുക്കൾ എന്നിങ്ങനെ |
| രാജ്യം | രാജ്യം, | മമതാസ്പദാഃ | തന്റേതെന്ന തോന്നലിന്നാസ്പദമായവ |
| | | കിമു | പറയേണ്ടതുണ്ടോ? |

45. **കിമേതൈരാത്മനസ്തുച്ഛൈഃ സഹ ദേഹേന നശ്വരൈഃ**
**അനൎത്ഥൈരൎത്ഥസങ്കാശൈൎന്നിത്യാനന്ദമഹോദധേഃ**

| | | | |
|---|---|---|---|
| ദേഹേനസഹ | ശരീരത്തോടുകൂടെ | ഏതൈഃ | ഇവയെക്കൊണ്ട് |
| നശ്വരൈഃ | നശിക്കുന്നവയും | നിത്യാനന്ദ-മഹോദധേഃ | ശാശ്വതാനന്ദത്തിന്റെ വൻകടലായുള്ള |
| തുച്ഛൈഃ | നിസ്സാരങ്ങളും | ആത്മനഃ | ആത്മാവിന്ന് |
| അൎത്ഥസങ്കാ-ശൈഃ | പുരുഷാൎത്ഥങ്ങളെന്നപോലെ തോന്നപ്പെടുന്നവയും | കിം | കാര്യമെന്തുണ്ട് ? |
| അനൎത്ഥൈഃ | അനൎത്ഥഹേതുകളുമായ | | |

അഥവാ, സുഖാനുഭൂതിക്കുള്ള അവസരം തന്നെ ജീവിതത്തിലില്ലാത്തതുകൊണ്ട ഭോഗസാമഗ്രികളുണ്ടായിട്ടും കാൎയ്യമൊന്നുമില്ലെന്നു തുടൎന്നു പറയുന്നു—

46. **നിരൂപ്യതാമിഹ സ്വാൎത്ഥഃ കിയാൻ ദേഹഭൃതോഽസുരാഃ**
**നിഷേകാദിഷ്വവസ്ഥാസു ക്ലിശ്യമാനസ്യ കൎമ്മഭിഃ**

| | | | |
|---|---|---|---|
| അസുരാഃ | അസുരരേ! | അവസ്ഥാസു | ഒരോരോ ദശകളിലും |
| നിരൂപ്യതാം | ചിന്തിച്ചുനോക്കുക! | കൎമ്മഭിഃ | പ്രാരബ്ധകൎമ്മങ്ങളാൽ |
| നിഷേകാദിഷു | ഗൎഭധാനംതൊട്ടുള്ള | ക്ലിശ്യമാനസ്യ | ക്ലേശിക്കപ്പെട്ടുകഴിയുന്ന |

| | | | |
|---|---|---|---|
| ദേഹഭൃതഃ | ശരീരധാരിക്ക് | കിയാൻ | എത്രമാത്രം |
| ഇഹ | ഈ ലോകത്തിൽ | സ്വാർത്ഥഃ | സ്വപ്രയോജനമുണ്ട്? |

എന്നാൽ ഈ പ്രാരബ്ധകർമ്മങ്ങളൊടുങ്ങുമ്പോൾ സുഖാനുഭൂതിയുണ്ടാകുമല്ലോ എന്നു കരുതുന്നതും അബദ്ധമാണെന്നു ചൂണ്ടിക്കാട്ടുന്നു—

47. **കർമ്മാണ്യാരഭതേ ദേഹീ ദേഹേനാത്മാനുവർത്തിനാ**
**കർമ്മഭിസ്തനുതേ ദേഹമുഭയം ത്വവിവേകതഃ**

| | | | |
|---|---|---|---|
| ദേഹീ | ജീവൻ | ദേഹം | ശരീരത്തേയും |
| ആത്മാനു-വർത്തിനാ | തന്നെ അനുവർത്തിച്ചുകൊണ്ടിരിക്കുന്ന | തനുതേ | ധരിച്ചുകൊണ്ടിരിക്കുന്നു. |
| ദേഹേന | ശരീരംകൊണ്ട് | ഉഭയം തു | ഇതു രണ്ടും (കർമ്മവും തൽഫലമായ ദേഹാദിയും) |
| കർമ്മാണി | കർമ്മങ്ങളെ | അവിവേകതഃ | വിവേകമില്ലായ്കയാൽ ഏർപ്പെട്ടതുമാണ്. |
| ആരഭതേ | ആരംഭിക്കുന്നു. | | |
| കർമ്മഭിഃ | കർമ്മങ്ങളാൽ | | |

കർമ്മവും തൽഫലമായ ദേഹാദിയും വിവേകോദയംകൊണ്ടു മാത്രമേ നീങ്ങിപ്പോകയുള്ളൂ. ഈ വിവേകോദയം സംജാതമാകാൻ ശ്രീഹരി ഭക്തിയാണ് ഏകാവലംബം. ആകയാൽ അതിന്നായി സഹപാഠികളെ തുടർന്നും പ്രോത്സാഹിപ്പിക്കുന്നു—

48. **തസ്മാദർത്ഥാശ്ച കാമാശ്ച ധർമ്മാശ്ച യദപാശ്രയാഃ**
**ഭജതാനീഹയാത്മാനമനീഹം ഹരിമീശ്വരം**

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട്. | ഈശ്വരം | ആ സർവനിയന്താവും |
| അർത്ഥാഃ ച | ഭോഗ്യവസ്തുക്കളും | അനീഹം | നിഷ്ക്രിയനും |
| കാമാഃ ച | ഭോഗവാഞ്ഛകളും | ആത്മാനം | ആത്മസ്വരൂപനുമായ |
| ധർമ്മാഃ ച | ഭോഗോപായങ്ങളും | ഹരിം | ശ്രീഹരിയെ |
| യദപാശ്രയാഃ | ആരെ ആശ്രയിച്ചു നില്ക്കുന്നുവോ, | അനീഹയാ | നിഷ്കാമ ഭക്തിയോടെ |
| | | ഭജത | ഭജിച്ചുകൊള്ളുവിൻ. |

49. **സർവേഷാമപി ഭൂതാനാം ഹരിരാത്മേശ്വരഃ പ്രിയഃ**
**ഭൂതൈർമ്മഹദ്ഭിഃ സ്വകൃതൈഃ കൃതാനാം ജീവസംജ്ഞിതഃ**

| | | | |
|---|---|---|---|
| ഹരിഃ | ഭഗവാൻ ശ്രീഹരി | ആത്മാ | ആത്മാവും |
| സർവേഷാം | സമസ്തങ്ങളായ | പ്രിയഃ | പ്രിയംകരനുമാകുന്നു. |
| ഭൂതാനാം അപി | പ്രാണികളുടെയും | (സഃ) | തന്തിരുവടി |
| | | സ്വകൃതൈഃ | തന്നാൽ സൃഷ്ടിക്കപ്പെട്ട |

| | | | |
|---|---|---|---|
| മഹദ്ഭിഃ | പൃഥിവ്യാദി പഞ്ചമഹാ | ജീവ— | അന്തര്യാമിയായിട്ട |
| ഭൂതൈഃ | ഭൂതങ്ങളാൽ | സംജ്ഞിതഃ | ജീവനെന്ന സംജ്ഞയാൽ |
| കൃതാനാം | നിർമ്മിതങ്ങളായ | | അറിയപ്പെടുന്നു. |
| | അവരുടെ | | |

വിശുദ്ധ സത്ത്വമൂർത്തിയായ ഹരിയെ ഭജിക്കുവാൻ താമസ പ്രകൃതികളായ അസുരന്മാർക്ക് അധികാരമുണ്ടോ എന്ന് ആശങ്കിക്കരുത്. താഴെ അഞ്ചുശ്ലോകങ്ങളാൽ ഈ ആശങ്കയെ പരിഹരിക്കുന്നു.

**50.** **ദേവോഽസുരോ മനുഷ്യോ വാ യക്ഷോ ഗന്ധർവ ഏവ വാ**
**ഭജൻ മുകുന്ദചരണം സ്വസ്തിമാൻ സ്യാദ് യഥാ വയം**

| | | | |
|---|---|---|---|
| ദേവഃ | ദേവനായാലും, | മുകുന്ദചരണം | ശ്രീനാരായണന്റെ |
| അസുരഃ | അസുരനായാലും, | | തൃപ്പാദത്തെ |
| മനുഷ്യഃ വാ | മനുഷ്യനായാലും | ഭജൻ | ഭജിക്കുന്നവൻ |
| യക്ഷഃ | യക്ഷനോ | വയം യഥാ | നമ്മളെപ്പോലെ |
| ഗന്ധർവഃ ഏവ ച | ഗന്ധർവനോ ആയിരുന്നാലും | സ്വസ്തിമാൻ | ക്ഷേമവാനായി |
| | | സ്യാത് | ഭവിക്കുന്നതാണ്. |

**51.** **നാലം ദ്വിജത്വം ദേവത്വമൃഷിത്വം വാസുരാത്മജാഃ**
**പ്രീണനായ മുകുന്ദസ്യ ന വൃത്തം ന ബഹുജ്ഞതാ**

**52.** **ന ദാനം ന തപോ നേജ്യാ ന ശൗചം ന വ്രതാനി ച**
**പ്രീയതേഽമലയാ ഭക്ത്യാ ഹരിരന്യദ്വിഡംബനം**

| | | | |
|---|---|---|---|
| അസുരാത്മജാഃ | അസുരപുത്രന്മാരേ! | തപഃ ന | തപസ്സും വേണ്ട; |
| മുകുന്ദസ്യ | ശ്രീഹരിയുടെ | ഇജ്യാ ന | യജ്ഞവും വേണ്ട; |
| പ്രീണനായ | സംതൃപ്തിക്ക് | ശൗചം ന | ശുദ്ധിയും വേണ്ട; |
| ദ്വിജത്വം | ബ്രാഹ്മണത്വമോ, | വ്രതാനി ച ന | വ്രതങ്ങളും വേണ്ട; |
| ദേവത്വം | ദേവത്വമോ, | അമലയാ | വിശുദ്ധമായ |
| ഋഷിത്വം | ഋഷിത്വമോ | ഭക്ത്യാ | ഭക്തിയാൽ |
| ന അലം | വേണ്ടതില്ല; | ഹരിഃ | ശ്രീഹരി |
| വൃത്തം ന | സദാചാരം വേണ്ടതില്ല; | പ്രീയതേ | പ്രസാദിക്കുന്നു. |
| ബഹുജ്ഞതാ | ബഹുവിഷയജ്ഞാനം | അന്യത് | മററുള്ളതെല്ലാം |
| ന | ആവശ്യമില്ല; | വിഡംബനം | വെറും നാട്യം |
| ദാനം ന | ദാനവും വേണ്ട; | | |

**53.** **തതോ ഹരൗ ഭഗവതി ഭക്തിം കുരുത ദാനവാഃ**
**ആത്മൗപമ്യേന സർവത്ര സർവഭൂതാത്മനീശ്വരേ**

| | | | |
|---|---|---|---|
| തതഃ | തന്നിമിത്തം, | ഈശ്വരേ | സർവ്വനിയന്താവായും |
| ദാനവാഃ | അസുരന്മാരേ! | ഭഗവതി | സർവ്വഗുണോപേതനായും വർത്തിക്കുന്ന |
| സർവ്വത്ര | എല്ലാററിലും | | |
| ആത്മൗപമ്യേന | ആത്മ സമഭാവനയോടെ | ഹരൗ | ശ്രീഹരിയിൽ |
| | | ഭക്തിം | ഭക്തിയെ |
| സർവ്വഭൂതാത്മനി | സർവ്വചരാചരങ്ങളുടെ അന്തര്യാമിയായും | കുരുത | അർപ്പിക്കുവിൻ |

54. **ദൈതേയാ യക്ഷരക്ഷാംസി സ്ത്രിയഃ ശൂദ്രാ വ്രജൗകസഃ**
**ഖഗാ മൃഗാഃ പാപജീവാഃ സന്തി ഹ്യച്യുതതാം ഗതാഃ**

| | | | |
|---|---|---|---|
| ദൈതേയാഃ | ദൈത്യന്മാർ, | മൃഗാഃ | മൃഗങ്ങൾ, |
| യക്ഷരക്ഷാംസി | യക്ഷന്മാർ, രാക്ഷസന്മാർ, | പാപജീവാഃ | വേറെയും പാപാത്മാക്കളായുള്ളവർ |
| സ്ത്രിയഃ | സ്ത്രീകൾ, | അച്യുതതാം | നിത്യനിർവാണത്തെ |
| ശൂദ്രാഃ | ശൂദ്രന്മാർ, | ഗതാഃ | പ്രാപിച്ചവരായിട്ട് |
| വ്രജൗകസഃ | ഗോപന്മാർ | സന്തി ഹി | ഉണ്ടല്ലോ. |
| ഖഗാഃ | പക്ഷികൾ, | | |

ഇതോടെ രണ്ടധ്യായം കൊണ്ടു താൻ ഉപന്യസിച്ച വിഷയത്തെ പ്രഹ്ലാദൻ ചുരുക്കിപ്പറഞ്ഞ് ഉപസംഹരിക്കുന്നു—

55. **ഏതാവാനേവ ലോകേഽസ്മിൻ പുംസഃ സ്വാർത്ഥഃ പരഃ സ്മൃതഃ**
**ഏകാന്തഭക്തിർ ഗോവിന്ദേ യത് സർവ്വത്ര തദീക്ഷണം.**

| | | | |
|---|---|---|---|
| ഗോവിന്ദേ | ശ്രീകൃഷ്ണപരമാത്മാവിൽ | പരഃ | സർവ്വപ്രധാനമായ |
| ഏകാന്തഭക്തിഃ | ഏകനിഷ്ഠമായ ഭക്തിയുറയ്ക്കുക. | സ്വാർത്ഥഃ | സ്വോദ്ദേശ്യമായിട്ട് |
| | | സ്മൃതഃ | കരുതപ്പെടുന്നത്. |
| ഏതാവാൻ ഏവ | ഇത്ര മാത്രമാണ് | യത് | യാതൊന്ന് (യാതൊരു ഭക്തിയുടെ സ്വരൂപം) |
| അസ്മിൻ | ഈ | സർവത്ര | എല്ലാററിലും, എപ്പോഴും |
| ലോകേ | പ്രപഞ്ചത്തിൽ | തദീക്ഷണം | തന്തിരുവടിയെ ദർശിക്കുക എന്നതാകുന്നു. |
| പുംസഃ | ജീവന്റെ | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ ദൈത്യപുത്രാനുശാസനം
നാമ സപ്തമോഽധ്യായഃ
ആദിതഃ ശ്ലോകാഃ 334
ഏഴാമത്തെ സ്കന്ധത്തിൽ ഏഴാമധ്യായം കഴിഞ്ഞു.

# അഷ്ടമോऽധ്യായഃ — അധ്യായം എട്ട്

## നൃസിംഹാവതാരം

"അഷ്ടമേऽതിരുഷാ സൂനും നിഘ്നൻ ദൈത്യോ ഹതഃ സ്വയം
ആവിർഭൂയ നൃസിംഹേന സ ച ബ്രഹ്മാദിഭിഃ സ്തുതഃ"

[illegible]കോപത്താൽ പുത്രനെ കൊല്ലുന്നതിനൊരുങ്ങിയ ഹിരണ്യകശിപു ചെങ്ങെ നവിടെ ആവിർഭവിച്ച നരസിംഹമൂർത്തിയാൽ തന്നെ കൊല്ലപ്പെട്ടതും, ബ്രഹ്മാദി ദേവകളാൽ ഭഗവാൻ സ്തുതിക്കപ്പെട്ടതും ഈ അദ്ധ്യായത്തിൽ വർണ്ണിക്കുന്നു—

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

1. അഥ ദൈത്യസുതാഃ സർവേ ശ്രുത്വാ തദനുവർണ്ണിതം
ജഗൃഹുർനിരവദ്യത്വാന്നൈവ ഗുർവനുശിക്ഷിതം

| | | | |
|---|---|---|---|
| അഥ | അതിൽപ്പിന്നെ | നിരവദ്യ- ത്വാത് | നിർദ്ദോഷമാക കൊണ്ട് |
| ദൈത്യസുതാഃ | അസുരകുമാരന്മാർ | ജഗൃഹുഃ | സ്വീകരിച്ചു. |
| സർവേ | എല്ലാവരും | ഗുർവനു- ശിക്ഷിതം | ഗുരുവിന്റെ അധ്യാപനത്തെ |
| തദനു- വർണ്ണിതം | ആ പ്രഹ്ലാദന്റെ അനുക്രമത്തിലുള്ള പ്രതിപാദനത്തെ | ന ഏവ | തീരെ സ്വീകരിച്ചതുമില്ല. |

2. അഥാചാര്യസുതസ്തേഷാം ബുദ്ധിമേകാന്തസംസ്ഥിതാം
ആലക്ഷ്യ ഭീതസ്ത്വരിതോ രാജ്ഞ ആവേദയദ്യഥാ.

| | | | |
|---|---|---|---|
| അഥ | അതിനെത്തുടർന്ന് | ആലക്ഷ്യ | കണ്ടിട്ട് |
| ആചാര്യ- സുതഃ | ശുക്രാചാര്യരുടെ പുത്രൻ | ഭീതഃ | സംഭ്രാന്തനായി |
| ഏകാന്ത- സംസ്ഥിതാം | മറ്റൊന്നിൽ ചെന്നുറച്ച | ത്വരിതഃ | ബദ്ധപ്പാടോടെ |
| തേഷാം | അവരുടെ | രാജ്ഞേ | രാജാവിന്റെ അടുക്കൽ |
| ബുദ്ധിം | ബുദ്ധിയെ | യഥാ | ഉള്ളതുപോലെ |
| | | ആവേദയത് | വിവരമറിയിച്ചു. |

3. ശ്രുത്വാ തദപ്രിയം ദൈത്യോ ദുസ്സഹം തനയാനയം
കോപാവേശചലദ്ഗാത്രഃ പുത്രം ഹന്തും മനോ ദധേ

| | | | |
|---|---|---|---|
| ദൈത്യഃ | ഹിരണ്യകശിപു | കോപാവേശ- | കോപാവേശത്താൽ കമ്പി |
| തത് അപ്രിയം | ആവിധം അനിഷ്ടവും | ചലദ്ഗാത്രഃ | തുള്ളുന്ന ദേഹത്തോടു കൂടിയവനായിത്തീർന്ന് |
| ദുസ്സഹം | പൊറുത്തുകൂടാത്തതുമായ | | |
| തനയാനയം | പുത്രന്റെ നെറികേടിനെ | പുത്രം | പുത്രനെ |
| ശ്രുത്വാ | കേട്ട് | ഹന്തും | വധിക്കുവാൻ |
| | | മനഃ ദധേ | ഉള്ളിലുറച്ചു. |

4. ക്ഷിപ്ത്വാ പരുഷയാ വാചാ പ്രഹ്ലാദമതദർഹണം
ആഹേക്ഷമാണഃ പാപേന തിരശ്ചീനേന ചക്ഷുഷാ

5. പ്രശ്രയാവനതം ദാന്തം ബദ്ധാഞ്ജലിമവസ്ഥിതം
സർപ്പഃ പദാഹത ഇവ ശ്വസൻ പ്രകൃതിദാരുണഃ

| | | | |
|---|---|---|---|
| പ്രകൃതി- ദാരുണഃ | പ്രകൃത്യാ ഭീകരനായ അവൻ | പ്രഹ്ലാദം | പ്രഹ്ലാദനെ |
| | | പാപേന | ക്രൂരവും |
| പദാഹതഃ | ചവിട്ടേററ | തിരശ്ചീനേന | വക്രിച്ചതുമായ |
| സർപ്പഃ ഇവ | പാമ്പുപോലെ | ചക്ഷുഷാ | ദൃഷ്ടിയാൽ |
| ശ്വസൻ | ചീറിക്കൊണ്ട്, | ഈക്ഷമാണഃ | നോക്കിക്കൊണ്ട്, |
| പ്രശ്രയാ- വനതം | വിനയ വിനമ്രനും | അതദർഹണം | അതർഹിക്കാത്ത അവനെ |
| | | പരുഷയാ | കക്കശമായ |
| ദാന്തം | മനസ്സൊതുക്കമുള്ളവനും | വാചാ | വചനത്താൽ |
| ബദ്ധാഞ്ജലിഃ | തൊഴുകൈയോടെ | ക്ഷിപ്ത്വാ | അധിക്ഷേപിച്ച് |
| അവസ്ഥിതം | നില്ക്കുന്നവനുമായ | ആഹ | പറഞ്ഞു. |

6. ഹേ ദുർവ്വിനീത മന്ദാത്മൻ കുലഭേദകരാധമ
സ്തബ്ധം മച്ഛാസനോദ്ധൂതം നേഷ്യേ ത്വാദ്യ യമക്ഷയം

| | | | |
|---|---|---|---|
| ഹേ ദുർവ്വിനീത | എടാ അടക്കമില്ലാത്തവനേ! | മച്ഛാസനോ- ദ്ധൂതം | എന്റെ ഉത്തരവിനെ വകവയ്ക്കാത്ത |
| മന്ദാത്മൻ | ബുദ്ധികെട്ടവനേ! | സ്തബ്ധം ത്വാം | തെമ്പുകാട്ടുന്ന നിന്നെ |
| കുലഭേദകര | വംശച്ഛിദ്രം വരുത്തിയോനേ! | അദ്യ | ഇന്ന് |
| | | യമക്ഷയം | യമപുരത്തേക്ക് |
| അധമ | നീച! | നേഷ്യേ | അയക്കുന്നുണ്ട്. |

7. ക്രുദ്ധസ്യ യസ്യ കമ്പന്തേ ത്രയോ ലോകാഃ സഹേശ്വരാഃ
തസ്യ മേഽഭീതവന്മൂഢ ശാസനം കിംബലോഽത്യഗാഃ

| | | | |
|---|---|---|---|
| യസ്യ ക്രുദ്ധസ്യ | യാതൊരുവൻ തെല്ലൊന്നു കോപിച്ചെന്നാൽ | ത്രയഃ ലോകാഃ | മൂന്നു ലോകങ്ങളും |
| | | സഹേശ്വരാഃ | ലോകപാലന്മാരോടുകൂടെ |

| | |
|---|---|
| കമ്പതേ | കിടിലംകൊണ്ടേക്കമോ, |
| തസ്യ മേ | അങ്ങനെയുള്ള എന്റെ |
| ശാസനം | ആജ്ഞയെ |
| മൂഢ | എടാ വിഡ്ഢി! |
| കിംബലഃ | എന്തുപിൻബലത്തോടു കൂടിയവനായിട്ട് |
| അഭീതവത് | പേടിക്കാത്തവന്റെ മട്ടിൽ |
| അത്യഗാഃ | നീ തള്ളിക്കളഞ്ഞു? |

പ്രഹ്ലാദ ഉവാച = പ്രഹ്ലാദൻ വചിച്ചു

8. ന കേവലം മേ ഭവതശ്ച രാജൻ
സ വൈ ബലം ബലിനാം ചാപരാണാം
പരേഽവരേഽമീ സ്ഥിരജംഗമായേ
ബ്രഹ്മാദയോ യേന വശം പ്രണീതാഃ.

| | |
|---|---|
| രാജൻ | രാജാവേ! |
| ബ്രഹ്മാദയഃ | ബ്രഹ്മാവു മുതലുള്ള |
| പരേ | ഉയർന്നവയും |
| അവരേ | താഴ്ന്നവയുമായ |
| സ്ഥിരജംഗമാഃ | സ്ഥാവരജംഗമങ്ങൾ |
| യേ | ഏതെല്ലാമോ, |
| അമീ | ഇവമുഴുവനും |
| യേന | യാതൊരുവനാൽ |
| വശം | തന്റെ അധീനത്തിലേക്കു |
| പ്രണീതാഃ | പേർത്തും നയിക്കപ്പെട്ടിരിക്കുന്നുവോ, |
| സഃ വൈ | ആ ഭഗവാൻതന്നെ |
| മേ | എന്റെയും |
| ഭവതഃ ച | അങ്ങയുടെയും |
| ന കേവലം | മാത്രമല്ല, |
| അപരാണാം | മറ്റുള്ള |
| ബലിനാം ച | ബലവാന്മാരുടെയും |
| ബലം | ബലമായിട്ടിരിക്കുന്നു |

9. സ ഈശ്വരഃ കാല ഉരുക്രമോഽസാ-
വോജഃ സഹഃ സത്ത്വബലേന്ദ്രിയാത്മാ
സ ഏവ വിശ്വം പരമഃ സ്വശക്തിഭിഃ
സൃജത്യവത്യത്തി ഗുണത്രയേശഃ

| | |
|---|---|
| സഃ | ആ ഭഗവാൻ |
| ഉരുക്രമഃ | അതിപരാക്രമമുള്ളതും |
| ഈശ്വരഃ | അഖിലനിയന്ത്രണ ശക്തിയുള്ളതുമായ |
| കാലഃ | കാലമായിവർത്തിക്കുന്നു; |
| അസൗ | ആ ഭഗവാൻ |
| ഓജഃ | ഇന്ദ്രിയശക്തിയും |
| സഹഃ | മനഃശക്തിയും ആകുന്നു; |
| സത്ത്വബലേന്ദ്രിയാത്മാ | ബുദ്ധിശക്തി, ദേഹശക്തി, ഇന്ദ്രിയങ്ങൾ എന്നിവയുടെ സ്വരൂപവുമാകുന്നു; |
| പരമഃ | സർവ്വോപരിസ്ഥിതനും |
| ഗുണത്രയേശഃ | സത്ത്വാദിഗുണത്രയത്തിന്റെ ഉടമയുമായ |
| സഃ ഏവ | തന്തിരുവടിതന്നെ |
| ആത്മശക്തിഭിഃ | തന്റെ ശക്തികൾകൊണ്ട് |
| വിശ്വം | പ്രപഞ്ചത്തെ |
| സൃജതി | സൃഷ്ടിക്കുന്നു; |
| അവതി | രക്ഷിക്കുന്നു; |
| അത്തി | സംഹരിക്കുന്നു. |

"അവൻ എന്റെ ശത്രുവാണല്ലോ. ആ നിലയിൽ എന്റെ ബലവും അവൻ തന്നെയാവുന്നതെങ്ങനെ?" ഹിരണ്യകശിപുവിന്നുണ്ടാകാവുന്ന ഈ ആശങ്കയെ പരിഹരിക്കാനായി ഇനി പറയുന്നു.

**10.**

**ജഹ്യാസുരം ഭാവമിമം ത്വമാത്മനഃ**
**സമം മനോ ധത്സ്വ ന സന്തി വിദ്വിഷഃ**
**ഋതേഽജിതാദാത്മന ഉത്പഥസ്ഥിതാ-**
**ത്തദ്ധി ഹ്യനന്തസ്യ മഹത്സമർഹണം.**

| | | | |
|---|---|---|---|
| ത്വം | അങ്ങ് | ആത്മനഃ ഋതേ | താൻതന്നെയല്ലാതെ |
| ആത്മനഃ | അങ്ങയുടെ | വിദ്വിഷഃ | വേറെ ശത്രുക്കൾ |
| ആസുരം | അസുരസഹജമായ | ന സന്തി | അങ്ങേക്കില്ല. |
| ഇമം ഭാവം | ഈ സ്വഭാവത്തെ | ഹി | എന്തെന്നാൽ |
| ജഹി | വിട്ടുകളയുക; | തത് ഹി | അതു് (സർവ്വസമത്വം) മാത്രമാണല്ലോ |
| മനഃ | മനസ്സിനെ | അനന്തസ്യ | ശ്രീഹരിക്കുള്ള |
| സമം | സമത്വനിഷ്ഠമാക്കി | മഹത് | വലിയ |
| ധത്സ്വ | വച്ചുകൊള്ളുക. | സമർഹണം | ആരാധനയാകുന്നതു് |
| അജിതാത് | കീഴൊതുക്കപ്പെടാതെ | | |
| ഉത്പഥ-സ്ഥിതാത് | തെററായ മാർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന | | |

"ദിഗ്വിജയം നടത്തി സമസ്തശത്രുക്കളെയും തകർത്തുകഴിഞ്ഞ എനിക്കിപ്പോഴം ഒരു ശത്രുവുമില്ല" ഹിരണ്യകശിപുവിന്റെ ഈ സങ്കല്പം അയഥാർത്ഥമാണെന്നു സൂചിപ്പിച്ചുകൊണ്ടു് പ്രഹ്ലാദൻ തുടരുന്നു.

**11.**

**ദസ്യൂൻ പുരാ ഷണ്ണ വിജിത്യ ലുംപതോ**
**മന്യന്ത ഏകേ സ്വജിതാ ദിശോ ദശ**
**ജിതാത്മനോ ജ്ഞസ്യ സമസ്യ ദേഹിനാം**
**സാധോഃ സ്വമോഹപ്രഭവാഃ കുതഃ പരേ.**

| | | | |
|---|---|---|---|
| ഏകേ | ചിലർ (അങ്ങയെപ്പോലുള്ള മൂഢന്മാർ) | സ്വജിതാഃ | തന്നാൽ ജയിക്കപ്പെട്ടവെന്നു് |
| ലുംപതഃ | എല്ലാം കവർന്നെടുക്കുന്ന | മന്യന്തേ | സങ്കല്പിക്കുന്നു. |
| ഷട് | ആറിന്ദ്രിയങ്ങളാവുന്ന | ജിതാത്മനഃ | മനോനിഗ്രഹം സാധിച്ചവനും |
| ദസ്യൂൻ | കള്ളശ്ശത്രുക്കളെ | | |
| പുരാ | മുൻകൂട്ടി | ദേഹിനാം | ശരീരികൾക്കിടയിൽ |
| ന വിജിത്യ | കീഴൊതുക്കാതെ | സമസ്യ | തുല്യഭാവനയുള്ളവനും |
| ദശ ദിശഃ | പത്തുദിക്കുകളും | ജ്ഞസ്യ | വിവേകിയുമായ |

| | | | |
|---|---|---|---|
| സാധോഃ | ഭക്തന്റെ | പരേ | ശത്രുക്കൾ |
| സ്വമോഹ— പ്രഭവാഃ | തന്റെ അജ്ഞതയിൽനിന്നും ഉടലെടുത്ത | കുതഃ | എങ്ങനെയുണ്ടാവുന്നു? |

ഹിരണ്യകശിപുരുവാച = ഹിരണ്യകശിപു പറഞ്ഞു.

**12.** **വ്യക്തം ത്വം മർത്തുകാമോസി യോഽതിമാത്രം വികത്ഥസേ**
**മുമൂർഷൂണാം ഹി മന്ദാത്മൻ നനു സ്യുർവിപ്ലവാ ഗിരഃ**

| | | | |
|---|---|---|---|
| ത്വം | നീ | ഹി | എന്തെന്നാൽ, |
| മർത്തുകാമഃ അസി വ്യക്തം | ചാകാൻ മോഹിക്കുന്നവനാണെന്നതുവ്യക്തമായി. | മന്ദാത്മൻ | എടാ ബുദ്ധികെട്ടവനേ! |
| യഃ | യാതൊരു നീ | മുമൂർഷൂണാം | ചാകാൻ തുനിഞ്ഞവരുടെ |
| അതിമാത്രം | ഒരുപാട് | ഗിരഃ | വാക്കുകൾ |
| വികത്ഥസേ | വീമ്പു പറയുന്നു. | വിപ്ലവാഃ നനു സ്യുഃ | മേലും കീഴുമില്ലാത്തവയായിരിക്കുമല്ലോ |

**13.** **യസ്ത്വയാ മന്ദഭാഗ്യോക്തോ മദന്യോ ജഗദീശ്വരഃ**
**ക്വാസൗ യദി സ സർവ്വത്ര കസ്മാത് സ്തംഭേ ന ദൃശ്യതേ**

| | | | |
|---|---|---|---|
| മന്ദഭാഗ്യ | എടോ ഭാഗ്യദോഷി! | സഃ സർവ്വത്ര | 'അവൻ എങ്ങുമുണ്ട്'' (എന്നു പ്രഹ്ലാദൻ) |
| മദന്യഃ | ഞാനല്ലാതെ വേറെ | | |
| ജഗദീശ്വരഃ | സർവ്വലോകനിയന്താവായിട്ട് | യദി സ്തംഭേ | ''എന്നാൽ ഈ തൂണിൽ |
| യഃ | ഏതോ ഒരുത്തനുണ്ടെന്നു | കസ്മാത് ന | എന്തുകൊണ്ടില്ല?'' (എന്നു ഹിരണ്യൻ) |
| ത്വയാ | നിന്നാൽ | | |
| ഉക്തഃ | പറയപ്പെട്ടല്ലോ, | ദൃശ്യതേ | ''അതാ, കാണപ്പെടുന്നു'' (എന്നു് പ്രഹ്ലാദൻ) |
| അസൗ ക്വ | അവൻ എവിടെ? | | |

ഹിരണ്യകശിപു തൂണിലേക്കു നോക്കിയപ്പോൾ അതിൽ ആരെയും കാണായ്കയാൽ കോപാന്ധനായി വീണ്ടും പുത്രനോടു കയർക്കുന്നു.

**14.** **സോഽഹം വികത്ഥമാനസ്യ ശിരഃ കായാദ്ധരാമി തേ**
**ഗോപായേത ഹരിസ്ത്വാദ്യ യസ്തേ ശരണമീപ്സിതം.**

| | | | |
|---|---|---|---|
| സഃ അഹം | ആ ഞാൻ | ഹരാമി | വേർപെടുത്തുന്നുണ്ട്. |
| വികത്ഥമാനസ്യ | എല്ലാററിനും വിപരീതം പറയുന്ന | യഃ | ഏതൊരുവൻ |
| തേ ശിരഃ | നിന്റെ തലയെ | തേ | നിന്റെ |
| കായാത് | ഉടലിൽനിന്നു് | ശരണം | രക്ഷയായിട്ട് |

| | | | |
|---|---|---|---|
| ഈപ്സിതം | കൽപ്പിക്കപ്പെട്ടിരിക്കുന്നുവോ, | അദ്യതനാ | ഇപ്പോൾ നിന്നെ |
| (സഃ) ഹരിഃ | ആ ഹരിയെന്നവൻ | ഗോപായേത | രക്ഷിച്ചുകൊള്ളട്ടെ |

15. ഏവം ദുരുക്തൈർമുഹുരർദ്ദയൻ രുഷാ
സുതം മഹാഭാഗവതം മഹാസുരഃ
ഖഡ്ഗം പ്രഗൃഹ്യോത്പതിതോ വരാസനാത്
സ്തംഭം തതാഡാതിബലഃ സ്വമുഷ്ടിനാ.

| | | | |
|---|---|---|---|
| മഹാസുരഃ | അസുരപുംഗവൻ | പ്രഗൃഹ്യ | ഓങ്ങിപ്പിടിച്ച്, |
| മഹാഭാഗവതം | ഭഗവദ്ഭക്തോത്തമനായ | വരാസനാത് | സിംഹാസനത്തിൽനിന്നു |
| | | ഉത്പതിതഃ | ചാടിയെഴുന്നേററു. |
| സുതം | പുത്രനെ | അതിബലഃ | വലിയ ബലശാലിയായ |
| ഏവം | ഇങ്ങനെയുള്ള | | അവൻ |
| ദുരുക്തൈഃ | ദുർഭാഷണങ്ങളാൽ | സ്വമുഷ്ടിനാ | തന്റെ മടക്കിപ്പിടിച്ച |
| മുഹുഃ | പിന്നെയും പിന്നെയും | | കൈകൊണ്ടു |
| അർദ്ദയൻ | പീഡിപ്പിച്ചുകൊണ്ടു്, | സ്തംഭം | തൂണിനെ |
| രുഷാ | രോഷത്തോടെ | തതാഡ | ഇടിച്ചു. |
| ഖഡ്ഗം | വാൾ | | |

16. തദൈവ തസ്മിൻ വിനദോഽതിഭീഷണോ
ബഭൂവ യേനാണ്ഡ കടാഹമസ്ഫുടത്
യം വൈ സ്വധിഷ്ണ്യോപഗതം ത്വജാദയഃ
ശ്രുത്വാ സ്വധാമാപ്യയമങ്ഗ മേനിരേ

| | | | |
|---|---|---|---|
| അങ്ഗ | ഹേ യുധിഷ്ഠിര! | അജാദയഃ തു | ബ്രഹ്മാദി ദേവന്മാർ |
| തദാ ഏവ | അപ്പോൾത്തന്നെ | സ്വധിഷ്ണ്യോപഗതം | അവരുടെ ആസ്ഥാനങ്ങളിലേക്ക് എത്തിച്ചേർന്ന |
| തസ്മിൻ | അതിനകത്തു്. | യം | യാതൊരു |
| അതിഭീഷണഃ | അതിഘോരമായ | | ഭീഷണശബ്ദത്തെ |
| വിനദഃ | ഗർജ്ജനം | ശ്രുത്വാ വൈ | കേട്ടപ്പോൾത്തന്നെ |
| ബഭൂവ | ഉണ്ടായി. | സ്വധാമാപ്യയം | സ്വന്തം വാസകേന്ദ്രങ്ങൾക്ക ആത്യന്തിക നാശമായെന്ന് |
| യേന | യാതൊന്നിനാൽ | | |
| അണ്ഡകടാഹം | ബ്രഹ്മാണ്ഡകടാഹം | | |
| അസ്ഫുടത് | തകർന്നുവോ എന്നു തോന്നും | മേനിരേ | കരുതി |

17. സ വിക്രമൻ പുത്രവധേപ്സുരോജസാ
നിശമ്യ നിർഹ്രാദമപൂർവ്വമദ്ഭുതം
അന്തഃസഭായാം ന ദദർശ തത്പദം
വിതത്രസുർയേന സുരാരിയൂഥപാഃ

| | | | |
|---|---|---|---|
| പുത്രവധ്വോപ്പു: | പുത്രവധ്വേച്ഛുവായി | (തം) അപൂവ്വം | ആവിധം അഭൂതപൂവ്വവും |
| ഓജസാ | ആവേശത്തോടെ | അത്ഭുതം | ആശ്ചര്യകരവുമായ |
| വിക്രമൻ | അടിവച്ചുനീങ്ങിയിരുന്ന | നിർഹ്രാദം | ഘോരനാദത്തെ |
| സഃ | അവൻ | നിശമ്യ | കേട്ട് (നോക്കിയപ്പോഴം) |
| യേന | യാതൊന്നു ഹേതുവായി | അന്തഃ— സഭായാം | സഭാമദ്ധ്യത്തിലെങ്ങം |
| സുരാരി— യൂഥപാഃ | അസുരസംഘ ത്തലവന്മാർ | തത്പദം | അതിൻെറ ഉത്ഭവസ്ഥാനം |
| വിതത്രസുഃ | കിടുകിടെവിറച്ചുപോയോ | ന ദദൃശ് | കണ്ടെത്തിയില്ല. |

18. സത്യം വിധാതും നിജഭൃത്യഭാഷിതം
വ്യാപ്തിം ച ഭൂതേഷ്വഖിലേഷു ചാത്മനഃ
അദൃശ്യതാത്യദ്ഭുതരൂപമുദ്വഹൻ —
സ്തംഭേ സഭായാം ന മൃഗം ന മാനുഷം

| | | | |
|---|---|---|---|
| (തദാ ഹരിഃ) | അനന്തരം ഭഗവാൻ | ന മൃഗം | മൃഗാകാരമല്ലാത്തതും |
| നിജഭൃത്യ— ഭാഷിതം ച | സ്വഭൃത്യനായ പ്രഹ്ലാദന്റെ വാക്കിനെയും | ന മാനുഷം | മനുഷ്യാകാരമല്ലാത്തതും |
| അഖിലേഷു | സമസ്തങ്ങളായ | അത്യദ്ഭുത— രൂപം | അത്യാശ്ചര്യകരവുമായ നരസിംഹരൂപത്തെ |
| ഭൂതേഷു | ചരാചരങ്ങളിലും | ഉദ്വഹൻ | ധരിച്ചുകൊണ്ട് |
| ആത്മനഃ | തൻെറ | സഭായാം | സഭാമദ്ധ്യത്തിൽ |
| വ്യാപ്തിം ച | വ്യാപകത്വത്തെയും | സ്തംഭേ | (പിളൎന്ന) തൂണിൽ |
| സത്യം | സത്യമെന്ന് | അദൃശ്യത | പ്രത്യക്ഷപ്പെട്ടു. |
| വിധാതും | തെളിയിക്കുവാൻ | | |

ഭഗവാൻ തൂണിൽനിന്നു് നരസിംഹമൂൎത്തിയായി പ്രത്യക്ഷപ്പെട്ടതു കേവലം അസുരവധത്തെ ഉദ്ദേശിച്ചല്ല; അതിലും കവിഞ്ഞ ഉദ്ദേശ്യങ്ങളാണ് അവിടുത്തേക്കുണ്ടായിരുന്നതു്. ''നിജഭൃത്യഭാഷിതം സത്യം വിധാതും, അഖിലേഷു ഭൂതേഷു ആത്മനഃ വ്യാപ്തിം ച സത്യം വിധാതും'' എന്നീ വാക്യാംശങ്ങൾ കൊണ്ടു് അതു് ഋഷി സൂചിപ്പിച്ചിരിക്കുന്നു. അവയിൽ—

1) ''കസ്മാത് സ്തംഭേ ന?'' എന്ന ഹിരണ്യകശിപുവിന്റെ ചോദ്യത്തിനു് നിജഭൃത്യ (ഭക്ത) നായ പ്രഹ്ലാദൻ നല്കിയ 'ദൃശ്യതേ' എന്ന പ്രതിവചനം സത്യമാക്കണം. ''എല്ലാ ഭൗതികവികാരങ്ങളിലും പഞ്ചമഹാഭൂതങ്ങളിലും ഭഗവാൻ ആത്മാവായി വ്യാപകത്വേന വൎത്തിക്കുന്നുണ്ടെ''ന്നു് പ്രഹ്ലാദൻ തന്നെ അസുരബാലന്മാരോടു പറഞ്ഞിരുന്നു. (അ; 6; ശ്ലോ. 20. 21.) ആ വാക്കും സത്യമാക്കണമല്ലോ.

2) നിജഭൃത്യന്മാരായ സനകാദിമുനീശ്വരന്മാർ ജയവിജയന്മാൎക്കു കൊടുത്ത ശാപമോക്ഷവും സത്യമാക്കണം. മൂന്നുപ്രാവശ്യം ആസുരയോനിയിൽ ജനിക്കുകയും തത്തദവസരങ്ങളിൽ ഭഗവാനാൽ നിഗ്രഹിച്ചനുഗ്രഹിക്കപ്പെടുകയും ചെയ്യുമ്പോൾ അവൎക്കു വിഷ്ണുപാൎഷദത്വം വീണ്ടും ലഭിക്കുമെന്നായിരുന്ന സനകാദികളുടെ ഭാഷിതം.

3) ഹിരണ്യകശിപു ബ്രഹ്മദേവനോട് ആവശ്യപ്പെട്ടത് അകത്തുവച്ചോ, പുറത്തുവച്ചോ, മനുഷ്യരാലോ, മൃഗങ്ങളാലോ എന്നുവേണ്ട, ബ്രഹ്മസൃഷ്ടിയിൽപ്പെട്ട യാതൊരുവരാലും താൻ വധ്യനാകരുതെന്ന വരമായിരുന്നു. ബ്രഹ്മാവ് അതനുവദിക്കയും ചെയ്തു. (അ: 3; ശ്ലോ. 36, 37). അവർ ഇരുവരും നിജഭൃത്യന്മാരാകയാൽ അവരുടെ ഭാഷിതങ്ങളേയും ഭഗവാൻ സത്യമാക്കേണ്ടിയിരിക്കുന്നു. നൃസിംഹമൂർത്തി മനുഷ്യനോ മൃഗമോ അല്ല. ബ്രഹ്മസൃഷ്ടമല്ല. സഭാഭവനത്തിന്റെ അകത്തും പുറത്തുമല്ലാതെയുള്ള സ്തംഭത്തിൽ നിന്നാണ് ആവിർഭാവമുണ്ടായതും.

4) ഹിരണ്യകശിപുതന്നെ സ്വപുത്രനെ ഉദ്ദേശിച്ചു പറകയുണ്ടായി. "ഇവനോടുള്ള ശത്രുതകൊണ്ടുമാത്രമേ എനിക്കു മരണമുണ്ടാകയുള്ളൂ" എന്ന്. (അ: 5; ശ്ലോ.47) ഈ നിജഭൃത്യഭാഷിതത്തേയും സത്യമാക്കണമല്ലോ.

5) *മാതൃഗർഭസ്ഥിതനായിരിക്കെ പ്രഹ്ലാദനെക്കുറിച്ച് ശ്രീനാരദൻ ഇന്ദ്രനോടു പറഞ്ഞിരുന്നു. "ഈ ശിശു മഹത്ത്വമുള്ളവനാണ്, വിഷ്ണുഭഗവാന്റെ അനുചരനാണ്, അങ്ങയ്ക്ക് ഇവനെ കൊല്ലാൻ കഴികയില്ല" എന്ന്. (അ. 7. ശ്ലോ. 10) സ്വഭൃത്യനായ നാരദന്റെ ഭാഷിതത്തേയും സത്യമാക്കണം.

6) നിജഭൃത്യഭാഷിതങ്ങൾക്കു പുറമെ നിജഭാഷിതത്തേയും സത്യമാക്കണം. (നിജഭൃത്യഭാഷിതം നിജഭാഷിതം ച) ആ ഭാഷിതമെന്ത്? "കൌന്തേയ പ്രതിജാനീഹി ന മേ ഭക്തഃ പ്രണശ്യതി" എന്നുള്ള ഭഗവാന്റെ ഗീതാവചനം തന്നെ.

19. **സ സത്ത്വമേനം പരിതോഽപി പശ്യൻ**
**സ്തംഭസ്യ മധ്യാദനു നിർജിഹാനം**
**നായം മൃഗോ നാപി നരോ വിചിത്ര-**
**മഹോ കിമേതന്നൃമൃഗേന്ദ്രരൂപം**

| | | | |
|---|---|---|---|
| സഃ | അവൻ (ഭീഷണശബ്ദത്തെ കേട്ട്) | നൃമൃഗേന്ദ്ര-രൂപം | മനുഷ്യന്റെയും സിംഹത്തിന്റെയും സമ്മിശ്രരൂപത്തെക്കുറിച്ച് |
| ഏനം സത്ത്വം | ഈ ശബ്ദമുണ്ടാക്കിയ പ്രാണിവിശേഷത്തെ | (മീമാംസിതവാൻ) | നിരൂപിച്ചു തുടങ്ങി. |
| പരിതഃ അപി | ചുററുപാടും | | |
| പശ്യൻ | ആരാഞ്ഞുകൊണ്ടിരിക്കെ | അയം ന മൃഗഃ | "ഇതു മൃഗമല്ല, |
| സ്തംഭസ്യ | തൂണിന്റെ | ന നരഃ അപി | മനുഷ്യനുമല്ല. |
| മധ്യാത് | മദ്ധ്യഭാഗത്തുനിന്ന് | വിചിത്രം | അത്ഭുതമായിരിക്കുന്നു. |
| അനു | ക്രമേണ | അഹോ | അമ്പോ! |
| നിർജിഹാനം | പുറത്തേക്കു ചാടിവരുന്ന | കിം ഏതത് | എന്തൊന്നാണിതു" |

20. **മീമാംസമാനസ്യ സമുത്ഥിതോഽഗ്രതോ**
**നൃസിംഹരൂപസ്തദലം ഭയാനകം**

പ്രതപ്തചാമീകരചണ്ഡലോചനം
സ്ഫുരത്സടാകേസരജൃംഭിതാനനം

| | | | |
|---|---|---|---|
| മീമാംസമാനസ്യ | ഇങ്ങനെ നിരൂപിച്ചുകൊണ്ടിരുന്ന അവന്റെ | സമുത്ഥിതഃ | നേർക്കുനേർ നിലകൊണ്ടു. |
| അഗ്രതഃ | മുൻവശത്തു് | തത് | ആ രൂപം |
| നൃസിംഹരൂപഃ | നരസിംഹാകാരം ധരിച്ച ശ്രീഹരി | അലം | അത്യധികം |
| | | ഭയാനകം | ഭീതിജനകമായിരുന്നു. |

ഭീതിജനകതയെ ഈ ശ്ലോകത്തിലെ 'പ്രതപ്തചാമീകര' എന്നു തുടങ്ങി 23—ാം ശ്ലോകത്തിലെ ''ദൈത്യദാനവം'' എന്നുവരെയുള്ള ഭാഗങ്ങൾകൊണ്ടു് തുടർന്നു് വർണ്ണിക്കുന്നു—

| | | | |
|---|---|---|---|
| പ്രതപ്തചാമീകരചണ്ഡലോചനം | ഉരുക്കിയ സ്വർണ്ണംപോലെ പിംഗളനിറമുള്ള അത്യുഗ്രനേത്രങ്ങളോടും | സ്ഫുരത്സടാകേസരജൃംഭിതാനനം | ചിതറിത്തിളങ്ങുന്ന ജടകളാലും കണ്ഠരോമങ്ങളാലും വീർത്തിരിക്കുന്ന മുഖമണ്ഡലത്തോടും കൂടിയതായിരുന്നു. |

21\. കരാളദംഷ്ട്രം കരവാളചഞ്ചല-
ക്ഷുരാന്തജിഹ്വം ഭ്രുകുടീമുഖോല്ബണം
സ്തബ്ധോർദ്ധ്വകർണ്ണം ഗിരികന്ദരാദ്ഭുത-
വ്യാത്താസ്യനാസം ഹനുഭേദഭീഷണം

| | | | |
|---|---|---|---|
| (തദ്രൂപം) | ആ സ്വരൂപം | സ്തബ്ധോർദ്ധ്വകർണ്ണം | ഇളക്കമില്ലാതെ ഉയർത്തിപ്പിടിച്ച കാതുകളോടും |
| കരാളദംഷ്ട്രം | ഭീകരമായ തേററകളോടും | ഗിരികന്ദരാദ്ഭുതവ്യാത്താസ്യനാസം | പർവ്വതഗുഹപോലെ വിസ്മയാവഹമായി പിളർത്തിയ വായ - നാസികാദ്വാരങ്ങൾ എന്നിവയോടുകൂടിയതും |
| കരവാളചഞ്ചലക്ഷുരാന്തജിഹ്വം | വാളുപോലെ ലോലവും കത്തിമുനപോലെ തീക്ഷ്ണവുമായ നാക്കിനോടും കൂടിയതായിരുന്നു. | ഹനുഭേദഭീഷണം | കപോലപ്രാന്തങ്ങളുടെ പിളർപ്പിനാൽ ഭയാവഹമായതുമായിരുന്നു |
| ഭ്രുകുടീമുഖോല്ബണം | വക്രിച്ച പുരികങ്ങളുള്ള മുഖത്താൽ ഭീമമായതും | | |

22\. ദിവിസ്പൃശത്കായമദീർഘപീവര-
ഗ്രീവോരുവക്ഷഃസ്ഥലമല്പമദ്ധ്യമം
ചന്ദ്രാംശുഗൗരൈശ്ഛുരിതം തനൂരുഹൈർ-
വിഷ്വഗ്ഭുജാനീകശതം നഖായുധം

| | | | |
|---|---|---|---|
| ദിവിസ്പൃശത്കായം | ആകാശത്തെ സ്പർശിക്കുമാറ് ഉന്നതമായ ദേഹത്തോടും, | ചന്ദ്രാംശു-ഗൗരൈഃ | ചന്ദ്രകിരണംപോലെ വെണ്മയുള്ള |
| | | തനൂരുഹൈഃ | ശരീരരോമങ്ങളാൽ |
| അദീർഘപീവര-ഗ്രീവോരു-വക്ഷഃസ്ഥലം | കുറുകിത്തടിച്ച കണ്ഠത്തോടും വിശാലമായ മാറിടത്തോടും, | ഛുരിതം | വ്യാപ്തമായതും, |
| | | വിഷ്വഗ്ഭുജാ-നീകശതം | ചുററും കാണപ്പെടുന്ന പരഃശതം കരങ്ങളോടും, |
| അല്പമധ്യമം | കൃശമായ അരക്കെട്ടോടും കൂടിയതായിരുന്നു | നഖായുധം | നഖങ്ങളാവുന്ന ആയുധങ്ങളോടും കൂടിയതായിരുന്നു. |

23. ദുരാസദം സർവനിജേതരായുധ-
പ്രവേകവിദ്രാവിതദൈത്യദാനവം
പ്രായേണ മേഽയം ഹരിണോരുമായിനാ
വധഃ സ്മൃതോഽനേന സമുദ്യതേന കിം

24. ഏവം ബ്രുവംസ്ത്വഭ്യപതദ്ഗദായുധോ
നദൻ നൃസിംഹം പ്രതി ദൈത്യകുഞ്ജരഃ
അലക്ഷിതോഽഗ്നൗ പതിതഃ പതംഗമോ
യഥാ നൃസിംഹൗജസി സോഽസുരസ്തദാ

| | |
|---|---|
| ദുരാസദം | അടുക്കാനാകാത്തതും, |
| സർവനിജേതരാ-യുധപ്രവേക വിദ്രാവിത-ദൈത്യദാനവം | തന്റെ ചക്രാദികൾക്ക് പുറമെ വേറെയും വജ്രാദികളായ വരായുധങ്ങളാൽ ആട്ടിയകററപ്പെട്ട അസുര സംഘത്തോടുകൂടിയതുമായിരുന്നു |

നൃസിംഹമൂർത്തിയുടെ സ്വരൂപഭീകരതയെ ഏവംവിധം വർണ്ണിച്ചശേഷം തദ്ദർശനത്താൽ ഹിരണ്യകശിപുവിന്റെ ഉള്ളിലുണ്ടായ അഭിപ്രായം ശ്ലോകത്തിന്റെ ഉത്തരാർദ്ധം കൊണ്ടുകാണിക്കുന്നു. അതേത്തുടന്ന് 29-ാമത് ശ്ലോകം വരെ അവനും നൃസിംഹമൂർത്തിയും തമ്മിലുണ്ടായ സംഘട്ടനത്തെയും വർണ്ണിക്കുന്നു.

| | | | |
|---|---|---|---|
| പ്രായേണ | "അധികപക്ഷവും | സ്മൃതഃ | ചിന്തിക്കപ്പെട്ടതാകാം, |
| ഉരുമായിനാ | വലിയ മായാവിയായ | അനേന | പക്ഷേ, ഇത്തരം |
| ഹരിണാ | വിഷ്ണുവിനാൽ (സിംഹവേഷത്തോടെ) | സമുദ്യതേന | തീവ്രയത്നത്താൽ |
| | | കിം | എന്തുകാര്യം ?" |
| മേ | എന്റെ | ഏവം | ഇങ്ങനെ |
| അയം വധഃ | ഈദൃശമായ വധം | ബ്രുവൻതു | പറഞ്ഞ് ഉടൻതന്നെ |

| | | | |
|---|---|---|---|
| ദൈത്യകുഞ്ജരഃ | അസുരപ്രവരൻ | പതിതഃ | ചെന്നുവീണ |
| ഗദായുധഃ | ഗദായുധമേന്തി, | പതംഗമഃ യഥാ | പാററപോലെ |
| നദൻ | അലറിക്കൊണ്ട് | നൃസിംഹൌജസി | നരസിംഹഭഗവാന്റെ തേജഃ പ്രസരത്തിൽ |
| നൃസിംഹം പ്രതി | നരസിംഹമൂർത്തിയുടെ നേക്ക് | സഃ അസുരഃ | ആ അസുരൻ |
| അഭ്യപതത് | കുതിച്ചുചാടി. | തദാ | അപ്പോഴം |
| അഗ്നൌ | അഗ്നിയിൽ | അലക്ഷിതഃ | കാണപ്പെടുകയുണ്ടായില്ല |

25. ന തദ്വിചിത്രം ഖലു സത്ത്വധാമനി
സ്വതേജസാ യോ നു പുരാപിബത്തമഃ
തതോഽഭിപദ്യാഭ്യഹനന്മഹാസുരോ
രുഷാ നൃസിംഹം ഗദയോരുവേഗയാ

| | | | |
|---|---|---|---|
| യഃ നു | ''യാതൊരുവൻ, അഹോ! | തത് | അതു് (തമോമയനായ അസുരന്റെ രൂപം കാണപ്പെടാതായതു്) |
| പുരാ | സൃഷ്ടികാലത്തിനു മുമ്പ് | | |
| തമഃ | പ്രളയകാലത്തിലെ ഇരുട്ടിനെ | ചിത്രം ന ഖലു | അത്ഭുതമല്ലല്ലോ.'' |
| സ്വതേജസാ | സ്വ പ്രകാശത്താൽ | തതഃ | അനന്തരം |
| അപിബത് | കുടിച്ചുതീർത്തുവോ, | മഹാസുരഃ | ബലിഷ്ഠനായ അസുരൻ |
| സത്ത്വധാമനി | ആ സത്ത്വതേജോമയനായ ശ്രീഹരിയുടെ സാന്നിദ്ധ്യത്തിൽ | രുഷാ | ക്രോധത്തോടെ |
| | | അഭിപദ്യ | നേക്കടുത്തു് |
| | | ഉരുവേഗയാ | ചുഴററി വീശിയ |
| | | ഗദയാ | ഗദകൊണ്ട് |
| | | നൃസിംഹം | നരസിംഹമൂർത്തിയെ |
| | | അഭ്യഹനത് | ആഞ്ഞടിച്ചു. |

26. തം വിക്രമന്തം സഗദം ഗദാധരോ
മഹോരഗം താർക്ഷ്യസുതോ യഥാഗ്രഹീത്
സ തസ്യ ഹസ്തോത്കലിതസ്തദാസുരോ
വിക്രീഡതോ യദ്വദഹിർഗരുത്മതഃ

| | | | |
|---|---|---|---|
| ഗദാധരഃ | ഭഗവാൻ | മഹോരഗം | പെരുത്ത സപ്പത്തെ |
| വിക്രമന്തം | തിരിച്ചും മറിച്ചും പ്രഹരം കൂട്ടുന്ന | യഥാ | എന്നതുപോലെ |
| തം | അവനെ | അഗ്രഹീത് | പിടിച്ചടക്കി. |
| സഗദം | ഗദയോടുകൂടെ, | തദാ | അപ്പോഴം |
| താർക്ഷ്യസുതഃ | ഗരുഡൻ | സഃ അസുരഃ | ആ അസുരൻ |
| | | അഹിഃ | സപ്പം |

ഗരുത്മതഃ — ഗരുഡന്റെ
യഥാത് — അടുക്കൽ നിന്നെന്ന പോലെ,
വിക്രീഡതഃ — വിനോദയുദ്ധത്തിലേർപ്പെട്ടിരുന്ന
തസ്യ — തന്തിരുവടിയുടെ
ഹസ്തോത്കലിതഃ — കൈക്കുട്ടിൽനിന്നു കുതറി പുറത്തുചാടി

**27.**

**അസാധ്വമന്യന്ത ഹൃതൗകസോഽമരാ**
**ഘനച്ഛദാ ഭാരത സർവധിഷ്ണ്യപാഃ**
**തം മന്യമാനോ നിജവീര്യശങ്കിതം**
**യദ്ധസ്തമുക്തോ നൃഹരിം മഹാസുരഃ**
**പുനസ്തമാസജ്ജത ഖഡ്ഗചർമ്മണീ**
**പ്രഗൃഹ്യ വേഗേന ജിതശ്രമോ മൃധേ**

ഭാരത — ഭരതവംശജനായ മഹാരാജാവേ!
ഹൃതൗകസഃ — അവനാൽ സ്ഥാനഭ്രഷ്ടരാക്കപ്പെട്ടിരുന്ന
സർവ്വധിഷ്ണ്യപാഃ — സകലദിക്പാലന്മാരും
അമരാഃ — മററു ദേവന്മാരും
ഘനച്ഛദാഃ — മേഘങ്ങൾക്കുള്ളിൽ മറഞ്ഞുനിന്നുകൊണ്ടു്
അസാധു — ഇതു ശരിയായില്ലെന്നു
അമന്യന്ത — വിചാരിച്ചുനില്പായി.
മഹാസുരഃ — അസുരവീരനാകട്ടെ
യദ്ധസ്തമുക്തഃ — യാതൊരുവന്റെ കൈക്കുട്ടിൽനിന്നാണോ വിമുക്തനായതു്
തം നൃഹരിം — ആ നൃസിംഹമൂർത്തിയെ
നിജവീര്യശങ്കിതം — തന്റെ വീരകൃത്യത്താൽ വിഹ്വലനായെന്നു്
മന്യമാനഃ — നിനച്ചു്
ജിതശ്രമഃ — തളർച്ചതീർന്നവനായി,
ഖഡ്ഗചർമ്മണീ — വാളും പരിചയും
പ്രഗൃഹ്യ — എടുത്തു്
വേഗേന — ശീഘ്രതയോടെ
പുനഃ — പിന്നെയും
മൃധേ — പോരിൽ
തം — അവിടത്തോടു്
ആസജ്ജത — ഏററുമുട്ടി.

**28.**

**തം ശ്യേനവേഗം ശതചന്ദ്രവർത്മഭി-**
**ശ്ചരന്തമച്ഛിദ്രമുപര്യധോ ഹരിഃ**
**കൃത്വാട്ടഹാസം ഖരമുത്സ്വനോൽബണം**
**നിമീലിതാക്ഷം ജഗൃഹേ മഹാജവഃ**

ശതചന്ദ്രവർത്മഭിഃ — വാളുംപരിചയും കൊണ്ടുള്ള അഭ്യാസമാർഗ്ഗങ്ങളിലൂടെ
ഉപരി — മേലോട്ടുയർന്നും
അധഃ — താഴോട്ടു താഴ്ന്നും
അച്ഛിദ്രം — ഇടപ്പഴുതില്ലാതെ
ചരന്തം — കറങ്ങുന്നവനും
ശ്യേനവേഗം — പരുന്തിന്റെ വേഗമുള്ളവനുമായ
തം — അവനെ
ഹരിഃ — നരസിംഹമൂർത്തി

| | | | |
|---|---|---|---|
| മഹാജവഃ | അതിവേഗതയോടെ | കൃതവാ | ഉണ്ടാക്കി, |
| വരം | പുരുഷവ്യം. | നിമീലിതാക്ഷം (സന്തം) | തന്മൂലം കണ്ണടഞ്ഞുപോയ അവനെ |
| ഉത്സ്വനോല്ബണം | മുഴക്കംകൊണ്ടു ഭയാനകവുമായ | ജഗ്രാഹ | പിടികൂടി |
| അട്ടഹാസം | അട്ടഹാസത്തെ | | |

29. വിഷ്വക് സ്ഫുരന്തം ഗ്രഹണാതുരം ഹരി–
വ്യാളോ യഥാഖും കുലിശാക്ഷതത്വചം
ദ്വാര്യൂര ആപാത്യ ദദാര ലീലയാ
നഖൈര്യഥാഹിം ഗരുഡോ മഹാവിഷം.

| | | | |
|---|---|---|---|
| വിഷ്വക് | നാലുപുറത്തേക്കും | ദ്വാരി | സഭാഭവനത്തിൻെറ ഉമ്മറപ്പടിമേൽ |
| സ്ഫുരന്തം | കുതറിച്ചാടുവാൻ വെമ്പുന്നവനും | ഊരേ | തൻെറ തുത്തുടയിൽ |
| ഗ്രഹണാതുരം | ഭഗവാൻെറ പിടിയിലമന്നതിനാൽ പരവശനും | ആപാത്യ | വീഴ്ത്തിയിട്ട് |
| കുലിശാക്ഷതത്വചം | ഇന്ദ്രൻെറ വജ്രായുധത്താൽപ്പോലും തൊലിയിൽ പോറലേല്ക്കാത്തവനുമായ ആ അസുരനെ | നഖൈഃ | നഖങ്ങളാൽ |
| | | മഹാവിഷം | അതിവിഷമുള്ള |
| | | അഹിം | സർപ്പത്തെ |
| | | ഗരുഡഃ യഥാ | ഗരുഡനെന്നപോലെ |
| | | ലീലയാ | അനായാസേന |
| | | ദദാര | പിളന്നു. |

ഹിരണ്യകശിപുവിന്നു ബ്രഹ്മാവുകൊടുത്ത വരം സത്യമാക്കണമല്ലോ. അതിന്നു വേണ്ടി അവനെ അകത്തും പുറത്തുമല്ലാതെ ഉമ്മറപ്പടിയിലും, ആകാശത്തിലും ഭൂമിയിലുമല്ലാതെ തുടയിലും കിടത്തി ജീവനുള്ളതെന്നോ ജീവനില്ലാത്തതെന്നോ കരുതപ്പെടാവുന്ന നഖങ്ങളാൽ ഭഗവാൻ പിളന്നു. പകലും രാത്രിയുമല്ലാത്ത സന്ധ്യയ്ക്കാണ് ഇതുണ്ടായതെന്നു വിവക്ഷിതം

ഇനി രണ്ടു ശ്ലോകംകൊണ്ടു ഹിരണ്യകശിപുവിൻെറ ഭൃത്യന്മാരെയും കൊന്നതായി പറയുന്നു—

30. സംരംഭദുഷ്പ്രേക്ഷ്യകരാളലോചനോ
വ്യാത്താനനാന്തം വിലിഹൻ സ്വജിഹ്വയാ
അസൃഗ്ലവാക്താരുണകേസരാനനോ
യഥാന്ത്രമാലീ ദ്വിപഹത്യയാ ഹരിഃ

31. നഖാങ്കുരോത്പാടിതഹൃത്സരോരുഹം
വിസൃജ്യ തസ്യാനുചരാനുദായുധാൻ

**അഹൻ സമന്താന്നഖശസ്ത്രപാർഷ്ണിഭിർ—**
**ദോർദ്ദണ്ഡയൂഥോഽനുപഥാൻ സഹസ്രശഃ**

| | |
|---|---|
| സംരംഭ—ദുഷ്പ്രേക്ഷ്യ-കരാള—ലോചനഃ | കോപാവേശത്താൽ നോക്കുവാനരുതാത്തവിധം രൗദ്രഭാവം കലർന്ന നേത്രങ്ങളോടുകൂടിയ നൃസിംഹമൂർത്തി |
| വ്യാത്താനനാന്തം | പിളർന്ന വായുടെ രണ്ടററത്തെയും |
| സ്വജിഹ്വയാ | തൻെറ നാവുകൊണ്ടു് |
| വിലിഹൻ | നക്കിത്തുടച്ചു്, |
| ഗജഹത്യയാ | ആനയെ കൊന്ന ആവേശത്താൽ |
| ഹരിഃ യഥാ | സിംഹം ഏതുപോലെയോ |
| (തഥാ) | അതുപോലെ കാണപ്പെട്ടു. |
| അസൃഗ്ലവാക്താരുണ—കേസരാനനഃ | ചോരത്തുള്ളികൾ കൊണ്ടു നനഞ്ഞു ചെമ്പിച്ച കണ്ഠരോമങ്ങളോടും മുഖത്തോടും കൂടിയവനായി, |
| ആന്ത്രമാലീ | കുടൽമാലയണിഞ്ഞു കൊണ്ടു് |
| നഖാങ്കുരോത്പാടിതഹൃത്സരോരുഹം | നഖങ്ങളുടെ നാമ്പുകളാൽകീറിപ്പിളർന്നഹൃദയകമലത്തോടുകൂടിയ അവനെ |
| വിസൃജ്യ | വിട്ടുകളഞ്ഞു്, |
| സമന്താത് | തനിക്കുചുററും |
| സഹസ്രശഃ | ആയിരക്കണക്കിൽ |
| ഉദായുധാൻ | ആയുധധാരികളായി വന്ന |
| തസ്യ | അവൻെറ |
| അനുചരാൻ | ഭൃത്യന്മാരെയും |
| അനുപഥാൻ | അനുയായികളെയും |
| ദോർദ്ദണ്ഡ—യൂഥഃ | ദണ്ഡങ്ങൾപോലെ ബലിഷ്ഠങ്ങളായ അസംഖ്യം ഭുജങ്ങളുള്ള നൃസിംഹഭഗവാൻ |
| നഖശസ്ത്ര—പാർഷ്ണിഭിഃ | നഖായുധങ്ങളാവുന്ന സഹായികളെക്കൊണ്ടു് |
| അഹൻ | കൊന്നൊടുക്കി. |

ദൈത്യസംഹാരവ്യാപൃതനായ നരഹരിയുടെ വിക്രാന്തി ഇനി ശ്ലോകദ്വയം കൊണ്ടു വർണ്ണിക്കുന്നു—

32. **സടാവധൂതാ ജലദാഃ പരാപതൻ**
**ഗ്രഹാശ്ച തദ്ദൃഷ്ടിവിമുഷ്ടരോചിഷഃ**
**അംഭോധയഃ ശ്വാസഹതാ വിചുക്ഷുഭുർ—**
**നിർഹ്രാദഭീതാ ദിഗിഭാ വിചുക്രുശുഃ**

| | |
|---|---|
| ജലദാഃ | മേഘങ്ങൾ |
| സടാവധൂതാഃ | ജടകളാൽ ഉലയ്ക്കപ്പെട്ടു് |
| പരാപതൻ | ചിന്നിച്ചിതറി. |
| ഗ്രഹാഃ ച | ഗ്രഹങ്ങളാകട്ടെ |
| തദ്ദൃഷ്ടി—വിമുഷ്ടരോചിഷഃ | തന്തിരുവടിയുടെ നേത്രജ്വാലയാൽ അപഹരിക്കപ്പെട്ട പ്രകാശത്തോടുകൂടിയവയായി. |
| അംഭോധയഃ | സമുദ്രങ്ങൾ |
| ശ്വാസഹതാഃ | നിശ്വാസവായുവിൻെറ അടിയേററു് |
| വിചുക്ഷുഭുഃ | ഇളകിമറിഞ്ഞു. |
| ദിഗിഭാഃ | അഷ്ടദിഗ്ഗജങ്ങൾ |
| നിർഹ്രാദഭീതാഃ | ഗർജ്ജനം കേട്ടു ഭയന്നു് |
| വിചുക്രുശുഃ | നിലവിളികൂട്ടി, |

33. ദ്യൗസ്തത്സടോത്ക്ഷിപ്തവിമാനസങ്കുലാ
പ്രോത്സപ്പ്ത ക്ഷ്മാ ച പദാതിപീഡിതാ
ശൈലാഃ സമുത്പേതുരമുഷ്യ രംഹസാ
തത്തേജസാ ഖം കകുഭോ ന രേജിരേ

| | |
|---|---|
| ദ്യൗഃ | ദേവലോകം |
| തത്സടോത്ക്ഷിപ്തവിമാനസങ്കുലാ | നൃസിംഹമൂർത്തിയുടെ ജടകളാൽ പൊക്കിയെറിയപ്പെട്ട വിമാനങ്ങളാൽ കൊണ്ട നിറഞ്ഞു് |
| പ്രോത്സപ്പ്ത | സ്ഥാനത്തിൽനിന്നു വ്യതിചലിച്ചു. |
| ക്ഷ്മാ ച | ഭൂമിയും |
| പദാ | കാൽച്ചവിട്ടുകൊണ്ടു് |
| അതിപീഡിതാ | അത്യധികം പ്രകമ്പിതയായി. |

| | |
|---|---|
| അമുഷ്യ | തന്തിരുവടിയുടെ |
| രംഹസാ | വേഗത്താൽ |
| ശൈലാഃ | മലകൾ |
| സമുത്പേതുഃ | കീഴ്മേൽമറിഞ്ഞു. |
| തത്തേജസാ | അവിടത്തെ തേജസ്സു കൊണ്ടു് |
| ഖം | അന്തരീക്ഷവും |
| കകുഭഃ | ദിക്കുകളും |
| ന രേജിരേ | നിഷ്പ്രഭങ്ങളായി |

34. തതഃ സഭായാമുപവിഷ്ടമുത്തമേ
നൃപാസനേ സംഭൃതതേജസം വിഭും
അലക്ഷിതദ്വൈരഥമത്യമർഷണം
പ്രചണ്ഡവക്ത്രം ന ബഭാജ കശ്ചന.

| | |
|---|---|
| തതഃ | അസുരവധാനന്തരം |
| സഭായാം | സഭാഭവനത്തിലെ |
| ഉത്തമേ | സമുന്നതമായ |
| നൃപാസനേ | രാജസിംഹാസനത്തിൽ |
| ഉപവിഷ്ടം | ഉപവിഷ്ടനായും |
| സംഭൃതതേജസം | തേജോനിർഭരനായും |
| അലക്ഷിതദ്വൈരഥം | എതിരാളിയായിട്ടു് ഒരുത്തനെപ്പോലും കണ്ടുകിട്ടാതെ |

| | |
|---|---|
| അത്യമർഷണം | വർദ്ധിച്ച അമർഷത്തോടു കൂടിയവനായും |
| പ്രചണ്ഡവക്ത്രം | ഉഗ്രമായ മുഖാകൃതിയോടു കൂടിയവനായും നിലകൊണ്ട |
| വിഭും | മഹാപ്രഭുവിനെ |
| കശ്ചന | ആരുംതന്നെ |
| ന ബഭാജ | (ഭയത്താൽ) അരികെ ചെന്നു് സേവിച്ചില്ല |

35. നിശമ്യ ലോകത്രയമസ്തകജ്വരം
തമാദിദൈത്യം ഹരിണാ ഹതം മൃധേ
പ്രഹർഷവേഗോത്കലിതാനനാ മുഹുഃ
പ്രസൂനവർഷൈർവവൃഷുഃ സുരസ്ത്രിയഃ.

| | | | |
|---|---|---|---|
| ലോകത്രയ– മസ്തകജ്വരം | മൂന്നുലോകത്തിന്നും തലവേദനപോലെയായിരുന്ന | പ്രഹർഷ വേഗോത് കലിതാനനാഃ | ആനന്ദാതിരേകത്താൽ വികസിച്ച വദനങ്ങളോടുകൂടിയവരായി ഭവിച്ച |
| തം ആദി ദൈത്യം | ആ ആദിമനായ അസുരനെ | സുരസ്ത്രീയഃ | ദേവസ്ത്രീകൾ |
| ഹരിണാ | ശ്രീഹരിയാൽ | പ്രസൂന– വർഷൈഃ | പുഷ്പവൃഷ്ടങ്ങളെക്കൊണ്ടു |
| മൃധേ | യുദ്ധത്തിൽ | | |
| ഹതം | വധിക്കപ്പെട്ടവനായെന്നു് | മുഹുഃ | മേല്ക്കുമേൽ |
| നിശമ്യ | കേട്ടു് | വവൃഷുഃ | ചൊരിഞ്ഞു |

**36.** **തദാ വിമാനാവലിഭിർനഭസ്തലം**
**ദിദൃക്ഷതാം സങ്കുലമാസ നാകിനാം**
**സുരാനകാ ദുന്ദുഭയോഽഥ ജഘ്നിരേ**
**ഗന്ധർവ്വമുഖ്യാ നനൃതുർജഗുഃ സ്ത്രീയഃ**

| | | | |
|---|---|---|---|
| തദാ | അന്നേരത്തു് | സുരാനകാഃ | ദേവകളുടെ ആനകവാദ്യങ്ങളും |
| ദിദൃക്ഷതാം | ദർശനാർത്ഥികളായ | | |
| നാകിനാം | ദേവന്മാരുടെ | ദുന്ദുഭയഃ | ദുന്ദുഭിവാദ്യങ്ങളും |
| വിമാനാ– വലിഭിഃ | വിമാനനിരകളാൽ | ജഘ്നിരേ | മുഴക്കപ്പെട്ടു; |
| | | ഗന്ധർവമുഖ്യാഃ | ഗന്ധർവപ്രമുഖന്മാർ |
| നഭസ്തലം | ആകാശദേശം | ജഗുഃ | പാട്ടുപാടി; |
| സങ്കുലം ആസ | നിറഞ്ഞു. | സ്ത്രീയഃ | അപ്സരസ്ത്രീകൾ |
| | | നനൃതുഃ | ആട്ടമാടി |

**37.** **തത്രോപവ്രജ്യ വിബുധാ ബ്രഹ്മേന്ദ്രഗിരിശാദയഃ**
**ഋഷയഃ പിതരഃ സിദ്ധാ വിദ്യാധരമഹോരഗാഃ**

**38.** **മനവഃ പ്രജാനാം പതയോ ഗന്ധർവാപ്സരചാരണാഃ**
**യക്ഷാഃ കിംപുരുഷാസ്താത വേതാളാഃ സിദ്ധകിന്നരാഃ**

**39.** **തേ വിഷ്ണുപാർഷദാഃ സർവ്വേ സുനന്ദകുമുദാദയഃ**
**മൂർധ്നി ബദ്ധാഞ്ജലിപുടാ ആസീനം തീവ്രതേജസം**
**ഈഡിരേ നരശാർദ്ദൂലം നാതിദൂരചരാഃ പൃഥക്**

| | | | |
|---|---|---|---|
| താത | പ്രിയയുധിഷ്ഠിര! | ഋഷയഃ | മഹർഷിമാരും, |
| ബ്രഹ്മേന്ദ്ര– ഗിരിശാദയഃ | ബ്രഹ്മാവു്, ഇന്ദ്രൻ, ശിവൻ മുതലായുള്ള | പിതരഃ | പിതൃക്കളും, |
| വിബുധാഃ | ദേവന്മാരും, | സിദ്ധാഃ | സിദ്ധദേവന്മാരും, |

| | |
|---|---|
| വിദ്യാധര- മഹോരഗാഃ | വിദ്യാധരന്മാർ; നാഗന്മാർ എന്നിവരും, |
| മനവഃ | മനുക്കരം |
| പ്രജാനാം പതയഃ | പ്രജാപതിമാർ |
| ഗന്ധർവ്വാ— പ്സരചാരണാഃ | ഗന്ധർവ്വന്മാർ, അപ്സരസ്സു കരം, ചാരണന്മാർ |
| യക്ഷാഃ | യക്ഷന്മാർ |
| കിംപുരുഷാഃ | കിംപുരുഷന്മാർ |
| വേതാളാഃ | വേതാളങ്ങരം |
| സിദ്ധകിന്നരാഃ | സിദ്ധകിന്നരന്മാർ എന്നിവരും |
| സുനന്ദ— കുമുദാദയഃ | സുനന്ദൻ, കുമുദൻ എന്നു തുടങ്ങിയ |
| തേ സർവ്വേ | ആ എല്ലാ |
| വിഷ്ണുപാർഷദാഃ | വിഷ്ണുപാർഷദന്മാരും |
| മൂർധ്നി | ശിരസ്സിൽ |
| ബദ്ധാ— ഞ്ജലിപുടാഃ | കൂപ്പുകൈയർപ്പിച്ചുകൊണ്ട് |
| തീവ്രതേജസം | ഉഗ്രതേജസ്സായിയായി |
| ആസീനം | ആസനസ്ഥനായിരിക്കുന്ന |
| നരശാർദ്ദൂലം | പുരുഷോത്തമനെ |
| നാതിദൂരചരാഃ | അധികം അകലെയല്ലാതെ നടന്നുകൊണ്ട് |
| പൃഥക് | ഒററയ്ക്കൊററയ്ക്ക് |
| ഈഡിരേ | സ്തുതിച്ചു |

നരസിംഹമൂർത്തിയുടെ അടങ്ങാത്ത കോപം കണ്ട് ആശങ്കിതരായ ബ്രഹ്മാദിദേവന്മാർ അല്പം അകന്നുനിന്നു തന്തിരുവടിയെ പ്രസാദിപ്പിക്കാനായി വെവ്വേറെ ചെയ്ത സ്തോത്രങ്ങളാണ് താഴെയുള്ള 17 പദ്യങ്ങരം—

ബ്രഹ്മോവാച = ബ്രഹ്മാവു സ്തുതിച്ചു—

40. **നതോഽസ്മ്യനന്തായ ദുരന്തശക്തയേ**
**വിചിത്രവീര്യായ പവിത്രകർമ്മണേ**
**വിശ്വസ്യ സർഗ്ഗസ്ഥിതിസംയമാൻ ഗുണൈഃ**
**സ്വലീലയാ സന്ദധതേഽവ്യയാത്മനേ.**

| | |
|---|---|
| ദുരന്തശക്തയേ | അററം കാണാത്ത ശക്തികളോടുകൂടിയവനായി_ |
| വിചിത്ര— വീര്യായ | അത്ഭുതപ്രഭാവനായി— |
| പവിത്ര— കർമ്മണേ | വിശുദ്ധകർമ്മനിരതനായി— |
| സ്വലീലയാ | തന്റെ വിനോദത്തിനു വേണ്ടി |
| ഗുണൈഃ | സത്വാദിഗുണങ്ങളാൽ |
| വിശ്വസ്യ | പ്രപഞ്ചത്തിന്റെ |
| സർഗ്ഗസ്ഥിതി- സംയമാൻ | സൃഷ്ടി, രക്ഷ, സംഹാരം എന്നിവയെ |
| സന്ദധതേ | ശരിയാംവണ്ണം നടത്തുന്നവനെങ്കിലും |
| അവ്യയാത്മനേ | നിർവ്വികാരനായി— |
| അനന്തായ | അവിനാശിയായി സ്ഥിതിചെയ്യുന്ന അവിടത്തെക്ക് |
| നതഃ അസ്മി | ഞാൻ നമസ്കരിക്കുന്നു |

ശ്രീരുദ്ര ഉവാച = ശ്രീരുദ്രൻ സ്തുതിച്ചു പറഞ്ഞു

41. **കോപകാലോ യുഗാന്തസ്തേ ഹതോഽയമസുരോഽല്പകഃ**
**തത്സുതം പാഹ്യുപസൃതം ഭക്തം തേ ഭക്തവത്സല**

| | | | |
|---|---|---|---|
| തേ | ഭവാൻെറ | ഭക്തവത്സല | ഹേ ഭക്തവത്സല! |
| കോപകാലഃ | കോപത്തിന്നുചിതമായ കാലം | തത്സുതം | അവൻെറ പുത്രനും |
| യുഗാന്തഃ | കല്പാന്തമാണ്. | തേ | ഭവാൻെറ |
| അല്പകഃ | നിസ്സാരനായ | ഭക്തം. | ഭക്തനും |
| അയം അസുരഃ | ഈ അസുരൻ | ഉപസൃതം | അരികിൽ വന്നുനില്ക്കുന്ന വനുമായ ബാലനെ |
| ഹതഃ | കൊല്ലപ്പെട്ടുകഴിഞ്ഞു. | പാഹി | പരിപാലിക്കണേ ! |

"കല്പാന്തകാലത്തു് ആവിഷ്കരിക്കേണ്ടുന്ന തീവ്രകോപം ഈ അവസരത്തിൽ ഭഗവാൻ ആവിഷ്കരിച്ചതു് സ്വഭക്തനായ പ്രഹ്ലാദനെ ഹിരണ്യകശിപുവിൽനിന്നു രക്ഷിക്കുവാൻവേണ്ടിയാണെങ്കിൽ ആ നിസ്സാരനായ അസുരൻ ഇതാ കൊല്ലപ്പെട്ടു കഴിഞ്ഞു. ഇനി കോപം ത്യജിച്ചു് ഭക്തനെ അനുഗ്രഹിക്കുവാൻ കരുണയുണ്ടാകണം" ഈ വസ്തുതയാണു് ശ്രീരുദ്രൻ സ്തുതിയിലൂടെ അനുസ്മരിപ്പിച്ചതു്.

ഇന്ദ്ര ഉവാച = ദേവേന്ദ്രൻ സ്തുതിച്ചു—

42. പ്രത്യാനീതാഃ പരമ ഭവതാ ത്രായതാ നഃ സ്വഭാഗാ
ദൈത്യാക്രാന്തം ഹൃദയകമലം ത്വദ്ഗൃഹം പ്രത്യബോധി
കാലഗ്രസ്തം കിയദിദമഹോ നാഥശുശ്രൂഷതാം തേ
മുക്തിസ്തേഷാം ന ഹി ബഹുമതാ നാരസിംഹാപരൈഃ കിം

| | | | |
|---|---|---|---|
| പരമ | ഹേ പരമപുരുഷ! | നാരസിംഹ | നരസിംഹമൂർത്തേ ! |
| നഃ | ഞങ്ങളെ | കാലഗ്രസ്തം | കാലത്താൽ ഗ്രസ്തമായ |
| ത്രായതാ | സംരക്ഷിക്കുന്ന | ഇദം | ഈ സ്വർഗ്ഗസുഖം |
| ഭവതാ | നിന്തിരുവടിയാൽ | തേ | നിന്തിരുവടിയെ |
| സ്വഭാഗാ: | തൻെറ ഹവിർഭാഗങ്ങൾ | ശുശ്രൂഷതാം | ഉപാസിക്കുന്നവക്കു് |
| പ്രത്യാനീതാ: | വീണ്ടെടുക്കപ്പെട്ടു. | കിയത് | എത്രനിസ്സാരം ! |
| ദൈത്യാക്രാന്തം | അസുരനാൽ ആക്രമിക്കപ്പെട്ട | അഹോ | ആഹാ ! |
| | | തേഷാം | അവക്കു് |
| ത്വദ്ഗൃഹം | ഭവാൻെറ വാസസ്ഥാനമാവുന്ന | മുക്തിഃ | മോക്ഷംപോലും |
| | | ബഹുമതാ | ആദൃതമായിട്ടുള്ളതു് |
| ഹൃദയകമലം | ഞങ്ങളുടെ മാനസപദ്മം | ന ഹി | അല്ല, എന്നിരിക്കെ |
| പ്രത്യബോധി | വീണ്ടും വികസിപ്പിക്കപ്പെട്ടു. | അപരൈഃ | അന്യഭോഗസാധനങ്ങളാൽ |
| നാഥ | സ്വാമിൻ ! | കിം | എന്തിരിക്കുന്നു ? |

ഋഷയ ഊചുഃ = ഋഷിമാർ സ്തുതിച്ചു—

43. ത്വം നസ്തപഃ പരമമാത്ഥ യദാത്മതേജോ
യേനേദമാദിപുരുഷാത്മഗതം സസർജ്ജ
തദ്വിപ്രലുപ്തമമുനാദ്യ ശരണ്യപാല
രക്ഷാഗൃഹീതവപുഷാ പുനരന്വമംസ്ഥാഃ

| | |
|---|---|
| ആദിപുരുഷഃ | ഹേ പുരാണപുരുഷ ! |
| ശരണ്യപാല | ശരണാഗതരക്ഷക ! |
| ത്വം | നിന്തിരുവടി |
| ആത്മഗതം | തന്നിൽ ലയിച്ചിരുന്ന |
| ഇദം | ഈ വിശ്വത്തെ |
| യേന | യാതൊരു തപസ്സുകൊണ്ട് |
| സസർജ്ജ | സൃഷ്ടിച്ചുവോ, |
| ആത്മതേജഃ | സ്വപ്രഭാവാത്മകവും |
| പരമം | ശ്രേഷ്ഠവുമായ |
| യത് തപഃ | യാതൊരു തപസ്സിനെ |
| നഃ | ഞങ്ങൾക്ക് |
| ആത്ഥ | ഉപദേശിച്ചിരുന്നുവോ, |
| തത് | ആ തപസ്സിനെ — |
| അമുനാ | ഇവൻ നിമിത്തം |
| വിപ്രലുപ്തം | അലങ്കോലപ്പെട്ടതിനെ |
| രക്ഷാഗൃഹീത-വപുഷാ | രക്ഷിക്കുവാനായി സ്വീകൃതമായ നൃസിംഹ രൂപത്താൽ |
| അദ്യ പുനഃ | ഇന്നിതാ, വീണ്ടും |
| അന്വമംസ്ഥാഃ | തുടരുന്നതിന്ന് അനുവദിച്ചിരിക്കുന്നു. |

പിതര ഊചുഃ = പിതൃക്കൾ സ്തുതിച്ചു—

44. ശ്രാദ്ധാനി നോഽധിബുഭുജേ പ്രസഭം തനൂജൈ-
ർദ്ദത്താനി തീർത്ഥസമയേഽപ്യപിബത് തിലാംബു
തസ്യോദരാന്നഖ വിദീർണ്ണവപാദ്യ ആർച്ഛ-
ത്തസ്മൈ നമോ നൃഹരയേഽഖിലധർമ്മഗോപ്ത്രേ

| | |
|---|---|
| നഃ | ഞങ്ങൾക്ക്, ഞങ്ങളുടെ |
| തനൂജൈഃ | പുത്രന്മാരാൽ |
| ദത്താനി | നല്കപ്പെട്ട |
| ശ്രാദ്ധാനി | ബലിപിണ്ഡാദികളെ |
| പ്രസഭം | ബലംപ്രയോഗിച്ച് തട്ടിയെടുത്ത് |
| യഃ | യാവനൊരുത്തൻ |
| അധി | ആധികാരിതയോടെ |
| ബുഭുജേ | ഭക്ഷിക്കുകയും |
| തീർത്ഥസമയേ | പുണ്യസ്ഥലത്ത്, പുണ്യകാലത്തിൽ |
| (ദത്തം) | നല്കപ്പെട്ട |
| തിലാംബു | തിലോദകത്തെ |
| അപിബത് അപി | പാനം ചെയ്കയും ചെയ്തിരുന്നുവോ |
| നഖവിദീർണ്ണ-വപാത് | നഖാഗ്രങ്ങളാൽ പിളർന്ന് മേദസ്സോടുകൂടിയ |
| തസ്യ | അവന്റെ |
| ഉദരാത് | കുക്ഷിയിൽനിന്ന് |
| യഃ | യാതൊരുവനാണോ |
| ആർച്ഛത് | അതെല്ലാം വീണ്ടെടുത്തു തന്നത് |
| തസ്മൈ | അങ്ങനെയുള്ള |
| അഖിലധർമ്മ-ഗോപ്ത്രേ | സർവധർമ്മസംരക്ഷകനായ |
| നൃഹരയേ | നരസിംഹമൂർത്തിക്ക് |
| നമഃ | നമസ്കാരം |

സിദ്ധാ ഊചുഃ = സിദ്ധന്മാർ സ്തുതിച്ചു—

45. യോ നോ ഗതിം യോഗസിദ്ധാമസാധു-
രഹാർഷീദ് യോഗതപോബലേന
നാനാദർപ്പം തം നഖൈർനിർദ്ദാര
തസ്മൈ തുഭ്യം പ്രണതാഃ സ്മോ നൃസിംഹ

| | |
|---|---|
| അസാധുഃ | ദുർവൃത്തനായ |
| യഃ | യാതൊരുവൻ |
| യോഗതപോബലേന | യോഗാഭ്യാസത്തിന്റെയും തപശ്ചര്യയുടെയും ഊക്കിനാൽ |
| നഃ | ഞങ്ങളുടെ |
| യോഗസിദ്ധാം | യോഗസിദ്ധമായ |
| ഗതിം | ഗതിയെ (അണിമാദ്യൈശ്വര്യങ്ങളെ) |
| അഹാർഷീത് | അപഹരിച്ചുവോ, |
| നാനാദർപ്പം | മികച്ച അഹങ്കാരിയായ |
| തം | അവനെ |
| നഖൈഃ | നഖങ്ങൾകൊണ്ട് |
| നിർദ്ദാര | കീറിപ്പിളർന്നു; |
| നൃസിംഹ | ഹേ നരസിംഹമൂർത്തേ! |
| തസ്മൈ | അങ്ങനെയുള്ള |
| തുഭ്യം | നിന്തിരുവടിക്കുവേണ്ടി |
| പ്രണതാഃ സ്മഃ | ഞങ്ങൾ പ്രണമിക്കുന്നവരായി ഭവിക്കുന്നു |

വിദ്യാധരാ ഊചുഃ = വിദ്യാധരന്മാർ സ്തുതിച്ചു—

46. വിദ്യാം പൃഥഗ്ധാരണയാനുരാദ്ധാം
ന്യഷേധദജ്ഞോ ബലവീര്യദൃപ്തഃ
സ യേന സംഖ്യേ പശുവദ്ധതസ്തം
മായാനൃസിംഹം പ്രണതാഃ സ്മ നിത്യം

| | |
|---|---|
| ബലവീര്യദൃപ്തഃ | ബലംകൊണ്ടും വീര്യംകൊണ്ടും ഗർവ്വിതനായിത്തീർന്ന |
| അജ്ഞഃ | മൂഢനായ ഹിരണ്യകശിപു |
| പൃഥഗ്ധാരണയാ | വിഭിന്നമായ മനോവ്യായാമത്തിലൂടെ |
| അനുരാദ്ധാം | (ഞങ്ങൾ) നേടിയെടുത്ത |
| വിദ്യാം | അന്തർദ്ധാനാദി വിദ്യയെ |
| ന്യഷേധത് | നിരോധിച്ചിരുന്നു. |
| സഃ | അവൻ |
| സംഖ്യേ | യുദ്ധത്തിൽ |
| പശുവത് | യജ്ഞപശുവെപ്പോലെ |
| യേന | യാതൊരാളാൽ |
| ഹതഃ | ഹനിക്കപ്പെട്ടുവോ |
| തം മായാനൃസിംഹം | ആ മായാരൂപിയായ നൃസിംഹദേവനെ |
| നിത്യം | എന്നെന്നും |
| പ്രണതാഃ സ്മഃ | ഞങ്ങൾ പ്രണമിക്കുന്നു |

നാഗാ ഊചുഃ = നാഗദേവതകൾ സ്തുതിച്ചു—

47. യേന പാപേന രത്നാനി സ്ത്രീരത്നാനി ഹൃതാനി നഃ
തദ്വക്ഷഃപാടനേനാസാം ദത്താനന്ദ നമോസ്തു തേ

| | | | |
|---|---|---|---|
| പാപേന | പാപിയായ | തദ്വക്ഷഃ— പാടനേന | അവന്റെ മാറിടം പിളക്കുകയാൽ |
| യേന | ഏതൊരുവനാൽ | ആസാം | ഇയ്യുള്ളവക്ക് |
| നഃ | ഞങ്ങളുടെ | ദത്താനന്ദ | ആനന്ദദായകനായി ഭവിച്ചിരിക്കുന്ന ആനന്ദമൂർത്തേ! |
| രത്നാനി | ശിരോരത്നങ്ങളും | | |
| സ്ത്രീരത്നാനി | വനിതാരത്നങ്ങളും | | |
| ഹൃതാനി | തട്ടിക്കൊണ്ടു | തേ | നിന്തിരുവടിക്കു |
| | പോകപ്പെട്ടുവോ, | നമഃ അസ്തു | നമോവാകം ഭവിക്കട്ടെ. |

മനവ ഊചുഃ = മനുക്കൾ സ്തുതിച്ചു —

48. മനവോ വയം തവ നിദേശകാരിണോ
ദിതിജേന ദേവ പരിഭൂതസേതവഃ
ഭവതാ ഖലഃ സ ഉപസംഹൃതഃ പ്രഭോ
കരവാമ തേ കിമനുശാധി കിംകരാൻ.

| | | | |
|---|---|---|---|
| ദേവ | ഭഗവൻ! | സഃ ഖലഃ | ആ ദുഷ്ടൻ |
| തവ | അവിടത്തെ | ഭവതാ | നിന്തിരുവടിയാൽ |
| നിദേശ-കാരിണഃ | നിർദ്ദേശങ്ങളെ നിറവേററിക്കൊണ്ടിരിക്കുന്ന | ഉപസംഹൃതഃ | ഒടുക്കപ്പെട്ടു. |
| | | പ്രഭോ | സ്വാമിൻ ! |
| മനവഃ | മനുക്കളായ | തേ | അവിടത്തേക്കുവേണ്ടി |
| വയം | ഞങ്ങൾ | കിം | ഇനി എന്തു് |
| ദിതിജേന | ഹിരണ്യകശിപുവിനാൽ | കരവാമ | ചെയ്യേണ്ടതുണ്ടു് ? |
| പരിഭൂത— സേതവഃ | ഭംഗം വരുത്തപ്പെട്ട ധർമ്മമര്യാദകളോടു കൂടിയവരായിരുന്നു. | കിങ്കരാൻ | അടിയങ്ങളോടു് |
| | | അനുശാധി | കല്പിച്ചരുളിയാലും |

പ്രജാപതയ ഊചുഃ = പ്രജാപതിമാർ സ്തുതിച്ചു—

49. പ്രജേശാ വയം തേ പരേശാഭിസൃഷ്ടാ
ന യേന പ്രജാ വൈ സൃജാമോ നിഷിദ്ധാഃ
സ ഏഷ ത്വയാ ഭിന്നവക്ഷാ നു ശേതേ
ജഗന്മംഗളം സത്വമൂർത്തേഽവതാരഃ

| | | | |
|---|---|---|---|
| പരേശ | ഹേ പരമേശ്വര! | വയം | ഞങ്ങൾ |
| തേ | നിന്തിരുവടിയാൽ | പ്രജേശാഃ | പ്രജാപതിമാരായിട്ടു് |

| | | | |
|---|---|---|---|
| അഭിസൃഷ്ടാഃ | വാഴിക്കപ്പെട്ടരാണു; | ത്വയാ | നിന്തിരുവടിയാൽ |
| വൈ | എങ്കിലും, ഇപ്പോൾ | ഭിന്നവക്ഷാഃ | പിളക്കപ്പെട്ട മാറിടത്തോടു കൂടിയവനായി |
| യേന | യാതൊരുത്തനാൽ | ശേതേ ന | തീർത്തും ചത്തുകിടക്കുന്നു. |
| നിഷിദ്ധാഃ | തടയപ്പെട്ടിട്ട് | സത്ത്വമൂർത്തേ | സത്ത്വഗുണസ്വരൂപ! |
| പ്രജാഃ | പ്രജകളെ | അവതാരഃ | ഈ അവതാരം |
| ന സൃജാമഃ | സൃഷ്ടിക്കുന്നില്ലയോ | ജഗന്മംഗളം | ലോകക്ഷേമകരമത്രേ. |
| സഃ ഏഷഃ | ആ ഇവൻ | | |

ഗന്ധർവ്വാ ഊചുഃ = ഗന്ധർവ്വന്മാർ വഴ്ത്തിപ്പറഞ്ഞു—

50. **വയം വിഭോ തേ നടനാട്യഗായകാ**
**യേനാത്മസാദ്വീര്യബലൗജസാ കൃതാഃ**
**സ ഏഷ നീതോ ഭവതാ ദശാമിമാം**
**കിമുത്പഥസ്ഥഃ കുശലായ കല്പതേ**

| | | | |
|---|---|---|---|
| വിഭോ | ഹേ പ്രഭോ! | കൃതാഃ | ചെയ്യപ്പെട്ടിരുന്നുവോ |
| തേ | അവിടുത്തെ | സഃ ഏഷഃ | ആ ഈ അസുരൻ |
| നടനാട്യ-ഗായകാഃ | നർത്തകന്മാരും നർത്തനവേളയിലെ ഗായകന്മാരുമായ | ഭവതാ | നിന്തിരുവടിയാൽ |
| വയം | ഞങ്ങൾ | ഇമാം ദശാം | ഈ അവസ്ഥയിലേക്ക് |
| വീര്യബലൗ-ജസാ | ശൗര്യംകൊണ്ടും ശക്തികൊണ്ടും കരുത്താർജ്ജിച്ച | നീതഃ | എത്തിക്കപ്പെട്ടു. |
| യേന | യാതൊരുവനാൽ | ഉത്പഥസ്ഥഃ | കുമാർഗ്ഗസ്ഥിതൻ |
| ആത്മസാത് | സ്വന്തം അടിമകളാക്കി | കുശലായ | ക്ഷേമത്തിന്ന് |
| | | കിം കല്പതേ | ഉതകുമാറുണ്ടോ? |

ചാരണാ ഊചുഃ = ചാരണന്മാർ വാഴ്ത്തിപ്പറഞ്ഞു—

51. **ഹരേ തവാങ്‌ഘ്രിപങ്കജം ഭവാപവർഗ്ഗമാശ്രിതാഃ**
**യദേഷ സാധുഹൃച്ഛയസ്ത്വയാസുരഃ സമാപിതഃ**

| | | | |
|---|---|---|---|
| ഹരേ | ശ്രീഹരേ! | യത് | എന്തെന്നാൽ |
| ഭവാപവർഗ്ഗം | സംസാരനിവർത്തകമായ | സാധുഹൃച്ഛയഃ | സത്തുക്കളുടെ ഉള്ളത്തിൽ പേടിസ്വപ്നമായി കിടന്നിരുന്ന |
| തവ | നിന്തിരുവടിയുടെ | | |
| അങ്‌ഘ്രി-പങ്കജം | ചരണാരവിന്ദത്തെ | ഏഷഃഅസുരഃ | ഈ അസുരൻ |
| ആശ്രിതാഃ | ഞങ്ങളിതാ ആശ്രയിച്ചിരിക്കുന്നു. | ത്വയാ | നിന്തിരുവടിയാൽ |
| | | സമാപിതഃ | ഒടുക്കപ്പെട്ടു. |

യക്ഷാ ഊചുഃ = യക്ഷന്മാർ സ്തുതിച്ചു.

52. വയമനുചരമുഖ്യാഃ കർമ്മഭിസ്തേ മനോജ്ഞൈ-
സ്ത ഇഹ ദിതിസുതേന പ്രാപിതാ വാഹകത്വം
സ തു ജനപരിതാപം തത്കൃതം ജാനതാ തേ
നരഹര ഉപനീതഃ പഞ്ചതാം പഞ്ചവിംശ.

| | | | |
|---|---|---|---|
| നരഹരേ | നരസിംഹമൂർത്തേ! | പഞ്ചവിംശ | ഇരുപത്തിനാലു പ്രാകൃതികതത്ത്വങ്ങളുടെയും നിയന്താവായി വർത്തിക്കുന്ന ഇരുപത്തഞ്ചാമത്തെ ആത്മതത്ത്വമേ! |
| മനോജ്ഞൈഃ | മനസ്സിന്നിണങ്ങുന്ന | | |
| കർമ്മഭിഃ | പ്രവൃത്തികൾകൊണ്ട് | | |
| വയം | ഞങ്ങൾ | | |
| തേ | അവിടുത്തെ | | |
| അനുചര-മുഖ്യാഃ | സേവകന്മാരിൽ പ്രധാനികളാണ്. | തത്കൃതം | അവനാൽ വരുത്തിവയ്ക്കപ്പെട്ട |
| തേ (വയം) | ആ ഞങ്ങൾ | ജന-പരിതാപം | ജനങ്ങളുടെ സങ്കടാവസ്ഥയെപ്പററി |
| ഇഹ | ഇവിടെ | ജാനതാ | അറിവുള്ള |
| ദിതിസുതേന | ഹിരണ്യകശിപുവിനാൽ | തേ | നിന്തിരുവടിയാൽ |
| വാഹകത്വം | അവന്റെ പല്ലക്കു ചുമക്കുന്ന നിലയിലേക്ക് | സഃ തു | അവനാകട്ടെ, ഇതാ |
| | | പഞ്ചതാം | മരണാവസ്ഥയിലേക്കു |
| പ്രാപിതാഃ | എത്തിക്കപ്പെട്ടവരായി. | ഉപനീതഃ | നയിക്കപ്പെട്ടുവല്ലോ, |

കിം പുരുഷാഃ ഊചുഃ = കിംപുരുഷന്മാർ സ്തുതിച്ചു.

53. വയം കിംപുരുഷാസ്ത്വം തു മഹാപുരുഷ ഈശ്വരഃ
അയം കുപുരുഷോ നഷ്ടോ ധിക്കൃതഃ സാധുഭിര്യദാ

| | | | |
|---|---|---|---|
| വയം | ഞങ്ങൾ | കുപുരുഷഃ | കുത്സിതപുരുഷനായ |
| കിംപുരുഷാഃ | അല്പന്മാരായ കിംപുരുഷന്മാരാണ്; | അയം | ഇവൻ |
| | | സാധുഭിഃ | സജ്ജനങ്ങളാൽ |
| ത്വം തു | നിന്തിരുവടിയാകട്ടെ | യദാ | എപ്പോൾ |
| ഈശ്വരഃ | സർവേശ്വരനും | ധിക്കൃതഃ | വെറുക്കപ്പെട്ടുവോ, |
| മഹാപുരുഷഃ | പ്രഭാവപൂർണ്ണനമായ പുരുഷോത്തമനമാകുന്നു, | (തദാ) | അപ്പോൾ |
| | | നഷ്ടഃ | നശിച്ചു. |

വൈതാളികാ ഊചുഃ = വൈതാളികന്മാർ വാഴ്ത്തി

54. സഭാസു സത്രേഷു തവാമലം യശോ
ഗീത്വാ സപര്യാം മഹതീം ലഭാമഹേ

**യസ്താം വ്യനൈഷീദ് ഭൃശമേവ ദുർജ്ജനോ**
**ദിഷ്ട്യാ ഹതസ്തേ ഭഗവൻ യഥാഽഽമയഃ**

| | | | |
|---|---|---|---|
| ഭഗവൻ | ഭഗവാനേ! | ദുർജ്ജനഃ | ദുഷ്ടനായ |
| സത്സു | സജ്ജനസമാജങ്ങളിലും | യഃ | യാതൊരുവനാണോ |
| സത്രേഷു | യജ്ഞശാലകളിലും | താം | അതിനെ |
| തവ | അങ്ങയുടെ | ഭൃശം ഏവ | തീർത്തും തന്നെ |
| അമലം | പാവനമായ | വ്യനൈഷീത് | ഇല്ലാതാക്കിയത്, |
| യശഃ | കീർത്തിയെ | (സഃ) | അവൻ |
| ഗീത്വാ | ഗാനം ചെയ്ത് | ആമയഃ യഥാ | രോഗമെന്നപോലെ |
| മഹതീം | വലിയ | തേ | നിന്തിരുവടിയാൽ |
| സപര്യാം | ബഹുമതിയെ | ഹതഃ | നശിപ്പിക്കപ്പെട്ടു; |
| ലഭാമഹേ | ഞങ്ങൾ നേടമാറുണ്ട്. | ദിഷ്ട്യാ | ഭാഗ്യമേ ഭാഗ്യം! |

കിന്നരാ ഊചുഃ = കിന്നരന്മാർ സ്തുതിച്ചു.

55. **വയമീശ കിന്നരഗണാസ്തവാനുഗാ**
**ദിതിജേന വിഷ്ടിമമുനാനു കാരിതാഃ**
**ഭവതാ ഹരേ സ വൃജിനോഽവസാദിതോ**
**നരസിംഹ നാഥ വിഭവായ നോ ഭവ**

| | | | |
|---|---|---|---|
| ഈശ | അഖിലേശ! | ഹരേ | ശ്രീഹരേ! |
| തവ | അവിടുത്തെ | ഭവതാ | നിന്തിരുവടിയാൽ |
| അനുഗാഃ | അനുചരന്മാരായുള്ള | സഃ വൃജിനഃ | ആ പാപി |
| കിന്നരഗണാഃ | കിന്നരഗണങ്ങളായ | അവസാദിതഃ | കൊന്നൊടുക്കപ്പെട്ടു. |
| വയം | ഞങ്ങൾ | നരസിംഹ | നൃസിംഹമൂർത്തേ! |
| ദിതിജേന | ദിതിപുത്രനായ | നാഥ | സ്വാമിൻ! |
| അമുനാ | ഇവനാൽ | നഃ | ഞങ്ങളുടെ |
| വിഷ്ടിം | കൂലിയില്ലാപ്പണി | വിഭവായ | അഭ്യുദയത്തിന്നായി |
| അനു | നിരന്തരം | ഭവ | ഭവിക്കേണമേ! |
| കാരിതാഃ | ചെയ്യിക്കപ്പെട്ടിരുന്നു. | | |

വിഷ്ണുപാർഷദാ ഊചുഃ = വിഷ്ണുപാർഷദർ ഉണർത്തിച്ചു.

56. **അദ്യൈതദ്ധരിനരരൂപമദ്ഭുതം തേ**
**ദൃഷ്ടം നഃ ശരണദ സർവ്വലോകശർമ്മ**
**സോഽയം തേ വിധികര ഈശ വിപ്രശപ്ത-**
**സ്തസ്യേദം നിധനമനുഗ്രഹായ വിദ്മഃ**

| | | | |
|---|---|---|---|
| നഃ | ഞങ്ങൾക്ക് | ഈശ | അഖിലേശ! |
| ശരണദ | ആശ്രയദാതാവായുള്ളോവേ! | അയം | ഈ ദൈത്യൻ |
| | | തേ | അവിടുത്തെ |
| സർവ്വലോക– ശർമ്മ | സമസ്തലോകങ്ങൾക്കും മംഗളപ്രദമായും | വിധികരഃ | ഭൃത്യനും |
| അദ്ഭുതം | ആശ്ചര്യകരമായും ഇരിക്കുന്ന | വിപ്രശപ്തഃ | സനകാദിമാമുനിമാരുടെ ശാപത്തിനു പാത്രീഭവിച്ചവനുമായ |
| തേ ഏതത്– ഹരിനര– രൂപം | നിന്തിരുവടിയുടെ ഈ സിംഹമാനുഷ– സമ്മിളിത സ്വരൂപം | സഃ | ആ പാഷണ്ഡനാണ്. |
| | | തസ്യ | അവന്റെ |
| | | ഇദം നിധനം | ഈ നിഗ്രഹം |
| അദ്യ | ഇപ്പോൾ മാത്രമേ | അനുഗ്രഹായ | അനുഗ്രഹാർത്ഥമാണെന്ന് |
| ദൃഷ്ടം | ദർശിക്കപ്പെട്ടതുള്ളൂ. | വിദ്മഃ | ഞങ്ങൾക്കറിയാം |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
പ്രഹ്ലാദാനുചരിതേ ദൈത്യവധേ നൃസിംഹസ്തവോ നാമ
അഷ്ടമോऽധ്യായഃ
ആദിതഃ ശ്ലോകാഃ—390
ഏഴാമത് സ്കന്ധത്തിലെ എട്ടാമധ്യായം സമാപിച്ചു.

# നവമോऽധ്യായഃ — അധ്യായം ഒമ്പതു്

## പ്രഹ്ലാദകൃതനൃസിംഹസ്തുതി

"നവമേ ബ്രഹ്മണാ ഭീത്യാ ചോദിതോऽസുരബാലകഃ
കോപം പ്രശമയന്നസ്തൗന്നൃസിംഹമതിഭീഷണം"

അതിഭീഷണനായി നിലകൊള്ളുന്ന ശ്രീ നൃസിംഹമൂർത്തിയുടെ കോപം ശമിപ്പിക്കുമാറു പ്രഹ്ലാദൻ ബ്രഹ്മാവിന്റെ പ്രേരണയാൽ ചെയ്ത സ്തുതിവചനമാണ് ഈ ഒമ്പതാമദ്ധ്യായത്തിലുള്ളതു്.

1. ഏവം സുരാദയഃ സർവേ ബ്രഹ്മരുദ്രപുരഃസരാഃ
നോപൈതുമശകന്മന്യുസംരംഭം സുദുരാസദം

| | | | |
|---|---|---|---|
| ഏവം | ഇങ്ങനെ | സുരാദയഃ | ദേവാദികൾ |
| | | സർവ്വേ | എല്ലാവരും |
| ബ്രഹ്മരുദ്ര– പുരഃസരാഃ | ബ്രഹ്മാവും ശ്രീരുദ്രനും പ്രമുഖരായുള്ള | മന്യുസംരംഭം | കോപംകൊണ്ടുള്ള ആവേശത്തോടുകൂടി |

| | | | |
|---|---|---|---|
| സുദുരാസദം | തികച്ചും ദുരഭിഗമ്യനായി സ്ഥിതി ചെയ്യുന്ന നൃസിംഹദേവനെ | ഉപേതും | സമീപിക്കുവാൻ |
| | | ന അശകൻ | ശക്തരായില്ല |

2. **സാക്ഷാച്ഛ്രീഃ പ്രേഷിതാ ദേവൈർദൃഷ്ട്വാ തന്മഹദദ്ഭുതം**
**അദൃഷ്ടാശ്രുതപൂർവ്വത്വാത് സാ നോപേയായ ശങ്കിതാ**

| | | | |
|---|---|---|---|
| സാക്ഷാത് | ശരിക്കും | മഹത് | ഏററവും |
| ശ്രീഃ | ലക്ഷ്മീദേവിതന്നെ | അദ്ഭുതം | അമ്പരപ്പുണ്ടാക്കുന്ന |
| ദേവൈഃ | ദേവന്മാരാൽ | തത് | ആ രൂപത്തെ |
| പ്രേഷിതാ | അയയ്ക്കപ്പെട്ട | ദൃഷ്ട്വാ | കണ്ട് |
| സാ | (എങ്കിലും) ദേവി | ശങ്കിതാ | ശങ്കിതയായിട്ട് |
| അദൃഷ്ടാശ്രുത-പൂർവ്വത്വാത് | മുമ്പൊരിക്കലും താൻ കാണാത്തതും കേൾക്കാത്തതുമാകയാൽ | ന ഉപേയായ | അടുത്തുചെന്നില്ല |

3. **പ്രഹ്ലാദം പ്രേഷയാമാസ ബ്രഹ്മാവസ്ഥിതമന്തികേ**
**താത പ്രശമയോപേഹി സ്വപിത്രേ കുപിതം പ്രഭും**

| | | | |
|---|---|---|---|
| ബ്രഹ്മാ | ബ്രഹ്മാവ് | ഉപേഹി | അടുക്കലേക്കു ചെല്ലൂ; |
| അന്തികേ | അരികിൽ | സ്വപിത്രേ | നിന്റെ അച്ഛന്റെ നേക്കു |
| അവസ്ഥിതം | നിന്നിരുന്ന | കുപിതം | കോപംകൊണ്ടിരിക്കുന്ന |
| പ്രഹ്ലാദം | പ്രഹ്ലാദനെ | പ്രഭും | പ്രഭുവിനെ |
| പ്രേഷയാമാസ | അയച്ചു— | പ്രശമയ | സമാധാനിപ്പിക്കൂ'' |
| താത | ''മകനേ ! | | |

4. **തഥേതി ശനകൈ രാജൻ മഹാഭാഗവതോഽർഭകഃ**
**ഉപേത്യ ഭുവി കായേന നനാമ വിധൃതാഞ്ജലിഃ**

| | | | |
|---|---|---|---|
| രാജൻ | രാജാവേ, യുധിഷ്ഠിര ! | വിധൃതാഞ്ജലിഃ | കൈകൂപ്പിപ്പിടിച്ചു കൊണ്ട് |
| മഹാ ഭാഗവതഃ | ഭഗവൽ ഭക്തന്മാരിൽ അഗ്രഗണ്യനായ | ശനകൈഃ | സാവകാശത്തിൽ |
| അർഭകഃ | ബാലൻ (പ്രഹ്ലാദൻ) | ഉപേത്യ | അടുത്തുചെന്നു |
| തഥാ | 'അങ്ങനെയാകാം' | ഭുവി | ഭൂമിയിൽ |
| ഇതി | എന്നു സമ്മതിച്ച്, | കായേന | സ്വദേഹത്താൽ |
| | | നനാമ | ദണ്ഡനമസ്കാരം ചെയ്തു. |

5. **സ്വപാദമൂലേ പതിതം തമർഭകം**
**വിലോക്യ ദേവഃ കൃപയാ പരിപ്ലുതഃ**

**ഉത്ഥാപ്യ തച്ഛീർഷ്ണ്യദധാത് കരാംബുജം**
**കാലാഹിവിത്രസ്തധിയാം കൃതാഭയം.**

| | | | |
|---|---|---|---|
| സ്വപാദമൂലേ | തന്റെ തൃക്കാലടിയിൽ | തച്ഛീർഷ്ണി | അവന്റെ ശിരസ്സിൽ |
| പതിതം | വീണുവണങ്ങിയ | കാലാഹി-വിത്രസ്ത-ധിയാം | കാലമാവുന്ന സർപ്പത്തിൽ നിന്നു ഭയന്നിരിക്കുന്ന ബുദ്ധിയോടുകൂടിയവർക്കു് |
| തം അർഭകം | ആ ബാലനെ | | |
| വിലോക്യ | കണ്ടു്, | | |
| കൃപയാ | കരുണയാൽ | കൃതാഭയം | അഭയമരുളുന്ന |
| പരിപ്ലുതഃ | ആർദ്രതയാർന്ന | കരാംബുജം | കരകമലത്തെ |
| ദേവഃ | ഭഗവാൻ | അദധാത് | വെച്ചനുഗ്രഹിച്ചു. |
| ഉത്ഥാപ്യ | പിടിച്ചെഴുന്നേല്പിച്ചു് | | |

6. **സ തത്കരസ്പൃശ്യുതാഖിലാശുഭഃ**
**സപദ്യഭിവ്യക്തപരാത്മദർശനഃ**
**തത്പാദപദ്മം ഹൃദി നിർവൃതോ ദധൗ**
**ഹൃഷ്യത്തനുഃ ക്ലിന്നഹൃദശ്രുലോചനഃ**

| | | | |
|---|---|---|---|
| സഃ | ആ ബാലൻ | ഹൃഷ്യത്തനുഃ | രോമാഞ്ചിതഗാത്രനായും |
| തത് കര-സ്പൃശ്യുതാ-ഖിലാശുഭഃ | ഭഗവാന്റെ കരസ്പർശത്താൽ നിശ്ശേഷം നീങ്ങിപ്പോയ അശുഭസംസ്കാരത്തോടു കൂടിയവനും | ക്ലിന്നഹൃത് | പ്രേമാർദ്രചിത്തനായും |
| | | അശ്രു-ലോചനഃ | ആനന്ദബാഷ്പം നിറഞ്ഞ കണ്ണിണയോടു കൂടിയവനായും ഭവിച്ചു് |
| സപദി | തൽക്ഷണം തന്നെ | തത്പാദ-പദ്മം | ഭഗവാന്റെ തൃപ്പാദകമലത്തെ |
| അഭിവ്യക്ത-പരാത്മ-ദർശനഃ | സാക്ഷാല്കരിക്കപ്പെട്ട ജീവബ്രഹ്മൈക്യവിജ്ഞാനത്തോടുകൂടിയവനും | ഹൃദി | സ്വഹൃദയത്തിൽ |
| നിർവൃതഃ | ആത്മാനന്ദത്തിൽ മുഴുകിയവനുമായിട്ടു് | ദധൗ | ധരിച്ചു. |

6. **അസ്തൗഷീദ്ധരിമേകാഗ്രമനസാ സുസമാഹിതഃ**
**പ്രേമഗദ്ഗദയാ വാചാ തന്ന്യസ്തഹൃദയേക്ഷണഃ**

| | | | |
|---|---|---|---|
| തന്ന്യസ്ത-ഹൃദയേ-ക്ഷണഃ | ഭഗവാനിൽതന്നെഉറപ്പിച്ച ഹൃദയത്തോടും ദൃഷ്ടിയോടും കൂടിയപ്രഹ്ലാദബാലൻ | പ്രേമ-ഗദ്ഗദയാ | പ്രേമഭക്തിയാൽ ഇടറുന്ന കണ്ഠത്തോടുകൂടിയ |
| സുസമാ-ഹിതഃ | ശരിക്കും ഭാവസമാധിയിലിരുന്നുകൊണ്ടു് | വാചാ | വചനത്താൽ |
| ഏകാഗ്ര-മനസാ | ഒന്നിൽത്തന്നെ ഊന്നിയ മനസ്സോടെ | ഹരിം | ശ്രീനൃസിംഹനെ |
| | | അസ്തൗഷീത് | സ്തുതിച്ചു. |

## പ്രഹ്ലാദസ്തുതി

ശ്രീനൃസിംഹകൃപാകടാക്ഷം തനിക്കു സിദ്ധിച്ചപോലെ എല്ലാവക്കും സിദ്ധിക്കുമാറാകണമെന്ന ആശയത്തോടെ 43 പദ്യങ്ങളം കൊണ്ടു ചെയ്ത സ്തുതിയുടെ തുടക്കത്തിൽ പ്രഹ്ലാദൻ ഈ ഭഗവൽ സ്തുതിക്കുള്ള തന്റെ അഹ്തയെക്കുറിച്ചുതന്നെ സവിനയം ആശങ്കിക്കുന്നു.

പ്രഹ്ലാദ ഉവാച = പ്രഹ്ലാദൻ ചൊല്ലി

8. ബ്രഹ്മാദയഃ സുരഗണാ മുനയോഽഥ സിദ്ധാഃ
സത്വൈകതാനമതയോ വചസാം പ്രവാഹൈഃ
നാരാധിതും പുരുഗുണൈരധുനാപി പിപ്രുഃ
കിം തോഷ്ടുമഹ്തി സ മേ ഹരിരുഗ്രജാതേഃ

| | | | |
|---|---|---|---|
| സത്വൈകതാനമതയഃ | സത്വഗുണത്തിൽമാത്രം കേന്ദ്രീകരിച്ചബുദ്ധിയോടു കൂടി വത്തിക്കുന്ന | ആരാധിതും | പ്രസാദിപ്പിക്കുവാൻ |
| ബ്രഹ്മാദയഃ | ബ്രഹ്മാദികളായ | അധുനാപി | ഇതേവരെ |
| സുരഗണാഃ | ദേവഗണങ്ങളും | ന പിപ്രുഃ | തികച്ചും ശക്തരായിട്ടില്ലയോ, |
| മുനയഃ | മനനശീലരായ ഋഷികളും | സഃ | അങ്ങനെയുള്ള |
| അഥ | മാത്രമല്ല, | ഹരിഃ | ഭഗവാൻ ശ്രീഹരി |
| സിദ്ധാഃ | വിജ്ഞാനികളും | ഉഗ്രജാതേഃ | നിഷ്ഠുര വഗ്ഗത്തിൽ ജനിച്ച |
| വചസാം | സ്തുതിവചനങ്ങളുടെ | മേ | എനിക്കു് |
| പ്രവാഹൈഃ | ധാരാപ്രവാഹങ്ങളാലും | തോഷ്ടും | പ്രസാദിപ്പിക്കുവാൻ |
| പുരുഗുണൈഃ | മഹനീയ ഗുണങ്ങളാലും | അഹ്തി കിം | അഹനാണോ, എന്തോ! |
| (യം) | യാതൊരുവനെ | | |

സാരം—സത്വഗുണൈകനിഷ്ഠന്മാരായ ബ്രഹ്മാദിദേവന്മാക്കും മുനിമാക്കും സിദ്ധന്മാക്കും അവരുടെ ധാരാപ്രവാഹരൂപേണയുള്ള സ്തുതികളാലും മഹനീയ ഗുണങ്ങളാലും ഇതുവരെ പ്രീണിപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ശ്രീഹരിയെ നിഷ്ഠുര തമോഗുണ പ്രകൃതികളായ അസുരന്മാരുടെ വംശത്തിൽ ജനിക്കുവാൻ സംഗതിവന്ന എനിക്കു പ്രീണിപ്പിക്കുവാൻ സാധിക്കുമോ !

അടുത്ത രണ്ടുശ്ലോകംകൊണ്ടു ഈ ആശങ്കയെ പരിഹരിക്കുന്നു.

9. മന്യേ ധനാഭിജനരൂപതപഃശ്രുതൗജ–
സ്തേജഃപ്രഭാവബലപൗരുഷബുദ്ധിയോഗാഃ
നാരാധനായ ഹി ഭവന്തി പരസ്യ പുംസോ
ഭക്ത്യാ തുതോഷ ഭഗവാൻ ഗജയൂഥപായ

| | | | |
|---|---|---|---|
| ധനാഭിജന— രൂപതപഃ— ശ്രുതൗജ— | ധനം, ആഭിജാത്യം, സൗന്ദര്യം, തപസ്സ്, പാണ്ഡിത്യം, ഇന്ദ്രിയ ശക്തി, | പുംസഃ | പുരുഷന്റെ |
| | | ആരാധനായ | പ്രീണനത്തിന്നു് |
| | | ന ഭവന്തി | പ്രഭവിക്കുന്നതല്ല— |
| | | മന്യേ | എന്നു ഞാൻ കരുതുന്നു |
| സ്തേജഃ— പ്രഭാവ— | കാന്തി, പ്രതാപം, | ഹി | എന്തെന്നാൽ |
| | | ഭഗവാൻ | വിഷ്ണുഭഗവാൻ |
| ബലപൗരുഷ— ബുദ്ധിയോഗാഃ | ദേഹശക്തി, പ്രയത്നം ബുദ്ധി, യോഗവിദ്യകൾ എന്നിവ। | ഗജയൂഥപായ | ഗജേന്ദ്രന്റെ പേരിൽ |
| | | ഭക്ത്യാ | കേവലഭക്തികൊണ്ടു മാത്രം |
| പരസ്യ | പരമോന്നതനായ | തുതോഷ | സന്തുഷ്ടനായി |

ധനം, ആഭിജാത്യം (കുലീനത) മുതലായ ഗുണങ്ങളൊന്നും ഭഗവൽ പ്രീണനത്തിന്നുതകുകയില്ല. ഭക്തിമാത്രമാണു് അതിന്നാവശ്യം. ഭഗവാൻ ഗജേന്ദ്രനിൽ — അഗസ്ത്യശാപത്താൽ മത്തഗജമായിഭവിച്ച ഇന്ദ്രദ്യുമ്നനിൽ സംപ്രീതനായതു കേവലഭക്തി കൊണ്ടാണല്ലോ.

ഇങ്ങനെ പ്രഹ്ളാദൻ തന്റെ ''ഉഗ്രജാതിത്വം'' ഭഗവൽ പ്രീണനവിഷയത്തിൽ പ്രതിബന്ധമല്ലെന്നു സമാധാനിച്ചശേഷം ഇപ്പറഞ്ഞ ധനാഭിജനാദി ഗുണങ്ങളെല്ലാം തികഞ്ഞിരുന്നാലും ഭക്തിയില്ലെങ്കിൽ ഭഗവൽ പ്രീണനം ദുസ്സാധ്യമാണെന്നു് ഉത്തര ശ്ലോകം കൊണ്ടു കാണിക്കുന്നു.

10. വിപ്രാദ്ദ്വിഷഡ്ഗുണയുതാദരവിന്ദനാഭ—
പാദാരവിന്ദവിമുഖാച്ഛ്വപചം വരിഷ്ഠം
മന്യേ തദർപ്പിതമനോവചനേഹിതാർത്ഥ—
പ്രാണം പുനാതി സ കുലം ന തു ഭൂരിമാനഃ

| | | | |
|---|---|---|---|
| ദ്വിഷഡ്— ഗുണയുതാത് | ഈരാറു ഗുണങ്ങളുള്ള വനായിരുന്നാലും | വരിഷ്ഠം | ശ്രേഷ്ഠനായിട്ടു |
| | | മന്യേ | ഞാൻ വിചാരിക്കുന്നു |
| അരവിന്ദ— നാഭപാദാ— രവിന്ദ— വിമുഖാത് | ശ്രീപദ്മനാഭന്റെ ചെന്താരടികളിൽ വൈമുഖ്യമുള്ള (ഭക്തിഹീനനായ) | സഃ | അവൻ |
| | | കുലം | സ്വവംശംമുഴുവനും |
| | | പുനാതി | ശുദ്ധീകരിക്കുന്നു; |
| വിപ്രാത് | ബ്രാഹ്മണനെക്കാൾ | തു | എന്നാൽ |
| തദർപ്പിത— മനോവചനേ— ഹിതാർത്ഥ— പ്രാണം | മനസ്സും വാക്കും കർമ്മവും ധനവും ജീവനും തന്തിരുവടിയിൽ അർപ്പിച്ചിട്ടുള്ള | ഭൂരിമാനഃ | വലിയ പെരുമയുടെ ഊറ്റം നടിക്കുന്ന |
| | | (ആത്മാനം) | തന്നെപ്പോലും |
| ശ്വപചം | ചണ്ഡാളനെ | ന (പുനാതി) | ശുദ്ധീകരിക്കയില്ല |

ധനം, ആഭിജാത്യം എന്നിങ്ങനെയുള്ള പന്ത്രണ്ടുഗുണങ്ങൾ തികഞ്ഞിരുന്നാലും ഭക്തിവിമുഖനായിരിക്കുന്ന ബ്രാഹ്മണനെയപേക്ഷിച്ചു് ശ്രേഷ്ഠത്വമുള്ളവൻ മനോവാക്ക

മ്മളെയും അർത്ഥത്തെയും ആത്മാവിനെത്തന്നെയും ഭഗവൽപാദങ്ങളിൽ സമർപ്പിച്ചിരിക്കുന്ന ചണ്ഡാളനാണെന്നു കരുതണം. കേവലമായ ഭക്തികൊണ്ട് ആ ചണ്ഡാളൻ വംശശുദ്ധികൂടി വരുത്തുമ്പോൾ, ഭക്തിവിമുഖനായ ബ്രാഹ്മണൻ തൻെറ ധനാഭിജാത്യാദി ഗുണങ്ങൾകൊണ്ടു തന്നെപ്പോലും ശുദ്ധീകരിക്കുന്നില്ല.

ധനവിഭവങ്ങൾകൊണ്ടു ഭക്തിഹീനൻ അർപ്പിക്കുന്ന പൂജോപഹാരം ഭഗവാൻ പ്രാകൃത മനുഷ്യനെപ്പോലെ കൈക്കൊള്ളുകയില്ലെന്ന് ഇനി പറയുന്നു.

11. നൈവാത്മനഃ പ്രഭുരയം നിജലാഭപൂർണ്ണോ
മാനം ജനാദവിദുഷഃ കരുണോ വൃണീതേ
യദ് യജ്ജനോ ഭഗവതേ വിദധീത മാനം
തച്ചാത്മനേ പ്രതിമുഖസ്യ യഥാ മുഖശ്രീഃ

| | | | |
|---|---|---|---|
| നിജലാഭ—പൂർണ്ണഃ | ആത്മലാഭത്താൽതന്നെ എല്ലാം തികഞ്ഞിട്ടുള്ള | ഭഗവതേ | ഭഗവാനായിക്കൊണ്ട് |
| അയം പ്രഭുഃ | ഈ സർവ്വേശ്വരൻ | വിദധീത | അർപ്പിച്ചേക്കാമോ |
| അവിദുഷഃ | അല്പജ്ഞതയുള്ള | തത് ച | അതെല്ലാം |
| ജനാത് | ജനത്തിൽനിന്ന് | കരുണഃ | ഭക്തകാരുണികനായ അവിടുന്ന് |
| ആത്മനഃ | തനിക്കുവേണ്ടി | | |
| മാനം | പൂജോപഹാരത്തെ | മുഖശ്രീഃ | മുഖത്തിൻെറ ശോഭ |
| വൃണീതേ ന ഏവ | തീരെ സ്വീകരിക്കുന്നതല്ല. | പ്രതിമുഖസ്യ യഥാ | കണ്ണാടിയിൽ പതിഞ്ഞ അതിൻെറ പ്രതിച്ഛായയ്ക്കെന്നപോലെ |
| യത് യത് | എന്നാൽ, ഏതെല്ലാം | | |
| മാനം | പൂജോപഹാരത്തെ | ആത്മനേ | തനിക്കുവേണ്ടിത്തന്നെ |
| ജനഃ | ഭക്തജനം | (വൃണീതേ) | സ്വീകരിക്കുന്നതുമുണ്ട് |

ഭഗവാൻ സ്വയം സമ്പൂർണ്ണനാണ്. യാതൊന്നും അവിടുത്തേക്കാവശ്യമില്ല. ക്ഷുദ്രബുദ്ധികൾ പ്രൗഢിക്കുവേണ്ടി അർപ്പിക്കുന്ന പൂജോപഹാരങ്ങളെ ഭഗവാൻ സ്വീകരിക്കാതെ നിരസിക്കുന്നു. ഭക്തന്മാർ നല്കുന്നതെന്തും ഭക്തകാരുണികനായ അവിടുന്ന് സ്വയം കൈക്കൊള്ളുന്നുമാണ്. എന്നാൽ മുഖത്തിൽ ചേർത്ത തിലകാദ്യലങ്കാരം കണ്ണാടിനോക്കുമ്പോൾ അതിൽ നിഴലിച്ച പ്രതിമുഖത്തിൽ പതിയുന്നപോലെ ഭഗവദർപ്പിതവസ്തു ഭക്തന്മാരിലേക്കുതന്നെ എത്തിച്ചേരുന്നതാണ്.

12. തസ്മാദഹം വിഗതവിക്ലബ ഈശ്വരസ്യ
സർവ്വാത്മനാ മഹി ഗൃണാമി യഥാമനീഷം
നീചോഽജയാ ഗുണവിസർഗ്ഗമനുപ്രവിഷ്ടഃ
പൂയേത യേന ഹി പുമാനനുവർണ്ണിതേന.

| | |
|---|---|
| തസ്മാത് | ആകയാൽ |
| അഹം | ഞാൻ |
| നീചഃ | അധമനാണെങ്കിലും. |
| വിഗത— വിക്ലബഃ | ശങ്കകൈവിട്ടു് |
| ഈശ്വരസ്യ | ഭഗവാൻെറ |
| മഹി | മഹിമയെ |
| യഥാമനീഷം | ബുദ്ധിക്കനുസരിച്ചു് |
| സർവ്വാത്മനാ | എല്ലാപ്രകാരത്തിലും |
| ഗൃണാമി | പ്രകീർത്തിക്കുന്നു. |
| യേന അനു— വർണ്ണിതേന | യാതൊന്നു് അനുദിനം പ്രകീർത്തിതമായെന്നാൽ |
| അജയാ | അനാദിയായ അവിദ്യമൂലം |
| ഗുണവിസർഗ്ഗം | ജനിമൃതിരൂപമായ സംസൃതിയിലേക്കു് |
| അനുപ്രവിഷ്ടഃ | വന്നകപ്പെട്ട |
| പുമാൻ ഹി | ജീവൻ തൽക്ഷണം |
| പൂയേത | വിശുദ്ധനായേക്കും. |

ഭക്തിയല്ലാതെ മറ്റൊന്നും ഭഗവൽപ്രീണനത്തിനു് വേണ്ടതില്ലെന്നതിനാൽ അധമനാണെങ്കിലും കൂടി ഞാൻ ശങ്കവെടിഞ്ഞു് എൻെറ ബുദ്ധിക്കായവിധം എല്ലാ പ്രകാരത്തിലും അവിടുത്തെ നിരതിശയമാഹാത്മ്യത്തെ പ്രകീർത്തിക്കുകയാകുന്നു. അവിദ്യാവശഗനായി സംസാരചക്രത്തിൽപെട്ടു വലയുന്ന ജീവൻ തന്മാഹാത്മ്യഗ്രഹണത്താൽ ഉടനടി പാപനിർമ്മുക്തി വന്നു വിശുദ്ധാത്മാവായി ഭവിക്കുമാറുണ്ടല്ലോ.

ഇങ്ങനെ, ഭഗവൽസ്തുതി ചെയ്യുവാൻ താൻ തികച്ചും അധികാരിയാണെന്നു് ഉള്ളിലുറപ്പിച്ചശേഷം കോപശമനത്തിനായി പ്രാർത്ഥിച്ചുകൊണ്ടു് പ്രഹ്ലാദൻ സ്തുതിതുടരുന്നു.

13. സർവേ ഹ്യമീ വിധികരാസ്തവ സത്ത്വധാമ്നോ
ബ്രഹ്മാദയോ വയമിവേശ നചോദ്വിജന്തഃ
ക്ഷേമായ ഭൂതയ ഉതാത്മസുഖായ ചാസ്യ
വിക്രീഡിതം ഭഗവതോ രുചിരാവതാരൈഃ

| | |
|---|---|
| ഈശ | ഹേ മഹാപ്രഭോ! |
| ഉദ്വിജന്തഃ | ഭയന്നുകൊണ്ടിരിക്കുന്ന |
| അമീ സർവേ | ഈ എല്ലാ |
| ബ്രഹ്മാദയഃ | ബ്രഹ്മാദിദേവന്മാരും |
| സത്ത്വധാമ്നഃ | സത്ത്വഗുണത്തിൻെറ ആസ്ഥാനമായ |
| തവ | നിന്തിരുവടിയുടെ |
| വിധികരാഃ | ആജ്ഞാനുവർത്തികളാണു്; |
| വയം ഇവ | ഞങ്ങളെപ്പോലെ |
| ന ച ഹി | അല്ലല്ലോ. |
| ഉത | അതിനുംപുറമെ |
| രുചിരാ— വതാരൈഃ | മനോമോഹനങ്ങളായ അവതാരങ്ങളെക്കൊണ്ടുള്ള |
| ഭഗവതഃ | നിന്തിരുവടിയുടെ |
| വിക്രീഡിതം | വിവിധവിനോദം |
| അസ്യ | ഈ ലോകത്തിൻെറ |
| ക്ഷേമായ | സുസ്ഥിതിക്കും |
| ഭൂതയേ | അഭ്യുദയത്തിനും |
| ആത്മ— സുഖായ ച | ആത്മാനന്ദപ്രദാനത്തിനും വേണ്ടിയുമാണു്. |

നിന്തിരുവടി വിശുദ്ധസത്ത്വഗുണത്തിൻെറ നിലയമാണല്ലോ. എങ്കിലും ഈ ഭീകരരൂപം കണ്ടു ബ്രഹ്മാദിദേവന്മാർ ഭയവിവശരായിരിക്കുന്നു. ഇവരെല്ലാം നിന്തിരു

വടിയുടെ ആജ്ഞാനുവർത്തികളാണ് — ശ്രദ്ധാഭക്തിയോടെ ഉപാസിക്കുന്നവരാണ്. അസുരന്മാരായ ഞങ്ങളെപ്പോലെ വൈരാനുബന്ധത്തോടെ സമീപിക്കുന്നവരല്ല. അതിനംപുറമെ ഭഗവാൻെറ മോഹനങ്ങളായ അവതാരലീലകരം ഈ ലോകത്തിൻെറ യോഗക്ഷേമത്തിന്നും ആത്മാനന്ദലബ്ധിക്കും വേണ്ടിയാണ്; ഭയപ്പെടുത്തുവാനല്ലതാനും.

14. തദ്യച്ഛ മന്യുമസുരശ്ച ഹതസ്ത്വയാദ്യ
മോദേത സാധുരപി വൃശ്ചികസർപ്പഹത്യാ
ലോകാശ്ച നിർവൃതിമിതാഃ പ്രതിയന്തി സർവേ
രൂപം നൃസിംഹ വിഭയായ ജനാഃ സ്മരന്തി.

| | | | |
|---|---|---|---|
| തത് | അതിനാൽ | ലോകാഃ ച | ലോകവാസികരം |
| മന്യും | കോപത്തെ | സർവേ | എല്ലാവരും |
| യച്ഛ | അടക്കിയാലും | നിർവൃതിം | മനഃസുഖത്തെ |
| അസുരഃ ച | അസുരനാകട്ടെ | ഇതാഃ | പ്രാപിച്ചവരായിട്ട |
| ത്വയാ | നിന്തിരുവടിയാൽ | പ്രതിയന്തി | കോപശമനത്തെ |
| അദ്യ ഹതഃ | ഇന്ന് വധിക്കപ്പെട്ടു. | | പ്രതീക്ഷിക്കുന്നു. |
| *വൃശ്ചിക–സർപ്പഹത്യാ | തേളിനെയോ പാമ്പിനെയോ കൊന്നതുപോലെയാണിതു്. | നൃസിംഹ | നരസിംഹമൂർത്തേ ! |
| | | രൂപം | ഈ സ്വരൂപത്തെ |
| | | ജനാഃ | ജനങ്ങരം |
| സാധുഃ അപി | ഏതു ഹൃദയാലുവും | വിഭയായ | ഭയമകലുന്നതിന്നു് |
| മോദേത | ഇതിൽസന്തോഷിക്കും. | സ്മരന്തി | ധ്യാനിച്ചുകൊള്ളും. |

* 'വൃശ്ചികസർപ്പഹത്യയാ' എന്നാണ് ശ്രീധരീയപാഠം. അപ്പോരം ഛന്ദോഭംഗം വരുമെങ്കിലും അന്വയക്ലേശം ഒഴിവാക്കാം.

ആകയാൽ, കോപം നിയന്ത്രിക്കുവാൻ കനിവുണ്ടാകണം. ഏതൊരുവനെ നിമിത്തീകരിച്ചാണോ കോപം പ്രോജ്ജ്വലിച്ചതു് ആ അസുരൻ കൊല്ലപ്പെട്ടുവല്ലോ. കൊടും വിഷമുള്ള തേളിനെയോ പാമ്പിനെയോ ആരാനും തല്ലിക്കൊന്നാലുണ്ടാകാവുന്ന മനഃസമാധാനം ഇപ്പോരം സുജനങ്ങരംക്കുണ്ടായിക്കഴിഞ്ഞു. അവിടുത്തെ പ്രശാന്തസുന്ദരരൂപം ദർശിക്കാൻ അവർ പ്രതീക്ഷയോടെ നില്ക്കുകയാണ്. പ്രഭോ ! നൃസിംഹമൂർത്തേ ! ഭക്തജനങ്ങരംക്ക് ഇനിമേൽ നിർഭയരായി വസിക്കുവാൻ ഈ കോപോഗ്രരൂപത്തിൻെറ സ്മൃതിമാത്രം മതി; പ്രദർശനം വേണ്ടതില്ല.

''ശരി, നിനക്കു ഭയം തോന്നുന്നുവോ ? എന്നാൽ ഈ ഉഗ്രകോപത്തെ ഞാൻ ഉപസംഹരിക്കാം'' എന്ന അഭിപ്രായമാണ് ഭഗവൻേറതെങ്കിൽ അതു സംബന്ധിച്ച പ്രഹ്ലാദൻ പറയുന്നു —

15. നാഹം ബിഭേമ്യജിത തേഽതിഭയാനകാസ്യ–
ജിഹ്വാർക്കനേത്രഭ്രുകുടീരഭസോഗ്രദംഷ്ട്രാത്

**ആന്ത്രസ്രജഃ ക്ഷതജകേസരശങ്കുകർണ്ണാ-**
**ന്നിർഹ്രാദഭീതദിഗിഭാദരിഭിന്നഖാഗ്രാത്.**

| | |
|---|---|
| അജിത | അജയ്യനായ പ്രഭോ! |
| അതി- ഭയാനകാ- സ്യജിഹ്വാ- ഗ്നേത്ര- | ഏററവും ഭീതികരമായ വായയും നാക്കും സൂര്യനെപ്പോലുള്ള കണ്ണുകളും |
| ഭ്രുകടീ- രഭസോ- ഗ്രദംഷ്ട്രാത് | പുരികക്കൊടികളുടെ ചുഴററലും ക്രൂരദംഷ്ട്രകളുമുള്ള,— |
| ആന്ത്രസ്രജഃ | കുടൽമാലയണിഞ്ഞ,— |
| ക്ഷതജ- കേസര- ശങ്കു- കർണ്ണാത് | ചോരപുരണ്ട കണ്ഠരോമങ്ങളും കുററിപോലെയിളകാത്ത കാതുകളുമുള്ള,— |
| നിർഹ്രാദ- ഭീത- ദിഗിഭാത് | ഗർജ്ജനം കൊണ്ടു ഭയചകിതരായ ദിഗ്ഗജങ്ങളോടുകൂടിയ— |
| അരിഭി- ന്നഖാഗ്രാത് | ശത്രുക്കളെ കീറിപ്പിളരുന്ന നഖാഗ്രങ്ങളോടുകൂടിയ |
| തേ | നിന്തിരുവടിയുടെ |
| (രൂപാത്) | രൂപത്തിൽനിന്നു് |
| അഹം | ഞാൻ |
| ന ബിഭേമി | ഭയം കൊള്ളുന്നില്ല. |

പ്രഭോ! നിന്തിരുവടിയെ ആർക്കും ജയിക്കാവുന്നതല്ല. ആഹാ! പേടിതോന്നിക്കുമാറു പിളർന്ന വക്ത്രഗഹ്വരം, അതിനുള്ളിൽ തുള്ളിക്കളിക്കുന്ന നാക്കു്, സൂര്യനെപ്പോലെ ജ്വലിക്കുന്ന നേത്രങ്ങൾ, ചുഴന്നാടുന്ന പുരികക്കൊടികൾ, കൂർത്തമൂർത്ത തേററപ്പല്ലുകൾ, കുടൽമാലയണിഞ്ഞ തിരുമാറു്, ചോരപുരണ്ട കേസരങ്ങൾ, കുററിനാട്ടിയപോലെ മേലോട്ടാഞ്ഞു നിശ്ചലമായി നിലകൊള്ളുന്ന കർണ്ണയുഗ്മം, ദിഗ്ഗജങ്ങളെപ്പോലും കിടിലം കൊള്ളിക്കുന്ന ഗർജ്ജനം, ശത്രുക്കളെ കീറിപ്പിളരാൻ കരുത്തുള്ള നഖാഗ്രങ്ങൾ! ഈ ഭീഷണ രൂപം കണ്ടു ഞാൻ തെല്ലും ഭയപ്പെടുന്നില്ല.

'എന്നാൽ ഒന്നിനെമാത്രം ഞാൻ ഭയപ്പെടുന്നു.' ഏതിനെ? അതു താഴെ പറയുന്നു.

16 **ത്രസ്തോഽസ്മ്യഹം കൃപണവത്സല ദുഃസഹോഗ്ര-**
**സംസാരചക്രകദനാദ് ഗ്രസതാം പ്രണീതഃ**
**ബദ്ധഃ സ്വകർമ്മഭിരുശത്തമ തേഽങ്ഘ്രിമൂലം**
**പ്രീതോഽപവർഗ്ഗശരണം ഹ്വയസേ കദാ നു.**

| | |
|---|---|
| കൃപണവത്സല | ദീനജനങ്ങളിൽ പുത്രസ്നേഹമെഴുന്ന ഭഗവാനേ! |
| ദുഃസഹോഗ്ര- സംസാര- ചക്രകദനാത് | അസഹ്യവും ഘോരവുമായ സംസാര ചക്രത്തിലെ ദുഃഖത്തിൽനിന്നു് |
| അഹം | ഞാൻ |
| ത്രസ്തഃ അസ്മി | ഭയം കൊണ്ടവനാകുന്നു. |
| ഗ്രസതാം | പിടിച്ചുവിഴുങ്ങുന്ന ദുഷ്ടജന്തുക്കളുടെ ഇടയിൽ |
| സ്വകർമ്മഭിഃ | സ്വന്തം കർമ്മപാശങ്ങളാൽ |
| ബദ്ധഃ | ബദ്ധനായി |
| പ്രണീതഃ | വയ്ക്കപ്പെട്ടവനാണു്. |
| ഉശത്തമ | ഹേ സർവോത്തമ! |
| പ്രീതഃ | എന്നിൽ പ്രസന്നനായിട്ടു് |

| | | | |
|---|---|---|---|
| അപവർഗ്ഗ-ശരണം | മോക്ഷസ്വരൂപവും രക്ഷാസ്ഥദവുമായ | അങ്ഘ്രിമൂലം | തൃച്ചേവടിയിലേക്ക് |
| | | കദാ നു | എപ്പോൾ |
| തേ | അവിടത്തെ | ഹ്വയസേ | വിളിച്ചുചേർക്കും ? |

ഹേ ദീനദയാലോ! ജന്മമരണസ്വരൂപമായ സംസാര ചക്രത്തെയാണ് ഞാൻ ഭയപ്പെടുന്നതു്. അതിൽ അകപ്പെട്ടതുകൊണ്ടുള്ള ദുഃഖം അസഹ്യവും അതിഘോരവുമത്രേ. കാന്തുതിന്നുന്ന ഹിംസ്രജന്തുക്കളാണ് അതിലുള്ളതു്. അവയുടെ ഇടയിൽ സ്വകർമ്മപാശങ്ങളാൽ ഞാൻ ബദ്ധനായിക്കുടുങ്ങിക്കിടക്കുന്നു. ഭഗവാൻ പ്രസാദിച്ചു മുക്തിയുടെയും രക്ഷയുടെയും സങ്കേതമായ തന്റെ തൃപ്പാദത്തിലേക്ക് എപ്പോഴാണ് ഇയ്യുള്ളവനെ വിളിച്ചുചേർക്കുക ?

ഈ ഭഗവൽപ്രസാദത്തിന്നുതകുന്ന ദാസ്യഭക്തി തനിക്കുണ്ടാക്കിത്തരണമെന്നു് പ്രാർത്ഥിച്ചുകൊണ്ടു് ഇനി സ്തുതിക്കുന്നു —

17. യസ്മാത് പ്രിയാപ്രിയവിയോഗസയോഗജന്മ-
ശോകാഗ്നിനാ സകലയോനിഷു ദഹ്യമാനഃ
ദുഃഖൗഷധം തദപി ദുഃഖമതദ്ധിയാഹം
ഭ്രമൻ ഭ്രമാമി വദ മേ തവ ദാസ്യ യോഗം.

| | | | |
|---|---|---|---|
| യസ്മാത് | യാതൊരു സംസാരചക്രപതനം മൂലം | അഹം | ഞാൻ |
| | | ഭ്രമാമി | വട്ടം തിരിയുന്നു. |
| പ്രിയാപ്രിയ-വിയോഗ-സയോഗജന്മ-ശോകാ-ഗ്നിനാ | ഇഷ്ടം വന്നണയാതെയും അനിഷ്ടം വന്നുചേർന്നും ഇരിക്കുന്നതിൽനിന്നു സംജാതമായ ദുഃഖത്തിന്റെ തീനാളത്താൽ | ദുഃഖൗഷധം | ദുഃഖശമനത്തിനുള്ള മറുമരുന്നു് |
| | | തത് അപി | ഏതോ, അതും |
| | | ദുഃഖം | ദുഃഖം തന്നെ, |
| സകല-യോനിഷു | എല്ലാതരത്തിലുള്ള് പിറവികളിലും | ഭ്രമൻ | ഹേ വിഭോ! |
| | | മേ | എനിക്ക് |
| ദഹ്യമാനഃ | ദഹിക്കപ്പെട്ടുകൊണ്ടു് | തവ | നിന്തിരുവടിയുടെ |
| അതദ്ധിയാ | ആത്മവ്യതിരിക്തമായതിൽ ആത്മത്വധാരണയോടെ | ദാസ്യയോഗം | ദാസ്യഭക്തിയാവുന്ന ദുഃഖശമനോപായം |
| | | വദ | ഉപദേശിച്ചു തന്നാലും. |

സംസാരചക്രത്തിൽ കർമ്മവശാൽ ഏതേതു യോനികളിൽ ഞാൻ പിറന്നുവോ, അതിലെല്ലാം ഇഷ്ടലബ്ധിക്കുപകരം അനിഷ്ടലബ്ധിയാണുണ്ടായതു്. തജ്ജന്യമായ ദുഃഖത്തിന്റെ എരിതീയിൽ ഞാൻ ഉരുകിക്കൊണ്ടിരിക്കുന്നു. എങ്കിലും ആത്മാവല്ലാത്ത ദേഹാദിയെ ആത്മത്വേന ഭാവിച്ചുകൊണ്ടു് ആ ജനിമൃതിചക്രത്തിൽത്തന്നെ ഉഴലുകയാണു്. ഈ സംസാര ദുഃഖശമനത്തിനുവേണ്ടി ചെയ്യുന്ന പ്രതിവിധിയും ദുഃഖസ്വരൂപമായിട്ടുതന്നെ പരിണമിക്കുന്നു. ഭഗവാനേ! നിന്തിരുവടിയെ ദാസ്യഭക്തിയിലൂടെ ഉപാസിക്കുക മാത്രമാണ് ഈ ദുഃഖശാന്തിക്കുള്ള ഏകോപായം. അതിനാൽ ആ 'ദാസ്യയോഗം' എനിക്കുപദേശിച്ചു തരിക.

ദാസ്യയോഗവും പ്രവൃത്തിമാർഗ്ഗത്തിൽ ദുഃഖകരമായിത്തീൎന്നു് സംസാരനിർമ്മുക്തിക്ക പ്രതിബന്ധമാകയില്ലേ? 'ദുഃഖൗഷധം തദപി ദുഃഖം' എന്നല്ലേ പറഞ്ഞതു്? എന്ന പൂർവ്വപക്ഷം ആശങ്കിച്ചുകൊണ്ടു് ഇനി പറയുന്നു—

18. സോഽഹം പ്രിയസ്യ സുഹൃദഃ പരദേവതായാ
ലീലാകഥാസ്തവ നൃസിംഹ വിരിഞ്ചഗീതാഃ
അഞ്ജസ്തിതർമ്മ്യനുഗൃണൻ ഗുണവിപ്രമുക്തോ
ദുർഗ്ഗാണി തേ പദയുഗാലയഹംസസംഗഃ

| | | | |
|---|---|---|---|
| നൃസിംഹ | നൃസിംഹമൂർത്തേ! | തേ | നിന്തിരുവടിയുടെ |
| സഃ അഹം | അങ്ങനെയുള്ള ഞാൻ | പദയുഗാലയഹംസസംഗഃ | തൃക്കാലിണയെ പാർപ്പിടമാക്കി വാഴുന്ന ഭക്തന്മാരായ ജ്ഞാനികളോട് സമ്പർക്കം പുലർത്തിയും |
| പ്രിയസ്യ | പ്രിയംകരനും | ഗുണവിപ്രമുക്തഃ | രാഗദ്വേഷാദി പ്രാകൃതികഗുണങ്ങളിൽനിന്നു തികച്ചും മുക്തനായും ഭവിച്ചു് |
| സുഹൃദഃ | ഹിതൈഷിയും | അഞ്ജഃ | അനായാസേന |
| പരദേവതായാഃ | പരമാരാധ്യദേവനുമായ | ദുർഗ്ഗാണി | സംസാരക്ലേശങ്ങളായ നെടുംകോട്ടകളെ |
| തവ | നിന്തിരുവടിയുടെ | തിതർമ്മി | തരണം ചെയ്യുന്നുണ്ടു് |
| വിരിഞ്ചഗീതാഃ | ബ്രഹ്മാവിനാൽ ഗാനം ചെയ്യപ്പെട്ട | | |
| ലീലാകഥാഃ | ലീലാചരിതങ്ങളെ | | |
| അനുഗൃണൻ | നിരന്തരം പ്രകീർത്തിച്ചുകൊണ്ടു് | | |

നൃസിംഹരൂപത്തിൽ പ്രത്യക്ഷീഭവിച്ച നിന്തിരുവടി ഭക്തന്മാൎക്കു് പ്രിയംകരനും ഹിതൈഷിയും പരമാരാധ്യനുമാണല്ലോ. അവിടുത്തെ അനുഗ്രഹംകൊണ്ടു ദാസ്യഭക്തിയുണ്ടായാൽ ഞാൻ ബ്രഹ്മഗീതങ്ങളായ അവിടുത്തെ ലീലാചരിതങ്ങളെ നിരന്തരം പ്രകീർത്തിക്കുന്നതാണു്. തന്മൂലം സത്സംഗമവും തദ്വാരാ നിഃസംഗതയും സംജാതമാവുന്നു. അപ്പോൾ സംസാരക്ലേശങ്ങൾ എന്റെ മാർഗ്ഗത്തിൽ പ്രതിബന്ധങ്ങളാകയില്ല.

''ക്ലേശശാന്തിക്കുള്ള പ്രതിവിധികൾ ലോകത്തിൽ സർവ്വസാധാരണമായി വേറെയുണ്ടല്ലോ. ഭഗവദ്ദാസ്യം എന്തിനു് ?'' എന്നാണെങ്കിൽ—

19. ബാലസ്യ നേഹ ശരണം പിതരൗ നൃസിംഹ
നാർത്തസ്യ ചാഗദമുദന്വതി മജ്ജതോ നൗഃ
തപ്തസ്യ തത്പ്രതിവിധിർയ ഇഹാഞ്ജസേഷ്ട-
സ്താവദ്വിഭോ തനുഭൃതാം ത്വദുപേക്ഷിതാനാം.

| | | | |
|---|---|---|---|
| വിഭോ | ഹേ മഹിമാശാലിൻ! | തത്പ്രതിവിധിഃ | ആ ക്ലേശത്തിനുള്ള പരിഹാരമായിട്ടു് |
| നൃസിംഹ | നരസിംഹമൂർത്തേ! | ഇഹ | ലോകത്തിൽ |
| തപ്തസ്യ | ക്ലേശമനുഭവിക്കുന്നവന്നു് | | |

| | | | |
|---|---|---|---|
| യഃ | യാതൊന്നാണോ | ബാലസ്യ | ശിശുവിന് |
| അഞ്ജസാ | സാക്ഷാത്തായി | പിതരൌ | മാതാപിതാക്കൾ |
| ഇഷ്ടഃ | പരിഗണിക്കപ്പെട്ടിരിക്കുന്നതു് | ശരണം | രക്ഷകരായിട്ട് |
| | | ന (ഭവതഃ) | ഇരിക്കയില്ല; |
| (സഃ) | ആയതു് | ആർത്തസ്യ | രോഗിക്കു |
| തദുപേക്ഷിതാനാം | നിന്തിരുവടിയാൽ ഉപേക്ഷിതരായ | അഗദം | മരുന്നും |
| | | ഉദന്വതി | കടലിൽപെട്ട |
| തനുഭൃതാം | ശരീരികൾക്കു് | മജ്ജതഃ | മുങ്ങുന്നവന് |
| താവത് | അത്രമാത്രമാണു്. | നൌഃ ച | കപ്പലും |
| ഇഹ | ലോകത്തിൽ | ന | രക്ഷയ്ക്കുതകില്ല |

വിഭോ! ക്ലേശശാന്തിക്കുള്ള ഉപായങ്ങളെന്ന നിലയിൽ ഈ ലോകത്തിൽ കണക്കാക്കപ്പെടുന്നവസ്തു് പരിമിതിയുണ്ടു്. ഭഗവാനാൽ ഉപേക്ഷിക്കപ്പെട്ടവക്ക് അവയൊന്നും പൂർണ്ണരൂപത്തിൽ അനുഭവപ്പെടുകയില്ല. അവിടുത്തെ കൃപാകടാക്ഷമില്ലെങ്കിൽ മാതാപിതാക്കൾക്കു് ശിശുവിനെ രക്ഷിക്കാനാകയില്ല; ഔഷധത്തിനു് രോഗം മാററാനുള്ള ശക്തിയുണ്ടാവില്ല; കടലിൽപെട്ട മുങ്ങുന്നവനെ രക്ഷാനൌകയ്ക്കു കരകേറ്റാനാകയില്ല.

എന്നാൽ ക്ലേശത്തിൽ കുടുങ്ങിയവന്റെ രക്ഷയ്ക്കായി ചിലപ്പോഴും, ചിലേടത്തു്, വല്ലകാരണത്താലും, വല്ലവരും ഉണ്ടാവുകയാണെങ്കിൽ അതൊക്കെയും സർവ്വാത്മാവായ ഭഗവാൻ തത്തദ്രൂപേണ പ്രത്യക്ഷപ്പെട്ടതാണെന്നു അടുത്ത ശ്ലോകംകൊണ്ടു പറയുന്നു—

20. യസ്മിൻ യതോ യർഹി യേന ച യസ്യ യസ്മാദ്-
യസ്മൈ യഥാ യദുത യസ്ത്വപരഃ പരോ വാ
ഭാവഃ കരോതി വികരോതി പൃഥക്സ്വഭാവഃ
സഞ്ചോദിതസ്തദഖിലം ഭവതഃ സ്വരൂപം.

| | | | |
|---|---|---|---|
| പരഃ വാ | മുമ്പുതന്നെയുള്ളവനോ, | യസ്യ | യാതൊന്നിനെ സംബന്ധിച്ചതായ |
| ഉത | അഥവാ | | |
| അപരഃ | പിമ്പുണ്ടായവനോ ആയ | യസ്മാത് | യാതൊന്നിൽനിന്നു് |
| ഭാവഃ | ഒരു വ്യക്തി | യസ്മൈ | യാതൊന്നിനുവേണ്ടി |
| പൃഥക്സ്വഭാവഃ | സത്ത്വാദി ഗുണങ്ങളുടെ വ്യത്യസ്ത പ്രകൃതികളോടു കൂടിയവനായിട്ട് | യത് | യാതൊന്നിനെ |
| | | യഃ തു | യാതൊരുവനായിഭവിച്ച് |
| | | യഥാ | യാതൊരു പ്രകാരത്തിൽ |
| യസ്മിൻ | യാതൊരാശ്രയത്തിന്മേൽ | കരോതി | ഉണ്ടാക്കുകയും |
| യതഃ | യാതൊരു നിമിത്തത്താൽ | | |
| യർഹി | യാതൊരവസരത്തിൽ | വികരോതി | രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നുവോ |
| യേന ച | യാതൊരു ഉപകരണത്താൽ, (യാതൊരു പ്രേരകകർത്താവിനാൽ) | തത് അഖിലം | അതുമുഴുവനും |
| | | ഭവതഃ | നിന്തിരുവടിയുടെ |
| സഞ്ചോദിതഃ | പ്രേരിതനായിട്ട് | സ്വരൂപം | സ്വരൂപമാകുന്നു. |

പൂർവ്വന്മാരായ ബ്രഹ്മാദിദേവന്മാരോ, അനന്തരജാതരായ മാതാപിതാക്കളോ, ആരുതന്നെയായാലും അവർ സത്ത്വാദിഗുണങ്ങളുടെ വ്യത്യസ്തസ്വഭാവമുള്ളവരാകയാൽ പ്രാകൃതികരാവണ്ടാം തന്നെ. നിന്തിരുവടിയുടെ പ്രേരണകൊണ്ടാണു്— നിന്തിരുവടിയിൽ നിന്നുണ്ടാവുന്ന ഉത്തേജനം കൊണ്ടാണു് അവർ രക്ഷാശിക്ഷകൾ നടത്തുന്നതും നടത്തിക്കുന്നതും. അവർ കർത്തൃത്വഭാവേന, ഏതൊരു അധികരണത്തിൽ ഏതുനിമിത്തം കൊണ്ടു്, ഏതെല്ലാം ഉപകരണങ്ങളാൽ, ഏതു സമയത്തിൽ, ഏതിനുവേണ്ടി, ഏതിൽ നിന്നു്, ഏതിനെ ഏതുപ്രകാരം ഉല്പാദിപ്പിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നുവോ, അതെല്ലാം സർവ്വാത്മാവായ നിന്തിരുവടിയിൽനിന്നു ഭിന്നമല്ല.

അതിനാൽ 'മറ്റൊരു രക്ഷകനില്ലാത്തതിനാലും രക്ഷകത്വേന ആഭാസിക്കുന്നവർ പ്രകൃതികാര്യമായ സംസാരത്തിൽനിന്നു നിർമ്മുക്തരല്ലാത്തതിനാലും ശരണാഗതനായ എന്നെ നിത്യമുക്തനായ നിന്തിരുവടിതന്നെ രക്ഷിക്കണ'മെന്നു് ഇനി രണ്ടു ശ്ലോകത്താൽ പ്രാർത്ഥിക്കുന്നു—

21. മായാ മനഃ സൃജതി കർമ്മമയം ബലീയഃ
കാലേന നോദിതഗുണാനുമതേന പുംസഃ
ഛന്ദോമയം യദജയാർപ്പിതഷോഡശാരം
സംസാരചക്രമജ കോഽതിതരേത് ത്വദന്യഃ

| | | | |
|---|---|---|---|
| അജ | ജന്മരഹിതനായ മഹാപ്രഭോ! | മനഃ | മനസ്സിനെ |
| | | സൃജതി | സൃഷ്ടിക്കുന്നു. |
| പുംസഃ | പുരുഷന്റെ | അജയാ | അനാദിയായ |
| അനുമതേന | ഈക്ഷണാനുഗ്രഹം കൊണ്ടു് | | അവിദ്യയാൽ |
| കാലേന | കാലത്താൽ | അർപ്പിത—ഷോഡശാരം | ഏർപ്പെടുത്തപ്പെട്ട പതിനാറു് ആരക്കാലുകളുള്ള |
| നോദിത—ഗുണാ | ക്ഷോഭിപ്പിക്കപ്പെട്ട ഗുണങ്ങളോടുകൂടിയതായിത്തീർന്ന | യത് | യാതൊരു ഈ മനോമയമായ |
| മായാ | മൂലപ്രകൃതി | സംസാരചക്രം | സംസാരചക്രത്തെ |
| കർമ്മമയം | പ്രവർത്തനസ്വരൂപവും | ത്വദന്യഃ | നിന്തിരുവടിയിൽനിന്നു വിട്ടുനില്ക്കുന്ന |
| ബലീയഃ | അതിബലവത്തും | | |
| ഛന്ദോമയം | വേദവിഹിതങ്ങളായ വിധിനിഷേധങ്ങളിൽ വ്യാപൃതമായതുമായ | കഃ | ഏതൊരാൾ |
| | | അതിതരേത് | അതിക്രമിക്കും? |

അജന്മാവേ! മായാസ്വരൂപമായ മൂലപ്രകൃതിക്കു നിന്തിരുവടിയുടെ അംശഭൂതമായ പുരുഷന്റെ—ആത്മതത്ത്വത്തിന്റെ ഈക്ഷണാനുഗ്രഹമുണ്ടാവുകയും കാലകൃതമായ ഗുണവിക്ഷോഭം നേരിടുകയും ചെയ്യുമ്പോൾ അതു കർമ്മൈകനിരതമായ മനസ്സിനെ സൃഷ്ടിക്കുന്നു. ഈ മനസ്തത്ത്വം സംസാരബീജമായ ലിംഗശരീരമത്രേ. ഇതു ബലവത്തരവും

വേദോക്തങ്ങളായ വിധിനിഷേധവാക്യങ്ങളിൽ ആസക്തി ചേർന്നിട്ടുള്ളതുമാണ്. ജീവോപാധിയായ അവിദ്യ ജീവഭോഗാർത്ഥം ഏർപ്പെടുത്തിയ പതിനൊന്ന് ഇന്ദ്രിയങ്ങളും (മനസ്സുറുൾപ്പെടെ) അഞ്ചു ഭൂതതന്മാത്രകളുംകൂടി 16 വികാരങ്ങളാവുന്ന ആരക്കാലുകളിലുറച്ചു നിന്നു കറങ്ങുന്ന സംസാര ചക്രം ഇതിന്റെ സ്വരൂപമാകുന്നു. പ്രഭോ! നിത്യമുക്തനായ നിന്തിരുവടിയെ ആശ്രയിക്കാത്തവൻ മനോമയമായ ഈ സംസാരചക്രത്തിന്റെ വിഭ്രാന്തിയിൽനിന്നു മുക്തനാവുന്നതെങ്ങനെ ?

''എന്നാൽ കർത്തൃത്വാദിഭാവങ്ങളാലുണ്ടാവുന്ന മായാപാരതന്ത്ര്യം എനിക്കും ഉള്ള സ്ഥിതിക്ക് നിന്നെ മുക്തനാക്കാൻ കഴിയുമോ ? നിന്നെക്കാൾ എനിക്കെന്തു വിശേഷം?'' എന്ന ആക്ഷേപത്തെ പരിഹരിച്ചുകൊണ്ടു സ്തുതി തുടരുന്നു—

22. സ ത്വം ഹി നിത്യവിജിതാത്മഗുണഃ സ്വധാമ്നാ
കാലോ വശീകൃതവിസൃജ്യവിസർഗ്ഗശക്തിഃ
ചക്രേ വിസൃഷ്ടമജയേശ്വര ഷോഡശാരേ
നിഷ്പീഡ്യമാനമുപകർഷ വിഭോ പ്രപന്നം.

| | | | |
|---|---|---|---|
| ഈശ്വര | അഖിലനിയന്താവേ! | സഃ | താദൃശനായ |
| വിഭോ | പ്രഭോ! അവിടുന്ന് | ത്വം | നിന്തിരുവടി |
| സ്വധാമ്നാ | സ്വചൈതന്യമാവുന്ന ചിച്ഛക്തിയാൽ | ഷോഡശാരേ | പതിനാറ് ആരങ്ങളുള്ള |
| | | ചക്രേ | സംസാരചക്രത്തിൽ |
| നിത്യ-വിജിതാത്മ-ഗുണഃ | ആത്യന്തികമായി ജയിക്കപ്പെട്ട ബുദ്ധിയുടെ സമസ്ത ധർമ്മങ്ങളോടു കൂടിയവനും | അജയാ | അവിദ്യയാൽ |
| | | വിസൃഷ്ടം | തള്ളപ്പെട്ട് |
| വശീകൃത-വിസൃജ്യ-വിസർഗ്ഗ-ശക്തിഃ | സ്വായത്തമാക്കപ്പെട്ട സാധ്യസാധനങ്ങളുടെ ശക്തിയോടു കൂടിയ | നിഷ്പീഡ്യ-മാനം | ഞെരിക്കപ്പെടുന്ന |
| | | പ്രപന്നം | ശരണാഗതനെ |
| | | ഉപകർഷ | തന്നിലേക്ക് അടുപ്പിക്കണേ! |
| കാലഃ ഹി | കാലസ്വരൂപനുമാണല്ലോ. | | |

പ്രഭോ! അവിടുന്ന് അഖിലനിയന്താവാണ്. തന്റെ ചൈതന്യശക്തിയാൽ ബുദ്ധിയുടെ സമസ്തധർമ്മങ്ങളെയും പരാജയപ്പെടുത്തിയിരിക്കുന്നു. ആകയാൽ കർത്തൃത്വാദിഭാവങ്ങളും അവിടുത്തേക്കില്ല. കാലസ്വരൂപനായിട്ടു സാധ്യസാധനങ്ങളെയെല്ലാം സ്വാധീനത്തിൽ വെച്ചിരിക്കുകൊണ്ടു നിത്യനിർമ്മുക്തനുമാണ്. ഞാനാകട്ടെ അവിദ്യാഗ്രസ്തൻ. പതിനാറ് ആരക്കാലുകളിൽ ഉറപ്പിച്ച സംസാര ചക്രത്തിൽ പിടിച്ചു തള്ളിയിട്ട് ഈ അവിദ്യാശക്തി ചക്കിൽപെട്ട കരിമ്പിനെപ്പോലെ എന്നെ ചതച്ചുപിഴിയുന്നു. നിന്തിരുവടിയെ ശരണം പ്രാപിച്ചിരിക്കുന്ന എന്നെ ഈ സംസാരച്ചക്കിൽ നിന്നെടുത്തു തന്നിലേക്ക് ചേർക്കണേ !

''ലോകപാലന്മാരുടെ പദവിയോ പിതാവിന്റെ രാജ്യമോ അനുഭവിച്ച് സുഖമായിരിക്കുക; സംസാരചക്രത്തിൽനിന്നു പുറത്തുചാടാൻ ധൃതികൂട്ടുന്നതെന്തിന്?''— എന്നാണെങ്കിൽ അതിനുള്ള സമാധാനം ഇനി മൂന്നു ശ്ലോകം കൊണ്ടു പറയുന്നു —

23. ദൃഷ്ടാ മയാ ദിവി വിഭോഽഖിലധിഷ്ണ്യപാനാ
മായുഃ ശ്രിയോ വിഭവ ഇച്ഛതി യാഞ്ജനോഽയം
യേഽസ്മത്പിതുഃ കുപിതഹാസവിജൃംഭിതഭ്രൂ-
വിസ്ഫൂർജ്ജിതേന ലുളിതാഃ സ തു തേ നിരസ്തഃ

| | | | |
|---|---|---|---|
| വിഭോ | ഹേ വിഭോ! | യേ | യാതൊരു ഈ |
| ദിവി | സ്വർഗ്ഗത്തിലുള്ള | | ദിവ്യൈശ്വര്യാദികൾ |
| അഖില-ധിഷ്ണ്യപാനാം | എല്ലാ ലോകപാലരുടെയും | അസ്മത്പിതുഃ | എന്റെ പിതാവിന്റെ |
| ആയുഃ | ആയുസ്സും | കുപിത-ഹാസ-വിജൃംഭിത- | സക്രോധമായ അട്ടഹാസത്താൽ വികൃതമായ |
| ശ്രിയഃ | ഐശ്വര്യങ്ങളും | | |
| വിഭവഃ | ഉത്പത്തിവിശേഷവും | ഭ്രൂവിസ്ഫൂ-ർജ്ജിതേന | പുരികക്കൊടികളുടെ സഞ്ചാലനത്താൽ |
| മയാ | എന്നാൽ | | |
| ദൃഷ്ടാഃ | കാണപ്പെട്ടതല്ലേ? | ലുളിതാഃ | തകർക്കപ്പെട്ടവയാണ്. |
| യാൻ | യാതൊന്നുകളെയാണ് | സഃ തു | അദ്ദേഹമാകട്ടെ |
| അയം ജനഃ | ഈ പ്രാപഞ്ചികജനം | തേ | നിന്തിരുവടിയാൽ |
| ഇച്ഛതി | ആഗ്രഹിക്കുന്നത്. | നിരസ്തഃ | തുടച്ചുനീക്കപ്പെട്ടു. |

സ്വാമിൻ! സ്വർഗ്ഗത്തിൽ വസിക്കുന്ന ലോകപാലന്മാരുടെ ആയുർബലവും ആഢ്യത്വവും ആജന്മശുദ്ധിയും എനിക്കജ്ഞാതമല്ല. പ്രാപഞ്ചികന്മാർ അജ്ഞതമൂലം അവയ്ക്കുവേണ്ടി ആശിക്കുകയാണ്. എന്റെ പിതാവായ ഹിരണ്യകശിപുവിനെ നിന്തിരുവടി അനായാസേന കൊന്നുവല്ലോ. എന്നാൽ അദ്ദേഹത്തിന്റെ കോപഹാസ്യത്താൽ വികൃതമായ പുരികങ്ങളുടെ ചലനം കൊണ്ട് ഇവരുടെ ആയുരൈശ്വര്യാദികൾ തകർന്നു പോകുകയായിരുന്നു.

24. തസ്മാദമൂസ്തനുഭൃതാമഹമാശിഷോ ജ്ഞ
ആയുഃ ശ്രിയം വിഭവമൈന്ദ്രിയമാവിരിഞ്ചാത്
നേച്ഛാമി തേ വിലുളിതാനുരുവിക്രമേണ
കാലാത്മനോപനയ മാം നിജഭൃത്യപാർശ്വം.

| | | | |
|---|---|---|---|
| തസ്മാത് | ആകയാൽ | ന ഇച്ഛാമി | ആഗ്രഹിക്കുന്നില്ല. |
| ആവിരിഞ്ചാത് | ബ്രഹ്മാവുവരെയുള്ള | കാലാത്മനഃ | കാലസ്വരൂപനായ |
| തനുഭൃതാം | ശരീരികളുടെ | തേ | നിന്തിരുവടിയുടെ |
| അമൂഃ | ഈദൃശങ്ങളായ | ഉരു-വിക്രമേണ | ബഹുമുഖമായ മുന്നേററത്താൽ |
| ആശിഷഃ | ഭോഗസുഖങ്ങളെയോ, | | |
| ആയുഃ | ആയുഷ്കാലത്തെയോ, | വിലുളിതാൻ | തകർക്കപ്പെട്ടുപോകുന്നവയെ ഒന്നിനെയും |
| ശ്രിയം | സമ്പത്തിനെയോ, | | |
| ഐന്ദ്രിയം | ഇന്ദ്രിയഭോഗ്യമായ | (ന ഇച്ഛാമി) | ആഗ്രഹിക്കുന്നില്ല. |
| വിഭവം | വിഭവത്തെയോ | മാം | എന്നെ |
| ജ്ഞഃ അഹം | അവയുടെ അന്തഃസാരമില്ലായ്മയെ അറിഞ്ഞുവച്ചിരിക്കുന്ന ഞാൻ | നിജഭൃത്യ-പാർശ്വം | അവിടുത്തെ ദാസന്മാരുടെ സമീപത്തേക്ക് |
| | | ഉപനയ | എത്തിച്ചുതന്നാലും. |

വാസ്തവം ഇതാണെന്നിരിക്കെ, ബ്രഹ്മാവുവരെക്കുമുള്ള ശരീരികളുടെ സുഖഭോഗമോ, ആയുസ്സോ, സമ്പത്തോ, ഇന്ദ്രിയഭോഗ്യമായ വിഭവമോ ഞാൻ ആഗ്രഹിക്കുന്നില്ല. അവയുടെ പൊള്ളത്തരം എനിക്കറിയാം. നിന്തിരുവടി കാലസ്വരൂപേണ വിക്രമിക്കുമ്പോൾ തകർന്നുപോകുന്ന അണിമാദിസിദ്ധികളും എനിക്കു വേണ്ട. അവിടുത്തെ ദാസന്മാരുടെ അടുക്കലേക്ക് എന്നെ എത്തിച്ചാൽമതി.

25. കുത്രാശിഷഃ ശ്രുതിസുഖാ മൃഗതൃഷ്ണിരൂപാഃ
ക്വേദം കലേവരമശേഷരുജാം വിരോഹഃ
നിർവിദ്യതേ ന തു ജനോ യദപീതി വിദ്വാൻ
കാമാനലം മധുലവൈഃ ശമയൻ ദുരാപൈഃ

| | | | |
|---|---|---|---|
| ശ്രുതിസുഖാഃ | കേൾക്കുവാൻ സുഖപ്രദങ്ങളാണെങ്കിലും | ക്വ | എവിടെ ? |
| | | ജനഃ തു | ജനമാകട്ടെ |
| മൃഗതൃഷ്ണി–രൂപാഃ | മരീചികാജലം പോലെ മിഥ്യകളായ | ഇതി | ഈവിധം |
| | | യദപി വിദ്വാൻ | അറിവുള്ളതാണെങ്കിലും കൂടി |
| ആശിഷഃ | വിഷയഭോഗങ്ങൾ | | |
| കുത്ര | എവിടെ? | കാമാനലം | കാമാഗ്നിയെ |
| അശേഷരുജാം | സകലരോഗങ്ങൾക്കും | ദുരാപൈഃ | ദുഃഖസാധ്യങ്ങളായ |
| വിരോഹഃ | ഉറവിടമായ | മധുലവൈഃ | മധുബിന്ദുക്കളാൽ |
| ഇദം | ഈ | ശമയൻ | ശമിപ്പിച്ചുകൊണ്ടിരുന്നു് |
| കലേവരം | ശരീരവും | ന നിർവ്വിദ്യതേ | വിരക്തിപ്രാപിക്കുന്നില്ല |

വിഷയഭോഗങ്ങളുടെ ചർച്ചകൾ കേൾക്കാൻ സുഖമുള്ളവയാണ്. വാസ്തവത്തിൽ അവ മരീചികാജലം പോലെ മിഥ്യാസങ്കല്പങ്ങളാകുന്നു. അതിരിക്കട്ടെ. ആ ഭോഗങ്ങളെ അനുഭവിക്കാനുള്ള ഈ ശരീരമോ, നാനാതരം രോഗങ്ങൾക്കുറവിടമായതും. ഈ തത്ത്വം ഗ്രഹിച്ചിട്ടുള്ളവർക്കുകൂടി ഭോഗവിരക്തി വരുന്നില്ല. നിന്തിരുവടിയുടെ മായാവലയത്തിൽപ്പെട്ടിരിക്കയാൽ അവർ അവരുടെ ഭോഗേച്ഛയാവുന്ന അഗ്നിയെ പ്രയാസപ്പെട്ടുണ്ടാക്കിയ സുഖത്തിന്റെ തേൻതുള്ളികൾ ഇററിച്ചു കെടുത്താൻ സാഹസപ്പെടുന്നു.

അനർഹനാണെങ്കിലുംകൂടി ഭഗവത്കാരുണ്യത്തിന്നു പാത്രമാകകൊണ്ടു താൻ വിരക്തനായതാണെന്ന ആശയം ഉള്ളിരുത്തികൊണ്ട് ഇനി സ്തുതിക്കുന്നു —

26. ക്വാഹം രജഃപ്രഭവ ഈശ തമോധികേഽസ്മിൻ
ജാതഃ സുരേതരകുലേ ക്വ തവാനുകമ്പാ
ന ബ്രഹ്മണോ ന തു ഭവസ്യ ന വൈ രമായാ
യന്മേഽർപ്പിതഃ ശിരസി പദ്മകരഃ പ്രസാദഃ

| | | | |
|---|---|---|---|
| ഈശ | സ്വാമിൻ! | യത് | യാതൊരു കാരുണ്യംകൊണ്ട് |
| രജഃപ്രഭവേ | രാജസഗുണത്തിൽനിന്നുത്ഭവിച്ചതും | പ്രസാദഃ | പ്രസാദസ്വരൂപമായ |
| തമോധികേ | തമോഗുണം പെരുകിയതുമായ | പദ്മകരഃ | കരകമലം |
| | | മേ | എന്റെ |
| അസ്മിൻ | ഈ | ശിരസി | ശിരസ്സിലാണ് |
| സുരേതരകുലേ | അസുരന്മാരുടെ വംശത്തിൽ | അർപ്പിതഃ | അർപ്പിക്കപ്പെട്ടതു് |
| | | ബ്രഹ്മണഃ | ബ്രഹ്മാവിന്നു് |
| ജാതഃ | ജനിച്ച | ന | അതുണ്ടായില്ല; |
| അഹം ക്വ | ഞാനെവിടെ? | ഭവസ്യ തു | ശ്രീരുദ്രന്നും |
| തവ | നിന്തിരുവടിയുടെ | ന | ഉണ്ടായില്ല; |
| അനുകമ്പാ | കാരുണ്യവും | രമായാഃ വൈ | ലക്ഷ്മീദേവിക്കുപോലും |
| ക്വ | എവിടെ ? | ന | ഉണ്ടായില്ല |

സ്വാമിൻ ! രജോഗുണത്തിൽനിന്നുണ്ടായതും തമോഗുണത്തിന്റെ അതിപ്രസരമുള്ളതുമായ അസുരവംശത്തിൽ ജനിച്ച ഞാൻ എത്രയോ അധമനാണ്. എന്നിട്ടും നിന്തിരുവടി എന്നോടു കാണിച്ച കാരുണ്യം മഹനീയമായിരുന്നു. എന്തെന്നാൽ താപത്രയത്തെ അകററി പരമപുരുഷാർത്ഥത്തെ പ്രദാനം ചെയ്യുന്ന കരകമലത്തെ നിന്തിരുവടി എന്റെ ശിരസ്സിൽമാത്രം വെച്ചനുഗ്രഹിച്ചു. ബ്രഹ്മാവിന്റെയോ, ശിവന്റെയോ, ശ്രീഭഗവതിയുടെയോ ശിരസ്സിൽ വെക്കുകയുണ്ടായില്ല.

ഭഗവാനെ സംബന്ധിച്ചിടത്തോളം ഇതു് അത്ഭുതകരമല്ലെന്നു ഇനി പറയുന്നു—

27. **നൈഷാ പരാവരമതിർഭവതോ നനു സ്യാ-**
**ജ്ജന്തോര്യഥാത്മസുഹൃദോ ജഗതസ്തഥാപി**
**സംസേവയാ സുരതരോരിവ തേ പ്രസാദഃ**
**സേവാനുരൂപമുദയോ ന പരാവരത്വം.**

| | | | |
|---|---|---|---|
| ജഗതഃ | ലോകത്തിന്റെ | തേ | നിന്തിരുവടിയുടെ |
| ആത്മസുഹൃദഃ | ആത്മാവും അകാരണമിത്രവുമായ | പ്രസാദഃ | കൃപാപ്രസാദം |
| | | സുരതരോഃ | കല്പവൃക്ഷത്തിന്റെ |
| ഭവതഃ | നിന്തിരുവടിക്കു് | ഇവ | എന്നപോലെ |
| ജന്തോഃ | പ്രാകൃതജനത്തിന്നു് | സംസേവയാ | ശുദ്ധമായ സേവനം കൊണ്ടുമാത്രം |
| യഥാ | ഉണ്ടാവുന്നപോലെ | | |
| ഏഷാ | ഈ | (ഭവതി) | സംഭവിക്കുന്നു. |
| പരാവരമതിഃ | ഉച്ചനീചഭേദവിചാരം | സേവാനുരൂപം | സേവനത്തിന്റെ താരതമ്യം അനുസരിച്ച് |
| നനു | തീർച്ചയായും | ഉദയഃ | ഫലോദയമുണ്ടാവുന്നു |
| ന സ്യാത് | ഉണ്ടായിരിക്കയില്ല | പരാവരത്വം | ഉച്ചനീചത്വം |
| തഥാപി | എന്നിരിക്കിലും | ന (കാരണം) | കാരണമാകുന്നില്ല |

സ്വാമിൻ, 'ഉയൎന്നവൻ, താണവൻ' എന്നിങ്ങനെയുള്ള ഭേദഭാവന അവിടുത്തേക്കില്ല, എന്തെന്നാൽ അവിടുന്ന് സകലശരീരികളിലും ആത്മാവായും സന്മാൎഗ്ഗോപദേഷ്ടാവായ സുഹൃത്തായും വൎത്തിക്കുന്നവനാണല്ലോ. ഉച്ചനീചത്വഭേദം പ്രാകൃതജനങ്ങൾക്കുമാത്രമേ ഉണ്ടാവൂ. എന്നിരിക്കിലും ഭഗവൽകൃപാപ്രസാദം എല്ലാവൎക്കും ഒന്നുപോലെ ലഭിക്കുന്നില്ല. അതിനുകാരണം ഓരോരുത്തരുടെ സേവനത്തിലും സമീപനത്തിലുമുള്ള അന്തരമാണ്. കല്പവൃക്ഷം പ്രാൎത്ഥിതഫലത്തെ മാത്രമേ നൽകുകയുള്ളു. അതുപോലെ നിന്തിരുവടിയും സേവാനുരൂപമായ ഫലത്തെ പ്രദാനം ചെയ്യുന്നു. ഫലദാനവിഷയത്തിൽ കാണുന്ന ഈ അസമത്വമുള്ള കാരണം സേവാധൎമ്മത്തിന്റെ ആന്തരമായ ഉച്ചനീചത്വമല്ലാതെ ജാതിയുടെയോ വംശത്തിന്റെയോ ബാഹ്യമായ ഉച്ചനീചത്വമല്ല.

''ഇതെനിക്ക് അവിടുത്തെ ഭൃത്യസേവകൊണ്ട് സിദ്ധിച്ചതാകയാൽ ആ ഭൃത്യഭൃത്യത്വം എന്നും നിലനിൎത്തിത്തരണ''മെന്നു വീണ്ടും പ്രാൎത്ഥിക്കുന്നു.

28. ഏവം ജനം നിപതിതം പ്രഭവാഹികൂപേ
കാമാഭികാമമനു യഃ പ്രപതൻ പ്രസംഗാത്
കൃത്വാത്മസാത് സുരൎഷിണാ ഭഗവൻ ഗൃഹീതഃ
സോऽഹം കഥം നു വിസൃജേ തവ ഭൃത്യസേവാം

| | |
|---|---|
| ഏവം | ഇപ്രകാരം |
| പ്രഭവാഹികൂപേ | ജന്മദുഃഖമാവുന്ന സൎപ്പത്തിന്റെ വാസസ്ഥാനമായ സംസാരകൂപത്തിൽ |
| നിപതിതം | നിപതിച്ചവരും |
| കാമാഭികാമം | ഭോഗങ്ങളെ മേല്ക്കുമേൽ ആശിക്കുന്നവരുമായ |
| ജനം | പ്രാകൃതജനത്തെ |
| അനു | പിൻതുടൎന്ന് |
| പ്രസംഗാത് | തൽസംസൎഗ്ഗത്താൽ |
| പ്രപതൻ | അതിൽത്തന്നെ ചാടി വീഴുന്ന |

| | |
|---|---|
| യഃ | യാതൊരുത്തനാണോ |
| സുരൎഷിണാ | ദേവൎഷിയാൽ |
| ആത്മസാത് കൃത്വാ | സ്വന്തമാക്കി സ്വീകരിച്ച് |
| ഗൃഹീതഃ | അനുഗ്രഹിക്കപ്പെട്ടിരുന്നവൻ, |
| സഃ അഹം | അങ്ങനെയുള്ള ഞാൻ |
| ഭഗവൻ | ഭഗവാനേ! |
| തവ | നിന്തിരുവടിയുടെ |
| ഭൃത്യസേവാം | ഭൃത്യസേവയെ |
| കഥം നു | എങ്ങനെ |
| വിസൃജേ | ഉപേക്ഷിക്കും? |

ഭഗവാനേ! ഈ സംസാരം ഒരു പാഴ്ക്കിണറാണ്. അതിനുള്ളിൽ ജനനമരണസ്വരൂപങ്ങളായ സൎപ്പങ്ങൾ കിടക്കുന്നു. ഭോഗേച്ഛുക്കളായ പ്രാകൃത ജനങ്ങൾ അതിൽ ചാടി വീണു വലയുന്നു. ഇയ്യുള്ളവനും അത്തരക്കാരോടുള്ള സംസൎഗ്ഗം ഹേതുവായി അതിൽപ്പെട്ട് കിടക്കുകയായിരുന്നു. അവിടുത്തെ ഭൃത്യനായ—ഭക്തനായ ദേവൎഷി ശ്രീനാരദൻ അതിൽനിന്നു പിടിച്ചുകയററി എന്നെ അനുഗ്രഹിച്ചു. എന്നിരിക്കെ, ആ ഭൃത്യസേവയെ ഞാൻ എങ്ങനെ ഉപേക്ഷിക്കുവാനാണ്? അതുകൊണ്ടു ഭൃത്യസേവാവസരം തുടൎന്നും എനിക്കുണ്ടാക്കിത്തരുവാൻ കനിയേണമേ!

ഭഗവാന്റെ ഈ അവതാരലീലയാൽ താൻ മാത്രമല്ല, വേറെചിലരും അനുഗൃഹീതരായിരിക്കുന്നുവെന്നു ഇനി ഉണർത്തിക്കുന്നു—

29. മത്പ്രാണരക്ഷണമനന്ത പിതുർ വധശ്ച
മന്യേ സ്വഭൃത്യഋഷിവാക്യമൃതം വിധാതും
ഖഡ്ഗം പ്രഗൃഹ്യ യദവോചദസദ്വിധിത്സു
സ്ത്വാമീശ്വരോ മദപരോഽവതു കം ഹരാമി

| | | | |
|---|---|---|---|
| അനന്ത | ഹേ ശാശ്വതമൂർത്തേ! | വിധിത്സുഃ | ചെയ്യുവാൻ ഒരുങ്ങി കൊണ്ടു് |
| മത്പ്രാണ- രക്ഷണം | എന്റെ ജീവന്റെ സംരക്ഷണവും | ഖഡ്ഗം | വാളു |
| പിതുഃ | പിതാവിന്റെ | പ്രഗൃഹ്യ | കൈയ്യിലെടുത്തു് |
| വധഃ ച | വധവും | അവോചത് | (അച്ഛൻ) പറഞ്ഞു— |
| സ്വഭൃത്യ- ഋഷിവാക്യം | അവിടുത്തെ ഭൃത്യന്മാരായ ഋഷിമാരുടെ വചനത്തെ | മത് | ''എന്നിൽനിന്നും |
| ഋതം | സത്യമാക്കി | അപരഃ | അന്യനായ |
| വിധാതും | തീർക്കുവാനായിരുന്നുവെന്നു് | ഈശ്വരഃ | ഈശ്വരൻ (ഉണ്ടെങ്കിൽ) |
| | | ത്വാം | നിന്നെ |
| മന്യേ | ഞാൻ വിചാരിക്കുന്നു. | അവതു | രക്ഷിച്ചുകൊള്ളട്ടെ; |
| യത് | എന്തെന്നാൽ | (തവ) കം | നിന്റെ തല |
| അസത് | അന്യായമായതിനെ | ഹരാമി | ഞാൻ വെട്ടിയെടുക്കുന്നു.'' |

അനന്തസ്വരൂപ! പുത്രവധമെന്ന അന്യായകൃത്യം നടത്താൻ വാളെടുത്തു് കച്ച കെട്ടിപ്പുറപ്പെട്ട അച്ഛൻ എന്നോടു പറഞ്ഞു—''ഞാനല്ലാതെ മറ്റൊരീശ്വരനുണ്ടെങ്കിൽ അവൻ വന്നു നിന്നെ രക്ഷിക്കട്ടെ, ഞാനിതാ നിന്റെ തലയറുത്തെടുക്കുന്നു.'' പെട്ടെന്നു നിന്തിരുവടി ഈ ഭീഷണാകാരം പൂണ്ടു പ്രത്യക്ഷപ്പെട്ടു് എന്റെ ജീവനെ രക്ഷിച്ചു് അച്ഛനെ കൊന്നു. ഈ കൃത്യത്തിലൂടെ നിന്തിരുവടി സ്വഭൃത്യന്മാരായ സനകാദി മുനീശ്വരന്മാരുടെയും ദേവർഷിയായ ശ്രീനാരദന്റെയും ബ്രഹ്മദേവന്റെയും മററും വാക്കുകളെ സത്യമാക്കിത്തീർക്കുകയായിരുന്നു. അപ്പോൾ എനിക്കുമാത്രമല്ല അവർക്കും അനുഗ്രഹം സിദ്ധിച്ചുവല്ലോ.

പക്ഷപാതത്തോടെ എന്നപോലെ ഭഗവാൻ സ്വഭൃത്യന്മാരെ അനുഗ്രഹിക്കുകയും അസുരന്മാരെ നിഗ്രഹിക്കുകയും ചെയ്യുന്നതു മായോപാധിയെ സ്വീകരിച്ചിട്ടുള്ള ലീലയാകയാൽ സച്ചിദാത്മാവായ അവിടുത്തെ സച്ചിത്സ്വരൂപത്തിന്നു് അതു ബാധകമല്ലെന്നു് ഇനി പറയുന്നു—

30. ഏകസ്ത്വമേവ ജഗദേതദമുഷ്യ യത്ത്വ-
മാദ്യന്തയോഃ പൃഥഗവസ്യസി മധ്യതശ്ച

**സൃഷ്ട്വാ ഗുണവ്യതികരം നിജമായയേദം**
**നാനേവ തൈരവസിതസ്തദനുപ്രവിഷ്ടഃ**

| | | | |
|---|---|---|---|
| ഏതത് | ഈ | നിജമായയാ | തന്റെ മായകൊണ്ട് |
| ജഗത് | ലോകം | ഗുണവ്യതികരം | ഗുണപരിണാമാത്മക മായ |
| ഏകഃ | ഏകനായ | | |
| ത്വം ഏവ | നിന്തിരുവടി തന്നെ. | ഇദം | ഈ ലോകത്തെ |
| യത് | എന്തെന്നാൽ | സൃഷ്ട്വാ | സൃഷ്ടിച്ചശേഷം |
| അമുഷ്യ | ഇതിന്റെ | തദനു— പ്രവിഷ്ടഃ | അതിൽ അനുപ്രവേശിച്ചവനായ നിന്തിരുവടി |
| ആദ്യന്തയോഃ | ആദിയിലും അന്തത്തിലും | തൈഃ | ആ ഗുണങ്ങൾ ഹേതുവായി |
| പൃഥക് | വിരാമമിട്ട് | | |
| അവസ്യസി | അങ്ങുന്ന് ശേഷിച്ചുനില്ക്കുന്നു; | നാനാ ഇവ | അനേകനെന്ന വിധം |
| മധ്യതഃ ച | മധ്യത്തിലും അങ്ങുന്നു തന്നെ. | അവസിതഃ | പ്രതീതിവിഷയമായിത്തീരുന്നു. |

ഇക്കാണുന്ന ചരാചരലോകമാകെയും ഏകനായ നിന്തിരുവടിതന്നെ. എന്തെന്നാൽ ഇതിന്റെ ആദിയിൽ കാരണമായും അവസാനത്തിൽ അവധിയായും സത്താമാത്രകമായി വർത്തിക്കുന്ന നിന്തിരുവടി തന്നെയാണ് മധ്യത്തിലും പ്രതീതി രൂപത്തിൽ നിലകൊള്ളുന്നത്. അവിടുന്നു സ്വമായാഗുണങ്ങളുടെ പരിണതരൂപമായ ഈ ലോകത്തെ സൃഷ്ടിച്ച് അതിൽ ഓരോന്നിലും അനുപ്രവേശിക്കുകയാൽ സഗുണനായി ഭവിച്ച് രക്ഷിതാവായും സംഹർത്താവായും മറ്റും അനേകരൂപത്തിൽ പ്രതീതിവിഷയമായിത്തീർന്നിരിക്കുന്നു.

''ലോകം ഭഗവൽസ്വരൂപമാണെങ്കിൽ ലോകത്തിൽ കണ്ടുവരുന്ന പക്ഷപാതാദി വൈഷമ്യങ്ങൾ ഭഗവാനിലും കാണുമല്ലോ'' എന്നുള്ള ആശങ്കയെ നിരാകരിച്ചുകൊണ്ട് ഇനി പറയുന്നു—

31 **ത്വം വാ ഇദം സദസദീശ ഭവാംസ്തതോഽന്യോ**
**മായാ യദാത്മപരബുദ്ധിരിയം ഹ്യപാർത്ഥാ**
**യദ്യസ്യ ജന്മ നിധനം സ്ഥിതിരീക്ഷണം ച**
**തദ് വൈ തദേവ വസുകാലവദഷ്ടിതർവോഃ**

| | | | |
|---|---|---|---|
| ഈശ | സ്വാമിൻ! | തതഃ | അതിൽനിന്ന് |
| സദസത് | കാര്യകാരണസംഘാത മായ | അന്യഃ | വിട്ടുനില്ക്കുന്നവനും |
| ഇദം | ഈ ലോകം | ഭവാൻ | നിന്തിരുവടിയാണ്. |
| ത്വം വൈ | നിന്തിരുവടിതന്നെ. | യത് | ആകയാൽ |

| | | | |
|---|---|---|---|
| ഇയം ആത്മ-പരബുദ്ധിഃ | താനെന്നും അന്യനെന്നുമുള്ള ഈ ഭേദബുദ്ധി | സ്ഥിതിഃ | (ഏതൊന്നിൽ) നിലനില്പും |
| അപാർത്ഥാ | അർത്ഥശൂന്യമായ | നിധനം ച | ലയവും ഉണ്ടാവുന്നുവോ, |
| മായാ ഹി | മായാകല്പിതമത്രേ. | തത് വൈ | അതാകട്ടെ |
| യത് | ഏതൊന്നിൽനിന്നു് | തത് ഏവ | അതുതന്നെയാണു്. |
| യസ്യ | ഏതൊന്നിന്റെ | അഷ്ഠീതവോഃ | വിത്തിന്നും വൃക്ഷത്തിന്നും |
| ജന്മ | ഉല്പത്തിയും | വസ്തുകാലവത് | വസ്തുവും കാലവും എന്ന പോലെയാണിതു് |
| ഈക്ഷണം | പ്രകാശവും | | |

സ്വാമിൻ! കാര്യകാരണങ്ങൾ ഒത്തുചേർന്നു പ്രതീതിക്കു വിഷയമായിത്തീർന്നിരിക്കുന്ന ഈ ലോകം നിന്തിരുവടിയല്ലാതെ മറ്റൊന്നല്ല. എന്നാൽ നിർല്ലേപനായി ലോകത്തിൽനിന്നു വിട്ടുനില്ക്കുന്നവനും നിന്തിരുവടി തന്നെ. ഇങ്ങനെ ഈ ചരാചരജഗത്തു് ഏകാധിഷ്ഠിതമായിരിക്കെ, ഞാനെന്നും എന്റേതെന്നും നീയെന്നും നിന്റേതെന്നും മററുമായ ലൗകികവ്യവഹാരം വെറും മായാവിഭ്രാന്തിയും അർത്ഥശൂന്യവുമാകുന്നു. എന്തെന്നാൽ യാതൊന്നു് യാതൊന്നിൽ നിന്നുണ്ടാകുകയും വെളിപ്പെടുകയും, യാതൊന്നിൽ നിലകൊള്ളുകയും ലയിക്കുകയും ചെയ്യുന്നുവോ അതു അതിന്റെ തന്നെ സ്വരൂപമാണല്ലോ. കാരണമായ വിത്തും കാര്യഭൂതമായ മരവും ബാഹ്യദൃഷ്ടിയിൽ രണ്ടാണെങ്കിലും ആന്തരമായി ഒന്നുതന്നെ.

'വസ്തു' വസ്തുമാത്രമായ ഭൂതസൂക്ഷ്മവും 'കാലം' കാളിമാദ്യസാധാരണ ഗുണയുക്തമായ പൃഥിവിയുമാകുന്നു. വൃക്ഷത്തിനു പൃഥിവീമയമായ വിത്തും, വിത്തിനു ഭൂതസൂക്ഷ്മങ്ങളായ തന്മാത്രകളും അവയ്ക്കു എല്ലാററിന്റെയും മൂലകാരണമായ പരമാത്മാവും ഉപാദാനങ്ങളാകയാൽ കാര്യകാരണ സംഘാതമായ ലോകം പരമാത്മസ്വരൂപം മാത്രമാണു്.

കല്പാന്തത്തിൽ ജഗത്തിനു് വിലയം സംഭവിക്കുമ്പോൾ ഭഗവാൻ വേറെ നില്ക്കുന്ന അവസ്ഥയെ ഇനി കാണിക്കുന്നു—

32. **ന്യസ്യേദമാത്മനി ജഗദ്വിലയാംബുമധ്യേ**
**ശേഷേഽത്മനാ നിജസുഖാനുഭവോ നിരീഹഃ**
**യോഗേന മീലിതദൃഗാത്മനിപീതനിദ്ര-**
**സ്തുര്യേ സ്ഥിതോ ന തു തമോ ന ഗുണാംശ്ച യുങ്‌ക്ഷേ**

| | | | |
|---|---|---|---|
| ഇദം ജഗത് | ഈ ജഗത്തിനെ | നിരീഹഃ | നിഷ്ക്രിയനായും |
| ആത്മനി | തന്നുള്ളിൽ | വിലയാംബു-മധ്യേ | പ്രളയകാലത്തുള്ള കാരണജലത്തിന്റെ മധ്യത്തിൽ |
| ആത്മനാ | തന്നെത്താൻ | ശേഷേ | ശയിക്കുന്നു. |
| ന്യസ്യ | ഒതുക്കിവച്ചു് | (തദാ ത്വം) | അക്കാലത്തു്, അവിടുന്നു് |
| നിജസുഖാ-നുഭവഃ | ആത്മാനന്ദാനുഭൂതിമാത്രം ഉള്ളവനായും | യോഗേന | യോഗസമാധിയിലൂടെ |

| | | | |
|---|---|---|---|
| മീലിതദൃക് | കണ്ണടച്ചുകൊണ്ട് | സ്ഥിതഃ | സ്ഥിതിചെയ്യുകയാണ്. |
| ആത്മനി-പീതനിദ്രഃ | സ്വയം ജ്യോതിസ്സിൽ വിലയിക്കപ്പെട്ട നിദ്രയോടുകൂടി | തമഃ തു | തമസ്സിനെയും |
| | | ന യുങ്ക്ഷേ | ചേർക്കുന്നില്ല, |
| | | ഗുണാൻ ച | വിഷയങ്ങളെയും |
| തുര്യേ | തുര്യാവസ്ഥയിൽ | ന (യുങ്ക്ഷേ) | നിരീക്ഷിക്കുന്നില്ല |

ദൃശ്യപ്രപഞ്ചത്തിന്റെ വിലയം സംഭവിക്കുന്ന കല്പാന്തത്തിൽ നിന്തിരുവടി എല്ലാ ജീവരാശികളെയും സ്വയം തന്നുള്ളിൽ ഒതുക്കിവച്ച് ആത്മാനന്ദാനുഭൂതിയിൽ മുഴുകി പ്രളയജലമധ്യത്തിൽ വിശ്രമിക്കുന്നു. തദവസരത്തിൽ അങ്ങുന്ന് സ്വാസംസിദ്ധമായ യോഗസമാധിയാൽ ബാഹ്യദൃഷ്ടിയെ നിമീലനം ചെയ്ത് സ്വയംജ്യോതിസ്സിൽ നിദ്രയെ ലയിപ്പിച്ച് ജാഗ്രദാദ്യവസ്ഥാത്രയത്തിന്നതീതമായ ബ്രഹ്മസ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നു. അതിനാൽ സുഷുപ്തിയിലെന്നപോലെ അജ്ഞാനാന്ധകാരത്തിന്റെ മറ നിന്തിരുവടിയിൽ സംഗതമാകുന്നില്ല. ജാഗ്രത്തിലും സ്വപ്നത്തിലുമെന്നപോലെ വിഷയങ്ങളുടെ നിരീക്ഷണവുമില്ല.

ജഗദാദിയിൽ കാരണത്വേന സ്ഥിതിചെയ്യുന്ന ഭഗവാന്റെ പൃഥക്സത്തയെ പരാമർശിച്ചശേഷം മധ്യദശയിലും ഭഗവാൻ തന്നെയാണു ജഗദ്രൂപേണ പ്രകാശിക്കുന്നതെന്നു ഇനി നാലുശ്ലോകം കൊണ്ടു വിസ്തരിക്കുന്നു —

33. തസ്യൈവ തേ വപുരിദം നിജകാലശക്ത്യാ
സഞ്ചോദിതപ്രകൃതിധർമ്മണ ആത്മഗൂഢം
അംഭസ്യനന്തശയനാദ് വിരമത്സമാധേർ—
നാഭേരഭൂത് സ്വകണികാവടവന്മഹാബ്ജം

| | | | |
|---|---|---|---|
| ഇദം | ഈ ജഗത്ത് | വിരമത്-സമാധേഃ | യോഗസമാധിയിൽനിന്നു വിരമിച്ചെഴുന്നേല്ക്കുന്നവനു മായ നിന്തിരുവടിയുടെ |
| തസ്യ | അപ്രകാരമുള്ള | | |
| തേ | നിന്തിരുവടിയുടെ | നാഭേഃ | നാഭിയിൽനിന്ന് |
| വപുഃ ഏവ | ശരീരം തന്നെയാകുന്നു. | അംഭസി | ഏകാർണ്ണവജലത്തിൽ |
| നിജകാല-ശക്ത്യാ | തന്റെ കാലസ്വരൂപമായ ശക്തിയാൽ | ആത്മനിഗൂഢം | തന്നിൽത്തന്നെ ഒതുങ്ങി മറഞ്ഞുനിന്നിരുന്ന |
| സഞ്ചോദിത-പ്രകൃതി-ധർമ്മണഃ | വിക്ഷുബ്ധമാക്കപ്പെട്ട പ്രകൃതിയുടെസത്ത്വാദിഗുണങ്ങളോടുകൂടിയവനും | മഹാബ്ജം | ബ്രഹ്മാണ്ഡ മഹാപദ്മം, |
| | | സ്വകണികാ-വടവത് | സ്വീയമായ ചെറു വിത്തിൽ നിന്നുണ്ടായ പേരാൽമരംപോലെ |
| അനന്ത-ശയനാത് | ആദിശേഷനാവുന്ന തല്പത്തിൽനിന്ന് | അഭൂത് | ഉദ്ഭവിച്ചു. |

കല്പാന്തത്തിലെ കാരണജലത്തിൽ യോഗസമാധിയിലുറച്ചു ശയിച്ചിരുന്ന നിന്തിരുവടിയിൽനിന്നു സംജാതമായ പ്രപഞ്ചത്തിന്റെ സ്വരൂപവും നിന്തിരുവടിതന്നെ

യാണ്. തുടർന്നുള്ള നിലനില്പിലും അതു മറെറാന്നാകയില്ല. മൂലപ്രകൃതിയിൽ സാമ്യാവസ്ഥിതിയോടെ ലയിച്ചിരുന്ന സത്ത്വാദിഗുണങ്ങൾക്കു സ്വകാലശക്തിയാൽ അസന്തുലിതാവസ്ഥ വരുത്തിവച്ചുകൊണ്ടു് ശേഷതല്പത്തിലെ യോഗസമാധിയിൽനിന്ന വിരമിച്ചതും നിന്തിരുവടിയുടെ നാഭിപ്രദേശത്തുനിന്ന ബ്രഹ്മാണ്ഡാകാരമായ വലിയൊരു താമരപ്പൂവു് വിരിഞ്ഞുണ്ടായി. ഇതു് ഏകാണ്ണവത്തിൽ ശയിച്ചിരുന്ന അവിടുത്തെ അകത്തു നിഗൂഢമായിട്ട കിടക്കയായിരുന്നു. ചെറിയൊരു വിത്തിൽനിന്ന വലിയ ആൽമരം കിളിർത്തുണ്ടാവുന്നപോലെ പ്രപഞ്ചം നിഗൂഢതയിൽനിന്നും ബഹിർ ഗമിച്ചു.

34. തത്സംഭവഃ കവിരതോഽന്യദപശ്യമാന-
സ്ത്വാം ബീജമാത്മനി തതം സ്വബഹിർ വിചിന്ത്യ
നാവിന്ദദബ്ദശതമപ്സു നിമജ്ജമാനോ
ജാതേഽങ്കുരേ കഥമുഹോപലഭേത ബീജം

| | |
|---|---|
| തത്സംഭവഃ | ആ താമരയിൽ പിറന്ന |
| കവിഃ | ബ്രഹ്മദേവൻ |
| അതഃ | ഇതിൽനിന്നു് |
| അന്യത് | അന്യമായതൊന്നും |
| അപശ്യമാനഃ | കണ്ടെത്താതെ |
| ആത്മനി | തന്നുള്ളിൽ |
| തതം | വ്യാപിച്ചിരിക്കുന്ന |
| ബീജം | ജഗദുപാദാനകാരണമായ |
| ത്വാം | നിന്തിരുവടിയെ |
| സ്വബഹിഃ | തന്നിൽനിന്നുപുറത്തുള്ളതാണെന്നു് |
| വിചിന്ത്യ | തെററിദ്ധരിച്ചു് |
| അബ്ദശതം | നൂററാണ്ടുകാലം |
| അപ്സു | വെള്ളത്തിൽ |
| നിമജ്ജമാനഃ | മുങ്ങിത്തെരഞ്ഞുവെങ്കിലും |
| ന അവിന്ദത് | കണ്ടെത്തിയില്ല. |
| ഉ ഹ | അഹോ! അതിശലന്താശ്ചര്യം. |
| അങ്കുരേ | അങ്കുരം |
| ജാതേ | ഉണ്ടായിക്കഴിഞ്ഞാൽ |
| ബീജം | അതിൻെറ വിത്തിനെ |
| കഥം | എങ്ങനെ |
| ഉപലഭേത | കണ്ടെത്താനാകും? |

ആ താമരപ്പൂവിൽ പിറന്ന ബ്രഹ്മാവു് സൂക്ഷ്മദശി (കവി)യായിരുന്നിട്ടുപോലും താനിരിക്കുന്ന താമരയെയല്ലാതെ അവിടെ മറെറാന്നും കണ്ടില്ല. ജഗത്തിൻെറ ബീജമായ — ഉപാദാനകാരണമായ നിന്തിരുവടിയെ തന്നുള്ളിൽ വ്യാപിച്ചിരിക്കുന്നതറിയാതെ പുറത്തെല്ലാം പരതിനോക്കി. നൂറ്റാണ്ടുകാലം കാരണജലത്തിൽ മുങ്ങിത്തപ്പിയെങ്കിലും ഫലമുണ്ടായില്ല. മുളച്ചുപൊങ്ങിയ മരത്തിന്റെ വിത്തിനെ മുരട്ടിൽ തേടിയാൽ കിട്ടുമോ?

35. സ ത്വാത്മയോനിരിതിവിസ്മിത ആസ്ഥിതോഽബ്ജം
കാലേന തീവ്രതപസാ പരിശുദ്ധഭാവഃ
ത്വാമാത്മനീശ ഭുവി ഗന്ധമിവാതിസൂക്ഷ്മം
ഭൂതേന്ദ്രിയാശയമയേ വിതതം ദദശ്

| | | | |
|---|---|---|---|
| ആത്മയോനിഃ | ആത്മാവായ തന്റെ ഉപാദാനകാരണമായുള്ള | ഭുവി | പൃഥിവിയിലുള്ള |
| സഃ തു | ആ ബ്രഹ്മദേവനാകട്ടെ | അതിസൂക്ഷ്മം | ഏററവും സൂക്ഷ്മത്വത്തിലുള്ള |
| അതി– വിസ്മിതഃ | അത്യാശ്ചര്യം പൂണ്ട്. (തിരികെവന്ന്) | ഗന്ധം ഇവ | ഗന്ധഗുണത്തെയെന്നപോലെ |
| അബ്ജം | താമരപ്പൂവിൽ | ഭൂതേന്ദ്രിയാ– ശയമയേ | ഭൂതങ്ങൾ, ഇന്ദ്രിയങ്ങൾ, അന്തഃകരണവൃത്തികൾ എന്നിവയുടെ സമ്മിളിതരൂപമായ |
| ആസ്ഥിതഃ | ഉപവിഷ്ടനായിട്ട്, | | |
| ഈശ | സ്വാമിൻ! | | |
| കാലേന | ദീർഘകാലംകൊണ്ടുള്ള | ആത്മനി | സ്വശരീരത്തിൽ |
| തീവ്രതപസാ | ഉഗ്രതപസ്സിനാൽ | വിതതം | വ്യാപിച്ചിരിക്കുന്ന |
| പരിശുദ്ധ– ഭാവഃ | തികച്ചും നിർമ്മലമായ മനോവൃത്തിയോടു കൂടിയവനായി ഭവിച്ച് | ത്വാം | നിന്തിരുവടിയെ |
| | | ദദർശ | സാക്ഷാല്ക്കരിച്ചു. |

പ്രഭോ സ്വാമിൻ! എവിടെയും ഒന്നും കാണായ്കയാൽ ബ്രഹ്മദേവൻ അദ്ഭുതോദിഗ്ഗ്നായി, തന്റെ ഉദ്ഭവസ്ഥാനമായ താമരയിലേക്കുതന്നെ തിരികെ വന്ന് അതിൽ ഉപവിഷ്ടനായി ദീർഘകാലം ധ്യാനരൂപമായ തപസ്സാചരിച്ചു. തന്മൂലം ചിത്തശുദ്ധി വന്നപ്പോൾ ഭൂതേന്ദ്രിയാന്തഃകരണങ്ങളുടെ സമ്മിളിതരൂപമായ സ്വശരീത്തിൽ, ഭൂമിയിൽ ഗന്ധംപോലെ സർവ്വതോവ്യാപ്തനായി സ്ഥിതിചെയ്യുന്ന നിന്തിരുവടിയെ സാക്ഷാല്ക്കരിച്ചു പോൽ.

ബ്രഹ്മാവ് ഇങ്ങനെ സന്മാത്രരൂപേണ വർത്തിക്കുന്ന ജഗദുപാദാനകാരണമായി നിന്തിരുവടിയെ സാക്ഷാൽക്കരിച്ചതിനു പുറമെ ജഗദാകാരമായി സാക്ഷാൽക്കരിക്കുക കൂടിയുണ്ടായെന്ന് അടുത്ത ശ്ലോകത്താൽ പറയുന്നു—

36. ഏവം സഹസ്രവദനാംഘ്രിശിരഃകരോരു–
നാസാസ്യകർണ്ണനയനാഭരണായുധാഢ്യം
മായാമയം സദുപലക്ഷിതസന്നിവേശം
ദൃഷ്ട്വാ മഹാപുരുഷമാപ മുദം വിരിഞ്ചഃ

| | | | |
|---|---|---|---|
| ഏവം | ഈ പ്രകാരത്തിൽ | സദുപ– ലക്ഷിത– സന്നിവേശം | സത്തിൽനിന്നു രൂപം കൊണ്ട പ്രപഞ്ചത്തോടു ചേർന്ന അവയവവിന്യാസത്തോടുകൂടിയവനുമായ |
| സഹസ്ര– വദനാംഘ്രി– ശിരഃകരോ– രുനാസാസ്യ | ആയിരക്കണക്കിലുള്ള മുഖം, പാദം, ശിരസ്സ്, കരം, തുട, നാസിക, വായ, | മഹാപുരുഷം | വിരാട് പുരുഷനെ |
| കർണ്ണനയനാ– ഭരണാ– യുധാഢ്യം | കർണ്ണം, നേത്രം, ആഭരണം, ആയുധം, എന്നിവയാൽ സംപന്നനായും | മായാമയം | മായാമയനുമായി |
| | | ദൃഷ്ട്വാ | ദർശിച്ച് |
| | | വിരിഞ്ചഃ | ബ്രഹ്മദേവൻ |
| | | മുദം ആപ | സന്തോഷമാർന്നു. |

സംഖ്യാതീതങ്ങളായ മുഖപാദാദ്യവയവങ്ങളോടും ദിവ്യാഭരണങ്ങളോടും വരായുധങ്ങളോടും ചേൎന്നു്, സദ്രൂപത്തിൽനിന്നും സംജാതങ്ങളായ പതിനാലുലോകങ്ങളെയും ഓരോരോ അവയവങ്ങളായി സ്വരൂപിച്ചു്, മായാമയമായി പ്രതിഭാസിച്ച നിന്തിരുവടിയുടെ വിരാടു് സ്വരൂപം സാക്ഷാത്കരിക്കകയാൽ ആ ബ്രഹ്മദേവൻ സന്തുഷ്ടനും ചാരിതാൎത്ഥനുമായി.

തദനന്തരം ബ്രഹ്മാവു് ഭഗവദനുഗ്രഹത്തിനു പാത്രീഭവിക്കയും ചെയ്തുവെന്നു് അടുത്ത ശ്ലോകം കൊണ്ടു പറയുന്നു.

37. തസ്മൈ ഭവാൻ ഹയശിരസ്തനുവം ച ബിഭ്രദ്-
വേദദ്രുഹാവതിബലൌ മധുകൈടഭാഖ്യൌ
ഹത്വാഽനയച്ഛ്രുതിഗണാംസ്തു രജസ്തമശ്ച
സത്വം തവപ്രിയതമാം തനുമാമനന്തി

| | | | |
|---|---|---|---|
| ച | എന്നുമാത്രമല്ല, | വേദദ്രുഹൌ | വേദവിദ്രോഹികളെ |
| ഭവാൻ | നിന്തിരുവടി | ഹത്വാ | വധിച്ചു് |
| ഹയശിര- | ഹയഗ്രീവഭഗവാന്റെ | ശ്രുതിഗണാൻ | വേദസമുച്ചയങ്ങളെ |
| സ്തനുവം | സ്വരൂപം | തസ്മൈ | ആ ബ്രഹ്മാവിനു |
| ബിഭ്രത് | ധരിച്ചുകൊണ്ടു് | ആനയത് | വീണ്ടെടുത്തുകൊടുത്തു. |
| അതിബലൌ | ബലിഷ്ഠന്മാരും | തു | ആകയാൽ |
| മധു- | മധു, കൈടഭൻ എന്നീ | സത്വം | സത്വഗുണത്തെ |
| കൈടഭാഖ്യൌ | പേരുകളുള്ളവരും | തവ | നിന്തിരുവടിയുടെ |
| രജഃ | രജോഗുണവും | പ്രിയതമാം | ഏററവും പ്രിയമായ |
| തമഃ ച | തമോഗുണവുമായിരിക്കുന്ന | തനും | ശരീരമായിട്ടു |
| | വരുമായ | ആമനന്തി | പരിഗണിച്ചുവരുന്നു. |

ഏകാൎണ്ണവത്തിൽ മധുവെന്നും കൈടഭനെന്നും പേരായ രണ്ടസുരന്മാർ സംഭവിച്ചു. ബലശാലികളും രജസ്തമോഗുണങ്ങളുടെ മൂൎത്തിമദ്ഭാവങ്ങളുമായ അവർ വേദങ്ങളെ കവൎന്നു കൈയടക്കി. അപ്പോഴം നിന്തിരുവടി ഹയഗ്രീവമൂൎത്തിയായി അവതരിച്ചു് അവരെക്കൊന്നു വേദസമുച്ചയത്തെ വീണ്ടെടുത്തു ബ്രഹ്മാവിനു നൽകിയല്ലോ. ഇങ്ങനെ രജസ്തമസ്സുകളെ അകററുവാൻ സത്വഗുണത്തെ സ്വീകരിച്ചതുകൊണ്ടു് അവിടുത്തെ ഏററവും പ്രിയപ്പെട്ട സ്വരൂപം സത്വമയമാണെന്നു് നിൎണ്ണയിക്കപ്പെട്ടിരിക്കുന്നു.

'ഏകസ്ത്വമേവ' എന്നു തുടങ്ങിയ എട്ടുപദ്യങ്ങളാൽ ഭഗവാന്റെ ദുഷ്ടനിഗ്രഹശിഷ്ടപരിപാലനലീല സത്വഗുണോപാധിയിലൂടെ നടക്കുന്നതാണെന്നും വാസ്തവികമായ ആ സദ്രൂപത്തിൽ പക്ഷപാതാരോപം നിൎമ്മൂലമാണെന്നും ഉപപാദിച്ചുകൊണ്ടു ചെയ്ത സ്തുതിയെ ഇനി അടുത്ത ശ്ലോകംകൊണ്ടു് ഉപസംഹരിക്കുന്നു.

38. ഇത്ഥം നൃതിര്യഗൃഷിദേവഝഷാവതാരൈർ-
ല്ലോകാൻ വിഭാവയസി ഹംസി ജഗത്പ്രതീപാൻ
ധർമ്മം മഹാപുരുഷ പാസി യുഗാനുവൃത്തം
ഛന്നഃ കലൌ യദഭവസ്ത്രിയുഗോഽഥ സ ത്വം.

| | | | |
|---|---|---|---|
| മഹാപുരുഷ | ഹേ പുരുഷോത്തമ! | ധർമ്മം | സദാചാരമുറയെ |
| ഇത്ഥം | ഇങ്ങനെ | പാസി | നിലനിർത്തുകയും ചെയ്യുന്നു. |
| നൃതിര്യഗൃഷി-ദേവഝഷാ-വതാരൈഃ | മനുഷ്യൻ, മൃഗം, ഋഷി, ദേവൻ, മത്സ്യം എന്നീ അവതാരങ്ങൾ വഴിയായി | അഥ | പിന്നെ |
| | | കലൌ | കലികാലത്തിൽ |
| ലോകാൻ | ലോകങ്ങളെ | ഛന്നഃ | പ്രച്ഛന്നമൂർത്തിയായി |
| വിഭാവയസി | സംരക്ഷിക്കുന്നു; | അഭവഃ | ഭവിക്കയും ചെയ്തു. |
| ജഗത്-പ്രതീപാൻ | ലോകസ്ഥിതിക്കു് വിരുദ്ധന്മാരായവരെ | യത് | യാതൊരു കാരണത്താൽ |
| ഹംസി | കൊന്നൊടുക്കുന്നു; | സഃ ത്വം | ആ നിന്തിരുവടി |
| യുഗാനുവൃത്തം | അതതുയുഗത്തിന്നു് അനുയുക്തമായ | ത്രിയുഗഃ | 'ത്രിയുഗ'നെന്നു പറയപ്പെടുന്നു |

പ്രഭോ! പുരുഷോത്തമനായ അവിടുന്നു ദേവനായും 'ഋഷിയായും' മനുഷ്യനായും മാത്രമല്ല, മൃഗമായും മത്സ്യമായും അവതരിച്ചു് ലോകങ്ങളെ രക്ഷിക്കുകയും, അതിനുവേണ്ടി ലോകവിരുദ്ധന്മാരെ സംഹരിക്കുകയും ചെയ്യുന്നു. അങ്ങനെ ഓരോ കാലഘട്ടത്തിലേക്കും അനുയോജ്യമായ സദാചാരമുറയെ നിലനിർത്തിവരുന്നു. ഇങ്ങനെ ധർമ്മരക്ഷാർത്ഥം മൂന്നു യുഗങ്ങളിലും ആവിർഭവിക്കുന്ന അവിടുന്നു് കലിയിൽമാത്രം നിഗൂഢനായി വർത്തിക്കുന്നു. അതുകൊണ്ടാണു് നിന്തിരുവടിയെ 'ത്രിയുഗൻ' എന്നു പറയുന്നതു്.

ഇപ്രകാരം ഭഗവാന്റെ വാസ്തവികതത്ത്വത്തെ നിരൂപണം ചെയ്തശേഷം ആ തത്ത്വത്തെ വിചിന്തനം ചെയ്യുവാനുള്ള തന്റെ അനർഹതയെ പ്രകാശിപ്പിച്ചുകൊണ്ടു് ഇനി മൂന്നു പദ്യങ്ങളാൽ പ്രാർത്ഥിക്കുന്നു.

39. നൈതന്മനസ്തവകഥാസു വികുണ്ഠനാഥ
സംപ്രീയതേ ദുരിതദുഷ്ടമസാധു തീവ്രം
കാമാതുരം ഹർഷശോകഭയൈഷണാർത്തം
തസ്മിൻ കഥം തവ ഗതിം വിമൃശാമി ദീനഃ.

| | | | |
|---|---|---|---|
| വികുണ്ഠനാഥ | വൈകുണ്ഠനാഥ ! | അസാധു | ബാഹ്യവിഷയാഭിമുഖ്യത്താൽ ചീത്തയായതും |
| ദുരിതദുഷ്ടം | പാപവാസനകളാൽ ദൂഷിച്ചതും | | |

| | | | |
|---|---|---|---|
| തീവ്രം | അടക്കിനിർത്താനാവാത്തതും | കഥാസു | കഥകളിൽക്കൂടി |
| കാമാതുരം | കാമനകൾ കൊണ്ടു് വിവശമായതും | ന സംപ്രീയതേ | സംതൃപ്തികൊള്ളുന്നില്ല; |
| ഹർഷശോകഭയൈഷണാർത്തം | സന്തോഷം, സന്താപം, ഭീതി, ഏഷണകൾ എന്നിവയാൽ പീഡിതമായതുമായ | തസ്മിൻ | ആയതിൽ |
| | | ദീനഃ | ദുഖിതനായ ഞാൻ |
| | | തവ | നിന്തിരുവടിയുടെ |
| | | ഗതിം | തത്ത്വത്തെ |
| ഏതത്് മനഃ | ഈ മനസ്സ്് | കഥം | എങ്ങനെ |
| തവ | നിന്തിരുവടിയുടെ | വിമൃശാമി | വിചിന്തനം ചെയ്യും? |

പ്രഭോ! ഇങ്ങുള്ളവന്റെ മനസ്സ്് പാപവാസനകളാൽ കലുഷിതമാണ്്. ബാഹ്യവിഷയങ്ങളിലേക്കാണ്് അതിന്റെ സ്വാഭാവികമായ പ്രവണത. അടക്കിനിർത്താനരുതാത്തവിധം തീവ്രമാണതിന്റെ പ്രവർത്തനം. നാനാതരം ഭോഗേച്ഛകളാലും, സന്തോഷം, സന്താപം, ഭയം എന്നീ വികാരങ്ങളാലും, ഭാര്യ, മക്കൾ, ധനം എന്നീ വ്യാമോഹങ്ങളാലും വിവശവും പീഡിതവുമായിട്ടാണ്് എപ്പോഴും അതിരിക്കുന്നതു്. അവിടുത്തെ ലീലാകഥകളിൽക്കൂടി അതിന്നു് ആസക്തിവരുന്നില്ല. മനസ്സിന്റെ ഈ ദുരവസ്ഥയോർത്തു ദുഃഖിതനായിത്തീർന്നിരിക്കുന്ന ഞാൻ ഭഗവത്്തത്ത്വവിചിന്തനത്തിന്നു് പ്രാപ്തനാവുന്നതെങ്ങനെ ?

40. **ജിഹ്വൈകതോഽച്യുത വികർഷതി മാഽവിതൃപ്താ**
**ശിശ്നോഽന്യതസ്ത്വഗുദരം ശ്രവണം കുതശ്ചിത്്**
**ഘ്രാണോഽന്യതശ്ചപലദൃക്് ക്വ ച കർമ്മശക്തിർ-**
**ബഹ്വ്യഃ സപത്ന്യ ഇവ ഗേഹപതിം ലുനന്തി.**

| | | | |
|---|---|---|---|
| അച്യുത | നിർവികാരാത്മാവേ! | അന്യതഃ | മറിച്ചൊരുവശത്തേക്കും |
| അവിതൃപ്താ | സംതൃപ്തിവരാത്ത | കർമ്മശക്തിഃ | കർമ്മേന്ദ്രിയങ്ങൾ |
| ജിഹ്വാ | രസനേന്ദ്രിയം | ക്വ ച | എങ്ങാണ്ടൊരിടത്തേക്കും |
| ഏകതഃ | ഒരുവശത്തേക്കും | മാ | എന്നെ |
| ശിശ്നഃ തു | ജനനേന്ദ്രിയമാകട്ടെ | വികർഷതി | വലിച്ചിഴയ്ക്കുന്നു. |
| അന്യതഃ | മറ്റൊരുവശത്തേക്കും | ബഹ്വ്യഃ | അനേകം |
| ത്വക് | ത്വഗിന്ദ്രിയവും | സപത്ന്യഃ | സപത്നിമാർ |
| ഉദരം | വയറും | ഗേഹപതിം | ഗൃഹനാഥനെ |
| ശ്രവണം | ശ്രോത്രേന്ദ്രിയവും | ഇവ | എന്നപോലെ |
| കുതശ്ചിത്് | വേറിട്ടൊരുവശത്തേക്കും | ലുനന്തി | ഞെരുക്കുന്നു |
| ഘ്രാണഃ | ഘ്രാണേന്ദ്രിയവും | | |
| ചപലദൃക് | ചഞ്ചലമായ നേത്രേന്ദ്രിയവും | | |

നിവ്വീകാരാത്മൻ! ഒരിക്കലും സംതൃപ്തമാവാത്ത എന്റെ നാവ് വിശിഷ്ടഭോജ്യങ്ങളുടെ നേക്ക് ആകൃഷ്ടമാവുമ്പോറം ജനനേന്ദ്രിയം സുന്ദരിമാരുടെ അടുക്കലേക്ക് ആകഷിക്കുന്നു. ത്വക്ക് മൃദുലസ്പർശനസുഖത്തിലേക്കും, വയറു വിശക്കും നേരത്തു ഭക്ഷണത്തിലേക്കും, കാതുകറം സരസഗീതാദികളിലേക്കും, മൂക്ക് സുഗന്ധദ്രവ്യങ്ങളിലേക്കും, നിലയ്ക്കു നിൽക്കാത്ത കണ്ണുകറം മോഹനരൂപങ്ങളിലേക്കും എന്നെ ആകർഷിക്കുകയാണ്. അതിനും പുറമെ കർമ്മേന്ദ്രിയങ്ങളും അവയുടെ വിഷയങ്ങളിലേക്കും വലിച്ചിഴയ്ക്കുന്നു. അനേകം പത്നിമാരുള്ള ഒരു ഗൃഹസ്ഥനെ അവന്റെ ആ പത്നികളെല്ലാംകൂടി ഏകകാലത്തിൽ തങ്ങറംതങ്ങറംക്കുള്ള ശയനഗൃഹത്തിലേക്ക് ഉന്തിത്തള്ളിക്കൊണ്ടുപോകാൻ പുറപ്പെട്ടു ഞെരുക്കുന്ന അവസ്ഥപോലെയാണിതു്.

''എന്റെമാത്രം അവസ്ഥയല്ലിതു്, ലോകത്തിലെ സകല ജനത്തിന്റെയും സ്ഥിതി ഇതാണ്. അതുകൊണ്ട് എല്ലാവക്കും ഈ ദുസ്ഥിതിയൽനിന്ന് സംരക്ഷ നൽകി അനുഗ്രഹിക്കേണമേ!'' എന്നു തുടന്നു പ്രാത്ഥിക്കുന്നു.

41. ഏവം സ്വകമ്മപതിതം ഭവവൈതരണ്യാ-
മന്യോന്യജന്മമരണാശനഭീതഭീതം
പശ്യൻ ജനം സ്വപരവിഗ്രഹവൈരമൈത്രം
ഹന്തേതി പാരചര പീപൃഹി മൂഢമദ്യ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | മൂഢം | അറിവില്ലാത്ത |
| ഭവവൈ-തരണ്യാം | സംസാരമാവുന്ന വൈതരണീനദിയിൽ | ജനം | ജീവരാശിയെ |
| സ്വകമ്മ-പതിതം | അവരവക്കുള്ള കമ്മഫലത്താൽ വീണിരിക്കുന്ന | പശ്യൻ | കണ്ടുകൊണ്ട് |
| അന്യോന്യ-ജന്മമരണാശനഭീതഭീതം | പരസ്പരാശ്രിതങ്ങളായ ജനന മരണഭോഗങ്ങളിൽ നിന്നുഭീതിമുഴുത്തിരിക്കുന്ന | പാരചര | സംസാരവൈതരണിയുടെ മറുകരയിൽ വിചരിക്കുന്ന വിഭോ ! |
| സ്വപര-വിഗ്രഹ വൈര-മൈത്രം | തൻേറയെന്നും അന്യന്റെയെന്നുമുള്ള ഭേദഭാവനയാൽ ശത്രുതയും മിത്രതയും കലന്നിരിക്കുന്ന— | ഹന്ത ഇതി | 'അയ്യോ കഷ്ടം' എന്നു കരുതി |
| | | അദ്യ | ഇപ്പോറം |
| | | പീപൃഹി | കരകയററണേ! |

ഇപ്രകാരം ജീവരാശികളെല്ലാം കമ്മബന്ധനത്തിൽ കുടുങ്ങി സംസാരമാവുന്ന യമപുരദ്വാരനദിയിൽ അകപ്പെട്ടിരിക്കുന്നു. ജനനത്തിൽനിന്നു മരണത്തിലേക്കും മരണത്തിൽനിന്നു ജനനത്തിലേക്കുമായി പ്രയാണം ചെയ്യ് എങ്ങും ഒരററവും കാണാതെ ഭയന്നുകൊണ്ടിരിക്കുന്നു. ''ഇവൻ സ്വന്തമാണ്; ഇവൻ വേറെയാണ്'' എന്നുള്ള ഭേദബുദ്ധികാരണം ചിലരോടു മിത്രത്വവും ചിലരോടു ശത്രുത്വവും വെച്ചുപുലത്തുന്നു. ഇത്തരം മൂഢാത്മാക്കളിൽ നിന്തിരുവടി കനിയേണമേ ! സംസാരവൈതരണിയിൽ അകപ്പെട്ടിരിക്കുന്ന പാവങ്ങളെ അതിന്റെ അക്കരയിൽനിന്ന് അനവരതം വീക്ഷിച്ചുകൊണ്ടിരിക്കുന്ന അവിടുത്തേക്കുമാത്രമേ രക്ഷിപ്പാൻസാധിക്കയുള്ളു. പ്രഭോ! എല്ലാവരെയും കരകയറ്റേണമേ !

''ഞാനൊരുത്തൻ എല്ലാവരെയും കരകയററുന്നതെങ്ങനെ ?'' എന്ന പ്രശ്നത്തെ സ്വയം ഉന്നയിച്ചുകൊണ്ടു് ഉണർത്തിക്കുന്നു—

42. കോ ന്വത്ര തേഽഖിലഗുരോ ഭഗവൻ പ്രയാസ
ഉത്താരണേഽസ്യ ഭവസംഭവലോപഹേതോഃ
മൂഢേഷു വൈ മഹദനുഗ്രഹ ആർത്തബന്ധോ
കിം തേന തേ പ്രിയജനാനനുസേവതാം നഃ

| | | | |
|---|---|---|---|
| അഖിലഗുരോ | ജഗദേകഗുരോ! | കഃ നു | എന്തിരിക്കുന്നു ? |
| ഭഗവൻ | സമഗ്രൈശ്വര്യാദി ഗുണനിലയമേ! | ആർത്തബന്ധോ | ഹേ ദീനബന്ധോ ! |
| അസ്യ | ഈ ലോകത്തിൻെറ | മഹദനുഗ്രഹഃ | മഹാപുരുഷന്മാരുടെ അനുഗ്രഹം |
| ഭവസംഭവ-ലോപ-ഹേതോഃ | ഉത്പത്തി സ്ഥിതിലയങ്ങൾക്കു ഹേതുഭൂതനായ | മൂഢേഷു വൈ | മൂഢന്മാരിലാണു് വേണ്ടതു്. |
| തേ | നിന്തിരുവടിക്കു് | തേ | ഭവാൻെറ |
| ഉത്താരണേ | എല്ലാവരെയും കരകയററുക എന്ന | പ്രിയജനാൻ | പ്രിയജനങ്ങളെ |
| | | അനുസേവതാം | എന്നും സേവിക്കുന്ന |
| അത്ര | ഈ വിഷയത്തിൽ | നഃ | ഞങ്ങൾക്കു് |
| പ്രയാസഃ | പ്രയാസം | തേന കിം | അതിനാലെന്തു കാര്യം? |

ജഗദ്ഗുരുവും സമഗ്രൈശ്വര്യാദിഗുണനിലയവുമായി വർത്തിക്കുന്ന ദീനബന്ധോ ! ഈ ചരാചരജഗത്തിൻെറ സൃഷ്ടിയും, രക്ഷയും, സംഹാരവും നിന്തിരുവടി അനായാസേന നിർവ്വഹിക്കുന്നുവല്ലോ. ആ സ്ഥിതിക്കു സംസാരവൈതരണിയിലകപ്പെട്ടു ഴലുന്ന മൂഢാത്മാക്കളെ കരകയററുവാൻ പ്രയാസമെന്തിരിക്കുന്നു? മഹാപുരുഷന്മാർ മൂഢജനങ്ങളെയാണു് അനുഗ്രഹിക്കേണ്ടതു്. അവിടുത്തെ പ്രിയസേവകന്മാരെ ഇടവിടാതെ സേവിച്ചുകൊണ്ടേ ഇരിക്കുന്ന എന്നെപ്പോലെയുള്ളവർക്കു് അതിൻെറ ആവശ്യമെന്തു് ? ഭവദനുഗ്രഹം ഞങ്ങൾക്കു നിത്യസിദ്ധമല്ലേ?

''കോഽതിപ്രയാസോഽസുരബാലകാ ഹരേരുപാസനേ'' എന്നിങ്ങനെ മുമ്പു് അസുരബാലന്മാരോടു പറഞ്ഞ പ്രഹ്ലാദൻ ''കോ ന്വത്ര തേഽഖിലഗുരോ ഭഗവൻ പ്രയാസ ഉത്താരണേഽസ്യ'' എന്നിങ്ങനെ നൃസിംഹമൂർത്തിയെയും ഉണർത്തിക്കുന്നു. ഉപാസനയിലൂടെ മായാമോഹമകററി നരനെ നാരായണനിലേക്കു് അടുപ്പിക്കുവാൻ യത്നിച്ച നിഃസ്വാർത്ഥഭക്തനായിരുന്നു പ്രഹ്ലാദനെന്നു് അനുഭവസിദ്ധം.

''എങ്കിൽ, നിന്നെ ഞാൻ കയററിവിടാം, മററുള്ളതൊന്നും നിർബ്ബന്ധിക്കരുതു്'' എന്ന രൂപത്തിൽ പ്രതികരിക്കരുതെന്നു് ഇനി എടുത്തു പറയുന്നു—

43. നൈവോദ്വിജേ പര ദുരത്യയവൈതരണ്യാ-
സ്ത്വദ്വീര്യഗായനമഹാമൃതമഗ്നചിത്തഃ
ശോചേ തതോ വിമുഖചേതസ ഇന്ദ്രിയാർത്ഥ-
മായാസുഖായ ഭരമുദ്വഹതോ വിമൂഢാൻ

| | | | |
|---|---|---|---|
| പര | സർവോത്തമ ! | വിമുഖ-ചേതസഃ | വിട്ടുനില്ക്കുന്ന മനോവൃത്തിയോടുകൂടിയവരും |
| ത്വദ്വീര്യ-ഗായന-മഹാമൃത-മഗ്നചിത്തഃ | അവിടുത്തെ അപദാനങ്ങളുടെ സങ്കീർത്തനമാവുന്ന മഹാമൃതത്തിൽ മുഴുകിയ ചിത്തത്തോടുകൂടി വർത്തിക്കുന്ന ഞാൻ | ഇന്ദ്രിയാർത്ഥ-മായാസുഖായ | ഇന്ദ്രിയഭോഗ്യവിഷയങ്ങളെ നിമിത്തീകരിച്ചുകൊണ്ടുള്ള മായാസുഖത്തിനുവേണ്ടി |
| ദുരത്യയ-വൈതരണ്യാഃ | കരകേറാൻ പ്രയാസമായ വൈതരണിയിൽനിന്നു് | ഭരം | ചുമടു് |
| | | ഉദ്വഹതഃ | ചുമക്കുന്ന |
| ന ഏവ ഉദ്വിജേ | അമ്പരപ്പു കൊള്ളുന്നതേയില്ല. | വിമൂഢാൻ | മഹാമൂഢന്മാരെപ്പററി |
| തതഃ | അതിൽനിന്നു് | ശോചേ | ഞാൻ ദുഃഖിക്കുന്നു. |

ഹേ സർവോത്തമ! ഈ സംസാരവൈതരണിയിൽനിന്നു കരകയറുക എന്നതു മിക്കവക്കും ദുഷ്കരമായ കാര്യമാണു്. എന്നാൽ എനിക്കാകട്ടെ ഒരു കുസലും തോന്നുന്നില്ല. കാരണമെന്തന്നാൽ, എന്റെ മനസ്സു് ഈ വൈതരണിയിലല്ല എന്നതു തന്നെ. അതു അവിടുത്തെ അപദാനലീലകളുടെ അനുഗാനമാവുന്ന അമൃതരസത്തിൽ മുങ്ങിക്കിടക്കുന്നു. ഈ ഗാനാമൃതരസാസ്വാദനത്തിൽ വൈമുഖ്യമാണ്ടു്, ഇന്ദ്രിയഭോഗ്യങ്ങളായ മിത്ഥ്യാസുഖങ്ങൾക്കുവേണ്ടി കടുംബഭാരം ചുമന്നു വലയുന്ന അജ്ഞജനതയെക്കുറിച്ചാണു് ഞാൻ ദുഃഖിക്കുന്നതു്.

''ആ മഹാമൂഢന്മാരെ ഉപദേശിച്ചു സംസാരനിർമ്മുക്തിക്കുള്ള വഴികാട്ടിക്കൊടുക്കുവാൻ വിജ്ഞന്മാരായ ഋഷിമാരുണ്ടു്, നിനക്കു സ്വയം മുക്തി കൈവരിക്കാമല്ലോ'' എന്നാണു് ഈ സന്ദർഭത്തിൽ ഭഗവാന്റെ പ്രതികരണമെങ്കിൽ അതിനുള്ള വിഷമം എടുത്തു പറയുന്നു.

44. പ്രായേണ ദേവ മുനയഃ സ്വവിമുക്തികാമാ
മൗനം ചരന്തി വിജനേ ന പരാർത്ഥനിഷ്ഠാഃ
നൈതാൻ വിഹായ കൃപണാൻ വിമുമുക്ഷ ഏകോ
നാന്യം ത്വദസ്യ ശരണം ഭ്രമതോഽനുപശ്യേ.

| | | | |
|---|---|---|---|
| ദേവ | ഭഗവാനേ ! | സ്വവിമുക്തി-കാമാഃ | സ്വന്തം മുക്തിയെമാത്രം കാംക്ഷിച്ചുകൊണ്ടു് |
| മുനയഃ | ഋഷിമാർ | | |
| പ്രായേണ | മിക്കവാറും | വിജനേ | ജനബാധയില്ലാത്ത |

| | | | |
|---|---|---|---|
| | ദിക്കിൽ | ഏകഃ | ഒററയ്ക്കു ഞാൻ |
| മൗനം | മൗനവ്രതം | ന വിമുമുക്ഷേ | മോക്ഷം കാംക്ഷിക്കുന്നില്ല. |
| ചരന്തി | ആചരിക്കുന്നു. | ഭ്രമതഃ | ചുററിയലയുന്ന |
| പരാൎത്ഥ-നിഷ്ഠാഃ ന | അവർ പരാൎത്ഥത്തിൽ തൽപരന്മാരല്ല. | അസ്യ | ഈ ജീവരാശിക്കു് |
| ഏതാൻ | ഈ | ത്വത് അന്യം | അവിടുന്നല്ലാതെ വേറെ |
| കൃപണാൻ | ദയനീയന്മാരെ | ശരണം | രക്ഷാസ്പദവും |
| വിഹായ | കൈവിട്ടു് | ന അനുപശ്യേ | കാണുന്നില്ല. |

സ്വാമിൻ! ജ്ഞാനികളായ ഋഷിമാർ അധികപക്ഷവും സ്വന്തം മുക്തിയെമാത്രം ലാക്കാക്കി നിൎജ്ജനവനാന്തരത്തിൽചെന്നു മൗനവ്രതം ആചരിക്കുന്നവരാണു്. അവർ അന്യരുടെ നന്മക്കുവേണ്ടി കാര്യമായൊന്നും ശ്രദ്ധിക്കാറില്ല. എന്നാൽ എനിക്കതിന്നു മനസ്സുവരുന്നില്ല. ഈ ദീനദുഖിതന്മാരെ കൈവെടിഞ്ഞു് ഒററയ്ക്കു് മുക്തനാകുവാൻ എനിക്കാഗ്രഹില്ല. അവരെയും മുക്തരാക്കണം. അതിനു നിന്തിരുവടിയല്ലാതെ മറെറാരാശ്രയവും ഞാൻ കിണുന്നുമില്ല.

അവർ ലൗകികസുഖം അനുഭവിക്കുന്നവരാകയാൽ കൃപണന്മാരാകുന്നതെങ്ങനെ? എന്നാണെങ്കിൽ—

45. യന്മൈഥുനാദി ഗൃഹമേധിസുഖം ഹി തുച്ഛം
കണ്ഡൂയനേന കരയോരിവ ദുഃഖദുഃഖം
തൃപ്യന്തി നേഹ കൃപണാ ബഹുദുഃഖഭാജഃ
കണ്ഡൂതിവന്മനസിജം വിഷഹേത ധീരഃ.

| | | | |
|---|---|---|---|
| മൈഥുനാദി | സ്ത്രീസംഗം മുതലായി | കൃപണാഃ | പാവപ്പെട്ട കാമികൾ |
| ഗൃഹമേധി-സുഖം യത് | ഗൃഹസ്ഥാശ്രമികൾക്കുണ്ടാവുന്ന സുഖം യാതൊന്നോ | ബഹു-ദുഃഖഭാജഃ | ഒട്ടവളരെ ദുഃഖം അനുഭവിക്കുന്നവരായിട്ടുകൂടി |
| (തത്) | അതു് | ഇഹ | ഈ ലൗകികസുഖത്തിൽ |
| കരയോഃ | ഇരുകരങ്ങളുടെ | ന തൃപ്യന്തി | തൃപ്തരാകുന്നില്ല. |
| കണ്ഡൂയനേന | ചൊറിച്ചൽ കൊണ്ടുണ്ടാവുന്ന | ധീരഃ | സ്ഥിരപ്രജ്ഞൻ |
| ഇവ ഹി | സുഖംപോലെത്തന്നെ | കണ്ഡൂതിവത് | ചൊറിച്ചലിനെ എന്നപോലെ |
| തുച്ഛം | നിസ്സാരവും | മനസിജം | കാമവേഗത്തെ |
| ദുഃഖദുഃഖം | ദുഃഖത്തിനുമേൽ ദുഃഖമേല്പിക്കുന്നതുമാകുന്നു. | വിഷഹേത | ചെറുക്കുന്നതാണു്. |

ഗൃഹസ്ഥവൃത്തിയിൽ കുടുങ്ങിക്കിടക്കുന്നവൎക്കു ലഭിക്കുന്ന സ്ത്രീസംഗാദിസുഖം അന്തഃസാരമില്ലാത്തതും ദുഃഖത്തോടുദുഃഖം വരുത്തിത്തീൎക്കുന്നതുമത്രേ. ചൊറിച്ചലുള്ള സ്ഥലത്തു രണ്ടുകൈകൊണ്ടും മാന്തിയാൽ ആദ്യം നേരിയ സുഖം തോന്നുമെങ്കിലും പി

ന്നെ അതു് അസഹ്യമായ പീഡതന്നെയാണുണ്ടാക്കുക. ഈ അനുഭവമാണ് ഗാർഹി കസുഖാനുഭവത്തിലും നേരിടുന്നതു്. പക്ഷേ കാമവശംഗതരായ വിവേകശൂന്യന്മാർക്ക് എത്രതന്നെ ദുഃഖമനുഭവിച്ചാലും വിരക്തിയുണ്ടാവുന്നില്ല. മനഃസ്ഥൈര്യമുള്ളവൻ ചൊറിച്ചൽ സഹിക്കുന്നപോലെ കാമാദിവേഗത്തെയും സഹിക്കുന്നു—അപ്പോൾ അതു തന്നെത്താൻ അടങ്ങുകയും ചെയ്യുന്നു.

''മൗനവ്രതാദിമോക്ഷോപായങ്ങളിലൂടെ അവർക്കും മുക്തി സിദ്ധിക്കുമെന്നിരിക്കേ എന്റെ കാരുണ്യമെന്തിനു്?'' എന്നാണ് ഭഗവാന്റെ അഭിപ്രായമെങ്കിൽ അതിന്റെ വൈഷമ്യം എടുത്തു പറയുന്നു—

46. മൗനവ്രതശ്രുതതപോഽധ്യയനസ്വധർമ്മ-
വ്യാഖ്യാരഹോജപസമാധയ ആപവർഗ്യാഃ
പ്രായഃ പരം പുരുഷ തേ ത്വജിതേന്ദ്രിയാണാം
വാർത്താ ഭവന്ത്യുത ന വാത്ര തു ദാംഭികാനാം.

| | | | |
|---|---|---|---|
| മൗന- | മൗനനിഷ്ഠ, | തേ തു | അവയാകട്ടെ |
| വ്രത- | വ്രതാനുഷ്ഠാനം, | പ്രായഃ | അധികപക്ഷവും |
| ശ്രുത— | സൽക്കഥാദിശ്രവണം, | അജിതേ-ന്ദ്രിയാണാം | ഇന്ദ്രിയജയം സാധിക്കാത്തവർക്ക് |
| തപഃ | തപശ്ചര്യ, | അത്ര തു | ഈ ലോകത്തിൽ |
| അധ്യയന- | വേദാധ്യയനം, | വാർത്താഃ പരം | ജീവനോപായങ്ങളായിട്ടു മാത്രം |
| സ്വധർമ്മ- | സ്വധർമ്മാചരണം, | ഭവന്തി | ഭവിക്കുന്നു. |
| വ്യാഖ്യാ- | ശാസ്ത്രാർത്ഥവ്യാഖ്യാനം, | ദാംഭികാനാം | ദാംഭികന്മാർക്ക് |
| രഹഃ— | ഏകാന്തവാസം, | ഉത ന വാ | അതും ഉണ്ടായില്ലെന്നു വരാം. |
| ജപ— | ഭഗവന്നാമജപം, | | |
| സമാധയഃ | ഭഗവദ്ധ്യാനം എന്നിവ | | |
| ആപവർഗ്യാഃ | മോക്ഷസാധനങ്ങളാണ്. | | |
| പുരുഷ | ഹേ അന്തര്യാമിൻ! | | |

പ്രഭോ! സർവാന്തര്യാമിയായ അവിടുത്തേക്ക് അറിയാത്ത കാര്യമില്ലല്ലോ. മൗനനിഷ്ഠ, വ്രതാനുഷ്ഠാനം എന്നിങ്ങനെ മോക്ഷപ്രാപ്തിക്കു പത്തു മാർഗ്ഗങ്ങൾ പറയപ്പെട്ടിട്ടുണ്ട്. പക്ഷേ ഇവയെല്ലാം ഇന്ദ്രിയജയം സാധിച്ചിട്ടില്ലാത്ത സകാമന്മാരെ സംബന്ധിച്ചിടത്തോളം ഉപജീവനത്തിനുള്ള ഉപായങ്ങൾ മാത്രമാണ്. ലോകസമക്ഷം തന്റെ വലിപ്പം കാട്ടണമെന്ന ഡംഭ് അകമേ വച്ചുകൊണ്ട് ഈ നിഷ്ഠകളിൽ ഏർപ്പെടുന്നവർക്കു അതുകൂടിയും സാധ്യമായില്ലെന്നുവരാം. മുക്തിക്കെന്നല്ല, ഭുക്തിക്കും ഉതകാതെ വന്നേക്കാം.

സകാമന്മാരുടെ മൗനവ്രതാദികൾകൊണ്ടു നിന്തിരുവടിയുടെ യഥാർത്ഥ ജ്ഞാനം ഉണ്ടാകയില്ലെന്നും നിഷ്കാമഭക്തിയോഗം മാത്രമേ അതിന്നുപകരിക്കയുള്ളവെന്നും ഇനി മൂന്നു ശ്ലോകങ്ങളാൽ ഉപപാദിക്കുന്നു—

47. രൂപേ ഇമേ സദസതീ തവ വേദസൃഷ്ടേ
ബീജാങ്കുരാവിവ ന ചാന്യദരൂപകസ്യ
യുക്താഃ സമക്ഷമുഭയത്ര വിചിന്വതേ ത്വാം
യോഗേന വഹ്നിമിവ ദാരുഷു നാന്യതഃ സ്യാത്

| | | | |
|---|---|---|---|
| ബീജാങ്കുരൗ | വിത്തും മുളയും | യോഗേന | ഭക്തിയോഗത്തിലൂടെ |
| ഇവ | എന്നപോലെ ബന്ധപ്പെട്ട | ഉഭയത്ര | കാര്യകാരണങ്ങൾ രണ്ടിലും |
| സദസതീ | കാരണവും കാര്യവുമാവുന്ന | | അനുഗതനായ |
| ഇമേ രൂപേ | ഈ രണ്ടുരൂപങ്ങൾ | ത്വാം | നിന്തിരുവടിയെ |
| തവ | നിന്തിരുവടിക്കു് | ദാരുഷു | അരണിമരക്കട്ടകളിൽ |
| വേദസൃഷ്ടേ | വേദത്താൽ വെളി | വഹ്നിം | അഗ്നിയെ |
| | വാക്കപ്പെട്ടിരിക്കുന്നു. | ഇവ | എന്നപോലെ |
| അരൂപസ്യ | പ്രാകൃതികരൂപമില്ലാത്ത | സമക്ഷം | പ്രത്യക്ഷരൂപത്തിൽ |
| (തവ) | നിന്തിരുവടിക്കു് | വിചിന്വതേ | തേടിപ്പിടിക്കുന്നു. |
| അന്യത് | മറ്റൊരു രൂപം | അന്യതഃ | മറ്റൊന്നിൽനിന്നും |
| ന ച | ഇല്ല തന്നെ. | ന സ്യാത് | (ഭവൽസാക്ഷാൽക്കാരം) |
| യുക്താഃ | യോഗിമാർ | | ഉണ്ടാകയില്ല. |

വിത്തും മുളയും എന്നപോലെ അന്യോന്യപൂരകങ്ങളായ രണ്ടു രൂപങ്ങൾ നിന്തിരുവടിക്കുണ്ടെന്നു വേദങ്ങൾ ഉദ്ഘോഷിക്കുന്നു. സദ്രൂപവും, അസദ്രൂപവും— കാരണസ്വരൂപവും, കാര്യസ്വരൂപവും. വാസ്തവത്തിൽ ഇവ രണ്ടിലും സദാ അനുഗതനായിരിക്കുന്ന എന്നല്ലാതെ നിന്തിരുവടിക്കു് വേറെ ഭൗതികമായ രൂപമില്ല. അകയാൽ, മഥനംകൊണ്ടു് അരണിയിൽനിന്നു് അഗ്നിയെ സാക്ഷാല്ക്കരിക്കുന്നപോലെ കാര്യകാരണങ്ങൾ രണ്ടിലും ഉൾക്കൊണ്ടിരിക്കുന്ന നിന്തിരുവടിയെ പരമഹംസന്മാർ ഭക്തിയോഗത്താൽ വേർതിരിച്ചെടുത്തു സാക്ഷാൽക്കരിക്കുന്നു. ഇതുതന്നെയാണു് യഥാർത്ഥജ്ഞാനം.

ഭഗവാൻെറ ഈ സദസദ്രൂപത്വം ഇനി വ്യക്തമാക്കുന്നു—

48. ത്വം വായുരഗ്നിരവനിർവിയദംബു മാത്രാഃ
പ്രാണേന്ദ്രിയാണി ഹൃദയം ചിദനുഗ്രഹശ്ച
സർവ്വം ത്വമേവ സഗുണോ വിഗുണശ്ച ഭൂമൻ
നാന്യത് ത്വദസ്ത്യപി മനോവചസാ നിരുക്തം.

| | | | |
|---|---|---|---|
| ഭൂമൻ | ഹേ വിശ്വാത്മാവേ ! | പ്രാണേ-ന്ദ്രിയാണി | പ്രാണങ്ങളും ഇന്ദ്രിയങ്ങളും, |
| വായുഃ അഗ്നിഃ | വായുവും അഗ്നിയും | | |
| അവനിഃ | ഭൂമിയും | ഹൃദയം | മനസ്സും. |
| വിയത് | ആകാശവും. | ചിത് | ചിത്തവും |
| അംബു | ജലവും | അനുഗ്രഹഃ ച ത്വം | അഹങ്കാരവും നിന്തിരുവടിയാകുന്നു. |
| മാത്രാഃ | തന്മാത്രകളും | | |

| | | | |
|---|---|---|---|
| സഗുണഃ | സഗുണനായും | സർവ്വം | എല്ലാം |
| വിഗുണഃ ച | നിർഗ്ഗുണനായും വർത്തി ക്കുന്നു. | ത്വം ഏവ | നിന്തിരുവടിതന്നെ. |
| | | ത്വത് അപി | നിന്തിരുവടിയിൽനിന്നും |
| മനോ— വചസാ | മനസ്സാലും വചസ്സാലും | അന്യത് | അന്യമായിട്ട് |
| നിരുക്തം | നിർവ്വചിക്കപ്പെട്ടത് | ന അസ്തി | ഒന്നുമേ ഇല്ല |

പ്രഭോ ! അവിടുന്ന വിശ്വത്തിന്റെ ആധാരവും ആകാരവുമാണ്. പൃഥിവ്യാദിപഞ്ചമഹാഭൂതങ്ങളും അവയുടെ തന്മാത്രകളും പ്രാണേന്ദ്രിയങ്ങളും മനസ്സ്, ചിത്തം, അഹങ്കാരം എന്നീ അന്തഃകരണവൃത്തികളും സഗുണനിർഗ്ഗുണഭേദേന—സ്ഥൂലസൂക്ഷ്മഭേദേന മനസ്സിനും വാക്കിനും വിഷയീഭവിക്കുന്ന എല്ലാറ്റും നിന്തിരുവടിയല്ലാതെ മറ്റൊന്നുമല്ല.

എങ്കിലും ഭക്തിഹീനന്മാർക്ക് അവരിൽത്തന്നെ വിളങ്ങുന്ന ഭഗവദ്രൂപത്തെ സാക്ഷാൽക്കരിക്കുവാൻ ആകുന്നില്ലെന്നു ഇനി പറയുന്നു.

49. നൈതേ ഗുണാ ന ഗുണിനോ മഹദാദയോ യേ
സർവ്വേ മനഃപ്രഭൃതയഃ സഹദേവമർത്ത്യാഃ
ആദ്യന്തവന്ത ഉരുഗായ വിദന്തി ഹി ത്വാ—
മേവം വിമൃശ്യ സുധിയോ വിരമന്തി ശബ്ദാത്.

| | | | |
|---|---|---|---|
| ഏതേ ഗുണാഃ | ഈ സത്ത്വാദി ഗുണങ്ങളും | ന വിദന്തി ഏവ | അവർ അറിയുന്നതു തന്നെയില്ല. |
| മഹദാദയഃ | മഹത്തത്ത്വാദികളും | | |
| മനഃപ്രഭൃതയഃ | മനസ്സുമുതലായവും | ഉരുഗായ | ബഹുധാ കീർത്തനീയനായുള്ളോവേ! |
| സഹദേവ— മർത്ത്യാഃ | ദേവകൾ, മനുഷ്യർ എന്നിവരെല്ലാമുൾക്കൊള്ളുന്ന | സുധിയഃ | വിദ്വാന്മാർ |
| ഗുണിനഃ | ഗുണാഭിമാനികളായ | ഏവം | ഇപ്രകാരം |
| യേ | യാവചിലരുണ്ടോ, അവരും | വിമൃശ്യ | ചിന്തിച്ച് |
| ആദ്യന്തവന്തഃ | ആദിയും അന്തവുമുള്ളവരാകുന്നു. | ശബ്ദാത് | ശബ്ദപ്രധാനമായ വേദത്തിൽനിന്ന് |
| ഹി ത്വാം | ആകയാൽ അങ്ങയെ | വിരമന്തി | വിട്ടുനില്ക്കുന്നു |

സത്ത്വാദി പ്രകൃതിഗുണങ്ങളും, മഹത്തത്ത്വാദി പ്രകൃതിവികൃതികളും, മനസ്സ്—ബുദ്ധി—ചിത്തം—അഹങ്കാരം എന്നിങ്ങനെയുള്ള അന്തഃകരണവൃത്തികളും, പ്രകൃതിഗുണങ്ങളോടു ബന്ധപ്പെട്ട ദേവമാനുഷാദിവർഗ്ഗങ്ങളും ആദ്യന്തങ്ങളുള്ളവയാണ്. നിന്തിരുവടിയാകട്ടെ ഗുണാതീതനാകയാൽ ആദ്യന്തരഹിതനുമാകുന്നു. ആകയാൽ ഇവയ്ക്കെല്ലാം ഭവാൻ അജ്ഞാതനത്രേ. ഈ വസ്തുത ഗ്രഹിച്ചിട്ടുള്ള വിദ്വാന്മാരായ ഭക്തിയോഗികൾ ശബ്ദപ്രധാനങ്ങളായ വേദസൂക്തങ്ങൾ ഉരുവിടുന്നതിൽനിന്നു വിരമിച്ച് മനഃസംയമത്തിലൂടെ നിന്തിരുവടിയെ ഉപാസിക്കുന്നു.

വേദാധ്യയനാദികൾ ചിത്തശുദ്ധിവരുത്തുമെന്നല്ലാതെ ആത്മതത്ത്വത്തിലേക്കു് എത്തിക്കുന്നില്ല. അതിനു് ഉപാസനതന്നെവേണം. ''കിമർത്ഥാ വയം അധ്യേഷ്യാമഹേ?'' (എന്തിനാണു് നമ്മൾ അധ്യയനം ചെയ്യുന്നതു്?) എന്ന ശ്രുതിവാക്യവും ''നാനുധ്യായേദ് ബഹൂൻ ശബ്ദാൻ വാചോ വിഗ്ലാപനം ഹി തത്'' (അനേകം ശബ്ദങ്ങളെ അധ്യയനം ചെയ്യരുതു്, വാഗിന്ദ്രിയത്തെ ക്ഷീണിപ്പിക്കുകമാത്രമാണതു്) എന്ന സ്മൃതിവചനവും ഈ പ്രസ്താവത്തെ സാധൂകരിക്കുന്നു.

അടുത്ത ശ്ലോകത്തോടെ സ്തുതി ഉപസംഹരിക്കുന്നു.

50. തന്തേഽർഹത്തമ നമഃസ്തുതികർമ്മപൂജാഃ
കർമ്മ സ്മൃതിശ്ചരണയോഃ ശ്രവണം കഥായാം
സംസേവയാ ത്വയി വിനേതി ഷഡംഗയാ കിം
ഭക്തിം ജനഃ പരമഹംസഗതൗ ലഭേത.

| | | | |
|---|---|---|---|
| അർഹത്തമ | സംപൂജ്യനായുള്ളോവേ! | ഇതി | എന്നിങ്ങനെ |
| തത് | അതു ഹേതുവായിട്ടു് | ഷഡംഗയാ | ആറംഗങ്ങളോടുകൂടിയ |
| തേ | നിന്തിരുവടിക്കായി | സംസേവയാ | സമ്യക്സേവനത്തോടു |
| നമഃസ്തുതി–കർമ്മപൂജാഃ | നമസ്കാരം, സ്തോത്രം, സമസ്തകർമ്മാർപ്പണം, | വിനാ | കൂടാതെ |
| കർമ്മ | പരിചരണം, | പരമ–ഹംസഗതൗ | പരമഹംസന്മാരുടെ പ്രാപ്യസ്ഥാനമായ |
| ചരണയോഃ | തൃപ്പാദങ്ങളുടെ | ത്വയി | നിന്തിരുവടിയിൽ |
| സ്മൃതിഃ | സ്മരണം, | ജനഃ | ജനം |
| കഥായാം | കഥയിലുള്ള | ഭക്തിം | ഭക്തിയെ |
| ശ്രവണം | ശ്രവണാസക്തി | ലഭേത കിം | ലഭിക്കുമോ? |

പരമസംപൂജ്യനായ മഹാപ്രഭോ! നിന്തിരുവടിയെ നമസ്കരിക്കുക, പ്രകീർത്തിക്കുക, പരിചരിക്കുക, സമസ്തകർമ്മങ്ങളും അർപ്പിച്ചുകൊണ്ടു പൂജിക്കുക, അവിടത്തെ പാദപദ്മങ്ങളെ സ്മരിക്കുക, ലീലാവതാരകഥകൾ കേൾക്കുക എന്നീ ആറു പ്രകാരത്തിലുള്ള യഥാർത്ഥസേവനം വഴിക്കല്ലാതെ പരമഹംസന്മാരുടെ പ്രാപ്യസ്ഥാനമായ നിന്തിരുവടിയിൽ ജനങ്ങൾക്കു് ഭക്തിയുറയ്ക്കുന്നതെങ്ങനെ? ഭക്തികൊണ്ടേ മുക്തിലഭിക്കൂ. ഭക്തിയാകട്ടെ നമസ്ക്രിയാദി ഷഡംഗയുക്തമായ സേവാധർമ്മത്തിലൂടെ ലഭിക്കേണ്ടതുമാകയാൽ അതിനുതകുന്ന 'ദാസ്യയോഗ'ത്തെ തന്നനുഗ്രഹിക്കുവാൻ കനിവുണ്ടാകണം.

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു.

51. ഏതാവദ്വർണ്ണിതഗുണോ ഭക്ത്യാ ഭക്തേന നിർഗ്ഗുണഃ
പ്രഹ്ലാദം പ്രണതം പ്രീതോ യതമന്യുരഭാഷത.

| | | | |
|---|---|---|---|
| ഭക്തേന | ഭക്തനാൽ | യതമന്യുഃ | പ്രശാന്തകോപനായും |
| ഭക്ത്യാ | ഭക്തിയോടെ | പ്രീതഃ | സന്തുഷ്ടനായും ഭവിച്ച്, |
| ഏതാവദ്—വർണ്ണിതഗുണഃ | ഇത്രത്തോളം വർണ്ണിക്കപ്പെട്ട ഗുണങ്ങളോടു കൂടിയവനും | പ്രണതം | വീണുവണങ്ങിനില്ക്കുന്ന |
| നിർഗുണഃ | സ്വതവേ നിർഗുണനായും ഇരിക്കുന്ന ഭഗവാൻ | പ്രഹ്ലാദം | പ്രഹ്ലാദനോട് |
| | | അഭാഷത | ഇങ്ങനെ പറഞ്ഞു |

ശ്രീ ഭഗവാനുവാച = ശ്രീനൃസിംഹഭഗവാൻ അരുളിച്ചെയ്തു.

52. പ്രഹ്ലാദ ഭദ്ര ഭദ്രം തേ പ്രീതോऽഹം തേऽസുരോത്തമ
വരം വൃണീഷ്വാഭിമതം കാമപൂരോസ്മ്യഹം നൃണാം.

| | | | |
|---|---|---|---|
| പ്രഹ്ലാദ | അല്ലയോ പ്രഹ്ലാദ ! | വരം | വരത്തെ |
| ഭദ്ര | ശോഭനാത്മാവേ ! | വൃണീഷ്വ | വരിച്ചുകൊള്ളുക. |
| തേ ഭദ്രം | നിനക്കു സ്വസ്തി. | അഹം | ഞാൻ |
| അസുരോത്തമ | ഹേ അസുരശ്രേഷ്ഠ ! | നൃണാം | ജീവരാശികളുടെ |
| അഹം തേ | ഞാൻ നിന്റെ നേക്ക് | കാമപൂരഃ | ആഗ്രഹങ്ങളെ നിറവേററുന്നവൻ |
| പ്രീതഃ | പ്രസന്നനായിരിക്കുന്നു. | | |
| അഭിമതം | വാഞ്ഛിതമായ | അസ്മി | ആകുന്നു. |

53. മാമപ്രീണത ആയുഷ്മൻദർശനം ദുർല്ലഭം ഹി മേ
ദൃഷ്ട്വാ മാം ന പുനർജന്തുരാത്മാനം തപ്തുമർഹതി.

| | | | |
|---|---|---|---|
| ആയുഷ്മൻ | ദീർഘായുസ്സുള്ളവനേ! | മാം | എന്നെ |
| മാം | എന്നെ | ദൃഷ്ട്വാ | കണ്ടതിൽപ്പിന്നെ |
| അപ്രീണതഃ | പ്രസാദിപ്പിക്കാത്തവന്ന് | ജന്തുഃ | ഒരു പ്രാണിയും |
| മേ | എന്റെ | ആത്മാനം | സ്വയം |
| ദർശനം | സാക്ഷാൽക്കാരം | തപ്തും | തപിക്കുവാൻ |
| ദുർല്ലഭം ഹി | ലഭിക്കുക പ്രയാസമാണല്ലോ | ന അർഹതി | അർഹിക്കുന്നില്ല. |

54. പ്രീണന്തി ഹ്യഥ മാം ധീരാഃ സർവഭാവേന സാധവഃ
ശ്രേയസ്കാമാ മഹാഭാഗാഃ സർവാസാമാശിഷാം പതിം.

| | | | |
|---|---|---|---|
| അഥ ഹി | ആയതുകൊണ്ട് | ശ്രേയസ്കാമാഃ | ശ്രേയസ്സിനെ ആഗ്രഹിക്കുന്നവരുമായ |
| ധീരാഃ | സ്ഥിരപ്രജ്ഞന്മാരും | | |
| സാധവഃ | ശുദ്ധചരിതന്മാരും | മഹാഭാഗാഃ | ഭാഗ്യശാലികൾ |

| | | | |
|---|---|---|---|
| സർവ്വാസാം | എല്ലാതരത്തിലുള്ള | സർവ്വഭാവേന | എല്ലാ പ്രകാരത്തിലും |
| ആശിഷാം | കാമിതങ്ങളുടെയും | പ്രീണന്തി | പ്രസാദിപ്പിക്കുന്നു |
| പതിം മാം | പാലകനായ എന്നെ | | |

55. ഏവം പ്രലോഭ്യമാനോഽപി വരൈർല്ലോകപ്രലോഭനൈഃ
ഏകാന്തിത്വാദ് ഭഗവതി നൈച്ഛത്താനസുരോത്തമഃ

| | | | |
|---|---|---|---|
| ലോകപ്രലോഭനൈഃ | സാധാരണജനങ്ങളെ പ്രലോഭിപ്പിക്കുന്ന | അസുരോത്തമഃ | അസുരന്മാരിൽ ഉത്തമനായ പ്രഹ്ലാദൻ |
| വരൈഃ | വരങ്ങളാംകൊണ്ടു് | ഭഗവതി | ഭഗവാനിൽ |
| ഏവം | ഇപ്രകാരം | ഏകാന്തിത്വാത് | നിരുപാധികഭക്തിയുള്ളവനാകയാൽ |
| പ്രലോഭ്യമാനഃ അപി | പ്രലോഭിപ്പിക്കപ്പെട്ടവനായെങ്കിലും | താൻ | അവയെ |
| | | ന ഐച്ഛത് | ആശിക്കയുണ്ടായില്ല |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
പ്രഹ്ലാദചരിതേ ഭഗവത്സ്തവോ നാമ നവമോഽധ്യായഃ.

ആദിതഃ ശ്ലോകാഃ 445.
സപ്തമസ്കന്ധത്തിൽ ഒമ്പതാമദ്ധ്യായം കഴിഞ്ഞു.

# ദശമോƨധ്യായഃ — അധ്യായം പത്തു്

## പ്രഹ്ലാദരാജ്യാഭിഷേകവും ത്രിപുര ദഹനോപാഖ്യാനവും

''ദശമേ ത്വനുഗ്രഹ്യാമും ഭക്തമന്തർഹിതേ ഹരൗ
പ്രസംഗാദ്ധരിണാ രുദ്രേ കൃതോƨനുഗ്രഹ ഈര്യതേ''

ഭഗവാൻ ശ്രീഹരി ഭക്തനായ പ്രഹ്ലാദനെ അനുഗ്രഹിച്ചു തിരോധാനം ചെയ്തതും, പിന്നെ പ്രാസംഗികമായി കഥിച്ച ത്രിപുരദഹനോപാഖ്യാനത്തിലൂടെ ശ്രീരുദ്രനെ അനുഗ്രഹിച്ച വൃത്താന്തവും പത്താമധ്യായത്തിൽ പറയുന്നു.

നാരദ ഉവാച = ശ്രീനാരദമുനി പറഞ്ഞു.

1. **ഭക്തിയോഗസ്യ തത്സർവമന്തരായതയാർഭകഃ
മന്യമാനോ ഹൃഷീകേശം സ്മയമാന ഉവാച ഹ**

| | | | |
|---|---|---|---|
| അർഭകഃ | ബാലനായ പ്രഹ്ലാദൻ | മന്യമാനഃ | ചിന്തിച്ചുകൊണ്ടും |
| തത്സർവ്വം | അതെല്ലാം | സ്മയമാനഃ | പുഞ്ചിരിച്ചുകൊണ്ടും |
| ഭക്തി- യോഗസ്യ | ഭക്തിയോഗത്തിനു് | ഹൃഷീകേശം | ഭഗവാനോടായി |
| അന്തരാ- യതയാ | വിഘ്നമായിത്തീരുമെന്ന നിലപാടിലൂടെ | ഉവാച ഹ | പറഞ്ഞു. ആശ്ചര്യം ! |

പ്രഹ്ലാദ ഉവാച = പ്രഹ്ലാദൻ പറഞ്ഞു—

2. **മാ മാം പ്രലോഭയോത്പത്ത്യാ സക്തം കാമേഷു തൈർവരൈഃ
തത്സംഗഭീതോ നിർവിണ്ണോ മുമുക്ഷുസ്ത്വാമുപാശ്രിതഃ**

| | | | |
|---|---|---|---|
| ഉത്പത്ത്യാ | ജനനാൽത്തന്നെ | തത്സംഗ- ഭീതഃ | അവയുടെ സമ്പർക്കത്തിൽ നിന്നു ഭീതനായി |
| കാമേഷു | വിഷയാശകളിൽ | നിർവിണ്ണഃ | നിർവേദമനുഭവിക്കുന്ന ഞാൻ |
| സക്തം | അഭിനിവേശമുള്ള | | |
| മാം | എന്നെ | | |
| തൈഃ | അങ്ങനെയുള്ള | മുമുക്ഷുഃ | മോക്ഷാർത്ഥിയായിട്ടു് |
| വരൈഃ | വരങ്ങൾകൊണ്ടു് | ത്വാം | നിന്തിരുവടിയെ |
| മാ പ്രലോഭയ | ആശകൊള്ളിക്കരുതു്. | ഉപാശ്രിതഃ | ശരണം പ്രാപിച്ചവനാകുന്നു. |

'വരം വൃണീഷ്വാഭിമതം' എന്നു ഭഗവാനരുളിച്ചെയ്തതു സ്വഭക്തന്റെ മനസ്സിൽ വിഷയാഭിമുഖ്യമുണ്ടാക്കാനുള്ള പ്രചോദനമായിരിക്കയില്ലെന്നും, ഉദ്ദേശ്യം വേറെയായിരിക്കണമെന്നുമുള്ള അഭിപ്രായത്തിൽ ഇനി പറയുന്നു—

**3.** ഭൃത്യലക്ഷണജിജ്ഞാസുർഭക്തം കാമേഷ്വചോദയത്
ഭവാൻ സംസാരബീജേഷു ഹൃദയഗ്രന്ഥിഷു പ്രഭോ

| | | | |
|---|---|---|---|
| പ്രഭോ | ഹേ പ്രഭോ! | സംസാര— ബീജേഷു | ജനിമൃതിരൂപമായ സംസൃതിക്ക വിത്തുകളായും |
| ഭവാൻ | നിന്തിരുവടി | ഹൃദയ— ഗ്രന്ഥിഷു | ഹൃദയത്തിന്റെ ഊരാക്കുടുക്കുകളായുമുള്ള |
| ഭൃത്യലക്ഷണ- ജിജ്ഞാസുഃ | ഭൃത്യന്റെ (ഭക്തന്റെ) ലക്ഷണമറിയുവാനുള്ള ഉദ്ദേശ്യം വച്ചുകൊണ്ട് | കാമേഷു | വിഷയാശകളിൽ |
| ഭക്തം | ഭക്തനായ എന്നെ | അചോദയത് | പ്രേരിപ്പിച്ചതാകാം |

യഥാർത്ഥ ഭൃത്യനെ തിരിച്ചറിയേണ്ടുന്നതെങ്ങനെയാണെന്നു പറയുന്നു.

**4.** നാന്യഥാ തേഽഖിലഗുരോ ഘടേത കരുണാത്മനഃ
യസ്ത ആശിഷ ആശാസ്തേ ന സ ഭൃത്യഃ സ വൈ വണിക്

| | | | |
|---|---|---|---|
| അന്യഥാ | ഭൃത്യലക്ഷണജ്ഞാനത്തിനല്ലെങ്കിൽ, | തേ | നിന്തിരുവടിയുടെ അടുക്കൽനിന്നു് |
| അഖിലഗുരോ | ഹേ ജഗദ്ഗുരോ! | ആശിഷഃ | സ്വാഭീഷ്ടവരങ്ങളെ |
| കരുണാത്മനഃ | കാരുണാമൂർത്തിയായ | ആശാസ്തേ | നേടുവാനിച്ഛിക്കുന്നുവോ, |
| തേ | അവിടുത്തേക്കു് | സഃ | അവൻ |
| ന ഘടേത | ഇതു് ചേർന്നതല്ല. | ന ഭൃത്യഃ | യഥാർത്ഥഭൃത്യനല്ല; |
| യഃ | ഏതൊരുവൻ | സഃ വൈ | അവൻ കേവലം |
| | | വണിക് | കച്ചോടക്കാരനാണു്. |

പ്രഭുവിൽനിന്നു പ്രതിഫലം കാംക്ഷിക്കുന്ന ഭൃത്യന്മാരും പ്രഭുതസ്സുവേണ്ടി ഭൃത്യന്മാരെ പ്രീണിപ്പിക്കുന്ന പ്രഭുക്കന്മാരും തമ്മിലുള്ള സേവ്യസേവകഭാവം താത്ത്വികമല്ലെന്നു് ഇനി പറയുന്നു—

**5.** ആശാസാനോ ന വൈ ഭൃത്യഃ സ്വാമിന്യാശിഷ ആത്മനഃ
ന സ്വാമീ ഭൃത്യതഃ സ്വാമ്യമിച്ഛൻ യോ രാതി ചാശിഷഃ

| | | | |
|---|---|---|---|
| സ്വാമിനി | പ്രഭുവിന്റെ അടുക്കൽ നിന്നു് | സ്വാമ്യം | തന്റെ പ്രഭുത്വം |
| | | ഇച്ഛൻ | ആഗ്രഹിച്ചുകൊണ്ടു് |
| ആത്മനഃ | തനിക്കുവേണ്ടുന്ന | യഃ സ്വാമീ | യാതൊരു പ്രഭു |
| ആശിഷഃ | അഭീഷ്ടങ്ങളെ | ആശിഷഃ | അവന്റെ അഭീഷ്ടങ്ങളെ |
| ആശാസാനഃ | നിറവേററുന്നവൻ | രാതി | പ്രദാനം ചെയ്യുന്നുവോ |
| ഭൃത്യഃ | യഥാർത്ഥസേവകൻ | (സഃ) | അവൻ |
| ന വൈ | ആകയില്ലല്ലോ. | ന സ്വാമീ ച | പ്രഭുവുമല്ല. |
| ഭൃത്യതഃ | സേവകന്റെ അടുക്കൽ നിന്നു് | | |

''എന്നാൽ നാമിരുവരും തമ്മിലുള്ള സ്വാമിഭൃത്യഭാവം അന്യോന്യ നിരപേക്ഷത കൊണ്ട് താത്ത്വികവും ഫലാഭിസന്ധിരഹിതവുമാണെന്ന്''' ഉണർത്തിക്കുന്നു—

6. **അഹം ത്വകാമസ്ത്വദ്ഭക്തസ്ത്വം ച സ്വാമ്യനപാശ്രയഃ**
**നാന്യഥേഹാവയോരർത്ഥോ രാജസേവകയോരിവ**

| | | | |
|---|---|---|---|
| അഹം തു | ഞാനാകട്ടെ | ഇവ | ഉള്ളതുപോലെ |
| അകാമഃ | നിഷ്കാമനായി | അന്യഥാ | മറെറാരുതരത്തിലുള്ള (അന്യോന്യം പ്രയോജനാപേക്ഷയുള്ള) |
| ത്വദ്ഭക്തഃ | നിന്തിരുവടിയെ സേവിക്കുന്ന ഭക്തനാണ്; | | |
| ത്വം ച | നിന്തിരുവടിയോ | അർത്ഥഃ | സംബന്ധം |
| അനപാശ്രയഃ | ഭൃത്യനിരപേക്ഷതയുള്ള | ആവയോഃ | നമുക്കിരുവർക്കും തമ്മിൽ |
| സ്വാമീ | യജമാനനുമാകുന്നു | ഇഹ ന | ഇങ്ങില്ലാത്തതാണ് |
| രാജ-സേവകയോഃ | രാജാവിനും സേവകനും തമ്മിൽ | | |

''ശരി, സമ്മതിച്ചു. എങ്കിലും വരദാനോത്സുകനായ എന്റെ സന്തോഷത്തിനു വേണ്ടി ഏതെങ്കിലും ഒരു വരം വരിക്കണം'' എന്നാണെങ്കിൽ—

7. **യദി രാസീശ മേ കാമാൻ വരാംസ്ത്വം വരദർഷഭ**
**കാമാനാം ഹൃദ്യസംരോഹം ഭവതസ്തു വൃണേ വരം.**

| | | | |
|---|---|---|---|
| ഈശ | സ്വാമിൻ ! | ഹൃദി | എന്റെ മനസ്സിൽ |
| വരദർഷഭ | വരദരാജ ! | കാമാനാം | (കാമങ്ങളുടെ) ആശകളുടെ |
| ത്വം | നിന്തിരുവടി | അസംരോഹം | നാമ്പുകിളർക്കാതിരിക്കുക എന്ന രൂപത്തിലുള്ള |
| മേ | എനിക്ക് | | |
| കാമാൻ | ആശിക്കുന്ന | വരം തു | വരത്തെമാത്രം |
| വരാൻ | വരങ്ങളെ | ഭവതഃ | നിന്തിരുവടിയിൽനിന്നു് |
| യദി രാസി | തരികയാണെങ്കിൽ | വൃണേ | വരിച്ചുകൊള്ളുന്നു |

ആശകളുണ്ടായാലുള്ള വൈഷമ്യത്തെക്കുറിച്ച് ഇനി പറയുന്നു—

8. **ഇന്ദ്രിയാണി മനഃ പ്രാണ ആത്മാ ധർമ്മോ ധൃതിർമ്മതിഃ**
**ഹ്രീഃ ശ്രീസ്തേജഃ സ്മൃതിഃ സത്യം യസ്യ നശ്യന്തി ജന്മനാ.**

| | | | |
|---|---|---|---|
| യസ്യ | യാതൊരു ആശാങ്കുരത്തിന്റെ | മനഃ പ്രാണഃ | മനസ്സ്, പ്രാണൻ, |
| ജന്മനാ | ഉൽപ്പത്തിനിമിത്തം | ആത്മാ | ശരീരം, |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങളും, | ധർമ്മഃ | സദാചാരം, |

| | | | |
|---|---|---|---|
| ധൃതിഃ മതിഃ | ബുദ്ധി, ധൈര്യം, | സത്യം | സത്യം എന്നിവ |
| ഹ്രീഃ ശ്രീഃ | ലജ്ജ, ഐശ്വര്യം, | നശ്യന്തി | നശിക്കുന്നു |
| സ്മൃതിഃ | ഓർമ്മശക്തി, | | |

ആശകളെ ഉപേക്ഷിച്ചാലുള്ള ഗുണമെന്തെന്നു പറയുന്നു—

9. **വിമുഞ്ചതി യദാ കാമാൻ മാനവോ മനസി സ്ഥിതാൻ**
**തർഹ്യേവ പുണ്ഡരീകാക്ഷ ഭഗവത്ത്വായ കല്പതേ.**

| | | | |
|---|---|---|---|
| പുണ്ഡരീ–കാക്ഷ | ശരീരാന്തഃസ്ഥിതമായ ഹൃത്പുണ്ഡരീകത്തിൽ സ്ഥിതനായുള്ളോവേ! | കാമാൻ | കാമങ്ങളെ |
| | | യദാ | എന്നു് |
| | | വിമുഞ്ചതി | ഉപേക്ഷിക്കുന്നുവോ, |
| മാനവഃ | മനുഷ്യൻ | തർഹി ഏവ | അന്നുതന്നെ |
| മനസി | മനസ്സിൽ | ഭഗവത്ത്വായ | ഭഗവൽസാരൂപ്യത്തിന്നു് |
| സ്ഥിതാൻ | സ്ഥലം പിടിച്ചിരിക്കുന്ന | കല്പതേ | അർഹനായിത്തീരുന്നു. |

നിർദ്ദോഷങ്ങളായ ഭോഗസുഖങ്ങളെ അനുഗ്രഹിച്ചേകുവാൻ അഭിലാഷം കൊള്ളുന്ന നൃസിംഹമൂർത്തിയെ തദുദ്യമത്തിൽനിന്നു് വിരമിപ്പിക്കുവാൻവേണ്ടി ഇങ്ങനെ സ്തുതിച്ചു നമസ്കരിക്കുന്നു—

10. **നമോ ഭഗവതേ തുഭ്യം പുരുഷായ മഹാത്മനേ**
**ഹരയേഽദ്ഭുതസിംഹായ ബ്രഹ്മണേ പരമാത്മനേ**

| | | | |
|---|---|---|---|
| ഭഗവതേ | സമഗ്രൈശ്വര്യാദിഷഡ്ഗുണോപേതനായി— | പരമാത്മനേ | പ്രപഞ്ചാതീതമായ നിത്യചൈതന്യമായി — |
| പുരുഷായ | സമസ്തദേഹാന്തരവർത്തിയായി | അദ്ഭുത–സിംഹായ | ആശ്ചര്യകരമായ നൃസിംഹരൂപം പൂണ്ടിരിക്കുന്നവനുമായ |
| മഹാത്മനേ | അത്യുദാരമനസ്സനായി— | | |
| ഹരയേ | സമസ്തപാപസംഹർത്താവായി— | തുഭ്യം | നിന്തിരുവടിക്കു് |
| ബ്രഹ്മണേ | അഖണ്ഡസച്ചിത് സ്വരൂനായി | നമഃ | നമസ്കാരം. |

നൃസിംഹ ഉവാച = നൃസിംഹഭഗവാൻ അരുളിച്ചെയ്തു —

11. **നൈകാന്തിനോ മേ മയി ജാത്വിഹാശിഷ**
**ആശാസതേഽമുത്ര ച യേ ഭവദ്വിധാഃ**
**അഥാപി മന്വന്തരമേതദത്ര**
**ദൈത്യേശ്വരാണാമനുഭുങ്ക്ഷ്വ ഭോഗാൻ**

| | | | |
|---|---|---|---|
| ഭവദ്വിധാഃ | നിന്റെ നിലയിലുള്ളവരായ | അഥാപി | എന്നിരിക്കിലും (എന്റെ പ്രീതിക്കുവേണ്ടി) |
| മേ | എന്റെ | ഏതത് | ഈ നിലവിലുള്ള |
| ഏകാന്തിനഃ | നിരുപാധിക ഭക്തന്മാർ | മന്വന്തരം | മന്വന്തരം മുഴുവനും |
| യേ | യാതൊരുവരും | അത്ര | ഈ ലോകത്തിൽ |
| ഇഹ | ഇഹലോകത്തിലും | ദൈത്യേശ്വരാണാം | അസുരചക്രവർത്തിമാർക്കുള്ള |
| അമുത്ര ച | പരലോകത്തിലുമുള്ള | ഭോഗാൻ | സുഖാനുഭവങ്ങളെ |
| ആശിഷഃ | സുഖാനുഭവങ്ങളെ | അനുഭുംക്ഷ്വ | അനുഭവിച്ചാലും |
| മയി | എന്റെ അടുക്കൽ | | |
| ജാതു | ഒരിക്കലും | | |
| ന ആശാസതേ | പ്രാർത്ഥിക്കുമാറില്ല. | | |

നിഷ്കാമഭക്തനായ താൻ ഭഗവാന്റെ അജ്ഞയ്ക്കു വഴങ്ങി മന്വന്തരം കഴിവോളം അസുരാധിപത്യം സ്വീകരിച്ചു സുഖിച്ചിരിക്കുന്നപക്ഷം കർമ്മബന്ധത്തിൽ കുടുങ്ങുമല്ലോ എന്ന പ്രഹ്ലാദന്റെ ഭയത്തെ അടുത്ത രണ്ടു ശ്ലോകംകൊണ്ടു ദൂരീകരിക്കുന്നു—

12. കഥാ മദീയാ ജുഷമാണഃ പ്രിയാസ്ത്വ-
മാവേശ്യ മാമാത്മനി സന്തമേകം
സർവേഷു ഭൂതേഷ്വധിയജ്ഞമീശം
യജസ്വ യോഗേന ച കർമ്മ ഹിന്വൻ

| | | | |
|---|---|---|---|
| പ്രിയാഃ | പ്രീതികരങ്ങളായ | ഏകം ഈശം | ഏകേശ്വരനുമായ |
| മദീയാഃ | എന്നെ സംബന്ധിച്ചു | മാം | എന്നെ |
| കഥാഃ | കഥകളെ | ആത്മനി | ആത്മാവിൽ |
| ജുഷമാണഃ | ആസ്വദിച്ചുകൊണ്ടും, | ആവേശ്യ | ആവേശിപ്പിച്ച് |
| സർവേഷു | സകലങ്ങളായ | യോഗേന | ആ എന്നിൽ ഉറപ്പിച്ചു |
| ഭൂതേഷു | ചരാചരങ്ങളിൽ | | അർപ്പണബുദ്ധിയാൽ |
| സന്തം | നിവസിക്കുന്നവനും | കർമ്മ | കർമ്മത്തെ |
| അധിയജ്ഞം | യജ്ഞങ്ങളുടെ | ഹിന്വൻ ച | ത്യജിച്ചുകൊണ്ടും |
| | അധിഷ്ഠാതാവും | യജസ്വ | ഉപാസിക്കുക. |

ഫലാഭിസന്ധിയില്ലാതെ അർപ്പണബുദ്ധ്യാ അനുഷ്ഠിക്കുന്ന കർമ്മം ബന്ധഹേതുവാകയില്ലെന്നു സാരം.

13. ഭോഗേന പുണ്യം കുശലേന പാപം
കലേവരം കാലജവേന ഹിത്വാ
കീർത്തിം വിശുദ്ധാം സുരലോകഗീതാം
വിതായ മാമേഷ്യസി മുക്തബന്ധഃ

| | | | |
|---|---|---|---|
| ഭോഗേന | സുഖാനുഭൂതിയിലൂടെ | കീർത്തിം | കീർത്തിയെ |
| പുണ്യം | പ്രാക്തനപുണ്യ ഫലത്തെയും | വിതായ | പരത്തിയശേഷം |
| | | കാലജവേന | കാലത്തിന്റെ പ്രഗതിയാൽ |
| കുശലേന | പുണ്യാചരണത്തിലൂടെ | | |
| പാപം | പ്രാക്തനപാപ ഫലത്തെയും | കലേവരം | ശരീരത്തെയും |
| | | (ഹിത്വാ) | വെടിഞ്ഞ് |
| ഹിത്വാ | അനുഭവിച്ചുതീർത്ത് * | മുക്തബന്ധഃ | കർമ്മബന്ധത്തിൽനിന്നു മുക്തനായിട്ട് |
| സുരലോക-ഗീതാം | ദേവലോകത്തിൽപ്പോലും പുകഴ്ത്തപ്പെട്ട | മാം | എന്നെ |
| വിശുദ്ധാം | അതിനിർമ്മലമായ | ഏഷ്യസി | പ്രാപിച്ചുകൊള്ളും |

*''പുണ്യപാപങ്ങളുടെ ഫലത്തെ അനുഭവിച്ചു തീർത്ത്''' എന്നു പറഞ്ഞതു് പ്രാരബ്ധം അനുഭവിച്ചു തീർക്കുക എന്ന പൊതുനിയമം അനുസരിച്ചുമാത്രമാണ്. അങ്ങനെ പറഞ്ഞില്ലെങ്കിൽ പ്രഹ്ലാദനു് രാജ്യഭരണത്തിൽ പ്രസക്തിയുണ്ടാകയില്ലല്ലോ. വാസ്തവത്തിൽ പ്രഹ്ലാദൻ ബ്രഹ്മജ്ഞനാകയാൽ പ്രാരബ്ധനിർമ്മുക്തനാണ്. ബ്രഹ്മജ്ഞാനികൾ പൂർവ്വാപരപ്രാരബ്ധകർമ്മം ബാധകമാകയില്ലെന്നാണ് വേദാന്തസിദ്ധാന്തം. ആകയാൽ ഈ ഭഗവദ്വചനം ലോകസംഗ്രഹാർത്ഥമെന്നേ കരുതുവാനുള്ളൂ.

14. യ ഏതത് കീർത്തയേന്മഹ്യം ത്വയാ ഗീതമിദം നരഃ
ത്വാം ച മാം ച സ്മരൻ കാലേ കർമ്മബന്ധാത് പ്രമുച്യതേ

| | | | |
|---|---|---|---|
| ത്വാം ച | നിന്നെയും | ഏതത് | ഈ സ്തോത്രത്തെ |
| മാം ച | എന്നെയും | യഃ നരഃ | ഏതൊരു മനുഷ്യൻ |
| ഇദം ച | ഈ ചരിതത്തെയും | കീർത്തയേത് | കീർത്തിക്കുമോ, |
| സ്മരൻ | സ്മരിച്ചുകൊണ്ടു്, | സഃ | അവനുംകൂടി |
| മഹ്യം | എന്നെ ഉദ്ദേശിച്ച് | കാലേ | തക്കകാലത്തിൽ |
| ത്വയാ | നിന്നാൽ | കർമ്മബന്ധാത് | കർമ്മബന്ധത്തിൽനിന്നു് |
| ഗീതം | ഗാനം ചെയ്യപ്പെട്ട | പ്രമുച്യതേ | നിർമ്മുക്തനായിത്തീരും |

''കീർത്തിക്കുന്നവൻകൂടി നിർമ്മുക്തനാകുമെന്നിരിക്കെ, നിനക്കു കർമ്മബന്ധം സംഭവിക്കുന്നതെങ്ങനെ?'' എന്നു് വ്യംഗ്യം,

ഇങ്ങനെ ഭഗവാന്റെ ആദേശത്താൽ കർമ്മാധികാരിയായി ഭവിച്ച പ്രഹ്ലാദൻ തന്റെ പിതാവു ചെയ്ത അപരാധത്തിനു പരിഹാരമുണ്ടാകണമെന്നു നൃസിംഹമൂർത്തിയോട് അപേക്ഷിക്കുന്നു.

പ്രഹ്ലാദ ഉവാച = പ്രഹ്ലാദൻ പറഞ്ഞു.

15. വരം വരയ ഏതത്തേ വരദേശാന്മഹേശ്വര
യദനിന്ദത് പിതാ മേ ത്വാമവിദ്വാംസ്തേജ ഐശ്വരം

16. വിദ്ധാമർഷാശയഃ സാക്ഷാത് സർവ്വലോകഗുരും പ്രഭും
ഭ്രാതൃഹേതി മൃഷാദൃഷ്ടിസ്ത്വദ്ഭക്തേ മയി ചാഘവാൻ

17. തസ്മാത് പിതാ മേ പൂയേത ദുരന്താദ് ദുസ്തരാദഘാത്
പൂതസ്തേऽപാംഗസംദൃഷ്ടസ്തദാ കൃപണവത്സല

| | |
|---|---|
| മഹേശ്വര | മഹാപ്രഭോ ! |
| വരദേശാത് | വരദാതാക്കളുടെ അധിപതിയായ |
| തേ | നിന്തിരുവടിയിൽനിന്നു് |
| ഏതത് | ഈ ഒരു |
| വരം | വരത്തെ |
| വരയേ | വരിച്ചുകൊള്ളുന്നു. |
| മേ പിതാ | എന്റെ പിതാവു് |
| ഐശ്വരം | ഈശ്വരീയമായ |
| തേജഃ | പ്രഭാവത്തെ |
| അവിദ്വാൻ | അറിയാത്തവനായിട്ടു് |
| സാക്ഷാത് | സ്വയം |
| സർവ്വലോക-ഗുരും | സകലലോകങ്ങളുടെ പരമഗുരുവും |
| പ്രഭും | സർവ്വശക്തിമാനുമായ |
| ത്വാം | നിന്തിരുവടിയെ |
| ഭ്രാതൃഹാ | 'സോദരഘാതകൻ' |
| ഇതി | എന്നപേരിൽ |
| വിദ്ധാ-മർഷാശയഃ | കോപത്താൽ മനം പിളർക്കപ്പെട്ടവനായിട്ടു് |
| അനിന്ദത് | അവഹേളിക്കുകയും, |
| മൃഷാദൃഷ്ടിഃ | മിഥ്യാദൃഷ്ടിയോടുകൂടിയവനായിട്ടു് |
| ത്വദ്ഭക്തേ | അവിടുത്തെ ഭക്തനായ |
| മയി | എന്നിൽ |
| അഘവാൻ ച യത് | വിദ്രോഹമാചരിക്കയും ചെയ്തുവെന്നതു യാതൊന്നോ, |
| ദുരന്താത് | അററം കാണാത്തതും |
| ദുസ്തരാത് | കരപററാനാവാത്തതുമായ |
| തസ്മാത് അഘാത് | ആ ദുരിതത്തിൽനിന്നു് |
| മേ പിതാ | എന്റെ പിതാവു് |
| പൂയേത | സംശുദ്ധനാകണം. |
| കൃപണവത്സല | ഹേ ദീനദയാലോ ! |
| തദാ | ആ നേരത്തു് (വാസ്തവത്തിൽ) |
| തേ | നിന്തിരുവടിയുടെ |
| അപാംഗ-ദൃഷ്ടഃ | കടക്കണ്ണുകൊണ്ടുള്ള നോട്ടത്തിനു വിഷയീഭവിച്ചു് |
| പൂതഃ | സംശുദ്ധനായിക്കഴിഞ്ഞവനാണു്— |

''എങ്കിലും ദുരന്തദുരിതത്തിൽനിന്നു് എന്റെ പിതാവ് സംശുദ്ധനാകണമെന്നവരം മോഹാവേശത്താൽ ഞാൻ വരിക്കുന്നു'' വെന്നു കൂട്ടിച്ചേർത്തു ആശയപൂർത്തി വരുത്തണം.

ശ്രീഭഗവാനുവാച = ഭഗവാനരുളിച്ചെയ്തു.

18. ത്രിഃ സപ്തഭിഃ പിതാ പൂതഃ പിതൃഭിഃ സഹ തേऽനഘ
യത് സാധോऽസ്യ ഗൃഹേ ജാതോ ഭവാൻ വൈ കുലപാവനഃ

| | | | |
|---|---|---|---|
| അനഘ | പാപരഹിതനായ പ്രഹ്ലാദ ! | യത് | എന്തെന്നാൽ, |
| തേ പിതാ | നിന്റെ അച്ഛൻ | സാധോ | ഹേ സുചരിത ! |
| ത്രിഃ സപ്തഭിഃ | ഇരുപത്തൊന്നു തലമുറകളിലുള്ള | കുലപാവനഃ | വംശത്തെ മുഴുവനും ശുദ്ധീകരിക്കുന്ന |
| പിതൃഭിഃ | പിതൃക്കളോടു് | ഭവാൻ | നീ |
| സഹ | ഒന്നിച്ചു് * | അസ്യ | ഇവന്റെ |
| പൂതഃ | പരിശുദ്ധനായിരിക്കുന്നു. | ഗൃഹേ | ഗൃഹത്തിൽ |
| | | ജാതഃ വൈ | ജാതനായല്ലോ. |

* ഹിരണ്യകശിപുവിന്നു കശ്യപൻ, മരീചി, ബ്രഹ്മാവു് ഇങ്ങനെ മൂന്നു തലമുറയെയുള്ളു. ഇവിടെ 21 എന്നു പറഞ്ഞതു പൂർവ്വകല്പത്തിലുള്ളവരെ ഉദ്ദേശിച്ചാകാം. അല്ലെങ്കിൽ '21 തലമുറയിലെ പിതൃക്കളുണ്ടെങ്കിൽ അവർ കൂടിയും' എന്നു ആശയത്തിലായിരിക്കാം.

**19. യത്ര യത്ര ച മദ്ഭക്താഃ പ്രശാന്താഃ സമദർശിനഃ**
**സാധവഃ സമുദാചാരാസ്തേ പൂയന്ത്യപി കീകടാഃ**

| | | | |
|---|---|---|---|
| പ്രശാന്താഃ | മനഃസംയമമുള്ളവരും | യത്ര യത്ര ച | ഏതേതു പ്രദേശങ്ങളിലിരിക്കുന്നുവോ |
| സമദർശിനഃ | സമദർശികളും | തേ | അവ (ആ പ്രദേശങ്ങൾ) |
| സാധവഃ | സുചരിതന്മാരും | കീകടാഃ അപി | ധർമ്മാചരണമില്ലാത്ത കീകട പ്രദേശങ്ങളായിരുന്നാലും |
| സമുദാചാരാഃ | നല്ല ആചാരനിഷ്ഠയുള്ളവരുമായ | പൂയന്തേ | പരിശുദ്ധങ്ങളാണു്. |
| മദ്ഭക്താഃ | എന്റെ ഭക്തന്മാർ | | |

**20. സർവ്വാത്മനാ ന ഹിംസന്തി ഭൂതഗ്രാമേഷു കിഞ്ചന**
**ഉച്ചാവചേഷു ദൈത്യേന്ദ്ര മദ്ഭാവേന ഗതസ്പൃഹാഃ**

| | | | |
|---|---|---|---|
| ദൈത്യേന്ദ്ര | അസുരശ്രേഷ്ഠ ! | ഭൂതഗ്രാമേഷു | പ്രാണികളിൽ |
| മദ്ഭാവേന | എന്നിൽ ചേർന്ന ഭക്തിഭാവത്താൽ | കിഞ്ചന | ഒന്നിനെയും |
| ഗതസ്പൃഹാഃ | കാമനകളകന്നവർ | സർവ്വാത്മനാ | അവയിലെല്ലാം ആത്മഭാവമുള്ളതിനാൽ |
| ഉച്ചാവചേഷു | പലതരത്തിൽക്കാണുന്ന | ന ഹിംസന്തി | ഉപദ്രവിക്കയില്ല. |

**21. ഭവന്തി പുരുഷാ ലോകേ മദ്ഭക്താസ്ത്വാമനുവ്രതാഃ**
**ഭവാൻ മേ ഖലു ഭക്താനാം സർവ്വേഷാം പ്രതിരൂപധൃക്**

| | | | |
|---|---|---|---|
| ലോകേ | ലോകത്തിൽ | അനുവ്രതാഃ | അനുവർത്തിക്കുന്ന |
| ത്വാം | നിന്നെ | പുരുഷാഃ | ജനങ്ങൾ |

| | | | |
|---|---|---|---|
| മദ്ഭക്താഃ | എന്റെ ഭക്തന്മാർ | സർവ്വേഷാം | എല്ലാ |
| ഭവന്തി | ആകുന്നു. | ഭക്താനാം | ഭക്തന്മാരുടെയും |
| ഭവാൻ | നീയാകട്ടെ | പ്രതിരൂപധൃക് ഖലു | പ്രാതിനിധ്യം വഹിക്കുന്നവനാണല്ലോ. |
| മേ | എന്റെ | | |

22. **കുരു ത്വം പ്രേതകാര്യാണി പിതുഃ പൂതസ്യ സർവ്വശഃ**
**മദംഗസ്പർശനേനാംഗ ലോകാൻ യാസ്യതി സുപ്രജാഃ**

| | | | |
|---|---|---|---|
| അംഗ ത്വം | പ്രിയപ്രഹ്ലാദ ! നീ | പ്രേതകാര്യാണി | ശേഷക്രിയകളെ |
| മദംഗസ്പർശനേന | എന്റെ ശരീരസ്പർശം കൊണ്ടുതന്നെ | കുരു | നിർവ്വഹിക്കുക. |
| സർവ്വശഃ | എല്ലാപ്രകാരത്തിലും | സുപ്രജാഃ | ഉത്തമപുത്രനുണ്ടായവൻ |
| പൂതസ്യ | സംശുദ്ധനായിത്തീർന്ന | ലോകാൻ | പുണ്യലോകങ്ങളെ |
| പിതുഃ | പിതാവിന്റെ | യാസ്യതി | പ്രാപിക്കുന്നതാണ്. |

23. **പിത്ര്യം ച സ്ഥാനമാതിഷ്ഠ യഥോക്തം ബ്രഹ്മവാദിഭിഃ**
**മയ്യാവേശ്യ മനസ്താത കുരു കർമ്മാണി മത്പരഃ**

| | | | |
|---|---|---|---|
| താത | ഉണ്ണീ ! | മയി | എന്നിൽ |
| പിത്ര്യം | പിതാവിന്റേതായ | മനഃ | മനസ്സിനെ |
| സ്ഥാനം ച | സ്ഥാനത്തെയും | ആവേശ്യ | ആവേശിപ്പിച്ച് |
| ആതിഷ്ഠ | ഏറ്റെടുക്കുക. | മത്പരഃ | എന്നിൽ കർമ്മഫലം സമർപ്പിച്ചുകൊണ്ട് |
| ബ്രഹ്മവാദിഭിഃ | വേദജ്ഞരായ ഋഷിമാരാൽ | | |
| യഥോക്തം | ഉപദേശിക്കപ്പെട്ടതനുസരിച്ച് | കർമ്മാണി | കർമ്മങ്ങളെ |
| | | കുരു | ചെയ്തുകൊള്ളുക. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു —

24. **പ്രഹ്ലാദോഽപി തഥാ ചക്രേ പിതുർയത് സാംപരായികം**
**യഥാഹ ഭഗവാൻ രാജന്നഭിഷിക്തോ ദ്വിജോത്തമൈഃ**

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! യുധിഷ്ഠിര ! | സാംപരായികം യത് | മരണാനന്തര ക്രിയ ഏതോ അതെല്ലാം |
| പ്രഹ്ലാദഃ അപി | പ്രഹ്ലാദനാകട്ടെ | ചക്രേ | ചെയ്തുതീർത്തു. |
| യഥാ | യാതൊരു പ്രകാരം | ദ്വിജോത്തമൈഃ | വിശിഷ്ടരായ ബ്രാഹ്മണരാൽ |
| ഭഗവാൻ | നൃസിംഹഭഗവാൻ | | |
| ആഹ | അരുളിച്ചെയ്തിരുന്നുവോ, | അഭിഷിക്തഃ | രാജ്യത്തിൽ അഭിഷേകം ചെയ്യപ്പെട്ടു. |
| തഥാ | അതുപ്രകാരം | | |
| പിതുഃ | പിതാവിന്റെ | | |

25. **പ്രസാദസുമുഖം ദൃഷ്ട്വാ ബ്രഹ്മാ നരഹരിം ഹരിം**
**സ്തുത്വാ വാഗ്ഭിഃ പവിത്രാഭിഃ പ്രാഹ ദേവാദിഭിർവൃതഃ**

| | | | |
|---|---|---|---|
| ദേവാദിഭിഃ | ദേവാദികളാൽ | ദൃഷ്ട്വാ | കണ്ടിട്ടു് |
| വൃതഃ | പരിവൃതനായ | പവിത്രാഭിഃ | പാവനങ്ങളായ |
| ബ്രഹ്മാ | ബ്രഹ്മദേവൻ | വാഗ്ഭിഃ | വചനങ്ങളാൽ |
| നരഹരിം | നരസിംഹരൂപം ധരിച്ച | സ്തുത്വാ | സ്തോത്രം ചെയ്തശേഷം |
| ഹരിം | ശ്രീഹരിയെ | പ്രാഹ | പറഞ്ഞു |
| പ്രസാദസുഖം | പ്രസന്നവദനനായി | | |

ബ്രഹ്മോവാച = ബ്രഹ്മാവു പറഞ്ഞു—

26. **ദേവദേവാഖിലാധ്യക്ഷ ഭൂതഭാവന പൂർവ്വജ**
**ദിഷ്ട്യാ തേ നിഹതഃ പാപോ ലോകസന്താപനോഽസുരഃ**

| | | | |
|---|---|---|---|
| ദേവദേവ | ഹേ ദേവാധിദേവ ! | പാപഃ | പാപിയുമായിരുന്ന |
| അഖിലാ—ധ്യക്ഷ | അന്തര്യാമിയായി എല്ലാം നിരീക്ഷിക്കുന്നോവേ ! | അസുരഃ | ഈ ദൈത്യൻ |
| ഭൂതഭാവന | ജീവരാശിയുടെ സ്രഷ്ടാവേ! | തേ | ഭവാനാൽ |
| | | നിഹതഃ | വധിക്കപ്പെട്ടുവല്ലോ, |
| ലോക—സന്താപനഃ | ലോകങ്ങൾക്കെല്ലാം സന്താപകാരിയും | ദിഷ്ട്യാ | അഹോ ഭാഗ്യം ! |

27. **യോഽസൗ ലബ്ധവരോ മത്തോ ന വധ്യോ മമ സൃഷ്ടിഭിഃ**
**തപോയോഗബലോന്നദ്ധഃ സമസ്തനിഗമാനഹൻ.**

| | | | |
|---|---|---|---|
| മത്തഃ | എന്റെ അടുക്കൽനിന്നു് | തപോയോഗ—ബലോന്നദ്ധഃ | തപസ്സു്, യോഗസിദ്ധികൾ, ദേഹബലം എന്നിവയാൽ ഗർവ്വിതനുമായിരുന്ന |
| ലബ്ധവരഃ | വരം ലഭിച്ചവനും | | |
| മമ | എന്റെ | | |
| സൃഷ്ടിഭിഃ | സൃഷ്ടികളാൽ | യഃ അസൗ | യാതൊരു ഇവൻ |
| ന വധ്യഃ | വധിക്കപ്പെടാനരുതാത്തവനും | സമസ്ത—നിഗമാൻ | എല്ലാവിധം വേദോക്തധർമ്മങ്ങളെയും |
| | | അഹൻ | നശിപ്പിച്ചു. |

28. **ദിഷ്ട്യാസ്യ തനയഃ സാധുർമഹാഭാഗവതോഽർഭകഃ**
**ത്വയാ വിമോചിതോ മൃത്യോർദിഷ്ട്യാ ത്വാം സമിതോഽധുനാ.**

| | | | |
|---|---|---|---|
| ദിഷ്ട്യാ | ഭാഗ്യവശാൽ | മൃത്യോഃ | മരണത്തിൽനിന്ന് |
| അസ്യ | ഇവന്റെ | വിമോചിതഃ | മോചിപ്പിക്കപ്പെട്ടു. |
| തനയഃ | പുത്രനും | അധുനാ | ഇപ്പോഴും (അവൻ) |
| സാധുഃ | സദ്വൃത്തനും | ത്വാം | അങ്ങയെ |
| മഹാഭാഗവതഃ | വലിയ ഭഗവദ്ഭക്തനുമായ | സമിതഃ | ശരണം പ്രാപിച്ചിരിക്കുന്നു എന്നതും |
| അർഭകഃ | ബാലൻ | | |
| ത്വയാ | അങ്ങയാൽ | ദിഷ്ട്യം | സൗഭാഗ്യകരം തന്നെ. |

**29.** **ഏതദ്വപുസ്തേ ഭഗവൻ ധ്യായതഃ പ്രയതാത്മനഃ**
**സർവ്വതോ ഗോപ്തൃ സന്ത്രാസാന്മൃത്യോരപി ജിഘാംസതഃ**

| | | | |
|---|---|---|---|
| ഭഗവൻ | ഹേ ഭഗവൻ ! | സന്ത്രാസാത് | മഹാഭയത്തിൽനിന്നും, |
| തേ | അവിടുത്തെ | ജിഘാംസതഃ | കൊല്ലാനൊരുങ്ങിവരുന്ന |
| ഏതദ്വപുഃ | ഈ നരസിംഹരൂപം | | |
| പ്രയതാത്മനഃ | ഏകാഗ്രചിത്തനായി | മൃത്യോഃ അപി | മൃത്യുദേവതയിൽനിന്നു പോലും |
| ധ്യായതഃ | ധ്യാനിക്കുന്നവന് | | |
| സർവ്വതഃ | എല്ലാതരത്തിലുള്ള | ഗോപ്തൃ | രക്ഷയേകുന്നതാണ്. |

നൃസിംഹ ഉവാച = നൃസിംഹഭഗവാൻ വചിച്ചു—

**30.** **മൈവം വരോഽസുരാണാം തേ പ്രദേയഃ പദ്മസംഭവ**
**വരഃ ക്രൂരനിസർഗാണാമഹീനാമമൃതം യഥാ**

| | | | |
|---|---|---|---|
| പദ്മസംഭവ | ബ്രഹ്മാവേ ! | ക്രൂരനിസർഗ്ഗാണാം | സ്വാഭാവികമായിത്തന്നെ ക്രൂരതയുള്ളവർക്ക് |
| അസുരാണാം | അസുരന്മാർക്ക് | | |
| ഏവം | ഇങ്ങനെയുള്ള | വരഃ | കൊടുക്കുന്ന വരം |
| വരഃ | വരം | അഹീനാം | പാമ്പുകൾക്ക് |
| തേ | അങ്ങയാൽ | അമൃതം യഥാ | പാൽകൊടുക്കുന്ന പോലെയാണ്. |
| മാ പ്രദേയഃ | കൊടുക്കപ്പെടരുത്. | | |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

**31.** **ഇത്യുക്ത്വാ ഭഗവാൻ രാജൻ തത്രൈവാന്തർദധേ ഹരിഃ**
**അദൃശ്യഃ സർവ്വഭൂതാനാം പൂജിതഃ പരമേഷ്ഠിനാ.**

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | ഹരിഃ | ശ്രീഹരി |
| ഭഗവാൻ | ഭഗവാനായ | ഇതി | ഇപ്രകാരം |

| | | | |
|---|---|---|---|
| ഉക്ത്വാ | അരുളിച്ചെയ്തു് | അദൃശ്യഃ | അദൃശ്യനായി ഭവിച്ചു് |
| പരമേഷ്ഠിനാ | ബ്രഹ്മാവിനാൽ | തത്ര ഏവ | അവിടെത്തന്നെ |
| പൂജിതഃ | പൂജിതനായിട്ടു് | അന്തർദധേ | തിരോധാനം ചെയ്തു. |
| സൎവ്വഭൂതാനാം | എല്ലാ ശരീരികൾക്കും | | |

32. **തതഃ സംപൂജ്യ ശിരസാ വവന്ദേ പരമേഷ്ഠിനം**
**ഭവം പ്രജാപതീൻ ദേവാൻ പ്രഹ്ലാദോ ഭഗവത്കലാഃ**

| | | | |
|---|---|---|---|
| തതഃ | അതിൽപ്പിന്നെ | പ്രജാപതീൻ | പ്രജാപതിമാരെയും |
| പ്രഹ്ലാദഃ | പ്രഹ്ലാദൻ | ദേവാൻ | ദേവന്മാരെയും |
| ഭഗവത്— കലാഃ | ഭഗവാന്റെ അംശഭൂതന്മാരായ | സംപൂജ്യ | സാദരം പൂജിച്ചു് |
| | | ശിരസാ | ശിരോനമനത്താൽ |
| പരമേഷ്ഠിനം | ബ്രഹ്മദേവനെയും | വവന്ദേ | വണങ്ങി. |
| ഭവം | ശ്രീരുദ്രനെയും | | |

33. **തതഃ കാവ്യാദിഭിഃ സാൎദ്ധം മുനിഭിഃ കമലാസനഃ**
**ദൈത്യാനാം ദാനവാനാം ച പ്രഹ്ലാദമകരോത് പതിം**

| | | | |
|---|---|---|---|
| തതഃ | അനന്തരം | ദൈത്യാനാം | ദിതിവംശജരും |
| കമലാസനഃ | ബ്രഹ്മാവു് | ദാനവാനാം ച | ദനുവംശജരുമായ അസുരന്മാരുടെ |
| കാവ്യാദിഭിഃ | ശുക്രാചാര്യർ മുതലായ | പതിം | അധിപനാക്കി |
| മുനിഭിഃ | മുനിമാരോടു | അകരോത് | വാഴിച്ചു. |
| സാൎദ്ധം | കൂടിച്ചേൎന്നു് | | |
| പ്രഹ്ലാദം | പ്രഹ്ലാദനെ | | |

34. **പ്രതിനന്ദ്യ തതോ ദേവാഃ പ്രയുജ്യ പരമാശിഷഃ**
**സ്വധാമാനി യയൂ രാജൻ ബ്രഹ്മാദ്യാഃ പ്രതിപൂജിതാഃ**

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | പ്രയുജ്യ | നൽകിയശേഷം |
| തതഃ | അതിനുശേഷം | പ്രതിപൂജിതാഃ | പ്രത്യേകം സൽകൃതരായിട്ടു |
| ബ്രഹ്മാദ്യാഃ | ബ്രഹ്മാദികളായ | | |
| ദേവാഃ | ദേവന്മാർ | സ്വധാമാനി | അവരവരുടെ ലോകങ്ങളിലേക്കു് |
| പ്രതിനന്ദ്യ | പ്രഹ്ലാദനെ അഭിനന്ദിച്ചു് | | |
| പരമാശിഷഃ | ശുഭാശീർവാദങ്ങളെ | യയുഃ | യാത്രയായി. |

ഭഗവദ്ദ്വേഷികളായ ശിശുപാലനും ദന്തവക്ത്രനും ഭഗവൽസായൂജ്യം ലഭിച്ചതെങ്ങനെയെന്നുള്ള യുധിഷ്ഠിരന്റെ ചോദ്യത്തിന്നുത്തരമായി ശ്രീനാരദമഹൎഷി അവരുടെ പൂൎവ്വചരിത്രം പറഞ്ഞു് ഇനി ഏഴുശ്ലോകംകൊണ്ടു പ്രകൃതം ഉപസംഹരിക്കുന്നു.

35. **ഏവം തൗ പാർഷദൗ വിഷ്ണോഃ പുത്രത്വം പ്രാപിതൗ ദിതേഃ.**
**ഹൃദി സ്ഥിതേന ഹരിണാ വൈരഭാവേന തൗ ഹതൗ**

| | | | |
|---|---|---|---|
| വിഷ്ണോഃ | ശ്രീ മഹാവിഷ്ണുവിന്റെ | വൈരഭാവേന | ശത്രുതയിലൂടെ |
| പാർഷദൗ | പാർഷദന്മായിരുന്ന | ഹൃദി | ഹൃദയത്തിൽ |
| തൗ | ആ ജയവിജയന്മാർ | സ്ഥിതേന | വാണിരുന്ന |
| ഏവം | ഇപ്രകാരം | ഹരിണാ | മഹാവിഷ്ണുവിനാൽ |
| ദിതേഃ | ദിതിദേവിയുടെ | തൗ | അവരിരുവരും |
| പുത്രത്വം | പുത്രഭാവത്തെ | ഹതൗ | വധിക്കപ്പെട്ടു. |
| പ്രാപിതൗ | പ്രാപിതരായി. | | |

36. **പുനശ്ച വിപ്രശാപേന രാക്ഷസൗ തൗ ബഭൂവതുഃ**
**കുംഭകർണ്ണദശഗ്രീവൗ ഹതൗ തൗ രാമവിക്രമൈഃ**

| | | | |
|---|---|---|---|
| വിപ്രശാപേന | സനകാദിമുനിമാരുടെ ശാപംകൊണ്ട് | രാക്ഷസൗ | രണ്ടുരാക്ഷസന്മാരായി |
| | | ബഭൂവതുഃ | ജനിച്ചു- |
| പുനശ്ച | വീണ്ടും | രാമ— വിക്രമൈഃ | ശ്രീരാമചന്ദ്രന്റെ പരാക്രമത്താൽ |
| തൗ | അവർ | തൗ | അവർ രണ്ടുപേരും |
| കുംഭകർണ്ണ- ദശഗ്രീവൗ | കുംഭകർണ്ണനെന്നും രാവണനെന്നും പേരായ | ഹതൗ | കൊല്ലപ്പെട്ടു. |

37. **ശയാനൗ യുധി നിർഭിന്നഹൃദയൗ രാമസായകൈഃ**
**തച്ചിത്തൗ ജഹതുർ ദേഹം യഥാ പ്രാക്തനജന്മനി**

| | | | |
|---|---|---|---|
| രാമസായകൈഃ | രാമബാണങ്ങളാൽ | യഥാ | ഉണ്ടായപോലെ |
| നിർഭിന്ന— ഹൃദയൗ | മുറ്റും പിളക്കപ്പെട്ട ഹൃദയത്തോടുകൂടെ | തച്ചിത്തൗ | തന്തിരുവടിയിൽ ഊന്നി നിന്ന ചിത്തത്തോടു കൂടിയവരായി ഭവിച്ച് |
| യുധി | യുദ്ധസ്ഥലത്ത് | | |
| ശയാനൗ | വീണുകിടന്ന | | |
| (തൗ) | അവരിരുവരും | ദേഹം | ഭൗതികശരീരത്തെ |
| പ്രാക്തന— ജന്മനി | അതിനുമുമ്പു കഴിഞ്ഞ ജന്മത്തിൽ | ജഹതുഃ | കൈവിട്ടു. |

38. **താവിഹാഥ പുനർജ്ജാതൗ ശിശുപാലകരൂഷജൗ**
**ഹരൗ വൈരാനുബന്ധേന പശ്യതസ്തേ സമീയതുഃ**

| | | | |
|---|---|---|---|
| അഥ | പിന്നെ | പുനഃ ജാതൗ | വീണ്ടും ജനിച്ച |
| ശിശുപാല— കരൂഷജൗ | ശിശുപാലനായും ദന്തവക്ത്രനായും | തൗ | അവരിരുവരും |
| | | ഹരൗ | ശ്രീകൃഷ്ണനിൽ |

| | | | |
|---|---|---|---|
| വൈരാനു- ബന്ധേന | ശത്രുഭാവം തുടൎന്നുകൊണ്ടിരുന്നതിനാൽ | തേ പശ്യതഃ | അങ്ങയും കണ്ടുകൊണ്ടിരിക്കെ |
| ഇഹ | ഇവിടെ വച്ചു് | സമീയതുഃ | സായൂജ്യം പ്രാപിച്ചു. |

**39.** **ഏനഃ പൂൎവ്വകൃതം യത്തദ് രാജാനഃ കൃഷ്ണവൈരിണഃ**
**ജഹുസ്ത്വന്തേ തദാത്മാനഃ കീടഃ പേശകൃതോ യഥാ**

| | | | |
|---|---|---|---|
| കൃഷ്ണ- വൈരിണഃ | ശ്രീകൃഷ്ണനിൽ വിദ്വേഷമുള്ളവരായ | ജഹുഃ | പരിഹരിച്ചു. |
| | | അന്തേ തു | ഒടുവിൽ |
| രാജാനഃ | രാജാക്കന്മാർ | പേശകൃതഃ | വേട്ടാളന്റെ (കൂട്ടിൽപ്പെട്ട) |
| പൂൎവ്വകൃതം | മുമ്പുചെയ്യപ്പെട്ട | കീടഃ യഥാ | പുഴുപോലെ |
| ഏനഃ യത് | പാപം ഏതൊന്നോ | തദാത്മാനഃ | തൽസാരൂപ്യം |
| തത് | അതൊക്കെയും | | സിദ്ധിച്ചവരായി. |

വേട്ടാളന്റെ കൂട്ടിലകപ്പെട്ട പുഴു ഭീതിയാൽ അതിനെത്തന്നെ എപ്പോഴും നിനച്ചിരുന്നു് ഒടുവിൽ വേട്ടാളന്റെ രൂപത്തിലാവുന്നപോലെ ശിശുപാലാദിരാജാക്കന്മാർ ഭഗവാന്റെ നേൎക്കുള്ള അടങ്ങാത്ത വിദ്വേഷത്താലും ഭീതിയാലും ഭഗവൽസാരൂപ്യം പ്രാപിച്ചുവെന്നു സാരം.

**40.** **യഥാ യഥാ ഭഗവതോ ഭക്ത്യാ പരമയാഭിദാ**
**നൃപാശ്ചൈദ്യാദയഃ സാത്മ്യം ഹരേസ്തച്ചിന്തയാ യയുഃ**

| | | | |
|---|---|---|---|
| യഥാ | എങ്ങനെയെന്നാൽ | നൃപാഃ | രാജാക്കന്മാർ |
| അഭിദാ | ഭേദഭാവമില്ലാത്ത | തച്ചിന്തയാ | ശത്രുതയാലുണ്ടായ |
| പരമയാ | അത്യുത്തമമായ | | ഭഗവദ്ധ്യാനംകൊണ്ടു് |
| ഭഗവതഃ | ഭഗവൽസംബന്ധിയായ | ഹരേഃ | ഭഗവാന്റെ |
| ഭക്ത്യാ യഥാ | ഭക്തികൊണ്ടെന്ന പോലെ | സാത്മ്യം | സാരൂപ്യത്തെ |
| ചൈദ്യാദയഃ | ശിശുപാലാദികളായ | യയുഃ | പ്രാപിച്ചതാകുന്നു. |

**41.** **ആഖ്യാതം സൎവ്വമേതത്തേ യന്മാം ത്വം പരിപൃഷ്ടവാൻ**
**ദമഘോഷസുതാദീനാം ഹരേഃ സാത്മ്യമപി ദ്വിഷാം.**

| | | | |
|---|---|---|---|
| ദ്വിഷാം അപി | ശത്രുക്കളായിട്ടുംകൂടി | ത്വം മാം | അങ്ങു് എന്നോടു് |
| ദമഘോഷ- സുതാദീനാം | ദമഘോഷപുത്രനായ ശിശുപാലനും മററും | പരിപൃഷ്ടവാൻ | ചോദിച്ചുവല്ലോ. |
| | | യത് സൎവ്വം | യാതൊന്നു മുഴുവനും |
| ഹരേഃ | ശ്രീകൃഷ്ണഭഗവാന്റെ | ഏതത് | ഇതാ ഇങ്ങനെ |
| സാത്മ്യം | സാരൂപ്യം ലഭിച്ചതിനെ കുറിച്ചു് | തേ | അങ്ങേയ്ക്കുവേണ്ടി |
| | | ആഖ്യാതം | ആഖ്യാനം ചെയ്യപ്പെട്ടു. |

ഇനി നാലുശ്ലോകംകൊണ്ടു പ്രഹ്ലാദചരിതത്തിലടങ്ങിയ സംഗതികളെ സംഗ്രഹിച്ചുപറയുന്നു—

42. ഏഷാ ബ്രഹ്മണ്യദേവസ്യ കൃഷ്ണസ്യ ച മഹാത്മനഃ
അവതാരകഥാ പുണ്യാ വധോ യത്രാദിദൈത്യയോഃ

| | |
|---|---|
| ബ്രഹ്മണ്യദേവസ്യ | ബ്രാഹ്മണസംരക്ഷ ചെയ്യുന്ന ദേവനും |
| മഹാത്മനഃ | മഹാമനസ്കനുമായ |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| പുണ്യാ | പരമപവിത്രമായ |
| അവതാരകഥാ ഏഷാ | നൃസിംഹാവതാര കഥയാണിതു്. |
| യത്ര | യാതൊരു ഈ കഥയിൽ |
| ആദിദൈത്യയോഃ | ആദിദൈത്യന്മാരായ ഹിരണ്യാക്ഷന്റെയും |
| വധഃ ച | സംഹാരവൃത്താന്തവും അടങ്ങിയിരിക്കുന്നു. |

43. പ്രഹ്ലാദസ്യാനുചരിതം മഹാഭാഗവതസ്യ ച
ഭക്തിർജ്ഞാനം വിരക്തിശ്ച യാഥാത്മ്യം ചാസ്യ വൈ ഹരേഃ

44. സർഗസ്ഥിത്യപ്യയേശസ്യ ഗുണകർമാനുവർണ്ണനം
പരാവരേഷാം സ്ഥാനാനാം കാലേന വ്യത്യയോ മഹാൻ

45. ധർമ്മോ ഭാഗവതാനാം ച ഭഗവാൻ യേന ഗമ്യതേ
ആഖ്യാനേऽസ്മിൻ സമാമ്നാതമാധ്യാത്മികമശേഷതഃ

| | |
|---|---|
| മഹാഭാഗവതസ്യ | വലിയ ഭഗവദ്ഭക്തനായ |
| പ്രഹ്ലാദസ്യ | പ്രഹ്ലാദന്റെ |
| അനുചരിതം | അനുക്രമചരിത്രവും, |
| ഭക്തിഃ | ഭക്തി, |
| ജ്ഞാനം | ജ്ഞാനം, |
| വിരക്തിഃ ച | വൈരാഗ്യം എന്നിവയും |
| അസ്യ വൈ | ഈ പ്രഹ്ലാദന്റെ ഭക്തിയിലൂടെത്തന്നെ |
| സർഗസ്ഥിത്യപ്യയേശസ്യ | സൃഷ്ടിസ്ഥിതിസംഹാരകർത്താവായ |
| ഹരേഃ | ശ്രീഹരിയുടെ |
| യാഥാത്മ്യം ച | യാഥാർത്ഥ്യവും, |
| ഗുണകർമാനുവർണ്ണനം | ഗുണകർമ്മങ്ങളുടെ ക്രമികമായ വർണ്ണനവും, |
| പരാവരേഷാം | സാത്വികന്മാരായ ദേവന്മാരുടെയും താമസന്മാരായ അസുരന്മാരുടെയും |
| സ്ഥാനാനാം | പദവികൾക്കു് |
| കാലേന | കാലഗതിയാലുണ്ടാവുന്ന |
| മഹാൻ | വമ്പിച്ച |
| വ്യത്യയഃ ച | മാററംമറിച്ചലും, |
| യേന | യാതൊന്നിലൂടെ |
| ഭഗവാൻ | സർവേശ്വരൻ |
| പ്രാപ്യതേ | പ്രാപ്യനാകുന്നുവോ, അതിനുതകുന്ന |
| ഭാഗവതാനാം | ഭക്തിയോഗപ്രയോക്താക്കളുടെ |
| ധർമ്മഃ ച | ആചരണമുറയും മററുമായുള്ള |

| | | | |
|---|---|---|---|
| ആധ്യാത്മികം | അധ്യാത്മതത്ത്വം | അഖ്യാനേ | കഥയിൽ |
| അശേഷതഃ | മുഴുവനും | സമാമ്നാതം | വഴിപോലെ പറയപ്പെട്ടിരിക്കുന്നു. |
| അസ്മിൻ | ഈ | | |

ഇനി രണ്ടു ശ്ലോകങ്ങൾകൊണ്ടു പ്രഹ്ളാദചരിതത്തിന്റെ ഫലശ്രുതി പറയുന്നു—

46. യ ഏതത് പുണ്യമാഖ്യാനം വിഷ്ണോർവീര്യോപബൃംഹിതം
കീർത്തയേച്ഛ്രദ്ധയാ ശ്രുത്വാ കർമ്മപാശൈർവിമുച്യതേ

| | | | |
|---|---|---|---|
| വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്റെ | ശ്രദ്ധയാ | ശ്രദ്ധയോടെ |
| വീര്യോപ-ബൃംഹിതം | വീരകൃത്യങ്ങളുടെ വർണ്ണനകളാൽ വിസ്തൃതവും | ശ്രുത്വാ | ശ്രവിച്ച് |
| | | യഃ | യാതൊരുവൻ |
| പുണ്യം | പാവനവുമായ | കീർത്തയേത് | കീർത്തിക്കുന്നുവോ, |
| ഏതത് | ഈ | (സഃ) | അവൻ |
| ആഖ്യാനം | സൽക്കഥയെ | കർമ്മപാശൈഃ | കർമ്മപാശങ്ങളാൽ |
| | | വിമുച്യതേ | വിമോചിക്കപ്പെടുന്നു. |

47. ഏതദ് യ ആദിപുരുഷസ്യ മൃഗേന്ദ്രലീലാം
ദൈത്യേന്ദ്രയൂഥപവധം പ്രയതഃ പഠേത
ദൈത്യാത്മജസ്യ ച സതാം പ്രവരസ്യ പുണ്യം
ശ്രുത്വാനുഭാവമകുതോഭയമേതി ലോകം

| | | | |
|---|---|---|---|
| ആദി-പുരുഷസ്യ | പരമപുരുഷനായ ശ്രീഹരിയുടെ | പുണ്യം | പരിപാവനമായ |
| | | അനുഭാവം ച | മാഹാത്മ്യത്തെയും |
| മൃഗേന്ദ്ര-ലീലാം | നൃസിംഹാവതാരത്തിലൂടെ നിർവ്വഹിച്ച ലീലയെയും | യഃ | ഏതൊരുവൻ |
| | | പ്രയതഃ | ഏകാഗ്രചിത്തനായി |
| ദൈത്യേന്ദ്ര-യൂഥപവധം | അസുരാധിപനായ ഹിരണ്യകശിപുവിന്റെയും അവന്റെ സംഘത്തലവന്മാരുടെയും സംഹാരത്തെയും | ശ്രുത്വാ | ശ്രവിച്ചശേഷം |
| | | പഠേത | പാരായണം ചെയ്യുന്നുവോ |
| | | (സഃ) | അവൻ |
| സതാം | സത്തുക്കളുടെ ഇടയിൽ | അകുതോഭയം | ഏതിൽനിന്നും ഭീതിക്കവകാശമില്ലാത്ത |
| പ്രവരസ്യ | അഗ്രഗണ്യനായുള്ള | | |
| ദൈത്യാ-ത്മജസ്യ | ദൈത്യപുത്രനായ പ്രഹ്ളാദന്റെ | ലോകം | ലോകത്തിലേക്ക് |
| | | ഏതി | എത്തിച്ചേരുന്നു. |

"ഭഗവത്സാക്ഷാൽക്കാരം ലഭിച്ച പ്രഹ്ളാദന്റെ ഭാഗധേയം അതിശയം തന്നെ അതിനു് ഇടവരാത്ത അസ്മാദൃശന്മാർ ഭാഗ്യദോഷികളത്രേ" എന്നോർത്തു സങ്കടപ്പെടുന്ന യുധിഷ്ഠിരനെ നോക്കി ഇനി മൂന്നുശ്ലോകങ്ങളാൽ ശ്രീനാരദമുനി പറയുകയാണ്—

48. യൂയം നൃലോകേ ബത ഭൂരിഭാഗാ
ലോകം പുനാനാ മുനയോഽഭിയന്തി
യേഷാം ഗൃഹാനാവസതീതി സാക്ഷാദ്
ഗൂഢം പരം ബ്രഹ്മ മനുഷ്യലിംഗം

| | | | |
|---|---|---|---|
| ബത | അഹോ ആശ്ചര്യം ! | ഗൃഹാൻ | ഗൃഹത്തിൽ |
| നൃലോകേ | മനുഷ്യലോകത്തിൽ | ആവസതി | വസിക്കുന്നു |
| യൂയം | നിങ്ങൾ (പാണ്ഡവന്മാർ) | ഇതി | എന്ന കാരണത്താൽ, |
| ഭൂരിഭാഗാഃ | അതിഭാഗ്യമുള്ളവരാണ്; | ലോകം | ലോകത്തെ |
| സാക്ഷാത് | സാക്ഷാത്തായ | പുനാനാഃ | പവിത്രീകരിക്കുന്ന |
| പരം ബ്രഹ്മ | പരബ്രഹ്മം | മുനയഃ | മാമുനിമാർ |
| മനുഷ്യലിംഗം | മനുഷ്യലക്ഷണത്തോടെ | അഭിയന്തി | പലദിക്കിൽനിന്നും |
| ഗൂഢം | നിഗൂഢമായി | | ഇവിടെ വന്നു ചേരുന്നു. |
| യേഷാം | യാതൊരു നിങ്ങളുടെ | | |

സ്വന്തം മാതുലപുത്രനായ കൃഷ്ണൻ പരബ്രഹ്മതത്ത്വമാണോ എന്ന് ആശങ്ക തോന്നുന്നതിനെന്നു പറയുന്നു—

49. സ വാ അയം ബ്രഹ്മ മഹദ്വിമൃഗ്യ-
കൈവല്യനിർവാണസുഖാനുഭൂതിഃ
പ്രിയഃ സുഹൃദ്വഃ ഖലു മാതുലേയ
ആത്മാർഹണീയോ വിധികൃദ് ഗുരുശ്ച

| | | | |
|---|---|---|---|
| മഹദ്വിമൃഗ്യ—കൈവല്യ—നിർവാണ—സുഖാനുഭൂതിഃ | മഹാന്മാർ ആരാഞ്ഞുകൊണ്ടിരിക്കുന്ന നിരുപാധികമായ പരമാനന്ദാനുഭവത്തിന്റെ സ്വരൂപമായ | പ്രിയഃ | പ്രിയംകരനും |
| | | സുഹൃത് | ഹിതകാരിയും |
| | | മാതുലേയഃ | അമ്മാവന്റെ മകനും |
| | | അർഹണീയഃ | പൂജനീയനും |
| ബ്രഹ്മ | സച്ചിത്പര ബ്രഹ്മം | വിധികൃത് | കിങ്കരനും |
| അയം വൈ | ഈ ശ്രീകൃഷ്ണൻ തന്നെയാണ്. | ഗുരുഃ | ഉപദേഷ്ടാവും |
| സഃ | തന്തിരുവടി | ആത്മാ ച | ആത്മാവും |
| വഃ | നിങ്ങളുടെ | ഖലു | ആയിരിക്കുന്നുവല്ലോ. |

ശ്രീകൃഷ്ണൻ വസ്തുതഃ സാക്ഷാൽ പരബ്രഹ്മമാണെങ്കിൽ പതിനാറായിരത്തെട്ടു ഭാര്യമാരിൽ രതിയും മറ്റു മാനുഷധർമ്മങ്ങളും അദ്ദേഹത്തിൽ സംഗതമാവുന്നതെങ്ങനെ ? ശ്രീനാരദൻ ഈ ആശങ്കയെ പരിഹരിക്കുവാൻ വേണ്ടി പറയുന്നു—

50. ന യസ്യ സാക്ഷാദ് ഭവപദ്മജാദിഭീ
രൂപം ധിയാ വസ്തുതയോപവർണിതം

**മൗനേന ഭക്ത്യോപശമേന പൂജിതഃ**
**പ്രസീദതാമേഷ സ സാത്വതാം പതിഃ**

| | | | |
|---|---|---|---|
| യസ്യ | യാതൊരുവൻെറ | മൗനേന | വചോനിയന്ത്രണത്തോടെയും |
| രൂപം | സ്വരൂപം (തത്ത്വം) | ഭക്ത്യാ | ഭക്തിയോടെയും |
| ഭവപദ്മജാദിഭിഃ | പരശിവൻ, ബ്രഹ്മാവ് മുതലായവരാൽപ്പോലും | ഉപശമേന | മനഃസംയമത്തോടെയും |
| ധിയാ | അവരുടെ ബുദ്ധികൊണ്ട് | പൂജിതഃ | (ഞങ്ങളാൽ)ആരാധിതനായ |
| വസ്തുതയാ | വാസ്തവികമായ നിഗമനത്തിലൂടെ | സഃ ഏഷഃ | ആ ഈ |
| സാക്ഷാത് | ശരിയായവിധം | സാത്വതാം | ഭക്തജനങ്ങളുടെ |
| ന ഉപവർണിതം | നിരൂപണം ചെയ്യപ്പെട്ടിട്ടില്ലയോ, | പതിഃ | പാലകൻ |
| | | പ്രസീദതാം | പ്രസാദിക്കേണമേ! |

"ശ്രീകൃഷ്ണാഖ്യമായ യാതൊരു പരബ്രഹ്മത്തെ ബ്രഹ്മരുദ്രാദികൾക്കുപോലും താത്ത്വികമായി നിരൂപണം ചെയ്യാൻ സാധിച്ചിട്ടില്ലയോ, യാതൊന്നിനെത്തന്നെ ഋഷിമാരായ ഞങ്ങൾ ഭക്തിസംയമാദികളോടെ "പ്രസാദിക്കേണമേ" എന്നു സദാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ, ആ പരബ്രഹ്മം സ്വയം പ്രസന്നതയാർന്നു വർത്തിക്കുന്നതു നിങ്ങളുടെ ഗൃഹത്തിലാണ്, പ്രഹ്ളാദൻെറ ഗൃഹത്തിലല്ല; തദ്ദർശനാർത്ഥം മുനിമാർ ആഗമിക്കുന്നതു് നിങ്ങളുടെ ഗൃഹത്തിലേക്കാണ്, പ്രഹ്ളാദൻെറ ഗൃഹത്തിലേക്കല്ല; ഇഷ്ടതോഴനായും ബന്ധുവായും ഭൃത്യനായും ഗുരുവായും ആത്മാവുതന്നെയായും പ്രവർത്തിക്കുന്നതു നിങ്ങൾക്കു വേണ്ടിയാണ്, പ്രഹ്ളാദനു വേണ്ടിയല്ല. അതിനാൽ പ്രഹ്ളാദനെയും ഞങ്ങളെയും അപേക്ഷിച്ച് പാണ്ഡവന്മാരായ നിങ്ങളത്രേ ഭാഗ്യശാലികൾ." നാരദവചനത്തിലടങ്ങിയ ആശയമാണിതു്.

എന്നാൽ ശ്രീരുദ്രനും അന്യരെക്കൊണ്ടാവാത്ത പല അദ്ഭുതകൃത്യങ്ങളും നടത്തിയ മഹേശ്വരനല്ലേ? ശ്രീഹരിയെ സംബന്ധിച്ച താത്ത്വികജ്ഞാനം ആ സർവ്വജ്ഞനുണ്ടാവാതെ വരാമോ ? — ഇങ്ങനെ ഒരാശങ്ക ഇവിടെയുണ്ടാകാം. പക്ഷേ ശ്രീരുദ്രൻെറ അദ്ഭുതാവഹങ്ങളായ കൃത്യങ്ങൾക്കെല്ലാം അവലംബം വൈഷ്ണവപ്രഭാവമാണെന്നും സ്വപ്രഭാവമല്ലെന്നും ധരിക്കേണ്ടതാകുന്നു. ഇതിലേക്ക് ഉപോദ്ബലകമായ ഒരു പുരാവൃത്തത്തെ നാരദമഹർഷി ഇനി സംക്ഷേപിച്ചു പറഞ്ഞു തുടങ്ങുന്നു—

**51.** **സ ഏഷ ഭഗവാൻ രാജൻ വ്യതനോദ്വിഹതം യശഃ**
**പുരാ രുദ്രസ്യ ദേവസ്യ മയേനാനന്തമായിനാ**

| | | | |
|---|---|---|---|
| രാജൻ | ഹേ രാജൻ !, യുധിഷ്ഠിര ! | പുരാ | മുമ്പൊരിക്കൽ |
| സഃ ഏഷഃ | അങ്ങനെയുള്ള ഈ | അനന്തമായിനാ | അററമില്ലാത്ത മായാശക്തികളുള്ളവനായ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | | |

| | | | |
|---|---|---|---|
| മയേന | മയാസുരനാൽ | രുദ്രസ്യ | ശ്രീരുദ്രന്റെ |
| വിഹതം | തടവേല്പിക്കപ്പെട്ട | യശഃ | കീർത്തിയെ |
| ദേവസ്യ | ദേവനായ | വ്യതനോത് | വളർത്തിയെടുത്തു. |

രാജോവാച = രാജാവു് (യുധിഷ്ഠിരൻ) ചോദിച്ചു—

52. **കസ്മിൻ കർമ്മണി ദേവസ്യ മയോഽഹഞ്ജഗദീശിതുഃ**
**യഥാ ചോപചിതാ കീർത്തിഃ കൃഷ്ണേനാനേന കഥ്യതാം.**

| | | | |
|---|---|---|---|
| ജഗദീശിതുഃ | ജഗദീശ്വരനായ | അനേന | ഈ |
| ദേവസ്യ | ശ്രീമഹാദേവന്റെ | കൃഷ്ണേന | ശ്രീകൃഷ്ണനാൽ |
| (യശഃ) | കീർത്തിയെ | കീർത്തിഃ | ആ കീർത്തി |
| കസ്മിൻ | ഏതു | യഥാ ച | ഏതു വിധം |
| കർമ്മണി | കാര്യത്തിലാണു് | ഉപചിതാ | വളർത്തിക്കൊടുക്കപ്പെട്ടു? |
| മയഃ | മയാസുരൻ | കഥ്യതാം | പറഞ്ഞുതന്നാലും |
| അഹൻ | നശിപ്പിച്ചതു് ? | | |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

53. **നിർജ്ജിതാ അസുരാ ദേവൈർയുധ്യനേനോപബൃംഹിതൈഃ**
**മായിനാം പരമാചാര്യം മയം ശരണമായയുഃ**

| | | | |
|---|---|---|---|
| അനേന | ഈ ശ്രീകൃഷ്ണനാൽ | അസുരാഃ | അസുരന്മാർ |
| ഉപബൃംഹിതൈഃ | ശക്തി വളർത്തിക്കൊടുക്കപ്പെട്ടവരായ | മായിനാം | മായാവികളുടെ |
| | | പരമാചാര്യം | പരമഗുരുവായ |
| ദേവൈഃ | ദേവന്മാരാൽ | മയം | മയനെ |
| യുധി | യുദ്ധത്തിൽ | ശരണം | ശരണമായിട്ടു് |
| നിർജ്ജിതാഃ | മുറവും തോല്പിക്കപ്പെട്ട | ആയയുഃ | പ്രാപിച്ചു. |

54. **സ നിർമ്മായ പുരസ്തിസ്രോ ഹൈമീരൗപ്യായസീർവിഭുഃ**
**ദുർല്ലക്ഷ്യാപായസംയോഗാ ദുർവിതർക്ക്യപരിച്ഛദാഃ**

| | | | |
|---|---|---|---|
| വിഭുഃ സഃ | സമർത്ഥനായ അവൻ | ദുർല്ലക്ഷ്യാപായസംയോഗാഃ | കാണ്മാനാവാത്ത ഗമനാഗമനങ്ങളോടും |
| ഹൈമീരൗപ്യായസീഃ | സ്വർണ്ണം, വെള്ളി, ഇരുമ്പു് എന്നിവകൊണ്ടുള്ള | | |
| തിസ്രഃ | മൂന്നു് | ദുർവിതർക്ക്യപരിച്ഛദാഃ | ഊഹിപ്പാൻപോലും കഴിയാത്ത ഉപകരണങ്ങളോടും കൂടിയവയായിരുന്നു. |
| പുരഃ | വ്യോമയാനനഗരങ്ങളെ | | |
| നിർമ്മായ | നിർമ്മിച്ചു് (അവകളാകട്ടെ) | | |
| (താഃ) | അവ | | |

55. താഭിസ്തേഽസുരസേനാന്യോ ലോകാംസ്ത്രീൻ സേശ്വരാൻ നൃപ
സ്മരന്തോ നാശയാഞ്ചക്രുഃ പൂർവ്വവൈരമലക്ഷിതാഃ

| | | | |
|---|---|---|---|
| നൃപ | രാജാവേ ! | താഭിഃ | അവയിലൂടെ |
| പൂർവ്വവൈരം | പഴയ വിരോധത്തെ | അലക്ഷിതാഃ | കൺവെട്ടിച്ചുകൊണ്ട് |
| സ്മരന്തഃ | കരുതിവച്ചിരുന്ന | സേശ്വരാൻ | ലോകപാലന്മാരോടുകൂടിയ |
| തേ അസുര-സേനാന്യഃ | ആ അസുരസേനാനായകന്മാർ | ത്രീൻലോകാൻ | മൂന്നുലോകങ്ങളെയും |
| | | നാശയാഞ്ചക്രുഃ | തകർത്തു. |

56. തതസ്തേ സേശ്വരാ ലോകാ ഉപാസാദ്യേശ്വരം വിഭോ
ത്രാഹി നസ്താവകാൻ ദേവ വിനഷ്ടാംസ്ത്രിപുരാലയൈഃ

| | | | |
|---|---|---|---|
| വിഭോ | മഹാരാജാവേ ! | ദേവ | "ഭഗവാനേ! |
| തതഃ | അതുകൊണ്ട് | ത്രിപുരാ-ലയൈഃ | ത്രിപുരവാസികളായ അസുരന്മാരാൽ |
| തേ ലോകാഃ | ആ ലോകവാസികളെല്ലാം | | |
| സേശ്വരാഃ | ലോകപാലന്മാരോടുകൂടെ | വിനഷ്ടാൻ | നശിപ്പിക്കപ്പെട്ട |
| ഈശ്വരം | ശ്രീപരമേശ്വരനെ | താവകാൻ | ഭവദീയരായ |
| ഉപാസാദ്യ | സമീപിച്ച് | നഃ | ഞങ്ങളെ |
| (പ്രാഹുഃ) | ഉണർത്തിച്ചു— | ത്രാഹി | കാത്തുരക്ഷിക്കണേ !" |

57. അഥാനുഗൃഹ്യ ഭഗവാൻ മാ ഭൈഷ്ടേതി സുരാൻ വിഭുഃ
ശരം ധനുഷി സന്ധായ പുരേഷ്വസ്ത്രം വ്യമുഞ്ചത

| | | | |
|---|---|---|---|
| അഥ | അനന്തരം | ധനുഷി | വില്ലിൽ |
| വിഭുഃ | സർവ്വസമർത്ഥനായ | ശരം | അമ്പ് |
| ഭഗവാൻ | ശ്രീപരമേശ്വരൻ | സന്ധായ | തൊടുത്ത് |
| മ ഭൈഷ്ട | "പേടിക്കരുത്" | പുരേഷു | ത്രിപുരങ്ങളിൽ |
| ഇതി | എന്നു പറഞ്ഞ് | അസ്ത്രം | അസ്ത്രത്തെ |
| ദേവാൻ | ദേവന്മാരെ | വ്യമുഞ്ചത | വിട്ടയച്ചു. |
| അനുഗൃഹ്യ | അനുഗ്രഹിച്ചശേഷം | | |

58. തതോഽഗ്നിവർണ്ണാ ഇഷവ ഉത്പേതുഃ സൂര്യമണ്ഡലാത്
യഥാ മയൂഖസന്ദോഹാ നാദൃശ്യന്ത പുരോ യതഃ

| | | | |
|---|---|---|---|
| തതഃ | അതിൽനിന്ന് | സൂര്യ-മണ്ഡലാത് | ആദിത്യമണ്ഡലത്തിൽ നിന്ന് |
| അഗ്നിവർണ്ണാഃ | തീക്കനൽനിറമുള്ള | മയൂഖ-സന്ദോഹാഃ | ചുട്ടുപഴുത്ത ജ്വാലാമാലകളും |
| ഇഷവഃ | ബാണങ്ങളും, | | |

| | | | |
|---|---|---|---|
| യഥാ | എന്നപോലെ | പുരഃ | പുരത്രയങ്ങൾ |
| ഉത്പേതുഃ | ഉയന്നു. | ന അദൃശ്യന്ത | അദൃശ്യങ്ങളായി. |
| യതഃ | യാതൊന്നുകളാൽ | | |

59. **തൈഃ സ്പൃഷ്ടാ വ്യസവഃ സർവേ നിപേതുഃ സ്മ പുരൗകസഃ**
**താനാനീയ മഹായോഗീ മയഃ കൂപരസേऽക്ഷിപത്.**

| | | | |
|---|---|---|---|
| തൈഃ | അവയാൽ | മയഃ | മയാസുരൻ |
| സ്പൃഷ്ടാഃ | സ്പർശിക്കപ്പെട്ട | താൻ | അവരെ |
| പുരൗകസഃ | പുരത്രയവാസികൾ | ആനീയ | എടുത്തുകൊണ്ടുവന്നു് |
| സർവേ | മുഴുവനും | കൂപരസേ | സ്വമായാനിർമ്മിതമായ കിണററിലെ അമൃതജലത്തിൽ |
| വ്യസവഃ | ഗതപ്രാണരായി | | |
| നിപേതുഃ സ്മ | നിലം പതിച്ചു | | |
| മഹായോഗീ | വലിയ മായാവിദ്യാകുശലനായ | അക്ഷിപത് | നിക്ഷേപിച്ചു. |

60. **സിദ്ധാമൃതരസസ്പൃഷ്ടാ വജ്രസാരാ മഹൗജസഃ**
**ഉത്തസ്ഥുർമേഘദലനാ വൈദ്യുതാ ഇവ വഹ്നയഃ**

| | | | |
|---|---|---|---|
| സിദ്ധാമൃതരസസ്പൃഷ്ടാഃ | മായികസിദ്ധിയാൽ നിർമ്മിതമായ അമൃതദ്രാവകത്തിന്റെ സ്പർശനമേററും | മേഘദലനാഃ | മേഘനിരയെ പിളന്നു വരുന്ന |
| വജ്രസാരാഃ | വജ്രംപോലെ ദൃഢഗാത്രന്മാരും | വൈദ്യുതാഃ | മിന്നൽപ്പിണരുകളായ |
| മഹൗജസഃ | മഹാതേജസ്വികളുമായി ഭവിച്ച ത്രിപുരാസുരന്മാർ | വഹ്നയഃ | തീനാളങ്ങൾ |
| | | ഇവ | എന്നപോലെ |
| | | ഉത്തസ്ഥുഃ | പിടഞ്ഞെണീററു. |

61. **വിലോക്യ ഭഗ്നസങ്കല്പം വിമനസ്കം വൃഷധ്വജം**
**തദായം ഭഗവാൻ വിഷ്ണുസ്തത്രോപായമകല്പയത്**

| | | | |
|---|---|---|---|
| വിഷ്ണുഃ അയം | സർവ്വവ്യാപിയായ ഈ | വിലോക്യ | കണ്ടിട്ടു് |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | തദാ | തൽക്ഷണം |
| വൃഷധ്വജം | ശ്രീരുദ്രനെ | തത്ര | അവിടെ |
| ഭഗ്നസങ്കല്പം | നിനച്ചതു നിറവേറാതെ | ഉപായം | ഒരു യുക്തി |
| വിമനസ്കം | മനഃപ്രയാസത്തോടെ ഇരിക്കുന്നതു് | അകല്പയത് | പ്രയോഗിച്ചു. |

62. **വത്സ ആസീത്തദാ ബ്രഹ്മാ സ്വയം വിഷ്ണുരയം ഹി ഗൗഃ**
**പ്രവിശ്യ ത്രിപുരം കാലേ രസകൂപാമൃതം പപൗ**

| | | | |
|---|---|---|---|
| അയം വിഷ്ണുഃ | ഈ ശ്രീകൃഷ്ണൻ | കാലേ | ഉച്ചനേരത്ത് |
| തദാ | തൽക്ഷണം | ത്രിപുരം | പുരത്രയത്തിലേക്ക് |
| സ്വയം ഹി | താൻ തന്നെ | പ്രവിശ്യ | കടന്നുചെന്ന് |
| ഗൗഃ | ഒരു പശുവായും | രസകൂപാമൃതം | രസകൂപത്തിലുള്ള അമൃതജലത്തെ |
| ബ്രഹ്മാ | ബ്രഹ്മാവ് | പപൗ | കുടിച്ചുതീർത്തു. |
| വത്സഃ | പശുക്കുട്ടിയായും | | |
| ആസീത് | ഭവിച്ചു. | | |

63. തേഽസുരാ ഹ്യപി പശ്യന്തോ ന ന്യഷേധൻ വിമോഹിതാഃ
തദ്വിജ്ഞായ മഹായോഗീ രസപാലാനിദം ജഗൗ
സ്വയം വിശോകഃ ശോകാർത്താൻ സ്മരൻ ദൈവഗതിം ച താം

| | | | |
|---|---|---|---|
| തേ അസുരാഃ | ആ അസുരന്മാർ | താം ച | അത്തരത്തിലുള്ള |
| പശ്യന്തഃ അപി ഹി | നോക്കിക്കൊണ്ടിരുന്നിട്ടു കൂടിയും | ദൈവഗതിം | വിധിഹിതത്തെ |
| വിമോഹിതാഃ | വിഷ്ണുമായാ മോഹിതരായി ഭവിച്ച് | സ്മരൻ | ഓർത്തുകൊണ്ട് |
| ന ന്യഷേധൻ | തടഞ്ഞില്ല. | സ്വയം | തന്നെത്താൻ |
| മഹായോഗീ | മഹാസിദ്ധനായ മയൻ | വിശോകഃ | ശോകരഹിതനായിട്ട് |
| തത് വിജ്ഞായ | അതറിഞ്ഞപ്പോൾ, | ശോകാർത്താൻ | ശോകാർത്തന്മാരായ |
| | | രസപാലാൻ | രസകൂപപാലകന്മാരോട് |
| | | ഇദം ജഗൗ | ഇങ്ങനെ പറഞ്ഞു. |

64. ദേവോഽസുരോ നരോഽന്യോ വാ നേശ്വരോഽസ്തീഹ കശ്ചന
ആത്മനോഽന്യസ്യ വാ ദിഷ്ടം ദൈവേനാപോഹിതും ദ്വയോഃ

| | | | |
|---|---|---|---|
| ദേവഃ | ദേവനോ, | അന്യസ്യ | മററൊരുത്തനോ |
| അസുരഃ | അസുരനോ, | ദ്വയോഃ വാ | ഇരുവർക്കുമായോ |
| നരഃ | മനുഷ്യനോ, | ദൈവേന | വിധിയാൽ |
| അന്യഃ വാ | മററാരാനുമോ ആയിക്കൊള്ളട്ടെ | ദിഷ്ടം | ആദേശിക്കപ്പെട്ടതിനെ |
| ഇഹ | ഈ ലോകത്തിൽ | അപോഹിതും | തള്ളിനീക്കുവാൻ |
| കശ്ചന | ഒരുവനും | ഈശ്വരഃ | കഴിവുള്ളവനായി |
| ആത്മനഃ | തനിക്കോ | ന അസ്തി | ഭവിക്കയില്ല. |

65. അഥാസൗ ശക്തിഭിഃ സ്വാഭിഃ ശംഭോഃ പ്രാധാനികം വ്യധാത്

66. ധർമ്മജ്ഞാനവിരക്ത്യൃദ്ധിതപോവിദ്യാക്രിയാദിഭിഃ
രഥം സൂതം ധ്വജം വാഹാൻ ധനുർവർമ്മ ശരാദി യത്

| | |
|---|---|
| അഥ | പിന്നീട് |
| അസൗ | ഈ ശ്രീകൃഷ്ണൻ |
| ശംഭോഃ | ശ്രീരുദ്രനുവേണ്ടി |
| സ്വാഭിഃ | തന്റെ |
| ശക്തിഭിഃ | ശക്തികളായ |
| ധർമ്മജ്ഞാന-വിരക്ത്യദ്ധി-തപോവിദ്യാ-ക്രിയാദിഭിഃ | ധർമ്മം, ജ്ഞാനം, വൈരാഗ്യം, ഐശ്വര്യം, തപസ്സ്, വിദ്യ, ക്രിയ മുതലായവ കൊണ്ട് (യഥാക്രമം) |
| രഥം | തേരിനെയും |
| സൂതം | സാരഥിയെയും |
| ധ്വജം | കൊടിമരത്തെയും |
| വാഹാൻ | തേർക്കുതിരകളെയും |
| ധനുഃ | ചാപത്തെയും |
| വർമ്മ | കവചത്തെയും |
| ശരാദി | ശരം മുതലായതിനെയും — |
| യത് | ഇങ്ങനെയുള്ള |
| പ്രാധാനികം | യുദ്ധോപകരണത്തെ |
| വ്യധാത് | ഏർപ്പെടുത്തി |

67. സന്നദ്ധോ രഥമാസ്ഥായ ശരം ധനുരുപാദദേ
ശരം ധനുഷി സന്ധായ മുഹൂർത്തേഽഭിജിതീശ്വരഃ
ദദാഹ തേന ദുർഭേദ്യോ ഹരോഽഥ ത്രിപുരോ നൃപ

| | |
|---|---|
| നൃപ | ഹേ രാജൻ! |
| സന്നദ്ധഃ | പടക്കോപ്പണിഞ്ഞൊരുങ്ങിയ |
| ഈശ്വരഃ | മഹാദേവൻ |
| രഥം | തേരിൽ |
| ആസ്ഥായ | കയറി |
| ശരം ധനുഃ | അമ്പും വില്ലും |
| ഉപാദദേ | എടുത്തു; |
| അഥ | അനന്തരം |
| അഭിജിതി | അഭിജിത്തെന്ന |
| മുഹൂർത്തേ | മധ്യാഹ്നമുഹൂർത്തത്തിൽ |
| ധനുഷി | വില്ലിൽ |
| ശരം | അമ്പ് |
| സന്ധായ | തൊടുത്ത് |
| തേന | അതിനാൽ |
| ദുർഭേദ്യാഃ | ഭേദിപ്പാൻ കഴിയാതിരുന്ന |
| ത്രിപുരഃ | മുപ്പുരങ്ങളെ |
| ദദാഹ | ദഹിപ്പിച്ചു. |

68. ദിവി ദുന്ദുഭയോ നേദുർവിമാനശതസങ്കുലാഃ

69. ദേവർഷിപിതൃസിദ്ധേശാ ജയേതി കുസുമോത്കരൈഃ
അവാകിരൻ ജഗുർഹൃഷ്ടാ നനൃതുശ്ചാപ്സരോഗണാഃ

| | |
|---|---|
| ദിവി | ആകാശത്തിൽ |
| ദുന്ദുഭയഃ | ദുന്ദുഭിവാദ്യങ്ങൾ |
| നേദുഃ | മുഴങ്ങി. |
| വിമാനശത-സങ്കുലാഃ | അനേകം വിമാനങ്ങളിൽ വന്നുതിങ്ങി നിറഞ്ഞ |
| ദേവർഷിപിതൃ-സിദ്ധേശാഃ | ദേവന്മാരും, ഋഷികളും പിതൃക്കളും, സിദ്ധേശ്വരന്മാരും |
| ജയ ഇതി | ജയാരവത്തോടെ |
| കുസുമോത്കരൈഃ | പൂക്കളുടെ കൂമ്പാരങ്ങൾ കൊണ്ട് |
| അവാകിരൻ | കോരിച്ചൊരിഞ്ഞു. |
| ഹൃഷ്ടാഃ | സന്തുഷ്ടകളായ |
| അപ്സരോ-ഗണാഃ | അപ്സരഃ സ്ത്രീകളുടെ സംഘങ്ങൾ |
| ജഗുഃ | പാട്ടുകയും |
| നനൃതുഃ ച | ആടുകയും ചെയ്തു. |

70. ഏവം ദഗ്ധ്വാ പുരസ്തിസ്രോ ഭഗവാൻ പുരഹാ നൃപ
ബ്രഹ്മാദിഭിസ്സ്തൂയമാനഃ സ്വധാമ പ്രത്യപദ്യത

| | | | |
|---|---|---|---|
| നൃപ | രാജാവേ ! | പുരഹാ | ത്രിപുരഹന്താവെന്ന കീർത്തിനേടി, |
| ഭഗവാൻ | ശ്രീമഹാദേവൻ | | |
| ഏവം | ഇപ്രകാരം | ബ്രഹ്മാദിഭിഃ | ബ്രഹ്മാദിദേവന്മാരാൽ |
| തിസ്രഃ | മൂന്ന് | സ്തൂയമാനഃ | വാഴ്ത്തപ്പെട്ടുകൊണ്ട് |
| പുരഃ | പുരങ്ങളെയും | സ്വധാമ | തന്റെ ആവാസത്തിലേക്ക് |
| ദഗ്ധ്വാ | ദഹിപ്പിച്ച് | പ്രത്യപദ്യത | തിരിച്ചെഴുന്നള്ളി |

ആരംഭത്തിലെ പത്തധ്യായംകൊണ്ട് ഭഗവല്ലീലയെ വിസ്തരിച്ച സ്കന്ധം ഉപസംഹരിക്കുന്നു—

71. ഏവംവിധാന്യസ്യ ഹരേഃ സ്വമായയാ
വിഡംബമാനസ്യ നൃലോകമാത്മനഃ
വീര്യാണി ഗീതാന്യൃഷിഭിർജഗദ്ഗുരോർ-
ല്ലോകാൻ പുനാനാന്യപരം വദാമി കിം

| | | | |
|---|---|---|---|
| ആത്മനഃ | പരമാത്മാവും | ഏവംവിധാനി | ഇത്തരത്തിലുള്ള |
| ജഗദ്ഗുരോഃ | അഖിലലോകഗുരുവും | വീര്യാണി | വീരകൃത്യങ്ങളാം |
| സ്വമായയാ | ആത്മമായയാൽ | ഋഷിഭിഃ | ഋഷിമാരാൽ |
| നൃലോകം | നരാകാരത്തെ | ഗീതാനി | ഗാനം ചെയ്യപ്പെട്ട വിജയങ്ങൾ. |
| വിഡംബയതഃ | അനുകരിച്ചുകൊണ്ടിരിക്കുന്നവനുമായ | അപരം | ഇനി വേറെ |
| അസ്യ ഹരേഃ | ഈ ശ്രീകൃഷ്ണഭഗവാന്റെ | കിം | എന്തൊന്ന് |
| ലോകാൻ | ലോകങ്ങളെ | വദാമി | ഞാൻ ചൊല്ലിത്തരേണ്ടതുണ്ട്. |
| പുനാനാനി | ശുദ്ധീകരിക്കുന്ന | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
യുധിഷ്ഠിരനാരദസംവാദേ ത്രിപുരവിജയോ നാമ
ദശമോഽധ്യായഃ
ആദിതഃ ശ്ലോകഃ 516

# ഏകാദശോഽധ്യായഃ — അധ്യായം പതിനൊന്ന്

## സനാതനധർമ്മനിരൂപണം

""ഏകാദശേ നൃണാം ധർമ്മാഃ സാധാരണ്യേന വർണ്ണിതാഃ
വിശേഷേണ ച വർണ്ണാനാം മുഖ്യാമുഖ്യാശ്ച യോഷിതാം""

ഈ പതിനൊന്നാമധ്യായത്തിൽ മനുഷ്യർക്കെല്ലാം പൊതുവിൽ ബാധകമായ ധർമ്മങ്ങളും, പ്രത്യേകിച്ച് ബ്രാഹ്മണാദിനാലുവർണ്ണങ്ങൾക്കും സ്ത്രീകൾക്കും മുഖ്യമായും സാമാന്യമായും വേണ്ടുന്ന ധർമ്മങ്ങളും വിസ്തരിക്കപ്പെട്ടിരിക്കുന്നു. (ധർമ്മം = വേദവിഹിതമായ കർമ്മമാർഗ്ഗം)

കഴിഞ്ഞ 10 അധ്യായങ്ങളാൽ ജ്ഞാനയോഗത്തെയും ഭക്തിയോഗത്തെയും സംബന്ധിച്ച വിഷയങ്ങളാണ് പ്രതിപാദിതങ്ങളായത്. ഇനി അഞ്ചധ്യായങ്ങൾ കൊണ്ട് കർമ്മയോഗത്തെ സംബന്ധിച്ച വിഷങ്ങൾ പ്രതിപാദിക്കുവാൻ പോകുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

1. **ശ്രുത്വേഹിതം സാധുസഭാസഭാജിതം
മഹത്തമാഗ്രണ്യ ഉരുക്രമാത്മനഃ
യുധിഷ്ഠിരോ ദൈത്യപതേർമ്മുദാ യുതഃ
പപ്രച്ഛ ഭൂയസ്തനയം സ്വയംഭുവഃ**

| | | | |
|---|---|---|---|
| മഹത്തമാഗ്രണ്യഃ | മഹാന്മാരിൽ മഹാന്മാരായവരിൽ അഗ്രഗണ്യനും | ശ്രുത്വാ | ശ്രവിച്ച് |
| | | മുദാ | സന്തോഷത്തോടെ |
| ഉരുക്രമാത്മനഃ | ശ്രീനാരായണനിൽ ആത്മാർപ്പണം ചെയ്യുവനുമായ | യുതഃ | കൂടിയവനായി ഭവിച്ച |
| | | യുധിഷ്ഠിരഃ | ധർമ്മപുത്രരാജാവ് |
| | | സ്വയംഭുവഃ | ബ്രഹ്മദേവന്റെ |
| ദൈത്യപതേഃ | പ്രഹ്ലാദന്റെ | തനയം | പുത്രനായ നാരദമുനിയോട് |
| സാധുസഭാസഭാജിതം | സജ്ജനസദസ്സിൽ സമാദൃതമായുള്ള | ഭൂയഃ | വീണ്ടും |
| ഈഹിതം | ചരിതത്തെ | പപ്രച്ഛ | ചോദിച്ചു |

യുധിഷ്ഠിര ഉവാച = യുധിഷ്ഠിരൻ പറഞ്ഞു —

2. **ഭഗവൻ ശ്രോതുമിച്ഛാമി നൃണാം ധർമ്മം സനാതനം
വർണ്ണാശ്രമാചാരയുതം യത് പുമാൻ വിന്ദതേ പരം.**

| | |
|---|---|
| ഭഗവൻ | സർവ്വജ്ഞനായ ഋഷേ! |
| വർണ്ണാശ്രമാചാരയുതം | വർണ്ണാശ്രമങ്ങളുടെ ആചാരമുറകളോടുകൂടി |
| നൃണാം | മനുഷ്യർക്ക് പൊതുവിൽ |
| സനാതനം | പരമ്പരാഗതമായുള്ള |
| ധർമ്മം | വേദോക്തകർമ്മമാർഗ്ഗത്തെക്കുറിച്ച് |
| ശ്രോതും | കേട്ടുധരിക്കുവാൻ |
| ഇച്ഛാമി | ഞാൻ ആഗ്രഹിക്കുന്നു. |
| യേന | യാതൊരുമാർഗ്ഗത്തിലൂടെ |
| പുമാൻ | മനുഷ്യൻ |
| പരം | അതിൽനിന്നുംമേലെയുള്ള മുക്തിജ്ഞാനങ്ങളുടെ മാർഗ്ഗത്തിലേക്ക് |
| വിന്ദതേ | എത്തുന്നതാണല്ലോ. |

3. **ഭവാൻ പ്രജാപതേഃ സാക്ഷാദാത്മജഃ പരമേഷ്ഠിനഃ**
**സുതാനാം സമ്മതോ ബ്രഹ്മംസ്തപോയോഗസമാധിഭിഃ**

| | |
|---|---|
| ബ്രഹ്മൻ | വേദസ്വരൂപമേ! |
| ഭവാൻ | അങ്ങുന്ന് |
| പ്രജാപതേഃ | പ്രജാസൃഷ്ടിയുടെ നായകനായ |
| പരമേഷ്ഠിനഃ | ബ്രഹ്മദേവന്റെ |
| സാക്ഷാത് | ശരിയായ |
| ആത്മജഃ | പുത്രനാണ്. |
| തപോയോഗസമാധിഭിഃ | തപസ്സ്, യോഗവിദ്യ, അദ്ധ്യാത്മധ്യാനം എന്നിവയാൽ |
| സുതാനാം | ബ്രഹ്മപുത്രന്മാർക്കിടയിൽ |
| സമ്മതഃ | ബഹുമതനുമാണ് |

"എത്രയോ സ്മൃതികാരന്മാർ ധർമ്മതത്ത്വങ്ങളെല്ലാം വിസ്തരിച്ചിരിക്കെ എന്നോടു ചോദിച്ചറിയേണ്ടതുണ്ടോ?" എന്നാണെങ്കിൽ അതിനു പറയുന്നു —

4. **നാരായണപരാ വിപ്രാ ധർമ്മം ഗുഹ്യം പരം വിദുഃ**
**കരുണാഃ സാധവഃ ശാന്താസ്ത്വദ്വിധാ ന തഥാപരേ**

| | |
|---|---|
| ത്വദ്വിധാഃ | അങ്ങയെപ്പോലെ |
| കരുണാഃ | കാരുണികന്മാരും |
| സാധവഃ | സച്ചരിതന്മാരും |
| ശാന്താഃ | ശാന്തന്മാരും |
| നാരായണപരാഃ | നാരായണനെസർവ്വാത്മനാ ഉപാസിക്കുന്നവരുമായ |
| വിപ്രാഃ | വേദജ്ഞന്മാർ |
| ഗുഹ്യം | നിഗൂഢവും |
| പരം | ശ്രേഷ്ഠവുമായ |
| ധർമ്മം | ധർമ്മത്തെ |
| വിദുഃ | അറിയുന്നു |
| തഥാ | അപ്രകാരം |
| അപരേ | മററുള്ളവർ |
| ന (വിദുഃ) | അറിയുന്നില്ല |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു.

5. **നത്വാ ഭഗവതേऽജായ ലോകാനാം ധർമ്മഹേതവേ**
**വക്ഷ്യേ സനാതനം ധർമ്മം നാരായണമുഖാച്ഛ്രുതം**

| | | | |
|---|---|---|---|
| ലോകാനാം | ലോകവാസികളുടെ | നാരായണമുഖാത് | ആ നാരായണമുനിയുടെ തിരുമുഖത്തിൽനിന്നും |
| ധർമ്മഹേതവേ | ധാർമ്മികബോധത്തിന്നു ഹേതുഭൂതനും | ശ്രുതം | കേട്ടധരിച്ച |
| അജായ | ജന്മാദിരഹിതനുമായ നാരായണമുനിക്കായിക്കൊണ്ടു | സനാതനം | സനാതനമായ |
| | | ധർമ്മം | ധർമ്മത്തെ |
| നത്വാ | നമസ്കരിച്ച് | വക്ഷ്യേ | ഞാൻ ചൊല്ലിത്തരാം |

കേട്ടധരിക്കാനുണ്ടായ സാഹചര്യത്തെ പരാമർശിച്ചുകൊണ്ട് ആ ആദിനാരായണ ഗുരുവിനെ വിശേഷിപ്പിച്ച് ഇനി പറയുന്നു,

6. **യോഽവതീര്യാത്മനോംശേന ദാക്ഷായണ്യാം തു ധർമ്മതഃ**
**ലോകാനാം സ്വസ്തയേഽധ്യാസ്തേ തപോ ബദരികാശ്രമേ**

| | | | |
|---|---|---|---|
| യഃ തു | യാതൊരാളാകട്ടെ | ലോകാനാം | ലോകങ്ങളുടെ |
| ധർമ്മതഃ | ധർമ്മദേവനിൽനിന്നു | സ്വസ്തയേ | യോഗക്ഷേമാർത്ഥം |
| ദാക്ഷായണ്യാം | ദക്ഷപുത്രിയായ മൂർത്തിദേവിയിൽ | ബദരികാശ്രമേ | ബദര്യാശ്രമത്തിൽ |
| ആത്മനഃ | തന്റെ | തപഃ | തപോനിഷ്ഠയിൽ |
| അംശേന | അംശമായ നരനോടുകൂടെ | അധ്യാസ്തേ | ഇരുന്നരുളുന്നു |
| അവതീര്യ | അവതരിച്ച് | | |

ധർമ്മത്തിന്റെ അടിസ്ഥാനമേതെന്ന് ആദ്യം വ്യക്തമാക്കുന്നു.

7. **ധർമ്മമൂലം ഹി ഭഗവാൻ സർവ്വവേദമയോ ഹരിഃ**
**സ്മൃതം ച തദ്വിദാം രാജൻ യേന ചാത്മാ പ്രസീദതി.**

| | | | |
|---|---|---|---|
| രാജൻ | ഹേ രാജൻ! യുധിഷ്ഠിര! | തദ്വിദാം | ആ വേദങ്ങളുടെ തത്ത്വം ഗ്രഹിച്ച ഋഷിമാരുടെ |
| ധർമ്മമൂലം | ധർമ്മത്തിന്റെ അടിസ്ഥാനം (പ്രമാണം) | സ്മൃതം ച | സ്മൃതിയും പ്രമാണമാണ് |
| സർവ്വവേദമയഃ | എല്ലാ വേദങ്ങളുടെയും സാക്ഷാൽ സ്വരൂപമായ | യേന ച | യാതൊരു ധർമ്മാചരണാൽ തന്നെ |
| ഭഗവാൻ | ഭഗവാനായ | ആത്മാ | അന്തഃകരണം |
| ഹരിഃ ഹി | ശ്രീഹരിതന്നെ | പ്രസീദതി | പ്രസന്നമായിത്തീരുന്നു |

സർവ്വേശ്വരന്റെ സ്വരൂപങ്ങളായ വേദങ്ങളും വേദജ്ഞന്മാരായ ഋഷിമാരുടെ സ്മൃതിഗ്രന്ഥങ്ങളുമാണ് ധർമ്മാനുഷ്ഠാനങ്ങൾക്ക് പ്രമാണമായുള്ളതെന്നു സാരം.

വർണ്ണാശ്രമാദിഭേദമില്ലാതെ മനുഷ്യരെല്ലാം പൊതുവെ ആദരിക്കേണ്ടുന്ന ധർമ്മങ്ങളെ ഇനി അഞ്ചു ശ്ലോകങ്ങളാൽ പറയുന്നു.

8. സത്യം ദയാ തപഃ ശൗചം തിതിക്ഷേക്ഷാ ശമോ ദമഃ
അഹിംസാ ബ്രഹ്മചര്യം ച ത്യാഗഃ സ്വാധ്യായ ആർജ്ജവം.

9. സന്തോഷഃ സമദൃക്സേവാ ഗ്രാമ്യേഹോപരമഃ ശനൈഃ
നൃണാം വിപര്യയേഹേക്ഷാ മൗനമാത്മവിമർശനം.

10. അന്നാദ്യാദേഃ സംവിഭാഗോ ഭൂതേഭ്യശ്ച യഥാർഹതഃ
തേഷ്വാത്മദേവതാബുദ്ധിഃ സുതരാം നൃഷു പാണ്ഡവ.

11. ശ്രവണം കീർത്തനം ചാസ്യ സ്മരണം മഹതാം ഗതേഃ
സേവേജ്യാവനതിർദാസ്യം സഖ്യമാത്മസമർപ്പണം.

12. നൃണാമയം പരോ ധർമ്മഃ സർവ്വേഷാം സമുദാഹൃതഃ
ത്രിംശല്ലക്ഷണവാൻ രാജൻ സർവ്വാത്മാ യേന തുഷ്യതി.

| | |
|---|---|
| സത്യം | യാഥാർത്ഥ്യകഥനം, |
| ദയാ | ദീനാനുകമ്പ, |
| തപഃ | വ്രതാനുഷ്ഠാനം |
| ശൗചം | ശുചിത്വം, |
| തിതിക്ഷാ | സഹനശീലം, |
| ഈക്ഷാ | യുക്തായുക്തവിവേകം, |
| ശമഃ | മനഃസംയമം, |
| ദമഃ | ബാഹ്യേന്ദ്രിയസംയമം, |
| അഹിംസാ | ഹിംസാത്യാഗം, |
| ബ്രഹ്മചര്യം | ലൈംഗിക സുഖങ്ങളിൽ അനാസക്തി, |
| ത്യാഗഃ | ദാനം; |
| സ്വാധ്യായഃ | തനിക്കൊകാവുന്ന ജപം, |
| ആർജ്ജവം ച | ഋജുസ്വഭാവം എന്നിവയും; |
| സന്തോഷഃ | യദൃച്ഛാലാഭസംതൃപ്തി, |
| സമദൃക്സേവാ | സമദർശികളായ മഹാത്മാക്കളുടെ പരിചരണം, |
| ശനൈഃ | സാവകാശത്തിൽ |
| ഗ്രാമ്യേഹോപരമഃ | സാംസാരികമായ പ്രവൃത്തിമാർഗ്ഗത്തിൽനിന്നും നിവൃത്തനാകൽ, |
| നൃണാം | മനുഷ്യരുടെ |
| വിപര്യയേഹേക്ഷാ | ആഗ്രഹത്തിനു വിപരീതമായ ഫലം ഉണ്ടാവുന്ന കർമ്മങ്ങളുടെ നിരീക്ഷണം |
| മൗനം | വൃഥാലാപവർജ്ജനം, |
| ആത്മവിമർശനം | അദ്ധ്യാത്മചിന്ത, |
| ഭൂതേഭ്യഃ | പ്രാണികൾക്ക് |
| യഥാർഹതഃ | അർഹിക്കുന്നവിധം |
| അന്നാദ്യാദേഃ | അന്നഭക്ഷ്യാദികളുടെ |
| സംവിഭാഗഃ | വിതരണം, |
| തേഷു | ആ പ്രാണികളിൽ— |
| സുതരാം | അതിലും വിശേഷിച്ച് |
| നൃഷു | മനുഷ്യരിൽ |
| ആത്മദേവതാബുദ്ധിഃ ച | തന്റെ ആത്മാവെന്നും ആരാധ്യദേവനെന്നും ഉള്ള ധാരണ എന്നിവയും; |
| രാജൻ | അല്ലയോ രാജാവേ! |

| | | | |
|---|---|---|---|
| പാണ്ഡവ | പാണ്ഡുപുത്ര! | സഖ്യം | മിത്രഭാവേന ഉപാസിക്കുക, |
| മഹതാം | മഹാത്മാക്കൾക്ക് | ആത്മസമർപ്പണം | തന്നെയും തനിക്കുള്ളതിനെയും ഭഗവാനിൽ സമർപ്പിക്കുക എന്നിവയുമായി |
| ഗതേഃ | ആശ്രയഭൂതനായ | ത്രിംശല്ലക്ഷണവാൻ | മുപ്പതുപ്രകാരത്തിലുള്ള ആചരണം |
| അസ്യ ച | ഈ ശ്രീകൃഷ്ണഭഗവാന്റെ ലീലാചരിതങ്ങളെ | സർവേഷാം നൃണാം | എല്ലാ മനുഷ്യർക്കും പൊതുവിലുള്ള |
| ശ്രവണം | കേൾക്കുക, | പരഃ ധർമ്മഃ | പരമധർമ്മമാകുന്നു. |
| കീർത്തനം | കീർത്തിക്കുക, | യേന | യാതൊന്നിനാൽ |
| സ്മരണം | ധ്യാനിക്കുക, | സർവാത്മാ | സർവേശ്വരൻ |
| സേവാ | ഭഗവാനെ സേവിക്കുക, | തുഷ്യതി | സന്തുഷ്ടനാവുന്നു. |
| ഇജ്യാ | പൂജിക്കുക, | | |
| അവനതിഃ | നമസ്കരിക്കുക, | | |
| ദാസ്യം | ഭൃത്യഭാവേന പരിചര്യ ചെയ്യുക, | | |

ഇങ്ങനെ സാമാന്യമായി മാനവധർമ്മങ്ങളെ പറഞ്ഞശേഷം വർണ്ണധർമ്മങ്ങളെപ്പറ്റി പറയുവാനായി ആദ്യം "ദ്വിജന്മാർ" ആരെന്നു് നിർവ്വചിച്ചു പറയുന്നു.—

13. സംസ്കാരാ യത്രാവിച്ഛിന്നാഃ സ ദ്വിജോഽജോ ജഗാദ യം
ഇജ്യാധ്യയനദാനാനി വിഹിതാനി ദ്വിജന്മനാം
ജന്മകർമ്മാവദാതാനാം ക്രിയാശ്ചാശ്രമചോദിതാഃ

| | | | |
|---|---|---|---|
| സംസ്കാരാഃ | സംസ്കാരങ്ങൾ — ഗർഭാധാനാദികളായ സമന്ത്രവൈദിക ക്രിയകൾ | ദ്വിജഃ | ദ്വിജനാകുന്നു. |
| യത് (യത്ര) | യാതൊരാളെ നിമിത്തീകരിച്ച് | ജന്മകർമ്മാവദാതാനാം | ഇങ്ങനെ ജന്മംകൊണ്ടും കർമ്മംകൊണ്ടും വിശുദ്ധരായ |
| അവിച്ഛിന്നാഃ | മുടക്കമില്ലാതെ യഥാകാലം നടക്കുന്നുവോ, | ദ്വിജന്മനാം | ദ്വിജന്മാർക്ക് |
| അജഃ | സ്രഷ്ടാവുതന്നെ | ഇജ്യാധ്യയനദാനാനി | യാഗം, വേദാധ്യയനം, ദാനം എന്നിവ മൂന്നും |
| യം | യാതൊരാളെ | വിഹിതാനി | വിധിക്കപ്പെട്ടവയാണ്. |
| ജഗാദ | അതിന്നു സമുചിതനെന്നു നിർണ്ണയിച്ചിരിക്കുന്നുവോ, | ആശ്രമചോദിതാഃ | ബ്രഹ്മചര്യാദി ആശ്രമങ്ങളെ വിശേഷിച്ചും പറയപ്പെട്ട |
| സഃ | ആയാൾ | ക്രിയാഃ ച | ക്രിയകളും വേറെയുണ്ട്. |

ഗർഭാധാനം മുതലുള്ള 16 വിധം വൈദിക സംസ്കാരങ്ങളെ മുറപോലെ അവിച്ഛിന്നമായി മന്ത്രോച്ചാരണത്തോടെ നിറവേററിവരുന്നവരും അതിന്നുതകുമാറുള്ള ഉത്തമ കുലത്തിൽ ജനിച്ചവരുമായ ത്രൈവർണ്ണികന്മാർക്ക് (ബ്രഹ്മക്ഷത്രവൈശ്യന്മാർക്ക്) ബ്രഹ്മദേവൻ കല്പിച്ചു നല്കിയ അഭിധാനമാണ് 'ദ്വിജൻ' എന്നതു്. ശൂദ്രവർണ്ണത്തിലുള്ളവർക്ക്

ഉപനയനം ഉൾപ്പെടെയുള്ള സമന്ത്രസംസ്കാരങ്ങളില്ലാത്തതിനാൽ അവർക്കു് ദ്വിജത്വമില്ല. ശൂദ്രർക്ക വർണ്ണധർമ്മങ്ങൾ മാത്രമേ ഉള്ളു. ത്രൈവർണ്ണികന്മാർക്ക വർണ്ണധർമ്മങ്ങൾക്കുപുറമേ ആശ്രമധർമ്മങ്ങളും കൂടിയുണ്ടു്.

ഇനി 7½ ശ്ലോകങ്ങൾകൊണ്ടു ബ്രാഹ്മണാദി നാലുവർണ്ണങ്ങളുടെയും ജീവിതവൃത്തികളെ പറയുന്നു—

**14.** വിപ്രസ്യാധ്യയനാദീനി ഷഡന്യസ്യാപ്രതിഗ്രഹഃ
രാജ്ഞോ വൃത്തിഃ പ്രജാഗോപ്തുരവിപ്രാദ്വാ കരാദിഭിഃ

| | | | |
|---|---|---|---|
| വിപ്രസ്യ | ബ്രാഹ്മണന്നു് | അപ്രതിഗ്രഹഃ | ദാനം വാങ്ങുവാൻ അധികാരമില്ല. |
| അധ്യയനാദീനി | വേദാധ്യയനം മുതലായ | പ്രജാഗോപ്തുഃ | പ്രജാപാലകനായി |
| ഷട് | ആറു (കർമ്മങ്ങൾ വിധിക്കപ്പെട്ടിട്ടുണ്ടു്.) | രാജ്ഞഃ | രാജാവായിരിക്കുന്ന ക്ഷത്രിയന്റെ |
| അന്യസ്യ | ബ്രഹ്മണേതരനായ ക്ഷത്രിയന്നു് | വൃത്തിഃ | ജീവിതവൃത്തി |
| | | അവിപ്രാത് | ബ്രാഹ്മണേതരനിൽ നിന്നുള്ള |
| | | കരാദിഭിഃ വാ | നികുതിപിരിവു മുതലായതുകൊണ്ടു് ആകാം. |

ദ്വിജത്വമുള്ള ത്രൈവർണ്ണികന്മാർക്ക യാഗം, അധ്യയനം, ദാനം എന്നിവ മൂന്നും പൊതുവിലുള്ളതാണു്. അതിൽ വിശേഷിച്ചു ബ്രാഹ്മണന്നു് യാജനം, അധ്യാപനം, പ്രതിഗ്രഹം (യാഗംചെയ്യിക്കുക, അധ്യയനം ചെയ്യിക്കുക, ദാനം വാങ്ങുക) എന്നിവയും ജീവിതനിർവ്വഹണാർത്ഥം വിഹിതങ്ങളാകുന്നു. ഇങ്ങനെ ബ്രഹ്മണന്റെ വിഹിതകർമ്മങ്ങൾ ആറു്. ക്ഷത്രിയന്നു് പ്രതിഗ്രഹം സ്വീകരിക്കാൻ അധികാരമില്ല. യാജനവും അധ്യാപനവും ആപദ്ധർമ്മങ്ങളായി സ്വീകരിക്കാം. രാജവാഴ്ചയുള്ള ക്ഷത്രിയനാണെങ്കിൽ പ്രജകളിൽനിന്നു കരം, ചുങ്കം, പിഴ മുതലായവ ഈടാക്കാവുന്നതാണു്. പക്ഷേ ബ്രഹ്മണരെ ഒഴിവാക്കണം.

**15.** വൈശ്യസ്തു വാർത്താവൃത്തിശ്ച നിത്യം ബ്രഹ്മകുലാനുഗഃ
ശൂദ്രസ്യ ദ്വിജശുശ്രൂഷാ വൃത്തിശ്ച സ്വാമിനോ ഭവേത്

| | | | |
|---|---|---|---|
| വൈശ്യഃ തു | വൈശ്യനാകട്ടെ | ശൂദ്രസ്യ | ശൂദ്രന്റെ ധർമ്മം |
| വാർത്താവൃത്തിഃ | വാർത്തകളെ (കൃഷിവാണിജ്യാദി) ജീവിതവൃത്തിയായി സ്വീകരിച്ചവനും | ദ്വിജശുശ്രൂഷാ | ബ്രാഹ്മണാദികളുടെ സേവനമാണു്. |
| നിത്യം | എന്നുകാലത്തും | സ്വാമിനഃ | യജമാനനിൽനിന്നു് |
| ബ്രഹ്മകുലാനുഗഃ | ബ്രാഹ്മണവംശത്തെ അനുസരിക്കുന്നവനുമായിരിക്കണം. | വൃത്തിഃ ച | ഉപജീവനമാർഗ്ഗവും |
| | | ഭവേത് | ഉണ്ടാകണം. |

നാലു വർണ്ണങ്ങൾക്കും വിഹിതങ്ങളായ വ്യത്യസ്തജീവനോപായങ്ങൾ പറയപ്പെട്ടു. എന്നാൽ അവ സാധ്യമല്ലാതെ വരുമ്പോൾ സ്വീകരിക്കാവുന്ന ആപദ്ധർമ്മങ്ങളെയാണ് ഇനി പറഞ്ഞു തുടങ്ങുന്നതു്—

**16.** **വാർത്താ വിചിത്രാ ശാലീനയായാവരശിലോഞ്ഛനം**
**വിപ്രവൃത്തിശ്ചതുർധേയം ശ്രേയസീ ചോത്തരോത്തരാ**

| | |
|---|---|
| വിചിത്രാ | പലതരത്തിലുള്ള |
| വാർത്താ | വൈശ്യവൃത്തിയായ കൃഷിയോ, കച്ചവടമോ ചെയ്യുക, |
| ശാലീനയായാവരശിലോഞ്ഛനം | സംഭാവന വാങ്ങുക, അന്നന്നാളേക്കുവേണ്ടതു യാചിച്ചുണ്ടാക്കുക, വയലുകളിലോ കമ്പോളങ്ങളിലോ കൊഴിഞ്ഞുവീണ ധാന്യം പെറുക്കിയെടുക്കുക ഇങ്ങനെ |
| വിപ്രവൃത്തിഃ | ബ്രാഹ്മണനു വിഹിതമായ ജീവനോപായം |
| ചതുർധാ | നാലുവിധമാകുന്നു. |
| ഇയം | ഇതു് |
| ഉത്തരോത്തരാ | ആദ്യമാദ്യം പറഞ്ഞതേക്കാൾ പിന്നെപ്പിന്നെ പറഞ്ഞതു് |
| ശ്രേയസീ | ഉത്തമമെന്നു കരുതണം. |

**17.** **ജഘന്യോ നോത്തമാം വൃത്തിമനാപദി ഭജേന്നരഃ**
**ഋതേ രാജന്യമാപത്സു സർവേഷാമപി സർവശഃ**

| | |
|---|---|
| ജഘന്യഃ | താഴ്ന്ന വർണ്ണത്തിലുള്ള |
| നരഃ | മനുഷ്യൻ |
| അനാപദി | ആപത്തില്ലാത്ത ഘട്ടത്തിൽ |
| ഉത്തമാം | ഉയർന്ന വർണ്ണത്തിലുള്ളവർക്കു വിഹിതമായ |
| വൃത്തിം | ജീവിതവൃത്തിയെ |
| ന ഭജേത് | സ്വീകരിച്ചുകൂടാ. |
| ആപത്സു | ആപദ്ഘട്ടങ്ങളിൽ |
| രാജന്യം | ക്ഷത്രിയനെ |
| ഋതേ | ഒഴിച്ചു് |
| സർവേഷാം അപി | മറ്റെല്ലാ വർണ്ണത്തിലുള്ളവർക്കും |
| സർവശഃ | എല്ലാതരം ജീവിതവൃത്തിയും സ്വീകരിക്കാം. |

ക്ഷത്രിയൻ പ്രതിഗ്രഹം സ്വീകരിക്കരുതെന്നു് ഇതിനുമുമ്പു് പറഞ്ഞിട്ടുണ്ടു്. ആപദ്ദശയിലും അതരുതെന്നു് ഇവിടെ ഒന്നുകൂടെ ഉറപ്പിച്ചതാണു്. ആപദ്ദശയിൽ ബ്രാഹ്മണന്റേതായ യാജനാധ്യാപനാദി കർമ്മങ്ങളിൽ ഏർപ്പെടാം.

ബ്രാഹ്മണനു വിധിച്ച നാലു് ആപദ്ധർമ്മങ്ങളെപ്പോലെ മററു വർണ്ണങ്ങൾക്കും ആപദ്ധർമ്മങ്ങൾ വിധിച്ചിട്ടുണ്ടെന്നു് ഇനി പറയുന്നു—

**18.** **ഋതാമൃതാഭ്യാം ജീവേത മൃതേന പ്രമൃതേന വാ**
**സത്യാനൃതാഭ്യാം ജീവേത ന ശ്വവൃത്ത്യാ കഥഞ്ചന**

| | | | |
|---|---|---|---|
| ഋതാമൃതാഭ്യാം | ഋതം അമൃതം എന്നിവ കൊണ്ടോ, | സത്യാ— നൃതാഭ്യാം | സത്യാനൃതങ്ങൾ കൊണ്ടും |
| മൃതേന | മൃതം കൊണ്ടോ, | ജീവേത | ജീവിക്കാം. |
| പ്രമൃതേന വാ | പ്രമൃതം കൊണ്ടോ, | കഥംചന | ഒരിക്കലും |
| ജീവേത | ജീവിക്കാവുന്നതാണ്. | ശ്വവൃത്ത്യാ | ശ്വവൃത്തികൊണ്ട് |
| | | ന | ജീവിക്കരുത്. |

ഋതാമൃതാദി സംജ്ഞകളെ ഋഷിതന്നെ സ്വയം നിർവചിക്കുന്നു—

19. **ഋതമുഞ്ഛശിലം പ്രോക്തമമൃതം യദയാചിതം**
**മൃതം തു നിത്യയാച്ഞാ സ്യാത് പ്രമൃതം കർഷണം സ്മൃതം**
**സത്യാനൃതം തു വാണിജ്യം ശ്വവൃത്തിർ നീചസേവനം**

| | | | |
|---|---|---|---|
| ഋതം | ഋതമെന്നു | സ്യാത് | തന്നെയാണ്. |
| പ്രോക്തം | പറയപ്പെട്ടതു്. | പ്രമൃതം | പ്രമൃതം എന്നതു് |
| ഉഞ്ഛശിലം | ഉഞ്ഛവും ശിലവുമാണ് | കർഷണം | കൃഷിപ്രവൃത്തിയായി |
| അയാചിതം | യാചനകൂടാതെ ലഭിച്ചതു് | സ്മൃതം | കരുതപ്പെട്ടതാണ്. |
| യത് | യാതൊന്നോ, അതു് | സത്യാനൃതം തു | സത്യാനൃതം ആകട്ടെ |
| അമൃതം | അമൃതമാകുന്നു. | വാണിജ്യം | കച്ചവടമാകുന്നു. |
| മൃതം തു | മൃതം എന്നതു് | നീചസേവനം | നീചന്മാരെ ആശ്രയിച്ചു ജീവിക്കുന്നതു് |
| നിത്യയാച്ഞാ | നിത്യയാചന | ശ്വവൃത്തിഃ | ശ്വവൃത്തിയുമാകുന്നു. |

16—ാമത്തെ ശ്ലോകത്തിൽ ബ്രാഹ്മണനെ സംബന്ധിച്ചു പറഞ്ഞ ആപദ്ധർമ്മങ്ങളെ ത്തന്നെയാണ് ഈ ശ്ലോകത്തിൽ നാമഭേദത്തോടെ ബ്രാഹ്മണേതരന്മാരെ സംബന്ധിച്ചും പറഞ്ഞിരിക്കുന്നതു്. വയലുകളിൽ കൃഷികന്മാർ തള്ളിക്കളഞ്ഞ ധാന്യമണികൾ പെറുക്കിയെടുത്തു ജീവിക്കുന്നതു ശിലവൃത്തിയും, കടകമ്പോളങ്ങളുടെ പരിസരങ്ങളിൽ കൊഴിഞ്ഞുവീണവയെ തൂത്തുവാരിയെടുത്ത് ഉപജീവിക്കുന്നത് ഉഞ്ഛവൃത്തിയുമാകുന്നു. ചോദിക്കാതെ വല്ലവരും അറിഞ്ഞുതരുന്ന വസ്തുവാണ് അമൃതം. ഇതിനു ശാലീനം എന്നു പേരാണ് പൂർവ്വശ്ലോകത്തിൽ പറഞ്ഞതു്, നാലംതോറും ഇരന്നുണ്ടാക്കുന്നതത്രേ മൃതം. ഈ വൃത്തിയെ യായാവരമെന്നു മുമ്പു പറഞ്ഞു. ഈ ശ്ലോകത്തിൽ പ്രമൃതം എന്ന പേരിൽ പറഞ്ഞ കൃഷിപ്പണിയെയും സത്യാനൃതം (നേരും നുണയും ചേർന്നതു്) എന്ന പേരിൽപ്പറഞ്ഞ വാണിജ്യവൃത്തിയെയും പൂർവ്വശ്ലോകത്തിൽ 'വാർത്ത' എന്ന ഒററവാക്കു കൊണ്ടു നിർദ്ദേശിച്ചു. നീചാശ്രയമാണ് ശ്വവൃത്തി—പട്ടിയെപ്പോലുള്ള നാണംകെട്ട ജീവിതം.

ഈ ശ്വവൃത്തി ബ്രാഹ്മണർക്കും ക്ഷത്രിയർക്കും ആപത്ഘട്ടങ്ങളിൽപ്പോലും നിഷിദ്ധമാണെന്നു സൂചിപ്പിക്കുന്നു.

20. വർജയേത്താം സദാ വിപ്രോ രാജന്യശ്ച ജുഗുപ്സിതാം
സർവ്വവേദമയോ വിപ്രഃ സർവ്വദേവമയോ നൃപഃ

| | | | |
|---|---|---|---|
| വിപ്രഃ | ബ്രാഹ്മണനും | വിപ്രഃ | ബ്രാഹ്മണൻ |
| രാജന്യഃ ച | ക്ഷത്രിയനും | സർവ്വവേദമയഃ | സർവ്വവേദങ്ങളുടെയും സ്വരൂപമാണ്; |
| സദാ | എക്കാലത്തും | നൃപഃ | ക്ഷത്രിയൻ |
| ജുഗുപ്സിതാം | നിന്ദിതമായ | സർവ്വദേവമയഃ | സർവ്വദേവന്മാരുടെയും സ്വരൂപമാകുന്നു |
| താം | ആ വൃത്തിയെ | | |
| വർജയേത് | വിട്ടുകളയണം | | |

ഇനി നാലു ശ്ലോകങ്ങളാൽ നാലു വർണ്ണങ്ങളുടെയും അഭിവ്യംജകലക്ഷണങ്ങൾ പറയുന്നു.

21. ശമോ ദമസ്തപഃ ശൗചം സന്തോഷഃ ക്ഷാന്തിരാർജവം
ജ്ഞാനം ദയാച്യുതാത്മത്വം സത്യം ച ബ്രഹ്മലക്ഷണം

| | | | |
|---|---|---|---|
| ശമഃ | മനഃശാന്തി, | ജ്ഞാനം | അറിവ്, |
| ദമഃ | ബാഹ്യേന്ദ്രിയജയം, | ദയാ | ദീനാനുകമ്പ, |
| തപഃ | വ്രതാനുഷ്ഠാനം, | അച്യുതാത്മത്വം | വിഷ്ണുപരായണത, |
| ശൗചം | സ്നാനാദിശുദ്ധി, | സത്യം ച | യഥാർത്ഥഭാഷണം |
| സന്തോഷഃ | [illegible] | | എന്നിവ |
| ക്ഷാന്തിഃ | ക്ഷമ, | ബ്രഹ്മലക്ഷണം | ബ്രാഹ്മണന്റെ ലക്ഷണമാകുന്നു |
| ആർജവം | ഋജുസ്വഭാവം, | | |

22. ശൗര്യം വീര്യം ധൃതിസ്തേജസ്ത്യാഗ ആത്മജയഃ ക്ഷമാ
ബ്രഹ്മണ്യതാ പ്രസാദശ്ച രക്ഷാ ച ക്ഷത്രലക്ഷണം.

| | | | |
|---|---|---|---|
| ശൗര്യം | യുദ്ധോത്സാഹം, | ക്ഷമാ | സഹനശക്തി |
| വീര്യം | പ്രഭാവം, | ബ്രഹ്മണ്യതാ | ബ്രാഹ്മണഭക്തി, |
| ധൃതിഃ | ധൈര്യം, | പ്രസാദഃ ച | അനുഗ്രഹബുദ്ധി, |
| തേജഃ | പ്രഗല്ഭത, | രക്ഷാ ച | പ്രജാപാലനം എന്നിവ |
| ത്യാഗഃ | ദാന[illegible] | ക്ഷത്രലക്ഷണം | ക്ഷത്രിയന്റെ ലക്ഷണമാണ് |
| ആത്മജയഃ | മനോവിജയം, | | |

23. ദേവഗുർവച്യുതേ ഭക്തിസ്ത്രിവർഗ്ഗപരിപോഷണം
ആസ്തിക്യമുദ്യമോ നിത്യം നൈപുണം വൈശ്യലക്ഷണം.

| | |
|---|---|
| ദേവഗുരു-ച്യുതെ ഭക്തിഃ | ദേവന്മാരിലും ഗുരുജനങ്ങളിലും ശ്രീഹരിയിലും ഭക്തി |
| ത്രിവർഗ്ഗപരി-പോഷണം | ധർമ്മം—അർത്ഥം—കാമം എന്നീ പുരുഷാർത്ഥത്രയത്തെ പരിപോഷിപ്പിക്കൽ, |
| ആസ്തിക്യം | വേദത്തിലും ഈശ്വരനിലും വിശ്വാസം, |
| നിത്യം | നിരന്തരമായ |
| ഉദ്യമഃ | പ്രയത്നശീലം, |
| നൈപുണം | വ്യാവഹാരിക നൈപുണ്യം എന്നിവ |
| വൈശ്യ-ലക്ഷണം | വൈശ്യൻെറ ലക്ഷണമാകുന്നു |

**24.** ശൂദ്രസ്യ സന്നതിഃ ശൗചം സേവാ സ്വാമിന്യമായയാ
അമന്ത്രയജ്ഞോ ഹ്യസ്തേയം സത്യം ഗോവിപ്രരക്ഷണം

| | |
|---|---|
| സന്നതിഃ | വിനമ്രത, |
| ശൗചം | ശുചിത്വം |
| സ്വാമിനി | യജമാനനിൽ |
| അമായയാ | നിഷ്കപടതയോടുകൂടിയ |
| സേവാ | സേവനം, |
| അമന്ത്രയജ്ഞഃ | വേദമന്ത്രങ്ങൾ ഉച്ചരിക്കാതെയുള്ള പൂജാകർമ്മം |
| അസ്തേയം | കള്ളത്തമില്ലാതിരിക്കൽ |
| സത്യം | ഉള്ളതുപറയൽ, |
| ഗോവിപ്ര-രക്ഷണം | ഗോക്കളെയും ബ്രാഹ്മണരെയും സംരക്ഷിക്കൽ എന്നിവ |
| ശൂദ്രസ്യ ഹി | ശൂദ്രൻെറയും ലക്ഷണമാകുന്നു |

ഇനി 5 ശ്ലോകങ്ങളാൽ സ്ത്രീധർമ്മങ്ങളെ നിർവ്വചിക്കുന്നു.

**25.** സ്ത്രീണാം ച പതിദേവാനാം തച്ഛുശ്രൂഷാനുകൂലതാ
തദ്ബന്ധുഷ്വനുവൃത്തിശ്ച നിത്യം തദ്വ്രതധാരണം

| | |
|---|---|
| പതിദേവാനാം | ഭർത്താവിനെ ഈശ്വരനായി സങ്കല്പിക്കുന്ന സാധ്വികളായ |
| സ്ത്രീണാം ച | സ്ത്രീകളുടെ ധർമ്മവും ലക്ഷണവും— |
| നിത്യം | എന്നെന്നും |
| തച്ഛുശ്രൂഷാ | അവനെ ശുശ്രൂഷിക്കലും |
| അനുകൂലതാ | അനുസരിക്കലും, |
| തദ്ബന്ധുഷു | അവൻെറ ബന്ധുക്കളിൽ |
| അനുവൃത്തിഃ | അനുകൂലഭാവത്തോടെ വർത്തിക്കലും |
| തദ്വ്രത-ധാരണം ച | അവൻെറ നിഷ്ഠകളിൽ പങ്കെടുക്കലുമത്രേ |

**26.** സമ്മാർജ്ജനോപലേപാഭ്യാം ഗൃഹം മണ്ഡലവർത്തനൈഃ
സ്വയം ച മണ്ഡിതാ നിത്യം പരിമൃഷ്ടപരിച്ഛദാ

**27.** കാമൈരുച്ചാവചൈഃ സാധ്വീ പ്രശ്രയേണ ദമേന ച
വാക്യൈഃ സത്യൈഃ പ്രിയൈഃ പ്രേമ്ണാ കാലേ കാലേ ഭജേത്പതിം.

| | | | |
|---|---|---|---|
| നിത്യം | മാത്രമല്ല, പതിവായി | കാമൈഃ | ആഗ്രഹപൂർത്തികളാലും |
| സമ്മാർജ്ജനോപലേപാഭ്യാം | അടിച്ചു തളിച്ചു മെഴുകുക, അണിയുക എന്നിവയാൽ | പ്രശ്രയേണ | താഴ്മയോടും |
| ഗൃഹം ച | ഗൃഹത്തെയും | ദമേന ച | ഒതുക്കത്തോടും |
| മണ്ഡലവർത്തനൈഃ | വാല്ക്കണ്ണാടി നോക്കി കുറിക്കൂട്ടുചമയങ്ങളാൽ | സത്യൈഃ | നേരും പൊരുളുമുള്ള |
| സ്വയം ച | തന്നെയും | പ്രിയൈഃ | പ്രിയംകരങ്ങളായ |
| മണ്ഡിതാ | അലങ്കരിച്ച്; | വാക്യൈഃ | വചനങ്ങളാലും |
| പരിമൃഷ്ടപരിച്ഛദാ | ഗൃഹോപകരണങ്ങൾ കഴുകിത്തുടച്ച് വൃത്തിയാക്കി വച്ച്, | സാധ്വീ | പതിവ്രതയായയവൾ |
| ഉച്ചാവചൈഃ | ഭർത്താവിന്റെ ചെറുതും വലുതുമായ | പ്രേമ്ണാ | സ്നേഹത്തോടെ |
| | | കാലേ കാലേ | അതാതു സന്ദർഭത്തിൽ |
| | | പതിം | ഭർത്താവിനെ |
| | | ഭജേത് | ശുശ്രൂഷിക്കണം |

28. സന്തുഷ്ടാലോലുപാ ദക്ഷാ ധർമ്മജ്ഞാ പ്രിയസത്യവാക്
അപ്രമത്താ ശുചിഃ സ്നിഗ്ധാ പതിം ത്വപതിതം ഭജേത്.

| | | | |
|---|---|---|---|
| സന്തുഷ്ടാ | കിട്ടിയതിൽ സംതൃപ്തയായും | പ്രിയസത്യവാക് | പ്രിയവും സത്യവുമായ ഭാഷണത്തോടുകൂടിയവളായും |
| അലോലുപാ | കിട്ടാത്തതിൽ ആശയില്ലാത്തവളായും | ശുചിഃ | ശുചിത്വമുള്ളവളായും |
| ദക്ഷാ | അലസത കൈവിട്ടവളായും | സ്നിഗ്ധാ | സ്നേഹവതിയായും വർത്തിച്ചുകൊണ്ട് |
| ധർമ്മജ്ഞാ | കർത്തവ്യബോധമുള്ളവളായും | അപതിതം | പാതകദൂഷിതനാവാത്ത |
| | | പതിം തു | ഭർത്താവിനെയാകട്ടെ* |
| | | ഭജേത് | ശുശ്രൂഷിച്ചുകൊള്ളുക |

* പതിതനായ പതിയെ ശുശ്രൂഷിക്കുന്നതു വിഹിതമല്ല. എന്നാൽ പാതിത്യത്തിൽനിന്ന് അവൻ ശുദ്ധനായിത്തീരുന്നകാലംവരെക്കും പതിവ്രത കാത്തിരിക്കേണ്ടതാണ്. ''ആശുദ്ധേഃ സംപ്രതീക്ഷ്യോ ഹി മഹാപാതകദൂഷിതഃ'' എന്നു യാജ്ഞവല്ക്യൻ.

29. യാ പതിം ഹരിഭാവേന ഭജേച്ഛ്രീരിവ തത്പരാ
ഹര്യാത്മനാ ഹരേർല്ലോകേ പത്യാ ശ്രീരിവ മോദതേ.

| | | | |
|---|---|---|---|
| യാ | യാതൊരുവൾ | ഹരിഭാവേന | സാക്ഷാൽ ശ്രീഹരിയാണെന്ന ഭാവനയോടെ |
| പതിം | ഭർത്താവിനെ | | |
| ശ്രീഃ ഇവ | ലക്ഷ്മീദേവിയെപ്പോലെ | ഭജേത് | സേവാശുശ്രൂഷകൾ അർപ്പിക്കുന്നുവോ, |
| തത്പരാ | ഭർത്തൃനിഷ്ഠയോടുകൂടിയിരുന്ന് | | |

| | | | |
|---|---|---|---|
| (സഃ) | അവൻ | ലോകേ | ലോകത്തിൽ |
| ഹര്യാത്മനാ | വിഷ്ണുസാരൂപ്യം പ്രാപിച്ച | ശ്രീഃ ഇവ | ലക്ഷ്മീദേവിയെപ്പോലെ |
| പത്യാ | ഭർത്താവോടു് ചേർന്ന് | മോദതേ | ആനന്ദംകൊള്ളുന്നു |
| ഹരേഃ | വിഷ്ണുവിന്റെ | | |

ഇനി സങ്കരജാതികളുടെ ജീവിതവൃത്തിയെ പരാമർശിക്കുന്നു.

30. **വൃത്തിഃ സങ്കരജാതീനാം തത്തത്കുലകൃതാ ഭവേത്**
**അചൗരാണാമപാപാനാമന്ത്യജാന്തേവസായിനാം.**

| | | | |
|---|---|---|---|
| അചൗരാണാം | തസ്കരവൃത്തിയിലേർപ്പെടാത്തവരും | സങ്കരജാതീനാം | സങ്കരവർഗ്ഗക്കാരുടെ |
| അപാപാനാം | ഹിംസാദിപാപകർമ്മം നടത്താത്തവരുമായ | വൃത്തിഃ | ഉപജീവനമാർഗ്ഗം |
| അന്ത്യജാന്തേവസായിനാം | അന്ത്യജന്മാർ, അന്തേവസായികൾ എന്നിങ്ങനെയുള്ള | തത്തത്കുലകൃതാ | അതാതു വർഗ്ഗത്തിൽ പണ്ടുപണ്ടേ ചെയ്തുപോരുന്ന പ്രവൃത്തിതന്നെ |
| | | ഭവേത് | ആയിരിക്കണം |

വർണ്ണസങ്കരംകൊണ്ടു പ്രതിലോമജന്മാരായും അനുലോമജന്മാരായും സങ്കരജാതികൾ സംഭവിക്കുന്നു. ഉന്നതജാതിസ്ത്രീകളിൽ താണ ജാതിയിലുള്ള പുരുഷന്മാർക്കുണ്ടാവുന്ന സന്തതികളെ പ്രതിലോമജന്മാരായും മറിച്ചായാൽ അനുലോമജന്മാരായും പരിഗണിക്കപ്പെട്ടിരിക്കുന്നു. പ്രതിലോമജന്മാർ ചാതുർവർണ്യത്തിൽനിന്നും ബഹിഷ്കൃതരാണ്. അവരിൽ ധോബി, തോൽക്കൊല്ലൻ, നട്ടുവൻ, നെയ്ത്തുകാരൻ, പാമ്പാട്ടി, വേടൻ എന്നീ വകുപ്പുകളിലുള്ളവർ അന്ത്യജന്മാരും; ചണ്ഡാളൻ, പുൽക്കസൻ, മാതംഗൻ എന്നിങ്ങനെയുള്ളവർ അന്തേവസായികളുമാകുന്നു. ഇക്കൂട്ടർ താന്താങ്ങളുടെ കുലപരമ്പരാപ്രാപ്തമായ തൊഴിലുകൊണ്ടുപജീവിക്കണം. എന്നാൽ കൊള്ളയും കൊലയും മറ്റുമായ പാപവൃത്തികൾ പാരമ്പര്യത്തിന്റെ പേരിൽ സ്വീകരിച്ചുകൂടാ.

പരധർമ്മം ശ്രേഷ്ഠമെന്നും സ്വധർമ്മം നികൃഷ്ടമെന്നും കരുതി സ്വധർമ്മത്യാഗം ചെയ്യരുതെന്നു തുടർന്നുപദേശിക്കുന്നു—

31. **പ്രായഃ സ്വഭാവവിഹിതോ നൃണാം ധർമ്മോ യുഗേ യുഗേ**
**വേദദൃഗ്ഭിഃ സ്മൃതോ രാജൻ പ്രേത്യ ചേഹ ച ശർമ്മകൃത്**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | യുഗേ യുഗേ | ഓരോയുഗത്തിലും |
| വേദദൃഗ്ഭിഃ | വേദവാക്യങ്ങളിൽ ദത്തദൃഷ്ടികളായ മഹാമുനിമാരാൽ | പ്രായഃ | മിക്കവാറും |
| | | നൃണാം | മനുഷ്യരുടെ |

| | | | |
|---|---|---|---|
| സ്വഭാവ-വിഹിതഃ | പ്രകൃതിഗുണങ്ങൾക്കനുസരിച്ചു വ്യവസ്ഥചെയ്യപ്പെട്ട | പ്രേത്യ ച | മരിച്ചതിൽപ്പിന്നെയും |
| ധർമ്മഃ | കർമ്മപദ്ധതി | ശംകൃത് | സുഖജനകമായിട്ട് |
| ഇഹ ച | ഈ ലോകത്തിലും | സ്മൃതഃ | പ്രതിഗണിക്കപ്പെട്ടിരിക്കുന്നു. |

പ്രകൃതിഗുണാനുസൃതമായ വിഹിതകർമ്മം ആത്യന്തികസുഖഹേതുകമായി ഭവിക്കുന്നതെങ്ങനെയാണെന്ന് ആശങ്കിച്ചുകൊണ്ടു പറയുന്നു.

32. വൃത്ത്യാ സ്വഭാവകൃതയാ വർത്തമാനഃ സ്വകർമ്മകൃത്
ഹിത്വാ സ്വഭാവജം കർമ്മ ശനൈർന്നിർഗ്ഗുണതാമിയാത്

| | | | |
|---|---|---|---|
| സ്വഭാവ-കൃതയാ | പ്രകൃതിഗുണങ്ങൾക്കനുസരിച്ച് വ്യവസ്ഥിതമായ | കർമ്മ | കർമ്മത്തെ |
| വൃത്ത്യാ | ജീവിതവൃത്തിയോടെ | ശനൈഃ | സാവകാശം |
| സ്വകർമ്മകൃത് | തന്റെ വിഹിതമായ കർമ്മം അനുഷ്ഠിച്ചുകൊണ്ട് | ഹിത്വാ | വെടിഞ്ഞ് |
| വർത്തമാനഃ | ജീവിതം നയിക്കുന്നവൻ | നിർഗ്ഗുണതാം | ഗുണാതീതമായ അവസ്ഥയെ |
| സ്വഭാവജം | പ്രകൃതിസിദ്ധമായ | ഇയാത് | പ്രാപിക്കും. |

ഈ പ്രസ്താവത്തെ രണ്ടുശ്ലോകംകൊണ്ടു സോദാഹരണം സമർത്ഥിക്കുന്നു—

33. ഉപ്യമാനം മുഹുഃ ക്ഷേത്രം സ്വയം നിർവീര്യതാമിയാത്
ന കല്പതേ പുനഃ സൂത്യൈ ഉപ്തം ബീജം ച നശ്യതി

34. ഏവം കാമാശയം ചിത്തം കാമാനാമതിസേവയാ
വിരജ്യേത യഥാ രാജന്നഗ്നിവത് കാമബിന്ദുഭിഃ

| | | | |
|---|---|---|---|
| മുഹുഃ | തുടരെത്തുടരെ | ബീജം ച | വിത്തുകൂടിയും |
| ഉപ്യമാനം | വിത്തിറക്കപ്പെടുന്ന | നശ്യതി | ഇല്ലാതെയാവുന്നു. |
| ക്ഷേത്രം | വയൽ | ഏവം | ഇതുപോലെ |
| സ്വയം | തനിയെത്തന്നെ | കാമാശയം | ആശകളെ ശേഖരിച്ചു ഒതുക്കിവെക്കുന്ന |
| നിർവീര്യതാം | വീര്യംകെട്ട നിലയെത്തന്നെ | ചിത്തം | മനസ്സ് |
| ഇയാത് | പ്രാപിച്ചേക്കും | യഥാ | ഏതുപ്രകാരം |
| പുനഃ | വീണ്ടും | കാമാനാം | കാമഭോഗങ്ങളുടെ |
| സൂത്യൈ | വിളവെടുക്കാൻ | അതിസേവയാ | അധികമായ ഉപയോഗത്താൽ |
| ന കല്പതേ | പോരുന്നതല്ല. | വിരജ്യേത | വിരക്തമായിത്തീരും |
| ഉപ്തം | വിതയ്ക്കപ്പെട്ട | (തഥാ) | അപ്രകാരം |

| | | | |
|---|---|---|---|
| കാമബിന്ദുഭിഃ | കാമഭോഗങ്ങളുടെ സ്വല്പാംശങ്ങളാൽ | രാജൻ | അല്ലയോ രാജാവേ ! |
| | | (ഘൃതബിന്ദുഭിഃ) | നെയ്ത്തുള്ളികളാൽ |
| ന | ആകയില്ല. | അഗ്നിവത് | അഗ്നിപോലെയായേക്കം |

പ്രബലമായ കർമ്മവാസനസ്ഥൂടിമയായിത്തീർന്ന ജീവന് ഭോഗലാലസകളിൽനിന്നു നിർമ്മുക്തനാവുക എന്നതു് എളുപ്പമല്ല. ആകയാൽ വേദവിഹിത മാർഗ്ഗത്തിലൂടെ കാമങ്ങളെ ബഹുധാ അനുഭവിച്ചുതീർക്കണം. അങ്ങനെ നിത്യനൈമിത്തികങ്ങളായ ശ്രൗതസ്മാർത്തകർമ്മങ്ങളുടെ നിരന്തരാചരണം വഴിക്ക് മനസ്സിന്നു ശുദ്ധിയുണ്ടാവുന്നു. അപ്പോഠം കർമ്മമാർഗ്ഗത്തിലടിഞ്ഞുകിടക്കുന്ന കല്ലും മുള്ളും ജീവിതയാത്രികനെ അലട്ടുന്നു. അവൻ കാലംകൊണ്ടു വിരക്തനായിത്തീർന്നു് നൈഷ്കർമ്മ്യത്തിലേക്കും തദ്വാരാ നിത്യനിർമ്മുക്തിയിലേക്കും എത്തിച്ചേരുന്നു. യയാതി, സൗഭരി മുതലായവരുടെ ജീവിതകഥ ഇതിനു ദൃഷ്ടാന്തമാണ്.

അമിതമായ കാമോപഭോഗം കാമ്യകർമ്മനിവൃത്തിക്കു ഹേതുവാകുമെന്നതിലേക്കു രണ്ടു ദൃഷ്ടാന്തങ്ങഠം ഇവിടെ പറഞ്ഞു. ദീർഘകാലം തുടർച്ചയായി കൃഷിയിറക്കിക്കൊണ്ടിരുന്നാൽ കൃഷിഭൂമി നിർവീര്യമായിത്തീരുന്നു. അഗ്നിയിൽ തുള്ളിതുള്ളിയായി നെയ്യ് വീഴ്ത്തുമ്പോഴാണ് അതു് ആളിക്കത്തുന്നതു്. പകരം ഒന്നിച്ചു കുറെ മുക്കിയൊഴിച്ചാൽ തീയണഞ്ഞുപോകുന്നു. ഇതിൻവണ്ണം കാമോപഭോഗങ്ങളുടെ അതിപ്രസരം കാമ്യകർമ്മപരിത്യാഗത്തിനും വൈരാഗ്യത്തിനും ജ്ഞാനോദയത്തിനും പരമപുരുഷാർത്ഥലബ്ധിക്കും അനുക്രമം പ്രയോജകീഭവിക്കുന്നു.

വർണ്ണവിഭജനം ഗുണകർമ്മങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണെന്നും, ജാതിക്ക് അതിൽ പ്രാമുഖ്യമില്ലെന്നും ഇനി വ്യക്തമാക്കുന്നു.

35. യസ്യ യല്ലക്ഷണം പ്രോക്തം പുംസോ വർണ്ണാഭിവ്യഞ്ജകം
യദന്യത്രാപി ദൃശ്യേത തത്തേനൈവ വിനിർദിശേത്.

| | | | |
|---|---|---|---|
| യസ്യ പുംസഃ | യാതൊരു മനുഷ്യന്റെ | അന്യത്ര | മറ്റൊരു വർണ്ണത്തിലുള്ളവനിലും |
| വർണ്ണാഭിവ്യഞ്ജകം | വർണ്ണത്തെ അഭിവ്യഞ്ജിപ്പിക്കുവാനുതകുന്ന | അപി | കൂടി |
| | | ദൃശ്യേത യത് | കാണപ്പെട്ടേക്കുമെങ്കിൽ |
| യത് | യാതൊരു | തേന ഏവ | ആ വർണ്ണംകൊണ്ടുതന്നെ |
| ലക്ഷണം | ലക്ഷണം | (തം) | അവനെ |
| പ്രോക്തം | നിർവ്വചിക്കപ്പെട്ടുവോ | വിനിർദിശേത് | നിർദ്ദേശിച്ചു കൊള്ളണം |
| തത് | അതു് | | |

ബ്രാഹ്മണന്റെ ശമദമാദിഗുണങ്ങളും അധ്യയനാധ്യാപനാദി കർമ്മങ്ങളും ബ്രാഹ്മണേതരന്മാരിൽ പ്രത്യക്ഷപ്പെടുന്നപക്ഷം അവരും ബ്രാഹ്മണവർണ്ണത്തിൽ ഉള്ളവരാണ്. അതുപോലെ ക്ഷത്രിയവൈശ്യശൂദ്രന്മാരുടെയും അന്ത്യജാദികളുടെയും ഗുണകർമ്മങ്ങഠംക്കു വ്യതിയാനം വരുമ്പോഴും ഈ തത്ത്വംതന്നെ സ്വീകരിക്കണം. പൈതൃമോ മാതൃകമോ ആയ പാരമ്പര്യം വർണ്ണനിയാമകമല്ലെന്നു സാരം.

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ യുധിഷ്ഠിരനാരദസംവാദേ
സദാചാരനിർണ്ണയോ നാമ ഏകാദശോऽധ്യായഃ. ആദിതഃ ശ്ലോകാഃ 551.

# ദ്വാദശോഽധ്യായഃ — അധ്യായം പന്ത്രണ്ടു്

## ബ്രഹ്മചര്യവും വാനപ്രസ്ഥവും

"ദ്വാദശേ വർണ്ണ്യതേ ധർമ്മോ ബ്രഹ്മചാരിവനസ്ഥയോഃ
ചതുർണ്ണാമാശ്രമാണാം ച സാധാരണ്യേന കശ്ചന."

പന്ത്രണ്ടാമധ്യായത്തിൽ ബ്രഹ്മചാരിയുടെയും വാനപ്രസ്ഥൻെറയും ധർമ്മം പ്രത്യേകിച്ചും, നാലു് ആശ്രമങ്ങളുടേതു് പൊതുവിലും നിരൂപണം ചെയ്യപ്പെടുന്നു.

നാരദ ഉവാച = ശ്രീനാരദമുനി പറഞ്ഞു.

1. **ബ്രഹ്മചാരീ ഗുരുകുലേ വസൻ ദാന്തോ ഗുരോർഹിതം**
**ആചരൻ ദാസവന്നീചോ ഗുരൗ സുദൃഢസൗഹൃദഃ.**

| | | | |
|---|---|---|---|
| ബ്രഹ്മചാരീ | ബ്രഹ്മചര്യാശ്രമം സ്വീകരിച്ചവൻ | ഗുരോഃ | ഗുരുവിൻെറ |
| | | ഹിതം | ഹിതകാര്യത്തെ |
| ഗുരുകുലേ | ഗുരുഗൃഹത്തിൽ | ആചരൻ | നിറവേററിക്കൊണ്ടു് |
| വസൻ | താമസിച്ചുകൊണ്ടു്, | ഗുരൗ | ഗുരുവിൽ |
| ദാന്തഃ | ജിതേന്ദ്രിയനായി, | സുദൃഢ-സൗഹൃദഃ | അടിയുറച്ച സ്നേഹബഹുമാനാദികളോടുകൂടിയവനായി വർത്തിക്കണം. |
| ദാസവത് | ഭൃത്യനെപ്പോലെ | | |
| നീചഃ | താണനിലയിലിരുന്നു് | | |

2. **സായം പ്രാതരുപാസീത ഗുർവഗ്ന്യർക്കസുരോത്തമാൻ**
**ഉഭേ സന്ധ്യേ ച യതവാഗ്ജപൻ ബ്രഹ്മ സമാഹിതഃ**

| | | | |
|---|---|---|---|
| സായം | വൈകുന്നേരത്തും | ബ്രഹ്മ | ഗായത്രീമന്ത്രത്തെ |
| പ്രാതഃ | കാലത്തും | ജപൻ | ജപിച്ചുകൊണ്ടു് |
| ഗുർവഗ്ന്യർക്ക-സുരോത്തമാൻ | ഗുരു, അഗ്നി, ആദിത്യൻ ഇന്ദ്രാദി ദിക്പാലന്മാർ എന്നിവരെയും, | ഉഭേ സന്ധ്യേ ച | ഇരുസന്ധ്യകളെയും, (മധ്യാഹ്നസന്ധ്യയെക്കൂടിയും) |
| സമാഹിതഃ | ഏകാഗ്രചിത്തനായും | ഉപാസീത | ഉപാസിക്കണം. |
| യതവാക് | മൗനിയായും ഇരുന്നു് | | |

3. **ഛന്ദാംസ്യധീയീത ഗുരോരാഹൂതശ്ചേത് സുയന്ത്രിതഃ**
**ഉപക്രമേഽവസാനേ ച ചരണൗ ശിരസാ നമേത്**

| | |
|---|---|
| ആഹൂതഃ ചേത് | വിളിക്കപ്പെട്ടെന്നാൽ |
| സുയന്ത്രിതഃ | നല്ല അച്ചടക്കത്തോടു കൂടിയവനായിട്ട് |
| ഗുരോഃ | ഗുരുവിന്റെ അടുക്കൽ നിന്നു് |
| ഛന്ദാംസി | വേദങ്ങളെ |
| അധീയീത | അധ്യയനം ചെയ്തുകൊൾക. |
| ഉപക്രമേ | തുടക്കത്തിലും |
| അവസാനേ | അവസാനത്തിലും |
| ചരണൌ | ഗുരുപാദയുഗ്മത്തെ |
| ശിരസാ | ശിരസ്സിനാൽ |
| നമേത് ച | പ്രണമിക്കയും ചെയ്യുക. |

4. **മേഖലാജിനവാസാംസി ജടാദണ്ഡകമണ്ഡലൂൻ**
**ബിഭൃയാദുപവീതം ച ദർഭപാണിർയഥോദിതം**

| | |
|---|---|
| മേഖലാജിന-വാസാംസി | മേഖല (മുഞ്ഞപ്പുൽച്ചരടു്) മാന്തോൽ, വസ്ത്രം എന്നിവയെയും |
| ജടാദണ്ഡ-കമണ്ഡലൂൻ | ജടമുടി, ദണ്ഡു്, ജലപാത്രം എന്നിവയെയും |
| ഉപവീതം | യജ്ഞോപവീതത്തെയും |
| യഥോദിതം | ശാസ്ത്രവിധിപ്രകാരം |
| ബിഭൃയാത് | ധരിച്ചുകൊള്ളണം. |
| ദർഭപാണിഃ ച | ദർഭകൊണ്ടുള്ള പവിത്രം കൈയിൽ ധരിച്ചവനാകണം. |

5. **സായം പ്രാതശ്ചരേദ്ഭൈക്ഷം ഗുരവേ തന്നിവേദയേത്**
**ഭുഞ്ജീത യദ്യനുജ്ഞാതോ നോ ചേദുപവസേത് കചിത്**

| | |
|---|---|
| സായം | വൈകുന്നേരവും |
| പ്രാതഃ | രാവിലെയും |
| ഭൈക്ഷം ചരേത് | ഭിക്ഷാടനം ചെയ്യുക. |
| തത് | അതു് (ഭിക്ഷ) |
| ഗുരവേ | ഗുരുവിന്നു് |
| നിവേദയേത് | സമർപ്പിക്കുക. |
| അനുജ്ഞാതഃ യദി | ഗുരുവിനാൽ അനുവദിക്കപ്പെട്ടവനായെങ്കിൽമാത്രം |
| ഭുഞ്ജീത | ഭക്ഷിക്കുക |
| കചിത് | വല്ലപ്പോഴും |
| നോ ചേത് | അനുവാദം ലഭിച്ചില്ലെങ്കിൽ |
| ഉപവസേത് | ഉപവസിച്ചുകൊൾക. |

6. **സുശീലോ മിതഭുക് ദക്ഷഃ ശ്രദ്ധധാനോ ജിതേന്ദ്രിയഃ**
**യാവദർത്ഥം വ്യവഹരേത് സ്ത്രീഷു സ്ത്രീനിർജിതേഷു ച**

| | |
|---|---|
| സുശീലഃ | സത്സ്വഭാവിയും |
| മിതഭുക് | മിതമായി ഭക്ഷണം കഴിക്കുന്നവനും |
| ദക്ഷഃ | കർമ്മകുശലനും |
| ശ്രദ്ധധാനഃ | ശ്രദ്ധാലുവും |
| ജിതേന്ദ്രിയഃ | ഇന്ദ്രിയജയം സാധിച്ചവനുമായിട്ടു് |
| സ്ത്രീഷു | സ്ത്രീകളിലും |
| സ്ത്രീനിർ-ജിതേഷു ച | സ്ത്രീജിതന്മാരുടെ ഇടയിലും |
| യാവദർത്ഥം | അത്യാവശ്യത്തിനുമാത്രം |
| വ്യവഹരേത് | പെരുമാറിക്കൊള്ളണം. |

7. വർജ്ജയേത് പ്രമദാഗാഥാമഗൃഹസ്ഥോ ബൃഹദ്വ്രതഃ
ഇന്ദ്രിയാണി പ്രമാഥീനി ഹരന്ത്യപി യതേർമ്മനഃ

| | | | |
|---|---|---|---|
| അഗൃഹസ്ഥഃ | ഗൃഹസ്ഥാശ്രമിയാകാത്ത | പ്രമാഥീനി | മനോവിക്ഷോഭകാരികളായ |
| ബൃഹദ്വ്രതഃ | നൈഷ്ഠികബ്രഹ്മചര്യനിഷ്ഠയുള്ളവൻ | ഇന്ദ്രിയാണി | ഇന്ദ്രിയങ്ങൾ |
| പ്രമദാഗാഥാം | സ്ത്രീസല്ലാപത്തെ | യതേഃ | സംയമിയുടെ |
| വർജ്ജയേത് | ഉപേക്ഷിക്കണം. | മനഃ അപി | മനസ്സിനെപ്പോലും |
| | | ഹരന്തി | ആകർഷിക്കുന്നു. |

8. കേശപ്രസാധനോന്മർദ്ദസ്നപനാഭ്യഞ്ജനാദികം
ഗുരുസ്ത്രീഭിർയുവതിഭിഃ കാരയേന്നാത്മനോ യുവാ

| | | | |
|---|---|---|---|
| യുവാ | യുവബ്രഹ്മചാരി | കേശപ്രസാധനോന്മർദ്ദസ്നപനാഭ്യഞ്ജനാദികം | തലമുടികെട്ടിക്കുക, ദേഹം തിരുമ്മിക്കുക, കുളിപ്പിക്കുക, എണ്ണ തേപ്പിക്കുക മുതലായവയെ |
| യുവതിഭിഃ | യൗവനയുക്തകളായ | ന കാരയേത് | ചെയ്യിച്ചുകൂടാ. |
| ഗുരുസ്ത്രീഭിഃ | ഗുരുകുലത്തിലെ സ്ത്രീകളെക്കൊണ്ടു് | | |
| ആത്മനഃ | തന്റെ | | |

ചെയ്യിച്ചുകൂടെന്നു പറഞ്ഞതെന്തുകൊണ്ടെന്നാൽ—

9. നന്വഗ്നിഃ പ്രമദാ നാമ ഘൃതകുംഭസമഃ പുമാൻ
സുതാമപി രഹോ ജഹ്യാദന്യദാ യാവദർത്ഥകൃത്

| | | | |
|---|---|---|---|
| പ്രമദാ നാമ | സ്ത്രീയെന്നതു് | രഹഃ | ഏകാന്തതയിൽ |
| അഗ്നിഃ | തീക്കനലും | ജഹ്യാത് | അകററിനിർത്തണം. |
| പുമാൻ | പുരുഷനെന്നതു് | അന്യദാ | അല്ലാത്തപ്പോൾ |
| ഘൃതകുംഭസമഃ നനു | നെയ്ക്കുടം പോലെയുള്ളതും ആണല്ലോ | യാവദർത്ഥകൃത് | അവളുടെ ആവശ്യകതമാത്രം നിറവേറ്റിക്കൊടുക്കുന്നവനാകണം. |
| സുതാം അപി | പുത്രിയെക്കൂടിയും | | |

സ്ത്രീവിഷയമായപ്പോൾ ഇത്രയും തറപ്പിച്ചുപറയാനുള്ള കാരണം വ്യക്തമാക്കുന്നു.

10. കല്പയിത്വാഽഽത്മനാ യാവദാഭാസമിദമീശ്വരഃ
ദ്വൈതം താവന്ന വിരമേത് തതോ ഹ്യസ്യ വിപര്യയഃ

| | | | |
|---|---|---|---|
| യാവത് | എത്രയും കാലം | ഇദം | ഈ ദേഹേന്ദ്രിയാദിയെ |
| (ജീവഃ) | ജീവൻ | ആത്മനാ | ആത്മസാക്ഷാത്കാരം കൊണ്ടു് |

| | | | |
|---|---|---|---|
| ആഭാസം | വെറും തോന്നൽമാത്ര മെന്ന് | തതഃ ഹി | തന്മൂലം ആ ഭേദബോധ ത്തിൽനിന്ന് |
| കല്പയിത്വാ | നിശ്ചയിച്ച് | അസ്യ | ഈ ജീവന്ന് |
| ഈശ്വരഃ ന | സ്വതന്ത്രനാകുന്നില്ലയോ, | വിപര്യയഃ | വൈപരീത്യം—(സ്ത്രീ യിൽ ഭോഗ്യതാബുദ്ധി) |
| താവത് | അത്രയുംകാലം | | സംഭവിക്കുന്നു. |
| ദ്വൈതം | സ്ത്രീപുരുഷഭേദം | | |
| ന വിരമേത് | വിട്ടുപോകയില്ല. | | |

മുൻപറഞ്ഞ സുശീലതാദി ഗുണങ്ങൾ ബ്രഹ്മചാരിക്കു മാത്രമല്ല, ഗൃഹസ്ഥനും യതിക്കും കൂടി വിഹിതമായിട്ടുള്ളവയാണ്. എന്നാൽ ഗൃഹസ്ഥാശ്രമിക്കുമാത്രം ഒരു പ്രത്യേകാനുവാദമുള്ളത് ഇവിടെ എടുത്തു പറയുന്നു—

11. ഏതത് സർവം ഗൃഹസ്ഥസ്യ സമാമ്നാതം യതേരപി
ഗുരുവൃത്തിർവികല്പേത ഗൃഹസ്ഥസ്യർത്തുഗാമിനഃ

| | | | |
|---|---|---|---|
| ഏതത് | ഇപ്പറഞ്ഞതു | | പത്നിയെ ഗമിക്കേണ്ട വനായ |
| സർവം | മുഴുവനും | | |
| ഗൃഹസ്ഥസ്യ | ഗൃഹസ്ഥന്നും | ഗൃഹസ്ഥസ്യ | ഗൃഹസ്ഥാശ്രമിക്ക് |
| യതേഃ അപി | സന്യാസിക്കും കൂടെ | ഗുരുവൃത്തിഃ | ഗുരുവിന്റെ ദൈനികസേ വനം |
| സമാമ്നാതം | ശാസ്ത്രോക്തമായതാണ്. | | |
| ഋതുഗാമിനഃ | ഋതുസ്നാതയായ ധർമ്മ | വികല്പേത | വൈകല്പികമാകുന്നു |

''ബ്രഹ്മ വേദഃ—തദധ്യയനമപി ബ്രഹ്മ—തദർത്ഥം വ്രതം ചരതീതി ബ്രഹ്മചാരീ'' എന്ന നിരുക്തമനുസരിച്ച് 'ബ്രഹ്മചാരി' ശബ്ദത്തിന്റെ അർത്ഥം വേദാധ്യയനാർത്ഥം വ്രതം കൊണ്ടിരിക്കുന്നവൻ എന്നാണ്. ഗൃഹസ്ഥാശ്രമിക്കും ഈ ബ്രഹ്മചര്യമാകാം. പക്ഷേ, അവൻ ധർമ്മശാസ്ത്രാനുമതമായ 'ഋതുഗമനാദി' ഗാർഹികകർത്തവ്യംകൂടി ഉള്ളവ നാകയാൽ ഗുരുവൃത്തി നിർബന്ധപൂർവം ആചരിക്കേണ്ടതില്ല. എങ്കിലും നിർബന്ധമായും ആചരിക്കേണ്ടുന്ന സംഗതികളുണ്ട്. അവ താഴെ പറയുന്നു—

12. അഞ്ജനാഭ്യഞ്ജനോന്മർദ്ദസ്ത്ര്യവലേഖാമിഷം മധു
സ്രഗ്ഗന്ധലേപാലങ്കാരാംസ്ത്യജേയുർ യേ ധൃതവ്രതാഃ

| | | | |
|---|---|---|---|
| യേ | യാതൊരുവർ | സ്ത്ര്യ—വലേഖാ—മിഷം | സ്ത്രീകളുടെ ചിത്രം വരയ്ക്കുക, മാംസം ഭക്ഷിക്കുക, |
| ധൃതവ്രതാഃ | ബ്രഹ്മചാരിവ്രതം ദീക്ഷി ച്ചിരിക്കുന്നുവോ, അവർ | മധു | മദ്യം സേവിക്കുക, |
| അഞ്ജനാ—ഭ്യഞ്ജനോ—ന്മർദ്ദ— | കണ്ണെഴുതുക, തേച്ചുകുളിക്കുക, ദേഹം തിരുമ്മിയുഴിയുക, | സ്രഗ്ഗന്ധ—ലേപാ—ലങ്കാരാൻ | പൂമാലചൂടുക, ചന്ദനക്കുറി യിടുക, ഭൂഷണങ്ങൾ ധരി ക്കുക എന്നിവയെ |
| | | ത്യജേയുഃ | വർജ്ജിക്കണം. |

13. ഉഷിത്വൈവം ഗുരുകുലേ ദ്വിജോƒധീത്യാവബുധ്യ ച
ത്രയീം സാംഗോപനിഷദം യാവദർത്ഥം യഥാബലം

14. ദത്വാ വരമനുജ്ഞാതോ ഗുരോഃ കാമം യദീശ്വരഃ
ഗൃഹം വനം വാ പ്രവിശേത് പ്രവ്രജേത് തത്ര വാ വസേത്

| | | | |
|---|---|---|---|
| ദ്വിജഃ | ഉപനയനസംസ്കാരത്തിന്ന് അർഹതയുള്ള ത്രൈവർണ്ണികൻ | യദി | ആണെങ്കിൽ |
| ഏവം | ഇപ്രകാരം | ഗുരോഃ | ആചാര്യന്ന് |
| ഗുരുകുലേ | ഗുരുഗൃഹത്തിൽ | കാമം | ആഗ്രഹമുള്ള |
| ഉഷിത്വാ | വസിച്ച്, | വരം | ദക്ഷിണ |
| സാംഗോപനിഷദം | വേദാംഗങ്ങളോടും ഉപനിഷത്തുകളോടും കൂടിയ | ദത്വാ | കൊടുത്തിട്ട് |
| ത്രയീം | വേദത്രയത്തെ | അനുജ്ഞാതഃ | അദ്ദേഹത്താൽ അനുജ്ഞാതനായിട്ട് |
| യാവദർത്ഥം | പ്രയോജനമുള്ളതുവരെ | ഗൃഹം | ഗൃഹത്തിലേക്കോ, |
| യഥാബലം | ശക്തിക്കനുസരിച്ച് | വനം വാ | വനത്തിലേക്കോ, |
| അധീത്യ | പഠിക്കുകയും | പ്രവിശേത് | പ്രവേശിക്കാം; |
| അവബുധ്യ ച | അർത്ഥാവബോധം വരുത്തുകയും ചെയ്തശേഷം | പ്രവ്രജേത് | അഥവാ സന്ന്യസിക്കാം! |
| ഈശ്വരഃ | കഴിവുള്ളവൻ | തത്ര | അവിടെ (ഗുരുകുലത്തിൽ) |
| | | വസേത് വാ | നൈഷ്ഠികനായി വസിക്കാവുന്നതുമാണ്. |

15. അഗ്നൗ ഗുരാവാത്മനി ച സർവ്വഭൂതേഷ്വധോക്ഷജം
ഭൂതൈഃ സ്വധാമഭിഃ പശ്യേദപ്രവിഷ്ടം പ്രവിഷ്ടവത്

| | | | |
|---|---|---|---|
| അഗ്നൗ | അഗ്നിയിലും, | സ്വധാമഭിഃ | താൻ തന്നെ ആശ്രയമായുള്ള |
| ഗുരൗ | ആചാര്യനിലും, | ഭൂതൈഃ | ജീവജാലങ്ങളോടുകൂടി |
| ആത്മനി ച | തന്നിലും, | പ്രവിഷ്ടവത് | പ്രവേശിച്ചവനെന്നപോലെ |
| സർവ്വഭൂതേഷു | എല്ലാജീവജാലങ്ങളിലും, | | |
| അപ്രവിഷ്ടം | പ്രവേശിച്ചിട്ടില്ലാത്ത* | | |
| അധോക്ഷജം | ശ്രീഹരിയെ | പശ്യേത് | കണ്ടുകൊള്ളണം |

*ഭഗവാൻ സ്വതഃ എങ്ങും പരിപൂർണ്ണനാകയാൽ പ്രവേശവും നിഷ്ക്രമണവും അവിടുത്തേക്ക സംഭാവ്യമല്ല. എങ്കിലും പ്രവേശിച്ചവനെപ്പോലെ കാണുക.

16. ഏവംവിധോ ബ്രഹ്മചാരീ വാനപ്രസ്ഥോ യതിർഗൃഹീ
ചരൻ വിദിതവിജ്ഞാനഃ പരം ബ്രഹ്മാധിഗച്ഛതി

| | | | |
|---|---|---|---|
| ഏവംവിധഃ | ഇങ്ങനെ എല്ലാം ശ്രീഹരിയെ ദർശിക്കുന്ന | ചരൻ | സ്വധർമ്മമാചരിച്ചു കൊണ്ട് |
| ബ്രഹ്മചാരീ | ബ്രഹ്മചാരിയും | വിദിത—വിജ്ഞാനഃ | അറിയേണ്ടുന്നതിനെ അറിഞ്ഞവനായിട്ട് |
| വാനപ്രസ്ഥഃ | വാനപ്രസ്ഥനും | പരം ബ്രഹ്മ | പരബ്രഹ്മഭാവത്തെ |
| യതിഃ | സന്യാസിയും | അധിഗച്ഛതി | അധിഗമിക്കുന്നു. |
| ഗൃഹീ | ഗൃഹസ്ഥനും | | |

17. വാനപ്രസ്ഥസ്യ വക്ഷ്യാമി നിയമാൻ മുനിസമ്മതാൻ
യാനാതിഷ്ഠൻ മുനിർഗച്ഛേദൃഷിലോകമിഹാഞ്ജസാ

| | | | |
|---|---|---|---|
| മുനിസമ്മതാൻ | ഋഷിമാരാൽ അഭിപ്രായപ്പെട്ടവയായ | യാൻ | യാതൊന്നുകളെ |
| വാന—പ്രസ്ഥസ്യ | വാനപ്രസ്ഥൻെറ | ആതിഷ്ഠൻ | ആചരിച്ചുകൊണ്ടുവരുന്ന |
| നിയമാൻ | നിയമങ്ങളെ | മുനിഃ | വാനപ്രസ്ഥമുനി |
| വക്ഷ്യാമി | ഇനി പറയാം. | അഞ്ജസാ | അനായാസേന |
| ഇഹ | ഈ ലോകത്തിൽവച്ച് | ഋഷിലോകം | ക്രമമുക്തിസ്ഥാനമായ മഹർല്ലോകത്തെ |
| | | ഗച്ഛേത് | പ്രാപിക്കും. |

18. ന കൃഷ്ടപച്യമശ്നീയാദകൃഷ്ടം ചാപ്യകാലതഃ
അഗ്നിപക്വമഥാമം വാ അർക്കപക്വമുതാഹരേത്

| | | | |
|---|---|---|---|
| കൃഷ്ടപച്യം | കൃഷിചെയ്തു വിളയിച്ചുണ്ടാക്കിയതോ, | അഗ്നിപക്വം | അഗ്നിയിൽ പാകം ചെയ്തതോ, |
| അകൃഷ്ടം | കൃഷിചെയ്യാതെ തനിയെ ഉണ്ടായതോ, | ആമം വാ | പച്ചയായതോ ആയ ഫലമൂലാദിയെ |
| അകാലതഃ ച അപി | മൂപ്പെത്താത്ത കാലത്തു കൊയ്തെടുത്തതോ ആയ ധാന്യത്തെ | (ന അശ്നീയാത്) | ഭക്ഷിക്കരുത് |
| ന അശ്നീയാത് | ഭക്ഷിക്കരുത്. | ഉത | എന്നാൽ |
| അഥ | അതിനുംപുറമെ | അർക്കപക്വം | സൂര്യോഷ്ണത്താൽ പാകം വന്നതു മാത്രം |
| | | (അശ്നീയാത്) | ഭക്ഷിക്കാം. |

19. വന്യൈശ്ചരുപുരോഡാശാൻ നിർവപേത് കാലചോദിതാൻ
ലബ്ധേ നവേ നവേഽന്നാദ്യേ പുരാണം തു പരിത്യജേത്

| | | | |
|---|---|---|---|
| കാല—ചോദിതാൻ | നിത്യനൈമിത്തികാനുഷ്ഠാനങ്ങൾക്കുവേണ്ടുന്ന | ചരുപുരോ—ഡാശാൻ | ഹവിസ്സ്, പുരോഡാശം എന്നീ ഹോമസാധനങ്ങളെ |

| | | | |
|---|---|---|---|
| വന്യൈഃ | കാട്ടിലുണ്ടാവുന്ന ധാന്യങ്ങളാൽ | അന്നാദ്യേ | ഭക്ഷ്യവസ്തുക്കൾ |
| | | ലബ്ധേ തു | കിട്ടിക്കഴിഞ്ഞാലുടൻ |
| നിർവ്വേപേത് | തീർത്തുകൊള്ളണം | പുരാണം | മുമ്പുശേഖരിച്ചതിനെ |
| നവേ നവേ | പുതിയ പുതിയ | പരിത്യജേത് | കൈയൊഴിക്കണം. |

**20.** **അഗ്ന്യർത്ഥമേവ ശരണമുടജം വാദ്രികന്ദരാം**
**ശ്രയേത ഹിമവായ്വഗ്നിവർഷാർക്കാതപഷാട് സ്വയം**

| | | | |
|---|---|---|---|
| അഗ്ന്യർത്ഥം ഏവ | ഔപാസനാഗ്നിയെ കെടാതെ സൂക്ഷിക്കുന്നതിനായി മാത്രം | ശ്രയേത | കടന്നുചെല്ലാം. |
| | | (അന്യദാ) | അല്ലാത്തപ്പോൾ |
| ശരണം | ഗൃഹത്തിലേക്കോ, | ഹിമവായ്വഗ്നിവർഷാർക്കാതപഷാട് | മഞ്ഞും, കാറ്റും, കാട്ടുതീയും, പേമാരിയും വെയിലും സഹിച്ചുകൊണ്ട് |
| ഉടജം | കുടീരത്തിലേക്കോ, | സ്വയം | തനിയെത്താൻ |
| അദ്രികന്ദരാം വാ | പർവ്വതഗുഹാന്തർത്തിലേക്കോ | (വർത്തേത) | ഇരുന്നുകൊള്ളണം. |

**21.** **കേശരോമനഖശ്മശ്രുമലാനി ജടിലോ ദധത്**
**കമണ്ഡല്വജിനേ ദണ്ഡവല്കലാഗ്നിപരിച്ഛദാൻ**

| | | | |
|---|---|---|---|
| കേശരോമനഖശ്മശ്രുമലാനി | തലമുടി, ശരീരരോമം, നഖം, താടിമീശ, മലിനത എന്നിവയെയും | ദണ്ഡവല്കലാഗ്നിപരിച്ഛദാൻ | യോഗദണ്ഡ്, മരവുരി, അഗ്നിഹോത്രസാധനങ്ങൾ എന്നിവയെയും |
| കമണ്ഡല്വജിനേ | ജലപാത്രം, മാൻതോൽ എന്നിവയെയും | ദധത് | ധരിച്ചുകൊണ്ട് |
| | | ജടിലഃ | ജടാധാരിയായിവർത്തിക്കണം |

**22.** **ചരേദ്വനേ ദ്വാദശാബ്ദാനഷ്ടൗ വാ ചതുരോ മുനിഃ**
**ദ്വാവേകം വാ യഥാ ബുദ്ധിർ ന വിപദ്യേത കൃച്ഛ്രതഃ**

| | | | |
|---|---|---|---|
| മുനിഃ | മനനശീലനായ വാനപ്രസ്ഥൻ | ഏകം വാ | ഒന്നോ, |
| | | ദ്വൗ | രണ്ടോ, |
| വനേ | തപോവനത്തിൽ | ചതുരഃ | നാലോ, |
| കൃച്ഛ്രതഃ | തപഃക്ലേശം നിമിത്തം | അഷ്ടൗ വാ | എട്ടോ, |
| ബുദ്ധിഃ | ബുദ്ധിശക്തി | ദ്വാദശ | പന്ത്രണ്ടോ, |
| യഥാ ന വിപദ്യേത | തകർന്നുപോകാത്ത ക്രമപ്രകാരമനുസരിച്ച് | അബ്ദാൻ | വത്സരങ്ങളോളം |
| | | ചരേത് | നിഷ്ഠകൾ ആചരിക്കണം. |

ഇതിനുശേഷവും ബുദ്ധിക്കും ദേഹത്തിനും തളർച്ച് ബാധിക്കാതിരിക്കുന്നപക്ഷം വാനപ്രസ്ഥത്തിൽ തന്നെ തുടരാം. അഥവാ അതിന്നിടയിൽ ജ്ഞാനാഭ്യാസത്തിനുള്ള

യോഗ്യത കൈവന്നാൽ പരിവ്രാജകനാകാം. (ഈ സംഗതി അടുത്ത അധ്യായത്തിൽ പറയുന്നുണ്ടു്.) ആരോഗ്യഹാനി നിമിത്തം രണ്ടും ആകയില്ലെന്നു വന്നാൽ ചെയ്യേണ്ടതെന്തെന്നു് ഇനിമേൽ പറയുന്നു—

23. **യദാഽകല്പഃ സ്വക്രിയായാം വ്യാധിഭിർ ജരയാഥ വാ**
**ആന്വീക്ഷിക്യാം വാ വിദ്യായാം കുര്യാദനശനാദികം**

| | | | |
|---|---|---|---|
| യദാ | എപ്പോഴാം | വിദ്യായാം വാ | അഭ്യസനത്തിലോ |
| വ്യാധിഭിഃ | രോഗങ്ങളാൽ— | അകല്പഃ | അസമർത്ഥനായേക്കാമോ |
| അഥവാ | അല്ലാത്തപക്ഷം | (തദാ) | ആ അവസരത്തിൽ |
| ജരയാ | വാർദ്ധക്യത്താൽ | അനശനാദികം | നിരാഹാരവ്രതം മുതലായതു് |
| സ്വക്രിയായാം | സ്വധർമ്മാചരണത്തിലോ, | കുര്യാത് | ആചരിച്ചുകൊൾക. |
| ആന്വീക്ഷിക്യാം | അധ്യാത്മജ്ഞാനപരമായ | | |

നിരാഹാരവ്രതം ദീക്ഷിക്കുവാൻ തുടങ്ങുന്നതിന്നു മുമ്പു നിർവ്വഹിക്കാനുള്ളവയെ അടുത്ത ശ്ലോകം മുതല്ക്കു് ഈ അധ്യായത്തിന്റെ പരിസമാപ്തിവരെ വിസ്തരിക്കുന്നു—

24. **ആത്മന്യഗ്നീൻ സമാരോപ്യ സന്ന്യസ്യാഹംമമാത്മതാം**
**കാരണേഷു ന്യസേത് സമ്യക് സംഘാതം തു യഥാർഹതഃ**

| | | | |
|---|---|---|---|
| ആത്മനി | ആത്മാവിൽ | സംന്യസ്യ | വിട്ടുകളകയും ചെയ്തിട്ടു് |
| അഗ്നീൻ | ത്രേതാഗ്നികളെ | സംഘാതം തു | ഭൗതികശരീരത്തെയാകട്ടെ |
| സമാരോപ്യ | സമാരോപിക്കയും | യഥാർഹതഃ | യഥായോഗ്യം |
| അഹം—മമാത്മതാം | ഞാനെന്നും എന്റേതെന്നുമുള്ള സങ്കല്പത്തെ | സമ്യക് | യഥാക്രമം |
| | | കാരണേഷു | തദുപാദാനകാരണങ്ങളിൽ |
| | | ന്യസേത് | ലയിപ്പിക്കണം |

25. **ഖേ ഖാനി വായൗ നിശ്വാസാംസ്തേജസ്യൂഷ്മാണമാത്മവാൻ**
**അപ്സ്വസൃക്ശ്ലേഷ്മപൂയാനി ക്ഷിതൗ ശേഷം യഥോദ്ഭവം**

| | | | |
|---|---|---|---|
| ആത്മവാൻ | ബുദ്ധിയുക്തനായവൻ | അസൃക്—ശ്ലേഷ്മ—പൂയാനി | രക്തം—കഫം—ചലം—നീരു് എന്നീ ജലാംശങ്ങളെ |
| ഖാനി | ശരീരസുഷിരങ്ങളെ | അപ്സു | ജലത്തിലും |
| ഖേ | ആകാശത്തിലും | ശേഷം | അവശേഷിച്ച അസ്ഥി മുതലായ കഠിനാംശങ്ങളെ |
| നിശ്വാസാൻ | പ്രാണാദിവായുക്കളെ | ക്ഷിതൗ | പൃഥിവിയിലും |
| വായൗ | വായുവിലും, | യഥോദ്ഭവം | ഉണ്ടായിത്തീർന്നക്രമപ്രകാരം |
| ഊഷ്മാണം | ശരീരോഷ്മാവിനെ | ന്യസേത് | ലയിപ്പിക്കണം |
| തേജസി | അഗ്നിയിലും, | | |

ഭൗതികമായ സ്ഥൂലശരീരത്തിന്റെ ലയക്രമത്തെപ്പററി പറഞ്ഞശേഷം അധ്യാത്മാദിത്രിതയാത്മകമായ ലിംഗശരീരത്തിന്റെ ലയക്രമം ഇനി പറയുന്നു. അതിൽ കർമ്മേന്ദ്രിയങ്ങളെ ലയിപ്പിക്കേണ്ടും പ്രകാരം കാണിക്കുന്നു.

**26.** **വാചമഗ്നൗ സവക്തവ്യാമിന്ദ്രേ ശില്പം കരാവപി**
**പദാനി ഗത്യാ വയസി രത്യോപസ്ഥം പ്രജാപതൗ**
**മൃത്യൗ പായും വിസർഗം ച യഥാസ്ഥാനം വിനിർദിശേത്**

| | | | |
|---|---|---|---|
| സവക്തവ്യം | ഭാഷണമെന്ന കർമ്മത്തോടു കൂടിയ | രത്യാ | രതിസുഖത്തോടുകൂടെ |
| വാചം | വാഗിന്ദ്രിയത്തെ | ഉപസ്ഥം | ഉപസ്ഥത്തെ |
| അഗ്നൗ | അഗ്നിയിലും, | പ്രജാപതൗ | പ്രജാപതിയിലും |
| ശില്പം | കൈവേലയെയും | പായും | ഗുദത്തെയും |
| കരൗ അപി | കൈകളെയും | വിസർഗ്ഗം ച | വിസർജനകർമ്മത്തെയും |
| ഇന്ദ്രേ | ഇന്ദ്രനിലും, | മൃത്യൗ | മൃത്യുദേവതയിലും |
| ഗത്യാ | നടത്തത്തോടുകൂടെ | യഥാസ്ഥാനം | സ്ഥാനക്രമമനുസരിച്ച് |
| പദാനി | കാലുകളെ | വിനിർദിശേത് | ലയിപ്പിക്കണം |
| വയസി | വിഷ്ണുവിലും | | |

ഇനി ജ്ഞാനേന്ദ്രിയങ്ങളുടെ ലയപ്രക്രിയയെ നിർദ്ദേശിക്കുന്നു.

**27.** **ദിക്ഷു ശ്രോത്രം സനാദേന സ്പർശമധ്യാത്മനി ത്വചം**

**28.** **രൂപാണി ചക്ഷുഷാ രാജൻ ജ്യോതിഷ്യഭിനിവേശയേത്**
**അപ്സു പ്രചേതസാ ജിഹ്വാം ഘ്രേയൈർഘ്രാണം ക്ഷിതൗ ന്യസേത്.**

| | | | |
|---|---|---|---|
| സനാദേന | ശബ്ദമെന്ന വിഷയത്തോടു കൂടിയ | രാജൻ | ഹേ യുധിഷ്ഠിര! |
| ശ്രോത്രം | ശ്രവണേന്ദ്രിയത്തെ | ജിഹ്വാം | രസനേന്ദ്രിയത്തെ |
| ദിക്ഷു | ദിഗ്ദേവതകളിലും, | പ്രചേതസാ | വരുണനോടുകൂടെ |
| സ്പർശം | സ്പർശമെന്ന വിഷയത്തെയും | അപ്സു | രസാത്മകമായ ജലത്തിലും |
| ത്വചം | ത്വഗിന്ദ്രിയത്തെയും | ഘ്രാണം | ഘ്രാണേന്ദ്രിയത്തെ (ഉപലക്ഷണയാ അതിന്റെ അധിഷ്ഠാതാക്കളായ അശ്വികളോടുകൂടെ) |
| അധ്യാത്മനി | അവയുടെ അധിഷ്ഠാതൃത്വമുള്ള വായുവിലും, | ഘ്രേയൈഃ | ഗന്ധങ്ങളാൽ ഉപലക്ഷിതമായ |
| രൂപാണി | രൂപങ്ങളെ | ക്ഷിതൗ | പൃഥിവിയിലും |
| ചക്ഷുഷാ | നേത്രേന്ദ്രിയത്തോടുകൂടെ | ന്യസേത് | ലയിപ്പിക്കണം |
| ജ്യോതിഷി | ജ്യോതിഃസ്വരൂപമായ ആദിത്യനിലും, | | |
| അഭിനിവേശയേത് | വേണ്ടുംവിധം വിലയിപ്പിച്ചുകൊള്ളണം | | |

24-ാം ശ്ലോകത്തിൽ ''കാരണേഷു ന്യസേത് സമ്യക് സംഘാതം തു യഥാർഹതഃ'' എന്നു പറഞ്ഞതു് സ്ഥൂലശരീരത്തിന്റെ ലയക്രമത്തെ ഉദ്ദേശിച്ചായിരുന്നു. സ്ഥൂലശരീരത്തിലടങ്ങിയ പാഞ്ചഭൗതികാംശങ്ങളെ അതതിന്റെ കാരണങ്ങളായ പഞ്ചമഹാഭൂതങ്ങളിൽ പ്രത്യേകം ലയിപ്പിക്കുവാൻ നിർദ്ദേശിച്ചു. പിന്നെ ലിംഗശരീരത്തിന്റെ ലയക്രമം അതിൽനിന്നു വ്യത്യസ്തമായിട്ടാണ് നിർദ്ദേശിക്കപ്പെട്ടതു്. തത്സംബന്ധികളായ കർമ്മജ്ഞാനേന്ദ്രിയങ്ങളുടെ ലയം അവയുടെ അധിഷ്ഠാതാക്കളായ ദേവതകളിലായിരിക്കണം. ഈ ഇന്ദ്രിയാധിഷ്ഠാതൃദേവതകൾ (ദേവന്മാർ) ഈശ്വരാംശങ്ങളാകയാൽ ലയമാവന ആത്മപ്രതിപത്തിക്കു് അധികം പ്രയോജകീഭവിക്കുമെന്ന സങ്കല്പത്തിന്മേലാണ് അങ്ങനെ ഉപദേശിച്ചതു്. രസനാഘ്രാണങ്ങളുടെ ആകർഷകത്വം ഇതരേന്ദ്രിയാപേക്ഷയാ കൂടുതലാണെന്ന വിവക്ഷയിന്മേൽ അവയെ അവയുടെ അധിഷ്ഠാതാക്കളോടുകൂടി രസതന്മാത്രകമായ ജലത്തിലും ഗന്ധതന്മാത്രകമായ പൃഥിവിയിലും സമർപ്പിക്കുവാൻ വ്യത്യസ്തരൂപത്തിൽ ഉപദേശിച്ചതാണെന്നു ധരിക്കണം.

ഇനി അന്തഃകരണവൃത്തികളുടെ ലയക്രമം പറഞ്ഞു തുടങ്ങുന്നു.

29. മനോ മനോരഥൈശ്ചന്ദ്രേ ബുദ്ധിം ബോധ്യൈഃ കവൗ പരേ
കർമ്മാണ്യധ്യാത്മനാ രുദ്രേ യദഹംമമതാ ക്രിയാ
സചേതന ചിത്തം ക്ഷേത്രജ്ഞേ ഗുണൈർവൈകാരികം പരേ.

| | |
|---|---|
| മനഃ | മനസ്സിനെ |
| മനോരഥൈഃ | മനോരഥങ്ങളോടുകൂടി |
| ചന്ദ്രേ | ചന്ദ്രനിലും, |
| ബുദ്ധിം | ബുദ്ധിയെ |
| ബോധ്യൈഃ | ബോധത്തിനു വിഷയീഭവിക്കുന്ന വസ്തുക്കളോടുകൂടെ |
| പരേ കവൗ | ബ്രഹ്മാവിലും, |
| കർമ്മാണി | കർമ്മങ്ങളെ |
| അധ്യാത്മനാ | അഹംതത്വത്തോടുകൂടെ |
| യദഹം- മമതാ- ക്രിയാ | അഹംതത്വത്തോടുകൂടെ അഹന്തയെയും മമതയെയും മുൻനിർത്തിയുള്ള ചേഷ്ടിതം യാതൊരുവനിൽ നിന്നുണ്ടാവുന്നുവോ |

| | |
|---|---|
| രുദ്രേ | ആ രുദ്രനിലും |
| ചിത്തം | ചിത്തത്തെ |
| സചേതന | ചേതനയോടുകൂടി |
| ക്ഷേത്രജ്ഞേ | ജീവാത്മാവിലും |
| വൈകാരികം | ശോകമൂർച്ഛാദി വികാരങ്ങളുള്ള ആ ജീവാത്മാവിനെ |
| ഗുണൈഃ | ഗുണകാര്യങ്ങളോടൊപ്പം |
| പരേ | നിർവ്വികാരമായ പരമാത്മാവിലും |
| (ന്യസേത്) | ലയിപ്പിക്കണം |

സവികാരമായ ജീവാത്മാവിന്നു നിർവ്വികാരബ്രഹ്മത്തിൽ ലയം സംഭവിക്കുന്നതു വികാരകാരണങ്ങളായ എല്ലാം ഉപാധികളുടെയും ലയം വഴിക്കാണെന്നു് ഇനി പറയുന്നു.

30. അപ്സു ക്ഷിതിമപോ ജ്യോതിഷ്യദോ വായൗ നഭസ്യമും
കൂടസ്ഥേ തച്ച മഹതി തദവ്യക്തേഽക്ഷരേ ച തത്.

| | | | |
|---|---|---|---|
| ക്ഷിതിം | പൃഥിവിയെ | കൂടസ്ഥേ | അഹങ്കാരതത്ത്വത്തിലും, |
| അപ്സു | ജലത്തിലും, | തത് | അതിനെ |
| അപഃ | ജലത്തെ | മഹതി ച | മഹത്തത്ത്വത്തിലും |
| ജ്യോതിഷി | അഗ്നിയിലും, | തത് | അതിനെ |
| അദഃ | അതിനെ | അവ്യക്തേ | മൂലപ്രകൃതിയിലും, |
| വായൗ | വായുവിലും, | തത് | അതിനെ |
| അമും | ആയതിനെ | അക്ഷരേ ച | പരമാത്മാവിങ്കലും |
| നഭസി | ആകാശത്തിലും, | (ന്യസേത്) | ന്യസിക്കണം. |
| തത് | അതിനെ | | |

31. ഇത്യക്ഷരതയാത്മാനം ചിന്മാത്രമവശേഷിതം
ജ്ഞാത്വാഽദ്വയോഽഥ വിരമേദ്ദഗ്ധയോനിരിവാനലഃ.

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ജ്ഞാത്വാ | ഭാവനചെയ്ത് |
| അവശേഷിതം | സർവ്വോപാധിവിലയത്താൽ അവശേഷിച്ചതും | അദ്വയഃ | തദ്വ്യതിരിക്തനല്ലാതെയായി ഭവിച്ച വാനപ്രസ്ഥൻ |
| ചിന്മാത്രം | ചിദാകാരമായി സ്ഥിതിചെയ്യുന്നതുമായ | ദഗ്ധയോനിഃ | ഇന്ധനം ദഹിച്ചുകഴിഞ്ഞ |
| ആത്മാനം | ആത്മാവിനെ (ക്ഷേത്രജ്ഞനെ) | അനലഃ ഇവ | അഗ്നിപോലെ ശാന്തനായി |
| അക്ഷരതയാ | അക്ഷരബ്രഹ്മമായ പരമാത്മാവെന്ന നിലയ്ക്ക് | അഥ | ഒടുവിൽ |
| | | വിരമേത് | വിരമിക്കണം. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
ദ്വാദശോഽധ്യായഃ.

ആദിതഃ ശ്ലോകാഃ—582.

സപ്തമസ്കന്ധത്തിൽ പന്ത്രണ്ടാമദ്ധ്യായം കഴിഞ്ഞു.

# ത്രയോദശോऽധ്യായഃ — അധ്യായം പതിമൂന്നു്

## യതിധർമ്മനിരൂപണവും അവധൂതപ്രഹ്ലാദസംവാദവും

''ത്രയോദശേ യതേർധർമ്മഃ സാധകസ്യോച്യതേ മഹാൻ
അവധൂതേതിഹാസേന സിദ്ധാവസ്ഥാ ച കഥ്യതേ''

ഈ പതിമൂന്നാമത്തെ അധ്യായത്തിൽ സാധകനായ സന്ന്യാസിയുടെ ശ്രേഷ്ഠധർമ്മങ്ങളും അവധൂതചരിത്രത്തിലൂടെ സിദ്ധനായ സന്ന്യാസിയുടെ സ്ഥിതിയും കഥിക്കപ്പെടുന്നു.

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

1. കല്പസ്ത്വേവം പരിവ്രജ്യ ദേഹമാത്രാവശേഷിതഃ
ഗ്രാമൈകരാത്രവിധിനാ നിരപേക്ഷശ്ചരേന്മഹീം

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ദേഹമാത്രാ—വശേഷിതഃ | ശരീരം മാത്രം ബാക്കിയാക്കിക്കൊണ്ടു് |
| (ധ്യാത്വാ | ലയക്രമം ധ്യാനിച്ചുറപ്പിച്ച ശേഷം | നിരപേക്ഷഃ | ഒന്നിലും അപേക്ഷയില്ലാത്തവനായി ഭവിച്ചു് |
| (ആന്വീ—ക്ഷികീക്യം) | അധ്യാത്മവിചാരത്തിൽ | | |
| കല്പഃ തു | ശക്തനായിത്തീർന്നവാന പ്രസ്ഥനാകട്ടെ | ഗ്രാമൈക-രാത്രവിധിനാ | ഒരു ഗ്രാമത്തിൽ ഒരു രാത്രി മാത്രം തങ്ങുക എന്ന നിയമത്തോടെ |
| പരിവ്രജ്യ | സന്ന്യാസം സ്വീകരിച്ചു് | മഹീം | ഭൂമിയിലെമ്പാടും |
| | | ചരേത് | ചുററിനടക്കണം |

അശക്തനായവൻ ഉപവാസാദികളാൽ ദീക്ഷിച്ച ദേഹബന്ധം ഉപേക്ഷിക്കണമെന്ന അനുക്തസിദ്ധം. തുടർന്നുള്ള 9 ശ്ലോകങ്ങളാൽ സന്ന്യാസിയുടെ ആശ്രമധർമ്മങ്ങളെ പ്രതിപാദിക്കുന്നു—

2. ബിഭൃയാദ് യദ്യസൗ വാസഃ കൗപീനാച്ഛാദനം പരം
ത്യക്തം ന ദണ്ഡലിംഗാദേരന്യത് കിഞ്ചിദനാപദി

| | | | |
|---|---|---|---|
| അസൗ | ഇവൻ (സന്ന്യാസി) | കൗപീനാ-ച്ഛാദനം | കൗപീനത്താൽ ഗുഹ്യം മറയ്ക്കുക എന്നതു |
| യദി വാസഃ ബിഭൃയാത് | വസ്ത്രം ധരിക്കുകയാണെങ്കിൽ | പരം | മാത്രമായിരിക്കണം. |

| | | | |
|---|---|---|---|
| ദണ്ഡ– ലിംഗാദേഃ | യോഗദണ്ഡ്, കമണ്ഡലു മുതലായ സന്യാസലക്ഷണങ്ങളും എന്നിവയിൽ നിന്ന് | ത്യക്തം | ത്യജിക്കപ്പെട്ട |
| അന്യത് | അന്യമായി | കിഞ്ചിത് | യാതൊന്നും |
| | | അനാപദി | രോഗാദ്യനർത്ഥങ്ങളില്ലാത്തപ്പോൾ |
| | | ന (ബിഭൃയാത്) | എടുത്തുകൂടാ. |

**3.** **ഏക ഏവ ചരേദ് ഭിക്ഷുരാത്മാരാമോഽനപാശ്രയഃ**
**സർവ്വഭൂതസുഹൃച്ഛാന്തോ നാരായണപരായണഃ**

| | | | |
|---|---|---|---|
| ഭിക്ഷുഃ | ഭിക്ഷാവൃത്തി സ്വീകരിച്ചവനും | ശാന്തഃ | പ്രശാന്തനും |
| ആത്മാരാമഃ | ആത്മാനന്ദത്തിൽ രമിക്കുന്നവനും | നാരായണ– പരായണഃ | ശ്രീനാരായണനെ സർവ്വാത്മനാ ശരണം ഗമിച്ചവനുമായിട്ട് |
| അനപാശ്രയഃ | പരാശ്രയമില്ലാത്തവനും | ഏകഃ ഏവ | ഒറ്റയ്ക്കുതന്നെ |
| സർവ്വഭൂത- സുഹൃത് | സകലപ്രാണികളുടെയും ഹിതാനുവർത്തിയും | ചരേത് | സഞ്ചരിക്കണം. |

**4.** **പശ്യേദാത്മന്യദോ വിശ്വം പരേ സദസതോഽവ്യയേ**
**ആത്മാനം ച പരം ബ്രഹ്മ സർവ്വത്ര സദസന്മയേ**

| | | | |
|---|---|---|---|
| സദസതഃ | കാര്യകാരണങ്ങളിൽ നിന്ന് | സദസന്മയേ | കാര്യകാരണാത്മകമായ പ്രപഞ്ചത്തിൽ |
| പരേ | അതീതമായി | സർവ്വത്ര | എല്ലായിടത്തും |
| അവ്യയേ | ഭേദോപാധികളില്ലാതെ നിർവ്വികാരമായി നിലകൊള്ളുന്ന | ബ്രഹ്മ | ബ്രഹ്മ (വ്യാപക) സ്വരൂപേണ വർത്തിക്കുന്ന |
| ആത്മനി | പരമാത്മാവിൽ | പരം ആത്മാനം ച | പരമാത്മാവിനെയും |
| അദഃ | ഇക്കാണുന്ന | പശ്യേത് | ദർശിക്കണം. |
| വിശ്വം | ചരാചരപ്രപഞ്ചത്തെയും | | |

ജീവാത്മാവിൽ പരമാത്മാവിനെയും പരത്മാവിൽ ജീവാത്മാവിനെയും ദർശിക്കണമെന്നു സാരം. പക്ഷേ, ഈ 'ജീവപരയോരൈക്യം' സംഗതമാണോ? ജീവൻ ബദ്ധനും ഈശ്വരൻ മുക്തനുമാകയാൽ അതു സംഭാവ്യമാകുന്നതെങ്ങനെ?—ഈ ആശങ്കയെ ഇനി പരിഹരിക്കുന്നു—

**5.** **സ്വപ്നപ്രബോധയോഃ സന്ധാവാത്മനോ ഗതിമാത്മദൃക്**
**പശ്യൻ ബന്ധം ച മോക്ഷം ച മായാമാത്രം ന വസ്തുതഃ**

| | | | |
|---|---|---|---|
| സുപ്ത— | ഉറക്കം—ഉണർവ്വ് എന്നി | ഗതിം | തത്വത്തെ |
| പ്രബോധയോഃ | രണ്ടിന്റെയും | പശ്യൻ | ഗ്രഹിച്ചുകൊണ്ട് |
| സന്ധൗ | സന്ധിപ്പിൽ | ബന്ധം ച | ബന്ധത്തെയും |
| ആത്മഗതി | തനിക്കുണ്ടാവുന്ന കേവലാ | മോക്ഷം ച | മോക്ഷത്തെയും |
| | നുഭൂതിയെ ദൃഷ്ടാന്തമാക്കി യിട്ട് | മായാമാത്രം | മിഥ്യാകല്പിതം മാത്രമാണെന്നും |
| ആത്മനഃ | ജീവപരമഭേദേന വർത്തിക്കുന്ന കേവലാത്മസ്വരൂപത്തിന്റെ | വസ്തുതഃ | വാസ്തവികമായിട്ടുള്ളതു് |
| | | ന (പശ്യേത്) | അല്ലെന്നും കണ്ടുകൊള്ളണം. |

ആത്മാവ് സുഷുപ്തിയിൽ അജ്ഞാനാവസ്ഥയാൽ ആവരണം ചെയ്യപ്പെട്ട ബദ്ധനാകയും [illegible] അവസ്ഥകളിൽ അബാധത്തിന്റെ [illegible] തെളിഞ്ഞു മുക്തനാ[illegible] ചെയ്യുന്നു. എന്നാൽ സുഷുപ്തിയുടെ ആരംഭവും ജാഗ്രത് സ്വപ്നങ്ങളുടെ അവസാനവും [illegible] വേളയിൽ ആത്മാവ് ആവരണവിക്ഷേപങ്ങളിൽ നിന്നകന്ന് കേവലാനുഭൂതി[illegible] ദൃഷ്ടാന്തത്തിലൂടെ [illegible] അന്യോന്യം [illegible] ഒന്നായിത്തീരുമ്പോൾ [illegible] ആവരണ വിക്ഷേപങ്ങൾ തിരോധാനം ചെയ്യും. നിത്യമുക്തമായ ആത്മതത്വത്തിൽ ബന്ധമോക്ഷങ്ങൾ അധ്യാസം മാത്രമാണ്. യതിയുടെ ആത്മനിരീക്ഷണം ഈ വഴിക്കായിരിക്കണം.

6. **നാഭിനന്ദേത് ധ്രുവം മൃത്യുമധ്രുവം വാസ്യ ജീവിതം**
**കാലം പരം പ്രതീക്ഷേത ഭൂതാനാം പ്രഭവാപ്യയം.**

| | | | |
|---|---|---|---|
| അസ്യ | ഈ ശരീരത്തെ സംബന്ധിച്ച് | ന അഭിനന്ദേത് | അഭിനന്ദിക്കരുതു് (ആഗ്രഹിക്കരുതു്) |
| ധ്രുവം | അവശ്യംഭാവിയായ | ഭൂതാനാം | ജീവരാശികളുടെ ജനനമരണങ്ങൾക്കു് ആസ്പദമായ |
| മൃത്യും | മരണത്തെയോ | | |
| അധ്രുവം | ശാശ്വതമല്ലാത്ത | കാലം പരം | കാലത്തെത്തന്നെ |
| ജീവിതം | ജീവിതത്തെയോ കുറിച്ച് | പ്രതീക്ഷേത | കാത്തിരിക്കണം |

7. **നാസച്ഛാസ്ത്രേഷു സജ്ജേത നോപജീവേത ജീവികാം**
**വാദവാദാംസ്ത്യജേത് തർക്കാൻ പക്ഷം കം ച ന സംശ്രയേത്**

| | | | |
|---|---|---|---|
| അസച്ഛാസ്ത്രേഷു | അധ്യാത്മവിദ്യയോടു ബന്ധമില്ലാത്ത ശാസ്ത്ര[illegible] | വാദവാദാൻ | വാദത്തിനുവേണ്ടി മാത്രം വാദമെടുത്തിടുന്ന |
| | | തർക്കാൻ | യുക്തിശാസ്ത്രങ്ങളെ |
| ന സജ്ജേത | ഏർപ്പെട്ടുകൂടാ | ത്യജേത് | തള്ളിക്കളയണം |
| ജീവികാം | ജ്യോതിഷാദിവൃത്തിയെ | കം പക്ഷം | ഒരു പക്ഷത്തിലേക്കും |
| ന ഉപജീവേത | ഉപജീവനമാർഗ്ഗമായി കൊണ്ടുനടക്കരുതു് | ന സംശ്രയേത് | ചേർന്നു നില്ക്കയും അരുതു് |

8. ന ശിഷ്യാനനുബധ്നീത ഗ്രന്ഥാന്നൈവാഭ്യസേദ് ബഹൂൻ
ന വ്യാഖ്യാമുപയുഞ്ജീത നാരംഭാനാരഭേത് ക്വചിത്

| | | | |
|---|---|---|---|
| ശിഷ്യാൻ | ശിഷ്യന്മാരെ | ന ഉപയുഞ്ജീത | സംഘടിപ്പിക്കരുത് |
| ന അനുബധ്നീത | വശീകരിച്ചും നിർബന്ധിച്ചും ഉണ്ടാക്കിക്കൂടാ. | ക്വചിത് | ഒരിടത്തും |
| ബഹൂൻ | അനേകം | ആരംഭാൻ | മഠനിർമ്മാണാദി പ്രസ്ഥാനങ്ങൾ |
| ഗ്രന്ഥാൻ | ഗ്രന്ഥങ്ങളെ | ന ആരഭേത് | തുടങ്ങിവയ്ക്കരുത്. |
| ന അഭ്യസേത് | അഭ്യസിച്ചുകൂടാ | | |
| വ്യാഖ്യാം | പ്രഭാഷണം. | | |

9. ന യതേരാശ്രമഃ പ്രായോ ധർമ്മഹേതുർമ്മഹാത്മനഃ
ശാന്തസ്യ സമചിത്തസ്യ ബിഭൃയാദുത വാ ത്യജേത്.

| | | | |
|---|---|---|---|
| ശാന്തസ്യ | പ്രശാന്തനായി– | പ്രായഃ | മിക്കവാറും |
| സമചിത്തസ്യ | സമഭാവനയുള്ളവനായി– | ധർമ്മഹേതുഃ | ആശ്രമധർമ്മാനുഷ്ഠാനത്തിന് ഹേതുവാകേണ്ടതില്ല |
| മഹാത്മനഃ | മഹാമനസ്കനമായി ഭവിച്ച | ബിഭൃയാത് | (അതിനെ) കൈക്കൊള്ളാം |
| യതേഃ | സിദ്ധസന്യാസിക്ക് | ഉത വാ | അല്ലെങ്കിൽ |
| ആശ്രമഃ | ആശ്രമബന്ധം. | ത്യജേത് | ഉപേക്ഷിക്കാം. |

''പ്രായഃ'' എന്നു പറഞ്ഞതു് സാധകന്മാരെ ഒഴിവാക്കാൻ വേണ്ടിയാണ്. ജ്ഞാനോൽപത്തിക്കു [illegible] സന്യാസികൾക്കുള്ള ലക്ഷണങ്ങളായ ദണ്ഡും കമണ്ഡലുവും [illegible] യമനിയമങ്ങളെ ആചരിക്കയും വേണം. അതോടൊപ്പം ജ്ഞാനോൽപത്തിക്കുള്ള പരിശ്രമവും തുടരണം. അങ്ങനെ [illegible] ആവശ്യമില്ല. [illegible] ഈ വിധം പരമഹംസ പദവിയിലെത്തിയ സിദ്ധസന്യാസിക്ക് ആശ്രമലക്ഷണങ്ങൾകൊണ്ട് പ്രയോജനമൊന്നുമില്ല. ലോകസംഗ്രഹാർത്ഥം വേണമെങ്കിലാകാം, വേണ്ടെങ്കിൽ വേണ്ട, അത്രയേ ഉള്ളൂ.

ഇവിടെ ആശ്രമചിഹ്നത്യാഗമല്ല, ജ്ഞാനമാർഗ്ഗ്യമാണ് പ്രധാനം. അതില്ലെങ്കിൽ ആശ്രമസന്യാസച്യുതി വന്നേക്കാം. അങ്ങനെ ഉഭയവിഭ്രഷ്ടനായിത്തീർന്നേക്കാം. ഈ ദുസ്ഥിതികളുള്ള പരിഹാരം താഴെ നിർദ്ദേശിക്കുന്നു.

10. അവ്യക്തലിംഗോ വ്യക്താർത്ഥോ മനീഷ്യുന്മത്തബാലവത്
കവിർമൂകവദാത്മാനം സ ദൃഷ്ട്യാ ദർശയേന്നൃണാം

| | |
|---|---|
| അവ്യക്തലിംഗഃ | വ്യക്തമാകാത്ത ആശ്രമലക്ഷണങ്ങളുള്ളവനായാലും |
| വ്യക്താർത്ഥഃ | വ്യക്തമായ സ്വോദ്ദേശ്യത്തോടു കൂടിയിരിക്കുന്ന |
| സഃ | ആ പരമഹംസയോഗി |
| മനീഷീ | ബുദ്ധിയുക്തനാണെങ്കിലും |
| ഉന്മത്ത–ബാലവത് | ബുദ്ധിഭ്രമമുള്ളവനെപ്പോലെയും, ബുദ്ധിയുറക്കാത്ത കുട്ടിയെപ്പോലെയും, |
| കവിഃ | പ്രതിഭാസമ്പന്നനായ വാഗ്മിയാണെങ്കിലും |
| മൂകവത് | ഊമയെപ്പോലെയും |
| നൃണാം | ജനങ്ങളുടെ |
| ദൃഷ്ട്യാ | കാഴ്ചപ്പാടിലൂടെ |
| ദർശയേത് | പ്രദർശിപ്പിക്കണം |

നിർദിഷ്ടമായ ഈ പരമഹംസധർമ്മത്തെ ഒരു ഇതിഹാസത്തിലൂടെ ഈ അധ്യായത്തിന്റെ സമാപ്തിവരെ ഇനി പറയുന്നു.

**11.** **അത്രാപ്യുദാഹരന്തീമമിതിഹാസം പുരാതനം**
**പ്രഹ്ലാദസ്യ ച സംവാദം മുനേരാജഗരസ്യ ച.**

| | |
|---|---|
| പ്രഹ്ലാദസ്യ ച | പ്രഹ്ലാദന്റെയും |
| ആജഗരസ്യ | അജഗരവ്രതം സ്വീകരിച്ചിരുന്ന |
| മുനേഃ ച | ഒരു മുനിയുടെയും |
| സംവാദം | അന്യോന്യ സംഭാഷണരൂപമായ |
| ഇമം | ഈ |
| പുരാതനം | പഴക്കമുള്ള |
| ഇതിഹാസം | ചരിത്രകഥയെ |
| അത്ര അപി | ഏതദ്വിഷയത്തിൽ |
| ഉദാഹരന്തി | ഉദാഹരിക്കാറുണ്ട്. |

**12.** **തം ശയാനം ധരോപസ്ഥേ കാവേര്യാം സഹ്യസാനുനി**
**രജസ്വലൈസ്തനൂദേശൈർനിഗൂഢാമലതേജസം.**

**13.** **ദദർശ ലോകാൻ വിചരൻ ലോകതത്ത്വവിവിത്സയാ**
**വൃതോഽമാത്യൈഃ കതിപയൈഃ പ്രഹ്ലാദോ ഭഗവത്പ്രിയഃ.**

| | |
|---|---|
| ഭഗവത്–പ്രിയഃ | വിഷ്ണുഭഗവാനിൽ പ്രേമഭക്തിയുള്ള |
| പ്രഹ്ലാദഃ | പ്രഹ്ലാദൻ |
| കതിപയൈഃ | ഏതാനും ചില |
| അമാത്യൈഃ | മന്ത്രിമാരാൽ |
| വൃതഃ | പരിവൃതനായിട്ട് |
| ലോകതത്ത്വ–വിവിത്സയാ | ലോകവാസികളുടെ യഥാർത്ഥവൃത്താന്തം ഗ്രഹിക്കുവാനുള്ള താത്പര്യത്തോടെ |
| ലോകാൻ | ലോകങ്ങളിലെങ്ങും |
| വിചരൻ | സഞ്ചരിച്ചുകൊണ്ടിരിക്കവെ, |
| സഹ്യ–സാനുനി | സഹ്യന്റെ താഴ്വരയിൽ |
| കാവേര്യാം | കാവേരീതീരത്തിൽ |
| ധരോപസ്ഥേ | വെറും നിലത്ത് |
| ശയാനം | കിടന്നിരുന്നവനും |
| രജസ്വലൈഃ | പൊടിപുരണ്ട |

| | |
|---|---|
| തന്വദേശൈഃ | ദേഹാവയവങ്ങളാൽ |
| നിഗൂഢാമല- തേജസം | മറഞ്ഞിരുന്ന നിർമ്മല ദീപ്തിയോടുകൂടിയവനമായ |
| തം | ആ മുനിയെ |
| ദദൃശ | കണ്ടെത്തി. |

14 കർമ്മണാകൃതിഭിർവാചാ ലിംഗൈർവർണ്ണാശ്രമാദിഭിഃ
ന വിദന്തി ജനാ യം വൈ സോഽസാവിതി ന വേതി ച.

15. തം നത്വാഭ്യർച്യ വിധിവത് പാദയോഃ ശിരസാ സ്പൃശൻ
വിവിത്സുരിദമപ്രാക്ഷീന്മഹാഭാഗവതോഽസുരഃ.

| | |
|---|---|
| കർമ്മണാ | പ്രവൃത്തികൊണ്ടോ, |
| വാചാ | വാക്കുകൊണ്ടോ, |
| ആകൃതിഭിഃ | ആകൃതിഭേദങ്ങൾ കൊണ്ടോ |
| വർണ്ണാ- ശ്രമാദിഭിഃ | വർണ്ണാശ്രമാദികൾക്കു വിഹിതങ്ങളായ |
| ലിംഗൈഃ ച | ലക്ഷണങ്ങൾ കൊണ്ടോ മറ്റോ |
| സഃ | അവൻ |
| അസൗ ഇതി | ഇന്നവനെന്നോ, |
| ന വാ ഇതി | ഇന്നവനല്ലെന്നോ |
| ജനാഃ | ജനങ്ങൾ |
| യം വൈ | യാതൊരുവനെ തികച്ചും |
| ന വിദന്തി | അറിഞ്ഞിരുന്നില്ലയോ |
| തം | ആ മുനിയെ |
| മഹാ- ഭാഗവതഃ | വലിയ ഭഗവദ്ഭക്തനായ |
| അസുരഃ | അസുരൻ (പ്രഹ്ലാദൻ) |
| ശിരസാ | ശിരസ്സിനാൽ |
| പാദയോഃ | പാദങ്ങളെ |
| സ്പൃശൻ | സ്പർശിച്ചുകൊണ്ടു |
| നത്വാ | നമസ്കരിച്ച് |
| വിധിവത് | വിധിപ്രകാരം |
| അഭ്യർച്യ | ആരാധിച്ചശേഷം |
| വിവിത്സുഃ | ജിജ്ഞാസുവായിട്ട് |
| ഇദം | ഇങ്ങനെ |
| അപ്രാക്ഷീത് | ചോദിച്ചു. |

16. ബിഭർഷി കായം പീവാനം സോദ്യമോ ഭോഗവാൻ യഥാ
വിത്തം ചൈവോദ്യമവതാം ഭോഗോ വിത്തവതാമിഹ
ഭോഗിനാം ഖലു ദേഹോഽയം പീവാ ഭവതി നാന്യഥാ

| | |
|---|---|
| സോദ്യമഃ | പരിശ്രമിയും |
| ഭോഗവാൻ | ഭോഗസുഖങ്ങളനുഭവിക്കുന്നവനുമായ ഒരുത്തൻ |
| യഥാ | എതുപോലെയോ, അതുപോലെ |
| പീവാനം | തടിച്ചുകൊഴുത്ത |
| കായം | ശരീരത്തെ |
| ബിഭർഷി | അങ്ങു വഹിക്കുന്നുണ്ട്. |
| ഇഹ | ലോകത്തിൽ |
| ഉദ്യമവതാം | പരിശ്രമികൾക്കു |
| ഏവ | മാത്രമേ |
| വിത്തം ച | ധനമുണ്ടാവൂ; |
| വിത്തവതാം | ധനമുള്ളവർക്കേ |
| ഭോഗഃ | സുഖമുണ്ടാവൂ. |
| ഭോഗിനാം | സുഖാനുഭവമുള്ളവരുടെ |
| ദേഹഃ ഖലു | ശരീരമാകട്ടെ |
| അയം | ഈവിധം |
| പീവാ | ഹൃഷ്ടപുഷ്ടമായി |
| ഭവതി | ഭവിക്കുന്നതാണ്; |
| അന്യഥാ ന | മറിച്ച് ഒന്നുകൊണ്ടും ആകയില്ല. |

17. ന തേ ശയാനസ്യ നിരുദ്യമസ്യ
ബ്രഹ്മൻ നു ഹാർത്ഥോ യത ഏവ ഭോഗഃ
അഭോഗിനോഽയം തവ വിപ്ര ദേഹഃ
പീവാ യതസ്തദ്വദ നഃ ക്ഷമം ചേത്

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മജ്ഞനായ മുനേ! | അഭോഗിനഃ | സുഖ ജീവിതം നയിക്കാത്ത |
| നിരുദ്യമസ്യ | ഉദ്യോഗിയാകാതെ | തവ | അങ്ങയുടെ |
| ശയാനസ്യ | ഒരിടത്തു കിടന്നുകൊണ്ടേയിരിക്കുന്ന | അയംദേഹഃ | ഈ ശരീരം |
| തേ | അങ്ങേയ്ക്കു് | യതഃ | എന്തു കാരണത്താൽ |
| അർത്ഥഃ ന | ധനമില്ലെന്നതു് | പീവാ | സ്ഥൂലമായിരിക്കുന്നു? |
| നു ഹ | സുനിശ്ചിതമത്രേ. | തത് | എന്നതു് |
| യതഃ ഏവ | യാതൊരു ധനംകൊണ്ടു മാത്രമേ | നഃ | ഞങ്ങൾക്കു് |
| ഭോഗഃ | സുഖജീവിതമുള്ളു. | ക്ഷമം ചേത് | കേട്ടുധരിക്കാമെങ്കിൽ |
| വിപ്ര | ഹേ ബ്രാഹ്മണ! | വദ | പറഞ്ഞു തരിക. |

"ധനാർജ്ജനത്തിനു ശേഷിയില്ലാത്തവരുംകൂടി അതിലേക്കുള്ള ഉദ്യമം ഉപേക്ഷിക്കാറില്ല. എന്നിരിക്കെ, കാഴ്ചയിൽ അതിനുള്ള ശേഷിയും ശേമുഷിയുമുള്ള ഭവാൻ ഇങ്ങനെ വെറുതെ കിടക്കുന്നതെന്തുകൊണ്ടു്?" ഈ അഭിപ്രായത്തിൽ വീണ്ടും പറയുന്നു—

18. കവിഃ കല്പോ നിപുണദൃക് ചിത്രപ്രിയകഥഃ സമഃ
ലോകസ്യ കുർവതഃ കർമ്മ ശേഷേ തദ്വീക്ഷിതാപി വാ

| | | | |
|---|---|---|---|
| കവിഃ | വിദ്വാനും | ലോകസ്യ കർമ്മ കുർവതഃ | ബഹുജനം ഓരോ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കെ |
| കല്പഃ | കർമ്മകുശലനും | തദ്വീക്ഷിതാ അപി | അതെല്ലാം നോക്കിയിരിക്കുന്നവനായിട്ടും |
| നിപുണദൃക് | നിരീക്ഷണപടുവും | സമഃ | ഉദാസീനനായി |
| ചിത്രപ്രിയ-കഥഃ | അദ്ഭുതാവഹമായി ജനമനോരഞ്ജനക്ഷമമായ കഥനത്തോടുകൂടിയവനുമായ അങ്ങു് | ശേഷേ വാ | കിടക്കുകയോ? |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

19. സ ഇത്ഥം ദൈത്യപതിനാ പരിപൃഷ്ടോ മഹാമുനിഃ
സ്മയമാനസ്തമഭ്യാഹ തദ്വാഗമൃതയന്ത്രിതഃ

| | | | |
|---|---|---|---|
| ഇത്ഥം | ഇപ്രകാരം | തദ്വാഗമൃത- | അദ്ദേഹത്തിന്റെ വചനാ |
| ദൈത്യ- | അസുരാധിപതിയായ | യന്ത്രിതഃ | മൃതത്താൽ വശീഭൂതനായി |
| പതിനാ | പ്രഹ്ലാദനാൽ | സ്മയമാനഃ | പുഞ്ചിരിതൂകിക്കൊണ്ട് |
| പരിപൃഷ്ടഃ | അന്വേഷിക്കപ്പെട്ട | തം | അദ്ദേഹത്തോട് |
| സഃ മഹാമുനിഃ | ആ മുനിശ്രേഷ്ഠൻ | അഭ്യാഹ | പറഞ്ഞു. |

ബ്രാഹ്മണ ഉവാച = ബ്രാഹ്മണൻ പറഞ്ഞു—

20. **വേദേദമസുരശ്രേഷ്ഠ ഭവാൻ നന്വാര്യസമ്മതഃ**
**ഈഹോപരമയോർന്നൃണാം പദാന്യധ്യാത്മചക്ഷുഷാ**

| | | | |
|---|---|---|---|
| അസുരശ്രേഷ്ഠ | ഹേ അസുരോത്തമ! | പദാനി | സ്ഥാനങ്ങളെ(ഫലങ്ങളെ) |
| ഭവാൻ | അങ്ങുന്ന് | അധ്യാത്മ- | ആത്മാധിഷ്ഠിതമായ |
| ആര്യസമ്മതഃ നനു | ജ്ഞാനികൾക്ക സമ്മതനായ ആളാണല്ലോ. | ചക്ഷുഷാ | ജ്ഞാനചക്ഷുസ്സുകൊണ്ട് |
| നൃണാം | മനുഷ്യരുടെ | ഇദം (ഇതി) | ഇന്നതാണെന്ന് |
| ഈഹോ-പരമയോഃ | പ്രവൃത്തിനിവൃത്തി മാർഗ്ഗങ്ങളുടെ | വേദ | അറിഞ്ഞിട്ടുണ്ട്. |

21. **യസ്യ നാരായണോ ദേവോ ഭഗവാൻ ഹൃദ്ഗതഃ സദാ**
**ഭക്ത്യാ കേവലയാജ്ഞാനം ധുനോതി ധ്വാന്തമർക്കവത്**

| | | | |
|---|---|---|---|
| ദേവഃ | ലീലാമയനും | സദാ | എല്ലാനേരവും |
| ഭഗവാൻ | സർവ്വജ്ഞാനനിധിയുമായ | ഹൃദ്ഗതഃ | ഹൃദയാന്തസ്ഥിതനായിട്ട്, |
| നാരായണഃ | ശ്രീനാരായണൻ | ധ്വാന്തം | ഇരുട്ടിനെ |
| യസ്യ | യാതൊരു ഭവാന്റെ | അർക്കവത് | സൂര്യനെന്നപോലെ |
| കേവലയാ | അകൈതവമായ | അജ്ഞാനം | അജ്ഞാനത്തെ |
| ഭക്ത്യാ | ഭക്തിമൂലം | ധുനോതി | നീക്കിക്കൊണ്ടിരിക്കുന്നു. |

22. **അഥാപി ബ്രൂമഹേ പ്രശ്നാംസ്തവ രാജൻ യഥാശ്രുതം**
**സംഭാവനീയോ ഹി ഭവാനാത്മനഃ ശുദ്ധിമിച്ഛതാം**

| | | | |
|---|---|---|---|
| രാജൻ | ദൈത്യരാജാവേ! | ഹി | എന്തെന്നാൽ |
| അഥാപി | എങ്കിലും | ആത്മനഃ | ആത്മാവിന്റെ |
| തവ | അങ്ങയുടെ | ശുദ്ധിം | ശുദ്ധിയെ |
| പ്രശ്നാൻ | ചോദ്യങ്ങളെ | ഇച്ഛതാം | ഇച്ഛിക്കുന്നവർക്ക് |
| യഥാശ്രുതം | എന്റെ അറിവനുസരിച്ച് | ഭവാൻ | താങ്കൾ |
| ബ്രൂമഹേ | പ്രതിവചിച്ചുകൊള്ളുന്നു. | സംഭാവനീയഃ | ആദരണീയനത്രേ |

''ലോകം പ്രവൃത്തികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതു കണ്ടിട്ടും അങ്ങു് നിവൃത്തനായിരിക്കാൻ ഹേതുവെന്തു്?'' എന്ന ചോദ്യത്തിനു നാലുപദ്യങ്ങളാൽ ഉത്തരം നല്കുന്നു—

23. **തൃഷ്ണയാ ഭവവാഹിന്യാ യോഗ്യൈഃ കാമൈരപൂരയാ**
**കർമ്മാണി കാര്യമാണോഽഹം നാനായോനിഷു യോജിതഃ**

| | | | |
|---|---|---|---|
| ഭവവാഹിന്യാ | ജനനമരണങ്ങളുടെ ഇടമുറിയാത്ത ധാരയെ നിലനിർത്തുന്നതും | കർമ്മാണി | കർമ്മങ്ങളെ |
| യോഗ്യൈഃ | വേണ്ടും പ്രകാരത്തിലുള്ള | കാര്യമാണഃ | ചെയ്യിക്കപ്പെട്ടുകൊണ്ടിരുന്ന |
| കാമൈഃ | വിഷയാനുഭവങ്ങളാൽപ്പോലും | അഹം | ഞാൻ |
| അപൂരയാ | പൂർത്തിയാവാത്തതുമായ | നാനാ—യോനിഷു | പലതരം പിറവികളിൽ |
| തൃഷ്ണയാ | ആശാപാശത്താൽ | യോജിതഃ | ഉൾപ്പെടുത്തപ്പെട്ടവനായിരുന്നു. |

24. **യദൃച്ഛയാ ലോകമിമം പ്രാപിതഃ കർമ്മഭിർഭ്രമൻ**
**സ്വർഗ്ഗാപവർഗ്ഗയോർദ്വാരം തിരശ്ചാം പുനരസ്യ ച**

| | | | |
|---|---|---|---|
| കർമ്മഭിഃ | കർമ്മങ്ങളാൽ | അയം | ഈ മർത്ത്യലോകം |
| ഭ്രമൻ | നാനായോനികളിലകപ്പെട്ടു ചുററിയലഞ്ഞിരുന്ന ഞാൻ | സ്വർഗ്ഗാ-പവർഗ്ഗയോഃ | സ്വർഗ്ഗത്തിന്റെയും അപവർഗ്ഗ (മോക്ഷ) ത്തിന്റെയും |
| യദൃച്ഛയാ | ദൈവഗത്യാ | തിരശ്ചാം | പക്ഷിമൃഗാദി ജീവികളുടെയും |
| ഇമം ലോകം | ഈ (മർത്ത്യ) ലോകത്തിലേക്കു് | പുനഃ | വീണ്ടും |
| (കർമ്മഭിഃ) | കർമ്മങ്ങളാൽത്തന്നെ | അസ്യ ച | ഇതിന്റെ തന്നെയും |
| പ്രാപിതഃ | ആനീതനായി. | ദ്വാരം | ഇടനിലയാണു്. |

''കർമ്മശക്തിയാൽ നാനായോനികളിൽ ജനിച്ചും മരിച്ചും ദീർഘകാലം വട്ടം കറങ്ങിയശേഷം ഞാൻ കർമ്മശക്തിയാൽത്തന്നെ യാദൃച്ഛികമായി ഈ മർത്ത്യലോകത്തിൽ മാനുഷയോനിയിൽ പിറക്കുവാൻ ഇടയായി. ഇതിൽ പിറന്നവനു് സൽക്കർമ്മത്താൽ സ്വർഗ്ഗവും ദുഷ്കർമ്മത്താൽ മൃഗീയജന്മവും മിശ്രകർമ്മത്താൽ വീണ്ടും മനുഷ്യജന്മവും സർവ്വകർമ്മ പരിത്യാഗത്താൽ സംസാരനിർമ്മുക്തിയും ലഭിക്കുന്നു''.

താൻ കർമ്മത്തിൽനിന്നു് നിവൃത്തനായതു് എന്തുകൊണ്ടാണെന്നു് ഇനി പറയുന്നു.

25. **അത്രാപി ദമ്പതീനാം ച സുഖായാന്യാപനുത്തയേ**
**കർമ്മാണി കുർവതാം ദൃഷ്ട്വാ നിവൃത്തോഽസ്മി വിപര്യയം.**

| | | | |
|---|---|---|---|
| അത്രാപി | ഈ മനുഷ്യജന്മത്തിലും | ദമ്പതീനാം | സ്ത്രീപുരുഷന്മാർക്ക് ഉണ്ടാകുന്ന |
| സുഖായ | സുഖത്തിനുവേണ്ടിയും | വിപര്യയം | വിപരീതഫലത്തെ |
| അന്യാപഗമായ ച | ദുഃഖത്തിന്റെ നിവാരണത്തിനുവേണ്ടിയും | ദൃഷ്ട്വാ | കണ്ടു് |
| കർമ്മാണി | കർമ്മങ്ങളെ | നിവൃത്തഃ | കർമ്മങ്ങളിൽനിന്നു വിട്ടുനില്ക്കുന്നവനായിട്ടു് |
| കുർവ്വതാം | ചെയ്യുന്നവരായ | അസ്മി | ഞാൻ കഴിച്ചിരിക്കുന്നു. |

എന്നാൽ പ്രവൃത്തിയിലൂടെ വല്ലസുഖവും വല്ലപ്പോഴും ലഭ്യമാകുമല്ലോ, നിവൃത്തിയിലൂടെ എന്തുണ്ടാകാനാണ്? ഈ ശങ്കയ്ക്കുത്തരം സ്വയം സങ്കല്പിച്ചു സമാധാനിക്കുന്നു.

**26.** **സുഖമസ്യാത്മനോ രൂപം സർവ്വേഹോപരതിസ്തനുഃ**
**മനഃസംസ്പർശജാൻ ദൃഷ്ട്വാ ഭോഗാൻ സ്വപ്സ്യാമി സംവിശൻ.**

| | | | |
|---|---|---|---|
| അസ്യ ആത്മനഃ | ഈ ജീവാത്മാവിന്റെ | മനഃസം- സ്പർശജാൻ | മനസ്സിന്റെ കല്പനയിൽ ക്ഷണികസങ്കല്പങ്ങളുള്ളവയായി |
| രൂപം | സ്വരൂപംതന്നെ | ദൃഷ്ട്വാ | കണ്ടറിഞ്ഞു് |
| സുഖം | സുഖമയമാകുന്നു | സംവിശൻ | പൂർവ്വസഞ്ചിതകർമ്മങ്ങളുടെ ഫലം അനങ്ങാതെയനുഭവിച്ചുകൊണ്ടു് |
| സർവ്വേഹോപരതിഃ | സമസ്തകർമ്മങ്ങളിൽ നിന്നും വിട്ടിരിക്കുക എന്നതു് | | |
| തനുഃ | അതിന്റെ പ്രകാശകമാണ് | | |
| ഭോഗാൻ | വിഷയസുഖങ്ങളെ | സ്വപ്സ്യാമി | ഞാനിതാ കിടക്കുന്നു. |

സമസ്തകർമ്മപരിത്യാഗമാണ് ആത്മസുഖപ്രകാശകമെങ്കിൽ മനുഷ്യൻ കർമ്മങ്ങളിൽ പ്രവൃത്തനാകുന്നതിന്റെ കാരണമെന്തെന്ന് ഇനി പരിചിന്തിക്കുന്നു.

**27.** **ഇത്യേതദാത്മനഃ സ്വാർത്ഥം സന്തം വിസ്മൃത്യ വൈ പുമാൻ**
**വിചിത്രാമസതി ദ്വൈതേ ഘോരാമാപ്നോതി സംസൃതിം.**

| | | | |
|---|---|---|---|
| ആത്മനഃ | ആത്മാവിന്റെ | വിസ്മൃത്യ | വിസ്മരിച്ചു് |
| ഇതി | ഇപ്രകാരത്തിലുള്ള | പുമാൻ | മനുഷ്യൻ |
| ഏതത് | ഈ നിത്യസുഖാത്മക സ്വരൂപത്തെ | അസതി | മിഥ്യയായിരിക്കുന്ന |
| | | ദ്വൈതേ | ദ്വൈതപ്രപഞ്ചത്തിൽ |
| സ്വാർത്ഥം | തന്നിൽത്തന്നെ പരമപുരുഷാർത്ഥമായി | വിചിത്രാം | നാനാതരത്തിലുള്ളതും |
| | | ഘോരാം | ഭയങ്കരമായുള്ള |
| സന്തം വൈ | നിലകൊള്ളുന്നതിനെ തീരെ | സംസൃതിം | ജനിമൃതിചക്രമായ |
| | | ആപ്നോതി | പ്രാപിക്കുന്നു. |

അനന്തരത്തിലെ ഈ ആത്മവിസ്മൃതിയെ ഉദാഹരണം കൊണ്ടു വ്യക്തമാക്കുന്നു.

**28.** **ജലം തദുദ്ഭവൈശ്ഛന്നം ഹിത്വാജ്ഞോ ജലകാമ്യയാ**
**മൃഗതൃഷ്ണാമുപാധാവേദ്യഥാന്യത്രാർത്ഥദൃക് സ്വതഃ**

| | |
|---|---|
| യഥാ | ഏതുവിധം |
| അജ്ഞഃ | അറിവില്ലാത്തവൻ |
| തദുദ്ഭവൈഃ | ജലത്തിൽനിന്നുതന്നെയുണ്ടായ പായലുകളാൽ |
| ഛന്നം | മറയ്ക്കപ്പെട്ട |
| ജലം | ജലത്തെ |
| ഹിത്വാ | ഉപേക്ഷിച്ച് |
| ജലകാമ്യയാ | ജലാഭിലാഷത്തോടെ |
| മൃഗതൃഷ്ണാം | മരീചികയെ നോക്കി |
| ഉപാധാവേത് | പാഞ്ഞുപോകുന്നുവോ, |
| (തഥാ) | അതുപ്രകാരം |
| അന്യത്ര | ആത്മസ്വരൂപമല്ലാത്തതിൽ (മനുഷ്യൻ) |
| അർത്ഥദൃക് | പുരുഷാർത്ഥത്തെ കണ്ടുകൊണ്ടിരിക്കുന്നു. |

ജലാർത്ഥിയായ ഒരുവൻ ജലോപരി വ്യാപിച്ചിരിക്കുന്ന പായൽ കണ്ടിട്ട് അതിന്നടിയിൽ ജലമുണ്ടെന്നറിയാതെ ജലവിഭ്രാന്തിയുണ്ടാക്കുന്ന മരീചികയെ ഉപധാവനം ചെയ്യുന്നതുപോലെ മനുഷ്യൻ തന്റെ ആത്മാവിനെ ആവരണം ചെയ്തിരിക്കുന്ന മായയുടെ മറയെ നീക്കി തൽസ്വരൂപാനന്ദത്തെ അനുഭവിക്കാതെ ആത്മീയമായ അജ്ഞതമൂലം സുഖത്തിന്റെ നിഴലാട്ടമുള്ള ദ്വൈതത്തെ സമാശ്രയിച്ച് ജനിമൃതി ദുഃഖത്തിൽ ആണ്ടിരിക്കുകയാണെന്നു സാരം.

ഇങ്ങനെ തന്റെ നിഷ്ക്രിയത്വത്തിനുള്ള കാരണം പറഞ്ഞു ധരിപ്പിച്ചശേഷം കർമ്മികൾക്കു നേരിടുന്ന ഫലവൈപരീത്യത്തെ ഇനി 5 ശ്ലോകം കൊണ്ടു വിവരിക്കാൻ തുടങ്ങുന്നു—

**29.** **ദേഹാദിഭിർദൈവതന്ത്രൈരാത്മനഃ സുഖമീഹതഃ**
**ദുഃഖാത്യയം ചാനീശസ്യ ക്രിയാ മോഘാഃ കൃതാഃ കൃതാഃ**

| | |
|---|---|
| ദൈവതന്ത്രൈഃ | പ്രാരബ്ധകർമ്മത്തിന്ന് അടിമപ്പെട്ടവയായ |
| ദേഹാദിഭിഃ | ദേഹാദികൾ വഴിക്ക് |
| ആത്മനഃ | തന്റെ |
| സുഖം | സുഖത്തെയും |
| ദുഃഖാത്യയം ച | ദുഃഖനാശത്തെയും. |
| ഈഹതഃ | ആശിക്കുന്ന |
| അനീശസ്യ | ദൈവാധീനമില്ലാത്തവന്റെ |
| കൃതാഃ കൃതാഃ | ചെയ്ത ചെയ്ത |
| ക്രിയാഃ | പ്രവൃത്തികളെല്ലാം |
| മോഘാഃ | നിഷ്ഫലങ്ങളാണ്. |

അഥവാ, ചിലതു സഫലങ്ങളായാലും അനുഭവിപ്പാനാവാതെ വരുന്നതാണെന്നും ചൂണ്ടിക്കാണിക്കുന്നു—

**30.** **ആധ്യാത്മികാദിഭിർദുഃഖൈരവിമുക്തസ്യ കർഹിചിത്**
**മർത്ത്യസ്യ കൃച്ഛ്രോപനതൈരർത്ഥൈഃ കാമൈഃ ക്രിയേത കിം**

| | | | |
|---|---|---|---|
| ആധ്യാത്മി– കാദിഭിഃ | ശാരീരികമായും മാനസി കമായും മററുമുള്ള | കൃച്ഛ്രോ– പനതൈഃ | കഷ്ടപ്പെട്ടു നേടിക്കൊണ്ടു വന്ന |
| ദുഃഖൈഃ | ശല്യങ്ങളാൽ | അർത്ഥൈഃ | ധനങ്ങളാലും |
| കർഹിചിത് | ഒരിക്കലും | കാമൈഃ | ഭോഗവസ്തുക്കളാലും |
| അവിമുക്തസ്യ | വിട്ടുമാറപ്പെടാത്തവനും | കിം | എന്തുതന്നെ |
| മർത്ത്യസ്യ | മരണമുള്ളവനുമായ മനുഷ്യന് | ക്രിയേത | നിർവ്വഹിക്കപ്പെടാം ? |

ധനം കഷ്ടപ്പെടാതെ ഉണ്ടായതായാലും അതു മനഃക്ലേശം വരുത്തുമെന്ന് ഇനി പറയുന്നു—

31. **പശ്യാമി ധനിനാം ക്ലേശം ലുബ്ധാനാമജിതാത്മനാം**
**ഭയാദലബ്ധനിദ്രാണാം സർവ്വതോഽഭിവിശങ്കിനാം.**

| | | | |
|---|---|---|---|
| ലുബ്ധാനാം | ലോഭികളും | സർവ്വതഃ | എല്ലാവരിലും |
| അജിതാ– ത്മനാം | അജിതേന്ദ്രിയ ന്മാരും | അഭിവി- ശങ്കിനാം | ആശങ്ക വച്ചുപുലർത്തു ന്നവരുമായ |
| ഭയാത് | ഭയം നിമിത്തം | ധനിനാം | ധനികന്മാരുടെ |
| അലബ്ധ- നിദ്രാണാം | ഉറക്കം കിട്ടാതെ വലയുന്നവരും | ക്ലേശം | കഷ്ടപ്പാട് |
| | | പശ്യാമി | ഞാൻ കാണുന്നുണ്ട്. |

32. **രാജതശ്ചോരതഃ ശത്രോഃ സ്വജനാത് പശുപക്ഷിതഃ**
**അർത്ഥിഭ്യഃ കാലതഃ സ്വസ്മാന്നിത്യം പ്രാണാർത്ഥവദ്ഭയം**

| | | | |
|---|---|---|---|
| രാജതഃ | രാജാവിൽനിന്നും | അർത്ഥിഭ്യഃ | യാചകന്മാരിൽനിന്നും |
| ചോരതഃ | കള്ളന്മാരിൽനിന്നും | കാലതഃ | കാലാവസ്ഥകളിൽനിന്നും |
| ശത്രോഃ | ശത്രുവർഗ്ഗത്തിൽനിന്നും | സ്വസ്മാത് | തന്നിൽനിന്നുതന്നെയും |
| സ്വജനാത് | ബന്ധുവർഗ്ഗത്തിൽനിന്നും | പ്രാണാർത്ഥ– വദ്ഭയം | ജീവനും സ്വത്തും ഉള്ളവർക്കു ഭയപ്പാട് |
| പശുപക്ഷിതഃ | മൃഗങ്ങളിൽനിന്നും പക്ഷികളിൽനിന്നും | നിത്യം | എപ്പോഴുമുണ്ടാകും |

ധനം മാത്രമല്ല, ജീവിതംപോലും അനർത്ഥമൂലമാകയാൽ അവരണ്ടിലും ആശയരുതെന്ന് ഇനി പ്രസ്താവിക്കുന്നു—

33. **ശോകമോഹഭയക്രോധരാഗക്ലൈബ്യശ്രമാദയഃ**
**യന്മൂലാഃ സ്യുർന്നൃണാം ജഹ്യാത് സ്പൃഹാം പ്രാണാർത്ഥയോർബ്ബുധഃ**

| | | | |
|---|---|---|---|
| ശോകമോഹ– | ദുഃഖം, മൂർച്ഛ, | രാഗക്ലൈബ്യ- | ആസക്തി, ഭീരുത, |
| ഭയക്രോധ– | ഭീതി, കോപം, | ശ്രമാദയഃ | തളർച്ച മുതലായവ |

| | | | |
|---|---|---|---|
| നൃണാം | മനുഷ്യർക്ക് | പ്രാണാർത്ഥയോഃ | ആ ജീവിതത്തിലും ധനത്തിലുമുള്ള |
| യന്മൂലാഃ | യാതൊന്നുകാരണം നിമിത്ത മായിട്ട് | സ്പൃഹാം | ആഗ്രഹത്തെ |
| സ്യുഃ | ഉണ്ടായേക്കാമോ | ബുധഃ | അറിവുള്ളവൻ |
| | | ജഹ്യാത് | വിട്ടുകളയണം. |

"ധനാർജ്ജനത്തിലും ജീവരക്ഷണത്തിലും നേരിടുന്ന ക്ലേശങ്ങളനുഭവിക്കുന്നവർ വിരക്തന്മാരാകുന്നില്ല, കിട്ടിയതുകൊണ്ടു തൃപ്തരായിരിക്കുന്നുമില്ല. എന്നിരിക്കെ, അങ്ങയ്ക്കെങ്ങനെ ഈ വിരക്തിയുണ്ടായി?'' എന്നാണെങ്കിൽ—

**34.** **മധുകാരമഹാസർപ്പൗ ലോകേഽസ്മിൻ നോ ഗുരൂത്തമൗ**
**വൈരാഗ്യം പരിതോഷം ച പ്രാപ്താ യച്ഛിക്ഷയാ വയം.**

| | | | |
|---|---|---|---|
| അസ്മിൻ | ഈ | യച്ഛിക്ഷയാ | യാതൊരുവരുടെ ശിക്ഷണത്താൽ |
| ലോകേ | ലോകത്തിൽ | വയം | നാം |
| നഃ | നമ്മുടെ | വൈരാഗ്യം | വിരക്തിയെയും |
| ഗുരൂത്തമൗ | ഉത്തമഗുരുക്കന്മാർ | പരിതോഷം ച | സംതൃപ്തിയെയും |
| മധുകാര— | തേനീച്ചയും | പ്രാപ്താഃ | പ്രാപിച്ചതാകുന്നു |
| മഹാസർപ്പൗ | പെരുമ്പാമ്പുമാണ് | | |

തേനീച്ചയുടെ അടുക്കൽനിന്നു പഠിച്ചതെന്തെന്നു പറയുന്നു.

**35.** **[illegible] ശിക്ഷിതോ മേ മധുവ്രതാത്.**
**കൃച്ഛ്രാപ്തം മധുവദ്വിത്തം ഹത്വാപ്യന്യോ ഹരേത് പതിം.**

| | | | |
|---|---|---|---|
| സർവ്വ-കാമേഭ്യഃ | എല്ലാ വിഷയേച്ഛകളിൽ നിന്നുമുള്ള | കൃച്ഛ്രാപ്തം | അല്പാല്പമായി [illegible] സ്വരൂപിച്ചുവച്ച |
| വിരാഗഃ | വിരക്തി | വിത്തം | ധനത്തിനെ |
| മധുവ്രതാത് | തേനീച്ചയുടെ പക്കൽ നിന്ന് | അന്യഃ | [illegible] |
| മേ | എന്നാൽ | പതിം | ഉടമസ്ഥനെ |
| ശിക്ഷിതഃ | അഭ്യസിക്കപ്പെട്ടതാണ് | ഹത്വാ അപി | കൊന്നിട്ടുപോലും |
| മധുവത് | തേനെന്നപോലെ | ഹരേത് | അപഹരിച്ചേക്കും. |

തേനീച്ചകൾ സ്വയം [illegible] ആർക്കും [illegible] ആകുന്നു. അതുപോലെ ആർജ്ജിതമായ ധനം ആത്മനാശത്തിനുകൂടി കാരണമാകുമെന്ന് ബോധിച്ചതിനാൽ ധനാർജ്ജനോദ്യമത്തിൽനിന്നു സ്വയം വിരക്തനായി. പെരുമ്പാമ്പിന്റെ ജീവിതത്തിൽനിന്നു പഠിച്ച പാഠമെന്തെന്നു ഇനി പറയുന്നു.

36. അനീഹഃ പരിതുഷ്ടാത്മാ യദൃച്ഛോപനതാദഹം
നോ ചേച്ഛയേ ബഹ്വഹാനി മഹാഹിരിവ സത്ത്വവാൻ.

| | | | |
|---|---|---|---|
| മഹാഹിഃ ഇവ | പെരുമ്പാമ്പിനെപ്പോലെ | പരിതുഷ്ടാത്മാ | സന്തുഷ്ടചിത്തനായും |
| അഹം | ഞാൻ | നോ ചേത് | ഒന്നുമില്ലെങ്കിൽ |
| അനീഹഃ | ഉദ്യമരഹിതനായും | ബഹ്വഹാനി | വളരെ നാളുകളോളം |
| യദൃച്ഛോപനതാത് | യദൃച്ഛയാ വന്നണയുന്നതിനോ, അതുകൊണ്ടു് | സത്ത്വവാൻ | മനഃസമാധാനത്തോടെ |
| | | ശയേ | കിടക്കുകയും ചെയ്യുന്നു. |

സുഖജീവിതം നയിക്കുന്നവനെപ്പോലെയുള്ള സംപുഷ്ടശരീരമുണ്ടാവാനുള്ള കാരണം വിസ്തരിക്കുകയാണു് അടുത്ത ആറു പദ്യങ്ങൾകൊണ്ടു ചെയ്യുന്നതു്.

37. ക്വചിദല്പം ക്വചിദ്ഭൂരി ഭുഞ്ജേഽന്നം സ്വാദ്വസ്വാദു വാ
ക്വചിദ് ഭൂരിഗുണോപേതം ഗുണഹീനമുത ക്വചിത്.

| | | | |
|---|---|---|---|
| ക്വചിത് | ചിലപ്പോൾ | വാ | അഥവാ |
| അന്നം | ആഹാരം | അസ്വാദു | രുചിയില്ലാത്തതാകാം, |
| അല്പം | കുറച്ചായേക്കാം, | ക്വചിത് | ചിലനേരത്തു് |
| ക്വചിത് | ചിലപ്പോൾ | ഗുണഹീനം | ഗുണമൊന്നും ഇല്ലാത്തതാകാം, |
| ഭൂരി | അധികമായേക്കാം, | | |
| ക്വചിത് | ചിലപ്പോൾ | ഉത | എന്നുതന്നെയോ ആകട്ടെ |
| സ്വാദു | രുചിയുള്ളതാകാം | ഭുഞ്ജേ | ഞാൻ ഭക്ഷിക്കുന്നു. |

38. ശ്രദ്ധയോപാഹൃതം ക്വാപി കദാചിന്മാനവർജിതം
ഭുഞ്ജേ ഭുക്ത്വാഥ കസ്മിംശ്ചിദ് ദിവാനക്തം യദൃച്ഛയാ.

| | | | |
|---|---|---|---|
| ക്വാപി | ചിലപ്പോൾ | ഭുക്ത്വാ | ഭക്ഷണം കഴിച്ചു് |
| ശ്രദ്ധയാ | ശ്രദ്ധയോടെ | അഥ | വീണ്ടും |
| ഉപാഹൃതം | അരികിൽ എത്തിച്ചതും | കസ്മിംശ്ചിത് | എങ്ങാനുംവച്ചു് |
| കദാചിത് | മററു ചിലപ്പോൾ | ദിവാ | പകൽനേരത്തോ |
| മാനവർജിതം | അനാദരത്തോടെ കിട്ടിയതും | നക്തം | രാത്രിനേരത്തോ |
| | | യദൃച്ഛയാ | ദൈവഗത്യാ |
| ഭുഞ്ജേ | ഞാൻ ഭക്ഷിക്കാറുണ്ടു്. | (ലബ്ധം ഭുഞ്ജേ) | ലഭിച്ചതും ഭക്ഷിക്കും |

39. ക്ഷൗമം ദുകൂലമജിനം ചീരം വല്കലമേവ വാ
വസേഽന്യദപി സംപ്രാപ്തം ദിഷ്ടഭുക് തുഷ്ടധീരഹം

| | | | |
|---|---|---|---|
| ദിഷ്ടഭുക് | പ്രാരബ്ധകർമ്മഫലത്തെ അനുഭവിച്ചു തീർത്തുകൊണ്ടു | തുഷ്ടധീഃ | സന്തുഷ്ടചിത്തനായി കഴിയുന്ന |

| | |
|---|---|
| അഹം | ഞാൻ |
| ക്ഷൗമം | വെൺപട്ടായാലും |
| ദുകൂലം | സാധാരണ വസ്ത്രമായാലും |
| ചീരം | കീറത്തുണിയായാലും |
| അജിനം | തോൽത്തുണിയായാലും |
| വല്കലം ഏവ വാ | മരവുരിതന്നെ ആയിരുന്നാലും |
| അന്യത് അപി | മറ്റുവല്ലതുമായിരുന്നാലും |
| സംപ്രാപ്തം | കിട്ടിയതിനെ |
| വസേ | ഉടുക്കുന്നു. |

**40.** **ക്വചിച്ഛയേ ധരോപസ്ഥേ തൃണപർണ്ണാശ്മഭസ്മസു**
**ക്വചിത് പ്രാസാദപര്യങ്കേ കശിപൗ വാ പരേച്ഛയാ**

| | |
|---|---|
| ക്വചിത് | ചിലപ്പോൾ |
| ധരോപസ്ഥേ | വെറും നിലത്തോ, |
| തൃണപർണ്ണാ-ശ്മഭസ്മസു | പുല്ലിലോ, ഇലയിലോ, കല്ലിലോ, ചാമ്പലിലോ |
| ശയേ | കിടന്നുറങ്ങുന്നു. |
| ക്വചിത് | ചിലപ്പോൾ |
| പരേച്ഛയാ | അന്യരുടെ ആഗ്രഹപ്രകാരം |
| പ്രാസാദ-പര്യങ്കേ | മണിമാളികപ്പുറത്തു കട്ടിലിന്മേൽ |
| കശിപൗ വാ | പട്ടുമെത്തയിലോ |
| (ശയേ) | കിടന്നുറങ്ങുന്നു. |

**41.** **ക്വചിത് സ്നാതോനുലിപ്താംഗഃ സുവാസാഃ സ്രഗ്വ്യലംകൃത**
**രഥേഭാശ്വൈശ്ചരേ ക്വാപി ദിഗ്വാസാ ഗ്രഹവദ്വിഭോ**

| | |
|---|---|
| ക്വചിത് | ചിലപ്പോൾ |
| സ്നാതഃ | സ്നാനം ചെയ്തവനും |
| അനുലി-പ്താംഗഃ | ചന്ദനാദികൾകൊണ്ട് അനുലേപനം ചെയ്ത ഗാത്രത്തോടുകൂടിയവനും |
| സുവാസാഃ | ശുഭ്രവസ്ത്രം ധരിച്ചവനും |
| സ്രഗ്വീ | പൂമാലയണിഞ്ഞവനും |
| അലംകൃതഃ | അലംകരിക്കപ്പെട്ടവനുമായിട്ട് |
| രഥേഭാശ്വൈഃ | തേരിലോ ആനപ്പുറത്തോ കുതിരപ്പുറത്തോ കയറിരുന്ന് |
| ചരേ | സഞ്ചരിക്കുന്നു. |
| വിഭോ | അസുരപ്രഭോ ! |
| ക്വാപി | എന്നാൽ ചിലപ്പോൾ |
| ദിഗ്വാസാഃ | നഗ്നനായിട്ട് |
| ഗ്രഹവത് | പ്രേതംപോലെയും |
| (ചരേ) | സഞ്ചരിക്കുന്നു. |

**42.** **നാഹം നിന്ദേ ന ച സ്തൗമി സ്വഭാവവിഷമം ജനം**
**ഏതേഷാം ശ്രേയ ആശാസേ ഉതൈകാത്മ്യം മഹാത്മനി**

| | |
|---|---|
| സ്വഭാവ-വിഷമം | പ്രകൃത്യാ വ്യത്യസ്ത ഗുണങ്ങളുള്ള |
| ജനം | ജനത്തെ |
| അഹം | ഞാൻ |
| ന നിന്ദേ | നിന്ദിക്കുന്നില്ല; |
| ന സ്തൗമി ച | സ്തുതിക്കുന്നതുമില്ല. |
| ഏതേഷാം | ഇവക്ക് |
| ശ്രേയഃ | ശ്രേയസ്സിനെയും |
| ഉത | അതിനുപുറമെ |
| മഹാത്മനി | പരമാത്മാവിൽ |
| ഐകാത്മ്യം | ഏകീഭാവത്തെയും |
| ആശാസേ | ആശംസിച്ചുകൊണ്ടിരിക്കുന്നു. |

ഈ വിധം അനാസക്തിയിലേക്കെത്തുവാനുള്ള മാർഗ്ഗം രണ്ടു ശ്ലോകം കൊണ്ടു തുടർന്നുപദേശിക്കുന്നു —

43. **വികല്പം ജുഹുയാച്ചിത്തൌ താം മനസ്യർത്ഥവിഭ്രമേ**
**മനോ വൈകാരികേ ഹുത്വാ തന്മായായാം ജുഹോത്യനു**

44. **ആത്മാനുഭൂതൌ താം മായാം ജുഹുയാത് സത്യദൃങ്മുനിഃ**
**തതോ നിരീഹോ വിരമേത് സ്വാനുഭൂത്യാത്മനി സ്ഥിതഃ**

| | |
|---|---|
| സത്യദൃക് | സത്യത്തെമാത്രം നിരീക്ഷിക്കുന്നവനും |
| മുനിഃ | മനനശീലനുമായ ഒരുവൻ |
| വികല്പം | ഭേദഭാവനയെ |
| ചിത്തൌ | ഭേദഗ്രാഹകമായ ചിത്തവൃത്തിയിൽ |
| ജുഹുയാത് | ഹോമിക്കണം (ലയിപ്പിക്കണം) |
| താം | അതിനെ |
| അർത്ഥവിഭ്രമേ | വിഷയങ്ങളുടെ വിഭ്രാന്തിയുണ്ടാക്കിത്തീർക്കുന്ന |
| മനസി | മനസ്സിലും, |
| മനഃ | മനസ്സിനെ |
| വൈകാരികേ | അഹങ്കാരതത്ത്വത്തിലും |
| ഹുത്വാ | ഹോമിച്ചശേഷം |
| അനു | തുടർന്ന്, മഹത്തത്ത്വത്തിലൂടെ |
| തത് | അതിനെ (മനസ്സിനെ) |
| മായായാം | മായയിൽ |
| ജുഹോതി | ഹോമിക്കുക. |
| താം മായാം | ഭേദഭാവനയ്ക്കും അതിന്റെ കാരണങ്ങൾക്കും നിദാനമായ ആ മായയെ |
| ആത്മാനുഭൂതൌ | ആത്മാനുഭൂതിയിൽ |
| ജുഹുയാത് | ഹോമിക്കുക. |
| തതഃ | അനന്തരം |
| സ്വാനുഭൂത്യാ | ആത്മസാക്ഷാത്കാരത്തിലൂടെ |
| ആത്മനി | ആത്മസ്വരൂപത്തിൽ |
| സ്ഥിതഃ | സ്ഥിതനായിട്ട് |
| നിരീഹഃ | നിഷ്ക്രിയനായിഭവിച്ച് |
| ഉപരമേത് | വിരമിച്ചുകൊള്ളണം. |

45. **സ്വാത്മവൃത്തം മയേത്ഥം തേ സുഗുപ്തമപി വർണിതം**
**വ്യപേതം ലോകശാസ്ത്രാഭ്യാം ഭവാൻ ഹി ഭഗവത്പരഃ**

| | |
|---|---|
| ലോകശാസ്ത്രാഭ്യാം | ലോകരീതിയിൽനിന്നും ശാസ്ത്രവിധിയിൽനിന്നും |
| വ്യപേതം | വ്യത്യസ്തമെന്നു തോന്നാവുന്ന |
| സ്വാത്മവൃത്തം | എന്റെ ആത്മകഥ |
| ഇത്ഥം | ഈ വിധത്തിൽ |
| സുഗുപ്തം അപി | നിഗൂഢമെന്നിരിക്കിലും |
| തേ | അങ്ങേയ്ക്കുവേണ്ടി |
| മയാ | എന്നാൽ |
| വർണിതം | വിസ്തരിക്കപ്പെട്ടതാണ്. |
| ഹി | എന്തെന്നാൽ |
| ഭവാൻ | അങ്ങുന്ന് |
| ഭഗവത്പരഃ | വിഷ്ണുഭക്തനാണല്ലോ. |

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

46. ധർമ്മം പാരമഹംസ്യം വൈ മുനേഃ ശ്രുത്വാഽസുരേശ്വരഃ
പൂജയിത്വാ തതഃ പ്രീത ആമന്ത്ര്യ പ്രയയൗ ഗൃഹം

| | | | |
|---|---|---|---|
| അസുരേശ്വരഃ | പ്രഹ്ലാദൻ | പ്രീതഃ | സന്തുഷ്ടനായിട്ട് |
| മുനേഃ | മുനിയിൽനിന്ന് | പൂജയിത്വാ | മുനിയെ പൂജിച്ച് |
| പാരമഹംസ്യം | പരമഹംസന്മാരെസംബന്ധിച്ചതായ | ആമന്ത്ര്യ | വിടവാങ്ങി, |
| | | തതഃ | അവിടെനിന്ന് |
| ധർമ്മം | ധർമ്മത്തെ | ഗൃഹം | സ്വഭവനത്തിലേക്ക് |
| ശ്രുത്വാ വൈ | കേട്ടുധരിച്ചശേഷം | പ്രയയൗ | യാത്ര തിരിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
യുധിഷ്ഠിരനാരദസംവാദേ യതിധർമ്മേ
ത്രയോദശോഽധ്യായഃ
ആദിതഃ ശ്ലോകാഃ 628
സപ്തമസ്കന്ധത്തിൽ പതിമൂന്നാമധ്യായം കഴിഞ്ഞു.

---

# ചതുർദശോഽധ്യായഃ — അധ്യായം പതിനാല്

## ഗൃഹസ്ഥധർമ്മ നിരൂപണം

''ചതുർദശേ ഗൃഹസ്ഥസ്യ പരമോ ധർമ്മ ഈര്യതേ
ദേശകാലാദി ഭേദേന പുനഃ ശ്രേയോ വിശേഷകൃത്''

ഈ അധ്യായത്തിൽ ഗൃഹസ്ഥാശ്രമിയുടെ ശ്രേഷ്ഠധർമ്മങ്ങളും ദേശകാലാദി ഭേദമനുസരിച്ച് വിശേഷാൽ അനുഷ്ഠിക്കേണ്ടും അഭ്യുദയ കർമ്മങ്ങളും പ്രതിപാദിക്കപ്പെടുന്നു.

ആശ്രമ ധർമ്മങ്ങളുടെ പ്രതിപാദനത്തിൽ ബ്രഹ്മചാരിയുടേതു കഴിഞ്ഞാൽ ഗൃഹസ്ഥന്റേതു് ആകേണ്ടിയിരിക്കെ അങ്ങനെ ചെയ്യാതെ വാനപ്രസ്ഥസന്യാസിമാരുടെ ധർമ്മങ്ങളാണ് നിരൂപിക്കപ്പെട്ടതു്. ഗൃഹസ്ഥൻ സംസാരമുക്തിക്ക് അർഹനല്ലെന്ന അഭിപ്രായത്തിന്മേൽ അവനെ വിട്ടുകളഞ്ഞതായിരിക്കുമോ എന്ന ആശങ്കയാൽ യുധിഷ്ഠിരൻ ശ്രീനാരദനോടു പ്രത്യേകം എടുത്തു ചോദിക്കുന്നു—

യുധിഷ്ഠിര ഉവാച = യുധിഷ്ഠിരൻ പറഞ്ഞു

1. ഗൃഹസ്ഥ ഏതാം പദവീം വിധിനാ യേന ചാഞ്ജസാ
യാതി ദേവഋഷേ ബ്രൂഹി മാദൃശോ ഗൃഹമൂഢധീഃ

| | | | |
|---|---|---|---|
| ദേവർഷേ | അല്ലയോ ദേവർഷേ ! | അഞ്ജസാ | അനായാസേന |
| ഗൃഹമൂഢധീഃ | ഗൃഹാസക്ത ചിത്തനായി | ഏതാം | ഇപ്പറഞ്ഞ |
| മാദൃശഃ | എന്നെപ്പോലെയുള്ള | പദവീം | മോക്ഷമാർഗ്ഗത്തെ |
| ഗൃഹസ്ഥഃ ച | ഗൃഹസ്ഥാശ്രമിയും കൂടി | യാതി | പ്രാപിക്കുന്നുവോ, |
| യേന | യാതൊരു പ്രകാരമായ | | (ആ പ്രകാരത്തെ) |
| വിധിനാ | ധർമ്മാനുഷ്ഠാനത്താൽ | ബ്രൂഹി | ചൊല്ലിത്തന്നാലും |

നാരദ ഉവാച = ശ്രീ നാരദൻ പറഞ്ഞു—

2. **ഗൃഹേഷ്വവസ്ഥിതോ രാജൻ ക്രിയാഃ കുർവൻ ഗൃഹോചിതാഃ**
**വാസുദേവാർപ്പണം സാക്ഷാദുപാസീത മഹാ മുനീൻ**

| | | | |
|---|---|---|---|
| രാജൻ | ധർമ്മപുത്രരാജാവേ! | സാക്ഷാത് | വിധിയാംവണ്ണം |
| ഗൃഹേഷു | ഗൃഹാസ്ഥാശ്രമത്തിൽ | വാസുദേവാർപ്പണം | 'സർവം കൃഷ്ണാർപ്പണംഭവതു' എന്ന സങ്കല്പത്തോടേ |
| അവസ്ഥിതഃ | ഇരിക്കുന്നവൻ | | |
| ഗൃഹോചിതാഃ | ഗൃഹസ്ഥവൃത്തിക്ക് ഉചിതങ്ങളായ | കുർവൻ | നിർവ്വഹിച്ചുകൊണ്ടു |
| | | മഹാമുനീൻ | മഹാന്മാരായ മുനിമാരെ |
| ക്രിയാഃ | കർമ്മങ്ങളെ | ഉപാസീത | ഉപാസിക്കണം. |

3. **ശൃണ്വൻ ഭഗവതോऽഭീക്ഷ്ണമവതാരകഥാമൃതം**
**ശ്രദ്ദധാനോ യഥാകാലമുപശാന്തജനാവൃതഃ**

| | | | |
|---|---|---|---|
| യഥാകാലം | അവസരം കിട്ടുന്നപോലെ | ശൃണ്വൻ | കേട്ടുകൊണ്ട് |
| ഭഗവതഃ | ശ്രീഹരിയുടെ | ഉപശാന്ത-ജനാവൃതഃ | വിരക്തന്മാരായ സജ്ജനങ്ങളാൽസമാവൃതനായിട്ട് |
| അവതാര-കഥാമൃതം | അമൃതോപമങ്ങളായ അവതാര കഥകളെ | (വർത്തേത) | വർത്തിച്ചുകൊള്ളണം |
| ശ്രദ്ദധാനഃ | ശ്രദ്ധായുക്തനായി | | |

4. **സത്സംഗാച്ഛനകൈഃ സംഗമാത്മജായാത്മജാദിഷു**
**വിമുച്യേന്മുച്യമാനേഷു സ്വയം സ്വപ്നവദുത്ഥിതഃ**

| | | | |
|---|---|---|---|
| സത്സംഗാത് | സജ്ജനസമ്പർക്കത്താൽ | സംഗം | ആസക്തിയെ |
| ശനകൈഃ | മെല്ലെ, ക്രമത്തിൽ | ഉത്ഥിതഃ | ഉണർന്നെഴുന്നേററവൻ |
| സ്വയം | തന്നെത്താൻ | | |
| മുച്യമാനേഷു | ഒരിക്കൽ പിരിയപ്പെടേണ്ടുന്ന | സ്വപ്നവത് | സ്വപ്നാനുഭവത്തെ എന്നപോലെ |
| ആത്മജായാ-ത്മജാദിഷു | ശരീരം, ഭാര്യ, മക്കൾ മുതലായവയിലുള്ള | വിമുച്യേത് | വിട്ടുകളയണം. |

സദ്‌വൃത്തനായ ഗൃഹസ്ഥന്റെ നിത്യജീവിതക്രമത്തെ ഇനി വിവരിക്കുന്നു—

**5. യാവദർത്ഥമുപാസീനോ ദേഹേ ഗേഹേ ച പണ്ഡിതഃ**
**വിരക്തോ രക്തവത്തത്ര നൃലോകേ നരതാം ന്യസേത്**

| | | | |
|---|---|---|---|
| പണ്ഡിതഃ | ബോധവാനായ ഗൃഹസ്ഥൻ | വിരക്തഃ | ഉള്ളുകൊണ്ടു അനാസക്തനായും |
| ദേഹേ | ദേഹത്തിലും | രക്തവത് | പുറം കൊണ്ടു് ആസക്തനെന്ന പോലെയും ഭാവിച്ച് |
| ഗേഹേ ച | ഗേഹത്തിലും | | |
| യാവദർത്ഥം | അത്യാവശ്യത്തിനുമാത്രം | നൃലോകേ | മനുഷ്യക്കിടയിൽ |
| ഉപാസീനഃ | വിഷയങ്ങളനുഭവിച്ചുകൊണ്ടു് | നരതാം | മനുഷ്യസാമാന്യസ്വഭാവത്തെ |
| തത്ര | അവരണ്ടിലും | ന്യസേത് | വെളിവാക്കണം. |

**6. ജ്ഞാതയഃ പിതരൗ പുത്രാ ഭ്രാതരഃ സുഹൃദോഽപരേ**
**യദ്‌വദന്തി യദിച്ഛന്തി ചാനുമോദേത നിർമ്മമഃ**

| | | | |
|---|---|---|---|
| ജ്ഞാതയഃ | ബന്ധുക്കളും | യത് | എന്തു് |
| പിതരൗ | അച്ഛനമ്മമാരും | വദന്തി | പറയുന്നുവോ, |
| പുത്രാഃ | മക്കളും | ഇച്ഛന്തി ച | ആഗ്രഹിക്കയും ചെയ്യുന്നുവോ (അതെല്ലാം) |
| ഭ്രാതരഃ | സോദരന്മാരും | | |
| അപരേ | മററുള്ള | നിർമ്മമഃ | നിഃസംഗനായി |
| സുഹൃദഃ | സുഹൃത്തുക്കളും | ഉൻമോദേത | അനുമോദിക്കണം |

ഇങ്ങനെ എല്ലാവരെയും അനുമോദിക്കുമ്പോൾ ധനം ക്ഷയിക്കുമല്ലോ. പിന്നെ ജീവിക്കുവാനും സ്വകൃത്യങ്ങൾ നിർവ്വഹിക്കുവാനും പോംവഴിയെന്തു്? — ഈ ചോദ്യത്തെ ആശങ്കിച്ചു പറയുന്നു—

**7. ദിവ്യം ഭൗമം ചാന്തരിക്ഷം വിത്തമച്യുതനിർമ്മിതം**
**തത് സർവമുപഭുഞ്ജാന ഏതത് കുര്യാത് സ്വതോ ബുധഃ**

| | | | |
|---|---|---|---|
| ദിവ്യം | ആകാശത്തിൽനിന്നുള്ള വൃഷ്ടികൊണ്ടു് ഭൂതലത്തിലുണ്ടാവുന്ന ധാന്യാദിയും | അച്യുത—നിർമ്മിതം | സർവ്വേശ്വരനാൽ സർവ്വോപഭോഗാർത്ഥം നിർമ്മിക്കപ്പെട്ട |
| ഭൗമം | ഭൂഗർഭത്തിൽനിന്നും ലഭിക്കുന്ന സ്വർണ്ണരത്നാദിയും | വിത്തം | സമ്പത്താകുന്നു. |
| ആന്തരിക്ഷം ച | യാദൃച്ഛികമായി കിട്ടുന്ന മററുള്ള ദ്രവ്യരാശിയും | ബുധഃ | ഈ തത്ത്വം ബോധിച്ചവൻ |
| | | തത് സർവം | അതെല്ലാം |

| | | | |
|---|---|---|---|
| ഉപഭുഞ്ജാനഃ | അനുഭവിച്ചു കൊണ്ടു തന്നെ | ഏതത് | ഇതു് (സ്വജന സേവനം) |
| സ്വതഃ | സ്വാഭാവികമായി | കര്യാത് | നിറവേററണ്ടതാണു്. |

സമ്പത്തു് ദൈവദത്തമാകയാൽ അതിനെ ഒററയ്ക്കനുഭവിക്കാൻ ഗൃഹസ്ഥനു് അധികാരമില്ലെന്നും എല്ലാവരുടെയും അഭ്യുദയത്തിന്നായി അതിനെ വിനിയോഗിക്കണമെന്നും സാരം.

ദൈവധീനത്താൽ അതിസമ്പത്തുണ്ടായാൽ അതിൽ അഭിമാനമോ അഭിനിവേശമോ അരുതെന്നു് വീണ്ടും എടുത്തു പറയുന്നു—

8. യാവദ്ഭ്രിയേത ജഠരം താവത് സ്വത്വം ഹി ദേഹിനാം
അധികം യോऽഭിമന്യേത സ സ്തേനോ ദണ്ഡമർഹതി

| | | | |
|---|---|---|---|
| ദേഹിനാം | മനുഷ്യർക്കു് | അധികം | കൂടുതലുള്ളതിനെ |
| യാവത് | എത്രയുംകൊണ്ടു് | അഭിമന്യേത | തന്റെറതെന്നു |
| ജഠരം | സ്വന്തം വയറു് | | കരുതുന്നുവോ, |
| ഭ്രിയേത | പിഴപ്പിക്കാമോ | സഃ സ്തേനഃ | അവൻ കള്ളനാണു്; |
| താവത് | അത്രയും ധനത്തിലേ | ദണ്ഡം | (ആകയാൽ) ശിക്ഷയെ |
| സ്വത്വം ഹി | സ്വാധികാരമുള്ളു. | അർഹതി | അർഹിക്കുന്നു. |
| യഃ | ഏതൊരുവൻ | | |

ആകയാൽ സ്വന്തം ഗൃഹത്തിലോ കൃഷിഭൂമിയിലോ ഭക്ഷണാത്ഥം വന്നുചേരുന്ന ജീവികളോടു നിർദ്ദയമായി പെരുമാറുന്നതു ഗൃഹസ്ഥധർമ്മമല്ലെന്നു് അനുസ്മരിപ്പിക്കുന്നു

9. മൃഗോഷ്ട്രഖരമർക്കാഖുസരീസൃപ്ഖഗമക്ഷികാഃ
ആത്മനഃ പുത്രവത് പശ്യേത് തൈരേഷാമന്തരം കിയത്

| | | | |
|---|---|---|---|
| മൃഗോഷ്ട്ര— | മാൻ, ഒട്ടകം, | പുത്രവത് | മക്കളെപ്പോലെ |
| ഖരമർക്കാഖു— | കഴുത, കുരങ്ങു്, എലി, | പശ്യേത് | കാണണം. |
| സരീസൃപ്— | ഇഴജന്തുക്കൾ. | ഏഷാം | ഇവകൾക്കു് |
| ഖഗമക്ഷികാഃ | പക്ഷികൾ, ഈച്ചകൾ | തൈഃ | അവരോടു് |
| | എന്നിവയെ | അന്തരം | അന്യോന്യഭേദം |
| ആത്മനഃ | തന്റെറ | കിയത് | എത്രമാത്രമുണ്ടു്? |

10. ത്രിവർഗ്ഗം നാതികൃച്ഛ്രേണ ഭജേത ഗൃഹമേധ്യപി
യഥാദേശം യഥാകാലം യാവദ് ദൈവോപപാദിതം.

| | | | |
|---|---|---|---|
| ഗൃഹമേധീ അപി | ഗൃഹസ്ഥാശ്രമിയായിട്ടു് ഇരിക്കുന്നവനും | അതി— കൃച്ഛ്രേണ | അധികം പ്രയാസത്തോടെ നേടിയുണ്ടാക്കി |

| | | | |
|---|---|---|---|
| ദേവർഷേ | അല്ലയോ ദേവർഷേ ! | അഞ്ജസാ | അനായാസേന |
| ഗൃഹമൂഢധീഃ | ഗൃഹാസക്ത ചിത്തനായി | ഏതാം | ഇപ്പറഞ്ഞ |
| മാദൃശഃ | എന്നെപ്പോലെയുള്ള | പദവീം | മോക്ഷമാർഗ്ഗത്തെ |
| ഗൃഹസ്ഥഃ ച | ഗൃഹസ്ഥാശ്രമിയും കൂടി | യാതി | പ്രാപിക്കുന്നുവോ, |
| യേന | യാതൊരു പ്രകാരമായ | | (ആ പ്രകാരത്തെ) |
| വിധിനാ | ധർമ്മാനുഷ്ഠാനത്താൽ | ബ്രൂഹി | ചൊല്ലിത്തന്നാലും |

നാരദ ഉവാച = ശ്രീ നാരദൻ പറഞ്ഞു—

**2.** **ഗൃഹേഷ്വവസ്ഥിതോ രാജൻ ക്രിയാഃ കുർവൻ ഗൃഹോചിതാഃ**
**വാസുദേവാർപ്പണം സാക്ഷാദുപാസീത മഹാ മുനീൻ**

| | | | |
|---|---|---|---|
| രാജൻ | ധർമ്മപുത്രരാജാവേ! | സാക്ഷാത് | വിധിയാംവണ്ണം |
| ഗൃഹേഷു | ഗൃഹസ്ഥാശ്രമത്തിൽ | വാസുദേവാർപ്പണം | 'സർവം കൃഷ്ണാർപ്പണംഭവതു' എന്ന സങ്കല്പത്തോടേ |
| അവസ്ഥിതഃ | ഇരിക്കുന്നവൻ | | |
| ഗൃഹോചിതാഃ | ഗൃഹസ്ഥവൃത്തിക്ക് ഉചിതങ്ങളായ | കുർവൻ | നിർവ്വഹിച്ചുകൊണ്ടു |
| | | മഹാമുനീൻ | മഹാന്മാരായ മുനിമാരെ |
| ക്രിയാഃ | കർമ്മങ്ങളെ | ഉപാസീത | ഉപാസിക്കണം. |

**3.** **ശൃണ്വൻ ഭഗവതോഽഭീക്ഷ്ണമവതാരകഥാമൃതം**
**ശ്രദ്ദധാനോ യഥാകാലമുപശാന്തജനാവൃതഃ**

| | | | |
|---|---|---|---|
| യഥാകാലം | അവസരം കിട്ടുന്നപോലെ | ശൃണ്വൻ | കേട്ടുകൊണ്ടു് |
| ഭഗവതഃ | ശ്രീഹരിയുടെ | ഉപശാന്ത-ജനാവൃതഃ | വിരക്തന്മാരായ സജ്ജനങ്ങളാൽസമാവൃതനായിട്ട് |
| അവതാര-കഥാമൃതം | അമൃതോപമങ്ങളായ അവതാര കഥകളെ | (വർത്തേത) | വർത്തിച്ചുകൊള്ളണം |
| ശ്രദ്ദധാനഃ | ശ്രദ്ധായുക്തനായി | | |

**4.** **സത്സംഗാച്ഛനകൈഃ സംഗമാത്മജായാത്മജാദിഷു**
**വിമുച്യേന്മുച്യമാനേഷു സ്വയം സ്വപ്നവദുത്ഥിതഃ**

| | | | |
|---|---|---|---|
| സത്സംഗാത് | സജ്ജനസമ്പർക്കത്താൽ | സംഗം | ആസക്തിയെ |
| ശനകൈഃ | മെല്ലെ, ക്രമത്തിൽ | ഉത്ഥിതഃ | ഉണർന്നെഴുന്നേററവൻ |
| സ്വയം | തന്നെത്താൻ | സ്വപ്നവത് | സ്വപ്നാനുഭവത്തെ എന്നപോലെ |
| മുച്യമാനേഷു | ഒരിക്കൽ പിരിയപ്പെടേണ്ടുന്ന | | |
| ആത്മജായാ-ത്മജാദിഷു | ശരീരം, ഭാര്യ, മക്കൾ മുതലായവയിലുള്ള | വിമുച്യേത് | വിട്ടുകളയണം. |

| | | | |
|---|---|---|---|
| തദീയരതിഃ | ആ ശരീരത്തിന്റെ രതി സുഖത്തിനു് ആസ്പദമായ | | പ്പോലും ആവരണം ചെയ്യുന്ന |
| ഭാര്യാ ക്വ | ഭാര്യയെവിടെ | അയം ആത്മാ | ഈ ആത്മാവ് |
| നഭശ്ഛദി: | അനന്തമായ ആകാശത്തെ | ക്വ | എവിടെ ? |

**14.** **സിദ്ധൈർയജ്ഞാവശിഷ്ടാർത്ഥൈഃ കല്പയേദ് വൃത്തിമാത്മനഃ**
**ശേഷേ സ്വത്വം ത്യജൻ പ്രാജ്ഞഃ പദവീം മഹതാമിയാത്.**

| | | | |
|---|---|---|---|
| സിദ്ധൈഃ | ഈശ്വരസങ്കല്പത്താൽ ലഭിച്ചവയും | ശേഷേ | പിന്നെ അവശേഷിച്ചതിൽ |
| യജ്ഞാവശിഷ്ടാർത്ഥൈഃ | പഞ്ചയജ്ഞങ്ങൾ അനുഷ്ഠിച്ചതിൽപ്പിന്നെ അവശേഷിച്ചവയുമായ | സ്വത്വം | തന്റേതെന്ന തോന്നലിനെ |
| | | ത്യജൻ | വിട്ടുകളയുന്ന |
| | | പ്രാജ്ഞഃ | ബുദ്ധിമാൻ |
| അർത്ഥൈഃ | പദാർത്ഥങ്ങൾകൊണ്ടു് | മഹതാം | കർമ്മനിവൃത്തന്മാരായ മഹാത്മാക്കളുടെ |
| ആത്മനഃ | തന്റെ | | |
| വൃത്തിം | ജീവിതവൃത്തിയെ | പദവീം | പദവിയിലേക്ക് |
| കല്പയേത് | നിർവ്വഹിക്കണം | ഇയാത് | എത്തിച്ചേരും. |

പഞ്ചയജ്ഞങ്ങളെത്തന്നെ വിവരിച്ചു പറയുന്നു.

**15.** **ദേവാനൃഷീൻ നൃഭൂതാനി പിതൄനാത്മാനമന്വഹം**
**സ്വവൃത്ത്യാഗതവിത്തേന യജേത പുരുഷം പൃഥക്.**

| | | | |
|---|---|---|---|
| ദേവാൻ | ദേവന്മാരെയും, | സ്വവൃത്ത്യാഗതവിത്തേന | തനിക്കു വിഹിതമായ പ്രവൃത്തിയിലൂടെ സംപ്രാപ്തമായ സമ്പത്തിനാൽ |
| ഋഷീൻ | ഋഷിമാരെയും, | | |
| നൃഭൂതാനി | മനുഷ്യരെയും, ഭൂതങ്ങളെയും, | അന്വഹം | പ്രതിദിനം |
| | | പൃഥക് | വെവ്വേറെയായിട്ടു് |
| പിതൄൻ | പിതൃക്കളെയും | പുരുഷം | അവരിലെല്ലാം അടങ്ങിയിരിക്കുന്ന സർവ്വേശ്വരനെ |
| ആത്മാനം | തന്റെ ആത്മാവിനെയും | യജേത | ആരാധിക്കാവുന്നതാണ്. |

ഹോമം, സ്വാധ്യായം, അതിഥിഭോജനം, ഭൂതബലി, തർപ്പണം എന്നീ അനുഷ്ഠാനങ്ങളാൽ ദേവന്മാർ, ഋഷികൾ, മനുഷ്യർ, മനുഷ്യേതര പ്രാണികൾ, പിതൃഗണങ്ങൾ എന്നീ പഞ്ചയജ്ഞദേവതകളെ യജിക്കുക എന്നതാണ് ഗൃഹസ്ഥാശ്രമിയുടെ പഞ്ചമഹായജ്ഞങ്ങൾ. ഈ യജനം കഴിഞ്ഞശേഷം യജ്ഞശിഷ്ടത്താൽ ആത്മതൃപ്തി വരുത്തണം. ഇങ്ങനെ വേറെ വേറെ ചെയ്യുന്ന യജനത്താൽ—സമാരാധനയാൽ ചെയ്യുന്നതു സർവ്വാന്തര്യാമിയായ ഈശ്വരന്റെ സമാരാധനതന്നെയാണെന്നു സാരം.

16. യർഹ്യാത്മനോഽധികാരാദ്യാഃ സവ്വാഃ സ്യുർയജ്ഞസമ്പദഃ
വൈതാനികേന വിധിനാ അഗ്നിഹോത്രാദിനാ യജേത്.

| | | | |
|---|---|---|---|
| അധികാരാദ്യാഃ | യാഗം ചെയ്യുവാനുള്ള ആധികാരിത മുതലായ | വൈതാനികേന | ശ്രൗതകല്പസൂത്രങ്ങളിൽ നിർദ്ദിഷ്ടമായ |
| സവ്വാഃ | എല്ലാതരത്തിലുള്ള | വിധിനാ | വിധിയോടെ |
| യജ്ഞസമ്പദഃ | യജ്ഞവിഭവങ്ങളും | അഗ്നിഹോത്രാദിനാ | അഗ്നിഹോത്രം തുടങ്ങിയ യജ്ഞകർമ്മത്താൽ |
| ആത്മനഃ | തനിക്ക് | (പുരുഷം) | സർവ്വേശ്വരനെ |
| സ്യുഃ യർഹി | ഉണ്ടെങ്കിൽ | യജേത് | ആരാധിക്കണം. |

യജ്ഞങ്ങൾക്കുവേണ്ടി അതിനിർബന്ധം വേണ്ടതില്ലെന്ന് സകാരണം ഇനി ഉദ്ബോധിപ്പിക്കുന്നു.

17. ന ഹ്യഗ്നിമുഖതോഽയം ഭഗവാൻ സവ്വയജ്ഞഭുക്
ഇജ്യേത ഹവിഷാ രാജൻ യഥാ വിപ്രമുഖേ ഹുതൈഃ

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ ! | ഇജ്യേത | ആരാധിതനാകുന്നുവോ, |
| സവ്വയജ്ഞഭുക് | സമസ്തയജ്ഞങ്ങളുടെയും ഭോക്താവായ | (തഥാ) | അതുപ്രകാരം |
| ഭഗവാൻ | ശ്രീനാരായണൻ | സഃ വൈ | അവിടുന്ന് |
| യഥാ | ഏതുപ്രകാരം | അഗ്നിമുഖതഃ | അഗ്നിമുഖത്തിൽനിന്നുള്ള |
| വിപ്രമുഖേ | ബ്രാഹ്മണമുഖത്തിൽ | ഹവിഷാ | ഹവിസ്സിനാൽ |
| ഹുതൈഃ | സമർപ്പിക്കപ്പെട്ട ഭോജ്യവസ്തുക്കളാൽ | ന ഹി | ആകയില്ലല്ലോ. |

18. തസ്മാദ് ബ്രാഹ്മണദേവേഷു മർത്ത്യാദിഷു യഥാർഹതഃ
തൈസ്തൈഃ കാമൈര്യജസ്വൈനം ക്ഷേത്രജ്ഞം ബ്രാഹ്മണാനനും

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട് | ഏതം | ഈ ശ്രീഹരിയെ |
| ബ്രാഹ്മണദേവേഷു | ബ്രാഹ്മണരിലും ദേവന്മാരിലും | യഥാർഹതഃ | യോഗ്യതാനുസാരം |
| മർത്ത്യാദിഷു | മനുഷ്യർ മുതലായ സകല പ്രാണികളിലും | തൈഃ തൈഃ | അതാത് |
| ക്ഷേത്രജ്ഞം | ആത്മാവായി സ്ഥിതി ചെയ്യുന്ന | കാമൈഃ | കാമിതവസ്തുക്കൾകൊണ്ട് |
| | | യജസ്വ | ആരാധിച്ചാലും. |

19. കുര്യാദപരപക്ഷീയം മാസി പ്രൗഷ്ഠപദേ ദ്വിജഃ
ശ്രാദ്ധം പിത്രോർയഥാവിത്തം തദ്ബന്ധൂനാം ച വിത്തവാൻ

ദ്വിജഃ — ദ്വിജത്വമുള്ളവൻ
വിത്തവാൻ — ധനികനാണെങ്കിൽ
യഥാവിത്തം — ധനമുള്ളതനുസരിച്ച്
പിത്രോഃ — അന്തരിച്ച മാതാപിതാക്കൾക്ക്
തദ്—ബന്ധൂനാം ച — അവരോട് ബന്ധപ്പെട്ട വർഗ്ഗദ്വയ പിതൃഗണങ്ങൾക്കും
പ്രൗഷ്ഠപദേ മാസി — ഭാദ്രപദ (കന്നി) മാസത്തിൽ
ആപര—പക്ഷീയം — കൃഷ്ണപക്ഷത്തിൽ നിർവ്വഹിക്കേണ്ടുന്ന
ശ്രാദ്ധം — മഹാളയ ശ്രാദ്ധം
കുര്യാത് — ചെയ്തുകൊള്ളണം

20. **അയനേ വിഷുവേ കുര്യാത് വ്യതീപാതേ ദിനക്ഷയേ**
**ചന്ദ്രാദിത്യോപരാഗേ ച ദ്വാദശീശ്രവണേഷു ച**

അയനേ — അയനത്തിലും,
വിഷുവേ — വിഷുവത്തിലും,
വ്യതീപാതേ — വ്യതീപാതത്തിലും,
ദിനക്ഷയേ — ദിനക്ഷയത്തിലും,
ചന്ദ്രാദിത്യോ-പരാഗേ ച — ചന്ദ്രസൂര്യന്മാരുടെ ഗ്രഹണസമയത്തിലും,
ദ്വാദശീ ശ്രവണേഷു ച — ദ്വാദശിയോടുകൂടി തിരുവോണം നക്ഷത്രങ്ങൾ വരുന്ന ദിവസങ്ങളിലും
കുര്യാത് — ശ്രാദ്ധം, തർപ്പണം എന്നിവ ചെയ്യണം.

അയനേ—ദക്ഷിണായനം തുടങ്ങുന്ന കർക്കിടക സംക്രമത്തിലും, ഉത്തരായണം തുടങ്ങുന്ന മകരസംക്രമത്തിലും; വിഷുവേ—സൂര്യൻ ഭൂമധ്യരേഖയിലെത്തുന്ന മേഷസംക്രമത്തിലും, തുലാസംക്രമത്തിലും. വ്യതീപാതേ—വെളുത്തവാവും തിങ്കളാഴ്ചയും ഒത്തുചേരുന്ന വ്യതീപാതയോഗത്തിലും; ദിനക്ഷയേ—പക്ഷാന്തദിനമായ പഞ്ചദശിയുടെ അവസാനത്തിങ്കലും; ദ്വാദശീശ്രവണേഷു—ദ്വാദശിയോടുകൂടി തിരുവോണം മുതലുള്ള മൂന്നു നക്ഷത്രങ്ങളിൽ ഏതെങ്കിലും ഒന്നു ചേരുമ്പോഴും.

21. **തൃതീയായാം ശുക്ലപക്ഷേ നവമ്യാമഥ കാർത്തികേ**
**ചതസൃഷ്വപ്യഷ്ടകാസു ഹേമന്തേ ശിശിരേ തഥാ.**

അഥ — അതിനും പുറമേ
ശുക്ലപക്ഷേ — വൈശാഖ ശുക്ലപക്ഷത്തിൽ വരുന്ന
തൃതീയായാം — അക്ഷയതൃതീയയിലും,
കാർത്തികേ — കാർത്തികമാസത്തിലെ
നവമ്യാം — വെളുത്ത നവമിയിലും,
തഥാ — അപ്രകാരം
ഹേമന്തേ — ഹേമന്തത്തിലും
ശിശിരേ — ശിശിരത്തിലും വരുന്ന
ചതസൃഷു — നാല്
അഷ്ടകാസു—അപി — അഷ്ടകാകാലങ്ങളിലെ ദിവസങ്ങളിലും (ശ്രാദ്ധാദികൾ ചെയ്യണം)

ഹേമന്തേ ശിശിരേച തിസൃഷു അഷ്ടകാസു—ഹേമന്തം, ശിശിരം എന്നീ രണ്ടു ഋതുക്കളിലുമായിവരുന്ന മാർഗ്ഗശീർഷം, പുഷ്യം, മാഘം, ഫാൽഗുനം (സൗരമാസങ്ങൾ ഏകദേശം—ധനു, മകരം, കുംഭം, മീനം) എന്നീ ചാന്ദ്ര മാസങ്ങൾ ഓരോന്നിലും കറുത്ത പക്ഷത്തിലെ സപ്തമി, അഷ്ടമി, നവമി എന്നീ മൂന്നു തിഥികൾ അഷ്ടകാ കാലങ്ങളാണ്. ഇതിൽ പക്ഷാന്തരവും കാണാം.

**22.** **മാഘേ ച സിതസപ്തമ്യാം മഘാരാകാസമാഗമേ**
**രാകയാ സാനുമത്യാ വാ മാസർക്ഷാണി യുതാന്യപി.**

| | |
|---|---|
| മഘാരമേകാ സമാഗ | മകം നക്ഷത്രം സമ്പൂർണ്ണ ചന്ദ്രനോടുചേരുന്ന പൗർണ്ണമിനാളിലും |
| രാകയാ ച | സമ്പൂർണ്ണ പൗർണ്ണമിയോടെയോ |
| അനുമത്യാ വാ | ന്യൂനപൗർണ്ണമിയോടെയോ |
| മാസർക്ഷാണി | മാസനക്ഷത്രങ്ങൾ |
| യുതാനി | ഒത്തുചേർന്നിട്ട് |
| (യദാ സ്യുഃ തദഃ) | എപ്പോൾ ഉണ്ടാവുന്നുവോ, അപ്പോഴും (ശ്രാദ്ധാദിയാകാം) |

രാകാ—ചന്ദ്രൻ സകലകലാപൂർണ്ണനായി പ്രത്യക്ഷപ്പെടുന്ന പൗർണ്ണമി.

അനുമതി – ചന്ദ്രൻ ഏകകലാന്യൂനനായി പ്രത്യക്ഷപ്പെടുന്ന പൗർണ്ണമി.

''കലാഹീനേ സാനുമതിഃ പൂർണ്ണേ രാകാ നിശാകരേ'' എന്ന് അമരം.

മാസർക്ഷാണി – ചാന്ദ്രമാസങ്ങൾക്ക പേരിട്ടിരിക്കുന്നത് അതാത്തു മാസത്തിലെ പൗർണ്ണമി ഏതു നക്ഷത്രത്തോടു ചേരുന്നുവോ ആ നക്ഷത്രത്തിന്റെ പേരിനെ ആസ്പദിച്ചാണ്. ''പുഷ്യയുക്താ പൗർണ്ണമാസീ പൗഷീ മാസേ തു യത്ര സാ—നാമ്നാ സ പൗഷോ മാഘാദ്യാശ്ചൈവമേകാദശാപരേ'' എന്ന് അമരം. പൗർണ്ണമി പുഷ്യ (പൂയം) നക്ഷത്രത്തോടു ചേരുന്ന മാസം പൗഷവും, മഘാ (മകം) നക്ഷത്രത്തോടു ചേരുന്നമാസം മാഘവും, ഫല്ഗുനീ (ഉത്രം) നക്ഷത്രത്തോടു ചേരുന്ന മാസം ഫാല്ഗുനവുമാകുന്നു. ഇതുപോലെ ചൈത്രാദികളെയും കാൺക. എന്നാൽ ചിലപ്പോൾ ഗണിതവശാൽ സമ്പൂർണ്ണപൗർണ്ണമിയോ ന്യൂനപൌർണ്ണമിയോ പ്രസ്തുത നക്ഷത്രങ്ങളോട് ഒത്തുചേർന്നില്ലെന്നുവരും. സാമീപ്യയോഗമേ ഉണ്ടാവൂ. അത്തരം പൗർണ്ണമികളെ ഒഴിവാക്കി മാസനക്ഷത്രസംയോഗമുള്ളവയെ സ്വീകരിച്ച് പിതൃപ്രീതികരങ്ങളായ കർമ്മങ്ങൾ ചെയ്യണം.

**23.** **ദ്വാദശ്യാമനുരാധാസ്യാച്ഛ്രവണഃ തിസ്ര ഉത്തരാഃ**
**തിസൃഷ്വേകാദശീ വാഽസു ജന്മർക്ഷശ്രോണയോഗയുക്.**

| | |
|---|---|
| അനുരാധാ | അനിഴമോ, |
| ശ്രവണഃ | തിരുവോണമോ |
| ഉത്തരാഃ തിസ്രഃ | ഉത്രം—ഉത്രാടം—ഉത്രട്ടാതി മൂന്നു നക്ഷത്രങ്ങളിൽ ഒന്നോ |
| ദ്വാദശ്യാം | ദ്വാദശിയിൽ |
| (യദാ) സ്യാത് | വരുമ്പോഴും, |
| ആസു തിസൃഷു | ഈ മൂന്നു നക്ഷത്രങ്ങളിൽ ഏതെങ്കിലും ഒന്നിൽ |
| ഏകാദശീ വാ | ഏകാദശിയോ |
| (യദാ സ്യാത്) | വരുമ്പോഴും, |
| ജന്മർക്ഷ ശ്രോണയോഗയുക് | താൻ ജനിച്ച നക്ഷത്രമോ തിരുവോണമോ ചേർന്ന ദിവസം |
| (യദാ സ്യാത്) | ഉണ്ടാകുമ്പോഴും (ശ്രാദ്ധാദി പിതൃപ്രീതി കർമ്മങ്ങൾ ആകാം) |

മേൽപ്പറഞ്ഞ കാലങ്ങൾ ശ്രാദ്ധവിധാനങ്ങൾക്ക മാത്രമല്ല, മററു ധാർമ്മികകൃത്യങ്ങൾക്കുംകൂടിയുള്ളവയാണെന്ന് ഇനി രണ്ടു ശ്ലോകങ്ങൾകൊണ്ടു പറയുന്നു.

24. ത ഏതേ ശ്രേയസഃ കാലാ നൄണാം ശ്രേയോവിവർദ്ധനാഃ
കുര്യാത് സർവ്വാത്മനൈതേഷു ശ്രേയോഽമോഘം തദായുഷഃ

| | | | |
|---|---|---|---|
| ഏതേ | ഈ പറഞ്ഞ | ഏതേഷു | ഈ ദിവസങ്ങളിൽ |
| തേ കാലാഃ | ആ കാലങ്ങളും | സർവ്വാത്മനാ | എല്ലാ വിധത്തിലൂടെയും |
| ശ്രേയസഃ | മററു സൽക്കർമ്മത്തിന്നുള്ള വയും കൂടിയാണ് | ശ്രേയഃ | ശ്രേയസ്കരമായ കർമ്മം |
| | | കുര്യാത് | നിർവ്വഹിക്കണം |
| നൄണാം | മനുഷ്യർക്ക് | തത് | അതു് |
| ശ്രേയോ-വിവർദ്ധനാഃ | ശ്രേയസ്സിനെ വളർത്തുന്നവയുമാണ് | ആയുഷഃ | ആയുഷ്കാലത്തിന് |
| | | അമോഘം | സാഫല്യകരമാകുന്നു. |

25. ഏഷു സ്നാനം ജപോ ഹോമോ വ്രതം ദേവദ്വിജാർച്ചനം
പിതൃദേവനൃഭൂതേഭ്യോ യദ്ദത്തം തദ്ധ്യനശ്വരം.

| | | | |
|---|---|---|---|
| ഏഷു | ഈ പുണ്യകാലങ്ങളിൽ | പിതൃദേവ-നൃഭൂതേഭ്യഃ | പിതൃക്കൾക്കും, ദേവകൾക്കും, മനുഷ്യർക്കും, പക്ഷി മൃഗാദിജീവികൾക്കും |
| സ്നാനം | തീർത്ഥസ്നാനം, | | |
| ജപഃ | നാമജപം, | | |
| ഹോമഃ | ഹോമം, | യത് ദത്തം | എന്തുകൊടുക്കപ്പെട്ടുവോ, |
| വ്രതം | വ്രതാനുഷ്ഠാനം | തത് ഹി | അതെല്ലാം |
| ദേവദ്വിജാർച്ചനം കുര്യാത് | ദേവന്മാരുടേയും ബ്രാഹ്മണരുടേയും സമാരാധന എന്നിവ ചെയ്യണം | അനശ്വരം | ശാശ്വതഫലപ്രദമാണ്. |

26. സംസ്കാരകാലോ ജായായാ അപത്യസ്യാത്മനസ്തഥാ
പ്രേതസംസ്ഥാ മൃതാഹശ്ച കർമ്മണ്യഭ്യുദയേ നൃപ.

| | | | |
|---|---|---|---|
| നൃപ | രാജാവേ! | മൃതാഹഃ ച | മരിച്ച ദിവസവും (വാർഷിക ശ്രാദ്ധം) |
| ജായായാഃ | ഭാര്യയുടെ പുംസവനാദിയും | | |
| അപത്യസ്യ | പുത്രന്റെ ജാതകർമ്മാദിയും | (യദാ സ്യാത്) | വന്നുചേരുമ്പോൾ; |
| ആത്മനഃ | തന്റെ യജ്ഞദീക്ഷാദിയും ആയുള്ള | അഥ | അതിനും പുറമെ |
| | | അഭ്യുദയേ | അഭ്യുദയത്തെ നിമിത്തീകരിച്ചുള്ള |
| സംസ്കാര കാലഃ | വൈദികച്ചടങ്ങുകളുടെ സന്ദർഭവും | കർമ്മണി | ഏതു കർമ്മം നടത്തുമ്പോഴും |
| പ്രേത സംസ്ഥാ | ശവദാഹകർമ്മവും | ശ്രേയഃ | ശ്രേയസ്കരമായതു് |
| | | കുര്യാത് | ചെയ്യണം. |

27. അഥ ദേശാൻ പ്രവക്ഷ്യാമി ധർമ്മാദിശ്രേയ ആവഹാൻ
സ വൈ പുണ്യതമോ ദേശഃ സത്പാത്രം യത്ര ലഭ്യതേ.

| | | | |
|---|---|---|---|
| അഥ | ഇനിമേൽ | യത്ര | യാതൊരിടത്ത് |
| ധർമ്മാദി ശ്രേയഃ | ധാർമ്മിക കൃത്യങ്ങൾക്കും മററും ശ്രേയസ്സിനെ | സത്പാത്രം | ഉത്തമമായ പാത്രം |
| | | ലഭ്യതേ | ലഭിക്കപ്പെടുന്നുവോ, |
| ആവഹാൻ | ഉളവാക്കിത്തരുന്ന | സഃ വൈ | അതുതന്നെയാണ് |
| ദേശാൻ | സ്ഥലങ്ങളെ | പുണ്യതമഃ | അധികം പുണ്യമുള്ള |
| പ്രവക്ഷ്യാമി | പറഞ്ഞുതരാം | ദേശഃ | സ്ഥലം. |

**28.** **ബിംബം ഭഗവതോ യത്ര സർവ്വമേതച്ചരാചരം**
**യത്ര ഹ ബ്രാഹ്മണകുലം തപോവിദ്യാദയാന്വിതം.**

**29.** **യത്ര യത്ര ഹരേരർച്ചാ സ ദേശഃ ശ്രേയസാം പദം**
**യത്ര ഗംഗാദയോ നദ്യഃ പുരാണേഷു ച വിശ്രുതാഃ.**

| | | | |
|---|---|---|---|
| യത്ര | യാതൊരുവനിൽ | ഹരേഃ | ശ്രീഹരിയുടെ |
| ഏതത് | ഇക്കാണുന്ന | അർച്ചാ | അർച്ചനയ്ക്കുള്ള സാളഗ്രാമാദി |
| ചരാചരം | ചരാചരജഗത്ത് | | |
| സർവ്വം | മുഴുവനും സ്ഥിതിചെയ്യുന്നുവോ | യത്ര | യാതൊരുസ്ഥലത്തു ലഭ്യമാകുന്നുവോ, |
| ഭഗവതഃ | ആ ഭഗവാന്റെ | പുരാണേഷു | പുരാണങ്ങളിൽ |
| ബിംബം | രൂപം (സൽപാത്രമായിട്ട്) | വിശ്രുതാഃ | വിഖ്യാതങ്ങളായുള്ള |
| യത്ര (ലഭ്യതേ) | യാതൊരു സ്ഥലത്തു ലഭ്യമാകുന്നുവോ, | ഗംഗാദ്യാഃ | ഗംഗാദികളായ |
| | | നദ്യഃ ച | നദികളും |
| തപോവിദ്യാദയാന്വിതം | തപസ്സും ജ്ഞാനവും കരുണയും കലർന്ന | യത്ര | യാതൊരു സ്ഥലത്തു ലഭ്യങ്ങളാകുന്നുവോ, |
| ബ്രാഹ്മണ കുലം | ബ്രാഹ്മണസമൂഹം | സഃ ദേശഃ | ആ സ്ഥലം |
| യത്ര ഹ | യാതൊരു സ്ഥലത്തു ലഭ്യമാകുന്നുവോ, | ശ്രേയസാം | ശ്രേയസ്സുകളുടെ |
| | | പദം | സങ്കേതമാകുന്ന |

**30.** **സരാംസി പുഷ്കരാദീനി ക്ഷേത്രാണ്യർഹാശ്രിതാന്യുത**
**കുരുക്ഷേത്രം ഗയശിരഃ പ്രയാഗഃ പുലഹാശ്രമഃ**

**31.** **നൈമിഷം ഫാല്ഗുനം സേതുഃ പ്രഭാസോഽഥ കുശസ്ഥലീ**
**വാരാണസീ മധുപുരീ പമ്പാ ബിന്ദുസരസ്തഥാ**

**32.** **നാരായണാശ്രമോ നന്ദാ സീതാരാമാശ്രമാദയഃ**
**സർവ്വേ കുലാചലാ രാജൻ മഹേന്ദ്ര മലയാദയഃ**
**ഏതേ പുണ്യതമാ ദേശാ ഹരേരർച്ചാശ്രിതാശ്ചയേ.**

| | | | |
|---|---|---|---|
| ഉത | അതിനു പുറമെ | തഥാ | അതുപോലെ |
| പുഷ്കരാദീനി | പുഷ്കരം മുതലായ | നാരായണാ ശ്രമഃ | ബദരികാശ്രമം, |
| സരാംസി | സരോവരങ്ങളും, | നന്ദാ | അളകനന്ദാ നദീതടം, |
| അഹ്ശ്രിതാനി | മഹാത്മാക്കളാൽ ആവിസ ക്കപ്പെടുന്ന | സീതാരാമാ ശ്രമാദയഃ | സീതയും ശ്രീരാമനും വിയോഗാവസ്ഥയിൽ വസിച്ചിരുന്ന ആശ്രമാദികളും, എന്നിവയും |
| ക്ഷേത്രാണി | ഭൂഭാഗങ്ങളും, | മഹേന്ദ്ര— മലയാദയഃ | മഹേന്ദ്രം മലയം എന്നു തുടങ്ങിയ |
| ഗയശിരഃ | ഗയ, | സർവ്വേ | എല്ലാ |
| പ്രയാഗഃ | പ്രയാഗ, | കുലാചലാഃ | കുലപർവ്വതങ്ങളും |
| പുലഹാശ്രമഃ | പുലഹാശ്രമം, (സാളഗ്രാമക്ഷേത്രം) | ഹരേഃ | മഹാവിഷ്ണുവിന്റെ |
| നൈമിഷം | നൈമിഷാരണ്യം, | അർച്ചാശ്രിതാഃ | സ്ഥിരവിഗ്രഹങ്ങളുടെ പ്രതിഷ്ഠയ്ക്കു ആശ്രയഭൂതങ്ങളായ |
| ഫാല്ഗുനം | ഫാല്ഗുനക്ഷേത്രം, | ദേശാഃ | പ്രദേശങ്ങളും |
| സേതുഃ | രാമസേതു (രമേശ്വരം) | യേ | യാവചിലവയാണോ |
| പ്രഭാസഃ | പ്രഭാസതീർത്ഥം, | ഏതേ ച | ഇവയും |
| അഥ | പിന്നെ | രാജൻ | അല്ലയോ രാജൻ! |
| കുശസ്ഥലീ | ദ്വാരക, | പുണ്യതമാഃ | അതിപാവനങ്ങളാകുന്നു. |
| വാരാണസീ | ശ്രീകാശി, | | |
| മധുപുരീ | മധുര, | | |
| പമ്പാ | പമ്പാതീരം, | | |
| ബിന്ദുസരഃ | ബിന്ദുസരസ്സ്, | | |

**33. ഏതാൻ ദേശാൻ നിഷേവേത ശ്രേയസ്കാമോ ഹ്യഭീക്ഷ്ണശഃ**
**ധർമ്മോ ഹ്യത്രേഹിതഃ പുംസാം സഹസ്രാധിഫലോദയഃ.**

| | | | |
|---|---|---|---|
| ശ്രേയസ്കാമഃ | ശ്രേയസ്സിനെ ആഗ്രഹിക്കുന്നവൻ | അത്ര | ഇവിടങ്ങളിൽ |
| ഏതാൻ | ഇപ്പറഞ്ഞ | ഈഹിതഃ | അനുഷ്ഠിക്കപ്പെട്ട |
| ദേശാൻ ഹി | പ്രദേശങ്ങളെയെല്ലാം | ധർമ്മഃ | പുണ്യകർമ്മം |
| അഭീക്ഷ്ണശഃ | അടിക്കടി | നൃണാം | മനുഷ്യർക്ക് |
| നിഷേവേത | സമാശ്രയിക്കണം | സഹസ്രാധി- ഫലോദയഃ | ആയിരം മടങ്ങിലേറെ ഫലസിദ്ധിയുണ്ടാക്കുന്നതാണ്. |
| ഹി | എന്തെന്നാൽ | | |

കർമ്മാർപ്പണത്തിന്നർഹമായ സത്പാത്രത്തെപ്പററി ഇനി നിരൂപണം ചെയ്യുന്നു.

**34. പാത്രം ത്വത്ര നിരുക്തം വൈ കവിഭിഃ പാത്രവിത്തമൈഃ**
**ഹരിരേവൈക ഉർവീശ യന്മയം വൈ ചരാചരം.**

| | | | |
|---|---|---|---|
| ഉർവീശ | ഹേ മന്നവ! | ഏകഃ ഏവ | ഒരുവൻമാത്രമേ |
| പാത്ര–വിത്തമൈഃ | സൽപാത്രനിർണ്ണയം ചെയ്‌വാൻ നല്ലപരിജ്ഞാനമുള്ള | പാത്രം | സൽപാത്രമായിട്ട് |
| കവിഭിഃ | അഭിജ്ഞന്മാരാൽ | നിരുക്തം വൈ | നിർവ്വചിക്കപ്പെട്ടിട്ടുള്ള |
| അത്ര തു | ഈ കർമ്മമാർഗ്ഗത്തിൽ | (യത്) | എന്തെന്നാൽ |
| ഹരിഃ | ശ്രീഹരി | ചരാചരം | സ്ഥാവരജംഗമജഗത്ത് |
| | | തന്മയം വൈ | തൽസ്വരൂപമാണല്ലോ. |

35. ദേവർഷ്യർഹത്സു വൈ സത്സു തത്ര ബ്രഹ്മാത്മജാദിഷു
രാജൻ യദഗ്രപൂജായാം മതഃ പാത്രതയാച്യുതഃ.

| | | | |
|---|---|---|---|
| രജൻ | ധർമ്മപുത്രരാജാവേ ! | സത്സു | സന്നിഹിതരായിരിക്കെ |
| തത്ര | അവിടെ, രാജസൂയത്തിൽ | യത് | യാതൊന്നു ഹേതുവായിട്ട് |
| ദേവർഷ്യ–ർഹത്സു | ദേവന്മാരും, ഋഷിമാരും, സംപൂജ്യരായുള്ള സിദ്ധന്മാരും | അഗ്രപൂജായാം | അഗ്രപൂജയിങ്കൽ |
| ബ്രഹ്മാത്മ–ജാദിഷു | ബ്രഹ്മപുത്രന്മാരായ സനകാദികളും മററും | പാത്രതയാ | പാത്രത്വേന (അർഹനെന്ന നിലയ്ക്കു്) |
| | | അച്യുതഃ | ശ്രീകൃഷ്ണ ഭഗവാൻ |
| | | മതഃ | സമ്മതനായി |

രാജസൂയത്തിൽ അഗ്രപൂജയ്ക്കു ശ്രീകൃഷ്ണൻ സർവ്വസമ്മതനാകാനുള്ള കാരണം ഇനി വ്യക്തമാക്കുന്നു.

36. ജീവരാശിഭിരാകീർണ്ണ അണ്ഡകോശാങ്ഘ്രിപോ മഹാൻ
തന്മൂലത്വാദച്യുതേജ്യാ സർവ്വജീവാത്മതർപ്പണം

| | | | |
|---|---|---|---|
| ജീവരാശിഭിഃ | ജീവരാശികളാൽ | തന്മൂലത്വാത് | അതിൻെറ നാരായവേരായിട്ട് നില്ക്കുന്നതിനാൽ |
| ആകീർണ്ണഃ | അഭിവ്യാപ്തമായി | | |
| (യഃ) | യാതൊരു | അച്യുതേജ്യാ | ശ്രീകൃഷ്ണനുള്ള പൂജ |
| മഹാൻ | ബൃഹദാകാരമായുള്ള | സർവ്വജീവാ–ത്മതർപ്പണം | സകലജീവന്മാർക്കും തനിക്കും തൃപ്തികരമായി ഭവിക്കുന്നു. |
| അണ്ഡ–കോശാങ്–ഘ്രിപഃ | ബ്രഹ്മാണ്ഡകടാഹമെന്ന വൃക്ഷമുണ്ടോ, | | |

കൃഷ്ണൻെറ സർവ്വാത്മകതയെ ''പുരുഷ'' ശബ്ദത്തിൻെറ നിർവ്വചനംകൊണ്ടു ദൃഢീകരിക്കുന്നു —

37. പുരാണ്യനേന സൃഷ്ടാനി നൃതിര്യഗൃഷിദേവതാഃ
ശേതേ ജീവേന രൂപേണ പുരേഷു പുരുഷോ ഹ്യസൗ

| | | | |
|---|---|---|---|
| അനേന | ഈ ശ്രീകൃഷ്ണ പരമാത്മാവിനാൽ | അസൗ | ഈ ശ്രീകൃഷ്ണപരമാത്മാവ് |
| നൃതിര്യഗൃഷി-ദേവതാഃ | മനുഷ്യർ, പക്ഷിമൃഗാദികൾ, ഋഷിമാർ, ദേവന്മാർ എന്നീ ആകൃതിയിലുള്ള | ജീവേന | ജീവനെന്ന |
| | | രൂപേണ | രൂപത്തോടെ |
| | | പുരേഷു | ആ പുരങ്ങളിൽ |
| | | ശേതേ | ശയിക്കുകയും ചെയ്യുന്നു. |
| | | ഹി | ആകയാൽ |
| പുരാണി | പുരങ്ങൾ (ദേഹങ്ങൾ) | പുരുഷഃ | 'പുരുഷൻ' (പുരി ശേതേ) |
| സൃഷ്ടാനി | സൃഷ്ടിക്കപ്പെട്ടു. | | എന്ന അഭിധാനമുണ്ടായി. |

**38.** **തേഷ്വേഷു ഭഗവാൻ രാജൻ താരതമ്യേന വർത്തതേ**
**തസ്മാത് പാത്രം ഹി പുരുഷോ യാവാനാത്മാ യഥേയതേ**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | പാത്രം ഹി | സൽപാത്രമാണെന്നതു നിശ്ചയം. |
| തേഷു ഏഷു | ആ ഇവരിലെല്ലാം | | |
| ഭഗവാൻ | വിശ്വാത്മാവായ ശ്രീഹരി | (തത്രാപി) | അതിലും വിശേഷിച്ച് |
| താരതമ്യേന | ന്യൂനാധികഭാവത്തോടെ | ആത്മാ | ആത്മാവ് (ജ്ഞാനാംശം) |
| വർത്തതേ | വർത്തിക്കുന്നു. | യാവാൻ | എത്രത്തോളമായിട്ട് |
| തസ്മാത് | അതിനാൽ | യഥാ | ഏതുപ്രകാരം |
| പുരുഷഃ | മനുഷ്യാത്മാവ് | ഈയതേ | സ്ഫുരിക്കുന്നുവോ |
| | | (തഥാ) | അതുപ്രകാരമാണ്. |

അഖണ്ഡവിജ്ഞാനമയനായ ഭഗവാൻ എല്ലാ ചരാചരപ്രാണികളിലും അന്തര്യാമിയായി വർത്തിക്കുന്നുവെങ്കിലും ഉപാധിഭേദംകൊണ്ട് ആ ആത്മസ്വരൂപത്തിന്റെ സ്ഫുരണത്തിനു താരതമ്യം (ഏറ്റക്കുറച്ചൽ) വരാവുന്നതാണ്. അതിനാൽ തിര്യക്കുകളെ അപേക്ഷിച്ച് ജ്ഞാനാംശം (വിശേഷബുദ്ധി) അധികം സ്ഫുരിക്കുന്ന മനുഷ്യൻ സൽപാത്രമാകുന്നു. മനുഷ്യരിൽത്തന്നെ തപോയോഗാദി സാധനകളാൽ ജ്ഞാനാംശത്തിന്ന് അതിസ്ഫുരണം എത്ര കണ്ടുണ്ടാവുന്നുവോ, അത്രകണ്ടു അവർ സൽപാത്രങ്ങളായിത്തീരുന്നു.

അങ്ങനെ ജ്ഞാനാംശം, അഥവാ ആത്മാംശം, അഥവാ ഈശ്വരാംശം ഉൾകൊണ്ടിരിക്കുന്ന സചേതനചരാചരങ്ങളെല്ലാം താരതമ്യേന ഈശ്വര സങ്കല്പത്തോടെ ആരാധിക്കുവാൻ പാത്രീഭവിച്ചവയാണെന്നു സിദ്ധമായി. അപ്പോൾ വിഗ്രഹാരാധനയ്ക്കു് അടിസ്ഥാനമെന്തിരിക്കുന്നു.? — ഈ ആശങ്കയെ താഴെ രണ്ടു ശ്ലോകം കൊണ്ടു പരിഹരിക്കുന്നു—

**39.** **ദൃഷ്ട്വാ തേഷാം മിഥോ നൃണാമവജ്ഞാനാത്മതാം നൃപ**
**ത്രേതാദിഷു ഹരേരർച്ചാ ക്രിയായൈ കവിഭിഃ കൃതാ**

| | | | |
|---|---|---|---|
| നൃപ | ഹേ നരപതേ! | തേഷാം നൃണാം | ആ മനുഷ്യർക്കിടയിൽ |
| ത്രേതാദിഷു | ത്രേതാദിയുഗങ്ങളിൽ | മിഥഃ | അന്യോന്യം |

| | | | |
|---|---|---|---|
| അവജ്ഞാനാ-ത്മതാം | തിരസ്കാരമനോഭാവം വന്നകപ്പെട്ടതു് | ക്രിയായൈ | പൂജാകർമ്മത്തിനുവേണ്ടി |
| ദൃഷ്ട്വാ | കണ്ടിട്ട് | അർച്ചാ | സാളഗ്രാമാദി പ്രതിമ |
| കവിഭിഃ | ക്രാന്തദർശികളായ മാമുനിമാരാൽ | കൃതാ | ഏർപ്പെടുത്തപ്പെട്ടു. |

**40.** **തതോഽർച്ചായാം ഹരിം കേചിത് സംശ്രദ്ധായ സപര്യയാ**
**ഉപാസത ഉപാസ്താപി നാർത്ഥദാ പുരുഷദ്വിഷാം**

| | | | |
|---|---|---|---|
| തതഃ | അതിനാൽ | ഉപാസതേ | ഉപാസിച്ചു വരുന്നു. |
| കേചിത് | ചിലർ | ഉപാസ്താ അപി | ഇങ്ങനെ ഉപാസിക്കപ്പെട്ടതായാലും കൂടി ആ പ്രതിമ |
| അർച്ചായാം | പ്രതിമയിൽ | | |
| സംശ്രദ്ധായ | ആസ്തിക്യ ബുദ്ധിയർപ്പിച്ചു് | പുരുഷ-ദ്വിഷാം | മനുഷ്യദ്വേഷികൾക്കു് |
| സപര്യയാ | പൂജാകർമ്മത്താൽ | | |
| ഹരിം | ശ്രീഹരിയെ | ന അർത്ഥദാ | പുരുഷാർത്ഥപ്രദമാകയില്ല. |

ആദിയുഗത്തിൽ വിഗ്രഹപൂജയുണ്ടായിരുന്നില്ല. മനുഷ്യർ സഹജാതരെത്തന്നെ ഈശ്വരാർപ്പണബുദ്ധ്യാ ആരാധിച്ചുവന്നു. ത്രേതായുഗത്തിന്റെ ആരംഭത്തോടുകൂടി കാല പ്രചോദനത്താൽ മനുഷ്യർക്കിടയിൽ അന്യോന്യം തിരസ്കാര മനോഭാവം വളർന്നു വരികയാൽ സഹജീവികളിലൂടെയുള്ള ഈശ്വരാരാധനയ്ക്കു ഭംഗം നേരിട്ടു. ഇതുകണ്ടപ്പോൾ ഋഷീശ്വരന്മാർ ഈശ്വരാരാധനയ്ക്കു് പ്രതിമകൾ ഏർപ്പെടുത്തി. പ്രതികരണശൂന്യങ്ങളായ പ്രതിമകളോടു് ആർക്കും സ്പർദ്ധാബുദ്ധിയുണ്ടാകയില്ലല്ലോ. മന്ദാധികാരികൾക്കു് ഇതു് പ്രയോജനം ചെയ്യും. പക്ഷേ മാനുഷ ദ്വേഷികൾക്കു് ഒരു പുരുഷാർത്ഥവും ഇതു കൊണ്ടു നേടുവാനാകയില്ല.

മനുഷ്യരിൽത്തന്നെ ജന്മകർമ്മാദി വൈശിഷ്ട്യമുള്ളവർക്കാണു് ശ്രേഷ്ഠത്വമുള്ളതെന്നും ഇനി ആവർത്തിച്ചുറപ്പിക്കുന്നു—

**41** **പുരുഷേഷ്വപി രാജേന്ദ്ര സുപാത്രം ബ്രാഹ്മണം വിദുഃ**
**തപസാ വിദ്യയാ തുഷ്ട്യാ ധത്തേ വേദം ഹരേസ്തനും**

| | | | |
|---|---|---|---|
| രാജേന്ദ്ര | ഹേ രാജശ്രേഷ്ഠ ! | വിദ്യയാ | വിദ്യകൊണ്ടും |
| പുരുഷേഷു അപി | മനുഷ്യരുടെ ഇടയിൽ കൂടിയും | തുഷ്ട്യാ | മനഃസന്തുഷ്ടികൊണ്ടും |
| | | ഹരേഃ | ശ്രീഹരിയുടെ |
| ബ്രാഹ്മണം | ബ്രാഹ്മണനെ | തനും | ശരീരമായ |
| സുപാത്രം | സൽപാത്രമായിട്ടു് | വേദം | വേദത്തെ |
| വിദുഃ | അറിയുന്നു. | ധത്തേ | (ബ്രാഹ്മണൻ) ധരിക്കുന്നു. |
| തപസാ | തപസ്സുകൊണ്ടും | | |

42. **നനാസ്യബ്രാഹ്മണാ രാജൻ കൃഷ്ണസ്യ ജഗദാത്മനഃ**
**പുനന്തഃ പാദരജസാ ത്രിലോകീം ദൈവതം മഹത്**

| | | | |
|---|---|---|---|
| രാജൻ | ഹേയുധിഷ്ഠിര ! | ജഗദാത്മനഃ | വിശ്വസ്വരൂപനായ |
| ത്രിലോകീം | മൂന്നുലോകത്തെയും | അസ്യ കൃഷ്ണസ്യ | ഈ കൃഷ്ണന് |
| പാദരജസാ | പാദപാംസുവാൽ | | |
| പുനന്തഃ | ശുദ്ധീകരിക്കുന്ന | മഹത് | സർവ്വോത്തമമായ |
| ബ്രാഹ്മണാഃ | ബ്രാഹ്മണന്മാർ | ദൈവതം നനു | ഇഷ്ടദൈവമല്ലേ ? |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ
സദാചാരനിർണ്ണയേ ചതുർദശോऽധ്യായഃ.
ആദിതഃ ശ്ലോകാഃ 670
സപ്തമസ്കന്ധത്തിൽ പതിനാലാം അദ്ധ്യായം കഴിഞ്ഞു.

# *പഞ്ചദശോऽധ്യായഃ — അധ്യായം പതിനഞ്ച്*

## മോക്ഷധർമ്മ നിരൂപണം

"തതഃ പഞ്ചദശേ സർവ്വവർണ്ണാശ്രമനിബന്ധനം
സാരതഃ സംഗ്രഹേണാഥ വർണ്യതേ മോക്ഷലക്ഷണം."

ഈ പതിനഞ്ചാമത്തെ അദ്ധ്യായത്തിൽ എല്ലാ വർണ്ണാശ്രമങ്ങൾക്കും ബാധകമായ മോക്ഷധർമ്മത്തെ ചുരുക്കി പ്രതിപാദിക്കുന്നു.

തുടക്കത്തിൽ ശ്രാദ്ധവിധാനത്തെ സംബന്ധിച്ച ചില പ്രത്യേക സംഗതികൾ പറയുന്നു.

നാരദ ഉവച = ശ്രീനാരദൻ പറഞ്ഞു.

1. **കർമ്മനിഷ്ഠാ ദ്വിജാഃ കേചിത് തപോനിഷ്ഠാ നൃപാപരേ**
**സ്വാധ്യായേऽന്യേ പ്രവചനേ യേ കേചിജ്ജ്ഞാനയോഗയോഃ.**

| | | | |
|---|---|---|---|
| നൃപ | ഹേ നരപതേ ! | ദ്വിജാഃ | ബ്രാഹ്മണർ |
| കേചിത് | ചില | കർമ്മനിഷ്ഠാഃ | കർമ്മമാർഗ്ഗത്തിൽ നിഷ്ഠയുള്ളവരായിരിക്കണം. |

| | | | |
|---|---|---|---|
| അപരേ | മററു ചിലർ | പ്രവചനേ | വേദാൎത്ഥവ്യാഖ്യാനത്തിലോ നിഷ്ണാതരായിരിക്കും |
| തപോനിഷ്ഠാഃ | തപശ്ചൎയ്യയിൽ നിഷ്ഠയുള്ളവരായിരിക്കും | യേ കേചിത് | ചുരുക്കം ചിലർ |
| അന്യേ | വേറെച്ചിലർ | ജ്ഞാന—യോഗയോഃ | ജ്ഞാനമാൎഗ്ഗത്തിലും യോഗമാൎഗ്ഗത്തിലും നിഷ്ഠയുള്ളവരായിരിക്കും |
| സ്വാധ്യായേ | വേദാധ്യയനത്തിലോ | | |

2. **ജ്ഞാനനിഷ്ഠായ ദേയാനി കവ്യാന്യാനന്ത്യമിച്ഛതാ**
**ദൈവേ ച തദഭാവേ സ്യാദിതരേഭ്യോ യഥാൎഹതഃ**

| | | | |
|---|---|---|---|
| ആനന്ത്യം | അക്ഷയ്യമായ കൎമ്മഫലത്തെ | ജ്ഞാന നിഷ്ഠായ | ജ്ഞാനനിഷ്ഠയുള്ളവന്നു് |
| ഇച്ഛതാ | കാംക്ഷിക്കുന്നവനാൽ | ദേയാനി | ദാനം ചെയ്യപ്പെടേണ്ടതാകുന്നു |
| കവ്യാനി | ശ്രാദ്ധത്തിന്നായുണ്ടാക്കിയ അന്നാദികളും | തദഭാവേ | അങ്ങനെയുള്ളവൻ ഇല്ലാതെവരുമ്പോൾ |
| ദൈവേ ച | ദേവപൂജയെ നിമിത്തമാക്കിയുണ്ടാക്കിയ ഹവ്യങ്ങളും | ഇതരേഭ്യഃ | മററുള്ളവൎക്കു് |
| | | യഥാൎഹതഃ | താരതമ്യമുറയനുസരിച്ചു് |
| | | സ്യാത് | ആകാം |

3. **ദ്വൗ ദൈവേ പിതൃകാൎയ്യേ ത്രീനേകൈകമുഭയത്ര വാ**
**ഭോജയേത് സുസമൃദ്ധോഽപി ശ്രാദ്ധേ കുൎയ്യാന്ന വിസ്തരം.**

| | | | |
|---|---|---|---|
| ശ്രാദ്ധേ | ശ്രാദ്ധമൂട്ടുമ്പോൾ | ഏകൈകം | ഓരോ ആളെ വീതം |
| ദൈവേ | വിശ്വേദേവസ്ഥാനത്തു് | വാ | ആയാലും മതി |
| ദ്വൗ | രണ്ടുപേരെയും | സമൃദ്ധഃ അപി | അതിസമ്പന്നനായാലും |
| പിതൃകാൎയ്യേ | പിതൃകാൎയ്യത്തിൽ | വിസ്തരം | വിപുലസംവിധാനം |
| ത്രീൻ | മൂന്നുപേരെയും | ന കുൎയ്യാത് | ചെയ്യരുതു. |
| ഭോജയേത് | ഭുജിപ്പിക്കാവുന്നതാണു് | | |
| ഉഭയത്ര | രണ്ടിടത്തും | | |

കഴിവുള്ളവനായാലും ശ്രാദ്ധത്തിന്നു വിപുലമായ ഒരുക്കംകൂട്ടരുതെന്നു പറഞ്ഞതിന്റെ താൽപര്യം ഇനി വ്യക്തമാക്കുന്നു.

4. **ദേശകാലോചിതശ്രദ്ധാ ദ്രവ്യപാത്രാൎഹണാനി ച**
**സമ്യഗ്ഭവന്തി നൈതാനി വിസ്തരാത് സ്വജനാൎപ്പണാത്.**

| | | | |
|---|---|---|---|
| ദേശകാലോചിതശ്രദ്ധാ | ദേശകാലങ്ങളുടെ വേണ്ടും പ്രകാരത്തിലുള്ള ശ്രദ്ധയും | ഏതാനി | മററുമായ ഇവ |
| ദ്രവ്യപാത്രാൎഹണാനി ച | പദാൎത്ഥങ്ങളും, പ്രത്യേകം വരിച്ച വിശിഷ്ടന്മാരും, അനുഷ്ഠാനങ്ങളും | സ്വജനാൎപ്പണാത് | സ്വജനസന്തൎപ്പണംകൊണ്ടു സംഭവിക്കുന്ന |
| | | വിസ്തരാത് | വിസ്താരംമൂലം |

| | | | |
|---|---|---|---|
| സമ്യക് | മുറപോലെ | ന ഭവന്തി | ആകുന്നതല്ല. |

സ്വജനങ്ങളെ ക്ഷണിച്ചുവരുത്തി ശ്രാദ്ധം വിസ്തരിച്ചു കഴിക്കുമ്പോൾ കർത്താവിന്റെ ശ്രദ്ധ കർമ്മാനുഷ്ഠാനത്തിൽനിന്നു് സ്വജനസൽക്കാരത്തിലേക്കു തിരിഞ്ഞുപോകാനിടവരുന്നതാണ്. ചുരുങ്ങിയതു്, മകളുടെ ഭർത്താവിനെ ക്ഷണിച്ചെന്നിരിക്കട്ടെ. അതോടൊപ്പം ആ വിദ്വാന്റെ മാതാപിതാക്കന്മാരെയും തൊട്ടു തൊട്ടുള്ളവരെയും ക്ഷണിക്കേണ്ടതായി വരുന്നു. അങ്ങനെ വിപുലമായിത്തീരുന്നു. ആ തിരക്കിൽ ശ്രാദ്ധാംഗങ്ങളിലെയും ശ്രാദ്ധാനുഷ്ഠാനത്തിലെയും ശ്രദ്ധയ്ക്കു ഹാനി നേരിടുമെന്നതു തീർച്ചയാണു്. അതുകൊണ്ടാണു് ''ശ്രാദ്ധേ വിസ്തരം ന കുര്യാത്'' എന്നുപദേശിച്ചതു്.

5. **ദേശേ കാലേ ച സംപ്രാപ്തേ മുന്യന്നം ഹരിദൈവതം**
**ശ്രദ്ധയാ വിധിവത് പാത്രേ ന്യസ്തം കാമധുഗക്ഷയം.**

| | | | |
|---|---|---|---|
| ദേശേ | പുണ്യദേശവും | ശ്രദ്ധയാ | ശ്രദ്ധയോടെ |
| കാലേ ച | പുണ്യകാലവും | വിധിവത് | വിധിയാംവണ്ണം |
| സംപ്രാപ്തേ | ഒത്തുചേർന്നു കിട്ടുമ്പോൾ | പാത്രേ | സൽപാത്രത്തിൽ |
| മുന്യന്നം | കാട്ടിൽ മുനിമാർ ആഹരിക്കാറുള്ള വരിനെല്ലരിച്ചോറായാലും | ന്യസ്തം | നിക്ഷേപിച്ചതു് (അർഹതയുള്ളവനു ദാനം ചെയ്തതു്) |
| | | കാമധുക് | അഭീഷ്ടഫലപ്രദവും |
| ഹരി- ദൈവതം | മഹാവിഷ്ണുവിനു് നിവേദിച്ചശേഷം | അനശ്വരം | നിത്യസുഖഹേതുകവുമാകുന്നു. |

6. **ദേവർഷിപിതൃഭൂതേഭ്യ ആത്മനേ സ്വജനായ ച**
**അന്നം സംവിഭജൻ പശ്യേത് സർവ്വം തത് പുരുഷാത്മകം.**

| | | | |
|---|---|---|---|
| ദേവർഷിപിതൃ- ഭൂതേഭ്യഃ | ദേവന്മാർക്കും ഋഷികൾക്കും പിതൃക്കൾക്കും പ്രാണികൾക്കും | സംവിഭജൻ | തരാതരംപോലെ തിരിച്ചുകൊടുമ്പോൾ |
| സ്വജനായ | സ്വജനത്തിനും | തത് സർവ്വം | അതെല്ലാം |
| ആത്മനേ ച | തനിക്കും | പുരുഷാത്മകം | വിഷ്ണുസ്വരൂപമായിട്ടു് |
| അന്നം | അന്നത്തെ | പശ്യേത് | കണ്ടുകൊള്ളണം. |

7. **ന ദദ്യാദാമിഷം ശ്രാദ്ധേ ന ചാദ്യാദ്ധർമ്മതത്ത്വവിത്**
**മുന്യന്നൈഃ സ്യാത് പരാ പ്രീതിര്യഥാ ന പശുഹിംസയാ.**

| | | | |
|---|---|---|---|
| ധർമ്മ- തത്ത്വവിത് | ധർമ്മത്തിന്റെ ആന്തരാർത്ഥം ബോധിച്ചിട്ടുള്ളവൻ | ന അദ്യാത് ച | താൻ തിന്നുകയുമരുതു്. |
| | | യഥാ | എപ്രകാരം |
| ശ്രാദ്ധേ | ശ്രാദ്ധത്തിൽ | മുന്യന്നൈഃ | മുനിമാർ ആഹരിക്കുന്ന വന്യധാന്യാന്നങ്ങളാൽ |
| ആമിഷം | മാംസപദാർത്ഥം | | |
| ന ദദ്യാത് | നല്കരുതു്, | പരാപ്രീതിഃ | ഉത്തമസംതൃപ്തി |

| | | | |
|---|---|---|---|
| സ്യാത് | ഉണ്ടാകാമോ, | പശുഹിംസയാ | മൃഗങ്ങളുടെ ഹിംസയാൽ |
| (തഥാ) | അപ്രകാരം | ന | ഉണ്ടാവുന്നതല്ല. |

8. **നൈതാദൃശഃ പരോ ധർമ്മോ നൃണാം സദ്ധർമ്മമിച്ഛതാം**
**ന്യാസോ ദണ്ഡസ്യ ഭൂതേഷു മനോവാക്കായജസ്യ യഃ**

| | | | |
|---|---|---|---|
| ഭൂതേഷു | പ്രാണികളിൽ | ഏതാദൃശഃ | അതുപോലെയുള്ള |
| മനോവാക്-കായജസ്യ | മാനസികമായും വാചികമായും ശാരീരികമായും സംഭവിക്കുന്ന. | പരഃ ധർമ്മഃ | പരമധർമ്മം |
| | | സദ്ധർമ്മം | ശ്രേഷ്ഠമായ ധർമ്മത്തെ |
| ദണ്ഡസ്യ | ഹിംസയുടെ | ഇച്ഛതാം | ആഗ്രഹിക്കുന്ന |
| ന്യാസഃ | പരിത്യാഗം | നൃണാം | മനുഷ്യർക്ക് |
| യഃ | യാതൊന്നോ | ന | വേറെയില്ല. |

ഈ വസ്തുത അറിഞ്ഞതുകൊണ്ടാണ് ഉത്തമ ധർമ്മസംബന്ധമായ പുറംചടങ്ങുകളെ വെടിഞ്ഞിരിക്കുന്നതെന്ന് താഴെ പറയുന്നു—

9. **ഏകേ കർമ്മമയാൻ യജ്ഞാൻ ജ്ഞാനിനോ യജ്ഞവിത്തമാഃ**
**ആത്മസംയമനേഽനീഹാ ജുഹ്വതി ജ്ഞാനദീപിതേ**

| | | | |
|---|---|---|---|
| യജ്ഞ-വിത്തമാഃ | യജ്ഞത്തിന്റെ (ആരാധനയുടെ) ഉൾപ്പൊരുളും നന്നായറിയുന്നവരും | യജ്ഞാൻ | യജ്ഞങ്ങളെ |
| | | ജ്ഞാന ദീപിതേ | ആത്മജ്ഞാനത്തിന്റെ സ്ഫുരണത്താൽ പ്രജ്വലിതമായ |
| അനീഹാഃ | നിഷ്കാമന്മാരുമായ | | |
| ഏകേ | ചില | ആത്മ-സംയമനേ | മനഃസംയമമാവുന്ന അഗ്നിയിൽ |
| ജ്ഞാനിനഃ | വിവേകികൾ | | |
| കർമ്മമയാൻ | കർമ്മബഹുലമായ | ജുഹ്വതി | ഹോമിക്കുന്നു. |

10. **ദ്രവ്യയജ്ഞൈര്യക്ഷ്യമാണം ദൃഷ്ട്വാ ഭൂതാനി ബിഭ്യതി**
**ഏഷ മാഽകരുണോ ഹന്യാദതജ്ജ്ഞോ ഹ്യസുതൃബ്ധ്രുവം.**

| | | | |
|---|---|---|---|
| ദ്രവ്യയജ്ഞൈഃ | മാംസപദാർത്ഥങ്ങൾ കൊണ്ടുള്ള യജ്ഞകർമ്മങ്ങളാൽ | അസുതൃപ് | സ്വപ്രാണസംപോഷം മാത്രം ലാക്കാക്കിയിരിക്കുന്നവനുമായ |
| യക്ഷ്യമാണം | യജിക്കാനുദ്യമിക്കുന്നവനെ | | |
| ദൃഷ്ട്വാ | കണ്ടിട്ട് | ഏഷഃ | ഈ |
| ഭൂതാനി | പ്രാണികൾ | അകരുണഃ | നിർദ്ദയൻ |
| ബിഭ്യതി | ഭയപ്പെടുന്നു | മാ ധ്രുവം | എന്നെ തീർച്ചയായും |
| അതജ്ജ്ഞഃ | ''തത്ത്വബോധമില്ലാത്തവനും | ഹന്യാത് ഹി | കൊന്നേക്കുമല്ലോ'' എന്ന് |

11. തസ്മാദ്ദൈവോപപന്നേന മുന്യന്നേനാപി ധർമ്മവിത്
സന്തുഷ്ടോഽഹരഹഃ കുര്യാന്നിത്യനൈമിത്തികീഃ ക്രിയാഃ

| | | | |
|---|---|---|---|
| തസ്മാത് | ആകയാൽ | അഹരഹഃ | പ്രതിദിനം |
| ധർമ്മവിത് | ധർമ്മതത്ത്വജ്ഞനായുള്ളവൻ | സന്തുഷ്ടഃ | സന്തോഷവാനായിട്ട് |
| ദൈവോപപന്നേന | അദ്ധ്വാനിക്കാതെ, ദൈവാധീനം കൊണ്ടുലഭിച്ച | നിത്യ—നൈമിത്തികീഃ | നിത്യനൈമിത്തികങ്ങളായ |
| മുന്യന്നേന അപി | മുനിജനോചിതമായ അന്നംകൊണ്ടായാലും | ക്രിയാഃ | ക്രിയകളെ |
| | | കുര്യാത് | നിറവേററണം. |

യാജ്ഞികക്രിയകൾക്കോ, ദേഹസന്ധാരണത്തിനോ വേണ്ടിയായാലും ഹിംസാവൃത്തിയിൽ അകപ്പെടരുതെന്നു സാരം.

ഇനി അധർമ്മങ്ങളേതെല്ലാമെന്നും അവയുടെ സ്വരൂപമെന്തെന്നും വിവരിക്കുന്നു.

12. വിധർമ്മഃ പരധർമ്മശ്ച ആഭാസ ഉപമാ ഛലഃ
അധർമ്മശാഖാഃ പഞ്ചേമാ ധർമ്മജ്ഞോഽധർമ്മവത് ത്യജേത്.

| | | | |
|---|---|---|---|
| വിധർമ്മഃ | വിധർമ്മം, | അധർമ്മശാഖാഃ | അധർമ്മത്തിന്റെ ഉൾപ്പിരിവുകളാകുന്നു |
| പരധർമ്മഃ | പരധർമ്മം, | ധർമ്മജ്ഞഃ | ധർമ്മതത്ത്വം ഗ്രഹിച്ചവൻ |
| ആഭാസഃ | ആഭാസധർമ്മം, | (ഇമാഃ) | ഇവയെ |
| ഉപമാ | ഉപമാധർമ്മം, | അധർമ്മവത് | അധർമ്മംപോലെ |
| ഛലഃ ച | ഛലധർമ്മം | ത്യജേത് | ഉപേക്ഷിക്കണം. |
| ഇമാഃ പഞ്ച | എന്നീ അഞ്ചും | | |

13. ധർമ്മബാധോ വിധർമ്മഃ സ്യാത് പരധർമ്മോഽന്യചോദിതഃ
ഉപധർമ്മസ്തു പാഖണ്ഡോ ദംഭോ വാ ശബ്ദഭിച്ഛലഃ

| | | | |
|---|---|---|---|
| ധർമ്മബാധഃ | സ്വധർമ്മത്തെ ബാധിക്കുന്ന ധർമ്മാചരണം | ദംഭഃ വാ | പുറംകാഴ്ചയ്ക്കുള്ളതോ ആയ ധർമ്മം |
| വിധർമ്മഃ | വിധർമ്മവും | ഉപധർമ്മഃ | ഉപധർമ്മവും * |
| അന്യചോദിതഃ | മറ്റൊരുത്തന്ന് വിധിക്കപ്പെട്ടധർമ്മം താൻ അനുഷ്ഠിക്കുന്നതു് | ശബ്ദഭിത് | ശാസ്ത്രവചനങ്ങൾക്ക് സ്വയം അന്യഥാർത്ഥം കല്പിക്കുന്നതു് |
| പരധർമ്മഃ | പരധർമ്മവും | | |
| പാഖണ്ഡഃ | വേദവിരുദ്ധമായതോ | ദംഭഃ സ്യാത് | ദംഭവുമാകുന്നു ** |

* പൂർവ്വശ്ലോകത്തിൽ 'ഉപമ' എന്നാണ് പറഞ്ഞതു്.

** ശാസ്ത്രത്തിലുള്ള വിധിവാക്യങ്ങൾക്ക് വ്യാജാർത്ഥമുണ്ടാക്കി തന്റെ സൗകര്യത്തിനനുസരിച്ചുള്ള ധർമ്മാനുഷ്ഠാനമാണിതു്. 'ദശാവരാൻ ഭോജയേത്'' എന്ന

ശാസ്ത്രവിധിക്ക് ചുരുങ്ങിയതു് പത്തു പേരെയെങ്കിലും ഭുജിപ്പിക്കണമെന്നാണു് ഉദ്ദേശിക്കപ്പെട്ട അർത്ഥം. ഇതിന്നു ''ദശഭ്യഃ അവരാൻ'' എന്നു വിഗ്രഹിച്ചു പത്തിൽനിന്നു ചുരുങ്ങിയവരെ ഭുജിപ്പിച്ചാൽമതി എന്നു് ദുർവ്യാഖ്യാനം ചെയ്തു് ഒന്നോ രണ്ടോ ആളെ ഊട്ടുന്നതു് ഛലധർമ്മത്തിന്നുദാഹരണമായെടുക്കാം.

ഇനി ഇടയിൽ വിട്ടുപോയ ആഭാസധർമ്മത്തെ നിർവ്വചിക്കുന്നു.

**14.** **യസ്ത്വിച്ഛയാ കൃതഃ പുംഭിരാഭാസോ ഹ്യാശ്രമാത് പൃഥക്**
**സ്വഭാവവിഹിതോ ധർമ്മഃ കസ്യ നേഷ്ടഃ പ്രശാന്തയേ.**

| | | | |
|---|---|---|---|
| ആശ്രമാത് | സ്വന്തം ആശ്രമധർമ്മത്തിൽനിന്നു് | ആഭാസഃ | ആഭാസമെന്ന ധർമ്മം. |
| പൃഥക് | വ്യത്യസ്തമായിട്ടു് | സ്വഭാവവിഹിതഃ | പ്രകൃതിഗുണങ്ങൾക്കനുസരിച്ചു നിശ്ചയിക്കപ്പെട്ട |
| യഃ തു | യാതൊന്നു് | ധർമ്മഃ | വർണ്ണാശ്രമധർമ്മം |
| പുംഭിഃ | മനുഷ്യരാൽ | കസ്യ | ആർക്ക് |
| ഇച്ഛയാ | തന്നിഷ്ടപ്രകാരം | പ്രശാന്തയേ | നിത്യശാന്തിക്ക് |
| കൃതഃ | അനുഷ്ഠിക്കപ്പെടുന്നുവോ, | ന ഇഷ്ടഃ | അഭിലഷിതമല്ല? |
| (സഃ) ഹി | അതത്രേ | | |

**15.** **ധർമ്മാർത്ഥമപി നേഹേത യാത്രാർത്ഥം വാധനോ ധനം**
**അനീഹാനീഹമാനസ്യ മഹാഹേരിവ വൃത്തിദാ.**

| | | | |
|---|---|---|---|
| അധനഃ | നിർദ്ധനൻ | മഹാഹേഃ ഇവ | പെരുമ്പാമ്പിന്റെ മട്ടിൽ |
| ധർമ്മാർത്ഥം അപി | സ്വാശ്രമധർമ്മങ്ങൾ നിർവ്വഹിക്കുന്നതിന്നായാലും | അനീഹമാനസ്യ | ഇങ്ങനെ പ്രവർത്തനത്തിൽ ഏർപ്പെടാതിരിക്കുന്നവന്നു് |
| യാത്രാർത്ഥം വാ | ജീവിതയാത്ര നിറവേറുന്നതിന്നായാലും | അനീഹാ | പ്രവർത്തനരാഹിത്യം തന്നെ |
| ധനം | ധനത്തെ | | |
| ന ഈഹേത | ആഗ്രഹിക്കരുതു്. (ധനാർജ്ജനാർത്ഥം പരിശ്രമിക്കരുതു്) | വൃത്തിദാ | (പ്രാരബ്ധവശാൽ) ജീവനോപായം ഉണ്ടാക്കുന്നതാണു്. |

**16.** **സന്തുഷ്ടസ്യ നിരീഹസ്യ സ്വാത്മാരാമസ്യ യത് സുഖം**
**കുതസ്തത് കാമലോഭേന ധാവതോഽർത്ഥേഹയാ ദിശഃ**

| | | | |
|---|---|---|---|
| സന്തുഷ്ടസ്യ | യദൃച്ഛാലാഭസന്തുഷ്ടനും | യത് | യാതൊരു |
| നിരീഹസ്യ | നിഷ്ക്രിയനും | സുഖം | സുഖം ഉണ്ടാവുന്നുവോ, |
| സ്വാത്മാരാമസ്യ | തന്റെ ആത്മാവിൽ തന്നെ രമിക്കുന്നവനുമായ ഒരുവന്നു് | തത് | അതു് |
| | | കാമലോഭേന | കാമം കൊണ്ടും ലോഭം കൊണ്ടും |

| | | | |
|---|---|---|---|
| അത്ഥേഹയാ | ധനാഭിലാഷംകൊണ്ടും | ധാവതഃ | പരക്കംപായുന്നവന്ന് |
| ദിശഃ | ദിക്കുകറംതോറും | കുതഃ | എങ്ങനെയുണ്ടാവും? |

17. **സദാ സന്തുഷ്ടമനസഃ സവ്വാഃ സുഖമയാ ദിശഃ**
**ശക്കരാകണ്ടകാദിഭ്യോ യഥോപാനത്പദഃ ശിവം**

| | | | |
|---|---|---|---|
| ഉപാനത്-പദഃ | കാലിൽ ചെരുപ്പിട്ടിരിക്കുന്നവന്നു | (സ്യാത് തഥാ) | സംഭാവ്യമാണോ, അപ്രകാരം |
| ശക്കരാ-കണ്ടകാദിഭ്യഃ | ചരൽക്കല്ല്, മുള്ള് മുതലായവകളിൽനിന്നു് | സന്തുഷ്ട-മനസഃ | സന്തോഷഭാവം ഉറംക്കൊണ്ടിരിക്കുന്നവന്ന് |
| | | സവ്വാഃ ദിശഃ | എല്ലാ ദിക്കുകളും |
| യഥാ | എപ്രകാരം | സദാ | എപ്പോഴും |
| ശിവം | സുരക്ഷിതത്വം | സുഖമയാഃ | സുഖപരിപൂർണ്ണങ്ങളാവുന്നു. |

18. **സന്തുഷ്ടഃ കേന വാ രാജന്ന വത്തേതാപി വാരിണാ**
**ഔപസ്ഥ്യജൈഹ്വ്യകാപ്പണ്യാദ് ഗൃഹപാലായതേ ജനഃ**

| | | | |
|---|---|---|---|
| രാജൻ | രാജൻ! യുധിഷ്ഠിര! | ന വത്തേത | ജീവിച്ചുകൂടാ ? |
| ജനഃ | മനുഷ്യൻ | ഔപസ്ഥ്യ-ജൈഹ്വ്യ-കാപ്പണ്യാത് | ജനനേന്ദ്രിയപരവും രസനേന്ദ്രിയപരവുമായ സംതൃപ്തിക്കുവേണ്ടിയുള്ളപരിശ്രമ പാരവശ്യത്താൽ |
| സന്തുഷ്ടഃ | സന്തോഷവാനാണെങ്കിൽ | | |
| വാരിണാ-അപി | കേവലം ജലപാനത്താൽ പ്പോലും | ഗൃഹ-പാലായതേ | വീടുകാക്കുന്ന പട്ടിപോലെ അവൻ ചേഷ്ടിക്കുന്നു. |
| കേന വാ | എന്തുകൊണ്ടു് | | |

19. **അസന്തുസ്യ വിപ്രസ്യ തേജോ വിദ്യാ തപോ യശഃ**
**സ്രവന്തീന്ദ്രിയ ലൗല്യേന ജ്ഞാനം ചൈവാവകീര്യതേ**

| | | | |
|---|---|---|---|
| അസന്തുഷ്ടസ്യ | സന്തോഷവാനല്ലാത്ത | തപഃ യശഃ | തപസ്സും, കീർത്തിയും |
| വിപ്രസ്യ | ബ്രാഹ്മണന്നു് | സ്രവന്തി | ക്ഷയിച്ചു പോകുന്നു; |
| ഇന്ദ്രിയ-ലൗല്യാത് | ഇന്ദ്രിയപരമായ സംതൃപ്തിക്കുവേണ്ടിയുള്ള ചാപല്യം നിമിത്തം | ജ്ഞാനം ച ഏവ | കാര്യാകാര്യവിവേകവും കൂടി |
| തേജഃ വിദ്യ | തേജസ്സും, വിദ്യയും, | അവകീര്യതേ | ചിതറിച്ചുമയുന്നു. |

20. **കാമസ്യാന്തം ച ക്ഷുത്തൃഡ്ഭ്യാം ക്രോധസ്യൈതത് ഫലോദയാത്**
**ജനോ യാതി ന ലോഭസ്യ ജിത്വാ ഭുക്ത്വാ ദിശോ ഭുവഃ**

| | | | |
|---|---|---|---|
| ജനഃ | മനുഷ്യൻ | ഏതത്-ഫലോദയാത് | ഇതിൻെറ (ക്രോധത്തിന്റെ) പ്രയോജനം ഉണ്ടായെന്നുവരികിൽ |
| ക്ഷുത്തൃ-ഡ്ഭ്യാം | പൈദാഹങ്ങളാൽ | | |
| കാമസ്യ | കാമത്തിൻെറയും, | ക്രോധസ്യ ച | ക്രോധത്തിൻെറയും |

| | | | |
|---|---|---|---|
| അന്തം | അറുതിയിലേക്ക് | ഭുക്ത്വാ | അനുഭവിച്ചിട്ടും |
| യാതി | എത്തിച്ചേരുന്നു; | ലോഭസ്യ | ലോഭത്തിന്റെ |
| ദിശഃ | ദിക്കുകളെ | (അന്തം) | അറുതിയിലേക്ക് |
| ജിത്വാ | ജയിച്ചിട്ടും, | ന യാതി | എത്തിച്ചേരുന്നില്ല. |
| ഭുവഃ | ഭൂമണ്ഡലങ്ങളെ | | |

കാമവും ക്രോധവും മനുഷ്യഹൃദയത്തിൽ സന്ദർഭവശാൽ ശമിച്ചെന്നുവരാം. വിശപ്പും ദാഹവും വിഷയസുഖാസക്തിയെ ഇല്ലാതാക്കുന്നു. പ്രതിയോഗിയെ ഹിംസിച്ചു കഴിഞ്ഞാൽ ക്രോധം ശമിച്ചേക്കും. എന്നാൽ ലോഭം (എത്ര കിട്ടിയാലും സംതൃപ്തിവരാത്ത മനോഭാവം) ഭൂമിമുഴുവൻ സ്വാധീനത്തിലായാലും അറുതിവരാതെ നിലകൊള്ളുന്നു. അലംഭാവമില്ലായ്മയ്ക്ക് അവസാനമില്ലെന്നുസാരം.

**21.** **പണ്ഡിതാ ബഹവോ രാജൻ ബഹ്വജ്ഞാഃ സംശയച്ഛിദഃ**
**സദസസ്പതയശ്ചൈകേ അസന്തോഷാത് പതന്ത്യധഃ**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | ബഹവഃ | ഒട്ടേറെ |
| ബഹ്വജ്ഞാഃ | വളരെ അറിവുള്ളവരും | പണ്ഡിതാഃ | പണ്ഡിതന്മാരാൽ പോലും |
| സംശയച്ഛിദഃ | സംശയം തീർത്തുതരുവാൻ കഴിവുള്ളവരും | അസന്തോഷാത് | അസന്തോഷം (ലോഭം) മൂലം |
| സദസസ്പതയഃ | വിദ്വൽസഭാപതികളും | | |
| ഏകേ അപി | പ്രമുഖന്മാരുമായ | അധഃപതന്തി | അധഃപതിക്കുന്നു. |

ഇനി നാലുശ്ലോകംകൊണ്ടു കാമാദി മനോദുർവൃത്തികളെ ജയിപ്പാനുള്ള മാർഗ്ഗം നിർദ്ദേശിക്കുന്നു—

**22.** **അസങ്കല്പാജ്ജയേത് കാമം ക്രോധം കാമവിവർജനാത്**
**അർത്ഥാനർത്ഥേക്ഷയാ ലോഭം ഭയം തത്ത്വാവമർശനാത്**

**23.** **ആന്വീക്ഷിക്യാ ശോകമോഹൗ ദംഭം മഹദുപാസയാ**
**യോഗാന്തരായാൻ മൗനേന ഹിംസാം കായാദ്യനീഹയാ**

| | | | |
|---|---|---|---|
| അസങ്കല്പാത് | സങ്കല്പത്യാഗത്താൽ | തത്ത്വാവമർശനാത് | പ്രപഞ്ചതത്ത്വാവബോധത്താൽ |
| കാമം | കാമത്തെയും | ഭയം | ഭയത്തെയും, |
| കാമവിവർജനാത് | കാമിതങ്ങളുടെ പരിത്യാഗത്താൽ | ആന്വീക്ഷിക്യാ | അധ്യാത്മവിദ്യയാൽ |
| ക്രോധം | ക്രോധത്തെയും, | ശോകമോഹൗ | ശോകമോഹങ്ങളെയും |
| അർത്ഥാനർത്ഥേക്ഷയാ | അർത്ഥം അനർത്ഥമാണെന്ന കാഴ്ചയാൽ | മഹദുപാസയാ | മഹാജനോപാസനയാൽ |
| ലോഭം | ലോഭത്തെയും | ദംഭം | ദംഭത്തെയും |

| | |
|---|---|
| മൗനേന | മൗനസാധനയാൽ |
| യോഗാന്തരായാൻ | യോഗാഭ്യാസത്തിന്നു വിഘ്നം വരുന്ന വാർത്താലാപങ്ങളെയും |
| കായാദ്യനീഹയാ | ദേഹാദ്യനിച്ഛയാൽ |
| ഹിംസാം | ഹിംസാവൃത്തിയെയും |
| ജയേത് | ജയിക്കണം. |

24. **കൃപയാ ഭൂതജം ദുഃഖം ദൈവം ജഹ്യാത് സമാധിനാ**
**ആത്മജം യോഗവീര്യേണ നിദ്രാം സത്വനിഷേവയാ.**

25. **രജസ്തമശ്ച സത്വേന സത്വം ചോപശമേന ച**
**ഏതത് സർവ്വം ഗുരൗ ഭക്ത്യാ പുരുഷോ ഹ്യഞ്ജസാ ജയേത്**

| | |
|---|---|
| ഭൂതജം | ഇതര പ്രാണികളിൽ നിന്നു നേരിടുന്ന |
| ദുഃഖം | ദുഃഖത്തെ |
| കൃപയാ | അതാതു പ്രാണികളോടുള്ള കാരുണ്യംകൊണ്ടും |
| ദൈവം | ദൈവഗത്യാ സംഭവിക്കുന്ന ദുഃഖത്തെ |
| സമാധിനാ | മനഃസംയമം കൊണ്ടും, |
| ആത്മജം | ശാരീരികമായ ദുഃഖത്തെ |
| യോഗവീര്യേണ | പ്രാണായാമാദികളുടെ ബലം കൊണ്ടും |
| നിദ്രാം | നിദ്രയെ |
| സത്വനിഷേവയാ | സാത്വികങ്ങളായ അന്നപാനങ്ങളുടെ ഉപയോഗം കൊണ്ടും, |
| രജഃ തമഃ ച | രജസ്സിനെയും തമസ്സിനെയും |
| സത്വേന ച | സത്വഗുണം കൊണ്ടും, |
| സത്വം | സത്വഗുണത്തെ |
| ഉപശമേന ച | ഉപശമംകൊണ്ടും |
| ജഹ്യാത് | വിട്ടുകളയണം. |
| പുരുഷഃ | മനുഷ്യൻ |
| ഏതത് സർവ്വം | ഇതിനെയെല്ലാം |
| ഗുരൗ | ഗുരുവിലുള്ള |
| ഭക്ത്യാ | ഭക്തികൊണ്ടുതന്നെ |
| അഞ്ജസാ | അനായാസേന |
| ജയേത് | ജയിക്കുന്നതാണ്. |

ഗുരുഭക്തികൊണ്ടു കാമക്രോധാദിസർവ്വവിജയം മനുഷ്യനുണ്ടാവുന്നതെങ്ങനെ? ഗുരുവും മനുഷ്യനാകയാൽ കാമക്രോധാദി ദുർഗ്ഗുണങ്ങൾക്ക് അധീനനാണല്ലോ' എന്ന ആശങ്കയെ ഇനി പരിഹരിക്കുന്നു—

26. **യസ്യ സാക്ഷാദ് ഭഗവതി ജ്ഞാനദീപപ്രദേ ഗുരൗ**
**മർത്ത്യാസദ്ധീഃ ശ്രുതം തസ്യ സർവ്വം കുഞ്ജരശൗചവത്**

| | |
|---|---|
| സാക്ഷാത് | കണ്ണുകൊണ്ടു നേരിൽ കാണാവുന്ന |
| ഭഗവതി | ഈശ്വരനായും |
| ജ്ഞാനദീപപ്രദേ | അറിവിന്റെ വെളിച്ചം കാണിച്ചു തരുന്നവനുമായ |
| ഗുരൗ | ശ്രീ ഗുരുവിൽ |
| യസ്യ | ഏതൊരുവന്നാണോ |
| മർത്ത്യാസദ്ധീഃ | മനുഷ്യനെന്ന അസദ്ബോധം ഉണ്ടാവുന്നത് |
| തസ്യ | അവന്റെ |
| ശ്രുതം | വിദ്യാഭ്യാസം |
| സർവ്വം | മുഴുവനും |
| കുഞ്ജരശൗചവത് | ആനയുടെ കുളിപോലെ പാഴ്വേലയായിപ്പോവുന്നു |

പത്നീപുത്രാദികളോടുകൂടി ജീവിതം നയിക്കുന്ന ഗുരുവിൽ മനുഷ്യത്വം അസദ്ബോധമാവുന്നതെങ്ങനെയെന്നാണ് പിന്നെയും ആശങ്കയെങ്കിൽ അതിനെ നിരാകരിക്കുന്നു —

27. **ഏഷ വൈ ഭഗവാൻ സാക്ഷാത് പ്രധാന പുരുഷേശ്വരഃ**
**യോഗേശ്വരൈർവിമൃഗ്യാങ്ഘ്രിർലോകോയം മന്യതേ നരം**

| | | | |
|---|---|---|---|
| ഏഷഃ വൈ | ഈ ശ്രീ ഗുരുവാകട്ടെ | സാക്ഷാത് | പ്രത്യക്ഷീഭവിച്ച |
| യോഗേശ്വരൈഃ | യോഗേശ്വരന്മാരാൽ | ഭഗവാൻ | ഈശ്വരനായാണ് |
| വിമൃഗ്യാങ്ഘ്രിഃ | അനുസന്ധാനം ചെയ്യപ്പെടേണ്ടുന്ന തൃച്ചേവടികളോടുകൂടിയവനും | യം | യാതൊരു ഈ ഗുരുവിനെ |
| | | ലോകഃ | സാധാരണജനം |
| പ്രധാനപുരുഷേശ്വരഃ | പ്രകൃതിയുടെയും പുരുഷന്റെയും നിയന്താവുമായ | നരം | മനുഷ്യനായിട്ട് |
| | | മന്യതേ | കരുതിവരുന്നത് |

ഗൃഹസ്ഥവൃത്തിയുള്ളതുകൊണ്ടു ഗുരുവിനെ മനുഷ്യനായി സങ്കല്പിക്കരുത്. ഭഗവാൻ ശ്രീകൃഷ്ണൻ പരമഗൃഹസ്ഥനാണെങ്കിലും സാക്ഷാൽ പരബ്രഹ്മമാണല്ലോ. അതുപോലെ ഗുരുവിനെയും സാക്ഷാൽ പരബ്രഹ്മസ്വരൂപമായി കണ്ടുകൊള്ളണം.

മുൻവിവരിച്ച പ്രകാരം സർവോപായങ്ങൾകൊണ്ടും കാമക്രോധാദി മനോദുർവൃത്തികളെ ജയിച്ചശേഷം ധ്യാനയോഗത്തിൽ പരിശ്രമിക്കണം. അങ്ങനെ ചെയ്യാതിരുന്നാൽ പഠിച്ചതും പയററിയതുമെല്ലാം വ്യർത്ഥമാകുമെന്ന് ഇനി പറയുന്നു —

28. **ഷഡ്വർഗസംയമൈകാന്താഃ സർവാ നിയമചോദനാഃ**
**തദന്താ യദി നോ യോഗാനാവഹേയുഃ ശ്രമാവഹാഃ**

| | | | |
|---|---|---|---|
| സർവാഃ | എല്ലാതരത്തിലുമുള്ള | യോഗാൻ | ധാരണാധ്യാനാദികളായ യോഗസാധനകളെ |
| നിയമചോദനാഃ | ശ്രൗതസ്മാർത്ത ധർമ്മങ്ങളുടെ അനുഷ്ഠാനവിധികളും | യദി നോ ആവഹേയുഃ | സാധിക്കുവാൻ ഉതകുന്നില്ലെങ്കിൽ |
| ഷഡ്വർഗസംയമൈകാന്താഃ | മനസ്സുൾപ്പെടെയുള്ള ആറിന്ദ്രിയങ്ങളുടെ നിയന്ത്രണമാകുന്ന ഒന്നിൽ ചെന്നവസാനിക്കുന്നവയാണ്; | ശ്രമാവഹാഃ | വൃഥാ ശ്രമങ്ങളായിത്തീരുന്നു. |
| തദന്താഃ | അതൊന്നിൽ പര്യവസാനിക്കുന്ന അവ | | |

29. **യഥാ വാർത്താദയോ ഹ്യർത്ഥാ യോഗസ്യാർത്ഥം ന ബിഭ്രതി**
**അനർത്ഥായ ഭവേയുസ്തേ പൂർത്തമിഷ്ടം തഥാസതഃ**

| | | | |
|---|---|---|---|
| വാർത്താദയഃ | കൃഷിവ്യവസായാദികളും | യഥാ ഹി | യാതൊരുപ്രകാരം |
| അർത്ഥാഃ | അവയുടെ ഫലങ്ങളും | യോഗസ്യ | യോഗമാർഗത്തിന്റെ |

| | | | |
|---|---|---|---|
| അർത്ഥം | ഫലസ്വരൂപമായ പരമ പുരുഷാർത്ഥത്തെ | തഥാ | അതുപ്രകാരം |
| ന ബിഭ്രതി | സാധിപ്പിക്കുന്നില്ലയോ, | അസതഃ | ബഹിർമ്മുഖമായ പ്രവൃത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന അവിദ്വാൻെറ |
| തേ | മാത്രമല്ല, അവ | | |
| അനർത്ഥായ | സംസാരബന്ധമാവുന്ന അനർത്ഥത്തിന്നു് | പൂർത്തം ഇഷ്ടം | ശ്രൗതസ്മാർത്ത വിഹിത ധർമ്മാനുഷ്ഠാനവും ശ്രമാവഹങ്ങളായിത്തീരുന്നു. |
| ഭവേയുഃ | ഉതകുകയും ചെയ്യുന്നുവോ, | | |

ശ്രുതിസ്മൃതികളാൽ പ്രചോദിതമായ ഇഷ്ടാപൂർത്തധർമ്മാനുഷ്ഠാനം കൊണ്ടു് ഇന്ദ്രിയജയവും ചിത്തശുദ്ധിയും സാധിച്ചുകഴിഞ്ഞാൽ **മോക്ഷോപായമായ യോഗസാധനകളിൽ** ഏർപ്പെട്ടുകൊള്ളണമെന്നു നിർദ്ദേശിച്ചതിനുശേഷം കുടുംബാദിസംബന്ധംകൊണ്ടു യോഗഭ്രഷ്ടനാവാതിരിക്കണമെന്നു ഇനി പ്രത്യേകം നിഷ്കർഷിക്കുന്നു.

**30.** **യശ്ചിത്തവിജയേ യത്തഃ സ്യാന്നിഃസംഗോഽപരിഗ്രഹഃ**
**ഏകോ വിവിക്തശരണോ ഭിക്ഷുർഭിക്ഷാമിതാശനഃ.**

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ഏകഃ | ഏകാകിയും |
| ചിത്തവിജയേ | മനോനിഗ്രഹത്തിൽ | വിവിക്തശരണഃ | വിജനസ്ഥലത്തു പാർപ്പുറപ്പിച്ചവനും |
| യത്തഃ | ഉദ്യുക്തനാകുന്നുവോ | | |
| (സഃ) | അവൻ | ഭിക്ഷാമിതാശനഃ | ഭിക്ഷാന്നം മിതമായിമാത്രം ഭക്ഷിക്കുന്നവനുമായ |
| നിഃസംഗഃ | കുടുംബസംബന്ധം വിട്ടവനും | ഭിക്ഷുഃ സ്യാത് | സന്ന്യാസിയാകണം |
| അപരിഗ്രഹഃ | ആരിൽനിന്നും യാതൊന്നും സ്വീകരിക്കാത്തവനും | | |

**31.** **ദേശേ ശുചൗ സമേ രാജൻ സംസ്ഥാപ്യാസനമാത്മനഃ**
**സ്ഥിരം സമം സുഖം തസ്മിന്നാസീതർജ്ജ്വംഗ ഓമിതി.**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ ! | തസ്മിൻ | അതിൽ |
| ശുചൗ | പരിശുദ്ധവും | സ്ഥിരം | സ്ഥിരമായും |
| സമേ | സമതലവുമായ | സമം | സമമായും |
| ദേശേ | സ്ഥലത്തു് | സുഖം | സുഖമായും |
| ആത്മനഃ | തൻെറ | ഋജ്വംഗഃ | നീണ്ടുനിവർന്നു് |
| ആസനം | ആസനത്തെ (ഇരിപ്പിനെ) | ഓം ഇതി | 'ഓം' എന്നുച്ചരിച്ചുകൊണ്ടു് |
| സംസ്ഥാപ്യ | ഉറപ്പിച്ചശേഷം | ആസീത | ഇരിക്കുക. |

**32.** **പ്രാണാപാനൗ സന്നിരുദ്ധ്യാത് പൂരകുംഭകരേചകൈഃ**
**യാവന്മനസ്ത്യജേത് കാമാൻ സ്വനാസാഗ്രനിരീക്ഷണഃ.**

| | |
|---|---|
| മനഃ | മനസ്സ് |
| കാമാൻ | വിഷയാശകളെ |
| ത്യജേത് | വിട്ടുകളയണം— |
| യാവത് | അതുവരെക്കും |
| സ്വനാസാഗ്ര-നിരീക്ഷണഃ | സ്വന്തം നാസികാഗ്രത്തിൽ ദൃഷ്ടിയൂന്നിക്കൊണ്ട് |
| പൂരകകുംഭക-രേചകൈഃ | പൂരകം, കുംഭകം, രേചകം എന്നീ പ്രാണായാമവിധികളാൽ |
| പ്രാണാപാനൗ | പ്രാണൻ, അപാനൻ എന്നീ ശരീരാന്തർഗത വായുക്കളെ |
| സന്നിരു-ദ്ധ്യാത് | നല്ലപോലെ ഒതുക്കിനിർത്തണം |

**33.** **യതോ യതോ നിഃസരതി മനഃ കാമഹതം ഭ്രമത്**
**തതസ്തത ഉപാഹൃത്യ ഹൃദി രുന്ധ്യാച്ഛനൈർബുധഃ.**

| | |
|---|---|
| കാമഹതം | വിഷയാശകളാൽ കെടുക്കപ്പെട്ടതും |
| ഭ്രമത് | സ്വതേ ചഞ്ചലവുമായ |
| മനഃ | മനസ്സ് |
| യതഃ യതഃ | ഏതേതിടത്തേക്ക് |
| നിഃസരതി | വഴുതിപ്പോകുന്നുവോ, |
| തതഃ തതഃ | അതാതിടത്തുനിന്ന് |
| ഉപാഹൃത്യ | (അതിനെ) സ്വവശത്തേക്ക് കൊണ്ടുവന്ന് |
| ബുധഃ | അഭിജ്ഞനായ സാധകൻ |
| ശനൈഃ | സാവകാശം |
| ഹൃദി | ഹൃദയത്തിൽ |
| രുന്ധ്യാത് | നിരോധിച്ചുകൊള്ളണം |

**34.** **ഏവമഭ്യസതശ്ചിത്തം കാലേനാല്പീയസാ യതേഃ**
**അനിശം തസ്യ നിർവ്വാണം യാത്യനിന്ധനവഹ്നിവത്.**

| | |
|---|---|
| ഏവം | ഇങ്ങനെ |
| അനിശം | ഇടവിടാതെ |
| അഭ്യസതഃ | അഭ്യസിച്ചുവരുന്ന |
| തസ്യ യതേഃ | ആ സാധകന്റെ |
| ചിത്തം | മനസ്സ് |
| അല്പീയസാ | അത്യല്പമായ |
| കാലേന | കാലംകൊണ്ട് |
| അനിന്ധന-വഹ്നിവത് | ഇന്ധനം ഇല്ലാതെയായ അഗ്നിപോലെ |
| നിർവ്വാണം | പ്രശാന്തിയെ |
| യാതി | പ്രാപിക്കുന്നു. |

**35.** **കാമാദിഭിരനാവിദ്ധം പ്രശാന്താഖിലവൃത്തി യത്**
**ചിത്തം ബ്രഹ്മസുഖസ്പൃഷ്ടം നൈവോത്തിഷ്ഠേത കർഹിചിത്.**

| | |
|---|---|
| കാമാദിഭിഃ | കാമാദിവൃത്തികളാൽ |
| അനാവിദ്ധം | അലങ്കോലപ്പെടാത്തതും |
| പ്രശാന്താ-ഖിലവൃത്തി | അടക്കമൊന്ന സമസ്തപ്രവർത്തനങ്ങളോടു കൂടിയതുമായ |
| യത് ചിത്തം | യാതൊരു മനസ്സ് |
| ബ്രഹ്മസുഖ-സ്പൃഷ്ടം | ബ്രഹ്മാനന്ദത്താൽ സ്പർശിക്കപ്പെട്ടതായി ഭവിച്ച് |
| കർഹിചിത് | പിന്നെ ഒരിക്കലും |
| ഉത്തിഷ്ഠേത ന ഏവ | പ്രവൃത്ത്യുന്മുഖമായി ഭവിക്കുകയേ ഇല്ല. |

സന്ന്യാസം വരിച്ചശേഷം വീണ്ടും ഗൃഹസ്ഥഭോഗങ്ങളെ കാംക്ഷിക്കുന്നവൻ അതിനിന്ദ്യനെന്നു് ഇനി പറയുന്നു—

**36. യഃ പ്രവ്രജ്യ ഗൃഹാത് പൂർവം ത്രിവർഗാവപനാത് പുനഃ**
**യദി സേവേത താൻ ഭിക്ഷുഃ സ വൈ വാന്താശ്യപത്രപഃ**

| | | | |
|---|---|---|---|
| യഃ ഭിക്ഷുഃ | യാതൊരു സന്ന്യാസി | താൻ | അവയെത്തന്നെ |
| ത്രിവർഗാ-വപനാത് | ധർമ്മാർത്ഥകാമങ്ങളെ വിളയിച്ചുണ്ടാക്കുന്ന | സേവേത യദി | സമാശ്രയിക്കുകയാണെങ്കിൽ |
| ഗൃഹാത് | ഗൃഹസ്ഥവൃത്തിയിൽ നിന്നു് | സഃ വൈ | അവൻ തികച്ചും |
| പൂർവ്വം | ആദ്യം ഒരിക്കൽ | വാന്താശീ | ഛർദിച്ചതിനെ വാരി തിന്നുന്ന |
| പ്രവ്രജ്യ | വിട്ടുമാറിയശേഷം | | |
| പുനഃ | വീണ്ടും | അപത്രപഃ | നാണം കെട്ടവനാണു്. |

**37. യൈഃ സ്വദേഹഃ സ്മൃതോഽനാത്മാ മർത്ത്യോ വിട്ക്രിമിഭസ്മസാത്**
**ത ഏനമാത്മസാത് കൃത്വാ ശ്ലാഘയന്തി ഹ്യസത്തമാഃ**

| | | | |
|---|---|---|---|
| യൈഃ | യാതൊരുവരാൽ | തേ | അവർ (പിന്നീടു്) |
| സ്വദേഹഃ | സ്വശരീരം | ഏനം | ഇതിനെത്തന്നെ |
| മർത്ത്യഃ | മൃത്യുഗ്രസ്തവും | ആത്മസാത് | ആത്മാവായിട്ടു് |
| വിട്ക്രിമി-ഭസ്മസാത് | വിഷ്ഠയായോ, പുഴുക്കളായോ, ചാമ്പലായോ പരിണമിക്കുന്നതും | കൃത്വാ | കരുതി |
| | | ശ്ലാഘയന്തി | കൊണ്ടാടുന്നു; |
| അനാത്മാ | ആത്മാവല്ലാത്തതുമായിട്ടു് | ഹി | ആകയാൽ |
| സ്മൃതഃ | ആദ്യം നിരൂപിക്കപ്പെട്ടിരുന്നുവോ | (തേ) | അത്തരക്കാർ |
| | | അസത്തമാഃ | അതിനിന്ദ്യന്മാരാണു്. |

സ്വധർമ്മഭ്രംശത്താൽ സന്ന്യാസിമാത്രമല്ല, ഇതരാശ്രമികളും നിന്ദനീയരായിത്തീരുമെന്നു് ഈ സന്ദർഭത്തിൽ രണ്ടു ശ്ലോകംകൊണ്ടു പറഞ്ഞുവയ്ക്കുന്നു.

**38. ഗൃഹസ്ഥസ്യ ക്രിയാത്യാഗോ വ്രതത്യാഗോ വടോരപി**
**തപസ്വിനോ ഗ്രാമസേവാ ഭിക്ഷോരിന്ദ്രിയലോലതാ.**

**39. ആശ്രമാപസദാ ഹ്യേതേ ഖല്വാശ്രമ വിഡംബകാഃ**
**ദേവമായാവിമൂഢാംസ്താനുപേക്ഷേതാനുകമ്പയാ.**

| | |
|---|---|
| ഗൃഹസ്ഥസ്യ | ഗൃഹസ്ഥാശ്രമിയുടെ |
| ക്രിയാത്യാഗഃ | നിത്യനൈമിത്തിക കർമ്മപരിത്യാഗം, |
| വടോഃ അപി | ബ്രഹ്മചാരിയുടെ |
| വ്രതത്യാഗഃ | ഗുരുകുലവാസാദി വ്രതപരിത്യാഗം, |
| തപസ്വിനഃ | വാനപ്രസ്ഥന്റെ |
| ഗ്രാമസേവാ | ഗ്രാമജീവിതം, |
| ഭിക്ഷോഃ | സന്ന്യാസിയുടെ |
| ഇന്ദ്രിയ—ലോലതാ | ഇന്ദ്രിയശൈഥില്യം എന്നിവ അപലപനീയങ്ങളാകുന്നു. |
| ഹി | എന്തെന്നാൽ |
| ആശ്രമാ—പസദാഃ | ആശ്രമ ധർമ്മത്തിൽനിന്നു തരംതാണുപോയ |
| ഏതേ ഖലു | ഇവരാകട്ടെ |
| ആശ്രമ—വിഡംബകാഃ | അതാതു് ആശ്രമത്തെ വേഷംകൊണ്ടുമാത്രം അനുകരിക്കുന്നവരാണു് |
| ദേവമായാ-വിമൂഢാൻ | ഈശ്വരമായയാൽ വിമോഹിതരായിത്തീർന്നിരിക്കുന്ന |
| താൻ | അവരെ |
| അനുകമ്പയാ | അനുകമ്പയോടെ |
| ഉപേക്ഷേത | ഉപേക്ഷിക്കണം |

സന്ന്യാസി ആത്മതത്ത്വജ്ഞനാകയാൽ ഇന്ദ്രിയശൈഥില്യം നിമിത്തമുണ്ടാവുന്ന കർമ്മദോഷം അവനെ ബാധിക്കുന്നതെങ്ങനെ ? ഈ ആശങ്ക ഇവിടെ അസ്ഥാനത്താണെന്നു അടുത്ത ശ്ലോകംകൊണ്ടു സൂചിപ്പിക്കുന്നു.

40. **ആത്മാനം ചേദ്വിജാനീയാത്‌ പരം ജ്ഞാനധുതാശയഃ**
**കിമിച്ഛൻ കസ്യ വാ ഹേതോർദേഹം പുഷ്ണാതി ലംപടഃ.**

| | |
|---|---|
| ആത്മാനം | ആത്മാവിനെ |
| പരം | പരബ്രഹ്മസ്വരൂപമായി |
| വിജാനീയാത്‌ ചേത്‌ | അറിഞ്ഞിരിക്കുകയാണെങ്കിൽ |
| ജ്ഞാനധുതാ-ശയഃ | ഈ അറിവിനാൽത്തന്നെ കർമ്മവാസന വേരറ്റു പോയവൻ |
| കിം ഇച്ഛൻ | എന്തിനെ ഇച്ഛിച്ചുകൊണ്ടു് |
| കസ്യഹേതോഃ വാ | എന്തുകാരണത്താൽ |
| ലംപടഃ | വിഷയാസക്തനായിട്ടു് |
| ദേഹം | ശരീരത്തെ |
| പുഷ്ണാതി | പോഷിപ്പിക്കണം |

ആത്മാനാത്മവിവേകം സാധിക്കാത്ത അജ്ഞന്നു് ജന്മമൃത്യുഭ്രമണരൂപമായ സംസാര ദുർഗതിയിൽ അകപ്പെട്ടുഴലുകയല്ലാതെ ഗത്യന്തരമില്ല. ആകയാൽ അവൻ അനവരതം തന്റെ അജ്ഞതയെ ഉന്മൂലനം ചെയ്യുവാൻ യത്നിച്ചുകൊണ്ടിരിക്കണമെന്നു് ''ആത്മാനം രഥിനം വിദ്ധി'' എന്നു തുടങ്ങുന്ന ശ്രുതിവാക്യങ്ങളുടെ സാരം ആറു ശ്ലോകങ്ങളാൽ വിവരിച്ചുപദേശിക്കുന്നു—

41. **ആഹുഃ ശരീരം രഥമിന്ദ്രിയാണി**
**ഹയാനഭീഷൂൻ മന ഇന്ദ്രിയേശം**
**വർത്മാനി മാത്രാ ധിഷണാം ച സൂതം**
**സത്ത്വം ബൃഹദ്‌ ബന്ധുരമീശസൃഷ്ടം**

| | | | |
|---|---|---|---|
| ശരീരം | ശരീരത്തെ | ധിഷണാം | ബുദ്ധിയെ |
| രഥം | രഥമായും | സൂതം | സാരഥിയായും, |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങളെ | സത്ത്വം | ചിത്തത്തെ |
| ഹയാൻ | കുതിരകളായും, | ബൃഹത് | ആക്കമുള്ള |
| ഇന്ദ്രിയേശം | ഇന്ദ്രിയങ്ങളുടെ അധിപതിയായ | ബന്ധുരം ച | കെട്ടുകയറായും |
| മനഃ | മനസ്സിനെ | ഈശസൃഷ്ടം | ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ടതായി |
| അഭീഷൂൻ | കടിഞ്ഞാണുകളായും, | | |
| മാത്രാഃ | ശബ്ദാദി വിഷയങ്ങളെ | ആഹുഃ | വേദാന്തവാക്യങ്ങൾ ഉദ്ഘോഷിക്കുന്നു. |
| വർത്മാനി | തേരോടുന്ന വഴികളായും, | | |

42. **അക്ഷം ദശപ്രാണമധർമ്മധർമ്മൗ**
**ചക്രേഽഭിമാനം രഥിനം ച ജീവം**
**ധനുർഹി തസ്യ പ്രണവം പഠന്തി**
**ശരം തു ജീവം പരമേവ ലക്ഷ്യം.**

| | | | |
|---|---|---|---|
| ദശപ്രാണം | പത്തുവിധത്തിലുള്ള പ്രാണാദി വായു സമുച്ചയത്തെ* | ജീവം | ജീവാത്മാവിനെ |
| | | രഥിനം ച | രഥികനായും. |
| | | പ്രണവം | ഓംകാരത്തെ |
| അക്ഷം | അച്ചുതണ്ടായും, | തസ്യ | ആ രഥികന്റെ |
| അധർമ്മധർമ്മൗ | അധർമ്മത്തെയും ധർമ്മത്തെയും (ദുഷ്കൃതത്തെയും സുകൃതത്തെയും,) | ധനുഃ ഹി | ധനുസ്സായും, |
| | | ജീവം | പരിശുദ്ധാത്മാവിനെ |
| | | ശരം തു | ശരമായും |
| ചക്രേ | ഇരുചക്രങ്ങളായും, | പരം ഏവം | പരമാത്മാവിനെമാത്രം |
| അഭിമാനം | ഞാനെന്ന് അഭിമാനിക്കുന്ന | ലക്ഷ്യം | ലക്ഷ്യമായും |
| | | പഠന്തി | ചൊല്ലുന്നു. |

ധനുസ്സുകൊണ്ടു ശരത്തെ ലക്ഷ്യത്തിൽ പതിപ്പിക്കുന്നപോലെ ഓംകാരാനുസന്ധാനംകൊണ്ടു ജീവാത്മാവിനെ പരമാത്മാവിൽ ലയിപ്പിക്കാമെന്നു സാരം.

* പ്രാണൻ, അപാനൻ, വ്യാനൻ ഉദാനൻ, സമാനൻ എന്നീ അഞ്ചും; നാഗൻ, കൂർമ്മൻ, കൃകലൻ, ദേവദത്തൻ, ധനംജയൻ എന്നീ അഞ്ചും കൂടിയതാണ് പ്രണാദി വായു ദശകം.

43. **രാഗോ ദ്വേഷശ്ച ലോഭശ്ച ശോകമോഹൗ ഭയം മദഃ**
**മാനോഽവമാനോഽസൂയാ ച മായാ ഹിംസാ ച മത്സരഃ**

44. **രജഃ പ്രമാദഃ ക്ഷുന്നിദ്രാ ശത്രവസ്ത്വേവമാദയഃ**
**രജസ്തമഃ പ്രകൃതയഃ സത്ത്വപ്രകൃതയഃ ക്വചിത്**

രാഗം, ദ്വേഷം, ലോഭം, ശോകം, മോഹം, ഭയം, മദം, മാനം, അവമാനം, അസൂയ, മായ, ഹിംസ, മത്സരം, രജസ്സ് (അഭിനിവേശം), അശ്രദ്ധ, വിശപ്പ്, ഉറക്കം, രാജസതാമസ സ്വഭാവങ്ങൾ എന്നു തുടങ്ങിയവ ജീവനാവുന്ന രഥികനാൽ ജയിക്കപ്പെടേണ്ടുന്ന ശത്രുക്കളാകുന്നു. ക്വചിത് = ചിലപ്പോൾ, സത്ത്വപ്രകൃതയഃ = സാത്വിക സ്വഭാവങ്ങൾക്കൂടിയും ജയിക്കപ്പെടേണ്ടുന്നവയായേക്കും. പരോപകാരാദി സാത്വികവൃത്തികൾ രജസ്തമോവൃത്തികളെപ്പോലെ ദോഷഹേതുക്കളല്ലെങ്കിലും സമാധിയിലിരിക്കുന്ന യതിക്ക് ബന്ധഹേതുക്കളാകുവാനിടയുള്ളതുകൊണ്ട് അവയെക്കൂടിയും ജയിക്കണമെന്നു സാരം.

**45.** **യാവന്നൃകായരഥമാത്മവശോപകല്പം**
**ധത്തേ ഗരിഷ്ഠചരണാർച്ചനയാ നിശാതം**
**ജ്ഞാനാസിമച്യുതബലോ ദധദസ്തശത്രുഃ**
**സ്വാരാജ്യതുഷ്ട ഉപശാന്ത ഇദം വിജഹ്യാത്**

| | | | |
|---|---|---|---|
| നൃകായരഥം | മാനുഷദേഹമാവുന്ന രഥത്തെ | ജ്ഞാനാസിം | ജ്ഞാനഖഡ്ഗത്തെ |
| യാവത് | എത്രകാലം വരെ | ദധത് | ഏന്തിക്കൊണ്ട്, |
| ആത്മവശോപകല്പം | സ്വാധീനത്തിലുള്ളതും സമസ്തേന്ദ്രിയപരിച്ഛദങ്ങളോടുകൂടിയതുമായിട്ട് | അച്യുതബലഃ | ഭഗവാനാവുന്ന ആശ്രയത്തോടുകൂടിയവനായിഭവിച്ച്, |
| ധത്തേ | ധരിച്ചുകൊണ്ടിരിക്കുന്നുവോ, | അസ്തശത്രുഃ | രാഗദ്വേഷാദി ശത്രുക്കളെ ഇല്ലാതാക്കി, |
| (താവത്) | ആ കാലത്തിനുള്ളിൽ തന്നെ | ഉപശാന്തഃ | ഉപശാന്തിയെ പ്രാപിച്ച്, |
| ഗരിഷ്ഠ—ചരണാർച്ചനയാ | മഹത്തമനായ ഗുരുവിന്റെ പാദസേവയാൽ | സ്വാരാജ്യതുഷ്ടഃ | ആത്മാനന്ദ ലബ്ധിയാൽ സന്തുഷ്ടനായി |
| നിശാതം | മൂർച്ചയുള്ളതായിത്തീർന്ന | ഇദം | ഇതിനെ (രഥാദ്യുപകരണത്തെ) |
| | | വിജഹ്യാത് | ഉപേക്ഷിക്കണം. |

'അച്യുതാശ്രയത്വ'മില്ലെങ്കിലുള്ള വൈഷമ്യം ഇനി എടുത്തുപറയുന്നു.

**46.** **നോ ചേത് പ്രമത്തമസദിന്ദ്രിയവാജി സൂതാ**
**നീതോത്പഥം വിഷയദസ്യുഷു നിക്ഷിപന്തി**
**തേ ദസ്യവഃ സഹയസൂതമമും തമോഽന്ധേ**
**സംസാരകൂപ ഉരുമൃത്യുഭയേ ക്ഷിപന്തി.**

| | | | |
|---|---|---|---|
| നോ ചേത് | ഇല്ലെങ്കിൽ (അച്യുതാശ്രയത്വമില്ലെങ്കിൽ) | പ്രമത്തം | അബദ്ധം പററുന്ന രഥികനെ |

| | | | |
|---|---|---|---|
| അസദിന്ദ്രിയ-വാജിസൂതാഃ | ദുഷ്പ്രവണതയുള്ള ഇന്ദ്രിയാശ്വങ്ങളും ബുദ്ധിയാവുന്ന സാരഥിയും | സഹയസൂതം | കുതിരകളോടും സാരഥിയോടുംകൂടിയ |
| ഉത്പഥം | പിഴച്ച വഴിയിലേക്ക് | അമും | ഈ ജീവനാവുന്ന രഥികനെ |
| നീത്വാ | നയിച്ച് | ഉരുമൃത്യുഭയേ | വദ്ധിച്ച മരണഭീതിയോടുകൂടിയതും |
| വിഷയ-ദസ്യുഷു | വിഷയങ്ങളാവുന്ന കൊള്ളക്കാരുടെ ഇടയിൽ | തമോന്ധേ | ഇരുളടഞ്ഞതുമായ |
| നിക്ഷിപന്തി | കൊണ്ടുവിടുന്നു. | സംസാരകൂപേ | സംസൃതിക്കിണററിൽ |
| തേ ദസ്യവഃ | ആ കൊള്ളക്കാർ | ക്ഷിപന്തി | അകപ്പെടുത്തുന്നു. |

എന്നാൽ, ഇഷ്ടാപൂർത്താദി വേദോക്തകർമ്മങ്ങൾകൊണ്ടു ജീവൻെറ സംസൃതിബന്ധം അററുപോകാത്തതെന്തുകൊണ്ട്?— എന്നാശങ്കിച്ച വേദോക്തകർമ്മങ്ങളെ രണ്ടായി തരംതിരിച്ച അവയുടെ ഫലഭേദം ഇനി പത്തു ശ്ലോകത്തിൽ വിവരിച്ച പറയുന്നു.

**47.** **പ്രവൃത്തം ച നിവൃത്തം ച ദ്വിവിധം കർമ്മ വൈദികം**
**ആവർത്തേത പ്രവൃത്തേന നിവൃത്തേനാശ്നുതേഽമൃതം.**

| | | | |
|---|---|---|---|
| വൈദികം | വേദവിഹിതമായ | പ്രവൃത്തേന | പ്രവൃത്തത്താൽ |
| കർമ്മ | കർമ്മം | ആവർത്തേത | പുനരാവൃത്തിയുണ്ടാകും, |
| പ്രവൃത്തം ച | പ്രവൃത്തമെന്നും | നിവൃത്തേന | നിവൃത്തത്താൽ |
| നിവൃത്തം ച | നിവൃത്തമെന്നും | അമൃതം | ആത്യന്തികമുക്തി |
| ദ്വിവിധം | രണ്ടുവിധത്തിലുള്ളതാണ് | അശ്നുതേ | അനുഭവിക്കുന്നു. |

വേദത്തിൽ പ്രവൃത്തിമാർഗ്ഗപരമായും നിവൃത്തിമാർഗ്ഗപരമായും കർമ്മങ്ങളെ രണ്ടു പ്രകാരം വിധിച്ചിട്ടുണ്ട്. മനോവൃത്തികളുടെ പ്രവർത്തനം അവയുടെ വിഷയങ്ങളിൽനിന്നു നിവർത്തിപ്പിക്കാതെ ചെയ്യുന്ന കർമ്മങ്ങൾ പ്രവൃത്തിമാർഗ്ഗപരങ്ങൾ, അഥവാ പ്രവൃത്തങ്ങൾ; നിവർത്തിപ്പിച്ച് ആത്മസാക്ഷാൽക്കാരത്തിന്നുതകുമാറാക്കുന്ന കർമ്മങ്ങൾ നിവൃത്തിമാർഗ്ഗപരങ്ങൾ, അഥവാ നിവൃങ്ങൾ. ഇതിൽ പ്രവൃത്തിമാർഗ്ഗപരങ്ങളായ കർമ്മങ്ങൾ വഴിക്കുണ്ടാവുന്ന പുണ്യഫലം ക്ഷയിഷ്ണുമാകയാൽ ജന്മമരണങ്ങളുടെ പുനരാവർത്തനം ഉണ്ടാകുന്നു. നിവൃത്തിമാർഗ്ഗപരങ്ങളായ കർമ്മങ്ങളാകട്ടെ ഭക്തിജ്ഞാനങ്ങളിലൂടെ അമൃതത്വത്തിലേക്ക് ജീവാത്മാവിനെ എത്തിക്കുകയും ചെയ്യുന്നു.

**48.** **ഹിംസ്രം ദ്രവ്യമയം കാമ്യമഗ്നിഹോത്രാദ്യശാന്തിദം**
**ദർശശ്ച പൂർണ്ണമാസശ്ച ചാതുർമ്മാസ്യം പശുഃ സുതഃ**

**49.** **ഏതദിഷ്ടം പ്രവൃത്താഖ്യം ഹുതം പ്രഹുതമേവ ച**
**പൂർത്തം സുരാലയാരാമകൂപാജീവ്യാദി ലക്ഷണം.**

| | | | |
|---|---|---|---|
| ഹിംസ്രം | ശ്യേനയാഗാദി ഹിസാപ്രധാനമായ കർമ്മവും | അഗ്നിഹോത്രാദി | അഗ്നിഹോത്രം മുതലായതും, |

| | |
|---|---|
| ദർശഃ ച | ദർശവും, |
| പൌർണ്ണമാസഃ ച | പൌർണ്ണമാസവും, |
| ചാതുർമ്മാസ്യം | ചാതുർമ്മാസ്യവും, |
| പശുഃ | പശുയാഗം |
| സുതഃ | സോമയാഗം |
| ഹുതം | വൈശ്യദേവം |
| പ്രഹുതം ഏവ ച | ബലിഹരണം എന്നിങ്ങനെയുള്ള |
| ദ്രവ്യമയം | ദ്രവ്യമയകർമ്മവും |
| ഇഷ്ടം | 'ഇഷ്ടം' എന്നപേരിലറിയപ്പെടുന്നു. |
| സുരാലയാരാമകൂപാജീവ്യാദിലക്ഷണം | ദേവസ്ഥാനങ്ങൾ, ഉദ്യാനങ്ങൾ, പൊതുക്കിണറുകൾ എന്നിവയുടെ നിർമ്മാണവും തണ്ണീർപ്പന്തൽ തുടങ്ങി ലോകോപകാരപ്രദങ്ങളായ സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതും |
| പൂർത്തം | 'പൂർത്തം' എന്ന പേരിലും വ്യവഹരിക്കപ്പെടുന്നു. |
| പ്രവൃത്താഖ്യം | 'പ്രവൃത്ത'മെന്നു സാമാന്യസംജ്ഞയുള്ള |
| ഏതത് | ഇതെല്ലാം |
| കാമ്യം (ചേത്) | ഫലാഭിസന്ധിയുക്തമാകുമ്പോൾ |
| അശാന്തിദം | വിഷയാസക്തിപ്രദമത്രേ. |

ഈ പ്രവൃത്താഖ്യകാമ്യകർമ്മങ്ങളിൽ വ്യാപൃതനായിരുന്ന് ഒടുവിൽ സ്ഥൂലദേഹം വിട്ടുപോകുന്ന ജീവൻ ആരോഹാവരോഹ പ്രക്രിയയിലൂടെ പുനരാവൃത്തിക്കു പാത്രീഭവിക്കുന്നതെങ്ങനെയെന്നും ആ കർമ്മങ്ങൾക്ക് അധികാരപ്പെട്ടവൻ ആരെന്നുള്ളതും ഇനി പറയുന്നു —

**50. ദ്രവ്യസൂക്ഷ്മവിപാകശ്ച ധൂമോ രാത്രിരപക്ഷയഃ**
**അയനം ദക്ഷിണം സോമോ ദർശ ഓഷധിവീരുധഃ**

**51. അന്നം രേത ഇതി ക്ഷ്മേശ പിതൃയാനം പുനർഭവഃ**
**ഏകൈകശ്യേനാനുപൂർവ്വം ഭൂത്വാ ഭൂത്വേഹ ജായതേ**
**നിഷേകാദിശ്മശാനാന്തൈഃ സംസ്കാരൈഃ സംസ്കൃതോ ദ്വിജഃ**

| | |
|---|---|
| ദ്രവ്യസൂക്ഷ്മവിപാകഃ | യജ്ഞദ്രവ്യങ്ങളുടെ സൂക്ഷ്മമായ പരിണാമത്തോടുചേർന്നുകൊണ്ട് ജീവൻ |
| (ഗച്ഛതി) | വേറിട്ടുപോകുന്നു. |
| ച ധൂമഃ | പിന്നെ ധൂമമാർഗഗതിയായി. |
| (തത്ര) | ആയതിൽ |
| രാത്രിഃ | രാത്രിയും |
| അപക്ഷയഃ | കൃഷ്ണപക്ഷവും |
| ദക്ഷിണം അയനം | ദക്ഷിണായനവും സഞ്ചാരപഥങ്ങളായിത്തീരുന്നു. |
| സോമഃ | അങ്ങനെ ചന്ദ്രലോകം സംപ്രാപ്തമായി. |
| ദർശഃ | അവിടെ അദൃശ്യനായിട്ട് |
| ഓഷധിവീരുധഃ | സസ്യലതാദി ഭൂരുഹങ്ങളായിത്തീർന്ന് |
| അന്നം | ജീവികളുടെ ആഹാരമായും |
| രേതഃ | തദ്വാരാ, രേതസ്സായും പരിണമിക്കുന്നു. |
| ക്ഷ്മേശ | ഭൂപതേ, യുധിഷ്ഠിര! |
| ഇതി | ഈ വിധത്തിലുള്ള |

| | | | |
|---|---|---|---|
| പുനർഭവഃ | ജീവന്റെ പുനരാവൃത്തി | ജായതേ | പിറക്കുന്നു. |
| പിതൃയാനം | പിതൃയാനമാകുന്നു. | നിഷേകാദി-ശ്മശാനാന്തൈഃ | ഗർഭാധാനം മുതൽ ശ്മശാനയാത്രവരെയുള്ള |
| ഏകൈകശ്യേന | ഓരോന്നിൽനിന്നും ഓരോന്നിലേക്ക് | സംസ്കാരൈഃ | വൈദിക സംസ്കാരങ്ങളാൽ |
| അനുപൂർവ്വം | ക്രമികമായി | സംസ്കൃതഃ | സംശുദ്ധനായ |
| ഭൂത്വാ ഭൂത്വാ | ചേർന്നു ചേർന്നിട്ട് | ദ്വിജഃ | ത്രൈവർണ്ണികൻ ഇതിന്നധികാരിയാകുന്നു. |
| ഇഹ | ഭൂമിയിൽ | | |

ഇഷ്ടാപൂർത്തങ്ങളായ പ്രവൃത്തകർമ്മങ്ങളനുഷ്ഠിച്ചു പുണ്യജീവിതം നയിച്ചുവന്നിരുന്നവന്റെ ജീവാത്മാവ് ചരുപുരോഡാശാദിയജ്ഞദ്രവ്യങ്ങളുടെ സൂക്ഷ്മാംശങ്ങളാൽ പരിണതമായ സൂക്ഷ്മശരീരം പൂണ്ട് ധൂമാഭിമാനിദേവതയെ പ്രാപിക്കുന്നു. പിന്നെ അതിൽനിന്നു രാത്രിയുടെയും കൃഷ്ണപക്ഷത്തിന്റെയും ദക്ഷിണായനത്തിന്റെയും അഭിമാനിനികളായ ദേവതകളെ ക്രമത്തിൽ അവലംബിച്ചുകൊണ്ടു ചന്ദ്രലോകത്തിലെത്തുകയായി. അവിടെവച്ച് താൻ ചെയ്ത പുണ്യ കർമ്മങ്ങളുടെ ഫലം അനുഭവിച്ചു തീരുന്നതോടെ ജീവന്റെ ഭോഗോപാധിയായ സൂക്ഷ്മ ശരീരം ക്ഷയിച്ചു ക്ഷയിച്ചു ദർശ (അമാവാസ്യാ) ചന്ദ്രനെപ്പോലെ അദൃശ്യമായിത്തീരും. ഇതോടെ ജീവന്റെ ആരോഹം അവസാനിച്ചു. പിന്നെ അതേക്രമത്തിൽ അവരോഹം തുടങ്ങുന്നു. ധൂമമാർഗത്തിൽനിന്ന് മഴവെള്ളത്തിലൂടെ വീണ്ടും ഭൂതലത്തിലെത്തി സസ്യാദികളായിട്ടു രൂപം കൊള്ളുന്നു. അതു ജീവികളുടെ ഖാദ്യവസ്തുവായും ആയതു പുംബീജമായും പരിണമിക്കുന്നു. ഈ വിധം പുനരാവൃത്തിക്കു പാത്രീഭവിച്ച ജീവൻ ഭൗതിക ശരീരം പൂണ്ടു സംസാര ചക്രത്തിൽ കുടുങ്ങുന്നു. ഈ പ്രക്രിയ വീണ്ടും ആവർത്തിക്കുകയാൽ ഒരിക്കലും അതിൽനിന്നു മുക്തനായി ബ്രഹ്മസായൂജ്യം പ്രാപിക്കുന്നതുമില്ല. ജീവന്റെ ഈ ഗതിയെയാണ് പിതൃയാനമെന്നു പറയുന്നത്. പ്രവൃത്തനിവൃത്ത രൂപേണ രണ്ടുപ്രകാരത്തിലുള്ള കർമ്മങ്ങൾക്കും അധികാരിയായവൻ വൈദിക സംസ്കാര സമ്പന്നനായ ദ്വിജൻ മാത്രമാണെന്നും അനുസ്മരിപ്പിച്ചിരിക്കുന്നു.

ഇനി നിവൃത്തകർമ്മമാർഗ്ഗം സ്വീകരിച്ചവരുടെ ഉപാസനാക്രമം വിവരിച്ച് ക്രമമുക്തിയുടെ സ്വഭാവം ധരിപ്പിക്കുന്നു—

52. **ഇന്ദ്രിയേഷു ക്രിയായജ്ഞാൻ ജ്ഞാനദീപേഷു ജുഹ്വതി**
**ഇന്ദ്രിയാണി മനസ്യൂർമ്മൗ വാചി വൈകാരികം മനഃ**

53. **വാചം വർണ്ണസമാമ്നായേ തമോംകാരേ സ്വരേ ന്യസേത്**
**ഓംകാരം ബിന്ദൗ നാദേ തം തു പ്രാണേ മഹത്യമും**

| | | | |
|---|---|---|---|
| ക്രിയാ-യജ്ഞാൻ | കർമ്മരൂപേണയുള്ള യജ്ഞങ്ങളെ | ജ്ഞാന-ദീപേഷു | ജ്ഞാനത്താൽ ഉദ്ദീപ്തങ്ങളായ |

| | | | |
|---|---|---|---|
| ഇന്ദ്രിയേഷു | ഇന്ദ്രിയങ്ങളിൽ | തം | അതിനെ |
| ജൂഹ്വതി | (നിവൃത്തകർമ്മമാർഗ്ഗം സ്വീകരിച്ചവർ) ഹോമിക്കുന്നു. | സ്വരേ | അ, ഇ, മ് എന്നീ സ്വരങ്ങളുടെ സമ്മിളിത രൂപമായ |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങളെ | ഓംകാരേ | ഓംകാരത്തിലും, |
| ഊർമ്മൗ | സങ്കല്പസ്വരൂപമായ | ഓംകാരം | ഓംകാരത്തെ |
| മനസി | മനസ്സിലും, | ബിന്ദൗ | ബിന്ദുവിലും, |
| വൈകാരികം | സാങ്കല്പിക വികാരങ്ങളുംകൊള്ളുന്ന | തം | അതിനെ |
| | | നാദേ | നാദത്തിലും, |
| മനഃ | മനസ്സിനെ | തം തു | അതിനെയാകട്ടെ |
| വാചി | വിധിനിഷേധസ്വരൂപമായ വേദവചനത്തിലും, | പ്രാണേ | സൂത്രാത്മകമായ (ജീവസ്വരൂപമായ) പ്രാണനിലും, |
| വാചം | ആ വചനത്തെ | അമും | ഈ പ്രാണനെ |
| വർണ്ണ- സമാമ്നായേ | അകാരാദിവർണ്ണങ്ങളുടെ സമുച്ചയത്തിലും, | മഹതി | ബ്രഹ്മത്തിലും |
| | | ന്യസേത് | സമർപ്പിക്കും. |

**54. അഗ്നിഃ സൂര്യോ ദിവാ പ്രാഹ്ണഃ ശുക്ലോ രാകോത്തരം സ്വരാട്**
**വിശ്വശ്ച തൈജസഃ പ്രാജ്ഞസ്തുര്യ ആത്മാ സമന്വയാത്.**

| | | | |
|---|---|---|---|
| അഗ്നിഃ സൂര്യഃ | അഗ്നി, സൂര്യൻ, | തൈജസഃ | സൂക്ഷ്മോപാധികനായ 'തൈജസ'നായും |
| ദിവാ | പകൽ, | പ്രാജ്ഞഃ | കാരണോപാധികനായ 'പ്രാജ്ഞ'നായും |
| പ്രാഹ്ണഃ | സായംകാലം, | | |
| ശുക്ലഃ | വെളുത്തപക്ഷം, | സമന്വയാത് | ഈ പരിണാമങ്ങളിൽ എല്ലാററിലും സാക്ഷിത്വേന സമന്വയിച്ചിരിക്കയാൽ |
| രാകാ | പൗർണ്ണമാസി, | | |
| ഉത്തരം | ഉത്തരായണം (ഈ വഴിക്ക്) | | |
| സ്വരാട് | ബ്രഹ്മലോകം സംപ്രാപ്തമായി. | തുര്യഃ | സാക്ഷീഭൂതനായ 'തുര്യ' സ്വരൂപനായും |
| വിശ്വഃ ച | സ്ഥൂലോപാധികനായിരുന്ന ആ 'വിശ്വൻ' അനന്തരം | ആത്മാ | കേവലാത്മാവായും ഭവിക്കുന്നു. |

പ്രവൃത്തമാർഗ്ഗത്തിൽ വിഹിതങ്ങളായ ദ്രവ്യയജ്ഞങ്ങൾ ഹിംസാദൂഷിതങ്ങളും അശാന്തിദങ്ങളുമാണെന്ന് അറിയാവുന്ന വിവേകികൾ ആ മാർഗ്ഗംവിട്ടു നിവൃത്തമാർഗ്ഗത്തെ അവലംബിക്കുന്നു. അവർ ജ്ഞാനോപാസനകളിലൂടെ സർവ്വോപാധികളെയും നിരുപാധികമായ ആത്മാവിൽ ലയിപ്പിക്കുന്നു. മരണാനന്തരം അർച്ചിരാദിമാർഗ്ഗേണ — അതായത്, അഗ്നി — സൂര്യൻ പകൽ — സായംകാലം — ശുക്ലപക്ഷം — പൗർണ്ണമി — ഉത്തരായണം എന്നിവയുടെ അഭിമാനിദേവതകളെ യഥാക്രമം അവലംബിച്ചുകൊണ്ടു ബ്രഹ്മലോ

കത്തിലെത്തുന്നു. അവിടെ ഭോഗസമാപ്തി വന്നതിൽപ്പിന്നെ 'വിശ്വ'നെന്ന സാങ്കേതികസംജ്ഞയാൽ വ്യവഹരിക്കപ്പെടുന്ന ആസ്ഥൂലോപാധി സൂക്ഷ്മത്തിൽ ലയിച്ച സൂക്ഷ്മോപാധികനായ 'തൈജസ'നാവുകയും ആയതു കാരണത്തിൽ ലയിച്ച് കാരണോപാധികനായ 'പ്രാജ്ഞ'നാവുകയും ചെയ്യുന്നു. പ്രാജ്ഞൻ സാക്ഷിഭാവേന സർവാന്തഗതനായിരിക്കുന്ന സർവ്വസാക്ഷിയിൽ വിലയിച്ച് 'തുര്യാ'വസ്ഥയിലെത്തി കേവലാത്മാവിൽ (അഖണ്ഡസച്ചിദാനന്ദ സ്വരൂപത്തിൽ) വിലയം പ്രാപിക്കുന്നു. ഇതുതന്നെയാണ് സംസാരനിർമ്മുക്തി.

**55. ദേവയാനമിദം പ്രാഹുർഭൂത്വാ ഭൂത്വാനുപൂർവശഃ**
**ആത്മയാജ്യുപശാന്താത്മാ ഹ്യാത്മസ്ഥോ ന നിവർത്തതേ.**

| | | | |
|---|---|---|---|
| ഇദം | ഇതിനെ (ഈ ലയനത്തെ) | അനുപൂർവ്വശഃ | അനുക്രമം ഓരോരോ ദിവ്യമണ്ഡലങ്ങളിലേക്ക് |
| ദേവയാനം | ദേവയാനമെന്ന് | | |
| പ്രാഹുഃ | പറയുന്നു— | ഭൂത്വാ ഭൂത്വാ | പകർന്ന് പകർന്ന് |
| ആത്മയാജീ | ആത്മോപാസകൻ | ആത്മസ്ഥഃ ഹി | ആത്മസ്വരൂപത്തിൽ തന്നെ സ്ഥിതനായി ഭവിക്കുന്നു. |
| ഉപശാന്താത്മാ | മനസ്സിന്ന് ഉപശമം സിദ്ധിച്ചവനായിട്ട് | ന നിവർത്തതേ | സംസാരച്ചുഴിയിലേക്ക തിരിച്ചുവരുന്നില്ല. |

**56. യ ഏതേ പിതൃദേവാനാമയനേ വേദനിർമ്മിതേ**
**ശാസ്ത്രേണ ചക്ഷുഷാ വേദ ജനസ്ഥോഽപി ന മുഹ്യതി.**

| | | | |
|---|---|---|---|
| വേദനിർമ്മിതേ | വേദത്തിൽ വിവേചനം ചെയ്തുനിർണ്ണയിക്കപ്പെട്ട | ചക്ഷുഷാ | വീക്ഷണത്തിലൂടെ |
| പിതൃദേവാനാം | പിതൃക്കളുടെയും ദേവകളുടെയും | വേദ | അറിഞ്ഞുവയ്ക്കുന്നുവോ, |
| ഏതേ അയനേ | ഈ രണ്ടുമാർഗ്ഗങ്ങളെ | (സഃ) | അവൻ |
| യഃ | ഏതൊരുവൻ | ജനസ്ഥഃ അപി | ദേഹസ്ഥിതനായിരുന്നാലും |
| ശാസ്ത്രേണ | ശാസ്ത്രീയമായ | ന മുഹ്യതി | മോഹിക്കുന്നതല്ല. |

അതിനുള്ള കാരണം വ്യക്തമാക്കുന്നു.

**57. ആദാവന്തേ ജനാനാം സദ് ബഹിരന്തഃ പരാവരം**
**ജ്ഞാനം ജ്ഞേയം വചോ വാച്യം തമോ ജ്യോതിസ്ത്വയം സ്വയം.**

| | | | |
|---|---|---|---|
| ജനാനാം | ദേഹങ്ങളുടെ | അന്തേ | ഒടുക്കത്തിൽ അവധിയായും |
| ആദൗ | തുടക്കത്തിൽ കാരണമായും, | സത് | എന്നെന്നും നിലനിന്നു കൊണ്ട് |

| | | | |
|---|---|---|---|
| ബഹിഃ | പുറമെ ഭോഗ്യമായും, | വാച്യം | വചിക്കപ്പെടേണ്ടതായും, |
| അന്തഃ | അകമെ ഭോക്താവായും, | തമഃ | ഇരുളായും, |
| പരാവരം | ഉയർന്നതും താഴ്ന്നതുമായും | ജ്യോതിഃ തു | വെളിച്ചമായും സ്ഥിതി ചെയ്യുന്നത് |
| ജ്ഞാനം | അറിവായും | | |
| ജ്ഞേയം | അറിയപ്പെടേണ്ടതായും, | അയം | ഈ ജ്ഞാനനിഷ്ഠൻ |
| വചഃ | വാക്കായും, | സ്വയം | തന്നെയാകുന്നു. |

ഇങ്ങനെ തന്നിൽനിന്ന് അന്യമായിട്ടു യാതൊന്നുമില്ലെന്ന് അറിഞ്ഞുവച്ചവൻ മായാവശംഗതനായി വ്യാമോഹിക്കയില്ലെന്നു സാരം.

എന്നാൽ ഇങ്ങനെ അറിഞ്ഞുവച്ച ആത്മജ്ഞാനിക്കും തന്നിൽനിന്നു വ്യതിരിക്തമായി വസ്തുക്കൾ അനുഭവത്തിൽ വരുന്നുണ്ടല്ലോ. അതെങ്ങനെയാണ്? പറയുന്നു—

**58. ആബാധിതോഽപി ഹ്യാഭാസോ യഥാവസ്തുതയാ സ്മൃതഃ**
**ദുർഘടത്വാദൈന്ദ്രിയകം തദ്വദർത്ഥവികല്പിതം.**

| | | | |
|---|---|---|---|
| ആബാധിതഃ അപി ഹി | യുക്തിവിരോധത്താൽ തികച്ചും ബാധിക്കപ്പെട്ടതാണെന്നു വരികിലും | ഐന്ദ്രിയകം | ഇന്ദ്രിയഗമ്യമായതെല്ലാം |
| ആഭാസഃ | പ്രതിബിംബം | അർത്ഥ—വികല്പിതം | പരമാർത്ഥമാണെന്നു തെറ്റിദ്ധരിക്കപ്പെടുകയാണ്. |
| വസ്തുതയാ | വാസ്തവികതയോടെ | ദുർഘടത്വാത് | യുക്തിക്കു ചേരാത്തതാകയാൽ |
| സ്മൃതഃ | തോന്നപ്പെടുന്നത് | | |
| യഥാ | ഏതുപോലെയോ, | (വസ്തുതഃ ന) | വാസ്തവികത്വേന ഉള്ളതല്ല |
| തദ്വത് | അതുപോലെ | | |

ഇതിനെത്തന്നെ ഇനിയും ഉപപാദിക്കുന്നു.

**59. ക്ഷിത്യാദീനാമിഹാർത്ഥാനാം ഛായാ ന കതമാപി ഹി**
**ന സംഘാതോ വികാരോഽപി ന പൃഥങ് നാന്വിതോ മൃഷാ.**

| | | | |
|---|---|---|---|
| ക്ഷിത്യാദീനാം | പൃഥിവ്യാദികളായ | ന സംഘാതഃ | ദേഹം അവയുടെ സംഘടിത രൂപമല്ല; |
| അർത്ഥാനാം | പദാർത്ഥങ്ങളുടെ (പഞ്ചഭൂതങ്ങളുടെ) | വികാരഃ അപി ന | ആവിർഭാവമോ പരിണാമമോ ആയതല്ല; |
| കതമാ അപി | ഏതെങ്കിലുമൊരു പ്രകാരത്തിലുള്ള | ന പൃഥക് | വേറിട്ടുള്ളതല്ല; |
| ഛായാ ഹി | പ്രതിഭാസംതന്നെ | ന അന്വിതഃ | ചേർന്നിട്ടുള്ളതുമല്ല. |
| ഇഹ ന | ഈ ദേഹത്തിലില്ല | മൃഷാ | വെറും മിഥ്യാസങ്കല്പം |

വൃക്ഷങ്ങളുടെ സംഘടിതരൂപമായ വനംപോലെ പഞ്ചഭൂതങ്ങളുടെ സംഘടിതരൂപമാണ് ദേഹമെന്നു വിചാരിച്ചുകൂടാ. എന്തെന്നാൽ വൃക്ഷങ്ങളുടെ സംഘടിത രൂപമായ വനത്തിൻെറ ഘടകങ്ങളായ വൃക്ഷങ്ങൾ പരസ്പരം ബന്ധപ്പെടാതെ വനമെന്ന

സംഘാതമായി പ്രതിഭാസിക്കുകയാണ്. ദേഹത്തിന്റെ ഘടകങ്ങളെന്നു കരുതപ്പെടുന്ന പഞ്ചഭൗതിക പിണ്ഡങ്ങൾ പരസ്പര സംബന്ധങ്ങളായിട്ടാണ് ദേഹരൂപേണ പ്രതിഭാസിക്കുന്നത്. ആകയാൽ ഭൗതികസംഘാതത്വം ദേഹത്തിനില്ല. എന്നാൽ അവയവിയായിട്ടുള്ള, അഥവാ യൗഗികമായിട്ടുള്ള ഭൗതികാവിർഭാവമെന്നോ, ഭൗതികപരിണാമമെന്നോ ദേഹത്തെ കരുതാമെന്നുവച്ചാൽ അതിലും തെറ്റുണ്ട്. അവയവിയെ അവയവങ്ങളിൽനിന്ന് (യൗഗികത്തെ മൂലകങ്ങളിൽനിന്ന്) പൃഥക്കരിക്കാനാവാത്ത ഒരു പ്രതിഭാസമാണ് ദേഹം. ഏതെങ്കിലും ഒരവയവത്തെ (കൈവിരലെന്നു വയ്ക്കുക) ഒരിടത്തേക്ക് വലിച്ചാൽ അവയവിയായ ദേഹവും അവിടേക്കു വലിയുന്നു. ആകയാൽ അവയവിയുടെ അസ്തിത്വം പ്രത്യവയവം വ്യാപ്തമാണെന്നു വരുന്നു. ഈ വ്യാപ്തി പൂർണ്ണരൂപത്തിലോ, അംശംകൊണ്ടോ, പൂർണ്ണരൂപത്തിലെന്നു കരുതുന്നപക്ഷം വിരലും ദേഹമാണെന്നുവരും. അങ്ങനെ തോന്നുന്നതുമില്ല. അംശം കൊണ്ടാണെന്നു പറയുന്നപക്ഷം ആ അംശത്തിനും അംശങ്ങളുണ്ടാവണം. ഇങ്ങനെ അംശിച്ചംശിച്ച് ഒരററം കാണാത്ത നിലയിലെത്തുന്നു. ഇതൊന്നും യുക്തിസഹജമല്ലാത്തതിനാൽ ദേഹമെന്ന ഭൗതികപ്രതിഭാസം വെറും മിഥ്യാസങ്കല്പമാണെന്നു സിദ്ധാന്തിക്കേണ്ടിയിരിക്കുന്നു.

ഈ യുക്തിയുടെ കാഴ്ചപ്പാടിൽ ദേഹത്തിന്റെ ഘടകങ്ങളായ പഞ്ചഭൂതങ്ങളും മിഥ്യാസങ്കല്പങ്ങളാണെന്ന് അടുത്ത ശ്ലോകംകൊണ്ടു സമർത്ഥിക്കുന്നു.

**60.** **ധാതവോഽവയവിത്വാച്ച തന്മാത്രാവയവൈർ വിനാ**
**ന സ്യുർഹ്യസത്യവയവിന്യസന്നാവയവോഽന്തതഃ.**

| | | | |
|---|---|---|---|
| ധാതവഃ ച | പദാർത്ഥങ്ങളായ പൃഥിവ്യാദിമഹാഭൂതങ്ങളും | ന സ്യുഃ | ഉണ്ടാകയില്ല. |
| അവയവിത്വാത് | അവയവികളായിരിക്കുന്നതുകൊണ്ട് | അവയവിനി | അവയവിയായവസ്തു |
| തന്മാത്രാവയവൈഃ | ഭൂതസൂക്ഷ്മങ്ങളായ തന്മാത്രാവയവങ്ങളോട് | അസതി | ഇല്ലെന്നുവരുമ്പോൾ |
| വിനാ | കൂടാതെ | അന്തതഃ | സിദ്ധാന്തപക്ഷത്തിൽ |
| | | അവയവഃ | അവയവമെന്നതും |
| | | അസൻ ഹി | ഇല്ലാത്തതുതന്നെ |

ഇങ്ങനെ ഭൗതികമെല്ലാം മിഥ്യയാണെങ്കിൽ പദാർത്ഥങ്ങളുടെ പ്രത്യഭിജ്ഞാനം അനുഭവപ്പെടുന്നതെന്തുകൊണ്ട്? കാരണം പറയുന്നു—

**61.** **സ്യാത് സാദൃശ്യഭ്രമസ്താവദ്വികല്പേ സതി വസ്തുനഃ**
**ജാഗ്രത്സ്വാപയോ യഥാ സ്വപ്നേ തഥാ വിധിനിഷേധതാ**

| | | | |
|---|---|---|---|
| വസ്തുനഃ | വാസ്തവികതത്ത്വത്തിന് (പരമാത്മതത്ത്വത്തിന്) | അസതി | ഇല്ലെന്നിരിക്കലും |
| വികല്പേ | ഭേദഭാവം | താവത് | അവിദ്യ നീങ്ങുന്നതുവരെ |

| | | | |
|---|---|---|---|
| സാദൃശ്യഭ്രമഃ | പൂർവ്വാനുഭവസാമ്യത്താലുണ്ടാവുന്ന തെററായധാരണ | സ്വപ്നേ | സ്വപ്നത്തിൽ |
| സ്യാത് | നിലനില്ക്കും. | യഥാ തഥാ | എപ്രകാരം വാസ്തവമല്ലയോ അപ്രകാരം |
| ജാഗ്രത് സ്വാപൗ | ജാഗ്രത്തും സുഷുപ്തിയും | വിധി–നിഷേധതാ | വിധിനിഷേധവ്യവസ്ഥയും സ്ഥിതിചെയ്യുന്നു. |

സർവ്വം മിത്ഥ്യയെന്നു വരികിൽ ശാസ്ത്രത്തിലുള്ള വിധിനിഷേധ വ്യവസ്ഥകൾ എന്തിന്? ജീവൻ അവിദ്യാകൃതമായ സ്വപ്നത്തിൽ അകപ്പെട്ടിരിക്കുമ്പോൾമാത്രം അവയ്ക്കു പ്രവർത്തനമുണ്ട്; അല്ലാത്തപ്പോൾ ഇല്ല എന്നതാണ് അതിനുള്ള സമാധാനം.

ഇതുവരെ പറഞ്ഞുവന്ന അദ്വൈതഭാവനയെ ഇനി നാലുശ്ലോകങ്ങൾ കൊണ്ടു അപഗ്രഥിച്ചു വ്യക്തമാക്കുന്നു —

**62.** **ഭാവാദ്വൈതം ക്രിയാദ്വൈതം ദ്രവ്യാദ്വൈതം തഥാത്മനഃ**
**വർത്തയൻ സ്വാനുഭൂത്യേഹ ത്രീൻ സ്വപ്നാൻ ധുനുതേ മുനിഃ**

| | | | |
|---|---|---|---|
| ഇഹ | ഈ ലോകത്തിൽ | തഥാ | വേണ്ടും പ്രകാരം |
| മുനിഃ | മനനശീലനായവൻ | വർത്തയൻ | അനുസന്ധാനം ചെയ്തുകൊണ്ട് |
| സ്വാനുഭൂത്യാ | ആത്മതത്ത്വാനുഭൂതിയിലൂടെ | ആത്മനഃ | തന്നെസംബന്ധിച്ച |
| ഭാവാദ്വൈതം | ഭാവാധിഷ്ഠിതമായ അദ്വൈതത്തെയും, | ത്രീൻ | മൂന്നുവിധം |
| ക്രിയാദ്വൈതം | ക്രിയാധിഷ്ഠിതമായ അദ്വൈതത്തെയും, | സ്വപ്നാൻ | സ്വപ്നങ്ങളെ (ദ്രഷ്ടാവ്, ദർശനം, ദൃശ്യം എന്നീ വിഭേദങ്ങളെ |
| ദ്രവ്യാദ്വൈതം | ദ്രവ്യാധിഷ്ഠിതമായ അദ്വൈതത്തെയും | ധുനുതേ | അകററിക്കളയുന്നു. |

**63.** **കാര്യകാരണവസ്ത്വൈക്യമർശനം പടതന്തുവത്**
**അവസ്തുത്വാദ് വികല്പസ്യ ഭാവാദ്വൈതം തദുച്യതേ.**

| | | | |
|---|---|---|---|
| വികല്പസ്യ | ഭേദഭാവനയ്ക്ക് | കാര്യകാരണ–വസ്ത്വൈക്യ–മർശനം യത് | കാര്യവും കാരണവും ഏകവസ്തുവാണെന്ന ബോധോദയം യാതൊന്നോ, |
| അവസ്തുത്വാത് | വാസ്തവികത്വമില്ലാത്തതിനാൽ | തത് | അതു് |
| പടതന്തുവത് | വസ്ത്രവും നൂലും എന്നതുപോലെ | ഭാവാദ്വൈതം | ഭാവാദ്വൈതമെന്ന് |
| | | ഉച്യതേ | പറയപ്പെടുന്നു. |

'പടതന്തുവത്' —പടം (വസ്ത്രം) കാര്യവും, തന്തു (നൂൽ) അതിന്റെ കാരണവുമാണല്ലോ. തന്തുക്കളുടെ ഓതപ്രോതസന്നിവേശത്താൽ രൂപം കൊള്ളുന്ന വസ്ത്രം തന്തുക്ക

ളിൽനിന്നു ഭിന്നമല്ല. രണ്ടും ഒന്നുതന്നെ. ഇതുപോലെ ലോകത്തിലുള്ള ദൃശ്യവസ്തുക്കളെല്ലാം അവയുടെ മൂലകാരണമായ പരബ്രഹ്മ തത്ത്വത്തിൽനിന്ന് അന്യമായതല്ലെന്ന ബോധോദയം ഉണ്ടാവുന്ന അവസ്ഥയാണ് 'ഭാവാദ്വൈതം'

64. **യദ് ബ്രഹ്മണി പരേ സാക്ഷാത് സർവകർമ്മസമർപ്പണം**
**മനോവാക്തനുഭിഃ പാർത്ഥ ക്രിയാദ്വൈതം തദുച്യതേ**

| | | | |
|---|---|---|---|
| പാർത്ഥ | ഹേ കുന്തീപുത്ര! | സർവകർമ്മ സമർപ്പണം | സമസ്തകർമ്മങ്ങളുടെയും സമ്യക്കായ അർപ്പണം |
| പരേ | നിർഗ്ഗുണമായ | യത് | യാതൊന്നോ |
| ബ്രഹ്മണി | ബ്രഹ്മത്തിൽ | തത് | അതു് |
| സാക്ഷാത് | സ്വയം | ക്രിയാദ്വൈതം | ക്രിയാദ്വൈതമെന്നു് |
| മനോവാക്-കർമ്മഭിഃ | മനസ്സ്, വാക്ക്, ശരീരം എന്നിവയാൽ | ഉച്യതേ | പറയപ്പെടുന്നു. |

ഉദ്ദേശ്യ ഫലഭേദമാണ് ക്രിയാഭേദത്തിന്നു കാരണം. ഈശ്വരാർപ്പണമാകുമ്പോഴാം അതുണ്ടാകാത്തതിനാൽ ക്രിയകൾക്കും അദ്വൈതം സംഭവിക്കുന്നു.

65. **ആത്മജായാസുതാദീനാമന്യേഷാം സർവദേഹിനാം**
**യത് സ്വാർത്ഥകാമയോരൈക്യം ദ്രവ്യാദ്വൈതം തദുച്യതേ.**

| | | | |
|---|---|---|---|
| ആത്മജായാ-സുതാദീനാം | തന്റെയും ഭാര്യാമക്കൾ മുതലായവരുടെയും | ഐക്യം | അഭേദം |
| അന്യേഷാം | മററുള്ള | യത് | യാതൊന്നോ, |
| സർവദേഹി-നാം | സകലജനങ്ങളുടെയും | തത് | അതു് |
| | | ദ്രവ്യാദ്വൈതം | ദ്രവ്യാദ്വൈതമെന്നു് |
| സ്വാർത്ഥകാമ-യോഃ | സ്വാധീനതയിലുള്ള ദ്രവ്യങ്ങളുടെയും അവയുടെ ഉപഭോഗങ്ങളുടെയും | ഉച്യതേ | പറയപ്പെടുന്നു. |

പഞ്ചഭൂതാത്മകമായ ദേഹാദികളും അവയുടെ പോഷകദ്രവ്യങ്ങളും ഭോക്താവായ ജീവനും ഏകമായ പരമാത്മതത്ത്വത്തിന്റെ അംശങ്ങളാണെന്നും ആകയാൽ ഒന്നുതന്നെയാണെന്നുമുള്ള പരമാർത്ഥബോധം ഉണ്ടാവുക എന്നതാണ് ''ദ്രവ്യാദ്വൈതം''.

ഇതുവരെ വിസ്തരിച്ചുപറഞ്ഞ വർണ്ണാശ്രമധർമ്മങ്ങളെ സംക്ഷേപിച്ചു പറഞ്ഞ് ഉപസംഹരിക്കുന്നു.

66. **യദ് യസ്യ വാനിഷിദ്ധം സ്യാദ് യേന യത്ര യതോ നൃപ**
**ന തേനേഹേത കർമ്മാണി നരോ നാന്യൈരനാപദി.**

| | | | |
|---|---|---|---|
| നൃപ | അല്ലയോ രാജാവേ! | സഃ നരഃ | ആ മനുഷ്യൻ |
| യസ്യ | ഏതൊരുവനു് | തേന | അതുകൊണ്ടുതന്നെ |
| യത് | ഏതൊന്നു് | കർമ്മാണി | കർമ്മങ്ങളെ |
| യേന | ഏതൊരുമുറപ്രകാരം | അനാപദി | ആപത്തില്ലാത്തപ്പോൾ |
| യത്ര | ഏതിടത്തുവച്ച് | ഇഹേത | നിറവേററേണ്ടതാണു്. |
| യതഃ വാ | ഏതൊരാളിൽനിന്നു് | അന്യൈഃ | മററുള്ളവകൊണ്ടു് |
| അനിഷിദ്ധം | നിഷേധിക്കപ്പെട്ടിട്ടില്ലയോ, | ന | ആകരുതു്. |

67. ഏതൈരന്യൈശ്ച വേദോക്തൈർവർത്തമാനഃ സ്വകർമ്മഭിഃ
ഗൃഹേƒപ്യസ്യ ഗതിം യായാദ്രാജംസ്തദ്ഭക്തിഭാങ് നരഃ

| | | | |
|---|---|---|---|
| രാജൻ | രാജാവെ ! | ഏതൈഃ | ഇവകൊണ്ടും |
| തദ്ഭക്തി–ഭാക് നരഃ | ഭഗവദ്ഭക്തിയുക്തനായ മനുഷ്യൻ | അന്യൈഃ ച | മററുള്ളവയുമായ |
| ഗൃഹേ അപി | ഗൃഹസ്ഥവൃത്തിയിൽ പ്പോലും | സ്വകർമ്മഭിഃ | സ്വകർമ്മങ്ങൾകൊണ്ടും |
| | | അസ്യ | ഈ ശ്രീകൃഷ്ണപരമാത്മാവിൻെറ |
| വർത്തമാനഃ | വർത്തിച്ചുകൊണ്ടു് | ഗതിം | സന്നിധിയെ |
| വേദോക്തൈഃ | വേദവിഹിതങ്ങളായ | യായാത് | പ്രാപിക്കുന്നതാണു്. |

ഭക്തിയുക്തൻ സ്വകർമ്മാനുഷ്ഠാനംകൊണ്ടു കൃഷ്ണസന്നിധിയെ പ്രാപിക്കുമെന്നതു് സാമാന്യമായി പറഞ്ഞതാണു്. എന്നാൽ ഭക്തിയുക്തൻെറ കേവലഭക്തിമാത്രം സകല പുരുഷാർത്ഥസാധകമാണെന്നു പാണ്ഡവന്മാരെ ദൃഷ്ടാന്തമാക്കി ശ്രീ നാരദൻ എടുത്തുപറയുന്നു.

68. യഥാ ഹി യൂയം നരദേവ ദുസ്ത്യജാ–
ദാപദ്ഗണാദുത്തരതാത്മനഃ പ്രഭോഃ
യത്പാദപങ്കേരുഹസേവയാ ഭവാ–
നഹാരഷീന്നിർജിതദിഗ്ഗജഃ ക്രതൂൻ.

| | | | |
|---|---|---|---|
| നരദേവ | ഹേ മഹാരാജാവേ! | ഉത്തരത | കരയേറിയതാണല്ലോ. |
| യൂയം | നിങ്ങൾ—പാണ്ഡവന്മാർ | ഭവാൻ | അങ്ങുന്നു് |
| ദുസ്ത്യജാത് | തള്ളിനീക്കുവാനാവാത്ത | യത്പാദ–പങ്കേരുഹ–സേവയാ | യാതൊരു ഭഗവാൻെറ തൃപ്പാദപദ്മങ്ങളിലപ്പിച്ച സേവയാൽ |
| ആപദ് ഗണാത് | ആപത്തുകളുടെ പരമ്പരയിൽനിന്നു് | | |
| പ്രഭോഃ | സർവ്വസമർത്ഥനായ | നിർജിത–ദിഗ്ഗജഃ | നിശ്ശേഷം ജയിക്കപ്പെട്ട ദിഗ്ഗജങ്ങളോടുകൂടിയവനായി വെച്ച് |
| ആത്മനഃ | ശ്രീകൃഷ്ണഭഗവാൻെറ കാരുണ്യം കൊണ്ടു് | ക്രതൂൻ | രാജസൂയാദിയാഗങ്ങളെ |
| യഥാ ഹി | വേണ്ടവിധംതന്നെ | അഹാരഷീത് | അനുഷ്ഠിച്ചു. |

യാതൊരു കൃഷ്ണഭക്തികൊണ്ടു പാണ്ഡവന്മാർ ആപത്തുകളെ തരണം ചെയ്തുവോ, ദിക്കുകളെ ജയിച്ചു രാജസൂയം നടത്തിയോ ആ കൃഷ്ണഭക്തിതന്നെ അവരെ സംസാരസാഗരത്തെയും കടത്തിവിടുന്നതാണു്. തന്തിരുവടി സാക്ഷാത്തായ താരകബ്രഹ്മമത്രേ.

മഹാത്മാക്കളെ അവഹേളിക്കുന്നതായാൽ കൃഷ്ണഭക്തിക്കു അപകർഷം സംഭവിക്കുമെന്നും അവരുടെ കാരുണ്യമുണ്ടായാൽ ഉത്കർഷം സിദ്ധിക്കുമെന്നും തൻെറ പൂർവ്വചരിത്രത്തിലൂടെ ശ്രീ നാരദൻ ഉദാഹരിച്ചുപദേശിക്കുന്നു —

**69.** **അഹം പുരാഭവം കശ്ചിത് ഗന്ധർവ്വ ഉപബർഹണഃ**
**നാമ്നാऽതീതേ മഹാകല്പേ ഗന്ധർവ്വാണാം സുസമ്മതഃ**

| | | | |
|---|---|---|---|
| അഹം | ഞാൻ | ഉപബർഹണഃ | 'ഉപബർഹണൻ' എന്ന |
| പുരാ | പണ്ടു് | നാമ്നാ | പേരോടുകൂടിയവനുമായ |
| അതീതേ | കഴിഞ്ഞുപോയ | കശ്ചിത് | ഒരു |
| മഹാകല്പേ | മഹാകല്പത്തിൽ | ഗന്ധർവ്വഃ | ഗന്ധർവ്വൻ |
| ഗന്ധർവ്വാണാം | ഗന്ധർവ്വന്മാർക്കെല്ലാം | അഭവം | ആയിരുന്നു. |
| സുസമ്മതഃ | അതിസമ്മതനും | | |

**70.** **രൂപപേശല മാധുര്യസൗഗന്ധ്യ പ്രിയദർശനഃ**
**സ്ത്രീണാം പ്രിയതമോ നിത്യം മത്തസ്തു പുരുലംപടഃ**

| | | | |
|---|---|---|---|
| രൂപപേശല— | സൗന്ദര്യം, സൗകുമാര്യം, | പ്രിയതമഃ | വളരെ ഇഷ്ടപ്പെട്ടവനും |
| മാധുര്യ— | വാചോമധുരിമ, | നിത്യം തു | പതിവായിത്തന്നെ |
| സൗഗന്ധ്യ— | ശരീരസൗരഭ്യം എന്നിവയാൽ | മത്തഃ | മദ്യോന്മത്തനും |
| | | പുരുലംപടഃ | അത്യന്തം വിഷയാസക്തനും |
| പ്രിയദർശനഃ | കാഴ്ചയിൽ പ്രിയങ്കരനും | | |
| സ്ത്രീണാം | സ്ത്രീകൾക്കു് | (അഭവം) | ആയിരുന്നു. |

**71.** **ഏകദാ ദേവസത്രേ തു ഗന്ധർവ്വാപ്സരസാം ഗണാഃ**
**ഉപഹൂതാ വിശ്വസൃഗ്ഭിർ ഹരിഗാഥോപഗായതേ**

| | | | |
|---|---|---|---|
| ഏകദാ | ഒരിക്കൽ | ഹരിഗാഥോപഗായതേ | ഹരികഥാകീർത്തനങ്ങൾ ആലപിക്കുന്നതിനു വേണ്ടി |
| ദേവസത്രേ തു | ദേവന്മാരുടെ യജ്ഞസദസ്സിൽവച്ചു് | ഗന്ധർവ്വാപ്സരസാം | ഗന്ധർവ്വന്മാരുടെയും അപ്സരസ്ത്രീകളുടെയും |
| വിശ്വസൃഗ്ഭിഃ | മരീച്യാദി പ്രജാപതിമാരാൽ | ഗണാഃ | സംഘങ്ങൾ |
| | | ഉപഹൂതാഃ | വിളിച്ചുകൂട്ടപ്പെട്ടു. |

72. അഹം ച ഗായംസ്തദ്വിദ്വാൻ സ്ത്രീഭിഃ പരിവൃതോ ഗതഃ
ജ്ഞാത്വാ വിശ്വസൃജസ്തന്മേ ഹേലനം ശേപുരോജസാ
യാഹി ത്വം ശൂദ്രതാമാശു നഷ്ടശ്രീഃ കൃതഹേലനഃ

| | | | |
|---|---|---|---|
| അഹം ച | ഞാനം | ജ്ഞാത്വാ | മനസ്സിലാക്കി, |
| തത് വിദ്വാൻ | അതറിഞ്ഞിട്ട് | ഓജസാ | കോപാവേശത്തോടെ |
| സ്ത്രീഭിഃ | സ്ത്രീകളാൽ | ശേപുഃ | ശപിച്ചു — |
| പരിവൃതഃ | ചൂഴപ്പെട്ടവനായി | കൃതഹേലനഃ | ''അനാദരം കാണിച്ച് |
| ഗായൻ | പാടിക്കൊണ്ട് | നഷ്ടശ്രീഃ ത്വം | ശ്രീത്വം നശിച്ചുപോയ നീ |
| ഗതഃ | അവിടെ എത്തി. | | |
| വിശ്വസൃജഃ | പ്രജാപതിമാർ | ആശു | ഉടനടി |
| മേ | എന്റെ | ശൂദ്രതാം | ശൂദ്രഭാവത്തെ |
| തത് ഹേലനം | ആ അനാദരത്തെ | യാഹി | പ്രാപിക്കുക'' എന്ന്. |

73. താവദ്ദാസ്യമഹം ജജ്ഞേ തത്രാപി ബ്രഹ്മവാദിനാം
ശുശ്രൂഷയാനുഷങ്ഗേണ പ്രാപ്തോസ്മിബ്രഹ്മപുത്രതാം

| | | | |
|---|---|---|---|
| താവത് | അപ്പോഴെക്കു | ബ്രഹ്മവാദിനാം | ബ്രഹ്മജ്ഞന്മാരുടെ |
| അഹം | ഞാൻ | ശുശ്രൂഷയാ | പരിചരണംകൊണ്ടും |
| ദാസ്യാം | ഒരു ശൂദ്രദാസിയിൽ | അനുഷംഗേണ | സഹവാസംകൊണ്ടും |
| ജജ്ഞേ | ജനിച്ചുപോൽ | ബ്രഹ്മപുത്രതാം | ബ്രഹ്മപുത്രത്വത്തെ |
| തത്ര അപി | ആ ജന്മത്തിലും | അഹം പ്രാപ്തഃ | ഞാൻ പ്രാപിച്ചു. |

74. ധർമ്മസ്തേ ഗൃഹമേധീയോ വർണ്ണിതഃ പാപനാശനഃ
ഗൃഹസ്ഥോ യേന പദവീമഞ്ജസാ ന്യാസിനാമിയാത്

| | | | |
|---|---|---|---|
| ഗൃഹമേധീയഃ | ഗൃഹസ്ഥാശ്രമികളെ സംബന്ധിച്ചതും | വർണ്ണിതഃ | വിസ്തരിക്കപ്പെട്ടു. |
| | | യേന | യാതൊന്നിലൂടെ |
| പാപനാശനഃ | പാപക്ഷയം വരുത്തുന്നതുമായ | ഗൃഹസ്ഥഃ | ഗൃഹസ്ഥൻ |
| | | ന്യാസിനാം | പരമഹംസന്മാരുടെ |
| ധർമ്മഃ | കർമ്മപദ്ധതി | പദവീം | പദവിയെ |
| തേ | അങ്ങയ്ക്കുവേണ്ടി | ഇയാത് | പ്രാപിക്കുന്നതാണ്. |

സാക്ഷാൽ താരകബ്രഹ്മമായ ശ്രീകൃഷ്ണഭഗവാൻ പാണ്ഡവന്മാരുടെ ആത്മസുഹൃത്തായി സ്വയമേവ വർത്തിക്കുന്നതിനാൽ അവരെത്രയോ ഭാഗ്യശാലികളാണെന്നു പ്രഹ്ലാദചരിതം പറഞ്ഞവസാനിപ്പിച്ച സന്ദർഭത്തിൽ ശ്രീ നാരദമുനി പ്രകീർത്തിക്കുകയുണ്ടായി (പത്താമദ്ധ്യായത്തിലെ 48, 49, 50 എന്നീ ശ്ലോകങ്ങൾ നോക്കുക.) ആയതുതന്നെ സാനന്ദമോദം ഒരിക്കൽകൂടി ആവർത്തിച്ച് ഭഗവൽസ്മരണയോടെ ഈ സംവാദം ഉപസംഹരിക്കുന്നു.

75. യൂയം നൃലോകേ ബത ഭൂരിഭാഗാ
ലോകം പുനാനാ മുനയോഽഭിയന്തി
യേഷാം ഗൃഹാനാവസതീതി സാക്ഷാദ്
ഗൂഢം പരം ബ്രഹ്മ മനുഷ്യലിംഗം

76. സ വാ അയം ബ്രഹ്മ മഹദ്വിമൃഗ്യം
കൈവല്യനിർവ്വാണസുഖാനുഭൂതിഃ
പ്രിയസുഹൃദ്വഃ ഖലു മാതുലേയ
ആത്മാർഹണീയോ വിധികൃദ്ഗുരുശ്ച

77. ന യസ്യ സാക്ഷാദ് ഭവപദ്മജാദിഭീ
രൂപം ധിയാ വസ്തുതയോപവർണ്ണിതം
മൗനേന ഭക്ത്യോപശമേന പൂജിതഃ
പ്രസീദതാമേഷ സ സാത്വതാം പതിഃ

ഭാവാർത്ഥം——നിങ്ങൾ——പാണ്ഡവന്മാർ ഈ മർത്ത്യലോകത്തിൽ അതിഭാഗ്യമുള്ള വരാണ്. എന്തെന്നാൽ പരബ്രഹ്മമൂർത്തി മനുഷ്യലക്ഷണത്തോടെ നിഗൂഢമായി നിങ്ങളുടെ ഗൃഹത്തിലാണല്ലോ വസിക്കുന്നതു്. അക്കാരണത്താൽ സമസ്തലോകങ്ങളേയും പവിത്രീകരിക്കുവാൻ കഴിവുള്ള മാമുനിശ്രേഷ്ഠന്മാർ പല ദിക്കിൽനിന്നും ഭഗവദ്ദർശനാർത്ഥം ഇവിടെ വന്നുകൊണ്ടിരിക്കുന്നു. അഹോ ഭാഗ്യം !

മഹാത്മാക്കൾ നിരന്തരം ആരാഞ്ഞുകൊണ്ടിരിക്കുന്ന നിരുപാധിക പരമാനന്ദാനുഭൂതിയുടെ സ്വരൂപമായ സച്ചിത് പരബ്രഹ്മം തന്നെയാണ് ശ്രീകൃഷ്ണൻ. അവിടുന്ന നിങ്ങളെ സംബന്ധിടത്തോളം ഇഷ്ടതോഴനായും, സുഹൃത്തായും, മാതുലപുത്രനായും, പൂജനീയനായും, കിങ്കരനായും, ആചാര്യനായും, ആത്മാവായിട്ടുതന്നെയും വർത്തിക്കുന്നുവല്ലോ—

യാതൊരു ഭാഗവാന്റെ താത്ത്വികമായ സ്വരൂപം പരമശിവനാകട്ടെ, ബ്രഹ്മദേവനാകട്ടെ, മററുപരമജ്ഞാനികളാകട്ടെ അവരുടെ ബുദ്ധികൊണ്ടു വാസ്തവികമായ നിഗമനത്തിലൂടെ നിരൂപണം ചെയ്തിട്ടില്ലയോ, യാതൊരു ഭഗവാനെ മൗനം, ഭക്തി, മനഃസംയമം എന്നിവയോടുകൂടി ഋഷിമാർ ആരാധിച്ചു വരുന്നുവോ ആ ഭക്തജനപാലകൻ പ്രസാദിക്കട്ടെ.

ശ്രീശുക ഉവാച = ശ്രീശുകൻ (ശ്രീപരീക്ഷിത്തിനോട്) പറഞ്ഞു—

78. ഇതി ദേവർഷിണാപ്രോക്തം നിശമ്യ ഭരതർഷഭഃ
പൂജയാമാസ സുപ്രീതഃ കൃഷ്ണം ച പ്രേമ വിഹ്വലഃ

ഭരതർഷഭഃ — ഭരതവംശോത്തമനായ ധർമ്മപുത്ര മഹാരാജാവേ
ദേവർഷിണാ — ദേവർഷിയായ ശ്രീ നാരദനാൽ
പ്രോക്തം — പ്രവചിക്കപ്പെട്ടതിനെ
നിശമ്യ — കേട്ടിട്ട്
പ്രേമ-വിഹ്വലഃ — പ്രേമഭക്തിയാൽ വിവശനും
സുപ്രീതഃ — അതിപ്രീതിമാനുമായി ഭവിച്ച്
(ദേവർഷിം) — ശ്രീ നാരദമുനിയെയും
കൃഷ്ണം ച — ശ്രീകൃഷ്ണനെയും
പൂജയാമാസ — പൂജിച്ചു.

**79.** **കൃഷ്ണപാർത്ഥാവുപാമന്ത്ര്യ പൂജിതഃ പ്രയയൗ മുനിഃ**
**ശ്രുത്വാ കൃഷ്ണം പരം ബ്രഹ്മ പാർത്ഥഃ പരമവിസ്മിതഃ**

പൂജിതഃ — സൽകൃതനായി ഭവിച്ച
മുനിഃ — നാരദമുനി
കൃഷ്ണപാർത്ഥൗ — ശ്രീകൃഷ്ണനോടും ധർമ്മപുത്രരോടും
ഉപാമന്ത്ര്യ — വിടവാങ്ങിയശേഷം
പ്രയയൗ — യാത്രയായി.
പാർത്ഥഃ — ധർമ്മപുത്രരാകട്ടെ
കൃഷ്ണം — ശ്രീകൃഷ്ണനെ
പരംബ്രഹ്മ — പരബ്രഹ്മമൂർത്തിയാണെന്ന്
ശ്രുത്വാ — കേട്ടുധരിച്ച്
പരമവിസ്മിതഃ — അതിവിസ്മിതനുമായി.

**80.** **ഇതി ദാക്ഷായണീനാം തേ പൃഥഗ്വംശാഃ പ്രകീർത്തിതാഃ**
**ദേവാസുരമനുഷ്യാദ്യാ ലോകാ യത്ര ചരാചരാഃ**

ഇതി — ഇപ്രകാരം
ദാക്ഷായണീനാം — ദക്ഷപുത്രിമാരുടെ
വംശാഃ — വംശങ്ങൾ
പൃഥക് — വേറെ വേറെയായി
തേ — അങ്ങേയ്ക്കുവേണ്ടി
പ്രകീർത്തിതാഃ — വിവരിക്കപ്പെട്ടു.
യത്ര — യാതൊരു ഈ വംശപരമ്പരയിൽ
ദേവാസുര-മനുഷ്യാദ്യാഃ — ദേവന്മാർ, അസുരന്മാർ, മനുഷ്യന്മാർ മുതലായി
ചരാചരാഃ — ജംഗമങ്ങളും സ്ഥാവരങ്ങളുമായ
ലോകാഃ — ജീവലോകങ്ങളുണ്ടായി.

**ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ സപ്തമസ്കന്ധേ**
**പ്രഹ്ലാദാനുചരിതേ യുധിഷ്ഠിരനാരദസംവാദേ**
**സദാചാരനിർണ്ണയോ നാമ പഞ്ചദശോഽധ്യായഃ**
ആദിതഃ ശ്ലോകാഃ — **750** — ശ്രീമദ്ഭാഗവതേ ആദിതഃ ശ്ലോകാഃ 6325

**സപ്തമസ്കന്ധഃ സമാപ്തഃ**
**നാരായണാർപ്പണമസ്തു**
**ഓം തത്സത്**